# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 ഒക്ടോബർ 29, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

871/21

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1.വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 88

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 2490-ാം നമ്പർ
ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം - 500

**III അടിയന്തരപ്രമേയം**

ഇസ്ഹാഖിന്റെ കൊലപാതകം - 500
(അവതരണാനുമതി നിഷേധിച്ചു)

**IV ശ്രദ്ധ ക്ഷണിക്കൽ**

മത്സ്യബന്ധന മേഖലയെ പ്രതിസന്ധിയിലാക്കുന്ന
കേന്ദ്ര നയം
-ശ്രീ. കെ. ദാസൻ - 514
(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**V മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം
അനുസരിച്ചുള്ള കടലാസുകൾ - 521

**VI ധനകാര്യം**

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള
രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് - 544

**VII റിപ്പോർട്ട് സമർപ്പണം**

1. കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട്- 545

2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച
സമിതിയുടെ നാലാമത് റിപ്പോർട്ട് - 545

പേജ്

**VIII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് - 545

**IX നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും
സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും
മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ
സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ - 546

(ii) 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ 547

**അനുബന്ധം** - 548

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

*2019 ഒക്ടോബർ 29 ചൊവ്വ*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2019 ഒക്ടോബർ മാസം 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ.......ചോദ്യം നമ്പർ *31

നക്ഷത്രചിഹ്നമിട്ട 31-ാം നമ്പർ ചോദ്യവുമായി *35-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. രാജു എബ്രഹാം നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ക്ലബ്ബിംഗ് അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

#### ട്രാൻസ്ഗ്രിഡ് പദ്ധതി

1 (*31) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോലത്തുനാട് ലൈൻസ് പാക്കേജിൽ എസ്റ്റിമേറ്റ് തുകയുടെ അമ്പത്തിനാല് ശതമാനം അധിക തുകയ്ക്ക് ഒരു സ്വകാര്യ കമ്പനിക്ക് കരാർ നൽകിയതിന്റെ കാരണം വിശദമാക്കാമോ;

(ബി) മത്സരാധിഷ്ഠിത ടെണ്ടറുകളിൽ സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടാണോ കോലത്തുനാട് ലൈൻസ് പാക്കേജിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) കോലത്തുനാട് ലൈൻസ് പാക്കേജിന്റെ നടത്തിപ്പിനായുള്ള ടെണ്ടറിൽ ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത ഏത് കമ്പനിക്കാണ് കരാർ നൽകിയതെന്ന് വിശദമാക്കാമോ; പ്രസ്തുത കമ്പനിക്ക് കരാർ നൽകാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) കോലത്തുനാട് ലൈൻസ് പാക്കേജിന്റെ ദർഘാസ് നടപടികൾ കേന്ദ്ര സർക്കാർ നവരത്ന പൊതുമേഖല കമ്പനിയായ ആർ.ഇ.സി. ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡിനെ ബിഡ് പ്രോസസ്സ് കോ-ഓർഡിനേറ്റർ എന്ന നിലയിൽ ചുമതലപ്പെടുത്താൻ വൈദ്യുതി ബോർഡ് തീരുമാനിക്കുകയുണ്ടായി. ഇ-ഓപ്പൺ ടെണ്ടർ രീതിയിൽ ഐറ്റം റേറ്റുകൾ വെളിപ്പെടുത്താതെ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചതിനുശേഷം ഇ-റിവേഴ്സ് ഓക്ഷനും നടത്തി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന കമ്പനിക്ക് പ്രവൃത്തിയുടെ കരാർ നൽകുന്ന രീതിയിലാണ് ദർഘാസ് നടപടികൾ ക്രമീകരിച്ചിരിക്കുന്നത്.

ഇപ്രകാരം കോലത്തുനാട് ലൈൻസ് പാക്കേജിന്റെ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിക്ക് കരാർ നൽകുന്നതിനുള്ള ശിപാർശ ദർഘാസിന് ചുമതലപ്പെടുത്തിയിരുന്ന ആർ.ഇ.സി. ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് വൈദ്യുതി ബോർഡിന് നൽകിയിരുന്നു. ശിപാർശ ചെയ്ത തുകയിന്മേൽ വൈദ്യുതി ബോർഡ് വീണ്ടും നെഗോഷ്യേഷൻ നടത്തിയതനുസരിച്ച് കമ്പനി വീണ്ടും തുക കുറയ്ക്കാൻ തയ്യാറായി. ഇപ്രകാരം കുറച്ച് നൽകിയ തുകയ്ക്കാണ് വൈദ്യുതി ബോർഡ് കമ്പോള നിരക്കുകളുമായുള്ള താരതമ്യങ്ങൾക്കുശേഷം കരാർ നൽകിയിട്ടുള്ളത്.

സമീപകാലത്തെ പ്രസരണ കരാറുകളിൽ ശരാശരി 40-50% വർദ്ധന മാർക്കറ്റ് സാഹചര്യങ്ങൾ ഉണ്ടായിട്ടുള്ളതും വർദ്ധിപ്പിച്ച 7 വർഷത്തെ വാറന്റി ട്രാൻസ്ഗ്രിഡിൽ ആവശ്യപ്പെട്ടതുകൊണ്ടും ലഭിച്ച കുറഞ്ഞ മത്സര നിരക്ക് കൂടുതലായി കാണുന്നില്ല. നിർദ്ദിഷ്ട ഓപ്പൺ ഇ-റിവേഴ്സ് ബിഡ്ഡിംഗ് രീതിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവശ്യപ്പെട്ട നിലവാരവും ദീർഘിപ്പിച്ച പെർഫോമൻസ് വാറന്റിയും നൽകി ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളത്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി നിയമപ്രകാരവും മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ചും ബാധകമായിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പാലിച്ചാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(സി) കോലത്തുനാട് ലൈൻസ് പാക്കേജിന്റെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത കമ്പനികൾ താഴെ പറയുന്നവയാണ്.

1. എൽ &റ്റി ഇന്ത്യ ലിമിറ്റഡ്
2. സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ്
3. ട്രാൻസ് റെയിൽ ലൈറ്റിംഗ് ലിമിറ്റഡ്

(ഡി) ഏറ്റവും കുറഞ്ഞ നിരക്ക് നൽകിയ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിക്കാണ് കോലത്തുനാട് ലൈൻസ് പാക്കേജിന്റെ കരാർ നൽകിയിട്ടുള്ളത്. മത്സരാധിഷ്ഠിത ടെണ്ടറിന്റെ നിർദ്ദിഷ്ട നിയമക്രമമനുസരിച്ച് ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളത്.

## ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ പ്രാധാന്യം

2 (*35) ശ്രീ. രാജു എബ്രഹാം:
ശ്രീ. എം. സ്വരാജ്:
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും കിഫ്ബി സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള പതിനായിരം കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) 2005-ൽ ആരംഭിച്ചതും മുൻസർക്കാരിന്റെ കാലത്ത് നിശ്ചലമായതുമായ കൂടംകുളത്തുനിന്ന് വൈദ്യുതി എത്തിക്കുന്നതിനുള്ള 400 കെ.വി. ലൈൻ നിർമ്മാണം ഈ സർക്കാർ 2016-ൽ പുനരാരംഭിച്ച് വിജയകരമായി പൂർത്തിയാക്കിയതിനെത്തുടർന്ന് തങ്ങളുടെ ഭരണകാലത്തെ അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും മറയിടുന്നതിന് നടത്തുന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) ആവശ്യമായ വൈദ്യുതിയുടെ എഴുപത് ശതമാനവും സംസ്ഥാനത്തിന് പുറത്തുനിന്നെത്തിക്കേണ്ട സാഹചര്യത്തിൽ ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ പ്രാധാന്യം അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) സംസ്ഥാനത്തെ പ്രസരണ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള പ്രസരണ ശൃംഖലാ വികസന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ആഭ്യന്തര ഉത്പാദനംവഴിയും പുറമെനിന്നുള്ള ഇറക്കുമതിയിലൂടെയും ലഭ്യമാകുന്ന വൈദ്യുതി പ്രസരണനഷ്ടം കുറച്ച് കാര്യക്ഷമവും തടസ്സരഹിതവുമായി ആവശ്യമായ വോൾട്ടേജ് നിലവാരത്തിൽത്തന്നെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ എത്തിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പ്രസരണ ശൃംഖലാ വികസന പദ്ധതിയാണിത്. ഏകദേശം 10000 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പ്രവൃത്തികളാണ് വിവിധ ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി നടപ്പാക്കുന്ന 6375 കോടി രൂപയുടെ പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക സഹായം കേരള സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസനനിധിയായ കിഫ്ബിയിൽനിന്നുമാണ് ലഭ്യമാക്കുന്നത്. ഇതിൽ 5200 കോടി മുതൽമുടക്കുള്ള പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതിയായ PSDF-ൽ നിന്നും ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായ രണ്ട് പ്രവൃത്തികൾക്ക് 400 കോടി രൂപയുടെ സഹായവും നേടിയെടുക്കാനായിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ പ്രത്യേക നിരീക്ഷണത്തിൽ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്ത തിരുനെൽവേലി-മാടക്കത്തറ 400 കെ.വി. പ്രസരണ ഇടനാഴിയുടെയും നിർമ്മാണം പുരോഗമിക്കുന്ന പുഗലൂർ-മാടക്കത്തറ HVDC ലൈനിന്റെയും പൂർണ്ണമായ പ്രയോജനം ലഭ്യമാകുന്നതിന് ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ വേഗത്തിലുള്ള പൂർത്തീകരണം അനിവാര്യമാണ്. ആദ്യ രണ്ടുഘട്ടങ്ങളിലായി മൂന്ന് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും ഇരുപത്തിമൂന്ന് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും നിർമ്മാണമാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ, വിവിധ വോൾട്ടേജ് 4390 സർക്യൂട്ട് കി.മി. പ്രചരണ ലൈനുകളുടെ നിർമ്മാണവും ഈ ഘട്ടങ്ങളിൽ പൂർത്തീകരിക്കും. പദ്ധതിയുടെ ഒന്നാം ഘട്ടം 2021 മാർച്ചിലും രണ്ടാം ഘട്ടം 2024-ലും പൂർത്തിയാകും.

പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവൃത്തികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. 2019 സെപ്റ്റംബർ വരെയുള്ള കണക്കനുസരിച്ച് ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ വിവിധ പ്രവൃത്തികൾക്കായി 436.54 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രദേശവാസികളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് ഏറെ നാളായി മുടങ്ങിക്കിടന്നിരുന്ന കൂടംകുളത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള 400 കെ.വി. ലൈനിന്റെ നിർമ്മാണം നിലവിലുള്ള സർക്കാർ അധികാരമേറ്റതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് അവലോകനം ചെയ്യുകയും പുനരാരംഭിക്കുകയും ചെയ്തു. പുതുക്കിയ നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചും തർക്കങ്ങളിൽ സമയോചിതമായി ഇടപെട്ടും സർക്കാർ നടത്തിയ സജീവമായ തുടർപ്രവർത്തനങ്ങളുടെ ഫലമായി പ്രസ്തുത ലൈനിന്റെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയാക്കി 2019 സെപ്റ്റംബർ 25-ന് ചാർജ്ജ് ചെയ്തു. ഈ പദ്ധതിയുടെ പൂർത്തീകരണം സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് നേട്ടമാണ്.

(സി) സംസ്ഥാനത്തിന്റെ ഭാവിയിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം അനിവാര്യമാണ്. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്കുപുറമെ ഇറക്കുമതി ചെയ്യുന്ന വൈദ്യുതിയും വിവിധ പ്രദേശങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ശക്തമായ പ്രസരണശൃംഖല ആവശ്യമാണ്. ശക്തമായ പ്രസരണ ശൃംഖലയുടെ അഭാവത്തിൽ സംസ്ഥാനത്തിന്റെ ഇറക്കുമതിശേഷിയിൽ പലപ്പോഴും നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. നിലവിൽ അത്തരം സന്ദർഭങ്ങളിൽ സംസ്ഥാനത്തിനകത്തെ വൈദ്യുതി ഉപയോഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക മാത്രമാണ് പോംവഴി. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടുകൂടി സംസ്ഥാനത്തിന്റെ ഇറക്കുമതിശേഷി ഇപ്പോഴുള്ള 2900 MW-ൽനിന്നും ഏകദേശം 5400 MW ആയി വർദ്ധിക്കും. അധിക ആഭ്യന്തരോല്പാദനത്തിനുള്ള സാധ്യതകൾ വിരളമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇറക്കുമതി ശേഷിയിലെ വർദ്ധനവ് സംസ്ഥാനത്തിന്റെ ഭാവി വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ സർവ്വതോമുഖമായ വികസനത്തിനും ഒരു മുൻ ഉപാധിയാണ്. എല്ലാറ്റിനുമുപരി, ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ പ്രസരണനഷ്ടത്തിൽ 107.8 MW-ന്റെ കുറവുണ്ടാകുമെന്നും അതുവഴി പ്രതിവർഷം ശരാശരി 522 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകുമെന്നും കണക്കാക്കിയിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി ശ്രീ. വി. ഡി. സതീശൻ: സർ, കേരളം കണ്ട ഏറ്റവും വലിയ ക്രമക്കേടുകളിലൊന്നായി ചരിത്രം രേഖപ്പെടുത്താൻ പോകുന്നൊരു ഇടപാടാണ് കോലത്തുനാട് പദ്ധതിയുമായി ബന്ധപ്പെട്ട ട്രാൻസ്ഗ്രിഡ് പ്രോജക്ടിൽ നടന്നിട്ടുള്ളത്. കെ.എസ്.ഇ.ബി. എൽ. റേറ്റ് നിശ്ചയിച്ച്

ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരം വാങ്ങിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. അതനുസരിച്ച് 150 കോടി രൂപയ്ക്ക് തയ്യാറാക്കേണ്ട പ്രോജക്ടായിരുന്നു ഇത്. എന്നാൽ ഇലക്ട്രിസിറ്റി ബോർഡിലെ സ്പെഷ്യൽ എഞ്ചിനീയറുടെ ചുമതലയിൽ 150 കോടി രൂപയുടെ ഈ പ്രോജക്ട് ഏകദേശം 60-70% എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ച് 240 കോടി രൂപയുടേതാക്കി മാറ്റി. അതിനുശേഷം പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടറിൽ കർശന വ്യവസ്ഥകൾ എഴുതിച്ചേർത്ത് കേരളത്തിലെ പ്രധാനപ്പെട്ട കമ്പനികളെയെല്ലാം ഒഴിവാക്കി മൂന്നുനാല് കമ്പനികളെ മാത്രം ബാക്കിയാക്കി. ഈ കമ്പനികൾ cartel ഫോം ചെയ്ത് വീണ്ടും എഴുപത് ശതമാനത്തോളം ടെണ്ടർ തുക ഉയർത്തി. 150 കോടി രൂപയ്ക്ക് നടത്തേണ്ട പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 240 കോടി രൂപയായി. അത് റീ-ടെണ്ടർ ചെയ്തപ്പോൾ 372 കോടി രൂപയ്ക്കാണ് വർക്ക് അവാർഡ് ചെയ്തത്. അവർ വീണ്ടും ടെണ്ടർ തുക ഉയർത്തി. അങ്ങനെ 150 കോടി രൂപയ്ക്ക് നടത്തേണ്ട ഈ പദ്ധതി 222 കോടി രൂപ സംസ്ഥാന സർക്കാരിന് നഷ്ടം വരുത്തിക്കൊണ്ട് 372 കോടി രൂപയ്ക്കാണ് വർക്ക് അവാർഡ് ചെയ്തതെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. എം. മണി</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യങ്ങൾ വസ്തുതയ്ക്ക് നിരക്കുന്നതല്ല. കേന്ദ്ര നവരത്ന കമ്പനികളുടെ ശിപാർശയും ഇടപെടലും ഈ പ്രശ്നങ്ങളിൽ ഉണ്ടായിട്ടുണ്ടെന്ന് ഞാൻ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കാരണം എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കാണാൻ കഴിയാത്ത ചെലവുകൾ പദ്ധതി നടപ്പിലാക്കുമ്പോൾ വരുമെന്നുള്ളതുകൊണ്ട് പല കമ്പനികളും പലപ്പോഴും എസ്റ്റിമേറ്റ് സംഖ്യയെക്കാൾ കൂടുതൽ തുക ക്വാട്ട് ചെയ്യുന്ന രീതി സ്വീകരിച്ചിട്ടുണ്ടെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഇക്കാര്യത്തിലും അങ്ങനെ തന്നെയാണ് സംഭവിച്ചിരിക്കുന്നത്. അവരുമായി നെഗോഷ്യേറ്റ് ചെയ്ത് വീണ്ടും കുറവുചെയ്ത കാര്യവും പരിഗണിക്കേണ്ടതുണ്ട്. വൈദ്യുതി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ വിവിധ തലത്തിലുള്ള ഉന്നത ഉദ്യോഗസ്ഥരുടെ വിശദമായ പഠനത്തിന് വിധേയമായിട്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. അതുകൊണ്ട് ഇങ്ങനെയൊരു ആരോപണം ഉന്നയിക്കുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് ഇതിനുമുമ്പുമുണ്ടായിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെമ്മനാട്ടുകര-പരപ്പനങ്ങാടി ലൈൻ 54% റിവൈസ് ചെയ്തിട്ടുണ്ട്. വിഴിഞ്ഞം 66KV ലൈൻ 93% വർദ്ധിപ്പിച്ചിട്ടുണ്ട്. കാട്ടാക്കട-ബാലരാമപുരം ലൈനിന് 83.4 ശതമാനവും ആലപ്പുഴ-കുട്ടനാട് റീ-കണ്ടീഷനിംഗിന് 2013-ൽ 60 ശതമാനവും തലശ്ശേരി-വടകര ലൈൻ ഡബ്ലിംഗിന് 2014-ൽ 94 ശതമാനവും ചെങ്കുളം-കയിലുമല

ലൈനിന് 2014-ൽ 83 ശതമാനവും വാഴത്തോപ്പ്-നിർമ്മലസിറ്റി ലൈനിന് 2014-ൽ 70 ശതമാനവും കൊയിലാണ്ടി-വടകര ലൈൻ ഡബ്ലിംഗിന് 2014-ൽ 86 ശതമാനവും മേലാറ്റൂർ-നിലമ്പൂർ ലൈനിന് 2015-ൽ 76.9 ശതമാനവും പെരിന്തൽമണ്ണ സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈൻ അപ്ഗ്രഡേഷന് 2015-ൽ 57 ശതമാനവും വിദ്യാനഗർ-സീതാൻഗോളി (കാസർഗോഡ്) 2015-ൽ 72 ശതമാനവും അങ്ങനെ ഇതിനുമുമ്പും 90 ശതമാനംവരെ ബഡ്ജറ്റ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്, വർദ്ധിപ്പിച്ചിട്ടുണ്ട്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെയ്തതാണ്. ഇത്തരം വലിയ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് അംഗീകരിച്ചാലും കൂടുതൽ തുക ക്വാട്ട് ചെയ്യുമെന്നുള്ളത് സർവ്വസാധാരണമാണ്. അത് കമ്പനികളുമായി ചർച്ച ചെയ്ത് വീണ്ടും കുറയ്ക്കുകയാണ് ചെയ്യുന്നത്. അല്ലെങ്കിൽ വർക്ക് ഏറ്റെടുത്ത് നടത്താൻ ആരുമില്ലാത്ത സാഹചര്യമുണ്ടാകും. പക്ഷേ ഇത് കേന്ദ്ര നവരത്ന കമ്പനി ഇടപെട്ട് തയ്യാറാക്കിയതും വൈദ്യുതി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ എല്ലാ തലത്തിലുമുള്ള ഉന്നത ഉദ്യോഗസ്ഥർ പരിശോധിച്ച് സമർപ്പിച്ചിട്ടുള്ളതുമായ എസ്റ്റിമേറ്റാണ്. എസ്റ്റിമേറ്റ് തുകയെക്കാൾ വർദ്ധിച്ച തുകയ്ക്കേ കമ്പനികൾ ടെണ്ടർ പിടിക്കുകയുള്ളൂ. കാരണം, പ്രായോഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കാണാത്ത ചെലവുകൾ പദ്ധതി നടപ്പിലാക്കുമ്പോഴുണ്ടാകും. ഇത് സ്വാഭാവികമായി വന്നിട്ടുള്ളതാണ്. എങ്കിലും അവരുമായി ചർച്ച ചെയ്ത് വീണ്ടും കുറവ് ചെയ്തിട്ടുണ്ടെന്ന് കണക്കുകൾ പരിശോധിച്ചാൽ കാണാൻ കഴിയും. അതുകൊണ്ട് ആരോപണത്തിൽ യാതൊരു യാഥാർത്ഥ്യവുമില്ല. ട്രാൻസ്ഗ്രിഡ് പദ്ധതി സംസ്ഥാനത്തിന്റെ വൈദ്യുതിരംഗം ഫലപ്രദമാക്കാനും ഭാവി കേരളത്തിന് ഒഴിച്ചുകൂടാൻ കഴിയാത്തതുമാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ, പ്രത്യേകിച്ചും ബഹുമാന്യനായ പ്രതിപക്ഷനേതാവ് തന്നെ ഈ പ്രശ്നം നിരന്തരമായി ഉന്നയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ മന്ത്രിക്കും മുഖ്യമന്ത്രിക്കുമൊന്നും ഒരു കാര്യവുമില്ല. വൈദ്യുതി ബോർഡാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. വസ്തുതാപരമല്ലാത്ത കാര്യങ്ങൾ പറഞ്ഞ് സംസ്ഥാനത്തിന്റെ പുരോഗതിക്ക് തടസ്സമുണ്ടാക്കരുതെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത്. നിങ്ങൾ പറയുന്ന ഒരു കാര്യവും നിലനിൽക്കുന്നതല്ല; നിരാകരിക്കുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ മന്ത്രിക്കും മുഖ്യമന്ത്രിക്കും ഒരു കാര്യവുമില്ലെന്ന വാദത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എസ്റ്റിമേറ്റ് ഉയർന്ന ചില വർക്കുകളെക്കുറിച്ചാണ് അങ്ങ് ഇവിടെ വായിച്ചത്. വർഷങ്ങളോളം

കെ.എസ്.ഇ.ബി.എൽ.-ന്റെ റേറ്റ് റിവിഷൻ നടത്താതിരുന്നപ്പോഴാണ് റേറ്റ് ഉയർന്നത്. ആ റേറ്റ് ഉയർന്നതിനെത്തുടർന്നാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ റേറ്റ് റിവിഷൻ നടത്തിയതും ടെണ്ടർ എക്സസുണ്ടായതും. റേറ്റ് റിവിഷൻ നടത്തിയശേഷമാണ് ഈ ടെണ്ടറുകളെല്ലാം ഉണ്ടായതെന്ന കാര്യംകൂടി ബോധ്യപ്പെടണം. ഇവിടെ, രണ്ടുപ്രാവശ്യമായി 125% ആണ് ടെണ്ടർ തുക ഉയർന്നിരിക്കുന്നത്. ഇപ്പോഴത്തെ റേറ്റ് റിവിഷൻ അനുസരിച്ച് 150 കോടി രൂപയ്ക്ക് ചെയ്യേണ്ട ഒരു പദ്ധതി 372 കോടി രൂപയ്ക്ക് വർക്ക് അവാർഡ് നടത്തുന്ന വിചിത്രമായൊരു കാര്യം ഒരുകാലത്തും കെ.എസ്.ഇ.ബി.എൽ.-ൽ നടന്നിട്ടില്ല. സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിക്കാണ് ഈ വർക്ക് അവാർഡ് ചെയ്തിരിക്കുന്നത്. പ്രസ്തുത കമ്പനിയുടെ പ്രതിനിധി കെ.എസ്.ഇ.ബി.എൽ.-ന്റെ ഓഫീസിൽ സ്പെഷ്യൽ എഞ്ചിനീയറോടൊപ്പം ഇരുന്നുകൊണ്ടാണ് ഈ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്.....അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, 130 കോടി രൂപയ്ക്ക് നടത്തേണ്ട സമാനമായൊരു പദ്ധതി 210 കോടി രൂപയാക്കി എസ്റ്റിമേറ്റ് ഉയർത്തി 340 കോടി രൂപയ്ക്ക് എൽ & റ്റി ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിക്ക് വർക്ക് അവാർഡ് ചെയ്തു. ഇതുപോലുള്ള അര ഡസനിലധികം വർക്കുകളാണ് അയ്യായിരം കോടി രൂപയുടെ കിഫ്ബി പ്രോജക്ടിൽ നടന്നിരിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്.....അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രി എത്രമാത്രം സംസാരിച്ചു. അപ്പോൾ അതുകൂടി പറയണ്ടേ?

മി. സ്പീക്കർ: അങ്ങയുടെ വിശദമായ ചോദ്യത്തിനുള്ള മറുപടിയാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഈ വർക്ക് അവാർഡ് ചെയ്തുകൊണ്ടുള്ള ഓർഡറിൽ എഴുതിയിരിക്കുന്നത് ഇവിടെ മന്ത്രി പറഞ്ഞ കാരണങ്ങളൊന്നുമല്ല. പദ്ധതി പ്രദേശത്ത് ശക്തമായ ട്രേഡ് യൂണിയൻ സാന്നിദ്ധ്യമുള്ളതുകൊണ്ട് ട്രാൻസ്പോർട്ടേഷൻ, ലോഡിംഗ്-അൺലോഡിംഗ് ചെലവുകൾ വർദ്ധിക്കുമെന്നുള്ളതുകൊണ്ടാണ് ഇത്രയും കോടി രൂപ എസ്റ്റിമേറ്റ് തുക കൂട്ടിക്കൊടുത്തതെന്ന് കെ.എസ്.ഇ.ബി.എൽ.-ന്റെ ഓർഡറിൽ എഴുതിയിട്ടുണ്ടോ?

ശ്രീ. എം. എം. മണി: സർ, കെ.എസ്.ഇ.ബി.എൽ. ഓഫീസിൽ

കമ്പനിയുടെ എം.ഡി.-മാർ ഒപ്പമിരുന്നാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നൊക്കെ പറയുന്നതുകേട്ടാൽ ബഹുമാനപ്പെട്ട വി. ഡി. സതീശൻ അപ്പോൾ അവിടെ ഉണ്ടായിരുന്നോ എന്ന് സംശയം തോന്നും വെറുതെ എന്തെങ്കിലും പറഞ്ഞ് ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നത് നമ്മുടെ നാടിന്റെ പുരോഗതിക്ക് സഹായകരമല്ല. ഇത് കിഫ്ബിയുടെ പദ്ധതി തന്നെയാണ്. അയ്യായിരത്തിലധികം കോടി രൂപയ്ക്ക് കിഫ്ബി ഇപ്പോൾ അംഗീകാരം നൽകിയിട്ടുണ്ട്. നിങ്ങളുടെ നിരന്തരമായ കിഫ്ബി വിരുദ്ധ മനോഭാവം ശരിയല്ല. തികച്ചും വസ്തുതാപരമായാണ് ഇക്കാര്യങ്ങൾ ചെയ്തിരിക്കുന്നതെന്നുള്ളത് നൂറ് ശതമാനവും ഉറപ്പാണ്. മാത്രമല്ല, എസ്റ്റിമേറ്റ് തയ്യാറാക്കി വൈദ്യുതി ബോർഡിലെ എ.ഇ. അടക്കം വിവിധ തലത്തിലുള്ളവർ പരിശോധിച്ച് കേന്ദ്ര നവരത്ന കമ്പനികൾക്കുതന്നെ ടെണ്ടർ അനുവദിച്ച സാഹചര്യത്തിൽ മറ്റെന്ത് മാർഗ്ഗമാണ് സ്വീകരിക്കാൻ കഴിയുന്നത്? ഈ പദ്ധതി നടപ്പാക്കാതിരിക്കുക, വൈദ്യുതി രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുക എന്നതല്ലാതെ വേറൊന്നുമില്ലെന്ന നിഗമനത്തിലാണ് പ്രതിപക്ഷം നിൽക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം ചെയ്തുവെന്നതിനെപ്പറ്റി ഞാൻ ഇവിടെ വിശദീകരിക്കേണ്ട കാര്യമില്ലല്ലോ. യു.ഡി.എഫ്. ഭരണകാലത്ത് റെഗുലേറ്ററി കമ്മീഷനെ മറികടന്ന് വൈദ്യുതി വാങ്ങൽ കരാർ ഒപ്പിട്ട് മന്ത്രിസഭയിൽ അംഗീകരിച്ചത് ഇപ്പോഴും പ്രതിസന്ധിയിൽ നിൽക്കുന്നുവെന്ന കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ പരിപാടിയാണ്. അതുപോലെയുള്ള ഒരു പരിപാടിയും ഈ ഗവൺമെന്റിന്റെ കാലത്ത് ചെയ്യില്ല, സംശയം വേണ്ട. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷാംഗങ്ങളും ഒരു നിഗമനത്തിലെത്തണം. എവിടെ നിന്നെങ്കിലും കിട്ടുന്ന വിവരങ്ങൾ ഉന്നയിച്ച് സഭയെ തെറ്റിദ്ധരിപ്പിക്കുകയെന്നത് നിങ്ങളുടെ സർവ്വസാധാരണമായ പരിപാടിയാണ്. മാത്രമല്ല, നിങ്ങളെപ്പോലെയാണ് ഞങ്ങളും എന്ന് നിങ്ങൾ ചിന്തിക്കുന്നതിൽ ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. ഇക്കാര്യത്തിൽ നിങ്ങൾ പറയുന്ന ഒരു പ്രശ്നവും നിലനിൽക്കുന്നതല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ടെണ്ടർ എക്സസ് വന്നതുകൊണ്ട് നേരത്തെയുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്തതെന്നാണ് അങ്ങിവിടെ സൂചിപ്പിച്ചത്. ടെണ്ടർ നിയമങ്ങളിൽ മാറ്റം വരുത്തുന്നതിനുവേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. എം. എബ്രഹാം സമർപ്പിച്ച റിപ്പോർട്ടിൽ പത്ത് ശതമാനത്തിലധികം ടെണ്ടർ എക്സസ് വന്നാൽ റീ-ടെണ്ടർ ചെയ്യണമെന്നും എന്നിട്ടും എക്സസുണ്ടായാൽ റീ-എസ്റ്റിമേറ്റിലേയ്ക്ക് പോകണമെന്നുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ്

സർക്കാർ ഉത്തരവിറക്കിയത്. അത് കാറ്റിൽപ്പറത്തിക്കൊണ്ട് തീരുമാനമെടുത്ത് കിഫ്ബിയുടെ പണം ഇങ്ങനെ ഉപയോഗിക്കുകയും സി.&എ.ജി.-യുടെ ഓഡിറ്റിംഗിൽ നിന്ന് അത് ഒഴിവാക്കുന്നതിനുവേണ്ടി നിർബന്ധബുദ്ധിയോടെ നിൽക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

ശ്രീ. എം. എം. മണി: സർ, ഒന്നാമത്തെ കാര്യം, ശ്രീ. കെ. എം. എബ്രഹാമിന്റെ ഉത്തരവ് സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കുമാത്രമാണ് ബാധകം. വൈദ്യുതി ബോർഡിന് പ്രസ്തുത ഉത്തരവ് ബാധകമല്ല. അതിന്റെ എല്ലാ വശവും ഞങ്ങൾ പരിശോധിച്ചിട്ടുണ്ട്. അത് നിലനിൽക്കുന്നതേയല്ല. വൈദ്യുതി ബോർഡിന് പ്രത്യേക നിയമമുണ്ട്. അതനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കൃത്യതയോടുകൂടിത്തന്നെയാണ് ടെണ്ടർ നടപടികൾ സ്വീകരിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരിക്കുന്നത്. കെ.എസ്.ഇ.ബി.എൽ.-ന് പ്രത്യേകം ബാധകമാകണം എന്നുപറഞ്ഞ് ഉത്തരവിട്ടാൽ അത് പാലിക്കാൻ ബാധ്യതയുണ്ട്. അല്ലാതെ അങ്ങനെയൊരു പ്രശ്നമേയില്ല. ....(ബഹളം)......

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ശ്രീ. കെ. എം. എബ്രഹാമിനും മുഖ്യമന്ത്രിക്കും മുകളിലാണ് കെ.എസ്.ഇ.ബി.എൽ. എന്നുള്ള തരത്തിലാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ, കെ.എസ്.ഇ.ബി.എൽ., കിഫ്ബി എന്നിവർ ഒപ്പുവച്ച ഒരു ത്രികക്ഷി കരാറുണ്ട്. ആ കരാർപ്രകാരം കെ.എസ്.ഇ.ബി.എൽ. ഈ തുക കിഫ്ബിയിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടിവരുമോയെന്ന് അറിയണം. അങ്ങനെ വന്നാൽ കെ.എസ്.ഇ.ബി.എൽ. ഒരു കെ.എസ്.ആർ.ടി.സി. ആയി മാറും. തിരിച്ചടയ്ക്കേണ്ട സാഹചര്യമുണ്ടായാൽ എത്ര ശതമാനം പലിശയാണ് നൽകേണ്ടിവരുന്നത്?

ശ്രീ. എം. എം. മണി: സർ, എത്ര ശതമാനം പലിശ എന്നുള്ളത് ഞാൻ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. അത് പരിശോധിച്ച് മറുപടി പറയാം. കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന പദ്ധതികൾ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പരിശോധനയ്ക്ക് വിധേയമാണ്. വൈദ്യുതി ബോർഡിന്റെ മുഴുവൻ വരവുചെലവ് കണക്കും കൃത്യതയോടുകൂടി പരിശോധിക്കും, അതിനുള്ള സംവിധാനമുണ്ട്. അതിന് വിധേയമല്ലാത്ത ഒന്നും വൈദ്യുതി ബോർഡിന്റെ വരവുചെലവ് കണക്കിലില്ല എന്ന കാര്യം വ്യക്തമാക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സർക്കാർ ഉത്തരവ്

കെ.എസ്.ഇ.ബി.എൽ.-ന് ബാധകമല്ലെന്ന നിലപാടിൽ അങ്ങ് ഉറച്ചു നിൽക്കുകയാണല്ലോ. ഇവിടെ പുതുക്കിയ ടെണ്ടറിൽ പങ്കെടുത്ത എല്ലാ കമ്പനികൾക്കും ഏതെങ്കിലും വർക്ക് കിട്ടുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ അഴിമതിയുണ്ടായതായി മനസ്സിലാക്കി തിരുത്തൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. എം. എം. മണി</u>: സർ, ഇതുസംബന്ധിച്ച് പരിശോധിച്ച് പിന്നീട് മറുപടി പറയാം. ശ്രീ. കെ. എം. എബ്രഹാം പുറപ്പെടുവിച്ച ഉത്തരവ് വൈദ്യുതി ബോർഡിന് ബാധകമാക്കിയിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾക്ക് ബാധകമാകുന്ന ഉത്തരവ് കെ.എസ്.ഇ.ബി.എൽ.-ന് ബാധകമാകില്ല. കെ.എസ്.ഇ.ബി.എൽ. പ്രത്യേക നിയമവും ചട്ടവും അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റുമായി കെ.എസ്.ഇ.ബി.എൽ.-ന് ബന്ധമില്ലെന്ന അർത്ഥവും ഇതിനില്ല.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കേരളത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരാനുള്ള 400 കെ.വി. ലൈനുകളും കോറിഡോറുകളും ഇവിടെയില്ല. ഈ പ്രതിസന്ധി മറികടക്കുന്നതിനായി 3600 കോടി രൂപ മുതൽമുടക്കുള്ള, മുടങ്ങിക്കിടന്ന കൂടംകുളം ലൈൻ മിന്നൽ വേഗത്തിൽ പൂർത്തിയാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വൈദ്യുതി വകുപ്പുമന്ത്രിയും നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങളെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ചരിത്രപരമായ മുന്നേറ്റമാണത്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി 24x7 പൂർണ്ണമായും വൈദ്യുതി നൽകാൻ തെരഞ്ഞെടുത്തിരിക്കുന്നത് കേരളത്തെയാണ്. അതിനുവേണ്ടി 400 KV, 220 KV, 110 KV എന്നിങ്ങനെ എത്ര സബ്സ്റ്റേഷനുകളും വൈദ്യുതി ലൈനുകളുമാണ് പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എം. എം. മണി</u>: സർ, പ്രസരണ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള പ്രസരണ ശൃംഖലാ വികസന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ആഭ്യന്തരോത്പാദനത്തിലൂടെയും പുറമെ നിന്നുള്ള ഇറക്കുമതിയിലൂടെയും ലഭ്യമാകുന്ന വൈദ്യുതി, പ്രസരണനഷ്ടം കുറച്ച് കാര്യക്ഷമവും തടസ്സരഹിതവുമായി മെച്ചപ്പെട്ട വോൾട്ടേജിൽ വിവിധ പ്രദേശങ്ങളിലെത്തിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പ്രസരണ ശൃംഖലാ വികസന പദ്ധതിയാണിത്. ഏകദേശം 10,000 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പ്രവൃത്തികളാണ് വിവിധ ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഒന്നുംരണ്ടും ഘട്ടങ്ങളിലായി

നടപ്പാക്കുന്ന 6375 കോടി രൂപയുടെ പദ്ധതികൾക്ക് ആവശ്യമായ സാമ്പത്തിക സഹായം കേരള സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയായ കിഫ്ബിയിൽനിന്നുമാണ് ലഭിക്കുന്നത്. ഇതിൽ 5,200 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതിയായ PSDF-ൽ നിന്നും ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായ രണ്ട് പ്രവൃത്തികൾക്ക് 400 കോടി രൂപയുടെ സഹായവും നേടിയെടുക്കാനായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രത്യേക നിരീക്ഷണത്തിൽ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്ത തിരുനെൽവേലി-മാടക്കത്തറ 400 കെ.വി. പ്രസരണ ഇടനാഴിയുടെ നിർമ്മാണം പുരോഗമിക്കുന്നു. പുനലൂർ-മാടക്കത്തറ HVDC ലൈനിന്റെ പൂർണ്ണമായ പ്രയോജനം ലഭ്യമാക്കുന്നതിന് ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ വേഗത്തിലുള്ള പൂർത്തീകരണം അനിവാര്യമാണ്.

മി. സ്പീക്കർ: അങ്ങ് ഈ ഉത്തരം നേരത്തെ മേശപ്പുറത്തുവച്ചതാണ്. ഉപചോദ്യത്തിനുള്ള മറുപടി പറയുന്നതായിരിക്കും നല്ലത്.

ശ്രീ. എം. സ്വരാജ്: സർ, ഈ സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ സമ്പൂർണ്ണ വൈദ്യുതീകരണം യാഥാർത്ഥ്യമാക്കി. ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ വൈദ്യുതീകരണം യാഥാർത്ഥ്യമാക്കിയ സംസ്ഥാനമെന്ന ബഹുമതിക്ക് കേരളത്തെ അർഹമാക്കിയ വൈദ്യുതി വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. വിവിധ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതിയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. എം. എം. മണി: സർ, പുതിയ ഉല്പാദനമാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന ലക്ഷ്യമാണ് ഗവൺമെന്റിനുള്ളത്. നമുക്ക് ആവശ്യമുള്ളതിന്റെ 30% വൈദ്യുതി മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. ബാക്കിയുള്ളത് വിവിധ കരാറുകൾപ്രകാരം വാങ്ങുകയാണ് ചെയ്യുന്നത്. ജലവൈദ്യുതി രംഗത്ത് കൂടുതൽ സാധ്യതകൾ കണ്ടെത്താനാണ് ലക്ഷ്യമിടുന്നത്. അതിനുവേണ്ടിയുള്ള പദ്ധതികൾ പുരോഗമിക്കുകയാണ്. അവയിൽ ചിലതിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. ഇടുക്കി പദ്ധതിക്ക് രണ്ടാം പവർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അത് പ്രായോഗികമാക്കാൻ കഴിഞ്ഞാൽ ജലവൈദ്യുതി രംഗത്ത് കൂടുതൽ പുരോഗതിയുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം 1000 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതോല്പാദനവും ലക്ഷ്യമിടുന്നുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനും

പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും ഗവൺമെന്റും അങ്ങയുടെ നേതൃത്വത്തിലുള്ള വൈദ്യുതി ബോർഡും നടത്തുന്ന പ്രവർത്തനങ്ങൾ കേരളം ആവേശത്തോടുകൂടിയാണ് സ്വീകരിക്കുന്നത്. ഈ മുന്നേറ്റത്തിന് ഒരു പുകമറ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ടെണ്ടർ എക്സസിന്റെ കാര്യം പറഞ്ഞ് പ്രതിപക്ഷം ആരോപണം ഉന്നയിക്കുന്നതെന്നാണ് അങ്ങയുടെ ഉത്തരത്തിൽനിന്നും മനസ്സിലാകുന്നത്. അങ്ങുതന്നെ പറഞ്ഞു യു.ഡി.എഫ്.-ന്റെ കാലത്ത് നിരവധി വർക്കുകൾക്ക് ടെണ്ടർ എക്സസ് ഉണ്ടായിട്ടുണ്ടെന്ന്. അതിന്റെ ശതമാനം വായിക്കുകയും ചെയ്തു. ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ ട്രാൻസ്ഗ്രിഡ് ടെണ്ടർ നിരക്കുകളിൽ വ്യത്യാസങ്ങളുണ്ടോ? കഴിഞ്ഞകാലത്തും ഇപ്പോഴും ടെണ്ടർ എക്സസ് വന്നിട്ടുണ്ട്. നെഗോഷ്യേറ്റ് ചെയ്ത് ടെണ്ടർ എക്സസ് കുറയ്ക്കാൻ ഇപ്പോൾ ശ്രമിക്കുന്നുമുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

ശ്രീ. എം. എം. മണി: സർ, ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കാണാത്ത ചെലവുകൾ പദ്ധതി പ്രാവർത്തികമാക്കുമ്പോൾ വരും. അത് ഉറപ്പാണ്. അല്ലാതെ ഒരു പദ്ധതിയും നടക്കുകയില്ലെന്നത് വസ്തുതാപരമായ കാര്യമാണ്. അപ്പോൾ സ്വാഭാവികമായും എസ്റ്റിമേറ്റിൽ വർദ്ധനവ് വരും. ടെണ്ടർ ക്ഷണിക്കുമ്പോൾ കമ്പനികൾ അവരുടേതായ നിർദ്ദേശം വയ്ക്കുകയാണ്. നമുക്ക് വേണമെങ്കിൽ അത് വേണ്ടെന്ന് വയ്ക്കാം, അതിന് നമുക്ക് അവകാശമുണ്ട്. പക്ഷേ വൈദ്യുതി രംഗത്തെ പുരോഗതിയും സംസ്ഥാനത്തിന്റെ താല്പര്യവും സംരക്ഷിക്കണമോ വേണ്ടയോ എന്നതാണ് നമുക്ക് മുന്നിൽ ഉയരുന്ന ചോദ്യം. പദ്ധതി വേണ്ടെന്നുവച്ചാൽ നാടിന്റെ പുരോഗതിക്ക് തടസ്സമാകും. അപ്പോൾ അവരുമായി നെഗോഷ്യേറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കുക എന്നുള്ളതല്ലാതെ വേറെ വഴിയില്ല. മൂന്ന് കമ്പനികൾ ടെണ്ടർ നൽകിയതിൽ ഒരു കമ്പനിയുമായി മാത്രമേ ചർച്ചപോലും നടത്തേണ്ടതായി വന്നുള്ളൂ. കാരണം മറ്റുള്ളവർ ക്വാട്ട് ചെയ്തത് ഭീമമായ സംഖ്യയാണ്. കെ.എസ്.ഇ.ബി.എൽ. വെറുതെ പണം ചെലവാക്കുകയല്ല ചെയ്യുന്നത്. ഇതെല്ലാം ഓഡിറ്റിന് വിധേയമാണ്. അക്കാര്യത്തിൽ ആർക്കും സംശയം വേണ്ട.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായി ചാലക്കുടി 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. സബ്സ്റ്റേഷനാക്കി നവീകരിക്കാൻ നടപടി സ്വീകരിച്ചതിന് അങ്ങയോട് നന്ദി പ്രകാശിപ്പിക്കുകയാണ്. മുടങ്ങിക്കിടന്ന നിരവധി പദ്ധതികൾ ഈ സർക്കാരിന്റെ നിശ്ചയ ദാർഢ്യത്തിന്റെയും ഇച്ഛാശക്തിയുടെയും ഭാഗമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ തെളിവാണ് കൂടംകുളം വൈദ്യുതി നിലയത്തിന്റെ നിർമ്മാണം. സർക്കാർ ശക്തമായി ഇടപെട്ടതിന്റെ ഫലമായാണ് അത്

പൂർത്തീകരിക്കാനായത്. അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയും. എന്നാൽ അനാവശ്യവും അടിസ്ഥാനരഹിതവുമായ ആരോപണങ്ങൾ ഉന്നയിച്ച് അവ തടസ്സപ്പെടുത്താനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ പദ്ധതിയിൽ ഓഡിറ്റ് നടത്തുന്നില്ല എന്നതാണ് പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണം. ഇതിന്റെ നിജസ്ഥിതി എന്താണ്; ഈ പദ്ധതിയുടെ ഓഡിറ്റിംഗ് എങ്ങനെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. എം. എം. മണി: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൂടംകുളം പദ്ധതി ഫലത്തിൽ ഉപേക്ഷിച്ചതായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദരണീയനായ മുഖ്യമന്ത്രി പ്രത്യേക കോൺഫറൻസ് വിളിച്ചുകൂട്ടി അത് നടപ്പിലാക്കാൻ ശക്തമായ ഇടപെടൽ നടത്തി. അതിനുപുറമെ വൈദ്യുതി വകുപ്പുമന്ത്രി എന്ന നിലയിൽ ഞാനും വൈദ്യുതി വകുപ്പും റിവ്യൂ നടത്തുകയും ചെയ്തു. അഭിമാനകരമായ നിലയിൽ 261 മെഗാവാട്ട് വൈദ്യുതി കൂടംകുളത്തുനിന്നും പ്രസരണ നഷ്ടമില്ലാതെ ലഭ്യമാക്കാനും ഭാവിയിൽ വൈദ്യുതി വാങ്ങേണ്ടിവന്നാൽ അതിനാവശ്യമായ ലൈനില്ലെന്ന ഗതികേട് ഒഴിവാക്കാനും സാധിച്ചു. മഴ കുറഞ്ഞ സാഹചര്യത്തിൽ കേവലം പത്ത് ദിവസത്തേയ്ക്കുള്ള വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള വെള്ളം മാത്രമേ ഡാമിലുണ്ടായിരുന്നുള്ളൂ. ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടിവരുമെന്ന ഖേദകരമായ ഒരു അവസ്ഥയിലാണിത് എത്തിയത്. പക്ഷേ മഴ പെയ്തതുകൊണ്ട് അത്തരമൊരു സാഹചര്യം ഒഴിവായി. പുറത്തുനിന്നും വൈദ്യുതി വാങ്ങേണ്ടി വന്നാൽ അത് കൊണ്ടുവരാൻ വൈദ്യുതി ലൈനില്ലെന്ന പ്രശ്നമുണ്ടായിരുന്നു. കൂടംകുളം പദ്ധതി പൂർത്തിയായതിനാൽ അതുപയോഗിച്ച് വൈദ്യുതി വാങ്ങി ഇവിടേയ്ക്ക് കൊണ്ടുവരാനും കഴിയും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉപേക്ഷിച്ച കൂടംകുളം പദ്ധതി ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണിച്ച കാര്യക്ഷമമായ ഇടപെടലുംകൊണ്ടാണ് നടപ്പിലായത് എന്ന കാര്യം ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്ത് നടന്ന ഏറ്റവും വലിയ ക്രമക്കേടിന്റെയും അഴിമതിയുടെയും ചിത്രമാണ് ഈ ചോദ്യത്തിലൂടെ വ്യക്തമാകുന്നത്. ട്രാൻസ്ഗ്രിഡ് പദ്ധതി വേണ്ടെന്ന് ആരും ഇവിടെ പറഞ്ഞില്ല. ഈ പദ്ധതിയിലെ അഴിമതിയെയും ക്രമക്കേടിനെയുമാണ് ഞങ്ങൾ എതിർക്കുന്നത്. ഇത് വളരെ ശാസ്ത്രീയമായി നടത്തിയ അഴിമതിയാണ്. ഒരു ത്രികക്ഷി കരാറിലൂടെയുണ്ടാക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ഈ നടപടിയുമായി മുന്നോട്ടുപോയത്. പവർ ഡിപ്പാർട്ടുമെന്റ്, കിഫ്ബി, ഇലക്ട്രിസിറ്റി ബോർഡ് എന്നിവരടങ്ങിയ ത്രികക്ഷി കരാർ മന്ത്രിസഭയെത്തന്നെ

തെറ്റിദ്ധരിപ്പിക്കുകയാണ്. ഇതിൽ പറയുന്നത് "The FIRST PART shall execute the project through a Contractor selected through a competitive process following the rules and regulations prescribed in this regard by the Government of Kerala or Government of India, as applicable" എന്നാണ്. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. എം. എബ്രഹാമിന്റെ ഉത്തരവ് ബാധകമല്ലെന്നു പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഇത് ഉത്തരവാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്; കഴിഞ്ഞ കാലഘട്ടങ്ങളിൽ മാറിമാറി വന്ന ഗവൺമെന്റുകൾ എസ്റ്റിമേറ്റിന് over and above ആയി കൂടുതൽ തുക അനുവദിച്ച സാഹചര്യത്തിലാണ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. എം. എബ്രഹാം 22-6-2017-ലെ ഉത്തരവിലൂടെ 10 ശതമാനത്തിൽ കൂടുതൽ ടെണ്ടർ എക്സസ് വന്നാൽ വീണ്ടും എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കണം, ഇല്ലെങ്കിൽ റീ-ടെണ്ടർ ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നത്. ഇത് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. എം. എബ്രഹാം ഇറക്കിയ സർക്കുലറാണ്. (ഉത്തരവിന്റെ പകർപ്പ് ഉയർത്തിക്കാട്ടി.) അന്നുവരെയുള്ള ക്രമക്കേടുകൾ അവസാനിപ്പിക്കാൻവേണ്ടി ചെയ്ത കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, ഇത് ഞങ്ങൾക്ക് ബാധകമല്ല, ഞങ്ങൾക്ക് വേറെ നിയമമാണെന്നാണ്. നിങ്ങൾക്ക് ഏത് നിയമമാണ് ബാധകം? സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമം ഇലക്ട്രിസിറ്റി ബോർഡിനും ബാധകമാണ്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ എക്സ്ലോർബിറ്റന്റായി ടെണ്ടറുണ്ടാക്കുകയും പ്രീ-ക്വാളിഫിക്കേഷനിലൂടെ മൂന്ന് കമ്പനികൾക്കു മാത്രമേ അപേക്ഷിക്കാനാവൂ എന്ന് വരുത്തിത്തീർക്കുകയുമായിരുന്നു. സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് ഇന്ത്യയിലെ ഭീമൻ കുത്തക കമ്പനിയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻപോലും എതിർത്തുകൊണ്ടിരിക്കുന്ന സ്റ്റെർലൈറ്റ് കമ്പനി, എൽ & റ്റി ഇന്ത്യ ലിമിറ്റഡ് ഉൾപ്പെടെയുള്ള മൂന്ന് കമ്പനികൾക്കുവേണ്ടി പ്രീ-ക്വാളിഫിക്കേഷൻ കൊടുത്തു. (.......ബഹളം.......)

മി. സ്പീക്കർ: അങ്ങേയ്ക്ക് ഈ വിഷയത്തിൽ എന്തെങ്കിലും ആരോപണം ഉന്നയിക്കാനുണ്ടെങ്കിൽ എഴുതിത്തന്നിട്ട് ഉന്നയിക്കാം. ദയവായി ചോദ്യോത്തരവേള ആക്ഷേപങ്ങളും വിമർശനങ്ങളും ആരോപണങ്ങളും ഉന്നയിക്കാനുള്ള വേദിയാക്കരുത്. ചോദ്യോത്തരവേള ചോദ്യം ചോദിക്കാനുള്ളതാണ്. അങ്ങ് ചോദ്യം ചോദിക്കൂ. ഈ വിഷയത്തിൽ അങ്ങയുടെ സ്പെസിഫിക്കായ ചോദ്യം ചോദിക്കൂ. (...ബഹളം...)

(യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസിന് സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്നെ ചോദിക്കാൻ അനുവദിക്കണ്ടേ?

മി. സ്പീക്കർ: അങ്ങ് സ്റ്റേറ്റ്മെന്റ് നടത്തുന്നു, പ്രസംഗിക്കുന്നു, ആരോപണങ്ങൾ ഉന്നയിക്കുന്നു. സ്പെസിഫിക്കായ ചോദ്യം ചോദിക്കു. (....ബഹളം....) നിങ്ങൾ പോയി സീറ്റിലിരിക്കു. നിങ്ങൾ എന്തിനാണ് ബഹളമുണ്ടാക്കുന്നത്? അങ്ങ് ചോദിക്കു. (....ബഹളം....) നിങ്ങൾ പോയി സീറ്റിലിരിക്കു. ചോദ്യോത്തരവേളയിൽ ഉപചോദ്യങ്ങൾ ചോദിക്കുന്നത് ക്ലാരിറ്റിക്കുവേണ്ടിയാണ്. അല്ലാതെ പ്രസംഗം നടത്താനോ ആരോപണങ്ങൾ ഉന്നയിക്കാനോ സ്റ്റേറ്റ്മെന്റുകൾ നടത്താനോ അവകാശമില്ല. അങ്ങയുടെ സ്പെസിഫിക്കായ ചോദ്യം ചോദിക്കു. (.....ബഹളം.....) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ചോദ്യം ചോദിക്കാൻ നിങ്ങൾ സമ്മതിക്കില്ലേ? ഇതെന്താണ്? പ്രതിപക്ഷ നേതാവാണ് ചോദ്യം ചോദിക്കുന്നത്. നിങ്ങൾ ചെയ്യുന്നത് ശരിയാണോ? നിങ്ങളുടെ നേതാവാണ് ചോദ്യം ചോദിക്കുന്നത്. അത് തടസ്സപ്പെടുത്തുകയാണോ? ഇത് ശരിയല്ല. ചോദ്യോത്തരവേള ഇങ്ങനെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. അങ്ങയുടെ അനുയായികളാണ് തടസ്സപ്പെടുത്തുന്നത്. (....ബഹളം....) ഇത് വളരെ നിർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ചോദ്യമാണ്. ദയവായി സീറ്റിൽ പോയിരിക്കു. (....ബഹളം....) അങ്ങയുടെ അനുയായികളാണ് പ്രശ്നമുണ്ടാക്കുന്നത്. അവരോട് പോയി സീറ്റിലിരിക്കാൻ പറയൂ. (....ബഹളം....) നിങ്ങൾ പോയി സീറ്റിലിരിക്കു. എന്തിനാണ് ബഹളം വച്ചതെന്ന് എനിക്ക് മനസ്സിലായിട്ടില്ല. അങ്ങ് സ്പെസിഫിക്കായി ചോദ്യം ചോദിക്കു.

(യു.ഡി.എഫ്. അംഗങ്ങൾ സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി.)

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹളമുണ്ടാക്കിയത് എന്തിനാണെന്ന് അങ്ങേയ്ക്ക് മനസ്സിലായില്ലെന്നുപറഞ്ഞതിൽ എനിക്ക് ഖേദമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അര മണിക്കൂറോളം പ്രസംഗിച്ചു. അങ്ങ് മിണ്ടിയില്ലല്ലോ? (.......ബഹളം.......)

മി. സ്പീക്കർ: ചോദ്യത്തിന്റെ ഉത്തരം ബഹുമാനപ്പെട്ട മന്ത്രിക്ക് പറയണ്ടേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, മന്ത്രി പറയുമ്പോൾ അങ്ങ് മിണ്ടിയില്ലല്ലോ. ഞാൻ ഈ സബ്ജക്ടിൽ നിന്നുകൊണ്ടുതന്നെയാണ് പറഞ്ഞത്. ഇത് അഡീഷണൽ ചീഫ് സെക്രട്ടറിയായ ശ്രീ. കെ. എം. എബ്രഹാമിന്റെ ഉത്തരവുകളാണ്. അതോടൊപ്പംതന്നെ ട്രൈ പാർട്ടി എഗ്രിമെന്റിന്റെ ക്ലോസിൽ

സംസ്ഥാനത്തിലെയും കേന്ദ്രത്തിലെയും എല്ലാ നിയമങ്ങളും ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോൺട്രാക്ടുകൾക്ക് ബാധകമാണെന്ന് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നു അത് ബാധകമല്ലെന്ന്.

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. കേരളചരിത്രത്തിൽ ഇതുപോലൊരു ക്രമക്കേടും അഴിമതിയും ഉണ്ടായിട്ടില്ല.

മി. സ്പീക്കർ: അങ്ങ് വീണ്ടും സ്റ്റേറ്റ്മെന്റ് നടത്തുകയാണ്. അങ്ങ് വ്യക്തത വരുത്തേണ്ട ചോദ്യം ചോദിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ്, എൽ & റ്റി ഇന്ത്യ ലിമിറ്റഡ് പോലെയുള്ള കമ്പനികൾക്കുവേണ്ടി നടത്തിയിട്ടുള്ള ഒരു വൻ അഴിമതിയാണിത്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത് ഈ ഉത്തരവ് ബാധകമാണോ അല്ലയോ എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ. അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയട്ടെ.

ശ്രീ. എം. എം. മണി: സർ, ശ്രീ. കെ. എം. എബ്രഹാമിന്റെ ഉത്തരവ് എന്നുപറയുന്നത് പാലാരിവട്ടം പാലം നിർമ്മാണത്തിൽ വന്നതുപോലെയുള്ള പ്രശ്നത്തിനാണ്. അല്ലാതെ കെ.എസ്.ഇ.ബി.എൽ.-നുവേണ്ടിയുള്ളതല്ല. (.......ബഹളം.......)

മി. സ്പീക്കർ: നിങ്ങൾ കേൾക്കൂ, അദ്ദേഹം പറയട്ടെ. പറയുന്നത് കേൾക്കാനുള്ള ക്ഷമ കാണിക്കൂ.

ശ്രീ. എം. എം. മണി: സർ, ഒരു കാര്യം ഉറപ്പാണ്. കെ.എസ്.ഇ.ബി.എൽ.-ന് ബാധകമായ ഉത്തരവ് ചീഫ് സെക്രട്ടറി തന്നാൽ അത് പാലിക്കാനുള്ള ബാധ്യത ഞങ്ങൾക്കുണ്ട്. പക്ഷേ കെ.എസ്.ഇ.ബി.എൽ.-ന് ബാധകമായ ഒന്നും ശ്രീ. കെ. എം. എബ്രഹാമിന്റെ ഉത്തരവിലില്ല. ഓർഡർ തന്നിട്ടില്ല. പിന്നെ പാലിക്കാനുള്ള ബാധ്യത ഞങ്ങൾക്കെന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിന്റെ ജാള്യത മറയ്ക്കാൻ ശ്രമിക്കാതെ അഴിമതിയുണ്ടെങ്കിൽ ഉത്തരവാദിത്വപൂർവ്വം, ആണത്തത്തോടുകൂടി രേഖാമൂലം ഉന്നയിക്കണം. അതാണ് ചെയ്യേണ്ടത്. അല്ലാതെ ആളെ കൂകിയിരുത്തുന്ന പണിയൊന്നും ഞങ്ങളോട് നടക്കില്ല. അങ്ങ് ഉന്നയിച്ചത് രേഖാമൂലം എഴുതിത്തന്നാൽ അന്വേഷിക്കാം. (.......ബഹളം.......)

<u>മി. സ്പീക്കർ</u>: നിങ്ങൾ ഇരിക്കൂ. ശ്രീ. പി. കെ. ബഷീർ, ശ്രീ. പി. ഉബൈദുള്ള നിങ്ങൾ ഇരിക്കൂ.

<u>ശ്രീ. പി. വി. അൻവർ</u>: സർ, കഴിഞ്ഞുപോയ രണ്ട് വർഷങ്ങളിൽ പ്രളയം ഏറ്റവും കൂടുതൽ കെടുതിയുണ്ടാക്കിയ സംസ്ഥാനമാണ് കേരളം. അതിൽ ഏറ്റവും കൂടുതൽ ദുരിതമുണ്ടായത് നിലമ്പൂരിലാണ്. നിലമ്പൂരിലെ വൈദ്യുതി ലൈനുകൾ പരിപൂർണ്ണമായി തകർന്നു. ഇരുപത്തിയെട്ടോളം ട്രാൻസ്ഫോമറുകൾ മണ്ണിടിച്ചിലിൽ കാണാതെയായി. ബഹുമാനപ്പെട്ട മന്ത്രിയുമായി ബന്ധപ്പെട്ടപ്പോൾ മുപ്പത് ട്രാൻസ്ഫോമറുകൾ ആ ആഴ്ചതന്നെ നിലമ്പൂരിലേയ്ക്ക് അയച്ചുതന്നു. അതിന് അദ്ദേഹത്തെ ആദ്യമായി ഞാൻ അഭിനന്ദിക്കുകയാണ്.

നിലമ്പൂരിലെ ആഢ്യൻപാറ പദ്ധതി ബഹുമാനപ്പെട്ട മന്ത്രി സന്ദർശിച്ചതാണ്. ഈ വർഷം മണ്ണിടിഞ്ഞതുകൊണ്ട് അവിടെ പ്രസരണത്തിൽ ചില പ്രയാസങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ട് ആ പ്രൊഡക്ഷൻ സെന്ററിൽ പ്രൊട്ടക്ഷൻ വാൾ ഏർപ്പാടാക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. അതിനുവേണ്ടി എന്തെങ്കിലും നടപടി അങ്ങ് സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. എം. എം. മണി</u>: സർ, ആഢ്യൻപാറ പദ്ധതിയുടെ കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി അനുസരിച്ച് ആഭ്യന്തരോല്പാദനം 30% മാത്രമാണ്. 70% വൈദ്യുതി മറ്റ് മേഖലയിൽനിന്നും വാങ്ങുകയാണ്. പ്രസരണനഷ്ടമില്ലാതെ വൈദ്യുതി വാങ്ങാൻ കഴിയുമെന്ന് അങ്ങിവിടെ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ 5,000 കോടി രൂപയുടെ കിഫ്ബി വർക്കിനെക്കാൾ ലാഭം പ്രസരണനഷ്ടമില്ലാതെ 70% വൈദ്യുതി വാങ്ങുന്നതല്ലേ; ഇത് രണ്ടും ടാലി ചെയ്ത് ലാഭം ഏതാണെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. എം. എം. മണി</u>: സർ, നൂറുശതമാനം വൈദ്യുതിയും ഇവിടെ ഉല്പാദിപ്പിക്കണം, സമൂഹത്തിന്റെ ആവശ്യം നിറവേറ്റണമെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ അത് വാങ്ങാൻ എന്താണ് മാർഗ്ഗമെന്നുള്ളതാണ് പ്രശ്നം. 30% വൈദ്യുതോല്പാദനം മാത്രമാണ് ഇവിടെയുള്ളത്. 70% വിവിധ കരാറുകൾപ്രകാരം വാങ്ങണം. അങ്ങനെ വാങ്ങിക്കൊണ്ടുവരുന്ന വൈദ്യുതിയുടെ നൂറുശതമാനവും ജനങ്ങളിലെത്തണമെങ്കിൽ വിതരണരംഗം സുതാര്യമാകണം. എല്ലാ ജനവിഭാഗങ്ങൾക്കും ഗുണനിലവാരമുള്ള വൈദ്യുതി തടസ്സമില്ലാതെ എത്തിക്കാൻ കഴിയണം. അതിന് പരമ്പരാഗത വിതരണ സമ്പ്രദായംകൊണ്ട് കഴിയില്ല. അതുകൊണ്ടാണ് ഈ രംഗത്ത് 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. പതിനായിരം കോടി രൂപയും അതിന്റെ

പലിശയും നോക്കി കാര്യങ്ങൾ തീരുമാനിച്ചാൽ വൈദ്യുതിയുടെ സാമൂഹികാവശ്യം നിറവേറ്റാൻ കഴിയാതെ വരും, സംസ്ഥാനം വലിയ പ്രതിസന്ധിയിൽ എത്തുമെന്നാണ് കരുതുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഇന്നൊവേഷനും സാധ്യതയും സംബന്ധിച്ച് വേണ്ടത്ര ധാരണ സഭയ്ക്കില്ല എന്നാണ് ഇവിടത്തെ ചർച്ചയിൽ നിന്ന് വ്യക്തമാകുന്നത്. നമുക്ക് പുറത്തുനിന്ന് വൈദ്യുതി വാങ്ങിയേ മതിയാകൂ. ട്രാൻസ്മിഷനുവേണ്ടി ലൈനുകളുണ്ടാകും. 2000 കെ.വി. ഡി.സി. മാടക്കത്തറ വരെ എത്തിക്കാം. അവിടെനിന്ന് കേരളത്തിലെ മറ്റ് സ്ഥലങ്ങളിലെത്തിക്കണമെങ്കിൽ 400 കെ.വി. ലൈൻ വേണം. എന്നാൽ അതിനുവേണ്ടി ഇത്രയും നീളത്തിൽ ഭൂമി ഏറ്റെടുക്കുക അസാദ്ധ്യമാണ്. അതുകൊണ്ട് അതിന്റെ പണിയും നടന്നിരുന്നില്ല. എന്നാൽ ഇപ്പോൾ ട്രാൻസ്ഗ്രിഡ് പദ്ധതി ലക്ഷ്യമിടുന്നത് നിലവിലുള്ള 220 കെ.വി.-യുടെ മുകളിലൂടെ 400 കെ.വി. ലൈൻ വലിക്കുന്നതിനുള്ള ഇന്നൊവേഷനാണ്. അങ്ങനെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവിൽ 5,000 കോടിയോളം രൂപയുടെ ലാഭമുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, ഇതിന്റെ ഇന്നൊവേറ്റീവ് സ്വഭാവംമൂലം കേന്ദ്രസർക്കാർ 400 കോടി രൂപ ഗ്രാന്റായി തന്നിരിക്കുകയാണ്. ഇങ്ങനെയുള്ള ഒരു പദ്ധതിയുടെ അധിക ചെലവും കാര്യങ്ങളും സംബന്ധിച്ചാണ് ഇന്നിവിടെ വിവാദമുണ്ടാക്കുന്നത്.

## വിനോദസഞ്ചാര മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

3(*32) ശ്രീ. യു. ആർ. പ്രദീപ്;
ശ്രീ. പുരുഷൻ കടലുണ്ടി;
ശ്രീ. ഒ. ആർ. കേളു;
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യക്ഷമായും പരോക്ഷമായും പതിനഞ്ച് ലക്ഷത്തോളംപേർ തൊഴിലിനായി ആശ്രയിക്കുന്ന വിനോദസഞ്ചാര മേഖലയിൽ സംരംഭകരായും വിവിധ സേവനങ്ങൾ നൽകുന്നവരായും സ്ത്രീകൾക്കുകൂടി പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉത്തരവാദിത്ത ടൂറിസം മിഷൻ ആവിഷ്കരിച്ചിട്ടുള്ള 'എക്സ്പീരിയൻസ് എത്നിക് കുസിൻ' പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ;

(സി) വിനോദസഞ്ചാര വികസനത്തിന്റെ സദ്ഫലങ്ങൾ സമ്പന്നരിൽ

കേന്ദ്രീകരിക്കാതെ പ്രദേശവാസികളിലേയ്ക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ;

(ഡി) വിനോദസഞ്ചാര വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) സംസ്ഥാന ടൂറിസം മേഖലയിലും സംരംഭ മേഖലയിലുമടക്കം വിവിധ സേവനങ്ങൾ നൽകുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർ.ടി. മിഷൻ), കുടുംബശ്രീ മിഷൻ എന്നിവ മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

സംസ്ഥാന വിനോദസഞ്ചാര വകുപ്പിനുകീഴിൽ 2017 ജൂൺ മാസത്തിൽ രൂപീകൃതമായ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് വിനോദസഞ്ചാര മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട സാധാരണക്കാരായ സ്ത്രീകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുക എന്നുള്ളത്. ഇതിനായി പേപ്പർ ബാഗുകൾ, തുണി സഞ്ചികൾ, വിവിധ തരത്തിലുള്ള കരകൗശല വസ്തുക്കൾ, മുള, ഈറ എന്നിവ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ എന്നിങ്ങനെ പ്രത്യക്ഷമായോ പരോക്ഷമായോ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെടുത്താവുന്ന വിവിധ ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനുള്ള പരിശീലനങ്ങൾ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുവേണ്ട അടിസ്ഥാന പരിശീലനങ്ങൾ, കമ്മ്യൂണിറ്റി ടൂർ ലീഡറായി പ്രവർത്തിക്കുന്നതിനുള്ള പരിശീലനം എന്നിവ ലഭിച്ചവരെ ആർ.ടി. മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തുകൊണ്ട് ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി വരുമാനം ലഭ്യമാക്കാൻവേണ്ട പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. അതോടൊപ്പംതന്നെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്താവുന്ന തിരുവാതിരക്കളി, നാടൻപാട്ട് എന്നിങ്ങനെയുള്ള വിവിധ കലാപ്രവർത്തകർ, ഗ്രാമീണ ഭക്ഷണമുണ്ടാക്കി നൽകുന്നവർ തുടങ്ങിയവരെ കണ്ടെത്തുകയും അവർക്കുവേണ്ട അടിസ്ഥാന പരിശീലനങ്ങൾ നൽകി ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് അധിക വരുമാനം ഉറപ്പാക്കുകയും ചെയ്യുന്നു. നിലവിൽ 14 ജില്ലകളിലായി വിവിധ തരത്തിലുള്ള 16345 യൂണിറ്റുകൾ ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 13567 (83%) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്. മിഷൻ പ്രവർത്തനം ആരംഭിച്ചതിനുശേഷം 2017 ആഗസ്റ്റ് മാസം മുതൽ 2019 സെപ്റ്റംബർ വരെ 14.65 കോടി രൂപയുടെ വരുമാനം ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള

യൂണിറ്റുകൾക്കുണ്ടായിട്ടുണ്ട്. ഇതിൽ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ ഗ്രൂപ്പുകൾക്ക് ഏതാണ്ട് 11 കോടിയോളം രൂപയുടെ വരുമാനമുണ്ടായിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ പദ്ധതിയുടെ നടത്തിപ്പ് കുടുംബശ്രീ മിഷൻ വോളന്റിയർമാർ മുഖേനയാണ് 14 ജില്ലകളിലും നടന്നുവരുന്നത്. കൂടാതെ വിവിധ ഡെസ്റ്റിനേഷനുകളിലെ ടൂറിസം സ്റ്റാളുകളും മറ്റും കുടുംബശ്രീ മിഷൻ മുഖേന സ്ത്രീകളുടെ ചുമതലയിലാണ് നടത്തുന്നത്.

(ബി) കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉറപ്പുവരുത്തുന്നതിനുമായി ആർ.ടി. മിഷൻ ആരംഭിച്ചിരിക്കുന്ന പുതിയ പദ്ധതിയാണ് 'എക്സ്പീരിയൻസ് എത്നിക് കുസിൻ'. കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 2012 അപേക്ഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്കുള്ള പരിശീലനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കോഴിക്കോട് ജില്ലകളിൽ പരിശീലനം പൂർത്തിയായി. മറ്റു ജില്ലകളിലെ പരിശീലനങ്ങൾ നവംബർ 30-നകം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ടൂറിസം മേഖലയുടെ ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുക, ഗുണഫലങ്ങൾ പരമാവധി പ്രദേശവാസികൾക്ക് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ സർക്കാർ സംസ്ഥാന ടൂറിസം വകുപ്പിനുകീഴിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചത്. ടൂറിസത്തെ ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയാക്കി മാറ്റുകയെന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം.

വിവിധ സംരംഭകരുടെ സഹകരണത്തോടെ പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുന്നതിലൂടെ തദ്ദേശീയ സമൂഹത്തെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തുകയാണ് ആർ.ടി. മിഷൻ ചെയ്യുന്നത്.

എക്സ്പീരിയൻഷ്യൽ ടൂറിസം എന്നതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രധാന ആകർഷണം. കേരളത്തിലെ തനത് ഗ്രാമീണാന്തരീക്ഷം, ജീവിത രീതികൾ, ദൈനംദിന തൊഴിലുകൾ, പ്രാദേശികമായ കലാരൂപങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്ന വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് നടത്തിവരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ

വഴി പ്രാദേശിക സമൂഹത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവാദിത്വപൂർണ്ണമായ ഒരു ടൂറിസം സംസ്കാരം കേരളത്തിൽ വളർത്തിയെടുക്കാൻ സാധിക്കുന്നുണ്ട്. മിഷന്റെ പ്രധാനപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- അവബോധ ശില്പശാലകൾ
- പരിശീലനങ്ങൾ
- യൂണിറ്റുകൾ രൂപീകരണവും അവയുടെ നെറ്റ്‌വർക്കിംഗും
- പ്രാദേശിക ടൂർ പാക്കേജുകൾ
- 'പെപ്പർ' പദ്ധതി
- പ്രദേശത്തെ ടൂറിസം സാധ്യതകൾ, പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യാനായി വിശേഷാൽ ഗ്രാമ സഭകൾ
- വിനോദസഞ്ചാര വിഭവ ഭൂപടം തയ്യാറാക്കൽ
- ഉത്സവകാല ടൂറിസം പദ്ധതികൾ
- ടൂറിസം മേഖലയിൽ പാരിസ്ഥിതിക പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ
- കേരള സംസ്കാരത്തിന്റെ ഭാഗമായ നാടൻ കലാരൂപങ്ങൾ, കൈത്തൊഴിലുകൾ, കരകൗശല നിർമ്മാണ പ്രവർത്തനങ്ങൾ, നാടൻ ഭക്ഷണ വിഭവങ്ങൾ എന്നിവ ടൂറിസത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

പ്രാദേശിക തലത്തിലും ദേശീയ/അന്തർദേശീയ തലത്തിലും ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടുകയും അവയ്ക്ക് നിരവധി അംഗീകാരങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വൃത്തിയും ശുചിത്വവുമുള്ള പരിസരം, അന്തർദ്ദേശീയ നിലവാരത്തിലുള്ള ടോയ്‌ലെറ്റുകൾ, ശുദ്ധജല ലഭ്യത, ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക സജ്ജീകരണങ്ങൾ, മാലിന്യനിർമാർജ്ജനത്തിനുള്ള പദ്ധതികൾ, പാർക്കുകൾ, ടോയ്‌ലെറ്റ്, കോംപ്ലക്സുകൾ, കഫറ്റീരിയ, മനോഹരമായ നടപ്പാതകൾ, ഫെസിലിറ്റേഷൻ സെന്റർ, കുട്ടികളുടെ പാർക്ക്, വിശ്രമസ്ഥലങ്ങൾ, വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സൗന്ദര്യവൽക്കരണം, ടൂറിസം കേന്ദ്രവുമായി ബന്ധപ്പെട്ട ലാസ്റ്റ് മൈൽ കണക്ടിവിറ്റി റോഡുകളുടെ നവീകരണം എന്നിവ നടപ്പിലാക്കിവരുന്നു. സാഹസിക വിനോദ സഞ്ചാരികളെ

ആകർഷിക്കുന്നതിനായി അഡ്വഞ്ചർ ടൂറിസം പദ്ധതി, കായൽ ടൂറിസം, വികസനത്തിനായുള്ള ബോട്ടുകൾ, കയാക്കിംഗ് സൗകര്യം, മറ്റ് ജലവിനോദ സൗകര്യങ്ങൾ എന്നിവയും ആവിഷ്കരിച്ചുവരുന്നു. ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള "ബാരിയർ ഫ്രീ ടൂറിസം പദ്ധതി" നടപ്പിലാക്കി വരികയാണ്. ടൂറിസ്റ്റുകളുടെ സുരക്ഷിതത്വത്തിനായുള്ള വിവിധ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പത്തിന അജണ്ടയിൽ അധിഷ്ഠിതമായ "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 520-ഓളം പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

ഇതുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി ടൂറിസം വകുപ്പ് വിവിധ മേഖലകളിൽ, ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ആലപ്പുഴ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- "ഗ്രീൻ കാർപ്പറ്റ് സ്കീം"
- കൊല്ലം ജില്ലയിലെ ജഡായു പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുംമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ

- ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്രവികസന പദ്ധതി
- തലശ്ശേരി പൈതൃക പദ്ധതിക്കായി മാസ്റ്റർപ്ലാൻ.

ശ്രീ. യു. ആർ. പ്രദീപ്: സർ, കേരളത്തിൽ രണ്ട് പ്രളയങ്ങളുണ്ടായപ്പോൾ ടൂറിസം രംഗം തകർന്നുപോയി എന്നാണ് പലരും പറഞ്ഞത്. എന്നാൽ അതിനെയെല്ലാം മറികടന്ന് കേരള സർക്കാരും ബഹുമാനപ്പെട്ട മന്ത്രിയും നല്ല മുന്നേറ്റമാണ് ആ രംഗത്തുണ്ടാക്കിയത്. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. തിരുവനന്തപുരത്തെ ബാലരാമപുരം കൈത്തറി മുണ്ടുപോലെ വളരെ പേരുകേട്ട ഒരു കൈത്തറി മുണ്ടാണ് എന്റെ മണ്ഡലത്തിലെ കുത്താമ്പുള്ളി കൈത്തറി മുണ്ടും സാരിയും. അവിടെ വനിതകളടങ്ങുന്ന നിരവധി ചെറിയ യൂണിറ്റുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അവർക്ക് വേണ്ടത്ര മാർക്കറ്റിംഗ് ഇല്ലാത്തതുകൊണ്ട് അവരെ സഹായിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. അതിനെ ഉത്തരവാദിത്ത ടൂറിസത്തിൽ ഉൾപ്പെടുത്തി അവർക്ക് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനമുണ്ടാക്കിക്കൊടുക്കാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അത് പരിശോധിച്ച് നടപ്പിലാക്കാവുന്നതാണ്.

ശ്രീ. യു. ആർ. പ്രദീപ്: സർ, തൃശ്ശൂർ ജില്ലയിലെ കേരള കലാമണ്ഡലം, സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, നിരവധി സാംസ്കാരിക നായകന്മാരുടെ പേരുള്ള സാംസ്കാരിക മന്ദിരങ്ങൾ എന്നിവയെ ഉൾപ്പെടുത്തി ടൂറിസം പാക്കേജ് കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇക്കാര്യം ആലോചിച്ചിട്ടില്ല. ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ടൂറിസം മേഖലയെ ഉണർവ്വിലെത്തിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മന്ത്രിയെയും അഭിനന്ദിക്കുകയാണ്. വിനോദ സഞ്ചാരത്തിനെത്തുന്നവർക്ക് സ്വാദിഷ്ട ഭക്ഷണം, ഹോംസ്റ്റേ തുടങ്ങിയവ ഏർപ്പെടുത്തുന്നതുവഴി തദ്ദേശവാസികൾക്കും നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാലുശ്ശേരി മണ്ഡലത്തിൽ രണ്ട് ടൂറിസം കേന്ദ്രങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം തുടങ്ങിയതേയുള്ളൂ. അവിടെ സഞ്ചാരികൾ എത്തിത്തുടങ്ങിയപ്പോൾ മോരുപോലുള്ള ചെറിയചെറിയ ഉല്പന്നങ്ങളൊക്കെ വിൽക്കുന്ന തദ്ദേശവാസികൾക്ക് വലിയ നേട്ടമുണ്ടാക്കാൻ കഴിയുന്നുണ്ട്.

മി. സ്പീക്കർ: മോര് വിൽക്കുമ്പോൾ വലിയ സംഖ്യ കിട്ടുന്നുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വലിയ സംഖ്യ കിട്ടുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം വിശദമാക്കാമോ; അതിൽ വനിതാ സൊസൈറ്റികൾക്ക് സാധ്യത ഉണ്ടോയെന്നുകൂടി വിശദമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക സമൂഹത്തിന് ലഭ്യമാക്കുക, ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുക തുടങ്ങിയവയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. 2008-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അംഗമായ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് ഈ മിഷനുവേണ്ടിയുള്ള പ്രവർത്തനം ആരംഭിക്കുന്നത്. 2017-ൽ പിണറായി സർക്കാരിന്റെ കാലത്ത് മിഷൻ രൂപീകരിച്ച് പ്രവർത്തനം സംസ്ഥാന വ്യാപകമാക്കി. 16345 യൂണിറ്റുകളാണ് ഇപ്പോൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നത്. ഇതിലൂടെ 30549 പേർക്ക് നേരിട്ടും 59763 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നുവെന്നാണ് കണക്ക്. കഴിഞ്ഞ സാമ്പത്തികവർഷം 14.65 കോടി രൂപയുടെ വരുമാനമുണ്ടാക്കാനേ സാധിച്ചിട്ടുള്ളൂ. പൊതുവെ നല്ലനിലയിൽ പ്രവർത്തിക്കുന്ന മിഷന് ദേശീയവും സാർവ്വദേശീയവുമായ നിരവധി അംഗീകാരങ്ങൾ ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗ്രാമീണ ടൂർ പാക്കേജുകൾ നടത്തിവരുന്നു. യൂണിറ്റുകൾ നെറ്റ്‌വർക്ക് ചെയ്യുന്നതിനായി മൂന്ന് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ തയ്യാറാക്കിയതിലൂടെയാണ് അവർക്ക് തൊഴിലും വരുമാനവും ലഭിക്കുന്നത്. അതുപോലെ ഭിന്നശേഷി സൗഹൃദ ടൂറിസം പ്രവർത്തനങ്ങളെയും പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങളെയും ആർ.ടി. മിഷൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ പരിസ്ഥിതി സൗഹൃദമാക്കി മാറ്റുന്നുണ്ട്. അതിന്റെ ഭാഗമായി തുണിസഞ്ചി, പേപ്പർ ബാഗുകൾ, വിവിധതരത്തിലുള്ള കരകൗശല വസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണത്തിന് സ്ത്രീകളെ പരിശീലിപ്പിക്കുകയാണ്. സ്ത്രീശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാമുഖ്യം കൊടുക്കുന്നത്. ഓണക്കാലത്ത് ആർ.ടി. മിഷൻ കേരളത്തിലെ തനത് ഭക്ഷണം ആസ്വദിക്കാനായി "നാട്ടിൻപുറങ്ങളിൽ ഓണം ഉണ്ണാം" എന്നൊരു പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമീണ ഭക്ഷണരീതി ആസ്വദിക്കാൻ പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു. സ്ത്രീകളുടെ പങ്കാളിത്തം വളരെ കൂടുതലാണ്. 83% യൂണിറ്റുകളും സ്ത്രീകൾ തന്നെയാണ് നടത്തുന്നത്. വരുമാനത്തിന്റെ 80 ശതമാനവും സ്ത്രീകൾക്ക് ലഭിക്കുന്ന വലിയ പദ്ധതിയാണത്. കലാരംഗത്ത് താല്പര്യമുള്ള സ്ത്രീകൾക്ക് വിനോദസഞ്ചാരികളുടെ മുമ്പിൽ നാടൻകലകൾ അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നുണ്ട്. സ്ത്രീകൾ നടത്തുന്ന വിവിധ യൂണിറ്റുകൾവഴി നാടൻ ഭക്ഷണം വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ, ഓല മെടയൽ, കയർ പിരിക്കൽ തുടങ്ങിയ ഗ്രാമീണ തൊഴിലുകൾ ആസ്വദിക്കാനുള്ള അവസരവും ഒരുക്കുന്നുണ്ട്. ഇതിലൂടെ സ്ത്രീകൾക്ക് തൊഴിലും വരുമാനവും

ലഭിക്കുന്നുണ്ട്. ഉപഭോക്താവും ഉല്പാദകനും തമ്മിൽ നേരിട്ട് ബന്ധപ്പെടാനുള്ള അവസരമൊരുക്കുന്നതിലൂടെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനും സാധിക്കുന്നുണ്ട്. അങ്ങനെ ഒരു മഹത്തായ യജ്ഞമാണ് ആർ.ടി. മിഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി കഴിഞ്ഞവർഷം ദേശീയ/സാർവ്വദേശീയാടിസ്ഥാനത്തിൽ നിരവധി പുരസ്കാരങ്ങൾ നേടാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. ഒ. ആർ. കേളു: സർ, രാത്രിയാത്രാ നിരോധനവും തുടർച്ചയായുണ്ടായ പ്രകൃതിദുരന്തവും വയനാട്ടിലെ ടൂറിസം മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ വയനാട് ജില്ലയിലെ ജനങ്ങളുടെ ജീവിതസൂചിക പുറകോട്ട് പോയിരിക്കുകയാണ്. ഈ അവസരത്തിൽ വയനാട്ടിലെ ഉത്തരവാദിത്ത ടൂറിസം കൂടുതൽ പരിപോഷിപ്പിക്കാനുള്ള നടപടിയുണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വയനാട് ജില്ലയ്ക്ക് പ്രത്യേക പ്രാമുഖ്യം കൊടുത്തുകൊണ്ടാണ് ആർ.ടി. മിഷന്റെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കേരളത്തിലെ വിനോദസഞ്ചാര മേഖല സാമ്പത്തികരംഗത്ത് വലിയ മാറ്റമാണുണ്ടാക്കാൻ പോകുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ? എന്റെ മണ്ഡലത്തിലാണ് പ്രധാനപ്പെട്ട വിനോദസഞ്ചാര മേഖലയായ ബേക്കൽ കോട്ട സ്ഥിതി ചെയ്യുന്നത്. അവിടെ കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഒരുപാട് കാര്യങ്ങൾ ഗവൺമെന്റ് ചെയ്തു. എന്നാൽ അതൊക്കെ നടത്തിക്കൊണ്ടുപോകുന്നതിനുള്ള നടപടി പഴയതുപോലെ തുടരുന്നില്ലെന്ന ആക്ഷേപമുണ്ട്. അത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. ഇക്കാര്യം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; നോട്ട് നിരോധനവും ജി.എസ്.ടി.-യും ഈ മേഖലയെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്നും അതിന് പരിഹാരം കാണുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നുകൂടി വിശദീകരിക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആർ.ടി. മിഷന്റെ പ്രവർത്തനങ്ങൾക്കുപരിയായി വിവിധ പുതിയ പദ്ധതികൾ ടൂറിസം രംഗത്ത് നടപ്പിലാക്കുന്നുണ്ട്. ടൂറിസം വകുപ്പ് ആരംഭിച്ച 'ചാമ്പ്യൻസ് ബോട്ട് ലീഗ്' വലിയ തോതിലാണ് ജനങ്ങളെ ആകർഷിച്ചുവരുന്നത്. ഐ.പി.എൽ. (ഇൻഡ്യൻ പ്രീമിയം ലീഗ്) മാതൃകയിലുള്ളതാണ് ഈ വള്ളംകളി. 12 കേന്ദ്രങ്ങളിലായി 12 വള്ളംകളി മത്സരങ്ങൾ ലീഗ് അടിസ്ഥാനത്തിൽ നടന്നുവരികയാണ്. ഇപ്പോൾ

8 കേന്ദ്രങ്ങളിൽ അത് നടന്നുകഴിഞ്ഞു. ഏകദേശം 15 ലക്ഷത്തോളം ആളുകൾ വള്ളംകളി കണ്ടതായാണ് കണക്കാക്കുന്നത്. ആദ്യമായാണ് ഇത്തരമൊരു സംരംഭം നടപ്പിലാക്കുന്നത്. അതുപോലെ മുസരിസ്, തലശ്ശേരി, ആലപ്പുഴ തുടങ്ങിയ മൂന്ന് പുതിയ പൈതൃക സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. തിരുവനന്തപുരത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി പൈതൃക സ്മാരകങ്ങൾ സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)-യുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നുണ്ട്. അവിടെ ബേക്കൽ കൾച്ചറൽ സെന്റർ തുടങ്ങുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. ബേക്കലിലെ സൗത്ത് ബീച്ച് പാർക്കിന്റെ ഏഴ് ഏക്കർ സ്ഥലത്ത് അതിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഇവന്റ് ഡെസ്റ്റിനേഷനായി അത് പ്രവർത്തിപ്പിക്കാനും സന്ദർശകർക്കും വിനോദ സഞ്ചാരികൾക്കും നവ്യാനുഭവം നൽകാനുമുള്ള പദ്ധതികൾ അവസാനഘട്ടത്തിലാണ്. ഉത്തര മലബാറിൽ 'ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ' എന്നൊരു മെഗാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടക്കുകയാണ്. മലബാർ റിവർ ക്രൂയിസ് പദ്ധതിയും ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബി.ആർ.ഡി.സി.-യുടെ പ്രവർത്തനങ്ങൾ റിവ്യൂ നടത്തി കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, വിനോദസഞ്ചാര മേഖലയിൽ ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരുടെ ജോലിസ്ഥിരത, ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തതയുള്ള നയങ്ങൾ അനിവാര്യമാണ്. ഈ രംഗത്തെ സ്ത്രീകൾ ചൂഷണത്തിന് വിധേയമാകുന്നുണ്ട്. എന്റെ മണ്ഡലത്തിലെ കാക്കത്തുരുത്ത്, പെരുമ്പളം ദ്വീപുകൾ ടൂറിസത്തെ കൂടുതൽ ആകർഷിക്കുന്ന പ്രദേശങ്ങളാണ്. ഹൗസ്ബോട്ട് ടൂറിസം ലോകപ്രശസ്തമാണ്. അരൂർ മണ്ഡലത്തിന്റെ എല്ലാ മേഖലകളെയും ഇതുമായി ബന്ധിപ്പിക്കാൻ സാധിക്കും. അരൂർ മണ്ഡലത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് കായൽ ടൂറിസത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുകയും വനിതകൾക്ക് കൂടുതൽ തൊഴിലവസരം നൽകുകയും ചെയ്യുന്ന പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ആലപ്പുഴ ജില്ലയുടെ കാര്യം പരിശോധിക്കാം. കായൽ ടൂറിസമാണ് ആലപ്പുഴയുടെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം അട്രാക്ഷൻ. അത് അരൂരിൽ എങ്ങനെയാണ് സാദ്ധ്യമാക്കുക എന്നുള്ളത്

സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, വിനോദസഞ്ചാര മേഖലയിൽ കേരള ഗവൺമെന്റ് നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പ്രത്യേകിച്ച് തിരുവനന്തപുരത്തിന് ഇക്കാലയളവിൽ പ്രാധാന്യം ലഭിച്ചിട്ടുമുണ്ട്. ടൂറിസം മേഖലയിൽ ഗൈഡുകളുടെ അഭാവമുണ്ട്. പുതിയ ചെറുപ്പക്കാർക്ക് അവസരം ലഭിക്കുന്ന തരത്തിൽ പുതിയ ഗൈഡുകളെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പുതിയ ഗൈഡുകളെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയുള്ള വലിയ പ്രോജക്ടുകൾ തയ്യാറാക്കി ഘട്ടംഘട്ടമായി പുറത്തിറക്കിക്കൊണ്ടിരിക്കുകയാണ്. നിശ്ചയമായും പുതിയ ഗൈഡുകളെ ആവശ്യമാണ്; അതിനാവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട് ജില്ലയിൽ ഏതാണ്ട് പതിനെട്ടോളം ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. ഇവിടെ ശ്രീ. ഒ. ആർ. കേളു സൂചിപ്പിച്ചതുപോലെ തുടർച്ചയായുണ്ടായ പ്രളയക്കെടുതിയിൽ റോഡുകളും പാലങ്ങളുമൊക്കെ തകർന്നിട്ടുണ്ട്. ഇവയൊക്കെ സംയോജിപ്പിച്ചുകൊണ്ട് വയനാട് ജില്ലയ്ക്കുവേണ്ടി ടൂറിസം മേഖലയിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, വയനാട് ജില്ലയെക്കൂടി ഉൾപ്പെടുത്തിയാണ് 'തലശ്ശേരി പൈതൃക പദ്ധതി' ആവിഷ്കരിച്ചിരിക്കുന്നത്. ആ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി വയനാടിന്റെ ടൂറിസം സാദ്ധ്യതകളെ കുറെക്കൂടി ശക്തിപ്പെടുത്താൻ സാധിക്കും. വയനാടിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ടൂറിസം മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കി അവർക്ക് പുതിയ വരുമാന മാർഗ്ഗങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ആദ്യമേ അഭിനന്ദനവും നന്ദിയും അറിയിക്കുകയാണ്. ഭിന്നശേഷിക്കാരെ സംബന്ധിച്ചുള്ളതാണ് എന്റെ ചോദ്യം. ടൂറിസം മേഖല

ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിച്ചതിൽ ഒരുപാട് സന്തോഷമുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്ക് പ്രത്യേക പാർക്കിംഗ്, റാമ്പുകൾ, ശുചിമുറികൾ, ടൂറിസം കേന്ദ്രങ്ങളുടെ സ്വാഭാവമനുസരിച്ച് പ്രത്യേക ഇടങ്ങൾ എന്നിവ ആവശ്യമാണ്. ഈ പദ്ധതിയുടെ പുരോഗതി ഏത് ഘട്ടത്തിലാണ്; ആദ്യഘട്ടത്തിൽ അത് ഏതൊക്കെ കേന്ദ്രങ്ങളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 2021-ഓടെ സംസ്ഥാനത്തെ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമാക്കുക എന്ന ലക്ഷ്യമാണ് സർക്കാരിന്റെ മുന്നിലുള്ളത്. അതിന്റെ ഭാഗമായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ മൂന്ന് വർഷക്കാലമായി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി 120 കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കാൻ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തതിൽ 98 എണ്ണം പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കി മാറ്റിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച എല്ലാ അടിസ്ഥാന സൗകര്യങ്ങളും ആ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ടൂറിസം കേന്ദ്രങ്ങളുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. ഇതുകൂടാതെ ഭിന്നശേഷിയുള്ളവർക്കായി പ്രത്യേക ടൂറിസം പാക്കേജുകളും ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

മി.സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### കേരള ബാങ്ക് രൂപീകരണം

4 (*33) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം ആസ്ഥാനമായി ഏറ്റവും വലിയ ബാങ്കാകാൻ ശേഷിയുള്ള കേരള ബാങ്ക് എന്നത്തേയ്ക്ക് രൂപീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) റിസർവ് ബാങ്കും നബാർഡും മുന്നോട്ടുവച്ച എല്ലാ നിബന്ധനകളും അംഗീകരിച്ചാണോ കേരള ബാങ്കിന് അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ നിയമത്തിൽ എന്തൊക്കെ ഭേദഗതികളാണ് കേരള ബാങ്കിന്റെ രൂപീകരണത്തിന് വേണ്ടിവരുന്നത് എന്നറിയിക്കുമോ;

(ഡി) പ്രസ്തുത ബാങ്ക് നിലവിൽ വരുന്നതിന് എന്തൊക്കെ പ്രതിബന്ധങ്ങളുണ്ടെന്നും ആയത് എന്നത്തേയ്ക്ക് മറികടക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) റിസർവ് ബാങ്കിന്റെ അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയിൽ നിലവിലുള്ള സഹകരണ നിയമം 14A സംബന്ധിച്ച കേസുകളിലെ തീർപ്പിന് വിധേയമായി കേരള ബാങ്ക് സമയബന്ധിതമായി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 19 നിബന്ധനകൾക്ക് വിധേയമായാണ് റിസർവ് ബാങ്ക് കേരള ബാങ്കിന് തത്വത്തിലുള്ള അനുമതി നൽകിയിരുന്നത്. പ്രസ്തുത നിബന്ധനകളിൽ ലയനത്തിന് മുമ്പ് പാലിക്കേണ്ടവ പാലിച്ചാണ് അന്തിമ അനുമതിക്ക് അപേക്ഷിച്ചിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് റിസർവ് ബാങ്ക് അന്തിമ അനുമതി നൽകിയത്.

(സി) സഹകരണ നിയമത്തിൽ കേരള നിയമസഭ പാസ്സാക്കിയ 2019-ലെ 1-ാം ആക്ട് പ്രകാരമുള്ള ഭേദഗതികളാണ് കേരള ബാങ്കിന്റെ രൂപീകരണത്തിന് വേണ്ടിവരുന്നത്.

(ഡി) സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയുമായി ബന്ധപ്പെട്ട കേസുകളിൽ കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായി മാത്രമേ ലയനം നടപ്പിലാക്കാൻ സാധിക്കൂ. പ്രസ്തുത കേസുകൾ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്.

**കിഫ്ബിയിൽ സി. & എ.ജി. ഓഡിറ്റ്**

5 (*34) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. വി. ടി. ബൽറാം:

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സ്ഥാപനമായ കിഫ്ബിയിൽ സി.&എ.ജി.-യുടെ സമഗ്ര ഓഡിറ്റ് നടത്താനുള്ള അനുവാദം നൽകിക്കൊണ്ട് സി.&എ.ജി.-ക്ക് കത്ത് നൽകിയിട്ടുണ്ടോ;

(ബി) സർക്കാർ ഗ്രാന്റിന്റെയും സഞ്ചിത നിധിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ഗ്യാരണ്ടിയുടെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കിഫ്ബിയിൽ സി.&എ.ജി.-യുടെ സമഗ്ര ഓഡിറ്റ് നടത്താനുള്ള അനുവാദം നൽകാതിരിക്കുന്നതിന്റെ അടിസ്ഥാനം വിശദമാക്കാമോ;

(സി) സി.&എ.ജി. നിയമത്തിലെ 20(2) വകുപ്പ് പ്രകാരം ഓഡിറ്റ് നടത്താനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് സി.&എ.ജി. സംസ്ഥാന സർക്കാരിന് നിരവധി കത്തുകൾ നൽകിയിട്ടും സി.&എ.ജി. നിയമത്തിലെ 14 (1) പ്രകാരം സി.&എ.ജി.ക്ക് അധികാരമുണ്ടെന്ന് വരുത്തിത്തീർക്കാനുള്ള സർക്കാരിന്റെ ശ്രമം എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) CAG-DPC Act, 1971 (സി.&എ.ജി.-യുടെ കടമകളും അധികാരങ്ങളും സേവനങ്ങളുടെ വ്യവസ്ഥകളും സംബന്ധിക്കുന്ന ആക്ട്)-ലെ സെക്ഷൻ 14(1) പ്രകാരം കിഫ്ബി നിലവിൽ സി.&എ.ജി. ഓഡിറ്റിന് വിധേയമാണ്. ഇതിൻപ്രകാരം ഓഡിറ്റ് നടത്താവുന്നതാണെന്ന് സി.&എ.ജി.-യെ അറിയിക്കുകയും അതിൻപ്രകാരം ഓഡിറ്റ് നടക്കുകയും ചെയ്തിരുന്നു.

(ബി) സി.&എ.ജി.-യുടെ സമഗ്ര ഓഡിറ്റ് നടത്താനുള്ള അനുവാദം ഒരു ഘട്ടത്തിലും കിഫ്ബി നൽകാതിരുന്നിട്ടില്ല. സെക്ഷൻ 14(1) പ്രകാരം രണ്ട് തവണ സി.&എ.ജി. കിഫ്ബിയിൽ ഓഡിറ്റ് നടത്തിയിരുന്നു. ഈ അവസരത്തിൽ കിഫ്ബിയുടെ ധനപരമായ ഇടപാടുകൾ ഉൾപ്പെടെ എല്ലാ രേഖകളും

പരിശോധിക്കാനുള്ള സൗകര്യങ്ങളും ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നു. ഈ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട എല്ലാ രേഖകളും ഇതുസംബന്ധിച്ച് ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയും യഥാസമയം അവർക്ക് നൽകിയിട്ടുണ്ട്.

(സി) CAG-DPC Act സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് അധികാരങ്ങൾ പരിമിതിയില്ലാത്തതും സമ്പൂർണ്ണവുമാണ്. ഇതിൻപ്രകാരം കിഫ്ബിയുടെ എല്ലാ വരവ് ചെലവ് കണക്കുകളും സി.&എ.ജി. ഓഡിറ്റിന് വിധേയമാണെന്നതാണ് നിയമവും വസ്തുതയും. ഇതനുസരിച്ച് കിഫ്ബിയിൽ രണ്ട് തവണ സി.&എ.ജി. ഓഡിറ്റ് നടത്തിയിട്ടുള്ളതാണെന്നിരിക്കെ മറിച്ചുള്ള ആക്ഷേപം വസ്തുതകൾക്ക് നിരക്കാത്തതും അയഥാർത്ഥ്യവുമാണ്. CAG-DPC Act സെക്ഷൻ 20(2)-ലെ വ്യവസ്ഥ നിയമപരമായി പരിശോധിച്ചാൽ വ്യക്തമാകുന്നത് ഒരുതരത്തിലും സി.&എ.ജി. ഓഡിറ്റിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്കാണ് സെക്ഷൻ 20(2) ബാധകമാകുന്നത് എന്നാണ്. CAG-DPC Act സെക്ഷൻ 14(1) പ്രകാരം സി.&എ.ജി.-യുടെ സമഗ്ര ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് ആവശ്യമായി വരുന്നില്ല. സെക്ഷൻ 14(1) സമഗ്രമായ ഓഡിറ്റിംഗാണ് എന്നുള്ളത് സി.&എ.ജി.-യുടെ ഔദ്യോഗിക വിശദീകരണക്കുറിപ്പിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1)-നെക്കാൾ കൂടുതൽ സമഗ്രമാണെന്ന് ആ ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. സെക്ഷൻ 19, 20 എന്നിവയിലെ ഓഡിറ്റ് സാധാരണ വാർഷിക ഓഡിറ്റ് എന്ന നിലയിൽ ഒതുങ്ങുമ്പോൾ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് വിശാലവും സമ്പൂർണ്ണവുമാണ്.

## കേരള ബാങ്കിന്റെ പ്രവർത്തനം

6 (*36) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം ബാങ്ക് രൂപീകരിച്ച് സഹകരണ മേഖലയെ വികസനത്തിന്റെ അടിത്തറയാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച കേരള ബാങ്കിന് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുണ്ടോ; എന്തൊക്കെ നിബന്ധനകളാണ് വച്ചിട്ടുള്ളത്;

(ബി) ആധുനിക സേവന സൗകര്യങ്ങൾ സാധാരണക്കാരിലേയ്ക്കുകൂടി എത്തിക്കുന്നതിന് കോർ ബാങ്കിംഗ് സൗകര്യമുൾപ്പെടെ സാങ്കേതിക മികവുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിലുണ്ടായിരുന്ന ജില്ലാ ബാങ്കുകൾക്ക് പ്രവാസി നിക്ഷേപം സ്വീകരിക്കാൻ കഴിയാതിരുന്ന സാഹചര്യം കേരള ബാങ്ക് രൂപീകരണത്തോടെ പരിഹൃതമാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വികസനത്തിന് വേഗത സുസാധ്യമാക്കുന്നതിന് ഒന്നര ലക്ഷം കോടിയോളം രൂപ വരുന്ന പ്രവാസി സമ്പാദ്യം ആകർഷിച്ച് നിക്ഷേപമാക്കി മാറ്റാവുന്ന തരത്തിലാണോ കേരള ബാങ്കിന്റെ പ്രവർത്തനം ലക്ഷ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. കടകംപള്ളി സുരേന്ദ്രൻ):</u>

(എ) മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള വകുപ്പ് 14A-യുമായി ബന്ധപ്പെട്ട കേസുകളിൽ കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്. താഴെപ്പറയുന്ന വ്യവസ്ഥകളാണ് അന്തിമ അനുമതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുമ്പ് പ്രസ്തുത തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9 ശതമാനം മൂലധനപര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പുവരുത്തണം.
2. ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ്‌വർത്തിന്റെ അടിസ്ഥാനത്തിൽ ലയനശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.
3. വോട്ടവകാശമില്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.
4. ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടന, അധികാരങ്ങൾ എന്നിവ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടേതിന് സമാനമായ മാർഗ്ഗനിർദ്ദേശത്തിന് അനുസരിച്ചാവണം.
5. ലയനശേഷം ആർ.ബി.ഐ.-യുടെ തത്വത്തിലുള്ള അംഗീകാരത്തിൽ

നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

6. അന്തിമ അനുമതിക്ക് 2020 മാർച്ച് 31 വരെ പ്രാബല്യമുണ്ടായിരിക്കും. അതിനുശേഷം സംസ്ഥാന സർക്കാർ തൽസ്ഥിതി സംബന്ധിച്ച് നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് റിപ്പോർട്ട് സമർപ്പിക്കണം.

(ബി) നിർദ്ദിഷ്ട കേരള ബാങ്കിന്റെ ഏകീകൃത കോർബാങ്കിംഗ് സർവ്വീസ് പ്രൊവൈഡറെ തീരുമാനിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

(സി) നിർദ്ദിഷ്ട കേരള ബാങ്കിന് ടി സൗകര്യം ലഭ്യമാക്കുന്നതിനുള്ള അനുമതിക്കായി ആർ.ബി.ഐ.-ക്ക് സംസ്ഥാന സഹകരണ ബാങ്കിൽനിന്നും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## ഹൈഡൽ ടൂറിസത്തിന് ഭൂമി

7 (*37) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പൊന്മുടി അണക്കെട്ടിനു സമീപം കെ.എസ്.ഇ.ബി. യുടെ കൈവശമുള്ള ഇരുപത്തി ഒന്ന് ഏക്കർ ഭൂമി ഹൈഡൽ ടൂറിസത്തിനായി പാട്ട വ്യവസ്ഥയിൽ കൈമാറ്റം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആർക്കാണ് നൽകിയത്; വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) അപ്രകാരം പാട്ടത്തിന് നൽകുന്നതിനുമുമ്പ് റവന്യൂ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ & ബി) ഇല്ല. B.O.(FTD) No. 197/2019(DGC/AEE-II/HT/General/ 2014) Thiruvananthapuram Dated 2-3-2019 പ്രകാരം കേരള ഹൈഡൽ ടൂറിസം സെന്ററിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭൂമിയിൽ ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിന് 'Permissive Sanction', Design Build Finance Operate & Maintenance (DBFOM) വ്യവസ്ഥയിലാണ് നൽകിയിരിക്കുന്നത്.

(സി) ബാധകമല്ല.

## പുതിയ വൈദ്യുത പദ്ധതികൾ

8 (*38) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര വൈദ്യുത പദ്ധതികൾ ആരംഭിച്ചുവെന്നും അത് ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ച് വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചുവെന്നും അത് ഏതെല്ലാമാണെന്നും വിശദമാക്കാമോ; അവയിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ബോർഡിന്റെ കീഴിൽ നിർമ്മാണ പുരോഗതിയിലുള്ള വൈദ്യുത പദ്ധതികളുടെ വിശദാംശവും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ 4 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. അവ താഴെപ്പറയുന്നു.

| | | |
|---|---|---|
| 1. അപ്പർ കല്ലാർ | - | 2 മെഗാവാട്ട് |
| 2. പഴശ്ശിസാഗർ | - | 7.5 മെഗാവാട്ട് |
| 3. ചിന്നാർ | - | 24 മെഗാവാട്ട് |
| 4. പെരുവണ്ണാമൂഴി | - | 6 മെഗാവാട്ട് |
| ആകെ | - | 39.5 മെഗാവാട്ട് |

ബാണാസുരസാഗർ റിസർവ്വോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതിയിൽനിന്നും 2019 ജനുവരി മുതൽ വൈദ്യുതി കേരള ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു.

ഇതിനുപുറമെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി സൗര പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡ്ഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും 150 മെഗാവാട്ട് സോളാർ പാർക്കുകളും,

150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ഇവ കൂടാതെ 18.96 MWp ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ സംരംഭകർ വഴി വൈദ്യുതി ഉൽപ്പാദനം ആരംഭിച്ച പദ്ധതികളാണ് 8 MW-ന്റെ പാതംകയം വൈദ്യുത പദ്ധതിയും 4.5 MW-ന്റെ കാരിക്കയം രണ്ടാം ഘട്ടവും.

47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ അനുമതി നൽകി.

ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോവാട്ടിന്റെ മൈക്രോ ഹൈഡ്രോ ജലവൈദ്യുതി ഉപയോഗിച്ച് മൈക്രോ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ചു.

MNRE-യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷി വരുന്ന 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി.

ഇ.എം.സി., നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷനിൽ വെള്ളത്തിന്റെ ഒഴുക്ക് ഉപയോഗപ്പെടുത്തി നിർമ്മിച്ച 20KW-ന്റെ നൂതന പദ്ധതിയുടെ മാതൃകയിൽ കെ.എസ്.ഇ.ബി.-യുടെ കക്കാട് ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയിസിൽ 25KW-ന്റെ കൈനെറ്റിക് ടർബൈനുകൾ പരീക്ഷിക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിലെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ, കാട്ടുവെട്ടി എന്ന സ്ഥലത്ത് കൃത്രിമ ചുഴി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ടർബൈൻ ഉപയോഗിച്ച് 20KW മൈക്രോ ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി, കെ.എസ്.ഇ.ബി. ഗ്രിഡിലോട്ട് കണക്ട് ചെയ്തുകഴിഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ-വിന്റ് പവർപ്ലാന്റിന്റെ ആദ്യഘട്ടമായ 1 മെഗാവാട്ട് സോളാർ

പവർപ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

അനെർട്ടിന്റെ സാങ്കേതിക അനുമതിയോടുകൂടി പാലക്കാട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും ആരംഭിച്ചിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (MW) | പ്രവർത്തന പുരോഗതി (ശതമാനം) | പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|---|---|
| 1. അപ്പർ കല്ലാർ | 2 | 55 | 06/2020 |
| 2. പഴശ്ശിസാഗർ | 7.5 | 10.68 | 06/2021 |
| 3. ചിന്നാർ | 24 | 22 | 05/2022 |
| 4. പെരുവണ്ണാമൂഴി | 6 | 12.53 | 05/2021 |

ഇതിനുപുറമെ നിർമ്മാണം നടന്നുകൊണ്ടിരുന്ന 12.6 മെഗാവാട്ട് മൊത്തം സ്ഥാപിതശേഷിയുള്ള 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി വൈദ്യുതോൽപ്പാദനം ആരംഭിച്ചു. അവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (MW) | കമ്മിഷൻ ചെയ്ത തീയതി |
|---|---|---|---|
| 1 | കക്കയം | 3 | 16-7-2018 |
| 2 | പെരുന്തേനരുവി | 6 | 23-10-2017 |
| 3 | വെള്ളത്തൂവൽ | 3.6 | 8-9-2016 |

കൂടാതെ, പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളും ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും ഉൾപ്പെടെ 8.8175 MWp ശേഷിയുള്ള സോളാർ പദ്ധതികൾ നടപ്പിലാക്കി. ഇതിനുപുറമെ 6.9 MWp ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതികളും സ്ഥാപിച്ചു. സൗരപദ്ധതി പ്രകാരമുള്ള 200 മെഗാവാട്ട് സൗരോർജ്ജ നിലയങ്ങൾ

2020 ജനവരി മുതൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരുന്നു. പൂർത്തിയാക്കിയ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളുടെയും ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

സ്വകാര്യ മേഖലയിൽ 2 ചെറുകിട ജലവൈദ്യുത പദ്ധതികളും 2 മൈക്രോ ജലവൈദ്യുത പദ്ധതികളും 25 പൈക്കോ ജലവൈദ്യുത പദ്ധതികളും ഉൾപ്പെടെ 29 പദ്ധതികൾ വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

പാതംകയം - 8MW

കാരിക്കയം രണ്ടാംഘട്ടം - 4.5MW

ഒന്നു മുതൽ 5kW ശേഷിയുള്ള 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ

കാട്ടുവെട്ടി വോർട്ടെക്സ് മൈക്രോ പദ്ധതി - 20 kW

ഈച്ചാംപെട്ടി മൈക്രോ പദ്ധതി - 4 kW

മുരിക്കാശ്ശേരി പോലീസ് സ്റ്റേഷൻ വൈദ്യുതീകരണ പദ്ധതി - 1 kW

27 മൈക്രോ/പൈക്കോ ജലവൈദ്യുത പദ്ധതിയിൽ നിന്ന് ഏകദേശം 1.25 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

അനെർട്ട് സാങ്കേതിക അനുമതി നൽകിയ ഐ-നോക്സ് എന്ന കമ്പനി സ്ഥാപിച്ച പദ്ധതിയിൽനിന്നും 16 മെഗാവാട്ടും മലയാള മനോരമ കമ്പനി സ്ഥാപിച്ച പദ്ധതിയിൽനിന്നും 10 മെഗാവാട്ടും വൈദ്യുതി കാറ്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(സി) വൈദ്യുതി ബോർഡിന്റെ കീഴിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി | ഇപ്പോഴത്തെ പുരോഗതി | പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള തീയതി |
|---|---|---|---|---|

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| 1 | ഭൂതത്താൻകെട്ട് | 24 MW | 90 % | 8/2020 |
| 2 | ചെങ്കുളം ആഗ്മെന്റേഷൻ | --- | 69.09 % | 3/2022 |
| 3 | തോട്ടിയാർ | 40 MW | 47.04 % | 12/2020 |
| 4 | അപ്പർ കല്ലാർ | 2 MW | 55 % | 6/2020 |
| 5 | പൊരിങ്ങൽകുത്ത് | 24 MW | 85.81 % | 6/2020 |
| 6 | ചിന്നാർ (ഫേസ്-1) | 24 MW | 22 % | 5/2022 |
| 7 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW | 82 % | 12/2020 |
| 8 | പഴശ്ശി സാഗർ | 7.5 MW | 10.68 % | 6/2021 |
| 9 | ചാത്തൻകോട്ടുനട-II | 6 MW | 61.92 % | 3/2021 |
| 10 | പെരുവണ്ണാമൂഴി | 6 MW | 12.53 % | 05/2021 |
| | ആകെ | 193.5 MW | | |

18.96 MWp ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ദ്യുതി 2021 പദ്ധതി

9 (*39) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കാരാട്ട് റസാഖ്:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷവും ഈ വർഷവും ഉണ്ടായ പ്രളയസമയത്ത് വൈദ്യുതി കണക്ഷൻ അതിദ്രുതം പുനഃസ്ഥാപിക്കുന്നതിനും ചിലയിടങ്ങളിൽ പുനഃസൃഷ്ടിക്കുന്നതിനും കെ.എസ്.ഇ.ബി. നടത്തിയ പ്രശംസനീയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന് പ്രളയം സൃഷ്ടിച്ച സാമ്പത്തിക നഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി എല്ലാ ഉപഭോക്താക്കൾക്കും ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള 'ദ്യുതി 2021'-ന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 2018-ലെ പ്രളയക്കെടുതിയിൽ പ്രതിഷ്ഠാപനങ്ങൾക്കുണ്ടായ കേടുപാടുകൾ തീർത്ത് പ്രളയ പൂർവ്വസ്ഥിതി കൈവരിക്കുന്നതിന് സാമ്പ്രദായിക മാർഗ്ഗങ്ങൾ അവലംബിച്ചിരുന്നെങ്കിൽ ആയതിന് മാസങ്ങളെടുക്കുമെന്ന് തിരിച്ചറിയുകയും ബദൽമാർഗ്ഗങ്ങൾ തേടുകയും,യുദ്ധസമാനമായ സാഹചര്യം മുന്നിൽക്കണ്ട് മിഷൻ റീ കണക്ട് എന്ന പേരിൽ പ്രത്യേക ദൗത്യപദ്ധതി രൂപീകരിച്ച് മുന്നോട്ടുപോകാനും കെ.എസ്.ഇ.ബി. തീരുമാനിച്ചു. പ്രളയശേഷമുള്ള വൈദ്യുത പുനഃസ്ഥാപനം വേഗത്തിലാക്കാൻ കെ.എസ്.ഇ.ബി. സംസ്ഥാന തലത്തിലും സർക്കിൾതലത്തിലും സെക്ഷൻതലത്തിലും ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും ചെയ്തു. ഈ ടാസ്ക് ഫോഴ്സുകൾ വഴി കൂടുതലായി പ്രളയം ബാധിക്കപ്പെട്ട സ്ഥലങ്ങൾ കണ്ടെത്തുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതിനാവശ്യമായ സാധനസാമഗ്രികളുടെ കണക്കെടുപ്പ് നടത്തുകയും മാനവശേഷി ശരിയായ രീതിയിൽ ഉപയോഗിക്കാൻ വിവിധ ടീമുകളെ ഏകോപിപ്പിക്കുകയും പൊതുജനങ്ങൾക്ക് സുരക്ഷാപരിപാലനത്തിനുവേണ്ട മുൻകരുതലുകൾ കൊടുക്കുകയും ചെയ്തു. പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി വാസയോഗ്യമായ എല്ലാ വീടുകൾക്കും സ്ഥാപനങ്ങൾക്കും 31-8-2018-ൽത്തന്നെ കണക്ഷൻ നൽകാൻ സാധിച്ചു.

2018-ൽ ആവിഷ്കരിച്ച മിഷൻ റീ കണക്ട് വിജയമായിരുന്നതിനാൽ 2019-ലും മിഷൻ റീ കണക്ട് പ്രോഗ്രാം ഓഗസ്റ്റ് 9-നുതന്നെ ആരംഭിച്ചു. മിഷൻ റീ കണക്ട് 2019-ന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വാസയോഗ്യമായ എല്ലാ വീടുകൾക്കും സ്ഥാപനങ്ങൾക്കും 20-8-2019-ൽത്തന്നെ വൈദ്യുതി ലഭ്യമാക്കാൻ കഴിഞ്ഞു.

(ബി) പ്രതിഷ്ഠാപനങ്ങളുടെ പുനർനിർമ്മാണത്തിന മാത്രം കെ.എസ്.ഇ.ബി.എൽ.-ന് 351.60 കോടി രൂപയുടെ ചെലവ് കണക്കാക്കിയിരുന്നു. 2019-ലെ കാലവർഷംമൂലമുണ്ടായ നഷ്ടങ്ങൾ കൂടുതലായി ബാധിച്ചത് പാലക്കാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് തുടങ്ങിയ വടക്കൻ ജില്ലകളെയായിരുന്നു.

2019 ആഗസ്റ്റ് മാസം വീശിയടിച്ച കാറ്റിലും കനത്തമഴയെ തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും കെ.എസ്.ഇ.ബി.എൽ.-ന് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. കണക്കുകൾ പ്രകാരം ഉൽപ്പാദന, പ്രസരണ, വിതരണ ശൃംഖലകൾ പ്രളയപൂർവ്വസ്ഥിതിയിൽ എത്തിക്കാൻ 243.05 കോടി രൂപ ചെലവ് കണക്കാക്കിയിരുന്നു.

(സി) 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ. വിതരണ മേഖലയിൽ നടപ്പാക്കിവരുന്ന ബൃഹദ്പദ്ധതിയാണ് "ദ്യുതി 2021". ഇതിന്റെ ഭാഗമായി HT ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക, HT-LT ശൃംഖലകളിൽ ബാക്ക് ഫീഡിംഗ് സംവിധാനം ഉറപ്പുവരുത്തുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി HT വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ DPR തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് PMU മുഖേന വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിൽ പ്രധാനപ്പെട്ടത് താഴെ കൊടുക്കുന്നു.

സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു. സാധാരണഗതിയിൽ തിരിച്ചറിയിൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള

രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻവേണ്ട വിധത്തിൽ KSERC ചട്ടങ്ങളിൽ മാറ്റം വരുത്തുകയും KSEBL അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾക്ക് തങ്ങളുടെ പ്രിമിസെസിലെ കണക്ടഡ് ലോഡ് സ്വയം സാക്ഷ്യപ്പെടുത്തിയ രേഖയുടെ പിൻബലത്തിൽ മാത്രം നിയമാനുസൃതമാക്കാൻ ഉത്തരവ് പുറപ്പെടുവിക്കുകയും 31-10-2019 വരെ പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്. HT-EHT കണക്ഷൻ നടപടികൾ ത്വരിതപ്പെടുത്താനായി ഗ്രീൻ ചാനൽ സംവിധാനവും അതിനുവേണ്ടി അപേക്ഷിക്കാനായി വെബ്പോർട്ടലും ഏർപ്പെടുത്തുകയും ഇതുസംബന്ധിച്ച സംശയനിവാരണത്തിനായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ LT കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്ന് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഐ.ടി. വിഭാഗം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ താഴെ കൊടുക്കുന്നു.

1. എൽ.ടി., എച്ച്.ടി./ഇ.എച്ച്.ടി. ഉപഭോക്താക്കളുടെ ബില്ലിംഗ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.
2. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം.
3. ഉപഭോക്താക്കൾക്ക് ഏത് സെക്ഷനാഫീസിലും വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.
4. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം.
5. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക്, സി.എസ്.ബി. എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.
6. ബി.ബി.പി.എസ്. സംവിധാനത്തിലൂടെ എല്ലാ പേയ്മെന്റ് വെബ് സൈറ്റിലൂടെയും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.
7. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ കേന്ദ്രീകൃത കാൾസെന്ററിൽ രേഖപ്പെടുത്താനുള്ള '1912' എന്ന ടോൾ ഫ്രീ

സംവിധാനം.

8. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി.

9. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

10. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്ന് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കാനുള്ള സംവിധാനം.

11. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി.' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ.

12. മീറ്റർ റീഡിംഗ് എടുക്കുന്നതിനുവേണ്ടി സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

13. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്‌വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. സംവിധാനങ്ങളിലൂടെ ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

14. മാനവശേഷി വിഭാഗം, മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി.

15. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമുള്ള സ്കാഡ പദ്ധതി നടപ്പിലാക്കിവരുന്നു.

16. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ്

സംവിധാനം ഏർപ്പെടുത്തിവരുന്നു.

17. വൈദ്യുതി ബിൽതുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.എൽ.-ലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി (കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പിലാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.

18. പേ റ്റി.എം. (പേ ത്രൂ മൊബൈൽ) എം.-പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം.

19. അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം.

20. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റ് ഔദ്യോഗിക ആവശ്യങ്ങൾക്കുവേണ്ടിയും ഒരുമാ നെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

21. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ.

22. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കാനുള്ള സംവിധാനം.

23. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം.

24. ഉപഭോക്താക്കളുടെ സംശയ നിവാരണത്തിനും കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി സോഷ്യൽ മീഡിയ ഡെസ്ക് സംവിധാനം ആരംഭിച്ചു.

25. എച്ച്.ടി. വിഭാഗം ഉപഭോക്താക്കൾക്ക് അതിവേഗം വൈദ്യുതി കണക്ഷൻ അടക്കമുള്ള സേവനങ്ങൾ നൽകുന്നതിനായി ഗ്രീൻ ചാനൽ സംവിധാനം നടപ്പിലാക്കി.

26. വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായുള്ള വ്യവസായ പരിശീലനത്തിന് ഓൺലൈനായിത്തന്നെ ഏത് സ്ഥലത്തുനിന്നും

അപേക്ഷിക്കാനുള്ള സംവിധാനം.

പുതിയതായി തുടക്കംകുറിച്ച ആധുനിക സംവിധാനങ്ങൾ/പദ്ധതികൾ

1. വിതരണ ശൃംഖലയുടെ വൈദ്യുതി നഷ്ടം കണ്ടുപിടിക്കാനും കുറയ്ക്കാനും ലക്ഷ്യമിട്ടിട്ടുള്ള ആർ.എ.പി.ഡി.ആർ.പി. ഫേസ്-2 ഐ.ടി. പദ്ധതി (ഐ.പി.ഡി.എസ്.).
2. തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള പദ്ധതി.
3. വിതരണമേഖലയുടെ നവീകരണത്തിനായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് പദ്ധതി.
4. തെരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലുള്ള സബ്സ്റ്റേഷനുകളിലെ 11 കെ.വി. ലൈനുകളുടെ പ്രവർത്തനം കേന്ദ്രീകൃതമായി മോണിറ്റർ ചെയ്യാനുള്ള ആർ.റ്റി.-ഡാസ് (RT-DAS) പദ്ധതി.

**വ്യവസായ സംരംഭകർക്കുള്ള സേവനങ്ങൾ**

10 (*40) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായ സംരംഭകർക്കായി സംസ്ഥാനത്ത് വ്യവസായ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ സംരംഭകർക്ക് സഹായകരമാകുന്ന രീതിയിൽ വ്യവസായ വകുപ്പിലെ സേവനങ്ങൾ ഏകജാലകമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) സംരംഭകരുടെ സാമ്പത്തിക ബാധ്യതകൾക്ക് പരിഹാരമായി ഒറ്റത്തവണ തീർപ്പാക്കൽ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) പുതിയ വ്യവസായ സംരംഭകർക്കുമാത്രമായി വ്യവസായ അദാലത്ത് സംഘടിപ്പിച്ചിട്ടില്ല. എന്നാൽ വ്യവസായികളുടെയും സംരംഭകരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ജില്ലാ ആസ്ഥാനങ്ങളിൽ വ്യവസായ, മൈനിംഗ് & ജിയോളജി വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിവിധ അസോസിയേഷൻ ഭാരവാഹികൾ, വ്യവസായികൾ, സംരംഭകർ എന്നിവരെ ഉൾപ്പെടുത്തി അദാലത്തുകൾ സംഘടിപ്പിച്ചുവരികയാണ്. നിയമപരമായി പരിഹരിക്കാൻ കഴിയുന്ന വിഷയങ്ങൾ ഈ അദാലത്തുകളിലൂടെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം ജില്ലകളിൽ വ്യവസായ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനായി അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളിലെ ഏഴ് ആക്ടുകളിൽ ആവശ്യമായ ഭേദഗതി വരുത്തി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്ട് എന്ന പേരിൽ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽനിന്നുള്ള ആവശ്യമായ ലൈസൻസുകൾ/ക്ലിയറൻസുകൾ ലഭിക്കുന്നതിലേയ്ക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വ്യവസായ വകുപ്പ് നടപ്പിലാക്കിയിരുന്ന സംരംഭകർക്കായുള്ള മാർജിൻമണി വായ്പയെടുത്ത് കുടിശ്ശികയാക്കിയവർക്ക് ആയത് തിരിച്ചടയ്ക്കുന്നതിലേയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കാലയളവിലായി മൂന്ന് പ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. <u>24-3-2017 മുതൽ 21-2-2019 വരെ</u>

24-3-2017-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 459/17/ഐ.ഡി. നമ്പർ ഉത്തരവ് പ്രകാരം പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി, ലോൺ എടുത്ത തീയതി മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ അപേക്ഷ തീയതി വരെ 6 ശതമാനം നിരക്കിൽ കണക്കാക്കുന്ന പലിശയും മുതലും ചേരുന്ന തുകയാണ് കുടിശ്ശിക തുക.

ഈ തുകയിൽനിന്നും നാളിതുവരെ അടച്ച തുക കിഴിവ് ചെയ്തശേഷം നിൽക്കുന്ന തുകയാണ് ബാദ്ധ്യത തുക. പ്രസ്തുത കുടിശ്ശിക തുകയിൽ നിന്ന് 50 ശതമാനം ഒന്നാം ഗഡുവായും അവശേഷിക്കുന്ന തുക ഒരു വർഷത്തിനുള്ളിൽ രണ്ട് ഗഡുക്കളായും അടയ്ക്കുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. മാത്രമല്ല, വായ്പക്കാരൻ മരിച്ചുപോയ കേസ്സുകളിൽ കുടിശ്ശികത്തുക പൂർണ്ണമായും എഴുതിത്തള്ളാനും വ്യവസ്ഥയുണ്ടായിരുന്നു. ഈ കാലയളവിൽ 162 വായ്പകൾ തീർപ്പാക്കുകയും 217.65 ലക്ഷം രൂപ സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

2. <u>22-2-2019 മുതൽ 30-4-2019 വരെ</u>

22-2-2019-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 17/2019/ഐ.ഡി. നമ്പർ ഉത്തരവ് പ്രകാരം പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി വായ്പത്തുകയുടെ 6 ശതമാനം നിരക്കിൽ പലിശയുടെ 50 ശതമാനം ഇളവ് അനുവദിച്ചിരുന്നു. ഈ കാലയളവിൽ 238 വായ്പകൾ തീർപ്പാക്കുകയും 290.99 ലക്ഷം രൂപ സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

3. <u>8-8-2019 മുതൽ 7-11-2019 വരെ</u>

8-8-2019-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 764/2019/വ്യവ. പ്രകാരം പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി വായ്പത്തുകയുടെ 6 ശതമാനം നിരക്കിൽ പലിശയുടെ 50 ശതമാനം തുക ഇളവ് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം കണക്കാക്കുന്ന പലിശ, മുതൽ തുകയേക്കാൾ അധികരിക്കുന്നപക്ഷം മുതൽ തുകയ്ക്ക് തുല്യമായി പലിശ തുക നിജപ്പെടുത്തുന്നതാണ്. ഇപ്രകാരം കണക്കാക്കുന്ന കുടിശ്ശിക തുകയുടെ ആദ്യഗഡുവായി 50 ശതമാനം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിനകവും ബാക്കിത്തുക ഒരു വർഷത്തിനുള്ളിൽ രണ്ട് ഗഡുക്കളായി അടച്ച് വായ്പ തീർപ്പാക്കാവുന്നതാണ്. നാളിതുവരെ 155 പേർ പ്രസ്തുത കുടിശ്ശിക നിവാരണ പദ്ധതിയിൽ താല്പര്യം പ്രകടിപ്പിക്കുകയും 92 പേർ 26.65 ലക്ഷം രൂപ സർക്കാരിലേയ്ക്ക് ഒടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ കാലാവധി കഴിഞ്ഞിട്ടില്ല.

**കിഫ്ബിയിൽ സമ്പൂർണ്ണ ഓഡിറ്റ്**

11 (*41) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. എം. ഉമ്മർ:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സർക്കാർ വകുപ്പുകളിൽ ചെയ്യുന്നതുപോലെ കിഫ്ബിയിലെ പണമിടപാടുകൾ സമയക്രമം നിശ്ചയിച്ച് നിയമപ്രകാരമുള്ള നിർബന്ധിത ഓഡിറ്റിന് വിധേയമാക്കാൻ അനുമതി നൽകണമെന്ന് സി.ആന്റ് എ.ജി. സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രീതിയിലാണോ നിലവിൽ കിഫ്ബിയിലെ ഓഡിറ്റ് നടക്കുന്നതെന്ന് അറിയിക്കുമോ;

(സി) സി. ആന്റ് എ.ജി.യുടെ നിർദ്ദേശം അംഗീകരിച്ച് കിഫ്ബിയിൽ സമ്പൂർണ്ണ ഓഡിറ്റ് നടത്താൻ സർക്കാർ അനുമതി നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കിഫ്ബിയുടെ എല്ലാ വരവുചെലവുകളും സി.&എ.ജി. ഓഡിറ്റിന് വിധേയമാണ്. ഇതിനോടകംതന്നെ രണ്ടുതവണ CAG-DPC Act സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് നടന്നിട്ടുമുണ്ട്. പ്രസ്തുത ഓഡിറ്റ് സമയത്ത് ആവശ്യമായ എല്ലാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുകയും ഓഡിറ്റ് ക്വറികൾക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് കിഫ്ബിയിൽ അനുവദിക്കണമെന്ന് സി.&എ.ജി. സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. CAG-DPC Act സെക്ഷൻ 20(2)-ലെ വ്യവസ്ഥ നിയമപരമായി പരിശോധിച്ചാൽ വ്യക്തമാകുന്നത് ഒരുതരത്തിലും സി.&എ.ജി. ഓഡിറ്റിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്കാണ് സെക്ഷൻ 20(2) ബാധകമാകുന്നത് എന്നാണ്. CAG-DPC Act സെക്ഷൻ 14(1) പ്രകാരം സി.&എ.ജി.-യുടെ സമഗ്ര ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് ആവശ്യമായി വരുന്നില്ല. സെക്ഷൻ 14(1) സമഗ്രമായ ഓഡിറ്റിംഗാണെന്നുള്ളത് സി.&എ.ജി.-യുടെ ഔദ്യോഗിക വിശദീകരണക്കുറിപ്പിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1)-നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ടി ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. സെക്ഷൻ 19, 20 എന്നിവയിലെ ഓഡിറ്റ് സാധാരണ വാർഷിക ഓഡിറ്റ് എന്ന നിലയിൽ ഒതുങ്ങുമ്പോൾ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് വിശാലവും സമ്പൂർണ്ണവുമാണ്. കിഫ്ബിയിൽ സെക്ഷൻ 14(1) പ്രകാരം സമഗ്രമായ ഓഡിറ്റ് നടന്നുവരുന്ന സാഹചര്യത്തിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റിന് പ്രസക്തിയില്ല.

(ബി) സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റിംഗ് കിഫ്ബിയിൽ രണ്ട് തവണ നടക്കുകയുണ്ടായി. കൂടാതെ കിഫ്ബി ആക്ട് പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗും കിഫ്ബിയിൽ നടക്കുന്നുണ്ട്.

(സി) കിഫ്ബിയുടെ എല്ലാ വരവുകളും ചെലവുകളും സംബന്ധിച്ച സി.&എ.ജി. ഓഡിറ്റ് രണ്ട് തവണ ഇതിനോടകം നടന്നിട്ടുണ്ട്. സെക്ഷൻ 14(1) പ്രകാരം രണ്ട് തവണ സി.&എ.ജി. കിഫ്ബിയിൽ ഓഡിറ്റ് നടത്തിയിരുന്നു. ഈ അവസരത്തിൽ കിഫ്ബിയുടെ ധനപരമായ ഇടപാടുകൾ ഉൾപ്പെടെ എല്ലാ രേഖകളും പരിശോധിക്കാനുള്ള സൗകര്യങ്ങളും ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നു. ഈ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട എല്ലാ രേഖകളും ഇതുസംബന്ധിച്ച് ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയും യഥാസമയം അവർക്ക് നൽകിയിട്ടുണ്ട്. സമഗ്രവും വിശാലവുമായ തലത്തിൽ സി.&എ.ജി. ഓഡിറ്റ് നടത്തുന്നതിന് ഒരു ഘടകവും വിഘാതമായിട്ടില്ല.

**ഇടമൺ-കൊച്ചി പവർ ഹൈവേ**

12 (*42) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതിമേഖലയിൽ വൻ കുതിച്ചുചാട്ടത്തിന് ഇടയാക്കുന്ന ഇടമൺ- കൊച്ചി പവർ ഹൈവേ ചാർജ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ഈ പദ്ധതി പൂർത്തിയാക്കുന്നതിന് പ്രത്യേക താല്പര്യം നല്കി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാകുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൂടുതൽ വൈദ്യുതി എത്തിക്കുന്നതിനുള്ള ഇടനാഴിയുടെ അഭാവം പരിഹരിക്കപ്പെടുമോ;

(ഡി) കൂടംകുളം ആണവ നിലയത്തിൽ നിന്ന് കേരളത്തിനുള്ള വിഹിതം കൊണ്ടുവരുന്നത് ഈ ലൈൻ മുഖേനയാകുമോ; വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ വൻകുതിച്ചു ചാട്ടത്തിനിടയാക്കുന്ന ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ ചാർജ്ജ് ചെയ്തിട്ടുണ്ട്. ഒരു സർക്യൂട്ട് 2019 സെപ്റ്റംബർ 25-നും രണ്ടാമത്തെ സർക്യൂട്ട് സെപ്റ്റംബർ

27-നമാണ് ചർജ്ജ് ചെയതത്. ഈ രണ്ട് സർക്യൂട്ടുകൾ ചാർജ്ജ് ചെയ്തതോടുകൂടി കേരളത്തിന്റെ ഇറക്കമതി ശേഷിയിൽ ഏകദേശം 500 മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ, കളമശ്ശേരി, പാലക്കാട്, തൃശ്ശൂർ, അരീക്കോട് മുതലായ എല്ലാ പ്രധാനപ്പെട്ട സബ്സ്റ്റേഷനുകളിലെയും വോൾട്ടേജുകളിൽ ഏകദേശം 1 കെ.വി. മുതൽ 3 കെ.വി. വരെ ഉയർച്ച അനുഭവപ്പെടുകയും ഇത് കേരളത്തിൽ അങ്ങോളമിങ്ങോളം ഉണ്ടായിരുന്ന വോൾട്ടേജ് ക്ഷാമത്തിന് നല്ല രീതിയിൽ പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിന്റെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും കൂടംകുളം ആണവനിലയത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി സുഗമമായി എത്തിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന തിരുനെൽവേലി-ഇടമൺ-കൊച്ചി-മാടക്കത്തറ 400 കെ.വി. ലൈനിന്റെ ഇടമൺ മുതൽ കൊച്ചി വരെയുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വർഷങ്ങളായി തടസ്സപ്പെട്ടിരിക്കുകയായിരുന്നു. സംസ്ഥാന സർക്കാരിന്റെ സജീവമായ ഇടപെടലുകളുടെ ഭാഗമായി തർക്കപരിഹാരത്തിനായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും മുടങ്ങിക്കിടന്ന നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുകയും ചെയ്തു. ഇതിനായി സംസ്ഥാന സർക്കാരും വൈദ്യുതി ബോർഡും ചേർന്ന് അധിക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചതിനെത്തുടർന്ന് ത്വരിതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 25-9-2019-ൽ ലൈൻ ചാർജ് ചെയ്തു. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കമതി ശേഷിയിൽ 500 MW വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ, വോൾട്ടേജ് നിലവാരത്തിലും കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) പരിഹരിക്കപ്പെടും. ഈ പദ്ധതി വന്നതോടുകൂടി കേരളത്തിന്റെ ഇറക്കമതിശേഷി 500 മെഗാവാട്ടോളം വർദ്ധിക്കുകയും തൻനിമിത്തം കേരളത്തിന്റെ ആഭ്യന്തരോൽപ്പാദനം കുറഞ്ഞാൽപോലും ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാതെ വൈദ്യുതി വിതരണം ചെയ്യാൻ പര്യാപ്തമായ രീതിയിൽ പുറമെനിന്നും വൈദ്യുതി കൊണ്ടുവരാൻ പര്യാപ്തവുമായിട്ടുണ്ട്.

(ഡി) കൂടംകുളം ആണവ വൈദ്യുത നിലയത്തിൽനിന്നും കേരളത്തിന്റെ വൈദ്യുതി വിഹിതമായ 266 മെഗാവാട്ട് പൂർണ്ണമായും പ്രസരണ നഷ്ടം കുറച്ച് സംസ്ഥാനത്ത് എത്തിക്കുകയെന്ന മുഖ്യ ഉദ്ദേശ്യത്തോടെയാണ് ഇടമൺ-കൊച്ചി ലൈൻ നിർമ്മിച്ചിട്ടുള്ളത്. പദ്ധതി പൂർത്തിയായതോടെ കൂടംകുളത്തുനിന്നുള്ള വിഹിതം പൂർണ്ണമായും ഈ ലൈനിൽക്കൂടി കൊണ്ടുവരാൻ കഴിയുന്നുണ്ട്.

## പവർ ഹൈവേ പദ്ധതി

13 (*43) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ദാസൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്തെ പവർകട്ടും ലോഡ്ഷെഡിംഗും ഒഴിവാക്കി താങ്ങാവുന്ന നിരക്കിൽ എല്ലാ വീട്ടിലും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിൽ വിജയിച്ച ഈ സർക്കാർ അതിനായി ഉല്പാദന, പ്രസരണ, വിതരണ മേഖലകളിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത അനുസരിച്ച് കുറഞ്ഞ നിരക്കിൽ പുറമെനിന്ന് വൈദ്യുതി എത്തിക്കുന്നതിനും പ്രസരണ നഷ്ടം കുറക്കുന്നതിനും പവർ ഹൈവേ എത്ര പ്രയോജനപ്രദമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ മേഖലയിൽ മുൻസർക്കാരിന്റെ കാലത്ത് നടന്ന അഴിമതിയും കെടുകാര്യസ്ഥതയും സ്വകാര്യവൽക്കരണ ശ്രമങ്ങളും മറച്ചു പിടിക്കുന്നതിനും നിലവിലെ സർക്കാരിന്റെ നേട്ടത്തെ ഇകഴ്ത്തുന്നതിനും നിക്ഷിപ്ത താല്പര്യക്കാരായ ചിലർ നടത്തുന്ന ദുഷ് പ്രചരണം ശ്രദ്ധയിൽപ്പെട്ടിരുന്നോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൽപ്പാദന, പ്രസരണ, വിതരണ മേഖലകളിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ

ഉൽപ്പാദന മേഖലയിലെ പ്രവർത്തനങ്ങൾ

12.6 മെഗാവാട്ടിന്റെ വർദ്ധനവുണ്ടായി. നിർമ്മാണം നടന്നുകൊണ്ടിരുന്ന താഴെപ്പറയുന്ന പദ്ധതികൾ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

| | | | |
|---|---|---|---|
| 1. | വെള്ളത്തൂവൽ | - | 3.6 മെഗാവാട്ട് |
| 2. | പെരുന്തേനരുവി | - | 6 മെഗാവാട്ട് |
| 3. | കക്കയം | - | 3 മെഗാവാട്ട് |
| | ആകെ | - | 12.6 മെഗാവാട്ട് |

ഉൽപ്പാദന മേഖലയിൽ വർദ്ധനവുണ്ടാകുന്നതിനായി 2015 മുതൽ നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന 60 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള

പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി, 40 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള തോട്ടിയാർ പദ്ധതി, 6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചാത്തൻകോട്ടുനട – II എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. കൂടാതെ 39.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താഴെപ്പറയുന്ന പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.

| | | |
|---|---|---|
| അപ്പർ കല്ലാർ | - | 2 മെഗാവാട്ട് |
| പെരുവണ്ണാമൂഴി | - | 6 മെഗാവാട്ട് |
| പഴശ്ശിസാഗർ | - | 7.5 മെഗാവാട്ട് |
| ചിന്നാർ | - | 24 മെഗാവാട്ട് |
| ആകെ | - | 39.5 മെഗാവാട്ട് |

പൊരിങ്ങൽകുത്ത് (24 മെഗാവാട്ട്), ഭൂതത്താൻകെട്ട് (24 മെഗാവാട്ട്), ചെങ്കുളം ആഗ്മെന്റേഷൻ (85 മെഗാവാട്ട്) എന്നിവയുൾപ്പെടെ 193.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 10 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

നിലവിലുള്ള ഇടുക്കി ജലാശയത്തിലെ വെള്ളം ഉപയോഗിച്ച് വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുതനിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രസരണ മേഖല

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉപഭോക്താക്കൾക്ക് താങ്ങാവുന്ന നിരക്കിൽ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കാനായി പ്രസരണ മേഖലയിൽ കൈക്കൊണ്ട നടപടികൾ താഴെപ്പറയുന്നു.

വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി. ആയി ഉയർത്തുന്നതിനും പുതിയ 400 കെ.വി./220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുന്നതിനുമായി KIIFB-യുടെ ധന സഹായത്തോടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2000 മെഗാവാട്ട് ശേഷിയുള്ള കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽനിന്നുള്ള കേരളത്തിന്റെ വിഹിതമായ 266 മെഗാവാട്ട്, പ്രസരണ നഷ്ടം കുറച്ച്

സംസ്ഥാനത്ത് എത്തിക്കുന്നതിനുവേണ്ടി ആസൂത്രണം ചെയ്ത പ്രസരണ ശൃംഖലയായ ഇടമൺ - കൊച്ചി 400 കെ.വി. ലൈൻ ദീർഘകാലമായി മുടങ്ങിക്കിടക്കുകയായിരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാർ തലത്തിൽ സമയോചിതമായി പരിഹരിച്ച് 14-9-2019-ൽ ലൈൻ പൂർത്തീകരിച്ച് 25-9-2019-ൽ വിജയകരമായി ചാർജ്ജ് ചെയ്തുകഴിഞ്ഞു. കൂടാതെ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഈ സർക്കാർ വന്നതിനുശേഷം 45 സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുകയും നിലവിലുള്ള നിരവധി സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് ഉയർത്തുന്നതിന്റെയും ശേഷി വർദ്ധിപ്പിക്കുന്നതിന്റെയും പ്രവൃത്തികൾ ബോർഡ് സ്വന്തം ഫണ്ടുപയോഗിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ, 2019-20-ലും 2020-21-ലുമായി പൂർത്തീകരിക്കുന്ന രീതിയിൽ നിരവധി പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും മറ്റ് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികളും ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 400 കെ.വി. നിലവാരത്തിലുള്ള പ്രസരണശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് CEA-യുടെ planning നിലവാരമനുസരിച്ചുള്ള 400 കെ.വി. പ്രസരണ ശൃംഖല (പവർ ഹൈവേ) സംസ്ഥാനത്ത് നിർമ്മിക്കുന്നതിനായി ട്രാൻസ്ഗ്രിഡ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ 14-9-2019-ൽ പൂർത്തീകരിച്ചിട്ടുണ്ട്. അതോടെ തിരുവനന്തപുരത്തുനിന്നും തൃശ്ശൂർ വഴി പാലക്കാട്ടേക്കുള്ള 400 കെ.വി. ശൃംഖല പൂർത്തീകരിക്കാനായി. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന മാടക്കത്തറ-അരീക്കോട് 400 കെ.വി. ലൈനും കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ കരാർ നൽകിയ കാസർഗോഡ്-ഉടുപ്പി ലൈനും 400 കെ.വി. പവർ ഹൈവേയുടെ ഭാഗമായി വിഭാവനം ചെയ്തുവയാണ്. ഇതിൽ മാടക്കത്തറ മുതൽ മാലപ്പറമ്പ് വരെയുള്ള ഭാഗം പൂർത്തിയായിക്കഴിഞ്ഞു. ബാക്കിഭാഗം 2020-ഓടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുകൂടാതെ കാസർഗോഡുനിന്നും വയനാട്ടിലേയ്ക്ക് ഒരു 400 കെ.വി. ലൈനും പരിഗണനയിലുണ്ട്. ഇവയെല്ലാം ചേർന്ന പവർ ഹൈവേ പൂർത്തീകരിക്കുന്നതോടെ പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കാനാകുമെന്നാണ് കണക്കാക്കുന്നത്. കൂടാതെ, പരിധികളില്ലാതെ പുറമേനിന്നും ആവശ്യാനുസരണം വൈദ്യുതിയെത്തിക്കുന്നതിനും പവർ ഹൈവേ പര്യാപ്തമാകുന്നതാണ്.

വിതരണ മേഖല

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും

ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്നതിനായി "ദ്യുതി 2021" എന്ന് പേരിട്ടിട്ടുള്ള പദ്ധതി ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി. ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി HT ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക, HT-LT ശൃംഖലകളിൽ ബാക്ക് ഫീഡിംഗ് സംവിധാനം ഉറപ്പുവരുത്തുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ DPR തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് PMU മുഖേന വിഭാവനം ചെയ്തിട്ടുള്ളത്.

ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ നവീകൃത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (ആർ.എ.പി.ഡി.ആർ.പി.), സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്.), ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.), സൗഭാഗ്യ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി. ഇതിൽ ഊർജ്ജനഷ്ടം 15 ശതമാനമായി കുറയ്ക്കുകയെന്ന ലക്ഷ്യമുള്ള ആർ.എ.പി.ഡി.ആർ.പി. 31-3-2018-ൽ പൂർത്തീകരിച്ചു.

ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരണം, ഗ്രാമീണ വൈദ്യുതി ശൃംഖല ശാക്തീകരണം, വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കൽ, സൻസദ് ആദർശ് ഗ്രാമ ജ്യോതി യോജനയിൽ പാർലമെന്റ് അംഗങ്ങൾ തെരഞ്ഞെടുത്ത വില്ലേജുകളിൽ വിവിധ പ്രവൃത്തികൾ എന്നിവ ലക്ഷ്യമിട്ടുള്ള ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി പ്രകാരം 485.37 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽ ലഭിച്ചു. ഇതനുസരിച്ചുള്ള പ്രവൃത്തികളെല്ലാം ഇതിനോടകം പൂർത്തീകരിച്ചു.

<u>പുനരുപയോഗ ഊർജ്ജ സ്രോതസ്സിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ</u>

ബാണാസുരസാഗർ റിസർവ്വോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതിയിൽനിന്നും 2019 ജനവരി മുതൽ വൈദ്യുതി കേരള ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു.

പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളും ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും ഗ്രൗണ്ട്

മൗണ്ടഡ് സോളാർ പ്ലാന്റുകളും ഉൾപ്പെടെ 15.7175 MWp ശേഷിയുള്ള സോളാർ പദ്ധതികൾ നടപ്പിലാക്കി.

ഇവ കൂടാതെ 18.96 MWp ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 400 കെ.വി. നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച്, CEA-യുടെ planning നിലവാരമനുസരിച്ചുള്ള 400 കെ.വി. പ്രസരണ ശൃംഖല (പവർ ഹൈവേ) സംസ്ഥാനത്ത് നിർമ്മിക്കുന്നതിനായി ട്രാൻസ്ഗ്രിഡ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ 14-9-2019-ൽ പൂർത്തീകരിച്ചിട്ടുണ്ട്. അതോടെ തിരുവനന്തപുരത്തുനിന്നും തൃശ്ശൂർ വഴി പാലക്കാട്ടേക്കുള്ള 400 കെ.വി. ശൃംഖല പൂർത്തീകരിക്കാനായി. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന മാടക്കത്തറ-അരീക്കോട് 400 കെ.വി. ലൈനും കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ കരാർ നൽകിയ കാസർഗോഡ്-ഉടുപ്പി ലൈനും 400 കെ.വി. പവർ ഹൈവേയുടെ ഭാഗമായി വിഭാവനം ചെയ്തുവയാണ്. ഇതിൽ മാടക്കത്തറ മുതൽ മലാപ്പറമ്പ് വരെയുള്ള ഭാഗം പൂർത്തിയായിക്കഴിഞ്ഞു. ബാക്കിഭാഗം 2020-ഓടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുകൂടാതെ കാസർഗോഡുനിന്നും വായനാട്ടിലേയ്ക്ക് ഒരു 400 കെ.വി. ലൈനും പരിഗണനയിലുണ്ട്. ഇവയെല്ലാം ചേർന്ന പവർ ഹൈവേ പൂർത്തീകരിക്കുന്നതോടെ പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കാനാകുമെന്നാണ് കണക്കാക്കുന്നത്. കൂടാതെ, പരിധികളില്ലാതെ പുറമേനിന്നും ആവശ്യാനുസരണം വൈദ്യുതി എത്തിക്കുന്നതിനും പവർ ഹൈവേ പര്യാപ്തമാകുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഖാദി മേഖലയുടെ പുനരുദ്ധാരണം**

14 (*44) ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. സി. കൃഷ്ണൻ:

ശ്രീ. പി. ഉണ്ണി:

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഖാദി വസ്ത്രങ്ങളുടെ വിപണനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഖാദി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഖാദി തൊഴിലാളികൾക്കായി ഈ സർക്കാർ നടപ്പാക്കിയ ഇൻകം സപ്പോർട്ട് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപ്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വാർഷിക പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി നിലവിലുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയ

പദ്ധതികളും നടപ്പിലാക്കിവരുന്നു. പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി മൊത്തം പദ്ധതി ചെലവിന്റെ 25 ശതമാനം മുതൽ 40 ശതമാനംവരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമെ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു.

(ബി) ഖാദി ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടിയ വിൽപ്പനശാലകളുടെ നവീകരണം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യപ്രചരണം കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഖാദി തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേതനം 3-8-2018-ലെ സ.ഉ. (അച്ചടി) നമ്പർ 64/2018/തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയത് എസ്.ആർ.ഒ. നമ്പർ 543/2018 പ്രകാരം 6-9-2018-ൽ കേരള ഗസറ്റിൽ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പുതുക്കിയ മിനിമം വേതനം 1-8-2019 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമ്പത്തിക താങ്ങൽ പദ്ധതിക്കായി (ഇൻകം സപ്പോർട്ട് സ്കീം) ഖാദി & വില്ലേജ് ബോർഡിന് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക |
|---|---|
| 2016-2017 | 29,64,50,000 |
| 2017-2018 | 24,50,00,000 |
| 2018-2019 | 21,80,00,000 |
| 2019-2020 | 21,00,00,000<br>(7 കോടി + 14 കോടി) |

സംസ്ഥാന സർക്കാരിന്റെ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ലഭിക്കുന്ന

തുക പ്രയോജനപ്പെടുത്തിയാണ് ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കിവരുന്നത്. ഖാദി ബോർഡ് തൊഴിലാളികൾക്ക് നിലവിലുള്ള വേതന കുടിശ്ശിക പൂർണ്ണമായും നൽകിയിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള മിനിമം വേതനം തൊഴിലാളികൾക്ക് നൽകുന്നതിനായി പ്രതിവർഷം 55 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

## കോട്ടയം, കോലത്തുനാട് ലൈൻസ് പാക്കേജുകളിലെ എസ്റ്റിമേറ്റ്

15 (*45) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോട്ടയം, കോലത്തുനാട് ലൈൻസ് പാക്കേജുകളിലെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏതു ഷെഡ്യൂൾ ഓഫ് റേറ്റിന്റെ അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) ഡി.എസ്.ആർ.-ൽ പെടാത്ത വസ്തുക്കളുടെ എസ്റ്റിമേറ്റുകൾ സ്റ്റെർലൈറ്റും എൽ ആന്റ് ടി യും സമർപ്പിച്ച സ്പെഷ്യൽ റേറ്റ് വച്ചാണോ തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആണെങ്കിൽ ഇതിന്റെ കാരണം വെളിപ്പെടുത്താമോ;

(സി) സ്റ്റെർലൈറ്റും എൽ ആന്റ് ടി യും സമർപ്പിച്ച സ്പെഷ്യൽ റേറ്റ് ഉപയോഗിച്ചുണ്ടാക്കിയ എസ്റ്റിമേറ്റുകൾ ഡി.എസ്.ആർ. മാത്രം ഉപയോഗിച്ചുണ്ടാക്കുന്ന എസ്റ്റിമേറ്റ് തുകയേക്കാൾ അമ്പത് ശതമാനത്തിലധികം ഉയർന്ന നിരക്കിലാണ് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത എസ്റ്റിമേറ്റുകൾക്ക് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്):</u>

(എ) ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോട്ടയം, കോലത്തുനാട് ലൈൻസ് പാക്കേജുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രധാനമായും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള ട്രാൻസ്മിഷൻ cost data-യുടെ അടിസ്ഥാനത്തിൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (DSR) ഉപയോഗിച്ചാണ്. എന്നാൽ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ഘടകങ്ങളുടെ ഡാറ്റ കെ.എസ്.ഇ.ബി.

ലിമിറ്റഡിന്റെ cost data-യിലോ DSR-ലോ ലഭ്യമല്ലെങ്കിൽ അതിനായി പ്രാദേശികമായി അന്വേഷണം നടത്തി കമ്പോള നിരക്കുകളുടെ അടിസ്ഥാനത്തിലോ ഇതിനുമുമ്പോ നൽകിയിട്ടുള്ള സമാനമായ പ്രവൃത്തികളുടെ നിരക്കുകളുടെ അടിസ്ഥാനത്തിലോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന "ഒബ്സർവ്ഡ് ഡാറ്റ (observed data)-യും ഉപയോഗിക്കാറുണ്ട്. ഇത് Finance (Inspection Wing-Technical) വകുപ്പ് 19-9-2016-ൽ പുറത്തിറക്കിയ 78/2016/ധന. നമ്പർ സർക്കുലറിലെ ഖണ്ഡിക 8(c) പ്രകാരം അനുവദനീയമാണ്. സർക്കുലർ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ നൂതനമായ സാങ്കേതികവിദ്യ ഉപയോഗിച്ച് ആദ്യമായി നടത്തുന്ന നിർമ്മാണ പ്രവൃത്തികൾക്കായി മറ്റ് സംസ്ഥാനങ്ങളിലെ സമാന സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന ഡാറ്റയോ അല്ലെങ്കിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന ഒന്നിലധികം കമ്പനികളിൽനിന്നും ശേഖരിക്കുന്ന budgetary offer-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഡാറ്റയോ ഉപയോഗിക്കാറുണ്ട്. ഇതേരീതികൾ തന്നെയാണ് പ്രസ്തുത കോലത്തുനാട്, കോട്ടയം ലൈൻസ് പാക്കേജുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും അവലംബിച്ചിട്ടുള്ളത്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ cost data-യിലോ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (DSR)-ലോ പ്രതിപാദിച്ചിട്ടില്ലാത്ത വസ്തുക്കളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് സമാന സ്ഥാപനങ്ങളിൽ നിലവിലുള്ള ഡാറ്റയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ സാധനസാമഗ്രികളുടെ ഉൽപ്പാദകരിൽനിന്നോ പരിചയ സമ്പന്നരായ കരാറുകാരിൽനിന്നോ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലോ അതുമല്ലെങ്കിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് മുമ്പ് നൽകിയിട്ടുള്ള കരാറുകളുടെ നിരക്കുകളുടെ അടിസ്ഥാനത്തിലോ ആണ്. ഇതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലഭ്യമല്ലാത്ത സാധനസാമഗ്രികളുടെ വില കണക്കാക്കുന്നതിനായി നാലോളം കമ്പനികൾ ക്വാട്ട് ചെയ്ത റേറ്റും ബഡ്ജറ്ററി ഓഫറുകളും സ്വീകരിച്ചിട്ടുണ്ട്. നൂതനമായ സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു പ്രവൃത്തി ആദ്യമായി ചെയ്യുമ്പോൾ അതിനാവശ്യമായ ഡാറ്റ ലഭ്യമല്ലാത്തതാണ് ഇത്തരം സമീപനം സ്വീകരിക്കാൻ കാരണം.

(സി) ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (DSR) പ്രധാനമായി കെട്ടിടങ്ങൾ,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാലങ്ങൾ, റോഡുകൾ തുടങ്ങിയ കേന്ദ്രീകൃത സ്വഭാവമുള്ള സിവിൽ വർക്കുകൾക്ക് മാത്രമായുള്ളതാണ്. ട്രാൻസ്മിഷൻ ലൈനിന്റെ നിർമ്മാണം കിലോമീറ്ററുകൾ ദൈർഘ്യത്തിൽ പല ലൊക്കേഷനുകളിലായി ചിതറിക്കിടക്കുന്നതും സിവിൽ വർക്കുകൾക്ക് പുറമെ ഇലക്ട്രോ മെക്കാനിക്കൽ വർക്കുകൾ ഉൾപ്പെടുന്നതുമാണ്. ആയതിനാൽ ട്രാൻസ്മിഷൻ ലൈൻ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഡി.എസ്.ആർ. നിരക്കുകൾ മാത്രം ഉപയോഗിച്ച് തയ്യാറാക്കാൻ സാധിക്കുകയില്ല. Cost data-യിലോ DSR-ലോ ഉൾപ്പെടാത്ത ഇനങ്ങളുടെ നിരക്കുകൾ മുകളിൽ സൂചിപ്പിച്ചതുപോലെ ഇതര മാർഗ്ഗങ്ങളിൽ നിർണ്ണയിച്ചിരിക്കുന്നതിനാൽ അത്തരം താരതമ്യങ്ങൾക്ക് പ്രസക്തിയുമില്ല.

(ഡി) ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ ആരംഭത്തിൽത്തന്നെ തുടങ്ങാനിരുന്ന പദ്ധതികളുടെ ഒരു രൂപരേഖ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിരുന്നു. അതിൻപ്രകാരം ആദ്യ പദ്ധതികളുമായി മുന്നോട്ടുപോകുന്നതിന് കമ്മീഷൻ അനുമതി നൽകുകയും എല്ലാ പദ്ധതികളുടെയും വിശദമായ പദ്ധതി രേഖ തയ്യാറാക്കി ബഹുവർഷ താരിഫ് (Multiyear Tariff) നിർദ്ദേശങ്ങളുടെ ഭാഗമായി വാർഷിക വരവുചെലവ് കണക്കുകളിലുൾപ്പെടുത്തി കമ്മീഷന് സമർപ്പിക്കാനും നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ച പദ്ധതി രേഖയിന്മേൽ ഇതിനകം നിർമ്മാണം ആരംഭിച്ചുകഴിഞ്ഞ കോട്ടയം, കോലത്തുനാട് ലൈൻസ് പാക്കേജുകൾ അടക്കമുള്ള പദ്ധതികൾക്ക് താൽക്കാലിക അനുമതി നൽകിക്കൊണ്ട് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. പരിശോധനകൾക്കു ശേഷം അന്തിമ അനുമതി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വൈദ്യുതി അപകടങ്ങൾ ഒഴിവാക്കാൻ നടപടി

16 (*46) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ.രാജു എബ്രഹാം:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം

മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാലപ്പഴക്കം ചെന്ന പോസ്റ്റുകളും ലൈനുകളും അനുബന്ധ സാമഗ്രികളും യഥാസമയം മാറ്റി സ്ഥാപിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) വൈദ്യുതി അപകടങ്ങളിൽ പെട്ട് മരണമടയുന്നവരുടെ ആശ്രിതർക്ക് അർഹമായ നഷ്ടപരിഹാരം കാലതാമസം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി സുരക്ഷ കർശനമായി നടപ്പിലാക്കാനായി ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ സുരക്ഷാ വിഭാഗം ശക്തിപ്പെടുത്തുകയും സമ്പൂർണ്ണ സുരക്ഷാ വർഷം-2019 എന്ന പദ്ധതി പ്രകാരം വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു.

വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങളും സുരക്ഷാ സന്ദേശങ്ങളും വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചുവരുന്നു. കൂടാതെ കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയ ജനകീയ സംഘടനകളെ ഉൾപ്പെടുത്തി സംസ്ഥാനമൊട്ടാകെ വൈദ്യുതി സുരക്ഷാ ബോധവൽക്കരണ പരിപാടികൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു. മേയ് മാസം ആദ്യവാരം വൈദ്യുത സുരക്ഷാ വാരമായി ആചരിക്കുകയും ആയതിന്റെ ഭാഗമായി വൈദ്യുത സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ വൈദ്യുതി മേഖലയിൽ പ്രവർത്തിച്ചുവരുന്ന കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ, കോൺട്രാക്ടർ, വയർമാൻ എന്നിവർക്ക് വൈദ്യുത സുരക്ഷാ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ഇവർക്കുവേണ്ട ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വൈദ്യുത അപകട നിവാരണ സമിതി യോഗങ്ങൾ കൂടുകയും വൈദ്യുത അപടകങ്ങളെക്കുറിച്ച് അവലോകനം നടത്തുകയുംം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷൻ' പ്രകാരം 'ദ്യുതി 2021' പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കംചെന്ന ലൈനുകളും പോസ്റ്റുകളും മാറ്റിസ്ഥാപിക്കുന്നതിനും ഘട്ടംഘട്ടമായി എബിസി കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും സ്ഥാപിക്കുന്നതിനും നിർമ്മിക്കുന്ന

ലൈനുകളുടെ ഗുണമേന്മ പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും KSEBL അതീവ പ്രാധാന്യം നൽകുകയും അതുവഴി വൈദ്യുതി അപകടങ്ങൾ പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു.

(സി) KSEBL-നുവേണ്ടി ജോലി നോക്കുന്നതിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന സ്ഥിരം/കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള അർഹമായ നഷ്ടപരിഹാരവും KSEBL-ന്റെ പ്രതിഷ്ഠാപനത്തിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരമുള്ള ആശ്വാസ ധനസഹായവും അർഹത പരിശോധിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അർഹമെന്നുകണ്ടാൽ കാലതാമസം കൂടാതെ അനുവദിച്ചുവരുന്നുണ്ട്. എന്നാൽ രേഖകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസത്താലും വൈദ്യുതി അപകടങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർ നഷ്ടപരിഹാരത്തിനായി കോടതി വ്യവഹാരങ്ങളിൽ ഏർപ്പെടുന്നതും നഷ്ടപരിഹാരം/ആശ്വാസധനം അനുവദിക്കുന്നതിന് കാലതാമസത്തിന് ഇടയാക്കാറുണ്ട്. കൂടാതെ അനന്തരാവകാശികൾ തമ്മിലുള്ള തർക്കങ്ങളും ധനസഹായ വിതരണത്തിന് കാലതാമസമുണ്ടാക്കാറുണ്ട്.

അപകടമരണവുമായി ബന്ധപ്പെട്ട് പോലീസ് അധികാരികളിൽനിന്നും ലഭിക്കേണ്ട എഫ്.ഐ.ആർ., പ്രേതവിചാരണ റിപ്പോർട്ട്, പോസ്റ്റുമോർട്ടം റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിന് ഒരു മാസത്തോളവും അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 3 മുതൽ 5 മാസം വരെയും കാലതാമസമുണ്ടാകാറുള്ളതിനാൽ നഷ്ടപരിഹാരം/ആശ്വാസധനം അനുവദിക്കുന്ന നടപടിക്രമങ്ങളിലും കാലതാമസം നേരിടാറുണ്ട്. അപകടത്തിൽ മരിക്കുന്ന സ്ഥിരം/കരാർ ജീവനക്കാർക്ക് അനുവദിക്കേണ്ട നഷ്ടപരിഹാരത്തുക എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ കാര്യാലയം മുഖാന്തരം വിതരണം ചെയ്യേണ്ടതുള്ളതിനാൽ പ്രസ്തുത കാര്യാലയത്തിൽ പൂർത്തീകരിക്കേണ്ടുന്ന നിയമാനുസൃതമായ നടപടിക്രമങ്ങൾ കാരണവും നഷ്ടപരിഹാര വിതരണത്തിന് കാലതാമസമുണ്ടാകാറുണ്ട്.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

17 (*47) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ.വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതി സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് വീടുകൾ തെരഞ്ഞെടുത്തത് ഏതൊക്കെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് എന്നറിയിക്കുമോ;

(ഡി) ഏതൊക്കെ സോളാർ കമ്പനികൾക്കാണ് പദ്ധതിയുടെ കരാർ എന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര പദ്ധതിയായ ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ടിട്ടുള്ള ഒരു പദ്ധതിയാണ് 'സൗര'. മൂന്ന് വർഷംകൊണ്ട് സൗരോർജ്ജ ഉൽപ്പാദനത്തിൽനിന്നും 1000 മെഗാവാട്ട് അധികമായി ചേർക്കുന്ന 'സൗര' എന്ന പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ വീടുകളുടെ മേൽക്കൂരകളിൽ സോളാർ പാനൽ ഉപയോഗിച്ചുകൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയിൽ ആകെ 500 മെഗാവാട്ടാണ് ലക്ഷ്യമിടുന്നത്. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 278258 അപേക്ഷകളിൽനിന്നും ആദ്യഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്ത ഏകദേശം 42000 അപേക്ഷകരുടെ മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് 200 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ആദ്യഘട്ടത്തിന്റെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. സോളാർ പാനലുകൾ മേൽക്കൂരകളിൽ ഇതുവരെ സ്ഥാപിക്കാൻ തുടങ്ങിയിട്ടില്ല. അടുത്ത വർഷം ജനുവരിയോടുകൂടി സോളാർ പാനലുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിയായ സൗരയുടെ ആദ്യഘട്ടമായി ആകെ 200 മെഗാവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. അടുത്തവർഷം ജനുവരിയോടുകൂടി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുതുടങ്ങാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതിയായ സൗരയിൽ അപേക്ഷ നൽകിയ 2.78 ലക്ഷം അപേക്ഷകളിൽനിന്നും തെരഞ്ഞെടുത്ത ഉപഭോക്താക്കളുടെ പുരപ്പുറത്താണ് സോളാർ പാനൽ സ്ഥാപിക്കുന്നത്. മേൽക്കൂര സൗരോർജ്ജ പാനൽ സ്ഥാപിക്കാൻ അനുയോജ്യമാണോ, പ്രസ്തുത മേൽക്കൂരയിൽ

നിഴൽവീഴാതെ വൈദ്യുതി ഉൽപ്പാദനത്തിന് ആവശ്യമായ സൂര്യപ്രകാശം ലഭ്യമാണോ, ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് സൗകര്യമുണ്ടോ, നിലവിലുള്ള ചട്ടങ്ങൾക്ക് ബാധകമായി സൗരോർജ്ജ നിലയം വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കാനാകുമോ എന്നീ ഘടകങ്ങൾ മാനദണ്ഡമാക്കിയാണ് ആദ്യഘട്ടത്തിലേയ്ക്കുള്ള പുരപ്പുറങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) പദ്ധതി നടപ്പാക്കാനുള്ള ടെണ്ടർ അന്തിമ ഘട്ടത്തിലാണ്. കരാർ നൽകാനുള്ള കമ്പനികളെ നിശ്ചയിക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല.

## ക്വാറികളുടെ പ്രവർത്തനാനുമതി

18 (*48) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് മാനദണ്ഡങ്ങൾ പാലിക്കാതെ ക്വാറികൾക്ക് അനുമതി നല്കിയിട്ടുള്ളതായി വിജിലൻസ് വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രവർത്തനാനുമതി ലഭിച്ച പല ക്വാറികളും അനുവദിച്ചതിലേറെ സ്ഥലങ്ങളിൽ ഖനനം നടത്തുന്നതായി കണ്ടുപിടിച്ചിട്ടുണ്ടോ;

(സി) അനധികൃത ക്വാറി ഇടപാടുകൾ അവസാനിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചു മാത്രമേ മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും ക്വാറികൾക്ക് അനുമതി നൽകാറുള്ളൂ. എന്നാൽ 5-9-2019-ൽ സംസ്ഥാന വ്യാപകമായി വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഓപ്പറേഷൻ ഹണ്ട് (വേട്ട) എന്ന പേരിൽ മൈനിംഗ് & ജിയോളജി ഓഫീസുകളിലും സംസ്ഥാനത്തെ ക്വാറികളിലും നടത്തിയ മിന്നൽ പരിശോധനകളിൽ നിബന്ധനകൾ പാലിക്കാതെ

ചില ക്വാറികൾക്ക് അനുമതി നൽകിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) കണ്ടെത്തിയിട്ടുണ്ട്.

(സി) 1. അനധികൃത ക്വാറി പ്രവർത്തനം തടയുന്നതിനായി 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 108 പ്രകാരം കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

2. ലീസ്/പെർമിറ്റ് ഏരിയ ലംഘിച്ച് ഖനനം ചെയ്തെടുത്ത ധാതുവിന്റെ അളവ് കണക്കാക്കി കേരള മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരമുള്ള റോയൽറ്റിയും വിലയും ചേർത്ത് പിഴ ഈടാക്കുന്നുണ്ട്.

3. സ്ഫോടക വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. അനധികൃത ഖനനം നിയന്ത്രിക്കുന്നതിനായി സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തുന്നതിന് തഹസിൽദാർമാർക്കും ജില്ലാ ജിയോളജിസ്റ്റുമാർക്കും ജില്ലാ പോലീസ് മേധാവിമാർക്കും ജില്ലാ കളക്ടർമാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

5. സർക്കാർ ഭൂമിയിൽ അനധികൃത ഖനനം നടത്തിയിട്ടുണ്ടെങ്കിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും അനധികൃതമായി നീക്കംചെയ്ത ധാതുക്കളുടെ അളവ് കണക്കാക്കി റോയൽറ്റി, സിനിയറേജ് എന്നിവ പിഴ സഹിതം ഈടാക്കുന്നതിനും 1957-ലെ കേരള ഭൂസംരക്ഷണ നിയമം, 2015-ലെ കെ.എം.എം.സി. ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. അനധികൃത ക്വാറികളുടെ പ്രവർത്തനങ്ങൾ തടയുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള നിയമാനുസൃത നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സ്വീകരിച്ചുവരുന്നുണ്ട്.

## കിഫ്ബി, കണ്ണൂർ എയർപോർട്ട് എന്നിവയിലെ ഓഡിറ്റ്

19 (*49) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ഡോ. എം. കെ. മുനീർ:

ശ്രീ. കെ. എം. ഷാജി:

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെയും കണ്ണൂർ എയർപോർട്ടിന്റെയും കണക്കുകൾ സി. ആന്റ്

എ.ജി. സമഗ്ര ഓഡിറ്റ് നടത്തിയാൽ അത് നിക്ഷേപകർക്ക് തെറ്റായ സന്ദേശം നൽകുമെന്ന് കരുതുന്നുണ്ടോ;

(ബി) നിലവിൽ പ്രസ്തുത സ്ഥാപനങ്ങളിലെ ഓഡിറ്റ് എപ്രകാരമാണ് നടക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് സി. ആന്റ് എ.ജി. മുഖേന സമഗ്രമായ ഓഡിറ്റ് നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കിഫ്ബിയുടെ എല്ലാ വരവുചെലവ് കണക്കുകളും സമ്പൂർണ്ണ സി.&എ.ജി. ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ടുതവണ പ്രസ്തുത ഓഡിറ്റ് നടന്നിട്ടുള്ളതുമാണ്. കണക്കുകൾ സി.&എ.ജി. സമഗ്ര ഓഡിറ്റ് നടത്തിയാൽ അത് നിക്ഷേപകർക്ക് തെറ്റായ സന്ദേശം നൽകുമെന്ന് കരുതുന്നില്ല. സെക്ഷൻ 14(1) പ്രകാരമുള്ള സമഗ്ര ഓഡിറ്റ് നടത്താവുന്നതാണെന്ന് സി.&എ.ജി. അറിയിച്ചിരുന്നു. ഇപ്രകാരമുള്ള സമഗ്ര ഓഡിറ്റിനായി രണ്ട് തവണ സി.&എ.ജി. കിഫ്ബിയിൽ വരികയുണ്ടായി. എന്നാൽ ആക്ട് അനുശാസിക്കുന്ന സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ നിലനിൽക്കെ ആ ചുമതല സമാന്തരമായി നിർമ്മിക്കപ്പെടുന്നതും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും നിക്ഷേപകരിൽ ആശങ്കകൾ സൃഷ്ടിച്ചേക്കാമെന്നാണ് സി.&എ.ജി.-യെ അറിയിച്ചത്. സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റിന് നിയമപരമായി ഒരു ഓഡിറ്റിംഗ് പരിമിതിയുമില്ല.

(ബി) 1. കിഫ്ബി സി.&എ.ജി.-യുടെ സമ്പൂർണ്ണ ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ടുതവണ പ്രസ്തുത ഓഡിറ്റ് നടന്നിട്ടുണ്ട്.

2. കിഫ് ആക്ട് അനുശാസിക്കും പ്രകാരം സർക്കാർ നിയമിച്ച ഒരു സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് നടന്നുവരുന്നു. കൂടാതെ നിക്ഷേപകരുടെ താൽപ്പര്യം കണക്കിലെടുത്ത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററേയും പീർ റിവ്യൂ ഓഡിറ്ററേയും നിയമിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്താനുള്ള നടപടികളും പുരോഗമിക്കുന്നു.

(സി) കിഫ്ബിയുടെ എല്ലാ വരവുചെലവ് കണക്കുകളും സി.&എ.ജി. ഓഡിറ്റിന് വിധേയമാണ്. CAG-DPC ACT Section 14(1) പ്രകാരം സി.&എ.ജി.-ക്ക് കിഫ്ബിയിലുള്ള ഓഡിറ്റ് അധികാരത്തിന് ഒരുതരത്തിലുള്ള പരിമിതിയും ഇല്ലാത്തതും ഓഡിറ്റ് സുഗമമായി നടന്നിട്ടുള്ളതുമാണ്. കിഫ്ബി അതിന്റെ അല്ലാ പ്രവർത്തികളിലും സുതാര്യത പുലർത്തുന്ന ഒരു സ്ഥാപനമാണ്.

പദ്ധതികളുടെ അവലോകനം മുതൽ അവയുടെ നിർവ്വഹണത്തിനായുള്ള ഫണ്ട് വിതരണം വരെ കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളെയും സംബന്ധിച്ച തത്സമയ വിവരങ്ങൾ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട കരാറുകാർക്കും പരിശോധിക്കാവുന്ന തലത്തിലുള്ള സംവിധാനം കിഫ്ബിയിൽ നിലവിലുണ്ട്. ഇന്ത്യൻ ഭരണഘടന പ്രകാരം പരമോന്നത ഓഡിറ്റിംഗ് സ്ഥാപനം എന്ന നിലയിൽ കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സെക്ഷൻ 14(1) പ്രകാരം സി.&എ.ജി.-ക്കുണ്ട്. സെക്ഷൻ 14(1) പ്രകാരം ഓഡിറ്റ് നടത്താവുന്നതാണെന്ന് സി.&എ.ജി.-യെ അറിയിക്കുകയും അതിൻപ്രകാരം ഓഡിറ്റ് നടക്കുകയും ചെയ്തിരുന്നു.

## കിഫ്ബി പദ്ധതികളുടെ നിർവ്വഹണം

20 (*50) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജകമണ്ഡലത്തിലും അഞ്ഞൂറ് കോടിയോളം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന കിഫ്ബി പദ്ധതികളുടെ ആവിഷ്കരണത്തിലോ നടത്തിപ്പിലോ യാതൊരു പരാതിയും ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ അവയ്ക്കെതിരെ ആക്ഷേപം ഉന്നയിക്കുന്നത് വികസന പ്രവർത്തനത്തെ ദുർബലപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണെന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) പ്രഖ്യാപിത ലക്ഷ്യാനുസരണം പദ്ധതികൾ വിശദമായി പരിശോധിച്ച് അംഗീകാരം നൽകിയ അത്ര കാര്യക്ഷമതയോടെ നിർവ്വഹണം കൂടി സാധ്യമാക്കുന്നതിന് പ്രത്യേകോദ്ദേശ്യ സ്ഥാപനങ്ങളുടെ നിർവ്വഹണശേഷി വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുണ്ടാകുമോ;

(സി) കിഫ്ബിയിലെ ധനകാര്യ-ഭരണ വിഭാഗം, പദ്ധതി അവലോകന വിഭാഗം, ഇൻസ്പെക്ഷൻ അതോറിറ്റി എന്നിവയുടെ പ്രവർത്തനം വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസമാഹരണം ബഡ്ജറ്റിനു പുറമെനിന്നും കണ്ടെത്തുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിന് കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). എല്ലാ നിയോജകമണ്ഡലത്തിനും പ്രാധാന്യം

നൽകിക്കൊണ്ട് നാളിതുവരെ 45,619.10 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി അവലോകന വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നിരന്തരമായി നടത്തിവരുന്നു. ഇതുവഴി പദ്ധതികൾക്ക് കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡങ്ങളും ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്താൻ സാധിക്കുന്നു. ഇതിനുപുറമെ, നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടുകൂടി സാങ്കേതിക പരിശോധനാ വിഭാഗം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തിവരികയും ചെയ്യുന്നു. കിഫ്ബിയുടെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും പൊതുജനങ്ങളുടെയിടയിൽ പരമാവധി എത്തിക്കാനും ഇവ സംബന്ധിക്കുന്ന ആശങ്കകൾ ഏതെങ്കിലും ഉണ്ടാകുന്നപക്ഷം അവ ഫലപ്രദമായി ദൂരീകരിക്കുന്നതിനുമുള്ള നടപടികൾ എല്ലാ ഘട്ടത്തിലും കിഫ്ബി സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ വിവിധ വിഭാഗങ്ങളുടെ ക്രിയാത്മകമായ രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി മുന്നോട്ടുപോകുന്നത്. അതിനാൽ ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ യാതൊരു വിധത്തിലും നിലനിൽക്കാറില്ല, കിഫ്ബിയുടെ പ്രവർത്തനത്തെ ദുർബ്ബലപ്പെടുത്തുന്നുമില്ല.

(ബി) പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നതുകൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ തുടങ്ങുന്നതിനായി കിഫ് ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ ധനകാര്യ വകുപ്പാണ് കിഫ്ബിയുടെ ധനകാര്യ-ഭരണ വിഭാഗത്തിന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. കിഫ്ബിയുടെ ഭരണപരവും ധനസമാഹരണ/വിനിയോഗപരവുമായ തീരുമാനങ്ങൾ സ്വീകരിക്കുകയും അവ നടപ്പിലാക്കുകയുമാണ് ധനകാര്യ-ഭരണ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ.

2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്ട് 17 എ വകുപ്പ് പ്രകാരം പരിശോധന അധികാരസ്ഥാപനങ്ങളെ നിയമിക്കുന്നതിനും

കിഫ്ബി അംഗീകരിച്ച് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിലെ ഭരണപരമായ സുതാര്യതയും കൃത്യതയും ഭൗതിക പുരോഗതിയും വിലയിരുത്തുന്നതിനും കിഫ്ബിയിൽ പരിശോധനാ വിഭാഗം നിലവിലുണ്ട്. ഇതിൽ സാങ്കേതിക പരിശോധനാ വിഭാഗവും ഭരണ പരിശോധനാ വിഭാഗവും ഉൾപ്പെടുന്നു. ഇൻസ്പെക്ഷൻ അതോറിറ്റിക്ക്, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം (AIW), ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം (TIW) എന്നീ രണ്ട് ഉപവിഭാഗങ്ങളുണ്ട്.

<u>ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ</u>

പദ്ധതിയുടെ രൂപകൽപ്പന, എഞ്ചിനീയറിംഗ്, കരാർ, ആസൂത്രണത്തിലെയും നടത്തിപ്പിലെയും ഗുണനിലവാര പരിശോധന എന്നിവയൊക്കെയാണ് ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ചുമതലകൾ. ഈ വിഭാഗം യഥാസമയങ്ങളിൽ നടത്തിവരുന്ന ഇൻസ്പെക്ഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ സഹായകമാകുന്നു. ഒപ്പം നിർമ്മാണ ചെലവിനനുവദിച്ച തുകയുടെ കൃത്യമായ വിനിയോഗത്തിനും ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സഹായകമാകുന്നു.

<u>അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ</u>

ഭരണ പരിശോധനാ വിഭാഗം കൃത്യമായ ഇടവേളകളിൽ പദ്ധതി നിർവ്വഹണ ഏജൻസികളിൽ പരിശോധന നടത്തിവരുന്നുണ്ട്. കിഫ്ബി പ്രോജക്റ്റിന് അംഗീകാരം നൽകിയപ്പോൾ മുന്നോട്ടുവച്ച നിബന്ധനകൾ, സാങ്കേതിക അനുമതി, ടെണ്ടർ നിബന്ധനകൾ, സ്റ്റാറ്റ്യൂട്ടറി പെർമിറ്റുകൾ, ടെണ്ടർ നടപടികൾ, കരാർ അനുമതി, കരാർ ഉടമ്പടി തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും നിലവിലെ നിയമങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധന നടത്തിവരുന്നു. അതോടൊപ്പം പ്രവൃത്തികളുടെ നിശ്ചയിക്കപ്പെട്ട സമയക്രമം പാലിക്കപ്പെടുന്നുവോ എന്നും പരിശോധിക്കാറുണ്ട്.

<u>കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ</u>

ഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഭരണാനുമതിക്കനുസൃതമായി നിർദ്ദിഷ്ട പദ്ധതി നിർവ്വഹണ ഏജൻസികൾ തയ്യാറാക്കിയ പദ്ധതി റിപ്പോർട്ടുകൾ സ്വീകരിക്കുക, പദ്ധതി റിപ്പോർട്ടുകളിന്മേൽ അവലോകനം നടത്തുക, കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയ്ക്ക് സമർപ്പിക്കാനുതകുന്ന പദ്ധതി റിപ്പോർട്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകുക, കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകിയ പദ്ധതികളിന്മേൽ പദ്ധതി നിർവ്വഹണ

ഏജൻസികൾ സ്വീകരിക്കുന്ന നടപടികൾ (സാങ്കേതികാനുമതി, വർക്ക് ബ്രേക്ക്ഡൗൺ സ്ട്രക്ചർ, ടെണ്ടർ, പദ്ധതി നിർവ്വഹണം) എന്നിവ നിരീക്ഷിക്കുകയും പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകന യോഗങ്ങൾ നടത്തുകയും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതി നിർവ്വഹണത്തിനിടയിൽ വരുന്ന പുതുക്കിയ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുക, ഘട്ടംഘട്ടമായി സമർപ്പിക്കപ്പെടുന്ന ബില്ലുകൾ പരിശോധിച്ച് പേമെന്റ് നൽകുന്നതിനായി ശിപാർശ ചെയ്യുക എന്നിവയാണ് പദ്ധതി അവലോകന വിഭാഗത്തിന്റെ മറ്റ് പ്രധാന പ്രവർത്തനങ്ങൾ.

**സംസ്ഥാന വികസനത്തിൽ കിഫ്ബി വഹിക്കുന്ന പങ്ക്**

21 (*51) ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. കെ. ശശി:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് സംജാതമായിട്ടുള്ള സാമ്പത്തിക മാന്ദ്യത്തിന്റെ സാഹചര്യത്തിലും സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിനും വികസനം സാധ്യമാക്കുന്നതിനും കിഫ്ബി വഹിക്കുന്ന പങ്ക് വിശദമാക്കാമോ;

(ബി) പ്രവർത്തന മികവും സുതാര്യതയും അന്താരാഷ്ട്ര നിലവാരം പുലർത്തിയതുവഴി പൊതു വിപണിയിൽ നിന്ന് ധനസമാഹരണം സാധ്യമാകുംവിധം മികച്ച റേറ്റിംഗ് രണ്ടാം വർഷവും കൈവരിക്കാൻ കിഫ്ബിക്ക് സാധിച്ചിട്ടുണ്ടോ;

(സി) കഴിഞ്ഞ സർക്കാറിന്റെ അഴിമതി മറയ്ക്കുന്നതിനായി കിഫ്ബിക്കെതിരെ വ്യാജാരോപണങ്ങൾ ഉയർത്തുന്നവർ കിഫ്ബി വഴി നടപ്പാക്കുന്ന ഏതെങ്കിലും പദ്ധതി അനുവദിച്ചതിലോ പ്രാവർത്തികമാക്കുന്നതിലോ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് തുക അനുവദിക്കുന്നതുൾപ്പെടെ അടിസ്ഥാന സൗകര്യമേഖലയിലും വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യുതിവിതരണം തുടങ്ങിയ സാമൂഹ്യ സേവന മേഖലകളിലും സംസ്ഥാനം രാജ്യത്ത് പ്രഥമ സ്ഥാനം കരസ്ഥമാക്കുന്നതിൽ കിഫ്ബി വഹിച്ച പങ്ക് വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് 2016-ലെ ബഡ്ജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. കിഫ് ആക്ട് നിഷ്കർഷിക്കുന്നതും റിസർവ് ബാങ്ക്, സെബി എന്നീ നിയന്ത്രിത ഏജൻസികൾ അംഗീകരിച്ചതുമായ വിവിധ ധനോപാധികളിലൂടെ ഒരു കൺട്രോൾഡ് ലെവറേജ് മാതൃകയെ അടിസ്ഥാനപ്പെടുത്തിയാണ് കിഫ്ബി പദ്ധതികൾക്കായുള്ള ധനസമാഹരണം നടത്തുന്നത്. ഇത്തരത്തിലുള്ള വികസന പ്രവർത്തനരീതി മാന്ദ്യകാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ നടപ്പിലാക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ 50000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്.

(ബി) കിഫ്ബി മുന്നോട്ടുവച്ച നൂതനമായ സാമ്പത്തിക ആശയം ഇതിനോടകംതന്നെ ദേശീയ അന്തർദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെട്ടതും നിക്ഷേപക സമൂഹം അംഗീകരിച്ചതുമാണ്. ചുരുങ്ങിയ കാലയളവിൽത്തന്നെ പ്രശംസനീയമായ നേട്ടങ്ങൾ കിഫ്ബി കൈവരിച്ചിട്ടുണ്ട്. കിഫ്ബിയുടെ സംവിധാനങ്ങളുടെ മികവും ഉയർന്ന പ്രവർത്തന നിലവാരവും കണക്കിലെടുത്താണ് അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ 'BB-സ്റ്റേബിൾ ഔട്ട്‌ലുക്ക്' എന്ന റേറ്റിംഗ് കിഫ്ബിക്ക് നൽകിയത്. ഒരു വർഷം കഴിഞ്ഞ് നടത്തിയ വാർഷിക പുനരവലോകനത്തിനുശേഷവും ഈ ഏജൻസികൾ അതേ റേറ്റിംഗ് നിലനിർത്തിയിട്ടുണ്ട്.

(സി) ആക്ഷേപങ്ങളുയർന്ന വേളയിലെല്ലാംതന്നെ വസ്തുതകൾ നിരത്തിയുള്ള മറുപടികൾ നൽകാനും അവ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമൂഹമാദ്ധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ ഉപാധികൾ ഉപയോഗിച്ച് നടത്തിയ ഈ പ്രവർത്തനങ്ങൾ ആക്ഷേപങ്ങൾ സംബന്ധിച്ച യാഥാർത്ഥ്യം പൊതുസമൂഹത്തിനുമുന്നിൽ ഉടനടി ഫലപ്രദമായി എത്തിക്കുന്നതിന് സഹായകമായി. കിഫ്ബിയുടെ പദ്ധതികളെല്ലാംതന്നെ എല്ലാ ഘട്ടത്തിലും കൃത്യമായ സാങ്കേതിക പരിശോധനകൾക്ക് വിധേയമാകുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിലുള്ള പോരായ്മകൾ എല്ലാ ഘട്ടത്തിലും ബന്ധപ്പെട്ട ഏജൻസികളെ അറിയിക്കുകയും അവ തിരുത്തപ്പെടാത്തപക്ഷം പദ്ധതി പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാനും നിർദ്ദേശിക്കാറുണ്ട്. ഇത്തരത്തിൽ നിലവിൽ 12 പദ്ധതികൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(ഡി) കേരളത്തിലെ ദേശീയപാത വികസന പദ്ധതികളിൽ ഭൂമി ഏറ്റെടുപ്പ് പ്രവൃത്തികൾക്കായുള്ള ധനലഭ്യത ഒരു വിലങ്ങുതടിയാകുകയും ഇത് പദ്ധതി നിർവ്വഹണത്തിൽ ക്രമാതീതമായ കാലവിളംബമുണ്ടാക്കുകയും ചെയ്ത സാഹചര്യത്തിലാണ് കിഫ്ബിയുടെ ധനസഹായംകൂടി ഉൾപ്പെടുത്താനുള്ള സാദ്ധ്യതകൾ തേടിയത്. ഇത്തരത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കലിനായി വേണ്ടിവരുന്ന തുകയുടെ 25 ശതമാനം കിഫ്ബി മുഖേന വഹിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയായിരുന്നു. കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിന് ഇതൊരു സുപ്രധാന പങ്കുവഹിക്കും. സാമൂഹ്യ സേവന മേഖലകളിൽ ഏറ്റവും മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യുതീകരണം എന്നീ മേഖലകളിലെ 141 പദ്ധതികളിലേയ്ക്കായി 9835.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സാമൂഹിക നിലവാര സൂചികകളിൽ തുടർന്നും മെച്ചപ്പെട്ട നില ഉറപ്പുവരുത്താൻ കേരളത്തിന് കിഫ്ബി മുഖേനയുള്ള പ്രവർത്തനങ്ങൾ സഹായകമാകും എന്നതിൽ സംശയമില്ല.

## കേരള ബാങ്ക് രൂപീകരണ വ്യവസ്ഥകൾ

22 (*52) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന് ആർ.ബി.ഐ തത്വത്തിൽ അംഗീകാരം നൽകിയപ്പോൾ നിർദ്ദേശിച്ച വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) ലൈസൻസിംഗ് അതോറിറ്റിയായ ആർ.ബി.ഐ. നൽകിയ നിർദ്ദേശങ്ങൾ മറികടക്കുവാൻ സഹകരണ നിയമത്തിൽ എന്തെങ്കിലും ഭേദഗതി കൊണ്ടുവന്നിരുന്നോ; വിശദാംശം നൽകുമോ;

(ഡി) ഈ ഭേദഗതിയെ ചോദ്യം ചെയ്തുകൊണ്ട് കേരള ഹൈക്കോടതിയിൽ

പെറ്റീഷനുകൾ നിലവിലുള്ളതായി അറിവുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട കേസുകളിലെ കോടതി വിധിക്ക് വിധേയമായിട്ടാണോ കേരള ബാങ്ക് രൂപീകരണത്തിന് ആർ.ബി.ഐ. അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ)

1. കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ചുവേണം ലയനം നടത്തേണ്ടത്.
2. ലയനത്തെ സ്റ്റേ ചെയ്തുകൊണ്ടോ നിരോധിച്ചുകൊണ്ടോ കോടതി വിധികളൊന്നുമില്ലെന്ന് സർക്കാർ ഉറപ്പുവരുത്തണം.
3. സംസ്ഥാന സഹകരണ ബാങ്ക് ഒരു ലയന പദ്ധതി തയ്യാറാക്കി അത് ജില്ലാ സഹകരണ ബാങ്കുകൾ അംഗങ്ങളുടെ മുമ്പാകെ അവതരിപ്പിക്കണം.
4. ജനറൽ ബോഡി മുമ്പാകെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം അവതരിപ്പിച്ച് പാസ്സാക്കണം.
5. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സർക്കാരും തമ്മിൽ MoU ഒപ്പുവയ്ക്കണം. ഭരണ സമിതി, മാനേജ്മെന്റ് ഘടന, മനുഷ്യ വിഭവശേഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ആസ്തി ബാദ്ധ്യതകളുടെ കൈമാറ്റം എന്നിവയാണ് MoU-ൽ വരേണ്ടത്.
6. ലയനശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തതയും നെറ്റ്‌വർത്തും RBI മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണം.
7. ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന്റെ ബാലൻസ് ഷീറ്റ് എല്ലാവിധ നിയമപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ശേഷിയുള്ളതും ജനങ്ങൾക്ക് എല്ലാവിധ സേവനങ്ങൾ നൽകുന്നതിന് അനുമതി തേടാൻ പര്യാപ്തമായതുമായിരിക്കണം.
8. ക്രമരഹിത ഇടപാടുകളിലൂടെ ആസ്തികൾ നിഷ്ക്രിയമായിട്ടുണ്ടെങ്കിൽ മുഴുവൻ തുകയ്ക്കും കരുതൽ സൂക്ഷിക്കണം.

9. ആസ്തി ബാദ്ധ്യതകളുടെ വാല്യുവേഷൻ നടത്തുകയും നഷ്ട ആസ്തികൾക്ക് പൂർണ്ണമായും കരുതൽ സൂക്ഷിക്കുകയും വേണം.

10. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് കസ്റ്റമേഴ്സിനെ അറിയിച്ചിരിക്കണം.

11. ലയനശേഷം എല്ലാ ജില്ലാ ബാങ്കിലേയും ഉപഭോക്താക്കൾക്കും വേസനം നൽകാൻ കഴിയും വിധമുള്ള മികച്ച സോഫ്റ്റ്‌വെയർ സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായിരിക്കണം.

12. നിശ്ചിത സമയത്തിനകം മൈഗ്രേഷൻ ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം.

13. സംസ്ഥാന സഹകരണ ബാങ്കിന്റെ സി.ഇ.ഒ. നിയമനം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഫിറ്റ് & പ്രോപ്പർ മാനദണ്ഡങ്ങൾ പാലിച്ചാകണം. ഭരണ സമിതിയിൽ ചുരുങ്ങിയത് 2 പ്രൊഫഷണൽ ഡയറക്ടർമാരുണ്ടാകണം.

14. ലയനശേഷം സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശിച്ച രീതിയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് റിസർവ് ബാങ്കുമായി ചർച്ച ചെയ്ത് രൂപീകരിക്കണം. അതിനായി, ഉചിതമായ ഭേദഗതികൾ കേരള സഹകരണ നിയമത്തിൽ വരുത്തണം.

15. ലയനശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് തുടരും. ജില്ലാ ബാങ്കുകളുടെ നിലവിലുള്ള ശാഖകൾ സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളായി മാറും. തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ഈ ശാഖകളുടെ ലൈസൻസിനായി ആർ.ബി.ഐ.-ക്ക് അപേക്ഷ നൽകണം. ആർ.ബി.ഐ.-യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാനാകൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് ആർ.ബി.ഐ.-ക്ക് സറണ്ടർ ചെയ്യണം.

16. ലയന പദ്ധതിക്കായി സംസ്ഥാന സഹകരണ ബാങ്കിന് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ (DICGC) ക്ലിയറൻസ് കിട്ടണം.

17. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ അത് ഘട്ടംഘട്ടമായി

പിൻവലിച്ചിരിക്കണം.

18. ബാങ്ക് എന്ന പദം ഉപയോഗിച്ചുകൊണ്ട് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാട്ടുള്ളതല്ല.

19. മേൽവ്യവസ്ഥകൾ പാലിച്ചതിനുശേഷം സംസ്ഥാന സഹകരണ ബാങ്ക് അന്തിമ അനുമതിക്കായി നബാർഡ് മാഖാന്തരം റിസർവ് ബാങ്കിനെ സമീപിക്കണം.

(ബി) ലയനത്തിനുമുമ്പ് പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് റിസർവ് ബാങ്കിന് അന്തിമാനുമതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നതും റിസർവ് ബാങ്ക് അന്തിമാനുമതി നൽകിയിട്ടുമുണ്ട്.

(സി) ആർ.ബി.ഐ. നൽകിയ നിർദ്ദേശങ്ങൾ മറികടക്കുന്നതിനുവേണ്ടി സഹകരണ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടില്ല. ലയന നടപടികൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ആക്ട് 1/2019 ഭേദഗതി നിയമം പാസ്സാക്കിയിരുന്നു.

(ഡി & ഇ) കേരള ബാങ്കുമായി ബന്ധപ്പെട്ട് നിലവിൽ 21 റിട്ട് ഹർജികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള വകുപ്പ് 14A-യുമായി ബന്ധപ്പെട്ട കേസുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കാൻ ആർ.ബി.ഐ. അനുമതി തന്നിട്ടുള്ളത്.

## വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടപടി

23 (*53) <u>ശ്രീ. വി. അബ്ദുറഹിമാൻ:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പത്ത് കോടി രൂപ വരെ മുതൽമുടക്കുള്ള വ്യവസായങ്ങൾ തുടങ്ങാൻ മുൻകൂർ ലൈസൻസോ പെർമിറ്റോ ആവശ്യമില്ലെന്നും അത് മൂന്ന് വർഷത്തിനുള്ളിൽ നേടിയാൽ മതിയെന്നും തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായ വകുപ്പിലെ സേവനങ്ങൾ മുഴുവൻ ഏകജാലകമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; നിക്ഷേപ പ്രോത്സാഹന ബ്യൂറോ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി വഴി നടത്തുന്ന പ്രവർത്തനങ്ങൾ, വ്യവസായ ഇടനാഴിക്ക് ലഭിച്ച അംഗീകാരം, ദുബായിൽ വച്ച് നടന്ന സംരംഭക കൂട്ടായ്മ എന്നിങ്ങനെ നിക്ഷേപകരെ ആകർഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപ്പെടാത്തതും 10 കോടി രൂപവരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയ വ്യവസായ സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാകുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ എന്നിവയ്ക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്.

10 കോടി രൂപയ്ക്ക് മുകളിലുള്ള മൂലധന നിക്ഷേപമുള്ള എല്ലാ വ്യവസായങ്ങൾക്കും അംഗീകാരങ്ങൾ അതിവേഗം നൽകുന്നതിനായി നിയമനിർമ്മാണം നടത്താനുള്ള പരിശ്രമങ്ങൾ തുടർന്നുവരുന്നു.

(സി) വ്യവസായ അടിസ്ഥാന വികസനത്തിനായി കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ എറണാകുളത്തെ പെട്രോകെമിക്കൽ പാർക്ക് (1264 കോടി

രൂപ), തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക് - Phase-II (301.17 കോടി രൂപ), പാലക്കാട്, കണ്ണൂർ ജില്ലകളിൽ വ്യവസായ അടിസ്ഥാന വികസനം - ഭൂമി ഏറ്റെടുക്കൽ (12710 കോടി രൂപ) എന്നിവയാണ്.

സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് എറണാകുളം മുതൽ കോയമ്പത്തൂർ വരെയുള്ള എറണാകുളം-കോയമ്പത്തൂർ ദേശീയപാതയിൽ ഉൾപ്പെടുന്ന ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഒരു വ്യവസായ ഇടനാഴി (കൊച്ചി-ബാംഗ്ലൂർ) സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരം എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങളുടെ ബാദ്ധ്യതകൾ ഏറ്റെടുത്ത നടപടി**

24 (*54) <u>ശ്രീ. എം. ഉമ്മർ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളുടെ ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ തുക വായ്പയായിട്ടാണോ നൽകിയിരിക്കുന്നതെന്നും തുക ഈടാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. കടകംപള്ളി സുരേന്ദ്രൻ):</u>

(എ&ബി) കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് (കേരള ബാങ്ക്) രൂപീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായി 31-12-2018-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 728/2018/സഹ. നമ്പർ ഉത്തരവുപ്രകാരം റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്

എന്നീ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിലെ കുടിശ്ശിക വായ്പ തീർപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ പദ്ധതി പ്രകാരം 306.75 കോടി രൂപ (മാർക്കറ്റ് ഫെഡ് - 27.01 കോടി രൂപ, റബ്ബർമാർക്ക് - 41.39 കോടി രൂപ, റബ്കോ - 238.35 കോടി രൂപ) കേരള സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കുമായി അനുവദിച്ചിട്ടുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിലേയ്ക്കായി അനുവദിച്ച തുക റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്കുള്ള സർക്കാർ വായ്പയായിട്ടാണ് അനുവദിച്ചിട്ടുള്ളത്. ടി സ്ഥാപനങ്ങളിൽനിന്നും വായ്പാത്തുക ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയ ധാരണാപത്രം റബ്കോ, റബ്ബർമാർക്ക് എന്നീ സഹകരണ സ്ഥാപനങ്ങളും സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവരുമായി 2-9-2019-ൽ ഒപ്പുവച്ചിട്ടുണ്ട്.

## കേരള ബാങ്കിന്റെ വികസന ലക്ഷ്യങ്ങൾ

25 (*55) <u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u>
<u>ശ്രീ. എ. പ്രദീപ്കുമാർ:</u>
<u>ശ്രീമതി പി. അയിഷാ പോറ്റി:</u>
<u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ വികസന ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) സഹകരണ മേഖലയെ സംസ്ഥാന വികസനത്തിന്റെ ചാലകശക്തിയാക്കുന്ന വിധത്തിലാണോ കേരള ബാങ്കിന്റെ പ്രവർത്തനം വിഭാവനം ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) കുത്തകകളുടെ താല്പര്യാർത്ഥം പൊതുമേഖലാ ബാങ്കുകളുടെ ഘടന അഴിച്ച് പണിതുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുത്തൻ സാമ്പത്തിക നയങ്ങൾക്കുള്ള ബദലായി പ്രവാസികൾ ഉൾപ്പെടെയുള്ള സാധാരണക്കാരുടെയും യുവജനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമാകുംവിധം താഴെത്തട്ടിൽ വരെയുള്ള സഹകരണ സംഘങ്ങളെക്കൂടി ബന്ധിപ്പിക്കുന്ന ആധുനീകരണം ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ&ബി) ആധുനിക ബാങ്കിംഗ് സേവനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുക, പ്രാഥമിക സഹകരണ സംഘങ്ങളെ ശാക്തീകരിക്കുക, കേരള ജനതയുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുക, കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന ഒരു ചാലക ശക്തിയായി പുതിയ ബാങ്കിനെ മാറ്റുക എന്നീ ലക്ഷ്യങ്ങളാണുള്ളത്.

(സി) ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ ചെലവിലും സൗജന്യമായും സാധാരണക്കാരിലുൾപ്പെടെ എല്ലാ ജനവിഭാഗങ്ങൾക്കും കേരള ബാങ്കിലെ അംഗ സഹകരണ സംഘങ്ങളിലൂടെ ലഭ്യമാക്കുന്നതിന് കഴിയുംവിധമാണ് കേരള ബാങ്ക് വിഭാവനം ചെയ്യുന്നത്. കേരള ബാങ്ക് രൂപീകരണത്തോടെ വായ്പ ഘടന നിലവിലെ ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറും. സാങ്കേതികമായും സാമ്പത്തികമായും ഘടനാപരമായും സംഘങ്ങൾക്കും കർഷകർക്കും സാധാരണക്കാർക്കും ഗുണകരമാകുന്നതാണ്.

## വ്യവസായവൽക്കരണം ത്വരിതപ്പെടുത്താൻ നടപടി

26(*56) ശ്രീ. പി. ഉണ്ണി:
ശ്രീ. എസ്. ശർമ്മ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയോട് ചേർന്നുള്ള പ്രദേശങ്ങളിൽ സ്വകാര്യ മൂലധനം കൂടി ഉപയോഗപ്പെടുത്തി വ്യവസായ പാർക്കുകളും വ്യവസായശാലകളും സ്ഥാപിച്ച് വ്യവസായവത്ക്കരണം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള കൊച്ചി - കോയമ്പത്തൂർ വ്യവസായ ഇടനാഴിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായ സ്ഥിതിക്ക് തുടർ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറായിട്ടുണ്ടോ; പദ്ധതി വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) ഫാക്ട് സംസ്ഥാന സർക്കാരിന് സ്ഥലം വിൽക്കാൻ തയ്യാറായ സ്ഥിതിക്ക് കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്കും ഫാർമസ്യൂട്ടിക്കൽ പാർക്കും

സ്ഥാപിക്കാൻ പ്രാഥമിക പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് എറണാകുളം മുതൽ കോയമ്പത്തൂർ വരെയുള്ള എറണാകുളം-കോയമ്പത്തൂർ ദേശീയ പാതയിൽ ഉൾപ്പെടുന്ന ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഒരു വ്യവസായ ഇടനാഴി (കൊച്ചി-ബാംഗ്ലൂർ) സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരം എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ പദ്ധതിക്ക് അനുയോജ്യമായ ലഭ്യമാകുന്ന ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദപരമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്ത് നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ പരമപ്രധാനമായ ലക്ഷ്യം.

(സി) കൊച്ചിയിലെ ഫാക്ടിൽനിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. 11-10-2019-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1022/2019/ഐ.ഡി. സർക്കാർ ഉത്തരവ് പ്രകാരം 481.79 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ കിൻഫ്രയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഭൂമി കൈമാറ്റം സംബന്ധിച്ച് കേന്ദ്ര ക്യാബിനറ്റിന്റെ അനുമതി ലഭിച്ചുകഴിഞ്ഞു.

പ്രസ്തുത പദ്ധതിക്കുവേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ വോയന്റ്സ് കൺസൾട്ടൻസിനെ നിയമിക്കുകയും അവർ കരട് പ്രോജക്ട് റിപ്പോർട്ട് കിൻഫ്രയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ട പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

**കേരള ബാങ്കിൽ പ്രവാസി നിക്ഷേപത്തിന് അനുമതി**

27 (*57) ശ്രീ. അനിൽ അക്കര:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകൾ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് ആർ.ബി.ഐ.യുടെ അംഗീകാരം ലഭിച്ചത് ഏതെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്ക് നിലവിൽ വരുന്നതോടുകൂടി നിക്ഷേപകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) കേരള ബാങ്കിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിന് അനുമതിയുണ്ടോ; പ്രസ്തുത അനുമതി ലഭിക്കുന്നതിന് ബാങ്ക് നിലവിൽ വന്ന ശേഷമുള്ള രണ്ട് വർഷത്തെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതുണ്ടോ;

(ഡി) നിലവിൽ കോഴിക്കോട്, ഇടുക്കി ജില്ലാ സഹകരണ ബാങ്കുകളിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുവാൻ ആർ.ബി.ഐ അനുമതി നൽകിയിട്ടുണ്ടോ; കേരള ബാങ്ക് നിലവിൽ വരുന്നതോടു കൂടി പ്രസ്തുത ലൈസൻസ് റദ്ദാക്കപ്പെടുമോ;

(ഇ) കേരള ബാങ്ക് നിലവിൽ വരുമ്പോൾ സംസ്ഥാനത്തെ സഹകരണ മേഖല പൂർണ്ണമായും ആർ.ബി.ഐ നിയന്ത്രണത്തിൽ ആകുകയും അത് പ്രാഥമിക സഹകരണ സംഘങ്ങൾ ഇന്ന് അനുഭവിക്കുന്ന പ്രവർത്തനസ്വാതന്ത്ര്യം നഷ്ടമാകുന്ന സാഹചര്യം ഉണ്ടാക്കുമോയെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. കടകംപള്ളി സുരേന്ദ്രൻ):</u>

(എ) 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും അന്തിമാനുമതി ലഭിച്ചിരിക്കുകയാണ്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള വകുപ്പ് 14A-യുമായി ബന്ധപ്പെട്ട കേസുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്. താഴെപ്പറയുന്ന വ്യവസ്ഥകളാണ് അന്തിമാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9% മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിനുമുമ്പ് ഈ തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9% മൂലധനപര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പുവരുത്തണം.
2. ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ്‌വർത്തിന്റെ അടിസ്ഥാനത്തിൽ

ലയന ശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ചു നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.

3. വോട്ടവകാശമില്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.
4. ബോർഡ് ഓഫ് മാനേജ്മെന്റ്, ഘടന, അധികാരങ്ങൾ എന്നിവ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചാകണം.
5. ലയനശേഷം ആർ.ബി.ഐ.-യുടെ തത്വത്തിലുള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

(ബി) കേരള ബാങ്ക് രൂപീകരണത്തോടെ വായ്പാ ഘടന നിലവിലെ ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറും. സാങ്കേതികമായും സാമ്പത്തികമായും ഘടനാപരമായും നിക്ഷേപകർക്ക് ഗുണമുണ്ടാകുന്നതാണ്. ചെലവ് കുറഞ്ഞതും മെച്ചപ്പെട്ടതുമായ സേവനം പ്രദാനം ചെയ്യാൻ കേരള ബാങ്കിന് കഴിയും. ആധുനിക സാങ്കേതിക/ബാങ്കിംഗ് സേവനങ്ങൾ നിക്ഷേപകർക്കും ഇടപാടുകാർക്കും കുറഞ്ഞ ചെലവിലും സൗജന്യമായും നൽകാൻ കഴിയും.

(സി & ഡി) കേരള ബാങ്കിന്റെ ഭാഗമായി മാറുന്ന ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലാ സഹകരണ ബാങ്കുകളിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിന് നിലവിൽ അനുമതിയുണ്ട്. ആയതിനാൽ തന്നെ കേരള ബാങ്കിന് രണ്ട് വർഷത്തെ പ്രവർത്തനം അവലോകനം ചെയ്യാതെ തന്നെ പ്രസ്തുത ബിസിനസ് തുടർന്നും നടത്താൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അനുമതിക്കായി സംസ്ഥാന സഹകരണ ബാങ്ക് റിസർവ് ബാങ്കിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ സേവനങ്ങളും തുടർന്നും ലഭിക്കുന്നതിനുവേണ്ട ഇടപെടൽ നടത്തുന്നതായിരിക്കും. സംസ്ഥാന സഹകരണ ബാങ്കിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി ഇതിന് പര്യാപ്തമാണ്.

(ഇ) ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചുകൊണ്ടാണ് കേരള ബാങ്ക് രൂപീകരിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളെ അത് ദോഷകരമായി ബാധിക്കുകയോ പ്രവർത്തന സ്വാതന്ത്ര്യം ഇല്ലാതാവുകയോ പുതിയ നിയന്ത്രണം വരുകയോ ചെയ്യില്ല. ജില്ലാ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും ഇപ്പോൾ തന്നെ ആർ.ബി.ഐ.-യുടെ നിയന്ത്രണം ഉണ്ട്. അത് തുടരുമെന്ന് മാത്രം.

## കിഫ്ബി പ്രവർത്തനങ്ങളിലെ സുതാര്യത

28 (*58) ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വികസന പ്രവർത്തനങ്ങൾക്ക് നിശ്ചലാവസ്ഥ ഉണ്ടായിരുന്ന സാഹചര്യത്തിൽ, ബജറ്റിതര മാർഗത്തിലൂടെ ധനസമാഹരണം നടത്തി റോഡ്, കുടിവെള്ള വിതരണം, വൈദ്യുതി, വിദ്യാഭ്യാസം ഉൾപ്പെടെയുള്ള സാമൂഹിക-അടിസ്ഥാനസൗകര്യ വികസന രംഗത്ത് കുതിപ്പുണ്ടാക്കുന്നതിന് ആരംഭിച്ച കിഫ്ബി വികസനമാതൃകയിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം വിശദീകരിക്കാമോ;

(ബി) വികസന പദ്ധതികൾ അനുവദിക്കുന്നതിലും നടപ്പാക്കുന്നതിലും മുൻസർക്കാരിന്റെ കാലത്തേതിൽ നിന്ന് വിഭിന്നമായി പക്ഷപാതരഹിതവും സുതാര്യവുമായി നടത്തുന്ന പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുവാൻ ചിലർ ധനസമാഹരണ മാർഗത്തിന്റെ പേരിലും ഓഡിറ്റിന്റെ പേരിലും നടത്തുന്ന അവാസ്തവ പ്രചരണങ്ങളെ തുറന്നുകാട്ടാൻ നടപടിയെടുക്കുമോ;

(സി) ഏറ്റവും സുതാര്യത ഉറപ്പു വരുത്തുന്ന സോഷ്യൽ ഓഡിറ്റ് സാധ്യമാകും വിധം ഓരോ പദ്ധതിക്കും അനുവദിച്ചതും ചെലവാക്കിയതുമായ തുകയും പദ്ധതി നിർവ്വഹണ ഏജൻസിയുടെ വിവരവും ഉൾപ്പെടെയുള്ള സ്റ്റാറ്റസ് റിപ്പോർട്ട് കിഫ്ബിയുടെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കിഫ്ബി അതിന്റെ എല്ലാ പ്രവൃത്തികളിലും സുതാര്യത പുലർത്തുന്ന ഒരു സ്ഥാപനമാണ്. കിഫ്ബിയുടെ എല്ലാ വരവുചെലവ് കണക്കുകളും സി.&എ.ജി.-യുടെ സമഗ്ര ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ട് തവണ അത്തരത്തിലുള്ള ഓഡിറ്റ് നടക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ അവലോകനം മുതൽ അവയുടെ നിർവ്വഹണത്തിനായുള്ള ഫണ്ട് വിതരണംവരെ കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കും കരാറുകാർക്കും പരിശോധിക്കാവുന്ന തലത്തിലുള്ള സംവിധാനം കിഫ്ബിയിൽ നിലവിലുണ്ട്. കിഫ്ബി അംഗീകരിച്ച പദ്ധതികൾ സംബന്ധിക്കുന്ന വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങളും പദ്ധതികളുടെ പുരോഗതിയും അറിയിച്ചുകൊണ്ടുള്ള

ന്യൂസ് ലെറ്റർ ത്രൈമാസികയായി പുറപ്പെടുവിക്കാറുണ്ട്. കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകളുടെ തത്സമയ നില കരാറുകാരന് അറിയുന്നതിനായി ഓൺലൈൻ ബിൽ ട്രാക്കിംഗ് സംവിധാനവും കിഫ്ബിയിൽ നിലവിലുണ്ട്. പൊതുജനങ്ങൾക്ക് പദ്ധതികളെയോ പ്രവർത്തനങ്ങളെയോ സംബന്ധിക്കുന്ന പരാതികളോ അഭിപ്രായങ്ങളോ രേഖപ്പെടുത്തുന്നതിനായുള്ള ഓൺലൈൻ സംവിധാനവും കിഫ്ബിയുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ വിവരങ്ങളും പൊതുജനങ്ങളുടെയിടയിൽ പരമാവധി എത്തിക്കാനും ഇവ സംബന്ധിക്കുന്ന ആശങ്കകൾ ഏതെങ്കിലും ഉണ്ടാകുന്നപക്ഷം അവ ദൂരീകരിക്കുന്നതിനായുള്ള നടപടികൾ ഫലപ്രദമാക്കാനും എല്ലാ ഘട്ടത്തിലും ശ്രദ്ധപുലർത്തുന്നുണ്ട്.

(ബി) കിഫ്ബിയെയോ അതിന്റെ പ്രവർത്തനങ്ങളെയോ സംബന്ധിക്കുന്ന ആക്ഷേപങ്ങൾ ഉയർന്ന വേളയിലെല്ലാംതന്നെ വസ്തുതകൾ നിരത്തിയുള്ള മറുപടികൾ നൽകാനും അവ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമൂഹമാദ്ധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ ഉപാധികൾ ഉപയോഗിച്ച് നടത്തിയ ഈ പ്രവർത്തനങ്ങൾ ആക്ഷേപങ്ങൾ സംബന്ധിച്ച യാഥാർത്ഥ്യം പൊതുസമൂഹത്തിനു മുന്നിൽ ഫലപ്രദമായി എത്തിക്കുന്നതിന് സഹായകമായി.

(സി) കിഫ്ബിയുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ട്, വാർഷിക പ്രവർത്തന റിപ്പോർട്ട്, ത്രൈമാസിക ന്യൂസ് ലെറ്റർ തുടങ്ങി ധനസഹായം നൽകുന്ന പദ്ധതികളുടെ ഏറ്റവും പുതിയ വിവരങ്ങൾവരെ കിഫ്ബിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പൊതുജനങ്ങൾക്കും നിക്ഷേപകർക്കുമായി ലഭ്യമാക്കിയിട്ടുണ്ട്.

## കേരള ബാങ്ക് രൂപീകരണ ഉപാധികൾ

29 (*59) ശ്രീ. കെ. എം. ഷാജി:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) എന്തെല്ലാം ഉപാധികളുടെ അടിസ്ഥാനത്തിലാണ് കേരളബാങ്കിന്റെ രൂപീകരണത്തിന് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) റിസർവ് ബാങ്ക് നിഷ്കർഷിച്ച ഉപാധികൾ മുഴുവൻ പാലിക്കുന്നതിന് എത്ര സമയം വേണ്ടിവരുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്; അവ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. കടകംപള്ളി സുരേന്ദ്രൻ):</u>

(എ) താഴെപ്പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കേരള ബാങ്കിന്റെ രൂപീകരണത്തിന് അനുമതി നൽകിയിട്ടുള്ളത്.

1. 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിനുമുമ്പ് ഈ തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9 ശതമാനം മൂലധനപര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പുവരുത്തണം.
2. ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ്‌വർത്തിന്റെ അടിസ്ഥാനത്തിൽ ലയന ശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.
3. വോട്ടവകാശം ഇല്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.
4. ബോർഡ് ഓഫ് മാനേജ്മെന്റ്, ഘടന, അധികാരങ്ങൾ എന്നിവ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചാകണം.

5. ലയനശേഷം ആർ.ബി.ഐ.-യുടെ തത്വത്തിലുള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

6. അന്തിമ അനുമതിക്ക് 2020 മാർച്ച് 31 വരെ പ്രാബല്യമുണ്ടായിരിക്കും. അതിനുശേഷം സംസ്ഥാന സർക്കാർ തൽസ്ഥിതി സംബന്ധിച്ച് നബാർഡ് മുഖാന്തിരം റിസർവ് ബാങ്കിന് റിപ്പോർട്ട് സമർപ്പിക്കണം.

(ബി) 2020 മാർച്ച് 31 തീയതി വരെയാണ് റിസർവ് ബാങ്ക് സമയം അനുവദിച്ചിട്ടുള്ളത്.

(സി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് 21 കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ട്. റിസർവ് ബാങ്കിന്റെ അന്തിമാനുമതി ലഭിച്ച വിവരം ബഹുമാനപ്പെട്ട കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാരുണ്യ ബെനവലന്റ് പദ്ധതി**

30 (*60) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പണം ലഭിക്കുന്നതിനായി നടപ്പിലാക്കിയ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽ നിന്നും 2018 ജനുവരി മുതൽ 2019 ജൂൺ 30 വരെ എന്ത് തുകയാണ് അറ്റാദായമായി ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുകയിൽ നിന്നും ഈ കാലയളവിൽ കാരുണ്യ ബെനവലന്റ് പദ്ധതിക്കായി എന്ത് തുകയാണ് അനുവദിച്ചതെന്ന് അറിയിക്കാമോ;

(ഡി) സർക്കാർ ഫണ്ടിൽ നിന്നും ഈ പദ്ധതിക്കായി എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ലോട്ടറിയിൽ നിന്നുള്ള വരുമാനം കൊണ്ട് മാത്രം നടപ്പിലാക്കിയിരുന്ന പദ്ധതി നിർത്തലാക്കിയത് പാവപ്പെട്ട രോഗികളോടുള്ള അനീതിയാണെന്ന ആക്ഷേപമുള്ളതിനാൽ പ്രസ്തുത തീരുമാനം പുനഃ പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഇല്ല. ആർ.എസ്.ബി.വൈ.-ക്കുപകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്ത് നിലവിലുള്ള ആർ.എസ്.ബി.വൈ./ചിസ്, ചിസ് പ്ലസ്, എസ് ചിസ് (SCHIS), കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്നിവ സംയോജിപ്പിച്ചുകൊണ്ട് കൂടുതൽ വിപുലമായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) എന്ന പേരിൽ ഒരു പദ്ധതി 2019 ഏപ്രിൽ 1 മുതൽ കേരളത്തിൽ നടപ്പിലാക്കുകയാണുണ്ടായത്. വിപുലമായ ഈ പദ്ധതിയിൽ ഇതിനോടകം 41.38 ലക്ഷം കുടുംബങ്ങളും 58.61 ലക്ഷം ഗുണഭോക്താക്കളും ചേർന്നുകഴിഞ്ഞിട്ടുണ്ട്. എങ്കിലും നിലവിലുള്ള എല്ലാ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്കും മാർച്ച് 2020 വരെ പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായം തുടർന്നും ലഭ്യമാക്കുന്നതാണ്.

(ബി & സി) 2018 ജനുവരി മുതൽ 2019 ജൂൺ 30 വരെ കാരുണ്യ ഭാഗ്യക്കുറിയിൽനിന്നും ലഭിച്ച ഏകദേശ അറ്റാദായം 313.44 കോടി രൂപയും കാരുണ്യ പ്ലസ് ഭാഗ്യക്കുറിയിൽനിന്നും ലഭിച്ച ഏകദേശ അറ്റാദായം 311.23 കോടി രൂപയുമാണ്. 2018 ജനുവരി മുതൽ 2019 ജൂൺ 30 വരെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിക്കായി ബഡ്ജറ്റ് വിഹിതത്തിൽനിന്നും 406,30,25,527 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിക്കായി ഭാഗ്യക്കുറി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിക്കുന്നത്. നാളിതുവരെ പദ്ധതിക്കായി 1631.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചെങ്കിലും നിലവിലുള്ള എല്ലാ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്കും 2020 മാർച്ച് 31 വരെ ചികിത്സാ സഹായം ലഭ്യമാണ്.

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ നിലവിൽ അപേക്ഷകൾ സ്വീകരിക്കുന്നില്ലെങ്കിലും പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായത്തിന് അർഹരായവരിൽ KASP ചികിത്സാ പദ്ധതിയിൽപ്പെടാത്തവർക്ക് മാർച്ച് 2020 വരെ ചികിത്സാ സഹായം 'ചിയാക്ക്' മുഖേന ലഭ്യമാക്കുന്നതാണ്. KASP-ൽ അർഹതയുള്ളവർക്ക് പ്രസ്തുത പദ്ധതി പ്രകാരവും ചികിത്സലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ശരാശരി വാർഷിക ചെലവ് 240 കോടി രൂപയായിരുന്നു. KASP-ൽ പ്രീമിയമായി അടയ്ക്കുന്നത് 553.43 കോടി രൂപയും ആരോഗ്യ സുരക്ഷാ പരിപാടി കൂടുതൽ ചെലവ് ചെയ്ത് വിപുലപ്പെടുത്തുകയാണ് ചെയ്തതെന്ന് ഇതിൽനിന്നും വ്യക്തമാണ്.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയ തുക

1 (410) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തികവർഷം എത്ര തുകയാണ് ട്രഷറിക്യൂവിലേക്ക് മാറ്റിയത്; ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേത് എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഈ സാമ്പത്തികവർഷം എത്ര തുക ഇതുവരെ മടക്കി നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തികവർഷം മാർച്ച് 31 വരെ 1848.71 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ പ്രാദേശിക സർക്കാരുകൾ സമർപ്പിച്ച 837.66 കോടി രൂപയുടെ ബില്ലുകളും ഉൾപ്പെട്ടിരുന്നു.

(ബി) ഈ സാമ്പത്തികവർഷം ട്രഷറി ക്യൂവിലുള്ള 1414.56 കോടി രൂപയുടെ ബില്ലുകൾ 22-10-2019 വരെ പാസ്സാക്കി നൽകിയിട്ടുണ്ട്. ഇതിൽ പ്രാദേശിക സർക്കാരുകളുടെ 820.46 കോടി രൂപയുടെ ബില്ലുകളും ഉൾപ്പെടുന്നു.

## സി.എസ്.ആർ.സ്കീമിൽ പണം ചെലവിടേണ്ട കമ്പനികൾ

2 (411) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര കമ്പനി നിയമത്തിലെ ഏറ്റവും പുതിയ ഭേദഗതി പ്രകാരം സി.എസ്.ആർ.സ്കീമിൽ സംസ്ഥാനത്ത് പണം ചെലവിടാൻ ബാധ്യതയുള്ള സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ/പൊതുമേഖലാ കമ്പനികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കമ്പനികൾ എത്ര തുക വീതം സി.എസ്.ആർ സ്കീമിൽ ചെലവിടണമെന്നാണ് നിയമം അനുശാസിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സി.എസ്.ആർ. സ്കീമിൽ സംസ്ഥാനത്ത് പണം ചെലവിടാൻ ബാദ്ധ്യതയുള്ള പതിമൂന്ന് സംസ്ഥാന സർക്കാർ/പൊതുമേഖലാ കമ്പനികൾ

മാത്രമാണുള്ളത്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കമ്പനി നിയമം 135 വകുപ്പ് ചട്ടം (5) പ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി ലാഭത്തിന്റെ ചുരുങ്ങിയ 2 ശതമാനമെങ്കിലും സാമ്പത്തിക വർഷം സി.എസ്.ആർ. നിയമമനുസരിച്ച് ചെലവഴിക്കേണ്ടതാണ്.

## ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിനുള്ള കണ്ടിജൻസി തുക

3 (412) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്നതിന് നാമമാത്ര കണ്ടിജൻസി തുക പോലും അടക്കുവാൻ തിരുവനന്തപുരത്ത് വരേണ്ട സാഹചര്യം നിലനിൽക്കുന്നത് കാലതാമസത്തിനിടയാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതൊഴിവാക്കുന്നതിന് ഓരോ ജില്ലാതല അർത്ഥനാധികാരിക്കും ഭരണാനുമതി തുകയിൽ നിന്നും നിശ്ചിത തുക റവന്യൂ വകുപ്പിൽ അടക്കുന്നതിന് അനുമതി നൽകി പൊതു ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി) ബാധകമല്ല.

## വേയ്സ് ആൻഡ് മീൻസ് ക്യൂവിലേയ്ക്ക് മാറ്റിയ തുക

4 (413) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം എത്ര തുകയാണ് വേയ്സ് ആന്റ് മീൻസ് (വാംസ്) ക്യൂവിലേക്ക് മാറ്റിയതെന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം ക്യൂവിലേക്ക് മാറ്റിയ തുകയിൽ എത്ര തുക നാളിതുവരെ പാസ്സാക്കി കൊടുത്തുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തികവർഷം വേയ്സ് ആൻഡ് മീൻസ് (വാംസ്) ക്യൂവിലേയ്ക്ക് തുകയൊന്നും തന്നെ മാറ്റിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചോദ്യം (എ)യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം (ബി) ബാധകമല്ല.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

5 (414) ശ്രീ. പി. കെ. ബഷീർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ടെൻഡറിൽ പങ്കെടുത്ത ഇൻഷ്വറൻസ് കമ്പനികൾ ഏതെല്ലാമാണ് എന്നറിയിക്കാമോ; ഇതിൽ ആർക്കാണ് പദ്ധതി അനുവദിച്ച നൽകിയത്; അനുവദിച്ച ടെൻഡർ ക്യാൻസൽ ചെയ്തിട്ടുണ്ടോ; എന്തുകൊണ്ടാണ് പ്രസ്തുത ടെൻഡർ ക്യാൻസൽ ചെയ്യേണ്ടി വന്നതെന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി ഈ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി സർക്കാർ ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നുമുതൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും എന്നുമുതൽ ജീവനക്കാരിൽ നിന്നും പ്രീമിയം തുക സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റീ ടെണ്ടറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

(ബി) മെഡിസെപ് പദ്ധതിയുടെ ഭാഗമായുള്ള ഇ-ടെണ്ടറിൽ താഴെപ്പറയുന്ന ഇൻഷ്വറൻസ് കമ്പനികൾ പങ്കെടുത്തു.

1. നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
2. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

3. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്
4. ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
5. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

പ്രൊപ്പോസലുകളുടെ പരിശോധനയിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48 രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27-4-2019-ലെ 49/2019/ധന നമ്പർ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകുകയുണ്ടായി. എന്നാൽ ആർ.എഫ്.പി. (Request For Proposal)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുണ്ട്.

(സി) പുതുതായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ ടെണ്ടർ ക്ഷണിച്ചിട്ടില്ല.

(ഡി) റീ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതി പ്രാബല്യത്തിൽ വരുന്ന തീയതി, ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പ്രീമിയം തുക തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

**കാർഷിക വായ്പ**

6 (415) <u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 ഒക്ടോബർ 1 മുതൽ സ്വർണ്ണപ്പണയത്തിൻമേൽ നൽകുന്ന കാർഷിക വായ്പ കർഷകർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്ക് സമർപ്പിച്ച നിർദ്ദേശങ്ങളും ഉത്തരവുകളും ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് സ്വർണ്ണപ്പണയത്തിൻമേൽ നൽകിവരുന്ന കാർഷിക വായ്പയുടെ പരിധിയും നിബന്ധനകളും വിശദമാക്കുമോ; ഇതിൽ മാറ്റം

വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാർഷിക വായ്പയുമായി ബന്ധപ്പെട്ട് നിയമസഭയുടെ യുവജനക്ഷേമവും ഉറപ്പുകൾ സംബന്ധിച്ച സമിതി (2011-2014)യുടെ മൂന്നാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകൾ സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തിന്റെ പരിഗണനയിൽ കൊണ്ടുവരാൻ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ഖണ്ഡിക 3</u>

കാർഷികമേഖലയുടെ ഉന്നമനത്തിനായി വകയിരുത്തുന്ന തുക ആ മേഖലയിൽ തന്നെ ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്താനാകുംവിധമുള്ള വ്യവസ്ഥകളോടെ മാത്രമേ ബാങ്കുകൾ കാർഷികവായ്പ വിതരണം ചെയ്യാവൂവെന്നും രേഖകൾ കാണിച്ച് ബാങ്കുകൾ നടത്തുന്ന അഴിമതി അവസാനിപ്പിക്കുന്നതിന് ഈ മേഖലയിൽ ഒരു സമഗ്ര പഠനം നടത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ കാർഷികവായ്പാനയം രൂപീകരിക്കണമെന്നും കർഷക ആത്മഹത്യാ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

<u>ഖണ്ഡിക 12</u>

കാർഷികവായ്പയ്ക്ക് ഈടായി സ്വർണ്ണം സ്വീകരിക്കുന്ന രീതി തികച്ചും ഔചിത്യരഹിതമാണ്. കൃഷി ചെയ്യുന്നതിനുവേണ്ടി നൽകുന്ന വായ്പ ഭൂമി സ്വന്തമായുള്ളവർക്കോ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവർക്കോ മാത്രമാണ് നൽകേണ്ടത്. വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ കൃഷിയുക്തമായ സ്വന്തം ഭൂമിയുടെ കരമടച്ച രസീതോ അല്ലെങ്കിൽ ഭൂമി പാട്ടത്തിനെടുത്തതിന്റെ പാട്ടക്കരാറോ ഹാജരാക്കണമെന്ന വ്യവസ്ഥ നടപ്പിലാക്കേണ്ടതാണ്. കൂടാതെ രേഖ ഹാജരാക്കുന്ന ഭൂമിയുടെ വിസ്തൃതിക്കനുസൃതമായി മാത്രമേ വായ്പ നൽകാവൂവെന്ന വ്യവസ്ഥയും കൃത്യമായി പാലിക്കപ്പെടേണ്ടതുണ്ട്.

<u>ഖണ്ഡിക 14</u>

കാർഷികവായ്പകളുടെ ഫലവത്തായ മോണിട്ടറിംഗിനായി ഡി.എൽ.ആർ.സി.കളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പ്രതിനിധികൾ, കർഷകരുടെ പ്രതിനിധി, ജനപ്രതിനിധികൾ, നബാർഡ്

ഡിസ്ട്രിക്റ്റ് ഡെവലപ്‌മെന്റ് മാനേജർ എന്നിവർ അംഗങ്ങളായ ഒരു മോണിട്ടറിംഗ് ടീം സജ്ജമാക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

നിയമസഭാസമിതിയുടെ മേൽ ശിപാർശകൾ 25-6-2019-ന് കൂടിയ എസ്.എൽ.ബി.സി. യോഗത്തിൽ പരിഗണനയിൽ വരികയും ഡി.എൽ.ആർ.സി.യിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഇക്കാര്യം റിവ്യൂ ചെയ്യുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു.

25-6-2019-ന് കൂടിയ എസ്.എൽ.ബി.സി. യോഗത്തിന്റെ മിനിട്ട്സ് പരിശോധിച്ചതിൽ കാർഷികവായ്പയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പരാമർശങ്ങൾ നടത്തിയതായി കാണുന്നു. പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി) സ്വർണ്ണപ്പണയത്തിന്മേൽ നൽകുന്ന കാർഷിക വായ്പ കർഷകരുടെ ഹ്രസ്വകാല കൃഷി ആവശ്യങ്ങൾ, കൃഷി അനുബന്ധപ്രവർത്തനങ്ങൾ എന്നിവയ്ക്ക് വേണ്ടിയാണ് നൽകുന്നത്. വിദഗ്ദ്ധ സമിതി വിളകൾക്ക് നിർദ്ദേശിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസ്, കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം, സ്വർണ്ണത്തിന്റെ തൂക്കം എന്നിവയുടെ അടിസ്ഥാനത്തിലാണ് ലോൺ തുക നിർണ്ണയിക്കുന്നത്.

## പാറശ്ശാല മണ്ഡലത്തിലെ പദ്ധതികൾ

7 (416) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; ഓരോന്നിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്തവ ഉണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പാറശ്ശാല അസംബ്ലി നിയോജകമണ്ഡലത്തിലെ വിവിധ വികസന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ കാലയളവിലുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLASDF) കീഴിൽ 1 കോടി രൂപ വീതവും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ യഥാക്രമം അനുബന്ധമായി ചേർക്കുന്നു*. കിഫ്ബി വഴിയുള്ള പ്രവൃത്തികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങളും പൊതുമരാമത്ത് വകുപ്പുമുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശവും മറ്റ് പദ്ധതികൾ സംബന്ധിച്ച വിശദാംശവും അനുബന്ധമായി ചേർക്കുന്നു*

## ക്യൂവിൽ നിർത്തിയ ബില്ലുകൾ

8 (417) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മാർച്ച് 31-ന് മുൻപായി ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ക്യൂവിൽ നിറുത്തിയ ബില്ലുകളുടെ ആകെ സംഖ്യ എത്ര കോടി രൂപയാണ്; വ്യക്തമാക്കുമോ;

(ബി) 2018-19 ലേയ്ക്ക് നിയമസഭ വോട്ട് ചെയ്തു പാസാക്കിയ പദ്ധതി വിഹിതത്തിൽ ഉൾപ്പെട്ട പ്രസ്തുത തുക 2018-19 ലെ സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽപ്പെടുത്തി നൽകാതിരിക്കാൻ കാരണം എന്താണ്; വ്യക്തമാക്കുമോ;

(സി) 2019 സെപ്റ്റംബർ 30 വരെ ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ പദ്ധതി ചെലവ് എത്ര രൂപയാണെന്നും ഇത് എത്ര ശതമാനം വീതമാണെന്നും വെളിപ്പെടുത്തുമോ; ക്യൂവിൽ നിറുത്തിയ മുൻ വർഷത്തെ ചെലവ് കൂടി ഉൾപ്പെടുത്തിയാണോ ഈ പദ്ധതി ചെലവ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) 2018-19 -ലെ ത്രിതല പഞ്ചായത്തുകളുടെയും, നഗരസഭകളുടെയും സ്പിൽ ഓവർ വർക്കിന്റെ തുക ആകെ എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2019 മാർച്ച് 31 വരെ പ്രാദേശിക സർക്കാരുകൾ സമർപ്പിച്ച 837.66 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിയമസഭ പാസ്സാക്കിയ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിത്തുക പൂർണ്ണമായും പ്രാദേശിക സർക്കാരുകൾക്ക് അലോട്ട്മെന്റിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്.

(സി)

| തലം | ചെലവ് (കോടിയിൽ) | ശതമാനം |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | 845.54 | 25.73 |
| ബ്ലോക്ക് പഞ്ചായത്ത് | 301.67 | 32.29 |
| ജില്ലാ പഞ്ചായത്ത് | 195.17 | 20.80 |
| മുനിസിപ്പാലിറ്റി | 239.98 | 24.78 |
| മുനിസിപ്പൽ കോർപ്പറേഷൻ | 168.78 | 22.32 |
| ക്യൂവിൽ നിർത്തിയ മുൻവർഷത്തെ ചെലവുകൂടി ഉൾപ്പെടുത്തിയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത് | | |

(ഡി)

| തലം | സ്പിൽ ഓവർ പദ്ധതി തുക ചെലവ് (കോടിയിൽ) |
|---|---|
| ഗ്രാമ പഞ്ചായത്ത് | 1897.69 |
| ബ്ലോക്ക് പഞ്ചായത്ത് | 307.49 |
| ജില്ലാ പഞ്ചായത്ത് | 813.87 |
| മുനിസിപ്പാലിറ്റി | 672.95 |
| മുനിസിപ്പൽ കോർപ്പറേഷൻ | 481.57 |
| ആകെ | 4173.57 |

**സാമ്പത്തികമാന്ദ്യം നേരിടുന്നതിനുള്ള നടപടി**

9 (418) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യം കടുത്ത സാമ്പത്തിക മാന്ദ്യത്തിലേയ്ക്കാണെന്ന സൂചനകൾ

പുറത്ത് വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതുമൂലം ഉളവായിട്ടുള്ള സ്ഥിതി വിശേഷം നേരിടുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിവരിക്കാമോ;

(ബി) മാന്ദ്യത്തിൽ നിന്നും പുറത്ത് കടക്കുവാൻ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ഫലം ചെയ്യുമെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) രാജ്യത്തെ സാമ്പത്തിക വളർച്ച ആറു വർഷത്തെ ഏറ്റവും താഴ്ന്ന നിലയിൽ നിൽക്കുന്ന സാഹചര്യത്തിൽ ഇത് സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ദേശീയ തലത്തിലുണ്ടാകുന്ന സാമ്പത്തികമാന്ദ്യം സ്വാഭാവികമായും എല്ലാ സംസ്ഥാനങ്ങളിലും പ്രതിഫലിക്കാറുണ്ട്. ദേശീയതലത്തിൽ സാമ്പത്തിക വളർച്ചയിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. പ്രധാനമായും ഓട്ടോമൊബൈൽ ഉൽപ്പാദന രംഗത്ത് ഇടിവ് സംഭവിച്ചു. ജനങ്ങളുടെ വാങ്ങൽശേഷി കുറഞ്ഞതാണ് ഇതിന്റെ പ്രധാന കാരണം. തന്മൂലം തൊഴിലവസരങ്ങൾ വരുമാനം, സമ്പാദ്യം, മൂലധന വളർച്ച എന്നിവ ആനുപാതികമായി കുറയാനിടയായി. ഇതിന്റെ പശ്ചാത്തലത്തിൽ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ ഇടിവ് സംഭവിച്ചു. എന്നിരുന്നാലും കേരളത്തിൽ കാര്യമായ സാമ്പത്തിക പ്രതിസന്ധികളൊന്നും ഉണ്ടായിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ 30610 കോടി രൂപയുടെ അടങ്കലാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ ഉൾപ്പെടുന്ന എല്ലാ പദ്ധതികളും തടസ്സം കൂടാതെ നടപ്പിലാക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളും തടസ്സം കൂടാതെ നടപ്പിലാക്കാൻ സംസ്ഥാനത്തിന് കഴിയുന്നുണ്ട്. സാമ്പത്തികമാന്ദ്യം മാറ്റുന്നതിന് ജനങ്ങളുടെ ചോദനശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിന് ജനങ്ങളുടെ വരുമാനം വർദ്ധിക്കണം. അതിലേയ്ക്കായി സർക്കാർ കൂടുതൽ മുതൽമുടക്ക് പല മേഖലകളിലും നടത്തിക്കൊണ്ടിരിക്കുന്നു. സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയ തുക ഫലപ്രദമായ രീതിയിൽ ചെലവഴിക്കുന്നതുമൂലം തൊഴിലവസരങ്ങൾ വർദ്ധിക്കുകയും വരുമാന വർദ്ധനവിന് ഇത് കാരണമാവുകയും ചെയ്യുന്നുണ്ട്.

(ബി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ബാങ്കുകൾക്ക് അവയുടെ വായ്പാ വിതരണത്തിന് അധിക മൂലധനം നൽകൽ, കോർപ്പറേറ്റ് നികുതിയിൽ കുറവ് വരുത്തൽ എന്നീ പദ്ധതികളിൽ നിന്നുള്ള അനുകൂലഫലങ്ങൾ സമ്പദ് വ്യവസ്ഥയിൽ അനുഭവപ്പെടുന്നത് കാത്തിരുന്ന മാത്രമേ വിശകലനം ചെയ്യാൻ

സാധിക്കുകയുള്ളൂ.

(സി) രാജ്യത്ത് ഉടലെടുത്തിട്ടുള്ള സാമ്പത്തിക മാന്ദ്യം കേന്ദ്ര ഗവൺമെന്റിന്റെ നികുതി വരുമാനത്തെ സാരമായി ബാധിക്കുകയും അത് സംസ്ഥാനത്തിനുള്ള നികുതി വിഹിതത്തിലും കൂടാതെ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിലും പ്രതികൂലമായി പ്രതിഫലിക്കുകയും ചെയ്യും. ഇപ്രകാരം സംസ്ഥാനത്തിന്റെ വിഭവസമാഹരണശേഷിയെ ദുർബലപ്പെടുത്തുന്നത് വികസന പ്രവർത്തനങ്ങളെ പിന്നോട്ടടിക്കും. അതേസമയം, സംസ്ഥാനത്തിന്റെ വായ്പാപരിധി കേന്ദ്ര സർക്കാർ വർദ്ധിപ്പിക്കുകയാണെങ്കിൽ അധിക വിഭവസമാഹരണം നടത്താനും ഉൽപ്പാദനപരമായ പ്രവർത്തനങ്ങൾ നടപ്പാക്കാനും സാധിക്കും. ഇപ്പോൾതന്നെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കേരളത്തിന് സാധിക്കുന്നുണ്ട്.

## സർക്കാർ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളിലെ കാലതാമസം

10 (419) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് ഉപയോഗിച്ചും മറ്റ് സർക്കാർ ഫണ്ട് ഉപയോഗിച്ചുമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്ന ചില അംഗീകൃത സർക്കാർ ഏജൻസികളും ഉദ്യോഗസ്ഥരും പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അകാരണമായ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം സംഭവങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നത് വേഗത്തിലാക്കുന്നതിനും എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ടെണ്ടർ നടപടികൾക്കും മറ്റുമായി സാധാരണഗതിയിൽ നേരിടുന്ന കാലതാമസം മാത്രമേ നിലവിൽ ഉണ്ടാകുന്നുള്ളൂ. മറ്റ് അകാരണമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കൽ തുക

11 (420) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കൽ തുക എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ എത്ര കോടി രൂപ വിവിധ വകുപ്പുകൾ ഇതിനോടകം ചെലവഴിച്ച; അടങ്കൽ തുകയുടെ എത്ര ശതമാനം; വ്യക്തമാക്കുമോ;

(സി) കടമെടുപ്പിന് കേന്ദ്രം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്താലും 2019-ലെ പ്രളയവും ഉരുൾപൊട്ടലും മൂലവും നടപ്പുവർഷത്തെ വാർഷിക പദ്ധതി അടങ്കൽ തുക വെട്ടിച്ചുരുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കടമെടുപ്പിന് കേന്ദ്രത്തിൽ നിന്നുള്ള നിയന്ത്രണത്തിൽ ഇളവ് കിട്ടുകയാണെങ്കിൽ നടപ്പുവർഷം എത്ര കോടി രൂപയാണ് കടമെടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പുവർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കൽ തുക 30,610 കോടി രൂപയാണ്.

(ബി) 24-10-2019-ലെ കണക്കനുസരിച്ച് വിവിധ വകുപ്പുകൾ ആകെ 10,883.85 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് വാർഷിക പദ്ധതി അടങ്കൽ തുകയുടെ (തദ്ദേശഭരണ സ്ഥാപനങ്ങളുടേത് ഒഴികെ) 47.1% ആണ്.

(സി) കടമെടുപ്പിന് കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും 2019-ലെ പ്രളയവും ഉരുൾപ്പൊട്ടലും കാരണം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉളവാക്കിയിട്ടുള്ള ആഘാതത്തിന്റെയും പശ്ചാത്തലത്തിൽ അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിക്കൊണ്ട് സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവിനത്തിൽ ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ നിലവിൽ അനുവദിച്ചിരിക്കുന്ന കടമെടുപ്പ് പരിധിയിൽ ഇളവ് അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ, കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ അനുകൂലമായ പ്രതികരണമൊന്നും ലഭ്യമായിട്ടില്ല.

**2018-ൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധന**

12 (421) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനയിൽ പ്രധാനമായും ഏതൊക്കെ ഓഫീസുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്നും അവ എന്തൊക്കെയായിരുന്നുവെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) 2018-ൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളിൽ പ്രധാനമായും 57 ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## കാരുണ്യ ബെനവലന്റ് ഫണ്ട് ചികിത്സാ ധനസഹായം

13 (422) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി രഘൂത്തമൻ സി., കോണികുര്യൻ ഹൗസ്, അഴീക്കോട് സൗത്ത്, നീർക്കടവ് പി.ഒ., കണ്ണൂർ (റഫറൻസ് നമ്പർ 31581) എന്നവർ സമർപ്പിച്ച 11-12-2013 -ലെ അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിൽ 14-10-2014-ന് ചെക്ക് നമ്പർ 273115 ആയി ഫണ്ട് അനുവദിച്ച് ബന്ധപ്പെട്ട ആശുപത്രിയിലേയ്ക്ക് അയച്ചിരുന്നോ; പ്രസ്തുത ചെക്ക് ആശുപത്രിയിൽ നിന്ന് മടക്കി അയയ്ക്കുന്നതിനുണ്ടായ സാഹചര്യമെന്തായിരുന്നു ;വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ തുക റീഫണ്ടു ചെയ്തു ലഭിക്കുന്നതിനായി നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ആറുവർഷങ്ങൾക്ക് ശേഷവും രോഗിയുടെ അക്കൗണ്ടിലേയ്ക്ക് റീഫണ്ട് ചെയ്ത് തുക നൽകാതിരുന്നതിൽ വീഴ്ച സംഭവിച്ചതെവിടെയാണെന്ന് പരിശോധിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത അപേക്ഷ തീർപ്പാക്കിയത് സംബന്ധിച്ച് അപേക്ഷകന് എന്തെല്ലാം മറുപടികളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(എഫ്) ഈ കാലതാമസം ഗൗരവമായിക്കണ്ട് അപേക്ഷകന് മതിയായ ധനസഹായം ലഭ്യമാക്കുന്നതിനും നീതി ഉറപ്പാക്കുന്നതിനും എത്രയും വേഗം നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. രഘൂത്തമന്റെ 11-12-2013-ലെ അപേക്ഷയിന്മേൽ റഫറൻസ് നമ്പർ 31581 പ്രകാരം കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സയ്ക്ക് 55,000 രൂപ അനുവദിച്ചു.

(ബി) റഫറൻസ് നമ്പർ 31581 പ്രകാരം കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സയ്ക്ക് ചെക്ക് നമ്പർ 400873, തീയതി 9-6-2014 പ്രകാരം 55,000 രൂപ അനുവദിച്ചിരുന്നു. രോഗിയുടെ ചികിത്സയ്ക്ക് ആശുപത്രിയിൽ കാരുണ്യ പദ്ധതി പ്രകാരമുള്ള തുക വിനിയോഗിച്ചിട്ടില്ലാത്തതിനാൽ ടി തുക ചെക്ക് നമ്പർ 273115 പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ടിൽ തിരികെ ലഭിച്ചിട്ടുണ്ട്.

(സി) കാരുണ്യ ബെനവലന്റ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 18-5-2013-ലെ സ.ഉ.(സാധാ)നമ്പർ.403/2013/നി.വ. പ്രകാരം അടിയന്തര സാഹചര്യങ്ങളിൽ സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകുന്ന രോഗികൾ സർജറി കഴിഞ്ഞ് നിശ്ചിത സമയപരിധിക്കുള്ളിൽ (48 മണിക്കൂർ) അപേക്ഷ നൽകിയാൽ മാത്രമേ ചികിത്സാ സഹായം അനുവദിക്കുന്നതിന് പരിഗണിക്കുകയുള്ളൂ.

എന്നാൽ ശ്രീ. രഘൂത്തമൻ, 4-12-2013-ലെ സർജറിക്കുശേഷം 11-12-2013-ൽ മാത്രമാണ് ചികിത്സാ സഹായത്തിന് കണ്ണൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ അപേക്ഷ സമർപ്പിച്ചത്. സർജറി കഴിഞ്ഞ് നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാത്തതിനാൽ ശ്രീ. രഘൂത്തമന്റെ ചികിത്സാച്ചെലവ് മടക്കി ലഭിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്നുള്ള വിവരം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ടിയാനെ അറിയിച്ചിട്ടുണ്ട്.

(ഡി) കാരുണ്യ ബെനവലന്റ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ടിയാന് ചികിത്സാ സഹായത്തിന് അർഹതയില്ലാത്തതിനാലാണ് ചികിത്സാചെലവ് മടക്കി നൽകാത്തത്.

ആയതിനാൽ ഇക്കാര്യത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ടിന് വീഴ്ച സംഭവിച്ചിട്ടില്ല.

(ഇ) ശ്രീ. രഘൂത്തമൻ സർജറി കഴിഞ്ഞ് നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാത്തതിനാൽ ചികിത്സാച്ചെലവ് മടക്കി ലഭിക്കണമെന്ന അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് 12-1-2018-ലെ R2/10724/14/KBF നമ്പർ കത്തിലൂടെ ടിയാനെ അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(എഫ്) കാരുണ്യ ബനവലന്റ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ശ്രീ. രഘൂത്തമന് ചികിത്സാച്ചെലവ് മടക്കി ലഭിക്കാൻ അർഹതയില്ലാത്തതിനാൽ ധനസഹായം അനുവദിക്കാൻ കഴിയില്ല.

## കാരുണ്യ ബെനവലന്റ് ഫണ്ട്

14 (424) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് വഴി എത്ര കോടി രൂപയുടെ സഹായമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാരുണ്യ റീഇംബേഴ്സ്മെന്റ് തുക ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 1431.52 കോടി രൂപയുടെ ചികിത്സാ സഹായമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) 156 റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ നിലവിലുണ്ട്.

## കാരുണ്യ ബെനവലന്റ് പദ്ധതി

15 (425) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയുടെ കാലാവധി 2020 വരെ ദീർഘിപ്പിച്ചു നൽകാനുള്ള തീരുമാനപ്രകാരം പുതിയ അപേക്ഷകൾ സ്വീകരിക്കാൻ ജില്ലാ ലോട്ടറി ആഫീസുകളിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കാരുണ്യ ബെനവലന്റ് പദ്ധതിക്കു പകരം സർക്കാർ നടപ്പാക്കുന്ന കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏതു വകുപ്പിനാണ്; ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് പദ്ധതി നടപ്പിലാക്കാൻ ചിയാക്കിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായത്തിന് അർഹരായവർക്ക് പ്രസ്തുത ചികിത്സാ സഹായം മാർച്ച് 2020 വരെ ചിയാക്ക് മുഖേന ലഭ്യമാക്കുന്നതാണ്. ആശുപത്രിയിലാണ് ടി പദ്ധതിപ്രകാരമുള്ള ചികിത്സാ സഹായ അപേക്ഷകൾ സമർപ്പിക്കേണ്ടത്.

(ബി) കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പുചുമതല ആരോഗ്യ കുടുംബക്ഷേമ വകുപ്പിനാണ്. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നോഡൽ ഏജൻസിയായി ചിയാക്കിനെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം സംസ്ഥാനത്ത് അർഹരായ കുടുംബങ്ങൾക്ക് അഞ്ചു ലക്ഷം രൂപ വരെയുള്ള സൗജന്യ ആരോഗ്യ ചികിത്സാ സഹായം കേരളത്തിനകത്തും രാജ്യത്തും ആയുഷ്മാൻ ഭാരത് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എല്ലാ ആശുപത്രികളിലും ലഭ്യമാകും.

**സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ പദ്ധതികൾ**

16 (426) <u>ശ്രീമതി വീണാ ജോർജ്ജ്:</u>
<u>ശ്രീ. കാരാട്ട് റസാഖ്:</u>
<u>ശ്രീ. ബി. സത്യൻ:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി നികുതി സമാഹരണ തീവ്ര യജ്ഞ പരിപാടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നികുതി കുടിശിക സമാഹരിക്കുന്നതിനായി റവന്യൂ റിക്കവറി

നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ഡി) വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജി.എസ്.ടി. സമാഹരണം ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്താൻവേണ്ട നടപടി സ്വീകരിച്ചു.

1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനോടകം 45618.6 കോടി രൂപയുടെ 591 പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇവയിൽ 247 പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിണിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യൂവേഷൻ കേസുകൾ

തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

8. സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശയാത്രയ്ക്കും വിമാനയാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നികുതി പിരിവ് ഊർജ്ജിതവും കാര്യക്ഷമവുമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജി.എസ്.ടി. സമാഹരണം ഊർജ്ജിതപ്പെടുത്താൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചുകാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും.

2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ.-3 ബി, ജി.എസ്.ടി.ആർ.-1 ഇവ തമ്മിലുള്ള താരതമ്യം ഈ വേ ബിൽ ഡാറ്റ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച്

പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി അവസാനഘട്ടത്തിലാണ്.

4. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

5. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവത്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സംസ്ഥാന വാർഷിക പദ്ധതിച്ചെലവ്

17 (427) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാർഷിക പദ്ധതിച്ചെലവ് വെട്ടിച്ചുരുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും വകുപ്പുകളെ ഇതിൽനിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അങ്ങനെയെങ്കിൽ ഏതെല്ലാം വകുപ്പുകളെയെന്നും അറിയിക്കുമോ?

ഉത്തരം

(എ) വാർഷിക പദ്ധതിച്ചെലവ് വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനുള്ള നടപടി കൈക്കൊള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ബാധകമല്ല.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ്

18 (428) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2016-2017, 2017-2018, 2018-19 എന്നീ വർഷങ്ങളിലായി എത്ര രൂപയുടെ ടെണ്ടർ സേവിംഗ് ഉണ്ടെന്നുള്ള വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് പുതിയ പദ്ധതിക്ക് വേണ്ടി നിർദ്ദേശം സമർപ്പിക്കുന്നതിന് കഴിയുമോ; ആയതിന്റെ നിബന്ധനകളും വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശിപാർശ ചെയ്ത എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ബി) അതാത് വർഷങ്ങളിൽ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ പൂർത്തീകരിച്ച് ടെണ്ടർ സേവിംഗ്സ് കണക്കാക്കി പുതിയ പ്രവൃത്തികൾക്ക് വേണ്ടി നിർദ്ദേശം സമർപ്പിക്കുന്നതിന് സാങ്കേതിക തടസ്സമില്ല. 4-8-2019-ലെ സ.ഉ.(പി) നമ്പർ 119/2018/ധന. www.kerala.gov.in ത്തിൽ വിശദാംശങ്ങൾ ലഭ്യമാണ്.

## സർക്കാരിന്റെ നികുതി-നികുതിയേതര വരുമാനം

19 (429) ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സർക്കാരിന്റെ പ്രതീക്ഷിത വരുമാനം എത്രയെന്നാണ് കണക്കാക്കിയിരുന്നത്; അതിൽ നാളിതുവരെ എന്ത് തുകയാണ് നികുതി-നികുതിയേതര ഇനത്തിൽ സമാഹരിക്കാൻ കഴിഞ്ഞത്; വിശദമാക്കാമോ;

(ബി) ഇതിൽ ലോട്ടറി വില്പനയിലൂടെയും മദ്യ വില്പനയിലൂടെയും എത്ര കോടി രൂപയാണ് ഈ സാമ്പത്തിക വർഷം സമാഹരിച്ചത്; വ്യക്തമാക്കുമോ;

(സി) മോട്ടോർ വാഹന സെസ്സ്, പെട്രോളിയം സെസ്സ് എന്നിവയിൽ നിന്നും സർക്കാരിലേയ്ക്കും കിഫ്ബിയിലേക്കും ഈ സാമ്പത്തിക വർഷം സമാഹരിച്ച തുക വേർതിരിച്ച് നൽകാമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷം സംസ്ഥാന തനത് നികുതി വരുമാനം, നികുതിയേതര വരുമാനം ഇനങ്ങളിൽ യഥാക്രമം 65784.60 കോടി, 15070.07

കോടി രൂപ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2019 ആഗസ്റ്റ് മാസം വരെ സംസ്ഥാന തനത് നികുതി ഇനത്തിൽ 20285.90 കോടി രൂപയും നികുതിയേതര ഇനത്തിൽ 4497.05 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(ബി) ലോട്ടറി വില്പനയിലൂടെ ഈ സാമ്പത്തിക വർഷം (1-4-2019 മുതൽ 30-9-2019 വരെ) 4994.44 കോടി രൂപയും മദ്യവില്പനയിലൂടെ 2019 സെപ്റ്റംബർ 30 വരെ ആകെ 1042.39 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(സി) മോട്ടോർ വാഹന സെസ്സിനത്തിൽ 1-4-2019 മുതൽ 30-6-2019 വരെ 2.73 കോടി രൂപയും പെട്രോളിയം സെസ്സിനത്തിൽ 30-9-2019 വരെ 39.05 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. കിഫ്ബിക്ക് 22-10-2019 വരെ മോട്ടോർ വാഹന നികുതിയുടെ വിഹിതമായി 1230 കോടി രൂപയും പെട്രോൾ, ഡീസൽ സെസ്സിന്റെ വിഹിതമായി 410 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പൊതുകടം

20 (430) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2016-ലെ സംസ്ഥാനത്തിന്റെ പൊതുകടം,മൊത്തം കടം, ആളോഹരി കടം എന്നിവ എത്രയായിരുന്നു ;

(ബി) 30-9-2019-ലെ സംസ്ഥാനത്തിന്റെ പൊതു കടം,മൊത്തം കടം, ആളോഹരി കടം എന്നിവ വ്യക്തമാക്കുമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 31-3-2016 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 1,09,730.97 കോടി രൂപയും ആകെ കടബാധ്യത 1,57,370.33 കോടി രൂപയുമായിരുന്നു. ഇതടിസ്ഥാനമാക്കിയുള്ള ആളോഹരി കടം 46,078.04 രൂപയുമായിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ 31-8-2019 വരെയുള്ള കണക്കുകൾ പ്രകാരം (1-4-2018 മുതൽ 31-8-2019 വരെയുള്ള താൽക്കാലിക കണക്കുകളുൾപ്പെടെ) സംസ്ഥാനത്തിന്റെ പൊതുകടം 1,69,155.15 കോടി രൂപയും ആകെ കടബാധ്യത 2,49,559.34 കോടി രൂപയുമാണ്. ഇതടിസ്ഥാനമാക്കിയുള്ള ആളോഹരി കടം 72,430.52 രൂപയുമാണ്.

## ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശ എഴുതിത്തള്ളുന്നതിന് നടപടി

21 (431) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ തേവര ഓഫീസിൽ ചാർജ്ജ്മാനായി ജോലിചെയ്തിരുന്ന, 19-12-2015-ൽ മരണപ്പെട്ട, പട്ടികജാതി സമുദായംഗമായ കെ.കെ.പുരുഷോത്തമന്റെ പേരിലുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശ തുക സംബന്ധിച്ച ധനകാര്യവകുപ്പിന്റെ പരിഗണനയിലിരിക്കുന്ന ഗതാഗത വകുപ്പിന്റെ 42/ഡി/2019/ഗത. ഫയലിന്മേൽ, ടിയാന്റെ കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത്, പ്രസ്തുത തുക എഴുതിതള്ളാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഫയലിൽ തീരുമാനം എടുക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാനും ടി കുടുംബത്തിന് ലഭ്യമാക്കേണ്ട അനുകൂല്യം ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർവ്വീസിലിരിക്കെ അന്തരിച്ച കെ. കെ. പുരുഷോത്തമന്റെ പേരിലുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശ തുക എഴുതിത്തള്ളുന്ന വിഷയത്തിൽ നടപടിയെടുക്കുന്നത് 17-7-2017-ലെ സ.ഉ.(പി) നമ്പർ 91/2017/ധന. ഉത്തരവിലെ ഖണ്ഡിക 3 (vi) പ്രകാരമാണ്. ഇതിൽ ഭവന നിർമ്മാണ വായ്പ കേസുകളിൽ ബാധ്യത തുക എഴുതിത്തള്ളുന്നതിന് ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച ശേഷമായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ ഫയൽ ധനകാര്യ പരിശോധന വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണ്.

(ബി) ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചാലുടൻ ടി റിപ്പോർട്ടിലെ വസ്തുതകൾ പ്രകാരം നിയമാനുസൃതമായ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുന്നതാണ്.

**പ്രളയ സെസും നികുതി കുടിശ്ശികയും**

22 (432) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റ്- ൽ പ്രളയ സെസ് ഏർപ്പെടുത്തിയശേഷം നാളിതുവരെ എത്ര തുകയാണ് പ്രളയ സെസ് ആയി ലഭിച്ചിട്ടുള്ളതെന്നും രണ്ടുവർഷം കൊണ്ട് എത്ര തുകയാണ് പ്രളയ സെസ് ആയി സ്വരൂപിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) നികുതി കുടിശ്ശികയിനത്തിൽ നാളിതുവരെ എത്ര തുകയാണ് പിരിഞ്ഞുകിട്ടാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) 2018 ഒക്ടോബർ മുതൽ നാളിതുവരെ എത്ര തുകയാണ് നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2019 ആഗസ്റ്റിൽ പ്രളയ സെസ്സ് ഏർപ്പെടുത്തിയശേഷം 24-10-2019 വരെ 164.8 കോടി രൂപ ലഭിച്ചിട്ടുണ്ട്. രണ്ടുവർഷം കൊണ്ട് 1200 കോടി രൂപയാണ് പ്രളയസെസ്സായി സ്വരൂപിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) നികുതി കുടിശ്ശികയിനത്തിൽ 30-9-2019 വരെ 13717.90 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ഇതിൽ പിരിച്ചെടുക്കാവുന്ന തുക 3743.69 കോടി രൂപയാണ്.

(സി) നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ സ്വീകരിച്ച കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
2. അപ്പീൽ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ടി കൂടുതലായി നാല് ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും കൂടുതലായി അനുവദിച്ചു.
3. റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ധനകാര്യം, റവന്യൂ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി.
4. നികുതി കുടിശ്ശികകൾ തീർപ്പിക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽവരുത്തി. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശിക തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശമുണ്ട്.
5. കുടിശ്ശികകൾ ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിന് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും പ്രതിമാസ അവലോകനയോഗം കൂടി പുരോഗതി വിലയിരുത്തുന്നു.

(ഡി) 2018 ഒക്ടോബർ മുതൽ 30-9-2019 വരെ 136.34 കോടി രൂപ നികുതി കുടിശ്ശികയായി പിരിച്ചെടുത്തിട്ടുണ്ട്.

## നികുതി കുടിശ്ശിക പിരിച്ചെടുക്കൽ

23 (433) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഉണ്ടായിരുന്ന നികുതി കുടിശ്ശിക എത്രയായിരുന്നുവെന്നും ആയതിൽ എത്ര തുക നാളിതുവരെ പിരിച്ചെടുത്തിട്ടുണ്ടെന്നും അറിയിക്കുമോ; നികുതി കുടിശ്ശിക ഇനത്തിൽ ഇനി എത്ര ശതമാനം തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ടെന്ന് കണക്കുകൾ സഹിതം വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ നികുതി കുടിശ്ശികയ്ക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഉണ്ടായിരുന്ന നികുതി കുടിശ്ശിക 8909.60 കോടി രൂപയായിരുന്നു. അതിൽ പിരിച്ചെടുക്കാവുന്ന തുക (Collectable Amount) 1904.04 കോടി രൂപയാണ്. ഇതിൽ നാളിതുവരെയുള്ള കളക്ടബിൾ ഡിമാന്റ് ചേർത്ത് 692.77 കോടി രൂപ റവന്യൂ റിക്കവറി വഴി പിരിച്ചെടുത്തിട്ടുണ്ട്. റവന്യൂ വകുപ്പ് പ്രധാനമായും പിരിച്ചെടുക്കുന്നത് ലാൻഡ് റവന്യൂ നികുതി ഇനങ്ങളാണ്. ഇവ കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകകൾ 1968-ലെ കേരള റവന്യൂ റിക്കവറി നിയമപ്രകാരവും പിരിച്ചെടുത്തുവരുന്നു. ജി.എസ്.ടി. നിലവിൽ വരുമ്പോൾ ലാൻഡ് റവന്യൂ ഇനത്തിൽ 313.03 കോടി രൂപയും, റവന്യൂ റിക്കവറി ഇനത്തിൽ 2793.72 കോടി രൂപയും കുടിശ്ശികയായിട്ടുണ്ടായിരുന്നു. 2017-18 സാമ്പത്തികവർഷം അവസാനിച്ചപ്പോൾ ലാൻഡ് റവന്യൂ ഇനത്തിൽ 367.29 കോടി രൂപയും, റവന്യൂ റിക്കവറി ഇനത്തിൽ 863.36 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷമായ 2019-20-ൽ മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും നടപ്പുവർഷത്തെ മുതലും കൂടി ഉൾപ്പെട്ടതിൽ 2019 സെപ്റ്റംബർ മാസം വരെയുള്ള കണക്കുപ്രകാരം ലാൻഡ് റവന്യൂ ഇനത്തിൽ 496.57 കോടി രൂപയും റവന്യൂ റിക്കവറി ഇനത്തിൽ 4226.01 കോടി രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

(ബി) 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി പ്രകാരം പ്രസ്തുത പദ്ധതിയിൽ ചേരുന്നവർക്ക് പലിശയും പിഴയും

ഒഴിവാക്കുന്നതാണ്. കൂടാതെ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കുടിശ്ശിക പിരിക്കുന്നതിന് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്.

(സി) നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയുംവേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
2. അപ്പീൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ടി കൂടുതലായി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും കൂടുതലായി അനുവദിച്ചു.
3. റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ധനകാര്യ മന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി.
4. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽവരുത്തി.
5. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കാൻ സാവകാശമുണ്ട്.

## നടപ്പ് സാമ്പത്തിക വർഷത്തെ നികുതി

24 (434) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിൽ നികുതി ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള തുക തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം പകുതി പിന്നിടുമ്പോൾ നികുതി ഇനത്തിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) പ്രളയം കാരണം നികുതി പിരിച്ചെടുക്കുന്നതിൽ മാന്ദ്യം അനുഭവപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രളയസെസ് ഇനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ എത്ര തുക പിരിച്ചെടുത്തു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2019-20 സാമ്പത്തികവർഷം സെപ്റ്റംബർ മാസം വരെ സംസ്ഥാനത്ത്

തനത് നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| സംസ്ഥാന ചരക്ക സേവന നികുതി | 10142.42 |
| ഭൂനികുതി | 156.70 |
| മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 1753.57 |
| കാർഷികാദായ നികുതി | 0.14 |
| കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ | 72.97 |
| സംസ്ഥാന എക്സൈസ് നികുതി | 1125.63 |
| വിൽപ്പന നികുതി | 9007.09 |
| വാഹന നികുതി | 1867.02 |
| വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 31.65 |
| ക്രയവിക്രയങ്ങളെയും സേവനങ്ങളെയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും | 8.07 |
| ആകെ | 24165.26 |

(ബി) സാമ്പത്തിക വർഷാവസാനം മാത്രമേ വ്യക്തമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

(സി) ഉണ്ട്.

(ഡി) പ്രളയസെസ്സ് ഇനത്തിൽ ഈ സാമ്പത്തികവർഷത്തിൽ 30-9-2019 വരെ 68.52 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

**വേയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ**

25 (435) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ ഈ സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ എത്ര തുകയ്ക്കുള്ള ബില്ലുകളാണ് വേയ്സ് ആന്റ് മീൻസ് നിയന്ത്രണവുമായി

ബന്ധപ്പെട്ട് തടഞ്ഞുവച്ചതെന്ന് മാസം തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കിവരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിനുപരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല.

(ബി) വേയ്സ് ആന്റ് മീൻസ് ക്യൂവിൽ പെൻഡിംഗുള്ള ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കാലയളവ് | നിലവിൽ വേയ്സ് ആന്റ് മീൻസ് ക്ലിയറൻസ് അനുവദിക്കാത്ത ബില്ലുകളുടെ എണ്ണം | തുക (കോടിയിൽ) |
|---|---|---|
| 1-4-2019 മുതൽ 30-4-2019 വരെ | 5 | 2.02 |
| 1-5-2019 മുതൽ 31-5-2019 വരെ | 101 | 34.07 |
| 1-6-2019 മുതൽ 30-6-2019 വരെ | 94 | 242.78 |
| 1-7-2019 മുതൽ 31-7-2019 വരെ | 195 | 256.44 |
| 1-8-2019 മുതൽ 31-8-2019 വരെ | 390 | 331.46 |
| 1-9-2019 മുതൽ 30-9-2019 വരെ | 265 | 266.69 |

**സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി**

26 (436) <u>ശ്രീ. വി. ടി. ബൽറാം:</u>

ശ്രീ. റോജി എം. ജോൺ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കുന്നത്;വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാരൊഴികെ ക്യാബിനറ്റ് പദവിയിൽ ആർക്കൊക്കെ നിയമനം നൽകി എന്ന വിവരം ലഭ്യമാണോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കാനോ വായ്പാ പരിധി ഉയർത്താനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനഃസൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും ചെലവുകൾ വെട്ടിച്ചുരുക്കിക്കൊണ്ട് സംസ്ഥാന

ധനനയത്തിൽ ഒരു അടിസ്ഥാനതിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബഡ്ജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനോടകം 45618.6 കോടി രൂപയുടെ 591 പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇവയിൽ 247 പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.
2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
6. വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.
7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്കരണത്തിലൂടെയും

ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

(സി) സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശയാത്രയ്ക്കും വിമാനയാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) നാലാം ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാനായി മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ എം.എൽ.എ.-യെയും കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ ചെയർമാനായി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെയും ഗവൺമെന്റ് ചീഫ് വിപ്പായി ശ്രീ. കെ. രാജൻ എം.എൽ.എ.-യെയും സംസ്ഥാന സർക്കാരിന്റെ ന്യൂഡൽഹിയിലെ പ്രത്യേക പ്രതിനിധിയായി ഡോ. എ. സമ്പത്തിനെയും ക്യാബിനറ്റ് പദവിയിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ അഡ്വക്കേറ്റ് ജനറലായ ശ്രീ. സി. പി. സുധാകര പ്രസാദിന് പ്രസ്തുത പദവി വഹിക്കുന്ന കാലത്തേയ്ക്ക് ക്യാബിനറ്റ് പദവി അനുവദിച്ച് 24-10-2019-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പട്ടാമ്പി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

27 (437) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇപ്പോൾ പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭിക്കുന്നതിന് വളരെയധികം കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതികൾ എത്രയുംവേഗം ആരംഭിക്കുന്നതിനായി വിവരശേഖരണത്തിന് ഒരു സമയപരിധി നിശ്ചയിക്കുവാൻ സാധിക്കുമോ;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി വഴി പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളും

അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിവരശേഖരണത്തിന് സമയപരിധി നിശ്ചയിക്കുന്ന കാര്യം പരിഗണനയിലില്ല.

## മസാല ബോണ്ട് വില്പന

28 (438) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ടുവഴി കിഫ്ബി എത്ര കോടി രൂപയാണ് സമാഹരിച്ചതെന്നും പ്രസ്തുത ബോണ്ടുകൾക്ക് നൽകേണ്ട പലിശ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) മസാല ബോണ്ട് വില്പന വഴി ലഭിച്ച തുക കിഫ്ബി അക്കൗണ്ടിൽ എത്തിയത് എന്നാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ബോണ്ടുവഴി സമാഹരിച്ച തുക നിലവിൽ ഏതൊക്കെ ബാങ്കുകളിൽ ആണ് നിക്ഷേപിച്ചിട്ടുള്ളതെന്നും ഓരോ ബാങ്കിലും എന്ത് തുക വീതം എന്നാണ് നിക്ഷേപിച്ചതെന്നും അതിന് ലഭിക്കുന്ന പലിശ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കിഫ്ബി നിലവിൽ പുറത്തിറക്കിയ മസാല ബോണ്ടുകൾ വഴി 2150 കോടി രൂപയാണ് ലഭിച്ചത്. 9.723% കൂപ്പൺ റേറ്റിലാണ് പ്രസ്തുത മസാല ബോണ്ടുകൾ വിപണനം ചെയ്യപ്പെട്ടത്.

(ബി) 2019 മാർച്ച് 29-ാം തീയതിയാണ് മസാല ബോണ്ട് വില്പന വഴി ലഭിച്ച തുക കിഫ്ബിയുടെ അക്കൗണ്ടിൽ എത്തിയത്.

(സി) ബോണ്ടുവഴി സമാഹരിച്ച തുക നിക്ഷേപിച്ചിട്ടുള്ള ബാങ്കുകളുടെ വിവരം ചുവടെ ചേർക്കുന്നു. (30-9-2019-ലെ കണക്കനുസരിച്ച്)

| ബാങ്ക് | തുക | പലിശ നിരക്ക് |
|---|---|---|
| Union Bank of India | 1,02,00,00,000 | 7.60% |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| HDFC | 3,70,00,00,000 | 7.75% |
| ICICI | 3,28,00,00,000 | 7.70% |
| Axis Bank | 1,00,00,00,000 | 7.90% |
| Union Bank of India | 4,00,23,40,000 | 7.48% |
| Bank of Baroda | 1,49,00,00,000 | 7.40% |
| Kotak Mahindra Bank | 1,60,00,00,000 | 7.20% |
| Vijaya Bank | 1,93,96,48,000 | 7.10% |
| State Bank of India | 81,51,40,139 | 3% |
| ആകെ നിക്ഷേപം | 18,84,71,28,139 | |
| പദ്ധതികളിൽ ചെലവഴിച്ചത് | 2,65,28,71,861 | |
| ആകെ | 21,50,00,00,000 | |

**കിഫ്ബി പദ്ധതി ഉദ്യോഗസ്ഥർക്ക് പരിശീലനം**

29 (439) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായ പരിശീലനം ലഭിച്ചിട്ടുണ്ടോ;

(ബി) മാനദണ്ഡങ്ങളിൽ നിന്ന് വ്യതിചലിച്ച കൊണ്ട് തയ്യാറാക്കുന്ന രൂപരേഖയും അപൂർണമായ ഉള്ളടക്കവും അത് പരിഹരിക്കുന്നതിനായുള്ള നിരവധി എഴുത്തുകുത്തുകളും കാരണം പദ്ധതി നടപ്പിലാക്കുന്നതിന് വളരെ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി കിഫ്ബിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് രൂപരേഖയും പ്രവൃത്തികളും നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കുന്നതിനാവശ്യമായ പരിശീലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ; അതിനു ശേഷവും തെറ്റുകൾ വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നതുകൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന സാങ്കേതിക സഹായവും നൽകിവരുന്നുണ്ട്. ഇതിനുപുറമെ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ തുടങ്ങുന്നതിനായി കിഫ് ബോർഡ് തീരുമാനിക്കുകയും അതിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

(ബി) ഉണ്ട്. ആയത് പരിഹരിക്കുന്നതിലേയ്ക്കാണ് കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ തുടങ്ങുന്നത്.

(സി) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നതുകൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. നടപടിയെടുക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കേണ്ടത് അതത് വകുപ്പുകളാണ്.

## കിഫ്ബി വഴി നടപ്പാക്കിയ പ്രോജക്ടുകൾ

30 (440) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി എത്ര പ്രോജക്ടുകൾ നാളിതുവരെ പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) പൂർത്തീകരിച്ച പ്രോജക്ടുകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പൂർത്തീകരിച്ച പ്രോജക്ടുകൾക്കായി എത്ര തുക കിഫ്ബി ഫണ്ടിൽ നിന്നും ഇതിനകം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നാളിതുവരെ പൂർത്തീകരിച്ച ഉപപദ്ധതികൾ/പദ്ധതികളുടെ ഘടകങ്ങൾ എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പൂർത്തീകരിച്ച പ്രോജക്ടുകൾക്കായി അനുവദിച്ച തുകയുടെ വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

**കിഫ്ബി വഴി പൂർത്തീകരിച്ച പദ്ധതികൾ**

31 (441) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ കിഫ്ബി വഴി എത്ര കോടി രൂപയുടെ പദ്ധതികളാണ് പ്രവർത്തന ഘട്ടത്തിലുള്ളതെന്ന് വിശദമാക്കാമോ;

(സി) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസമാഹരണത്തിനായി മസാല ബോണ്ടിന് പുറമേ മറ്റെന്തെല്ലാം ബോണ്ടുകൾ പുറത്തിറക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; ഓരോ ബോണ്ടുവഴിയും എത്ര രൂപ വീതം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രവാസി ചിട്ടിപ്പണം സ്ഥിര നിക്ഷേപമാക്കിയ വകയിൽ എത്ര രൂപ കിഫ്ബി ബോണ്ട് ആക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 553.97 കോടി രൂപയുടെ 13 ഉപപദ്ധതികൾ/ഘടകങ്ങൾ നാളിതുവരെ പൂർത്തിയായിട്ടുണ്ട്.

(ബി) 14176.50 കോടി രൂപയുടെ പദ്ധതികളാണ് പ്രവർത്തന ഘട്ടത്തിലുള്ളത്.

(സി) നിലവിൽ മസാല ബോണ്ടിനു പുറമെ മറ്റ് ബോണ്ടുകൾ പുറപ്പെടുവിക്കാൻ കിഫ്ബിയുടെ ബോർഡ് തലത്തിൽ തീരുമാനം എടുത്തിട്ടില്ല. പദ്ധതി ചെലവിനായി പണം ആവശ്യമാകുന്നമുറയ്ക്ക് അനുയോജ്യമായ മാർഗ്ഗത്തിലൂടെ പണം സമാഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) പ്രവാസി ചിട്ടി പണം സ്ഥിര നിക്ഷേപമാക്കിയ വകയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

45 കോടി രൂപയുടെ ബോണ്ട് കെ.എസ്.എഫ്.ഇ.ക്കായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുൾപ്പെടെ കെ.എസ്.എഫ്.ഇ.ക്കായി ആകെ 63.318 കോടി രൂപയുടെ ബോണ്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

## കിഫ്ബി മസാല ബോണ്ട്

32(442) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടുകളിൽ വായ്പയ്ക്ക് സർക്കാർ നൽകിയ ഗ്യാരന്റി കൺസോളിഡേറ്റഡ് ഫണ്ടിന്റെ മുകളിലാണോ എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഗ്യാരന്റികൾക്ക് പാലിക്കേണ്ട നിബന്ധനകൾ പ്രസ്തുത ബോണ്ടുകളുടെ കാര്യത്തിൽ സർക്കാർ പാലിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ;

(സി) ഈ ബോണ്ടുകൾക്ക് ആർ.ബി.ഐ-യിൽ നിന്നും കിഫ്ബി നേരിട്ട് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) കിഫ്ബി മസാല ബോണ്ടുകൾക്ക് സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നൽകുന്ന ഗ്യാരന്റികൾക്ക് ആർ.ബി.ഐ./കേന്ദ്ര സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾക്ക് സർക്കാർ നിൽക്കുന്ന ഗ്യാരന്റി സഞ്ചിതനിധിയുടെ മേൽ ഏതെങ്കിലും തരത്തിലുള്ള അധികാരം നിക്ഷേപകർക്ക് നൽകുന്നില്ല. സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്യാരന്റികൾക്ക് പാലിക്കേണ്ട എല്ലാ മാനദണ്ഡങ്ങളും കിഫ്ബിയുടെ മസാല ബോണ്ടിന് നൽകിയ സർക്കാർ ഗ്യാരന്റിയിലും പാലിച്ചിട്ടുണ്ട്.

(ബി) നിലവിലെ ഫെമ ചട്ടപ്രകാരം റിസർവ് ബാങ്ക് അംഗീകാരമുള്ള ഡീലർ ബാങ്കിലൂടെ മാത്രമേ മസാല ബോണ്ട് അനുമതിക്കായി റിസർവ് ബാങ്കിനെ സമീപിക്കാൻ കഴിയൂ. ഇപ്രകാരം കിഫ്ബിയുടെ മസാലബോണ്ടിന്റെ അറേഞ്ചറായി തെരഞ്ഞെടുക്കപ്പെട്ട ആക്സിസ് ബാങ്കിലൂടെയാണ് കിഫ്ബിയുടെ മസാല ബോണ്ടിന് റിസർവ് ബാങ്ക് അനുമതി ലഭ്യമാക്കിയത്.

(സി) സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്യാരന്റികൾക്ക് കേന്ദ്ര

സർക്കാരിന്റെയോ റിസർവ് ബാങ്കിന്റെയോ പ്രത്യേക അനുമതി ലഭ്യമാക്കേണ്ടതില്ല. ഭരണഘടന പ്രകാരം അതാത് സംസ്ഥാനങ്ങൾക്കുതന്നെ ആ സംസ്ഥാനത്തിന്റെ ഗ്യാരന്റീസ് ആക്ടിന്റെ പരിധിക്കുള്ളിൽനിന്ന് ഗ്യാരന്റികൾ നൽകാവുന്നതാണ്.

**കിഫ്ബി മുഖേന തീരദേശ ഹൈവേ**

33 (443) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മുഖേന തീരദേശ ഹൈവേ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടേതാണ് ഭരണാനുമതി എന്നറിയിക്കാമോ?

ഉത്തരം

2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 9 തീരദേശ ജില്ലകളിലായി 630 കി.മീ. ദൈർഘ്യത്തിൽ തീരദേശ ഹൈവേയുടെ നിർമ്മാണം ആരംഭിക്കുമെന്നും പ്രസ്തുത തീരദേശ പാതയ്ക്ക് കിഫ്ബി 6500 കോടി രൂപ നിക്ഷേപിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. അതിൻപ്രകാരം 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/PWD പ്രകാരം തീരദേശ ഹൈവേ പദ്ധതി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിലേയ്ക്കായി ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ഇതിൽ ആദ്യഘട്ടമായി, തീരദേശ ഹൈവേ പദ്ധതിയിൽ ഉൾപ്പെടുന്ന മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ ജംഗ്ഷൻ വരെയുള്ള സ്ട്രെച്ചിലനു (km 0/000 to 15/000) 52.78 കോടി രൂപയ്ക്കുള്ള അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്.

**കിഫ്ബി മുഖേന ധനാനുമതി നൽകിയ പദ്ധതികൾ**

34 (444) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന ഇതുവരെ എത്ര പദ്ധതികൾക്ക് ധനാനുമതി നൽകിട്ടുണ്ട്; ഇത്രയും പദ്ധതികൾക്ക് ആകെ എത്ര കോടി രൂപയുടെ ധനാനുമതി ആണ് നൽകിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റ് പ്രവൃത്തികൾക്കുപുറമേ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധാരാളം പ്രവൃത്തികൾ നടക്കുന്നതുകൊണ്ട് വൻതോതിൽ തൊഴിൽ അവസരങ്ങൾ ഉണ്ടാകുകയും അതോടൊപ്പം വൻ വികസനവും ഉണ്ടാകുന്നതിന്റെ ഭാഗമായി കേരള സമ്പദ് വ്യവസ്ഥ മാന്ദ്യത്തിൽപ്പെടാതെ സ്ഥിരവും വികസനോന്മുഖവുമായി നിലനിൽക്കുന്നുണ്ട് എന്ന വിലയിരുത്തൽ ധനവകുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന ഇതുവരെ 591 പദ്ധതികൾക്ക് ആകെ 45618.60 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വികസനം സാധ്യമാകുന്നതോടൊപ്പം തൊഴിൽ സാഹചര്യങ്ങളും വർദ്ധിക്കും. മാന്ദ്യത്തിലൂടെ കടന്നുപോകുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് ഒരു ഉത്തേജകമായി ഇത് മാറുകയും ചെയ്യുമെന്നുള്ളത് അവിതർക്കമാണ്.

**കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

35 (445) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) നൂറുകോടി രൂപയ്ക്ക് മുകളിൽ കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം ജില്ലതിരിച്ച് നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി മുഖേന ആകെ 45618.60 കോടി രൂപയുടെ 591 പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. അതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) 100 കോടി രൂപയ്ക്കുമുകളിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി പദ്ധതികൾ

36 (446) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയത്എന്ന് അറിയിക്കുമോ;

(ബി) ഇതിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര പദ്ധതികൾക്കും അവയ്ക്കായി എത്ര തുകയുമാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വ്യവസായത്തിനുള്ള പശ്ചാത്തല സൗകര്യ വികസനത്തിനായി എത്ര പദ്ധതികൾക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയിൽ ഓരോ മേഖലയിലും എത്ര പദ്ധതികൾക്ക് എത്ര തുകയ്ക്കാണ് അംഗീകാരം നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇവയിൽ എത്ര പദ്ധതികൾക്കാണ് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുള്ളതെന്നും എത്ര പദ്ധതികൾക്കാണ് സാങ്കേതിക അനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(എഫ്) ഇതിൽ എത്ര പദ്ധതികൾ ഇതിനകം ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതാണെന്നും എത്ര തുകയ്ക്കുള്ള പദ്ധതിയാണെന്നും വിശദമാക്കുമോ;

(ജി) ഇതിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചുവെന്നും അതിലേയ്ക്കായി എത്ര തുകയാണ് ചെലവഴിച്ചതെന്നും അംഗീകാരം നൽകിയവയിൽ 50 കോടി രൂപയ്ക്ക് മുകളിലുള്ള എത്ര പദ്ധതികളാണ് ഉൾപ്പെടുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 591 പദ്ധതികൾക്കായി ആകെ 45618.60 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളെല്ലാംതന്നെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ളവയാണ്.

(സി) വ്യവസായ വകുപ്പിന് കീഴിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ആകെ മൂന്ന് പദ്ധതികൾക്കായി 14275.17 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഓരോ മേഖലയിലും കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഇ) ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി നൽകുന്ന പദ്ധതികളാണ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള 591 പദ്ധതികളിൽ 348 പദ്ധതികൾക്ക് ബന്ധപ്പെട്ട പദ്ധതിനിർവ്വഹണ ഏജൻസികൾ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(എഫ്) കിഫ്ബി അംഗീകരിച്ചിട്ടുള്ള 591 പദ്ധതികളിൽ 247 പദ്ധതികളിലായി ആകെ 10652.56 കോടി രൂപയുടെ പദ്ധതികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ജി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ 38 ഡയാലിസിസ് സെന്ററുകൾ, 4 കാത്ത് ലാബുകൾ, 2 സി.സി.യു, 5 കുടിവെള്ള പദ്ധതികൾ, ചേർത്തല തണ്ണീർമുക്കം റോഡ്, ട്രാൻസ്ഗ്രിഡ് കൊച്ചി ലൈൻസ് പാക്കേജിന്റെ ഒന്നാംഘട്ടം എന്നിവ പൂർത്തിയായിട്ടുണ്ട്. കൂടാതെ വനം വകുപ്പിനുകീഴിലുള്ള സോളാർ ഫെൻസിങ് പദ്ധതിയുടെ 8 ഘട്ടങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ 14 ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 95% ത്തോളം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കിഫ്ബി അംഗീകരിച്ചിട്ടുള്ള പദ്ധതികളിൽ 35973.66 കോടി രൂപയുടെ 162 പദ്ധതികൾ 50 കോടി രൂപയ്ക്ക് മുകളിലുള്ളവയാണ്. പൂർത്തീകരിച്ച പദ്ധതികളുടെയും അവയ്ക്കായി അതിലേയ്ക്കായി ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കിഫ്ബി മസാല ബോണ്ട്**

37 (447) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ മസാലബോണ്ട് വഴി പണം ലഭ്യമായിട്ടുണ്ടോ;എങ്കിൽ ഇത് വഴി ലഭ്യമായ തുകയുടെ വിവരം ലഭ്യമാക്കുമോ; പ്രസ്തുത തുക എന്നാണ് കിഫ്ബിക്ക് ലഭ്യമായത് എന്ന് അറിയിക്കുമോ;

(ബി) മസാല ബോണ്ടിന് നിശ്ചയിച്ച പലിശ നിരക്ക് എത്രയാണെന്നും തിരിച്ചടവ് കാലാവധിക്കുള്ളിൽ പലിശയിനത്തിൽ മസാല ബോണ്ടിന് നൽകേണ്ട തുക എത്രയാണെന്നും വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത തുക ചെലവഴിക്കുന്ന പദ്ധതികൾ സംബന്ധിച്ചുള്ള വിശദ വിവരം ഫണ്ടിംഗ് ഏജൻസിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി നിലവിൽ പുറത്തിറക്കിയ മസാല ബോണ്ടുകൾ വഴി 2150 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്. 9.723% കൂപ്പൺ റേറ്റിലാണ് പ്രസ്തുത മസാല ബോണ്ടുകൾ വിപണനം ചെയ്യപ്പെട്ടത്. 2019 മാർച്ച് 29-ാം തീയതിയാണ് മസാല ബോണ്ട് വില്പന വഴി ലഭിച്ച തുക കിഫ്ബിയുടെ അക്കൗണ്ടിൽ എത്തിയത്.

(ബി) തിരിച്ചടവ് കാലാവധിയായ 5 വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലുമുൾപ്പെടെ 3195.23 കോടി രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്.

(സി) കിഫ്ബി നാളിതുവരെ അംഗീകരിച്ച പദ്ധതികളുടെ വിവരം ട്രസ്റ്റി മുഖേന നിക്ഷേപകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ മസാലബോണ്ട് വഴി സമാഹരിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ എല്ലാ മാസവും റിസർവ് ബാങ്കിനും നൽകിവരുന്നു.

**കിഫ്ബി പദ്ധതികൾ പരിശോധിക്കാൻ കൺസൾട്ടിംഗ് സ്വകാര്യ ഏജൻസി**

38 (448) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾ പരിശോധിച്ച് വിലയിരുത്തുന്നതിന് സ്വകാര്യ കൺസൾട്ടിംഗ് ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്പനിക്ക് പ്രവർത്തന പരിചയം ഇല്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇവരുടെ പരിശോധനാഫലമായി എന്തെങ്കിലും നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബിയിൽ പദ്ധതികളുടെ അവലോകനത്തിന്റെ ചുമതല പ്രോജക്ട് അപ്രൈസൽ വിഭാഗത്തിനാണ്. ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ ബാഹുല്യവും, അവയുടെ വൈവിധ്യവും കാരണം ഈ സംവിധാനം മാത്രം പര്യാപ്തമല്ല. ഈ സാഹചര്യത്തിലാണ് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ

മാനേജ്മെന്റ് ഡെവലെപ്മെന്റിനെ (സി.എം.ഡി.) സേവനം കൂടി ലഭ്യമാക്കാൻ തീരുമാനിച്ചത്. പദ്ധതികളുടെ അവലോകനത്തിനും മറ്റ് സാങ്കേതിക കാര്യങ്ങളിൽ കിഫ്ബിയെ സഹായിക്കാനുമാണ് ഈ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ സ്ഥാപനത്തിലെ സാങ്കേതിക വിദഗ്ദ്ധരുടെ സേവനത്തിനുപുറമെ കിഫ്ബി പദ്ധതികളുടെ നിലവാരത്തിനുതകുന്ന രീതിയിലുള്ള മറ്റ് കൺസൾട്ടന്റുമാരുടെ സേവനങ്ങളും സി.എം.ഡി. പ്രയോജനപ്പെടുത്തുന്നു. ഇത്തരത്തിലുള്ള സേവനങ്ങൾ ഒരു സുതാര്യ പ്രക്രിയയിലൂടെയാണ് ഏറ്റെടുത്തിരിക്കുന്നതെന്ന് സി.എം.ഡി. വ്യക്തമാക്കിയിട്ടുണ്ട്.

സമർപ്പിക്കപ്പെടുന്ന പദ്ധതികളെല്ലാംതന്നെ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം സി.എം.ഡി. അവർ നിശ്ചയിക്കുന്ന വിദഗ്ദ്ധരുടെ പാനൽ എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലായുള്ള അവലോകനത്തിന് വിധേയമാകുന്നു. പദ്ധതികളുടെ യോഗ്യത നിർണ്ണയം കുറ്റമറ്റതാക്കാനും കിഫ്ബിയുടെ മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പുവരുത്താനുമാണ് ഈ ക്രമീകരണങ്ങൾ ഇങ്ങനെ വിവിധതരത്തിലുള്ള വിദഗ്ദ്ധ പരിശോധനയ്ക്ക് ശേഷമാണ് പദ്ധതികൾ ബോർഡിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്നത്.

(സി) നാളിതുവരെ പരിശോധനയുടെ ഫലമായി അടങ്കൽ തുകയിൽ വന്ന കുറവ് കണക്കാക്കുമ്പോൾ കിഫ്ബിക്ക് 3402.9 കോടി രൂപയുടെ നേട്ടമുണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## കിഫ്ബി പദ്ധതികളിലെ സാങ്കേതിക പരിശോധന

39 (449) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. എൻ. എ. ഖാദർ:
ഡോ. എം. കെ. മുനീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികളിലെ സാങ്കേതിക പരിശോധന നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കുമോ;

(ബി) പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുവാൻ സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ;വിശദാംശം അറിയിക്കുമോ;

(സി) ഇതുമൂലം എന്തെങ്കിലും നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്ട് 17 എ വകുപ്പുപ്രകാരം പരിശോധന അധികാരസ്ഥാനങ്ങളെ നിയമിക്കുന്നതിനും കിഫ്ബി അംഗീകാരം നൽകി. പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിലെ ഭരണപരമായ സുതാര്യതയും കൃത്യതയും ഭൗതിക പുരോഗതിയും വിലയിരുത്തുന്നതിനും കിഫ്ബിയിലെ പരിശോധന വിഭാഗം നിലവിലുണ്ട്. ഇതിൽ സാങ്കേതിക പരിശോധന വിഭാഗവും ഭരണ പരിശോധന വിഭാഗവും ഉൾപ്പെടുന്നു. ഭരണ പരിശോധന വിഭാഗം കൃത്യമായ ഇടവേളകളിൽ പദ്ധതി നിർവ്വഹണ ഏജൻസികളിൽ പരിശോധന നടത്തിവരുന്നുണ്ട്. കിഫ്ബി പ്രോജക്ടിന് അംഗീകാരം നൽകിയപ്പോൾ നൽകിയ നിബന്ധനകൾ, സാങ്കേതിക അനുമതി, ടെണ്ടർ നിബന്ധനകൾ, സ്റ്റാറ്റ്യൂട്ടറി പെർമിറ്റുകൾ ടെണ്ടർ നടപടികൾ, കരാർ അനുമതി, കരാർ ഉടമ്പടി തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും നിലവിലെ നിയമങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും പദ്ധതികളുടെ നടത്തിപ്പ് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്നും, ഗുണനിലവാരവും നിശ്ചയിക്കപ്പെട്ട സമയക്രമവും പാലിക്കപ്പെടുന്നുണ്ടെന്നും പരിശോധിക്കാറുണ്ട്. പദ്ധതിയുടെ രൂപകല്പന, എഞ്ചിനീയറിംഗ്, കരാർ, ആസൂത്രണത്തിലെയും നടത്തിപ്പിലേയും ഗുണനിലവാര പരിശോധന എന്നിവയൊക്കെയാണ് സാങ്കേതിക പരിശോധന വിഭാഗത്തിന്റെ ചുമതലകൾ. ഈ വിഭാഗം നടത്തുന്ന സ്ഥിരമായുള്ള ഇൻസ്പെക്ഷനുകൾ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ സഹായകമാകുന്നു. ഒപ്പം നിർമ്മാണ ചെലവിനനുവദിച്ച തുകയുടെ കൃത്യമായ വിനിയോഗത്തിനും സാങ്കേതിക പരിശോധന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സഹായകമാകുന്നു.

(ബി &സി) ഇല്ല.

**കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾ**

40 (450) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾ പ്രൈമറി സെല്ലിങ് മാർക്കറ്റിൽ നിന്നും വാങ്ങിയ കമ്പനികളുടെ പേര് വിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കമ്പനികളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനികളുടെ ഏതൊക്കെ പ്രതിനിധികളാണ് കേരളത്തിലെത്തി സർക്കാരുമായി ചർച്ച നടത്തിയതെന്ന് അറിയിക്കുമോ;

(ഡി) കിഫ്ബിയുടെ മസാല ബോണ്ടുകളിൽ എത്ര തുകയുടെ ബോണ്ടുകളാണ് ഓരോ കമ്പനിയും വാങ്ങിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കിഫ്ബിയുടെ ന്യൂസ് ലെറ്ററുകളിൽ പ്രതിപാദിച്ചിരിക്കുന്ന ആങ്കർ ഇൻവെസ്റ്റർ ആരാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ഡി) അന്താരാഷ്ട്ര ബോണ്ട് വിപണിയിലെ സാമ്പ്രദായിക നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നടപ്പിലാക്കിയ കിഫ്ബിയുടെ മസാലബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. കിഫ്ബിയിൽ ലഭ്യമായിട്ടുള്ള നിക്ഷേപകരുടെ വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനുശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാദ്ധ്യത കണക്കിലെടുത്താൻ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല.

(ബി) മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും ആർ.ബി.ഐ. നിഷ്കർഷിക്കുന്ന കെ.വൈ.സി. മാനദണ്ഡം പാലിച്ചുവന്നവരാണ്. അസറ്റ് മാനേജേർസ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ് പ്രൈവറ്റ് വെൽത്ത് മാനേജേർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ. ഉൾപ്പെടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്.

(സി) വിവിധ രാജ്യങ്ങളിൽ നടന്ന റോഡ് ഷോകളിൽ ഇതുവരെ ഇന്ത്യയിൽ നിന്നുള്ള മസാല ബോണ്ട് ഇടപാടുകളിൽ നിക്ഷേപിച്ചിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി ചർച്ച നടത്തുകയുണ്ടായി. കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട കാനഡയിലെ ക്യൂബെക്ക് ആസ്ഥാനമായുള്ള സി.ഡി.പി.ക്യൂ. എന്ന പെൻഷൻ ഫണ്ട് സ്ഥാപനത്തിലെ പ്രതിനിധികളാണ് കേരളത്തിലെത്തി ചർച്ചകൾ നടത്തിയത്. ഇതുസംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നവംബർ 16, 2019

ശ്രീമതി അനിത മരങ്കൊലി ജോർജ്, സീനിയർ വൈസ് പ്രസിഡന്റ്, ഗ്രോത്ത് മാർക്കറ്റ്സ്.

ശ്രീ. വീറ്റോ ടെലർബാ-ഡയറക്ടർ, ഇൻവെസ്റ്റ്മെന്റ്സ്, സോവറിൻ ഡെബ്റ്റ്

ശ്രീ. ഹർഷ് സിംഗാൾ- സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ

ഫെബ്രുവരി 19, 2019

ശ്രീ. ഫ്രാൻകോയിസ് ലഗാർടെ-ഹെഡ് ഓഫ് സോവറിൻ ഡെബ്റ്റ്

ശ്രീ. ഡേവിഡ് ലെട്ടോർ-ഹെഡ് ഓഫ് ഫിക്സഡ് ഇൻകം റിസ്ക്

ശ്രീ. ഹർഷ് സിംഗാൾ-സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ

ഫെബ്രുവരി 25-28, 2019

ശ്രീ. എറിക് ലെമിയക്സ് - ഡയറക്ടർ, ഇൻവെസ്റ്റ്മെന്റ്സ്- എക്സ്റ്റേണൽ പോർട്ട്ഫോളിയോ മാനേജ്മെന്റ്-പബ്ലിക് മാർക്കറ്റ്സ്

ശ്രീ. ഹരീഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ

ശ്രീമതി സോഫി കോസിനെ - വൈസ് പ്രസിഡന്റ്, എമേർജിങ് മാർക്കറ്റ് &ഇ.എസ്.ജി.

ശ്രീമതി വർഷ പോഡാർ - അസോസിയേറ്റ്-ഗ്രോത്ത് മാർക്കറ്റ്

(ഇ) കിഫ്ബി ഒരു സ്ഥാപനത്തെയും ആങ്കർ ഇൻവെസ്റ്ററായി നിയോഗിച്ചിട്ടില്ല. ലോകത്തിലെ വലിയ പെൻഷൻ ഫണ്ടുകളിലൊന്നായ ഒരു സ്ഥാപനമെന്ന നിലയിലും മസാല ബോണ്ടിലെ മുഖ്യനിക്ഷേപകരിൽ ഒന്നായ സ്ഥാപനം എന്ന നിലയിലും കിഫ്ബിയെയും അതിന്റെ സംവിധാനങ്ങളെയും കുറിച്ച് അറിയാൻ താല്പര്യം പ്രകടിപ്പിച്ച സ്ഥാപനമെന്ന നിലയിലാണ് ടി സ്ഥാപനത്തെ കുറിച്ച് ന്യൂസ് ലെറ്ററിൽ പ്രതിപാദിച്ചിട്ടുള്ളത്.

## കിഫ്ബി അക്കൗണ്ടുകളുടെ ആഡിറ്റ്

41 (451) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എ.ജി. നിയമം 1971-ലെ 20 (2)-ലെ വകുപ്പ് പ്രകാരം കിഫ്ബിയുടെ ഫണ്ട് വിനിയോഗം സമ്പൂർണ്ണ ഓഡിറ്റ് ചെയ്യണമെന്ന് സി.എ.ജി. സംസ്ഥാന സർക്കാരിന് 2018 മാർച്ച് 15-ന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന് നൽകിയ മറുപടിയുടെ വിശദാംശം നൽകുമോ ;

(ബി) സി.എ.ജി. നിയമം 1971-ലെ 20(2) ലെ വകുപ്പ് പ്രകാരം സമ്പൂർണ്ണ ആഡിറ്റ് നടത്താൻ അനുവാദം നൽകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) കിഫ്ബി അക്കൗണ്ടുകൾ സി.എ.ജി. ആഡിറ്റ് ചെയ്താൽ നിക്ഷേപകർക്ക് ആത്മവിശ്വാസം കുറയുമെന്ന വാർത്തകളോട് സർക്കാർ യോജിക്കുന്നുണ്ടോ;

(ഡി) ഏതെങ്കിലും നിക്ഷേപകർ അങ്ങനെയൊരു പരാതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നൽകിയിരുന്നു. സി.&എ.ജി-യുടെ സമഗ്ര ഓഡിറ്റ് നടത്താനുള്ള അനുവാദം ഒരു ഘട്ടത്തിലും കിഫ്ബി നൽകാതെയിരുന്നിട്ടില്ല. CAG-DPC Act സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് അധികാരങ്ങൾ ഒരു പരിമിതിയുമില്ലാത്തതും സമ്പൂർണ്ണവുമാണ്. ഇതിൻപ്രകാരം കിഫ്ബിയുടെ എല്ലാ വരവുചെലവു കണക്കുകളും C&AG ഓഡിറ്റിന് വിധേയമാണെന്നതാണ് നിയമവും വസ്തുതയും. ഇതനുസരിച്ച് കിഫ്ബിയിൽ 2 തവണ C&AG ഓഡിറ്റ് നടത്തിയിട്ടുള്ളതാണെന്നിരിക്കെ മറിച്ചുള്ള ആക്ഷേപം വസ്തുതകൾക്ക് നിരക്കാത്തതും അയഥാർത്ഥവുമാണ്. CAG-DPC Act സെക്ഷൻ 20(2)-ലെ വ്യവസ്ഥ നിയമപരമായി പരിശോധിച്ചാൽ വ്യക്തമാകുന്നത് ഒരുതരത്തിലും സി&എ.ജി.ഓഡിറ്റിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്കാണ് സെക്ഷൻ 20(2) ബാധകമാകുന്നതെന്നാണ്. CAG-DPC Act സെക്ഷൻ 14(1) പ്രകാരം സി.&എ.ജി.-യുടെ സമഗ്ര ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് ആവശ്യമായി വരുന്നില്ല. സെക്ഷൻ 14(1) സമഗ്രമായ ഓഡിറ്റിംഗ് ആണെന്നുള്ളത് സി.&എി.ജി.-യുടെ ഔദ്യോഗിക വിശദീകരണക്കുറിപ്പിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1)നേക്കാൾ കൂട്ടുതൽ സമഗ്രമാണെന്ന് ആ ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. സെക്ഷൻ 19, 20 എന്നിവയിലെ ഓഡിറ്റ് സാധാരണ വാർഷിക ഓഡിറ്റ് എന്ന നിലയിൽ ഒതുങ്ങുമ്പോൾ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് വിശാലവും സമ്പൂർണ്ണവുമാണ്.

(സി&ഡി) കിഫ്ബിയുടെ കണക്കുകൾ സി.&എ.ജി. സമഗ്ര ഓഡിറ്റ് നടത്തിയാൽ അത് നിക്ഷേപകർക്ക് തെറ്റായ സന്ദേശം നൽകുമെന്ന് കരുതുന്നില്ല. സെക്ഷൻ 14(1) പ്രകാരമുള്ള സമഗ്ര ഓഡിറ്റ് നടത്താവുന്നതാണെന്ന് സി.&എ.ജി. അറിയിച്ചിരുന്നു. ഇപ്രകാരമുള്ള സമഗ്ര ഓഡിറ്റിനായി രണ്ട് തവണ സി.&എ.ജി. കിഫ്ബിയിൽ വരികയുണ്ടായി. എന്നാൽ ആക്ട് അനുശാസിക്കുന്ന സ്റ്റാറ്റ്യൂട്ടറി

ഓഡിറ്റർ നിലനിൽക്കെ ആ ചുമതലയിലേയ്ക്കായി സി.&എ.ജി.യും വരുന്നതും സമാന്തര റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും നിക്ഷേപകരിൽ ആശങ്കകൾ സൃഷ്ടിച്ചേക്കാമെന്ന് മാത്രമാണ് അറിയിച്ചത്. കിഫ്ബിയിൽ ആക്ട് പ്രകാരം നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് സമാന്തരമായി സി.&എ.ജി.-യുടെ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റിന് സഹവർത്തിക്കാവുന്നതാണ്. സെക്ഷൻ 14(1)പ്രകാരമുള്ള ഓഡിറ്റിന് നിയമപരമായി ഒരു ഓഡിറ്റിങ് പരിമിതികളുമില്ല. ഈ വിഷയം സംബന്ധിച്ച പരാതികളൊന്നും നിക്ഷേപകരിൽ നിന്നും ലഭിച്ചിട്ടില്ല.

## കിഫ്ബി പ്രവൃത്തികളുടെ സാങ്കേതിക പരിശോധന

42 (452) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രവൃത്തികളുടെ സാങ്കേതിക പരിശോധന ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്നറിയിക്കാമോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സാങ്കേതിക പരിശോധനാ സമിതി പരിശോധിച്ച പ്രവൃത്തികൾക്ക് അന്തിമ അനുമതി നൽകിയിട്ടുണ്ടോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ പരിശോധന ഏതു രീതിയിലാണ് നടക്കുന്നത് എന്നറിയിക്കാമോ; നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ടുകളുടെ പരിശോധന സാങ്കേതിക പരിശോധനാ സമിതി നടത്താറുണ്ടോ;

(ഡി) സാങ്കേതിക പരിശോധനാ സമിതിക്ക് പദ്ധതിയുടെ മൂല്യത്തിന്റെ എത്ര ശതമാനമാണ് ഫീസായി നൽകുന്നത്; ആയതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബിക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധനാ വിഭാഗം (TIW) ഉണ്ട്. പദ്ധതിയുടെ രൂപകൽപ്പന, എഞ്ചിനീയറിംഗ് കരാർ, ആസൂത്രണത്തിലെയും നടത്തിപ്പിലെയും ഗുണനിലവാര പരിശോധന എന്നിവയൊക്കെയാണ് സാങ്കേതിക പരിശോധന വിഭാഗത്തിന്റെ ചുമതലകൾ. ഈ വിഭാഗം നടത്തുന്ന സ്ഥിരമായുള്ള ഇൻസ്പെക്ഷനുകൾ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ സഹായകമാകുന്നു.

(ബി&സി) കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗം പൂർത്തീകരിച്ച പ്രവൃത്തികളുടെയും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെയും പരിശോധന നടത്താറുണ്ട്. കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗം സൂക്ഷ്മപരിശോധന നടത്തി ഫീൽഡ് ഒബ്സെർവേഷൻ ഷീറ്റുകളും ഒബ്സെർവേഷൻ മെമ്മോകളും നൽകുന്നുണ്ട്. സാങ്കേതിക പരിശോധന സമിതി നൽകിയ എല്ലാ നിർദ്ദേശങ്ങളും പൂർത്തിയാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം ഒബ്സെർവേഷൻ മെമ്മോകൾ പിൻവലിക്കാറുണ്ട്.

(ഡി) കിഫ്ബിക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധന വിഭാഗം (TIW) ഉണ്ട്. ഫീസിനത്തിൽ തുകയൊന്നും നൽകുന്നില്ല.

## കിഫ്ബി പ്രവൃത്തികളുടെ ഗുണനിലവാരം

43 (453) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടന്നുവരുന്ന വലിയ വികസന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കിഫ്ബി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ;

(ബി) കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തതിനാൽ ഏതെങ്കിലും പ്രവൃത്തികൾ താല്ക്കാലികമായി നിർത്തിവെക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) കിഫ്ബി മുഖേന നടന്നുവരുന്ന വലിയ വികസന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഇൻസ്പെക്ഷൻ അതോറിറ്റി നടത്തുന്ന സ്ഥിരമായുള്ള ഇൻസ്പെക്ഷനുകൾ സഹായിക്കുന്നു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. താഴെപ്പറയുന്ന സംവിധാനങ്ങൾ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകുന്നു.

i. ഓട്ടോ ലാബ്: മെറ്റീരിയലുകൾ പരിശോധിക്കാനും സൈറ്റ് പരിശോധിക്കാനും രൂപകൽപ്പന ചെയ്തിട്ടുള്ള സംവിധാനമാണ്. കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹാരം എന്നിവയും ഓട്ടോലാബ് ഏറ്റെടുത്ത് നടത്തുന്നു.

ii. <u>ഡ്രോൺ ബേസ്ഡ് ക്വാളിറ്റി/പ്രോഗ്രസ്സ് മോണിറ്ററിങ് സിസ്റ്റം:</u> അത്യാധുനിക ഡ്രോൺ ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്ന റോഡുകൾ, തോടുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയുടെ ആകാശചിത്രങ്ങളെടുക്കുകയും പ്രവർത്തനങ്ങളുടെ പുരോഗതി മനസ്സിലാക്കുകയും ചെയ്യുന്നു.

iii. <u>സെൻട്രൽ ടെസ്റ്റിംഗ് ലാബ്:</u> KIIFB ആസ്ഥാനത്ത് പ്രവൃത്തിക്കുന്ന പൂർണ്ണമായും സജ്ജീകരിച്ച ലാബ്, ഫീൽഡുകളിലും നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുകയും തിരിച്ചറിയുകയും ചെയ്യുന്നു.

iv. <u>നോൺ-ഡിസ്ട്രിക്ടീവ് ടെസ്റ്റിംഗ് എക്വിപ്മെന്റ്:</u> കിഫ്ബിയുടെ അത്യാധുനിക ഉപകരണങ്ങൾ വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതെ ഗുണനിലവാര പരിശോധനയ്ക്ക് സഹായകമാകുന്നു.

v. <u>ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റുഡിയോ:</u> പ്രവർത്തനങ്ങളുടെ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്റ്റുഡിയോ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ ദൃശ്യങ്ങളെടുക്കുകയും സി.ഇ.ഒ., മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ബോർഡ് അത് വിലയിരുത്തുകയും ചെയ്യുന്നു.

vi. <u>നെറ്റ്വർക്ക് ലാബ് സിസ്റ്റം:</u> നൂതന സാങ്കേതികോപകരണങ്ങൾ ഉപയോഗിച്ച് മെറ്റീരിയലുകളുടെ അത്യാധുനിക ടെസ്റ്റിംഗ് ലാബ്

vii. <u>ടെക്നിക്കൽ റിസോഴ്സ് സെന്റർ:</u> സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ (CMD) നിയന്ത്രണത്തിലും ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ഏകീകരണത്തിലും പ്രവർത്തിക്കുന്ന ഈ വിഭാഗം പദ്ധതി നിർവ്വഹണ ഏജൻസികൾക്കാവശ്യമുള്ള സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുന്നു.

(ബി) കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി (ടെക്നിക്കൽ) വിഭാഗത്തിന്റെ നിരന്തരമായി നടത്തിവരുന്ന പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തതിനാൽ സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന 12 പദ്ധതികൾ താൽക്കാലികമായി നിർത്തി വയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർത്തിവയ്ക്കപ്പെട്ട പദ്ധതികളിൽ കേരള റോഡ് ഫണ്ട് ബോർഡ്, കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ, കിറ്റ്കോ എന്നീ സ്ഥാപനങ്ങൾ മേൽനോട്ടം വഹിക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു.

1. ആയൂർ-ഇത്തിക്കര റോഡ്
2. പേരാമ്പ്ര-ചെറുവണ്ണൂർ-വടകരറോഡ്
3. കല്ലട്ക്ക-ചെർക്കള റോഡ്
4. പാങ്ങോട്-കടക്കൽ-ചിങ്ങോലി-ചടയമംഗലം റോഡ്
5. അമരവിള-ഒറ്റശേഖരമംഗലം റോഡ്
6. കള്ളിക്കാട്-പാറശ്ശാല ഹിൽ ഹൈവേ
7. കൈതവന-പഴയനടകാവ്-അമ്പലപ്പുഴ-വടക്കേനട റോഡ്
8. ഗവൺമെന്റ് ബോയ്സ് എച്ച്.എച്ച്.എസ്. കായംകുളം
9. കണ്ണശ്ശ സ്മാരക എച്ച്.എസ്.എസ്. കടപ്ര
10. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. ആറ്റിങ്ങൽ
11. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. അട്ടൂർ
12. തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം, എടവ

**കിഫ്ബി സഹായത്തോടെയുള്ള പദ്ധതികൾ**

44 (454) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ;

(സി) ഏതെങ്കിലും പദ്ധതിയുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്ന വേട്ടമുക്ക്-തേവലക്കര -മൈനാഗപ്പള്ളി-ശാസ്താംകോട്ട-മാനപ്പള്ളി-കാഞ്ഞിരമൂട്-താമരക്കുളം റോഡിന്റെ ഗുണനിലവാര പരിശോധന 21-6-2019-ൽ നടത്തുകയും തുടർന്ന് പരിശോധനാ റിപ്പോർട്ട് നമ്പർ. PWD004-54-TIW-INSP തീയതി 14-9-2019 പ്രകാരം കേരള റോഡ് ഫണ്ട് ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**മുള്ളറവിള ആയയിൽ പാലത്തിന്റെ ന്യൂനതകൾ പരിഹരിക്കുന്ന നടപടി**

45 (455) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ മുള്ളറവിള ആയയിൽ പാലത്തിന്റെ ന്യൂനതകൾ പരിഹരിച്ച് പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് വിഭാഗം നൽകിയ ഡി.പി.ആർ. അനുസരിച്ച് കിഫ്ബി ഭരണാനുമതി പുതുക്കി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) എത്രകോടി രൂപയുടെ ഭരണാനുമതി ആണ് കിഫ്ബി പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് വിഭാഗത്തിനു നൽകിയിത് എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ മുള്ളറവിള ആയയിൽ പാലത്തിന്റെ പദ്ധതി റിപ്പോർട്ടിലെ ന്യൂനതകൾ പരിഹിച്ച് പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് വിഭാഗം പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് മുഖേന 27-9-2019-ൽ കിഫ്ബിയിൽ സമർപ്പിച്ച റിപ്പോർട്ട് കിഫ്ബി പരിശോധിക്കുകയും ടി റിപ്പോർട്ട് തൃപ്തികരമാണെന്ന് കാണുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിച്ചുവരുന്നു.

**കിഫ്ബിയിലെ സി.എ.ജി. ഓഡിറ്റ്**

46 (456) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സ്ഥാപനമായ കിഫ്ബിയിൽ സി.എ.ജി. നിയമത്തിലെ 20(2) വകുപ്പ് പ്രകാരം ഓഡിറ്റ് നടത്താനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് സി.എ.ജി. കത്ത് നൽകിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സി.എ.ജി.യുടെ പ്രസ്തുത കത്തിന് സർക്കാർ നൽകിയ മറുപടിയിൽ സി.എ.ജി. നിയമത്തിലെ 20(2) വകുപ്പ് പ്രകാരം ഓഡിറ്റ് നടത്താനുള്ള അനുമതി നൽകാൻ സാധിക്കില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ടോ;

(സി) സി.എ.ജി. നിയമത്തിലെ 20(2) വകുപ്പ് പ്രകാരം ഓഡിറ്റ് നടത്താൻ സി.എ.ജി.ക്ക് അനുമതി നൽകാത്തതിന്റെ കാരണങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നൽകയിരുന്നു. ഈ കത്ത് അനുബന്ധമായി ചേർക്കുന്നു*.

(ബി & സി) സി. & എ.ജി.യുടെ സമഗ്ര ഓഡിറ്റ് നടത്താനുള്ള അനുവാദം ഒരു ഘട്ടത്തിലും കിഫ്ബി നൽകാതെയിരുന്നിട്ടില്ല. CAG-DPC Act സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് അധികാരങ്ങൾ ഒരു പരിമിതിയുമില്ലാത്തതും സമ്പൂർണ്ണവുമാണ്. ഇതിൻപ്രകാരം കിഫ്ബിയുടെ എല്ലാ വരവുചെലവ് കണക്കുകളും C&AG ഒഡിറ്റിന് വിധേയമാണെന്നതാണ് നിയമവും വസ്തുതയും. ഇതനുസരിച്ച് കിഫ്ബിയിൽ രണ്ട് തവണ C&AG ഓഡിറ്റ് നടത്തിയിട്ടുള്ളതാണെന്നിരിക്കെ മറിച്ചുള്ള ആക്ഷേപം വസ്തുതകൾക്ക് നിരക്കാത്തതും അയഥാർത്ഥ്യവുമാണ്. CAG-DPC Act സെക്ഷൻ 20(2)-ലെ വ്യവസ്ഥനിയമപരമായി പരിശോധിച്ചാൽ വ്യക്തമാകുന്നത് ഒരുതരത്തിലും സി.&എ.ജി. ഓഡിറ്റിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്കാണ് സെക്ഷൻ 20(2) ബാധകമാകുന്നതെന്നാണ്. CAG-DPC Act സെക്ഷൻ 14(1) പ്രകാരം C&AG യുടെ സമഗ്ര ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് ആവശ്യമായി വരുന്നില്ല. സെക്ഷൻ 14(1) സമഗ്രമായ ഓഡിറ്റിംഗാണ് എന്നുള്ളത് സി.&എ.ജി.യുടെ ഔദ്യോഗിക വിശദീകരണ ക്കുറിപ്പിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1) നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ആ ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. സെക്ഷൻ 19, 20 എന്നിവയിലെ ഓഡിറ്റ് സാധാരണ വാർഷിക ഓഡിറ്റ് എന്ന നിലയിൽ ഒതുങ്ങുമ്പോൾ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് വിശാലവും സമ്പൂർണ്ണവുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബിക്ക് ധനസഹായം

47 (457) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയിൽ നിന്നും പണം കടമായി നൽകാമെന്ന് വാഗ്ദാനം ലഭിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളാണ് ഇപ്രകാരം വാഗ്ദാനം നൽകിയിട്ടുള്ളത്; ഓരോ സ്ഥാപനവും ആവശ്യപ്പെടുന്ന പലിശ നിരക്ക് എത്രയാണെന്ന് അറിയിക്കുമോ;

(സി) എത്ര കോടി രൂപ ഇതിലൂടെ സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. ടേം ലോൺ വാഗ്ദാനം ചെയ്തിട്ടുള്ള പൊതുമേഖലാ ബാങ്കുകളുടെ വിശദാംശം പട്ടികയായി ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | അംഗീകരിച്ച തുക (കോടിയിൽ) | പലിശ നിരക്ക് (%) |
|---|---|---|---|
| 1. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 1000 | 9 |
| 2. | ഇന്ത്യൻ ബാങ്ക് | 500 | 9.15 |
| 3. | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 500 | 8.95 |
| 4. | സിൻഡിക്കേറ്റ് ബാങ്ക് | 200 | 8.6 |
| 5. | ബാങ്ക് ഓഫ് ബറോഡ | 1500 | 8.6 |

(സി) 5000 കോടി രൂപയുടെ ടേം ലോൺ വിനിയോഗത്തിനുള്ള അംഗീകാരമാണ് നിലവിൽ കിഫ് ബോർഡ് നൽകിയിട്ടുള്ളത്. ആവശ്യമുള്ളപക്ഷം മറ്റ് ധനാഗമ മാർഗ്ഗങ്ങൾക്കൊപ്പം ടേം ലോണിലൂടെയും കൂടുതൽ തുക സമാഹരിക്കുന്നതാണ്.

## കിഫ്ബിയുടെ ഓഡിറ്റിംഗ്

48 (458) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഓഡിറ്റിംഗ് നടത്തുന്നതിന് നിയമപരമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) നിലവിൽ കിഫ്ബിയുടെ ഓഡിറ്റിംഗ് നടത്തിവരുന്നത് എപ്രകാരമാണ്; ഏതെല്ലാം ഏജൻസികൾ ഏതൊക്കെ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഓഡിറ്റിംഗ് നടത്തിവരുന്നത്; വിശദവിവരം നൽകുമോ;

(സി) കിഫ്ബിയുടെ ഓഡിറ്റ് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിംഗിന്റെ പരിധിയിൽ വരുന്നുണ്ടോ; ഇക്കാര്യത്തിൽ എ.ജി.യുടെ ഓഡിറ്റില്ലെന്നുള്ള മാധ്യമവാർത്തകളുടെ നിജസ്ഥിതി എന്താണ്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കിഫ്ബിയിൽ നിലനിൽക്കുന്ന വിവിധ തലത്തിലുള്ള ഓഡിറ്റിംഗ് സമ്പ്രദായവും അനുബന്ധ നിരീക്ഷണ സംവിധാനങ്ങളും താഴെപ്പറയുംപ്രകാരമാണ്.

<u>C&AG ഓഡിറ്റ്:</u> കിഫ്ബിയുടെ മുഴുവൻ വരവും മുഴുവൻ ചെലവുകളും C&AG-DPC Act Section 14(1) പ്രകാരം സമഗ്ര ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ടുതവണ ഈ ഓഡിറ്റ് നടന്നിട്ടുണ്ട്.

<u>സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ:</u> ആക്ട് നിഷ്കർഷിക്കുന്നവിധം ഒരു സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററാണ് കിഫ്ബിയുടെ വാർഷിക ഓഡിറ്റ്, ടാക്സ് ഓഡിറ്റ് എന്നിവ ചെയ്തുവരുന്നത്. ഇതുകൂടാതെ കിഫ് ആക്ടിലെ ഒരു സുപ്രധാന നിരീക്ഷണ സംവിധാനമായ ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷൻ (FTAC)-ന് ആവശ്യമായ സാക്ഷ്യപ്പെടുത്തിയ വിവരങ്ങളും അനുബന്ധരേഖകളും ഈ ഓഡിറ്റേഴ്സ് യഥാസമയങ്ങളിൽ തയ്യാറാക്കിവരുന്നു.

<u>ഫണ്ട് ട്രസ്റ്റി ആൻഡ് അഡ്വൈസറി കമ്മീഷൻ (FTAC):</u> കിഫ്ബിയുടെ ധനവിനിയോഗം ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്ക് അനുസൃതമായാണ് എന്ന് നിരീക്ഷിക്കേണ്ട ചുമതല പ്രത്യേക അധികാരങ്ങളുള്ള ഈ കമ്മീഷനാണ്. ധനകാര്യ മേഖലയിൽ ദേശീയ/അന്തർദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടവരും അവരുടെ സേവനമേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവരുമാണ് ഈ കമ്മീഷനിലേയ്ക്ക് നിയമിക്കപ്പെടുന്നത്. കിഫ്ബിയുടെ ധനവിനിയോഗം ഉചിതവും യുക്തവുമാണെന്ന പക്ഷം അർദ്ധവാർഷിക അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകേണ്ട ചുമതലയും ഈ കമ്മീഷനിൽ നിക്ഷിപ്തവുമാണ്. ഇതിനാവശ്യമായ ഏത് രേഖകളും വിശദാംശങ്ങളും കമ്മീഷന് ആവശ്യപ്പെടാവുന്നതും ആയത് ഉദ്യോഗസ്ഥർ ലഭ്യമാക്കേണ്ടതുമാണ്. കിഫ്ബിയുടെ വരുമാനങ്ങളും അവയുടെ വിനിയോഗവും അധികമായുള്ള ഫണ്ടിന്റെ നിക്ഷേപം എന്നിവ കിഫ് ആക്ടിലെ മാനദണ്ഡങ്ങൾക്ക് വിധേയമാണെന്നും

കിഫ്ബിയുടെ കൈവശമുള്ള തുക അടുത്ത ആറ് മാസകാലയളവിലെ തിരിച്ചടവ് ബാദ്ധ്യതകൾ വീട്ടുവാൻ പര്യാപ്തമാണെന്നമാണ് ഫിഡെലിറ്റി സർട്ടിഫിക്കറ്റ്. ഈ രേഖ എല്ലാ വർഷവും നിയമസഭയ്ക്ക് മുമ്പാകെ ബഡ്ജറ്റ് ഡോക്യുമെന്റ്സിനോടൊപ്പം സമർപ്പിക്കുന്നു. ഈ കമ്മീഷൻ കിഫ്ബിയുടെ വളർച്ചയിലും പ്രവർത്തനത്തിലും ക്രിയാത്മകമായി ഇടപെടുകയും നിർദ്ദേശങ്ങൾ തരികയും ചെയ്യാറുണ്ട്. കിഫ്ബിയുടെ എല്ലാ പ്രവർത്തനങ്ങളും പദ്ധതികളുടെ പുരോഗതിയും ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു റിപ്പോർട്ട് ത്രൈമാസിക അടിസ്ഥാനത്തിൽ കമ്മീഷന് നൽകാനും തീരുമാനിച്ചിട്ടുണ്ട്.

<u>ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം:</u> കിഫ്ബി ഏറ്റെടുത്തിരിക്കുന്ന പ്രവർത്തികളുടെ ബാഹുല്യം കണക്കിലെടുത്ത് നിലവിലെ അക്കൗണ്ട്സ് വിഭാഗത്തെ ശക്തിപ്പെടുത്താനും മെച്ചപ്പെട്ട ഇന്റേർണൽ ഓഡിറ്റിംഗ് സംവിധാനം കൊണ്ടുവരുന്നതിനും 37-ാമത് കിഫ് ബോർഡ് യോഗം തീരുമാനിച്ചു. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ റാങ്കിലുള്ള ഒരു ചീഫ് ഓഡിറ്റർ, ഒരു ഡെപ്യൂട്ടി അക്കൗണ്ട്സ് ഓഫീസർ, ഒരു അക്കൗണ്ട്സ് എക്സിക്യൂട്ടീവ് എന്നീ സ്ഥാനങ്ങളിലേയ്ക്ക് ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ/കോൺട്രാക്ട് വ്യവസ്ഥകളിൽ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>പിയർ റിവ്യൂ ഓഡിറ്റർ:</u> കിഫ്ബിയുടെ മസാല ബോണ്ടിന്റെ ഭാഗമായി നിക്ഷേപകരുമായുള്ള ഉടമ്പടിയിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററിനെയും/പിയർ റിവ്യൂ ഓഡിറ്ററിനെയും നിയമിക്കുന്നതിനുള്ള മാനദണ്ഡം നിലവിലുണ്ട്. ഈ ഉടമ്പടിപ്രകാരം നിശ്ചിത കാലയളവുകളിൽ കിഫ്ബിയുടെ വിശദമായ അക്കൗണ്ട്സ് ത്രൈമാസിക, അർദ്ധവാർഷിക, വാർഷിക അടിസ്ഥാനത്തിൽ ട്രസ്റ്റി മുഖേന നിക്ഷേപകർക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ രീതിയിൽ പുതിയ ഓഡിറ്റേഴ്സിനെ തെരഞ്ഞെടുക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) കിഫ്ബി C&AG യുടെ സമ്പൂർണ്ണ ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ട് തവണ പ്രസ്തുത ഓഡിറ്റ് നടന്നിട്ടുണ്ട്. കിഫ് ആക്ട് അനുശാസിക്കുംപ്രകാരം സർക്കാർ നിയമിച്ച ഒരു സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് നടന്നുവരുന്നു. കൂടാതെ നിക്ഷേപകരുടെ താല്പര്യം കണക്കിലെടുത്ത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററേയും പീയർ റിവ്യൂ ഓഡിറ്ററേയും നിയമിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുവാനുള്ള നടപടികളും പുരോഗമിക്കുന്നു.

(സി) കിഫ്ബിയിലെ ഓഡിറ്റ് സംബന്ധിച്ച വസ്തുതകളുടെ ഒരു സംഗ്രഹം ചുവടെ ചേർക്കുന്നു.

1. ഇന്ത്യൻ ഭരണഘടന പ്രകാരം പരമോന്നത ഓഡിറ്റിംഗ് സ്ഥാപനമെന്ന നിലയിൽ കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സെക്ഷൻ 14 പ്രകാരം സി. &എ.ജി.ക്കുണ്ട്. അങ്ങനെയാണെന്നിരിക്കെ കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിന് സി.&എ.ജി.യെ സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തേണ്ട കാര്യമില്ല.

2. കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിൽ ഡി.പി.സി. ആക്ട് സെക്ഷൻ 14 പ്രകാരം സി.&എ.ജി.-ക്ക് സമ്പൂർണ്ണ ഓഡിറ്റിംഗിന് അധികാരമുണ്ട്. നിയമപരമായി ഒരു ഓഡിറ്റിംഗ് പരിമിതികളും ഇതിനില്ല.

3. ഇതിനുപുറമെ കിഫ്ബിയിൽ ആക്ട് പ്രകാരം നിലനിൽക്കുന്ന ഓഡിറ്റിന് സമാന്തരമായി സി.&എ.ജി.-യുടെ ഓഡിറ്റ് സഹവർത്തിക്കാവുന്നതാണ്.

4. DPC Act സെക്ഷൻ 20(2) അനുസരിച്ചുള്ള ഓഡിറ്റ് കിഫ്ബിക്ക് ബാധകമല്ല. കൂടാതെ, ഈ ആക്ടിലെ സെക്ഷൻ 14 പ്രകാരമുള്ള ഓഡിറ്റിംഗ് അധികാരം സെക്ഷൻ 20(2) നേക്കാൾ വിശാലവും സമ്പൂർണ്ണവുമാണെന്ന് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിലെ സി&എ.ജി.യുടെ ഓഡിറ്റ് സംബന്ധിക്കുന്ന വിധിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഡൽഹി ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്.

5. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1) നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ആ ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. കൂടാതെ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് സി.&എ.ജി. നിരുപാധികമായ അധികാരപരിധിയിൽ വരുന്നതാണെന്നിരിക്കെ സെക്ഷൻ 20(2) ഓഡിറ്റിന് ഒരു നടപടിക്രമത്തിലൂടെ നേടിയെടുക്കേണ്ടതാണ്. സമ്പൂർണ്ണമായ ഓഡിറ്റിംഗ് അധികാരം ഉണ്ടെന്നിരിക്കെ ഇങ്ങനെയൊരു നടപടി അപ്രസക്തമാണ്.

**കിഫ്ബിയിൽ സി.& എ.ജി. സമ്പൂർണ്ണ ഓഡിറ്റിംഗ്**

49 (460) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനമായ കിഫ്ബിയിൽ സി.എ.ജി-യുടെ ഡി.പി.സി. നിയമത്തിലെ 20(2) വകുപ്പ് പ്രകാരം സമ്പൂർണ്ണ ഓഡിറ്റിംഗ് നടക്കുന്നുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വകുപ്പ് പ്രകാരം ഓഡിറ്റിംഗിന് അനുമതി തേടിക്കൊണ്ട് സി.എ.ജി സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ;

(സി) കിഫ്ബിയിൽ അനുവദിച്ച പ്രവൃത്തികളുടെ മുഴുവൻ ഫണ്ടും സി.എ.ജി ഓഡിറ്റിംഗിന് വിധേയമാക്കുവാൻ സർക്കാർ അനുമതി നൽകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബിയുടെ എല്ലാ വരവുചെലവുകളും സി.&എ.ജി. ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ടുതവണ CAG-DPC Act സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് നടന്നിട്ടുമുണ്ട്. പ്രസ്തുത ഓഡിറ്റ് സമയത്ത് ആവശ്യമായ എല്ലാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുകയും ഓഡിറ്റ് ക്വറികൾക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് കിഫ്ബിയിൽ അനുവദിക്കണമെന്ന് സി.&എ.ജി. സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. CAG-DPC Act സെക്ഷൻ 20(2)-ലെ വ്യവസ്ഥ നിയമപരമായി പരിശോധിച്ചാൽ വ്യക്തമാകുന്നത് ഒരുതരത്തിലും സി.&എ.ജി ഓഡിറ്റിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്കാണ് സെക്ഷൻ 20(2) ബാധകമാകുന്നതെന്നാണ്. CAG-DPC Act സെക്ഷൻ 14(1) പ്രകാരം സി.&എ.ജിയുടെ സമഗ്ര ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് ആവശ്യമായി വരുന്നില്ല. സെക്ഷൻ 14(1) സമഗ്രമായ ഓഡിറ്റിംഗാണ് എന്നുള്ളത് സി.&എ.ജി.-യുടെ ഔദ്യോഗിക വിശദീകരണക്കുറിപ്പിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1) നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ടി ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. സെക്ഷൻ 19, 20 എന്നിവയിലെ ഓഡിറ്റ് സാധാരണ വാർഷിക ഓഡിറ്റ് എന്ന നിലയിൽ ഒതുങ്ങുമ്പോൾ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് വിശാലവും സമ്പൂർണ്ണവുമാണ്. കിഫ്ബിയിൽ സെക്ഷൻ 14(1) പ്രകാരം സമഗ്രമായ ഓഡിറ്റ് നടന്നുവരുന്ന സാഹചര്യത്തിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റിന് പ്രസക്തിയില്ല.

(ബി) സി.എ.ജി. നിയമം 1971-ലെ 20(2)ലെ വകുപ്പ് പ്രകാരം കിഫ്ബിയുടെ ഫണ്ട് വിനിയോഗം സമ്പൂർണ്ണ ഓഡിറ്റ് ചെയ്യണമെന്ന് സി.എ.ജി. സംസ്ഥാന സർക്കാരിന് 2018 മാർച്ച് 15-ന് കത്ത് നൽകിയിരുന്നു. ഈ കത്ത് അനുബന്ധമായി നൽകിയിരിക്കുന്നു*.

(സി) കിഫ്ബിയിൽ അനുവദിച്ച പ്രവൃത്തികളുടെ മുഴുവൻ ഫണ്ടും നിലവിൽ സി.എ.ജി. ഓഡിറ്റിംഗിന് വിധേയമാണ്. നിയമപരമായി ഒരു ഓഡിറ്റിംഗ് പരിമിതികളും ഇതിനില്ല. കിഫ്ബിയും ഭരണ വകുപ്പും പദ്ധതി നിർവ്വഹണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഏജൻസികളും (SPVs) തമ്മിലുള്ള ത്രികക്ഷി എഗ്രിമെന്റ് പ്രകാരം പദ്ധതിയുടെ പൂർണ്ണ ഉടമസ്ഥാവകാശം ഭരണവകുപ്പിനും അതിന്റെ നിർമ്മാണ ചുമതല ഭരണ വകുപ്പ് നിയമിക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസികൾക്കുമാണ്. കിഫ്ബിയുടെ ഉത്തരവാദിത്തം ഒരു ഫണ്ടിംഗ് & ഉപദേശക ഏജൻസി എന്ന നിലയിൽ മാത്രമാണ് എന്നതിനാൽ ഭരണാനുമതി/ടെണ്ടർ നടപടികൾ പോലുള്ള വിഷയങ്ങൾ സംബന്ധിക്കുന്ന വിശദമായ വിവരങ്ങൾ അതാത് പദ്ധതി നിർവ്വഹണ ഏജൻസികളിലും പദ്ധതിയുടെ ഉടമസ്ഥരായ ഭരണ വകുപ്പുകളിലുമാണ് ലഭ്യമായിട്ടുള്ളത്.

## കിഫ്ബിയിലും കിയാലിലും സി.എ.ജി. ഓഡിറ്റിംഗ്

50 (461) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളായ കിഫ്ബിയിലും കിയാലിലും സമഗ്ര ഓഡിറ്റിംഗ് നടത്താൻ സി.എ.ജി-ക്ക് അനുവാദം നൽകണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1971-ലെ സി.എ.ജി.നിയമത്തിലെ 20(2)വകുപ്പ് പ്രകാരം കിഫ്ബിയിൽ ഓഡിറ്റിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് 2018 മാർച്ച് 15-ന് സി.എ.ജി. സർക്കാരിന് കത്ത് നൽകുകയുണ്ടായോ;

(സി) എന്നാൽ ഓഡിറ്റിന് അനുമതി നൽകാത്തതിന്റെ കാരണ-മെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) അറുപത്തിയഞ്ച് ശതമാനത്തോളം സർക്കാരിനും പൊതുമേഖല സ്ഥാപനങ്ങൾക്കും കൂടി ഓഹരിയുള്ള കിയാലിനെ ഒരു സർക്കാർ കമ്പനിയായി അംഗീകരിക്കുന്നുണ്ടോ;

(ഇ) എങ്കിൽ കമ്പനി നിയമപ്രകാരം ഇതിനെ ഡീംഡ് കമ്പനിയായി കണക്കാക്കി സി.എ.ജി ഓഡിറ്റിന് വിധേയമാക്കണമെന്ന് സി.എ.ജി. ആവശ്യപ്പെടുകയുണ്ടായോ; എന്നിട്ടും കിയാൽ അക്കൗണ്ടുകൾ ഓഡിറ്റിംഗിന് വിധേയമാക്കാത്തതിന്റ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നൽകിയിരുന്നു.

(സി) കിഫ്ബി സി.&എ.ജി.-യുടെ ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ടുതവണ കിഫ്ബിയിൽ സി.&എ.ജി. ഓഡിറ്റ് നടന്നിട്ടുണ്ട്. കിഫ്ബിയുടെ എല്ലാ വരവുചെലവ് കണക്കുകളും രേഖകളും പരിശോധിക്കാൻ സി.&എ.ജി.യ്ക്ക് പൂർണ്ണ അധികാരമുണ്ട്. ഈ ഓഡിറ്റ് അധികാരത്തിന് പരിമിതികൾ ഒന്നുമില്ലാത്തതാണ്. സി.&എ.ജി.-യുടെ സമഗ്ര ഓഡിറ്റ് നടത്താനുള്ള അനുവാദം ഒരു ഘട്ടത്തിലും കിഫ്ബി നൽകാതെയിരുന്നിട്ടില്ല. സെക്ഷൻ 14(1) പ്രകാരം രണ്ടു തവണ സി.&എ.ജി. കിഫ്ബിയിൽ ഓഡിറ്റ് നടത്തിയിരുന്നു. ഈ അവസരത്തിൽ കിഫ്ബിയുടെ ധനപരമായ ഇടപാടുകൾ ഉൾപ്പെടെ എല്ലാ രേഖകളും പരിശോധിക്കാനുള്ള സൗകര്യങ്ങളും ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നു. ഈ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട എല്ലാ രേഖകളും ഇത് സംബന്ധിച്ചുന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയും യഥാസമയം അവർക്ക് നൽകിയിട്ടുണ്ട്.

(ഡി&ഇ) 2013-14 സാമ്പത്തിക വർഷം വരെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ കണക്കുകൾ സി. &എ.ജി. നിയമിക്കുന്ന ഓഡിറ്ററും, 2014-15 സാമ്പത്തികവർഷം മുതൽ കമ്പനിയുടെ ഓഹരി ഉടമകൾ നിയമിക്കുന്ന ഓഡിറ്റർമാരുമാണ് നിയമപരമായി കമ്പനിയുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടിയിരുന്നത്. 1956-ലെ കമ്പനി നിയമം നിലവിലുണ്ടായിരുന്നപ്പോൾ സി.&എ.ജി.ആയിരുന്നു കണ്ണൂർ എയർപോർട്ടിൽ ഓഡിറ്റ് നടത്തേണ്ടിയിരുന്നത്. എന്നാൽ 2017 ഏപ്രിൽ 01 മുതൽ 1956-ലെ പഴയ നിയമത്തിനെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് (repealed) 2013-ലെ കമ്പനി നിയമം നിലവിൽ വന്നു. 1956-ലെ കമ്പനി നിയമം 619 B പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകളുടെ ഓഹരി നിക്ഷേപം കൂടി കണക്കാക്കിയാണ് സർക്കാർ കമ്പനിയാണോ അല്ലയോയെന്ന് നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്തത്. ഇപ്രകാരം 51 ശതമാനമോ അതിലധികമോ ഓഹരി നിക്ഷേപം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുണ്ടെങ്കിൽ അത്തരം കമ്പനികളെ സർക്കാർ കമ്പനികളായി പരിഗണിക്കുകയും അവയുടെ ഓഡിറ്റ് സി&എ.ജി. നിയമിക്കുന്ന ഓഡിറ്റർ മുഖേനയാണ് നടത്തിവന്നിരുന്നത്. എന്നാൽ പുതിയ കമ്പനി നിയമം 2013-ൽ നിലവിൽ വന്നപ്പോൾ 1956-ലെ കമ്പനി നിയമത്തിലെ B-ക്ക് സമാനമായ വകുപ്പ് ഉൾക്കൊള്ളിച്ചിട്ടില്ല. പുതിയ കമ്പനി നിയമപ്രകാരം സർക്കാരിന് 51 ശതമാനമോ അതിലധികമോ ഓഹരി നിക്ഷേപമുള്ള കമ്പനികളിൽ (ഗവൺമെന്റ് കമ്പനികൾ) മാത്രമാണ് സി&എ.ജി. ഓഡിറ്റ് ആവശ്യമായി വരുന്നത്. ഇതിനുപുറമെ 2013-ലെ കമ്പനി നിയമത്തിലെ 139(5) വകുപ്പുപ്രകാരം സർക്കാരിന് 'നിയന്ത്രണം' ഉള്ള കമ്പനികളിലും സി&എ.ജി. ഓഡിറ്റ് ബാധകമാണ്. കമ്പനി നിയമത്തിലെ 2 (27) ഉപ വകുപ്പിൽ സർക്കാർ നിയന്ത്രണം എന്നത് നിർവചിച്ചിരിക്കുന്നു. കമ്പനികളുടെ ഡയറക്ടർ ബോർഡിന്റെ

ഭൂരിപക്ഷം ഡയറക്ടർമാരേയും സർക്കാർ നിയമിക്കുകയോ അല്ലെങ്കിൽ ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റ് മാനേജ്മെന്റ് റൈറ്റ്സ്, വോട്ടിംഗ് എഗ്രിമെന്റ് തുടങ്ങിയ എഗ്രിമെന്റുകളിൽ കൂടി കമ്പനികളുടെ പ്രധാനപ്പെട്ട/നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിൽ സർക്കാരിന് നിയന്ത്രണമുണ്ടായിരിക്കയോ ചെയ്താൽ അങ്ങനെയുള്ള കമ്പനികൾ സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനികളായി കണക്കാക്കപ്പെടുന്നു.

ഇങ്ങനെയുള്ള നിയന്ത്രണമുണ്ടോ ഇല്ലയോയെന്ന് തീരുമാനിക്കേണ്ടത് കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ അനുസരിച്ചാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ആർട്ടിക്കിൾസ് പ്രകാരം ഡയറക്ടർ ബോർഡിൽ മൂന്നിലൊന്ന് ഡയറക്ടർമാരെ സർക്കാരിന് നിയമിക്കാമെന്ന അവകാശത്തിനുപുറമെ മറ്റെന്തെങ്കിലും അധികാരങ്ങൾ സർക്കാരിന് കൊടുക്കുന്ന ധാരണാ പത്രങ്ങളോ, ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റോ വോട്ടിംഗ് എഗ്രിമെന്റോ നിലവിലില്ല. സർക്കാരിന് കണ്ണൂർ വിമാനത്താവള കമ്പനിയുടെ ബോർഡിൽ ഭൂരിപക്ഷം ഇല്ലാത്തതിനാലും മറ്റ് നിയന്ത്രണങ്ങളൊന്നും ഇല്ലാത്തിനാലും മുകളിൽ സൂചിപ്പിച്ച മറ്റ് വ്യവസ്ഥകൾ കൂടി കണക്കിലെടുത്തും പാർലമെന്റ് പാസ്സാക്കിയ 2013-ലെ കമ്പനി നിയമമനുസരിച്ച് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി ഒരു സർക്കാർ കമ്പനിയോ സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനിയോ അല്ല. ആയതു കാരണം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടത് കമ്പനിയുടെ ഉടമഗസ്ഥരായ ഓഹരി ഉടമകൾ നിയമിക്കുന്ന ഓഡിറ്ററാണ്.

കണ്ണൂർ വിമാനത്താവള കമ്പനിയിൽ 32.99 ശതമാനം ഓഹരി നിക്ഷേപം മാത്രമാണ് സംസ്ഥാന സർക്കാരിനുള്ളത്. മേൽകാരണങ്ങളാൽ കിയാലിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യാൻ സി.&എ.ജി.-ക്ക് അധികാരമില്ലെന്ന് ചൂണ്ടിക്കാണിച്ച് കിയാൽ എം.ഡി. കത്ത് നൽകിയിരുന്നു. ഇതിൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശവും ഈ നിലയിൽ തന്നെയാണ്. ഈ സാഹചര്യത്തിൽ കണ്ണൂർ വിമാനത്താവള കമ്പനിയെ ഏതുവിധത്തിൽ ഓഡിറ്റ് ചെയ്യണമെന്ന് സർക്കാരിന് നിഷ്കർഷിക്കാനാവില്ല.

## കിഫ്ബിയിലേയ്ക്ക് ലഭിച്ച തുക

51 (462) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലേ-ക്ക് ഇതുവരെ എത്രകോടി രൂപ ലഭിച്ചിട്ടുണ്ടെന്നും ഇതിലേക്ക് ലഭിച്ച മുഴുവൻ തുകയും അതിന്റെ വിനിയോഗവും സി. & എ.ജി.യുടെ ആഡിറ്റിന് വിധേയമാക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; പ്രസ്തുത ആഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കാൻ തയ്യാറാകുമോ;

(ബി) കിഫ്ബിയിലേയ്ക്കുള്ള ഫണ്ട് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് കണ്ടെത്തുന്നതെന്നും കിഫ്ബിക്കു വേണ്ടിയുള്ള കടപ്പത്രങ്ങളുടെയും വായ്പകളുടെയും മറ്റ് വരുമാന മാർഗ്ഗങ്ങളുടേയും പലിശ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വയംപര്യാപ്തതയെ കിഫ്ബി ഏതു തരത്തിൽ ബാധിക്കുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) കിഫ്ബി സംസ്ഥാനത്തിന് ഒരു ബാധ്യതയായി തീരുമെന്ന ആശങ്ക സർക്കാർ ഏതു തരത്തിലാണ് നോക്കി കാണുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4-11-2019-ലെ കണക്കുകൾപ്രകാരം കിഫ്ബി ആകെ 11,619.15 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. CAG-DPC Act, 1971 (സി&എ.ജി.-യുടെ കടമകളും, അധികാരങ്ങളും സേവനങ്ങളുടെ വ്യവസ്ഥകളും) പ്രകാരം കിഫ്ബി സി&എ.ജി. ഓഡിറ്റിന് വിധേയമാണ്. ഇതിൻപ്രകാരം 2018-ലും 2019-ലും ഓഡിറ്റ് നടന്നിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടുകളൊന്നുംതന്നെ കിഫ്ബിക്ക് ലഭിച്ചിട്ടില്ല.

(ബി) കിഫ്ബി വിവിധ സ്രോതസ്സുകളിലൂടെ സമാഹരിച്ച തുകയും അവയുടെ പലിശ നിരക്കും ചുവടെ ചേർക്കുന്നു.

| Source | Availed Amount (Rs in Crore) | Interest Rate |
|---|---|---|
| Masala Bond | 2150 | 9.723% |
| NABARD Term Loan | 200.8 | 9.30% |
| State Bank of India-Term Loan | 400 | 9%* |
| Union Bank of India-Term Loan | 350 | 8.95%* |
| Indian Bank-Term Loan | 400 | 9.15%* |
| Syndicate Bank-Term Loan | 200 | 8.6%* |
| Bonds to KSFE (Pravasi Chitty) | 63.12 | 8.5%-8.6%** |

* Based on current MCLR of the Bank.

** Based on Prevailing FD rate in Treasury

(സി &ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വയംപര്യാപ്തതയെ കിഫ്ബി ഏതെങ്കിലും തരത്തിൽ ബാധിക്കുമെന്ന് കരുതുന്നില്ല. കിഫ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം മോട്ടോർ വെഹിക്കിൾ ടാക്സിന്റെയും പെട്രോളിയം സെസ്സിന്റെയും കൃത്യമായ ഒരു വിഹിതം മാത്രമാണ് കിഫ്ബിയിലേയ്ക്ക് വരുന്നത്. കിഫ്ബിയുടെ പദ്ധതികൾക്കും അതിനുവേണ്ടിവരുന്ന ധനസമാഹരണത്തിന്റെ തിരിച്ചടവിനുമായാണ് ഈ തുക വിനിയോഗിക്കുന്നത്. കിഫ്ബി വഴി അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ മാന്ദ്യ കാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഇത്തരത്തിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുകവഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്.

**ട്രാൻസ്ഗ്രിഡ് പദ്ധതിയുമായി ബന്ധപ്പെട്ട ത്രികക്ഷി കരാർ**

52 (463) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് പദ്ധതിയുമായി ബന്ധപ്പെട്ട് ത്രികക്ഷി കരാർ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ത്രികക്ഷി കരാറിൽ പദ്ധതികളുടെ ടെൻഡർ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തൊക്കെ നിബന്ധനകളാണ് അടങ്ങിയിരിക്കുന്നത്;

(സി) പ്രസ്തുത ത്രികക്ഷി കരാർ പ്രകാരം 2017 ഫെബ്രുവരിയിൽ അന്നുവരെയുള്ള ടെൻഡർ നിയമങ്ങളിൽ മാറ്റം വരുത്തി അന്നത്തെ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് മാത്രമല്ലേ കരാർ നല്കാൻ സാധിക്കുകയുള്ളൂ എന്ന്അറിയിക്കുമോ ;

(ഡി) ട്രാൻസ് ഗ്രിഡ് പദ്ധതികളുടെ നടത്തിപ്പിനായി നൽകിയ കരാറുകളിൽ പ്രസ്തുത നിയമം പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതികൾക്ക് കിഫ്ബിയും ഭരണവകുപ്പായ ഊർജ്ജ വകുപ്പും പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും (KSEB) ചേർന്ന് 17-7-2017 തീയതിയിൽ ഒപ്പിട്ട ത്രികക്ഷി കരാർ നിലവിലുണ്ട്. 22-6-2017-ലെ സ.ഉ.(കൈ) നമ്പർ 306/2017/ധന. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലാണ് ത്രികക്ഷി കരാർ രൂപപ്പെടുത്തിയിട്ടുള്ളത്. ത്രികക്ഷി കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ത്രികക്ഷി കരാറിലെ മൂന്നാമത്തെ വ്യവസ്ഥപ്രകാരം പദ്ധതി നിർവ്വഹണ ഏജൻസി എല്ലാ പ്രവൃത്തികളും സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാധിഷ്ഠിത ടെണ്ടറിലൂടെ കോൺട്രാക്ടറെ തെരഞ്ഞെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി&ഡി) ധനകാര്യ വകുപ്പ് സെക്രട്ടറി, ഊർജ്ജവകുപ്പ് സെക്രട്ടറി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ഡയറക്ടർ (ഫിനാൻസ്), ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ), ഡയറക്ടർ (ട്രാൻസ്മിഷൻ), ഡയറക്ടർ (ജനറേഷൻ-സിവിൽ), ഡയറക്ടർ (ജനറേഷൻ- ഇലക്ട്രിക്കൽ), ഇൻഡിപെൻഡന്റ് ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന കെ.എസ്.ഇ.ബി. ഡയറക്ടർ ബോർഡ് സ്വീകരിച്ചിട്ടുള്ളതും നിശ്ചയിച്ചിട്ടുള്ളതുമായ നിബന്ധനകൾ പാലിച്ചുകൊണ്ട് സുതാര്യമായി മാത്രമേ കെ.എസ്.ഇ.ബി.ക്ക് കരാർ നൽകാൻ സാധിക്കുകയുള്ളൂ.

മേൽപ്പറഞ്ഞ നിബന്ധനകൾ പാലിച്ചുകൊണ്ട് ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് ട്രാൻസ്ഗ്രിഡ് പദ്ധതികൾക്കായി രൂപീകരിച്ചിട്ടുള്ള ബിഡ് ഇവാല്യുവേഷൻ ആൻഡ് റിഡ്രസ്സൽ കമ്മിറ്റിയുടെ അംഗീകാരത്തോടും ശിപാർശയോടും കൂടിയാണ് ധനകാര്യ സെക്രട്ടറിയും, ഊർജ്ജ സെക്രട്ടറിയും ഉൾപ്പെടുന്ന കെ.എസ്.ഇ.ബി.യുടെ ഫുൾ ഡയറക്ടർ ബോർഡ് ടെണ്ടറിന് അന്തിമ അംഗീകാരം നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബിക്കെതിരെയുള്ള ദുഷ്പ്രചരണം

53(464) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന കാഴ്ചപ്പാടോടെ പ്രാവർത്തികമാക്കിയ കിഫ്ബിയെക്കുറിച്ച് അവമതിപ്പുണ്ടാക്കാനായി കരുതിക്കൂട്ടിയുള്ള ദുഷ് പ്രചരണം, കിഫ്ബിയ്ക്ക് നിലവിലുള്ള ഏറ്റവും മികച്ച ആഗോള റേറ്റിംഗിനെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി ദുഷ് പ്രചരണങ്ങൾ തുറന്നു കാട്ടാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും അതിനു പുറമേ നിധിയുടെ എല്ലാ നിക്ഷേപങ്ങളും നിയമത്തിന്റെ ഉദ്ദേശ്യത്തിനനുസൃതമാണെന്നും അതു വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലെന്നും ഉറപ്പു വരുത്തുന്നതിനായി സ്വതന്ത്രാധികാരത്തോടെ രൂപീകരിച്ച ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ പ്രവർത്തനവും വഴി അന്താരാഷ്ട്രതലത്തിൽ അംഗീകൃതമായ തരത്തിൽ കിഫ്ബിയ്ക്ക് സുതാര്യത ഉറപ്പു വരുത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ലക്ഷ്യമിട്ട സമയത്തിനുള്ളിൽ അൻപതിനായിരം കോടി രൂപയുടെ വികസനം സാധ്യമാക്കാൻ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്താൻ ശ്രദ്ധപതിപ്പിക്കുമോ;വ്യക്തമാക്കുമോ?

### ഉത്തരം

(എ) കിഫ്ബിയെയോ അതിന്റെ പ്രവർത്തനങ്ങളെയോ സംബന്ധിക്കുന്ന ആക്ഷേപങ്ങൾ ഉയർന്ന വേളയിലെല്ലാം തന്നെ വസ്തുതകൾ നിരത്തിയുള്ള മറുപടികൾ നൽകാനും അവ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമൂഹമാധ്യമങ്ങളും മറ്റ് ഉപാധികളും ഉപയോഗിച്ച് നടത്തിയ ഈ പ്രവർത്തനങ്ങൾ ആക്ഷേപങ്ങൾ സംബന്ധിച്ച യാഥാർത്ഥ്യം പൊതു സമൂഹത്തിനുമുന്നിൽ പെട്ടെന്നുതന്നെ ഫലപ്രദമായി എത്തിക്കുന്നതിന് സഹായകമായി.

കിഫ്ബി മുന്നോവച്ച നൂതനമായ സാമ്പത്തിക ആശയം ഇതിനോടകം തന്നെ ദേശീയ അന്തർദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെട്ടതും നിക്ഷേപക സമൂഹം അംഗീകരിച്ചതുമാണ്. ചുരുങ്ങിയ കാലയളവിൽ തന്നെ പ്രശംസനീയമായ

നേട്ടങ്ങൾ കിഫ്ബി കൈവരിച്ചിട്ടുണ്ട്. കിഫ്ബിയുടെ സംവിധാനങ്ങളുടെ മികവും ഉയർന്ന പ്രവർത്തന നിലവാരവും കണക്കിലെടുത്താണ് അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ 'BB-സ്റ്റേബിൾ ഔട്ട് ലുക്ക്" എന്ന റേറ്റിംഗ് കിഫ്ബിക്ക് നൽകിയത്. ഒരു വർഷം കഴിഞ്ഞ് നടത്തിയ വാർഷിക പുനരവലോകനത്തിനുശേഷവും ഈ ഏജൻസികൾ അതേ റേറ്റിംഗ് നിലനിർത്തിയിട്ടുണ്ട്.

(ബി) കിഫ്ബി അതിന്റെ എല്ലാ പ്രവർത്തികളിലും സുതാര്യത പുലർത്തുന്ന ഒരു സ്ഥാപനമാണ്. പദ്ധതികളുടെ അവലോകനം മുതൽ അവയുടെ നിർവ്വഹണത്തിനായുള്ള ഫണ്ട് വിതരണം വരെ കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കും കരാറുകാർക്കും പരിശോധിക്കാവുന്ന തലത്തിലുള്ള സംവിധാനം കിഫ്ബിയിൽ നിലവിലുണ്ട്. നിലവിലുള്ള ഓഡിറ്റിംഗ് സംവിധാനങ്ങൾക്ക് പുറമെ കിഫ്ബി ആക്ട് വിഭാവനം ചെയ്തിട്ടുള്ള ഒരു നിരീക്ഷണ സംവിധാനമാണ് FTAC ദേശീയ/അന്തർദേശീയ തലത്തിൽ പ്രശസ്തരായ ധനകാര്യ വിദഗ്ധരാണ് ഇതിലെ അംഗങ്ങൾ. ഈ കമ്മീഷൻ ആറുമാസത്തിലൊരിക്കൽ കിഫ്ബിയിൽ ഫണ്ടിന്റെ വിനിയോഗം ആക്ടിന്റെ വ്യവസ്ഥകൾക്കനുസരിച്ചാണെന്നും, അടുത്ത ആറുമാസത്തേയ്ക്കുള്ള ചെലവുകൾ വഹിക്കാനാവശ്യമായ ഫണ്ട് കിഫ്ബിയുടെ കൈവശമുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നു. നിക്ഷേപകർക്കിടയിൽ കിഫ്ബിയുടെ ഈയൊരു മാതൃകയ്ക്ക് പ്രശംസയും സ്വീകാര്യതയും നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

(സി) എല്ലാ നിയോജകമണ്ഡലങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നാളിതുവരെ 45,619.10 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് സുതാര്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം എന്നീ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നടത്തുക വഴി കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായും സമയബന്ധിതമായും അവ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടുകൂടി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം വളരെയധികം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തിവരികയും ചെയ്യുന്നു.

ഇതിനുപുറമെ കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ ഏജൻസികളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ നൽകുന്നതിന് ടെക്നിക്കൽ റിസോഴ്സ് സെന്റർ എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ തുടങ്ങുന്നതിനായി കിഫ് ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## കിഫ്ബി സഹായം

54 (465) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബിയിലൂടെ പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര തുകയുടെ അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകിയ തുകയുടെ ഇനം തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

## തൃശ്ശൂർ ജില്ലയിലെ കിഫ്ബി പദ്ധതികൾ

55 (466) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൃശ്ശൂർ ജില്ലയിൽ കിഫ്ബി മുഖേന എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) നാളിതുവരെ തൃശ്ശൂർ ജില്ലയിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയ പദ്ധതികളുടെ തുകയും നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി നൽകുന്നു*.

## നാട്ടിക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

56 (467) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാട്ടിക മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം പ്രവർത്തികൾക്കാണ് (എം.എൽ.എ.-എ.ഡി.എഫ്, എസ്.ഡി.എഫ്.ഒഴികെ) തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാട്ടിക മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം എത്ര തുക അനുവദിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) നാളിതുവരെ നാട്ടിക നിയോജകമണ്ഡലത്തിലെ വിവിധ കിഫ്ബി പദ്ധതികൾക്കായി 362.46 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇവയുടെ ധനാനുമതി പകർപ്പും പദ്ധതികളുടെ വിവരവും അനുബന്ധമായി ചേർക്കുന്നു*.

## നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

57 (468) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന എത്ര പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിൽ എത്ര പദ്ധതികളുടെ പ്രവർത്തനമാണ് തുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് പദ്ധതികളുടെ പ്രവർത്തനം തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പന്ത്രണ്ട് പദ്ധതികളാണുള്ളത്. ഇതിൽ ഒരു പദ്ധതിയുടെ പ്രവർത്തനമാണ് തുടങ്ങിയിട്ടുള്ളത്.

(സി) കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാതെയുള്ള മൂന്ന് പദ്ധതികൾ ഒഴിവായതിനാൽ ബാക്കിയുള്ളവ ത്വരിതപ്പെടുത്താനായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളുമായി അവലോകന യോഗങ്ങൾ നടത്തിവരുന്നു.

**കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

58 (469) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) ഇനിയും കിഫ്ബി അംഗീകാരം ലഭിക്കാത്ത പ്രവൃത്തികൾക്ക് വേഗത്തിൽ അംഗീകാരം ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കോതമംഗലം മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളും, സാമ്പത്തികാനുമതി നൽകിയതുമായ പദ്ധതികളും, പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

(ഡി) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പണം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഇക്കാര്യം ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തലശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

59 (470) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളും അവയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പീരുമേട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

60 (471) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന പൂർത്തിയാക്കിയതും നടപ്പാക്കിവരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ മണ്ഡലത്തിൽ കിഫ്ബിയുടെ പരിഗണനയിലുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പീരുമേട് നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ പരിഗണനയ്ക്കായി വിശദമായ പദ്ധതി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതും ധനാനുമതി നൽകി നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കളമശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവർത്തനം

61 (472) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി കളമശ്ശേരി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) കിഫ്ബിയിൽ നിന്ന് ഈ പ്രവൃത്തികൾക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനി എത്ര തുക നൽകാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ &ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കളമശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ, പ്രവർത്തന പുരോഗതി ഉൾപ്പെടെ അനുബന്ധമായി ചേർക്കുന്നു*.

(സി) ഈ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

62 (473) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകിയിട്ടും നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും കാരണമെന്തെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ വൈപ്പിൻ നിയോജക മണ്ഡലത്തിലെ പദ്ധതികളുടെയും ഇവയിൽ ധനാനുമതി നൽകിയ പദ്ധതികളുടെയും നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു*.

**ഹരിപ്പാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

63 (474) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന എത്ര കോടി രൂപയുടെ വികസന പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ആയതിൽ പ്രവർത്തനോദ്ഘാടനം നടത്തിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നല്കുമോ?

<u>ഉത്തരം</u>

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ആകെ 230.13 കോടി രൂപയുടെ പ്രവൃത്തികളാണ് കിഫ്ബി വഴി നടപ്പാക്കാൻ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ 146.35 കോടി രൂപയുടെ 7 വികസന പ്രവൃത്തികൾക്കാണ് കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയിട്ടുള്ളത്. കൂടാതെ 83.78 കോടി രൂപയുടെ എട്ട് പദ്ധതികൾക്ക് (സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉൾപ്പെടെ) അംഗീകാരം നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിച്ചുവരുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതികളിൽ രണ്ട് പദ്ധതികളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

64 (475) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിയ്ക്കുകയുണ്ടായി; ഓരോന്നിനും എത്ര തുക വീതം അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും കാലികസ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിച്ചിട്ടുള്ള പദ്ധതികളുടെയും അവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

## കിഫ്ബിയിൽ ഉൾപ്പെട്ട മനക്കകടവ്-പട്ടിമറ്റ-നെല്ലാട്-കിഴക്കമ്പലം റോഡ്

65 (476) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മനക്കകടവ്-പട്ടിമറ്റം-നെല്ലാട്-കിഴക്കമ്പലം റോഡിലെ കെ.എസ്.ഇ.ബി. പോസ്റ്റുകൾ മാറ്റുന്നതിന് തുക അനുവദിക്കുന്നതിനുള്ള തടസം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക അനുവദിക്കാത്തത് കാരണം നിർമ്മാണ പ്രവൃത്തി തടസപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിലുള്ള മുഴുവൻ കെ.എസ്.ഇ.ബി. പോസ്റ്റുകളും മാറ്റുന്നതിനുള്ള തുക എന്നത്തേയ്ക്ക് അനുവദിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) കിഫ്ബി പദ്ധതിയിലുൾപ്പെട്ട മനക്കകടവ്-പട്ടിമറ്റ-നെല്ലാട്-കിഴക്കമ്പലം റോഡിലെ കെ.എസ്.ഇ.ബി. യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 7,96,208 രൂപ 17-12-2018-ൽ കേരള റോഡ് ഫണ്ട് ബോർഡിന് കിഫ്ബി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാങ്കടവ്-കുറ്റിപ്പുറം റെഗുലേറ്റർ കം ബ്രിഡ്ജ്

66 (477) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കാങ്കക്കടവ് - കുറ്റിപ്പുറം ആർ.സി.ബി. (റെഗുലേറ്റർ കം ബ്രിഡ്ജ്)-യുടെ അംഗീകാരം സംബന്ധിച്ച പ്രൊപ്പോസൽ കിഫ്ബി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച പ്രൊപ്പോസൽ അംഗീകരിച്ച് പദ്ധതി പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വളാഞ്ചേരി നഗരസഭാ കെട്ടിടത്തിന്റെ പ്രൊപ്പോസൽ കിഫ്ബിയിൽ ലഭിച്ചിട്ടുണ്ടോ; ഇതിന് കിഫ്ബി അനുവാദം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവാദം നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കാങ്കടവ്-കുറ്റിപ്പുറം ആർ.സി.ബി.യുടെ ഡി.പി.ആർ കിഫ്ബിയിൽ ലഭിക്കുകയും അത് പരിശോധിച്ച് സാങ്കേതിക അവലോകന റിപ്പോർട്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുള്ളതുമാണ്. അതിന് മറുപടി ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതാണ്.

(ബി) വളാഞ്ചേരി നഗരസഭ കെട്ടിടത്തിന്റെ ഡി.പി.ആർ കിഫ്ബിയിൽ ലഭിച്ചിട്ടുള്ളതും ആയത് പരിശോധിച്ച് പ്രാഥമിക അവലോകന റിപ്പോർട്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ IMPACT (Investment in Municipal and Panchayath Asset Creation for Transformation Kerala Ltd.)-ന് നൽകിയിട്ടുള്ളതുമാണ്. മറുപടി ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത അംഗീകാരം നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതാണ്.

## നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക

67 (478) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എം.എൽ. എ.-എസ്.ഡി.എഫ്., എ.ഡി.എഫ്.ഒഴികെ ഏതെല്ലാം പ്രവർത്തികൾക്കാണ് തുക അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം എത്ര തുക അനുവദിച്ചുവെന്നും ഏതെല്ലാം പ്രവർത്തികൾക്കാണ് തുക അനുവദിച്ചതെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) നാളിതുവരെ നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ കിഫ്ബി പദ്ധതികൾക്കായി 143.78 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇവയുടെ ധനാനുമതിയുടെ പകർപ്പുൾപ്പെടെയുള്ള വിവരം അനുബന്ധമായി നൽകുന്നു*.

## തിരുവനന്തപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

68 (479) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെടുത്തി തിരുവനന്തപുരം മണ്ഡലത്തിൽ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) കിഫ്ബിയിലുൾപ്പെടുത്തി തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നിർവ്വഹണം നടന്നുവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) 2017-18-ലെ ബജറ്റിൽ കിഫ്ബിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തുമെന്ന് പ്രഖ്യാപിച്ച ശംഖുംമുഖം - വേളി റോഡിന്റെ വികസനം, അട്ടക്കുളങ്ങര ഫ്ലൈഓവർ എന്നീ പദ്ധതികൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; ഇനിയും കാലതാമസം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബിയിലുൾപ്പെടുത്തി തിരുവനന്തപുരം മണ്ഡലത്തിൽ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചതും നിർവ്വഹണം നടന്നുവരുന്നതുമായ പദ്ധതികളുടെ വിശദവിവരവും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 2017-18-ലെ ബഡ്ജറ്റിൽ കിഫ്ബിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തുമെന്ന് പ്രഖ്യാപിച്ച ശംഖുമുഖം-വേളി റോഡിന്റെ വികസനം, അട്ടക്കുളങ്ങര ഫ്ലൈഓവർ എന്നിവയുടെ പദ്ധതി റിപ്പോർട്ടുകൾ നാളിതുവരെയും കിഫ്ബിയിൽ ലഭ്യമായിട്ടില്ല. പദ്ധതി റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് വിശദമായ സാങ്കേതിക അവലോകനത്തിനുശേഷം കിഫ്ബിയുടെ എക്സിക്യൂട്ടീവ്/ബോർഡ് യോഗങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## കല്ല്യാശ്ശേരിയിലെ കിഫ്ബി പ്രോജക്ടുകൾ

69 (480) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി വഴി ഇതുവരെ എത്ര പ്രോജക്ടുകളിലായി എത്ര കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെ എത്ര കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും എത്ര കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിച്ചവ ഏതൊക്കെയാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിനായി കിഫ്ബിയിൽ ലഭിച്ച/അംഗീകാരം നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പെരിന്തൽമണ്ണയിലെ കിഫ്ബി പദ്ധതികൾ

70 (481) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ആകെ എത്ര തുകയാണ് കിഫ്ബിയിൽ നിന്നും നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്; ഇനി എത്ര തുകയാണ് നൽകാൻ ബാക്കിയുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിവരവും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു*.

(ബി) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റുന്ന പദ്ധതിയുടെ ഭാഗമായി പെരിന്തൽമണ്ണ ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്.-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 94,75,135 രൂപ ഇതുവരെ കിഫ്ബി റിലീസ് ചെയ്തിട്ടുണ്ട്. അഞ്ചുകോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക.

## ആസ്തി വികസന ഫണ്ട്

71 (482) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ ഗവേഷണ പ്രവർത്തനങ്ങളെയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളെയും സഹായിക്കുന്നതിനായി മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും വാഹനങ്ങൾ നല്കാൻ സാധിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി വാഹനം വാങ്ങുന്നതിനാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ അനുമതി നൽകിയിട്ടുള്ളത്. സ്വയംഭരണ സ്ഥാപനങ്ങളായ സർവ്വകലാശാലകൾക്ക് വാഹനങ്ങൾ വാങ്ങുന്നതിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതിയില്ല. ആയതിലേയ്ക്കായി നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വാപ്കോസിന് നൽകിയ അക്രഡിറ്റേഷൻ പുനഃപരിശോധിക്കാൻ നടപടി

72 (483) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ മണ്ഡലങ്ങളുമായി ബന്ധപ്പെട്ടുള്ള ആസ്തി വികസന ഫണ്ട് ഉൾപ്പെടെയുള്ളവ കൈകാര്യം ചെയ്യുന്ന അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള അക്രഡിറ്റഡ് ഏജൻസിയായ വാപ്കോസിന്റെ പ്രവർത്തനം സംബന്ധിച്ചും പ്രസ്തുത ഏജൻസി ഈടാക്കുന്ന സെന്റേജ് സംബന്ധിച്ച വിഷയങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, പ്രസ്തുത ഏജൻസിയുടെ അക്രെഡിറ്റേഷൻ പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4-7-2019 തീയതിയിലെ സ.ഉ.(പി) നമ്പർ.77/2019/ധന. ഉത്തരവുപ്രകാരം അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനമികവ് വിലയിരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറും ധനകാര്യ റിസോഴ്സ് സെക്രട്ടറിയുമുൾപ്പെട്ട സെലക്ഷൻ കമ്മിറ്റി അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനമികവ് വിലയിരുത്തിയതിനുശേഷം മാത്രമേ അക്രഡിറ്റേഷൻ പുതുക്കി നൽകാറുള്ളൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാപ്കോസിന്റെ പ്രവർത്തനം സംബന്ധിച്ചും പ്രസ്തുത അക്രഡിറ്റഡ് ഏജൻസി ഈടാക്കുന്ന സെന്റേജ് ചാർജ് സംബന്ധിച്ചും ലഭിച്ച പരാതി ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

(സി) ധനകാര്യ വകുപ്പിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് വാപ്കോസിന്റെ അക്രഡിറ്റേഷൻ പുനഃപരിശോധിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## എ.ഡി.എഫ്., എസ്.ഡി.എഫ്. എന്നിവയിൽ നിന്നുള്ള തുക വിനിയോഗം

73 (484) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയമസഭാ മണ്ഡലങ്ങളുമായി ബന്ധപ്പെട്ടുള്ള എ.ഡി.എഫ്, എസ്.ഡി.എഫ് എന്നിവയിൽ നിന്നുള്ള തുക വിനിയോഗം സംബന്ധിച്ച നിലവിലുള്ള എല്ലാ ഉത്തരവുകളുടേയും/ചട്ടങ്ങളുടേയും പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

എം.എൽ.എ. ആസ്തി വികസന പദ്ധതി (എ.ഡി.എഫ്.)-യുടെ നിലവിലെ മാർഗ്ഗരേഖയായ 4-8-2018-ലെ സ.ഉ.(അ)നമ്പർ 119/2018/ധന. ഉത്തരവും എം.എൽ.എ. പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.)-യുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അ)നമ്പർ 161/2017/ധന. ഉത്തരവും 12-12-2018-ലെ സ.ഉ.(അ)നമ്പർ 194/2018/ധന. ഉത്തരവും അനുബന്ധമായി ചേർക്കുന്നു*.

**മഞ്ചേരി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

74 (485) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ആസ്തിവികസനഫണ്ടിലും സ്പെഷ്യൽ ഡെവലപ്മെന്റ്ഫണ്ടിലുമായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ എല്ലാ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ്/എക്സസ് എന്നീയിനങ്ങളിൽ എത്ര തുക മിച്ചമുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത സാമ്പത്തിക വർഷങ്ങളിലെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് അറിയിക്കുമോ;

(ഡി) ടെണ്ടർ സേവിംഗ്സ് ഉണ്ടെങ്കിൽ പ്രസ്തുത തുക വിനിയോഗിക്കാൻ ഈ സാമ്പത്തിക വർഷം കഴിയുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിലുണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) എം.എൽ.എ.- എ.ഡി.എഫ്.-ൽ 2016-17 സാമ്പത്തിക വർഷത്തിലെ വിവരം ശേഖരിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ പാണ്ടിക്കാട് ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. എം.എൽ.എ.-എസ്.ഡി.എഫ്.-ൽ 2016-17 സാമ്പത്തിക വർഷത്തിൽ കരിക്കാട് അങ്കണവാടി കെട്ടിടം എന്ന പ്രവൃത്തിയും 2017-18 സാമ്പത്തിക വർഷത്തിൽ ആമയൂർ ക്ഷീരോത്പാദക സഹകരണസംഘം കെട്ടിടം എന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടില്ല.

(ഡി) 4-8-2018-ലെ സ.ഉ.(അ) നമ്പർ 119/2018/ധന. സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 2.8 പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 സാമ്പത്തിക വർഷത്തിനുകീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19-ന് കീഴിൽ പരിഗണിക്കാവുന്നതാണ്.

**തലശ്ശേരി മണ്ഡലത്തിൽ ആസ്തിവികസന ഫണ്ട്**

75 (486) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ, 2018-19, 2019-20 വർഷങ്ങളിൽ, എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്തുന്ന മുഴുവൻ പ്രവൃത്തികളുടെയും നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും, ആയത് പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തലശ്ശേരി മണ്ഡലത്തിൽ, 2018-19, 2019-20 വർഷങ്ങളിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്തുന്ന മുഴുവൻ പ്രവർത്തികളുടെയും നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രവൃത്തികളൊന്നും പൂർത്തീകരിച്ചിട്ടില്ല. പ്രതിമാസം നിർവ്വഹണ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് നിർവ്വഹണം ത്വരിതപ്പെടുത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ടുപയോഗിച്ച് ബസ് കാത്തിരിപ്പുകേന്ദ്രം

76 (487) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം, എം.എൽ.എ. ആസ്തിവികസന ഫണ്ടുപയോഗിച്ച് മണ്ഡലത്തിൽ ബസ് കാത്തിരിപ്പുകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റിയുടെ അനുമതി ആവശ്യമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അനുമതി നൽകുന്നതിന് ചുമതലയുള്ള ഉദ്യാഗസ്ഥർ ആരാണ്;

(സി) മങ്കട നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച ഇത്തരത്തിലുള്ള അപേക്ഷയിന്മേൽ എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാലതാമസം പരിശോധിക്കുമോ;

(ഡി) അടിയന്തരമായി ബന്ധപ്പെട്ടവരിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കി പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ ഉത്തരവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ പൊതുമരാമത്ത് റോഡുകളുടെ കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറും നാഷണൽ ഹൈവേയുടെ കാര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ സൂപ്രണ്ടിംഗ് എഞ്ചിനീയറും അനുമതി നൽകുന്നു.

(സി) 2019-20 സാമ്പത്തികവർഷം ബഹുമാനപ്പെട്ട എം.എൽ.എ നിർദ്ദേശിച്ച പ്രവൃത്തികളുടെ എൻ.ഒ.സി.യും ഡി.പി.ആറും ലഭ്യമാക്കുന്നതിന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 30-9-2019-ന് കത്ത് നൽകിയിട്ടുണ്ട്.

(ഡി) എൻ.ഒ.സി.-യും ഡി.പി.ആർ.-ഉം ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആസ്തിവികസന പദ്ധതികളുടെ പുരോഗതി

77 (488) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതി പ്രകാരമുള്ള 2016-17 മുതൽ 2019-20 വരെയുള്ള പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പദ്ധതികളുടെ നിർവ്വഹണ ഏജൻസി, എത്ര തുക ഓരോ പദ്ധതിയ്ക്കായി ചെലവഴിച്ചു എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെയാണ്; ഏതൊക്കെ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ &സി) വിവരം ശേഖരിച്ചുവരുന്നു.

## എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗം

78 (489) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും ഹൈമാസ്റ്റ്-ലോമാസ്റ്റ് ലൈറ്റുകൾ, ബസ്സ് വെയിറ്റിംഗ് ഷെൽട്ടറുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഏതെല്ലാം സർക്കാർ അംഗീകൃത ഏജൻസികളെ നിർദ്ദേശിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും സർക്കാർ അക്രഡിറ്റഡ് ഏജൻസിയെ ഇത്തരം പ്രവൃത്തികൾ നേരിട്ട് ഏൽപ്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) അക്രഡിറ്റഡ് ഏജൻസികളുടെ തെരഞ്ഞെടുപ്പും മരാമത്ത് പണികൾ പ്രസ്തുത ഏജൻസികളെ ഉപയോഗിച്ച് നടപ്പിലാക്കുന്നതും കാലാകാലങ്ങളിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് 4-7-2019-ലെ G.O.(P)No.77/2019/Fin. പ്രകാരം പ്രസ്തുത ഏജൻസികളുടെ അക്രഡിറ്റേഷൻ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവിൽ 'Electro-Mechanical' മേഖലയിൽ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള ഏജൻസികൾക്ക് ഹൈമാസ്റ്റ്-ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും 'General Civil construction Works' മേഖലയിൽ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള ഏജൻസികൾക്ക് ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും നടപ്പിലാക്കാവുന്നതാണ്. പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുടെ വിവിധ ചട്ടങ്ങളും നിയമങ്ങളും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ബാധകമാണ്.

## ഹെഡ് ഓഫ് അക്കൗണ്ട് മാറ്റുന്നതിന് നടപടി

79 (490) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള എൽ.എ. എൽ.എ.ഡി.എസ്-ൽ ഉൾപ്പെടുത്തിയ തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണത്തിന് ഹെഡ് ഓഫ് അക്കൗണ്ട് മാറ്റണമെന്ന് ആവശ്യപ്പെട്ടുള്ള ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഹെഡ് ഓഫ് അക്കൗണ്ട് മാറ്റി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 26-10-2019 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 8452/2019/ധന. പ്രകാരം തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണത്തിന് ഹെഡ് ഓഫ് അക്കൗണ്ട് മാറ്റി ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

## ആസ്തിവികസന ഫണ്ടിലെ ടെണ്ടർ ബാലൻസ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ

80 (491) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിലെ ടെണ്ടർ ബാലൻസ് തുക ഉപയോഗിച്ച് പുതിയ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഒരു സാമ്പത്തിക വർഷം ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിക്കുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചതിന് ശേഷം മാത്രം ടെണ്ടർ ബാലൻസ് ഉപയോഗിക്കാൻ അനുമതി നൽകുന്നത് മൂലം, ടെണ്ടർ ബാലൻസ് ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ടെണ്ടർ ബാലൻസ് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. 2017-18 മുതലാണ് ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുള്ളത്. 2017-18-ൽ ശിപാർശ ചെയ്ത പ്രവൃത്തികളുടെ ഭരണാനുമതിയുടെ കാലാവധി മൂന്ന് വർഷം വരെയുണ്ട്. ടി വർഷം എം.എൽ.എ. ശിപാർശ ചെയ്ത എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ടെണ്ടർ സേവിംഗ്സ് കണക്കാക്കി പുതിയ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിന് സാങ്കേതിക തടസ്സമില്ല.

**ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള മങ്കടയിലെ പ്രവൃത്തികൾ**

81 (492) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്ന് നിർദ്ദേശിച്ച പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ, ഡി.പി.ആർ. തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ ഇറക്കിയ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ഇതിനകം ലഭ്യമാകേണ്ടിയിരുന്ന ഭരണാനുമതി ലഭിക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട എം.എൽ.എ. 2019-20 സാമ്പത്തിക വർഷത്തിൽ 17-7-2019 തീയതി മുതൽ 24-9-2019 വരെ നിർദ്ദേശിച്ച 16 പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ ഡി.പി.ആർ. ലഭിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ ശിപാർശകളിൽ 30 ദിവസത്തിനകം ഡി.പി.ആർ. ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഭരണാനുമതി നൽകുന്നതിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോതമംഗലം മണ്ഡലത്തില ആസ്തി വികസന ഫണ്ട് പദ്ധതികൾ**

82 (493) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 2017-18, 2018-19 വർഷങ്ങളിലായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി എത്ര തുകയുടെ ടെണ്ടർ സേവിംഗ്സ് ഉണ്ടായിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) എം.എൽ.എ-എ.ഡി.എസ്- ൽ ടെണ്ടർ സേവിംഗ്സ് വരുന്ന തുക ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ടെണ്ടർ സേവിംഗ്സ് തുകയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമയബന്ധിതമായി എം.എൽ.എ മാരെ അറിയിക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിച്ച് തുടങ്ങിയത്. 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന. ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാ കളക്ടർമാരാണെങ്കിലും അവ നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രഡിറ്റഡ് ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതായത് ഒരു എം.എൽ.എ. ഒരു സാമ്പത്തിക വർഷം ശിപാർശ ചെയ്ത മുഴുവൻ പ്രവൃത്തികളും

പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ പ്രസ്തുത വർഷത്തെ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അപ്രകാരം ടെണ്ടർ സേവിംഗ്സ് നിർണ്ണയിച്ചുകഴിഞ്ഞതിനുശേഷമേ പ്രസ്തുത വിവരം എം.എൽ.എ.-മാരെ അറിയിക്കാൻ കഴിയുകയുള്ളൂ.

**ആലത്തൂർ മണ്ഡലത്തിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് പ്രവൃത്തികൾ**

83 (494) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ആലത്തൂർ മണ്ഡലത്തിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ബില്ലുകൾ, ബന്ധപ്പെട്ട കരാറുകാർക്ക് കൊടുത്തു തീർത്തോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ചീനിബസാർ മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം**

84 (495) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിൽ നിന്നും 2018-19-ൽ നിർദ്ദേശിച്ച വാഴക്കാട് പഞ്ചായത്തിലെ ചീനിബസാർ മാതൃകാ അങ്കണവാടി കെട്ടിടം (പ്രൊജക്ട് ഐ.ഡി.6941) നിർമ്മാണ പ്രവൃത്തിക്ക് നാളിതുവരെയായി ഭരണാനുമതി ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൊപ്പോസൽ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഇത് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കാൻ ഇനി എത്ര ദിവസം കൂടി ആവശ്യമുണ്ട് എന്ന കാര്യം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ.ഉ.(സാധാ) നമ്പർ 651/2017/സാ.നീ.വ. തീയതി 7-10-2017 സർക്കാർ ഉത്തരവ് പ്രകാരം വാഴക്കാട് പഞ്ചായത്തിലെ ചീനിബസാർ മാതൃകാ അങ്കണവാടി കെട്ടിടം പ്രവൃത്തിക്ക് വകുപ്പ് ഫണ്ട് 17 ലക്ഷം രൂപയും ആസ്തി വികസന ഫണ്ടിൽ നിന്നും 6.75 ലക്ഷം രൂപയും ചേർത്ത് ആകെ 23.75 ലക്ഷം രൂപ അടങ്കൽ തുകയായി വകയിരുത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തി 10 ലക്ഷം രൂപയ്ക്ക് നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട കൊണ്ടോട്ടി എം.എൽ.എ. 1-10-2018-ന് ശിപാർശ ചെയ്തതിൻപ്രകാരം ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സാമൂഹിക നീതി വകുപ്പിന്റെ 17 ലക്ഷം രൂപയും നിയോജകമണ്ഡല ആസ്തി വികസനഫണ്ടിലെ 10 ലക്ഷം രൂപയും ചേർത്ത് 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. 7-10-2017-ലെ സ.ഉ.(സാധാ) നമ്പർ 651/2017/സാ.നീ.വ. ഉത്തരവുപ്രകാരം അടങ്കൽ തുക 23.75 ലക്ഷം രൂപ ആയതിനാൽ പുതുക്കിയ സർക്കാർ അനുമതി ആവശ്യമുണ്ട്. ആയതിനായി പ്രൊപ്പോസൽ തയ്യാറാക്കി തദ്ദേശസ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 28-2-2019-ന് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) ഡി.പി.ആർ. അനുബന്ധ രേഖകൾ, പുതുക്കിയ സർക്കാർ ഉത്തരവ് എന്നിവ ലഭിക്കുകയും സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ട് നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുമായി ചേർത്ത് വിനിയോഗിക്കാൻ പ്രത്യേകാനുമതി ലഭിക്കുകയും ചെയ്യുന്നമുറയ്ക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതാണ്.

## മാനന്തവാടി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രകാരമുള്ള പ്രവൃത്തികൾ

85 (496) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് പ്രകാരം 2017-18-ൽ മാനന്തവാടി മണ്ഡലത്തിൽ നിർദ്ദേശിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) മാനന്തവാടി മണ്ഡലത്തിലെ 2017-18 വർഷത്തെ എം.എൽ.എ. എസ്.ഡി.എഫ്. പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധത്തിൽ കാണാവുന്നതാണ്*.

## പെരിന്തൽമണ്ണ മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രത്യേക വികസന പദ്ധതി

86 (497) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന പദ്ധതി (എസ്.ഡി.എഫ്) പ്രകാരം 2016-17 മുതൽ 2019-20 വരെയുള്ള പദ്ധതികളുടെ നിലവിലുള്ള പുരോഗതി ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകിയിട്ടുണ്ട്; ഇനി എത്ര പ്രവൃത്തികൾക്ക് തുക നൽകാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണ്; ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെയാണ്; അവയുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം ഇനി എത്ര തുകയ്ക്കുള്ള പദ്ധതികളാണ് ശിപാർശ നൽകാൻ ബാക്കിയുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2019-20 സാമ്പത്തിക വർഷം വരെയുള്ള പദ്ധതികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | ബഹു.എം.എൽ.എ. ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികൾ | എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത് | ഭരണാനുമതി നൽകിയ പ്രവൃത്തികൾ |
|---|---|---|---|
| 2016-17 | 26 | 24 | 24 |
| 2017-18 | 35 | 31 | 31 |
| 2018-19 | 30 | 19 | 19 |
| 2019-20 | 28 | 0 | 0 |

(ബി) ഓരോ സാമ്പത്തികവർഷവും ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഹു.എം.എൽ.എ. ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ തുക (ലക്ഷത്തിൽ ) | ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുക (ലക്ഷത്തിൽ ) | പ്രവൃത്തികൾക്ക് കൈമാറിയിട്ടുള്ള (ചെലവഴിച്ചിട്ടുള്ള തുക) (ലക്ഷത്തിൽ) |
|---|---|---|---|
| 2016-17 | 96.59 | 81.25 | 75.45 |
| 2017-18 | 97.63 | 93.9 | 59.55 |
| 2018-19 | 100 | 65.7 | 30.75 |
| 2019-20 | 95.48 | 0 | 0 |

ഭരണാനുമതി നൽകിയിട്ടുള്ള എല്ലാ പ്രവൃത്തികളും അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിവരുന്നുണ്ട്. ഭൂരിഭാഗം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ബിൽ സമർപ്പിക്കുന്നപക്ഷം തുക അനുവദിക്കുന്നുണ്ട്. ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിക്കാൻ അതാത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എം.എൽ.എ.-എസ്.ഡി.എഫ്. പദ്ധതിപ്രകാരം ശിപാർശ നൽകാൻ ബാക്കിയുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2016-17 | 3.41 |
| 2017-18 | 2.37 |
| 2018-19 | 0 |
| 2019-20 | 4.52 |

**കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്**

87 (498) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ / സ്വകാര്യ സ്ഥാപനങ്ങൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) ഫണ്ട് വിനിയോഗിക്കുന്നതിനെ കുറിച്ച് ഗൈഡ് ലൈൻ നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സി.എസ്.ആർ. ഫണ്ട് ലാഭത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ / പൊതുമേഖലാ സ്ഥാപനങ്ങളും ചെലവഴിക്കണമെന്ന നിർബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) 2018-19 വർഷം സി.എസ്.ആർ. ഫണ്ട് ചെലവഴിച്ച സ്ഥാപനങ്ങളുടെ പട്ടിക, ചെലവഴിച്ച തുക, ഏറ്റെടുത്ത പദ്ധതികൾ എന്നിവ വിശദമാക്കാമോ;

(ഡി) സി.എസ്.ആർ ഫണ്ടുകളുടെ വിനിയോഗത്തിന്റെ മേൽനോട്ടത്തിന് ഏതെങ്കിലും തരത്തിലുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) പൊതുമേഖലാ/സ്വകാര്യ കമ്പനികൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) ഫണ്ട് വിനിയോഗിക്കേണ്ടത് കമ്പനീസ് ആക്ട് 2013-ലെ സെക്ഷൻ 135 പ്രകാരമാണ്. സെക്ഷൻ 135 അനുസരിച്ച് താഴെപ്പറയുന്ന കമ്പനികൾക്ക് സി.എസ്.ആർ. നിയമം ബാധകമാണ്.

1. 1000 കോടി രൂപയോ അതിനുമുകളിലോ വിറ്റുവരവ് ഉള്ളവ.
2. 500 കോടി രൂപയോ അതിനുമുകളിലോ Net Worth ഉള്ളവ.
3. 5 കോടി രൂപയോ അതിനുമുകളിലോ അറ്റാദായം ഉള്ളവ.

സി.എസ്.ആർ. ഫണ്ട് വിനയോഗിക്കേണ്ടത് കമ്പനീസ് ആക്ട്, 2013-ന്റെ ഷെഡ്യൂൾ VII-ൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കായിരിക്കണം. അറ്റാദായത്തിന്റെ രണ്ട് ശതമാനത്തിൽ കുറയാത്ത തുകയാണ് സി.എസ്.ആർ-നുവേണ്ടി ചെലവഴിക്കേണ്ടത്. മുകളിൽ സൂചിപ്പിച്ച മൂന്ന് നിബന്ധനകളിൽ ഏതെങ്കിലുമൊന്ന് പിന്തുടരുന്ന കമ്പനികൾ സി.എസ്.ആർ. ഫണ്ട് വിനിയോഗിക്കാൻ ബാദ്ധ്യസ്ഥമാണ്. അപ്രകാരം അഞ്ച് കോടിയോ മുകളിലോ അറ്റാദായമുള്ള എല്ലാ പൊതുമേഖലാ/ സ്വകാര്യ കമ്പനികളും സി.എസ്.ആർ. ഫണ്ട് ചെലവഴിക്കണമെന്ന് നിർബന്ധമുണ്ട്. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പ് ഗൈഡ്‌ലൈൻ പുറത്തിറക്കിയിട്ടില്ല.

(സി) 2018-19 വർഷം സി.എസ്.ആർ. ഫണ്ട് ചെലവഴിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ 2018-19 -ലെ പ്ലാനിംഗ് (ബി.പി.ഇ) വകുപ്പിന്റെ ബി.പി.ഇ. റിവ്യൂ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതാണ്. ഇതിന്റെ വിശദാംശങ്ങൾ ടി വകുപ്പ് ശേഖരിച്ചുവരുന്നുണ്ട്.

(ഡി) സർക്കാർതലത്തിൽ പ്രത്യേക ക്രമീകരണമില്ല.

## സംസ്ഥാനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളിന്മേലുള്ള കേന്ദ്ര നിലപാട്

88 (499) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പദ്ഘടനയുടെ വികസനത്തേക്കാൾ കോർപ്പറേറ്റ് താത്പര്യങ്ങൾക്ക് മുൻഗണന നൽകുന്നതും തൊഴിലില്ലായ്മയും കാർഷിക പ്രതിസന്ധിയും രൂക്ഷമാക്കുന്നതുമായ കേന്ദ്ര ബജറ്റ് സംസ്ഥാനങ്ങളുടെ സാമ്പത്തിക വ്യവസ്ഥക്കേൽപിക്കുന്ന ആഘാതം കുറയ്ക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയ ദുരന്തത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനായുള്ള ധനസഹായ അഭ്യർത്ഥന പരിഗണിക്കാതെ കേന്ദ്ര ബഡ്ജറ്റ് കേരളത്തെ പൂർണമായി അവഗണിച്ച സാഹചര്യമുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കടമെടുക്കുന്നതിനുള്ള പരിധി ഉയർത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം സംബന്ധിച്ച് കേന്ദ്ര സർക്കാർ സമീപനം എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ നയം കാരണം സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണ്ടായിട്ടുള്ള ആഘാതം കുറയ്ക്കുന്നതിനായി 2019-20 ബഡ്ജറ്റിൽ സ്വയം തൊഴിൽ സൃഷ്ടിക്കുന്നതിനും തൊഴിൽ ദിനങ്ങൾ വരദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും വ്യവസായ മേഖലയുടെ ഉത്തേജനത്തിനായി കോർപ്പറേറ്റ് നിക്ഷേപം ആകർഷിക്കുന്നതിനും ആവശ്യമായ ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ പശ്ചാത്തല മേഖലയിൽ വൻകുതിപ്പ് ലക്ഷ്യമിട്ടുകൊണ്ട് 45,619.10 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് ഇതിനോടകം കിഫ്ബി വഴി അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രളയത്തെത്തുടർന്ന് ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് 5,616 കോടി രൂപയുടെ പുനരധിവാസ ധനസഹായം ആവശ്യപ്പെട്ടിരുന്നു. ഇതുകൂടാതെ പ്രത്യേക ധനസഹായമായി 5,000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു. ദേശീയ ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2,904.85 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ലോകബാങ്ക്, ഏഷ്യൻ ഡെവലപ്‌മെന്റ് ബാങ്ക്, KfW എന്നീ വിദേശ സഹായ ഏജൻസികളിൽനിന്ന് വായ്പ സമാഹരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരികയാണ്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ KfW-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്ന നടപടി അന്തിമഘട്ടത്തിലാണ്.

(സി) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP -യുടെ 4.5 ശതമാനമായി ഉയർത്തണമെന്നും ലോകബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിക്ക് പുറമെ അനുവദിക്കണമെന്നും ഈ വായ്പകൾ അടുത്ത രണ്ടുവർഷത്തേയ്ക്ക് കടമെടുപ്പ് പരിധിയുടെ പുറത്തായി നിർത്തണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല.

## ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുള്ള തസ്തികകൾ

89 (500) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ പുതുതായി സൃഷ്ടിച്ച എത്ര തസ്തികകൾക്ക് ധനകാര്യ വകുപ്പ് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ സ്ഥിരം/സൂപ്പർന്യൂമററി/താൽക്കാലിക തസ്തികകൾ ഉൾപ്പെടെ പുതുതായി 17417 തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ധനകാര്യ വകുപ്പ് | 17 |
| 2 | ട്രഷറി വകുപ്പ് | 9 |
| 3 | ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് | 320 |
| 4 | കൃഷി വകുപ്പ് | 28 |
| 5 | ക്ഷീരവികസന വകുപ്പ് | 37 |
| 6 | തദ്ദേശസ്വയംഭരണ വകുപ്പ് | 662 |
| 7 | പൊതു വിദ്യാഭ്യാസ വകുപ്പ് | 15 |
| 8 | കോളേജ് വിദ്യാഭ്യാസ വകുപ്പ് | 215 |
| 9 | ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് | 3598 |
| 10 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 803 |
| 11 | സാംസ്കാരിക വകുപ്പ് | 25 |
| 12 | ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | 4990 |
| 13 | പിന്നാക്ക വിഭാഗ വികസന വകുപ്പ് | 6 |
| 14 | ന്യൂനപക്ഷ ക്ഷേമ വകുപ്പ് | 5 |
| 15 | സാമൂഹ്യനീതി വകുപ്പ് | 34 |

| | | |
|---|---|---|
| 16 | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് | 567 |
| 17 | ഗതാഗത വകുപ്പ് | 398 |
| 18 | പൊതുമരാമത്ത് വകുപ്പ് | 321 |
| 19 | തൊഴിൽ വകുപ്പ് | 88 |
| 20 | റവന്യൂ വകുപ്പ് | 391 |
| 21 | നികുതി വകുപ്പ് | 724 |
| 22 | നിയമ വകുപ്പ് | 17 |
| 23 | സൈനിക വെൽഫെയർ വകുപ്പ് | 15 |
| 24 | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ | 120 |
| 25 | പൊതുഭരണ വകുപ്പ് | 33 |
| 26 | ഭക്ഷ്യ സുരക്ഷാ വകുപ്പ് | 1 |
| 27 | വിജിലൻസ് വകുപ്പ് | 26 |
| 28 | പോലീസ് | 2278 |
| 29 | ജയിൽ | 328 |
| 30 | ജുഡീഷ്യറി | 1069 |
| 31 | ഫയർ & റസ്ക്യൂ | 188 |
| 32 | ആസൂത്രണകാര്യ സാമ്പത്തികകാര്യ വകുപ്പ് | 60 |
| 33 | നോർക്ക വകുപ്പ് | 5 |
| 34 | ടൂറിസം വകുപ്പ് | 8 |
| 35 | മൃഗസംരക്ഷണ വകുപ്പ് | 7 |
| 36 | ജലവിഭവ വകുപ്പ് | 3 |
| 37 | വ്യവസായ വകുപ്പ് | 2 |
| 38 | വനം വന്യജീവി വകുപ്പ് | 1 |
| 39 | ആയുഷ് വകുപ്പ് | 2 |
| 40 | സഹകരണ വകുപ്പ് | 1 |
| | ആകെ | 17417 |

**കുടുംബശ്രീ, കെക്സോൺ എന്നിവ വഴി താത്ക്കാലിക നിയമനങ്ങൾ**

90 (501) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ കരാർ/താല്ക്കാലിക നിയമനങ്ങൾ നടത്തുന്നതിൽ ധനകാര്യവകുപ്പ് എന്തെങ്കിലും നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഓഫീസ് പരിസരം വൃത്തിയാക്കൽ, സുരക്ഷാ ജോലി എന്നിവയ്ക്ക് കുടുംബശ്രീ, കെക്സോൺ എന്നിവ വഴി മാത്രമേ ജീവനക്കാരെ നിയമിക്കാവൂയെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) തസ്തികകൾ ഇല്ലാത്ത വിവിധ കമ്മീഷനുകൾ, താല്ക്കാലിക ഓഫീസുകൾ എന്നിവിടങ്ങളിൽ താല്ക്കാലിക ജീവനക്കാരെ എപ്രകാരം നിയമിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളിൽ ദിവസവേതന/കരാർ നിയമനങ്ങൾ നടത്തുന്നതുസംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ടി ജീവനക്കാർക്ക് അനുവദിക്കാവുന്ന വേതനം എന്നിവ സംബന്ധിച്ച് 26-2-2016 -ലെ സ.ഉ.(പി) നമ്പർ 28/2016/ധന., 28-4-2017-ലെ സ.ഉ.(പി) നമ്പർ 56/2017/ധന, 21-7-2018 തീയതിയിലെ സ.ഉ.(പി)നമ്പർ.112/2018/ധന., 9-7-2019-ലെ സ.ഉ.(പി)നമ്പർ81/2019/ധന. എന്നീ ഉത്തരവുകളും അംഗീകൃത തസ്തികകളിലെ താൽക്കാലിക നിയമനം സംബന്ധിച്ച 5-10-2019-ലെ 83/2019/ധന. എന്ന സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്ത സർക്കാർ ഓഫീസുകളിലും 100 ച.മീ.യിൽ താഴെയുള്ള ഓഫീസുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുന്നതിന് കാലതാസം വരുന്ന സാഹചര്യങ്ങളിലും സ്വീപ്പിംഗ് ജോലിക്കായി കാഷ്വൽ സ്വീപ്പർമാരെ ഏർപ്പെടുത്താൻ 25-11-2015 തീയതിയിലെ സ.ഉ.(പി) നമ്പർ 501/2005/ധന., 9-2-2010 തീയതിയിലെ സ.ഉ.(പി) നമ്പർ 61/2010/ധന. എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലെയും ശുചീകരണവുമായി ബന്ധപ്പെട്ട ജീവനക്കാരെ അതാത് വകുപ്പുകളുടെ മാനദണ്ഡങ്ങൾക്കനുസൃതമായി നിയമിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായും ഓഫീസും ചുറ്റുപാടുകളും വൃത്തിയായി സൂക്ഷിക്കുന്നതിനും സുരക്ഷ ഏർപ്പെടുത്തുന്നതിനുള്ള

ജീവനക്കാരെ നിയമിക്കുന്നതുസംബന്ധിച്ചുള്ള 5-10-2019-ലെ 84/2019/ധന സർക്കുലറിൽ എല്ലാ വകുപ്പുകളിലെയും ശുചീകരണ ജോലിക്കായും സെക്യൂരിറ്റി ജോലികൾക്കായും കുടുംബശ്രീ, കെക്സോൺ എന്നീ സ്ഥാപനങ്ങളുമായി വാർഷികാടിസ്ഥാനത്തിലുള്ള സേവന കരാറിൽ ഏർപ്പെടേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ദിവസ വേതന/കരാർ ജീവനക്കാരെ 26-2-2016-ലെ സ.ഉ.(പി) നമ്പർ 28/2016/ധന., 28-4-2017-ലെ സ.ഉ.(പി) നമ്പർ 56/2017/ധന., 21-7-2018-ലെ സ.ഉ.(പി) നമ്പർ 112/2018/ധന., 9-7-2019-ലെ സ.ഉ.(പി) നമ്പർ 81/2019/ധന. എന്നീ ഉത്തരവുകളിലെ നിബന്ധനകൾക്കനുസൃതമായി നിയമിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. അംഗീകൃത സ്ഥിരം തസ്തികകൾ ഇല്ലാതെയുള്ള താൽക്കാലിക നിയമനങ്ങൾ (വിവിധ കമ്മീഷനുകൾ, താൽക്കാലിക ഓഫീസുകൾ എന്നിവിടങ്ങളിലേയ്ക്ക്) വ്യക്തമായ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തി ലായിരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 5-10-2019-ൽ 83/2019/ധന നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

## സ്റ്റാറ്റ്യൂട്ടറി പെൻഷൻ

91 (T*502) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷനെ നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കമ്മീഷൻ എന്നാണ് നിലവിൽ വന്നതെന്നും എന്നാണ് കാലാവധി അവസാനിക്കുന്നതെന്നും ഇതുവരെ എത്ര സിറ്റിംഗുകൾ നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളുമായി 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. പ്രകാരം പങ്കാളിത്തപെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

---

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന പ്രകാരമാണ് ആറ് മാസ കാലാവധിയോടെ പങ്കാളിത്തപെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായത്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച സാമ്പത്തിക നിയമവശങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടത് ആവശ്യമായതിനാൽ സമിതിയുടെ പ്രവർത്തന കാലാവധി 6-5-2019-ലെ സ.ഉ.(പി) നമ്പർ 56/2019/ധന മുഖേന ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. നിരവധി അനൗദ്യോഗിക സിറ്റിംഗുകളും രണ്ട് ഔദ്യോഗിക സിറ്റിംഗുകളും നടത്തിയിട്ടുണ്ട്.

## ഡി. എ. കുടിശ്ശിക

92 (503) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കേന്ദ്ര സർക്കാർ ഏറ്റവും ഒടുവിൽ പ്രഖ്യാപിച്ച ഡി.എ. അടക്കം എത്ര ശതമാനം കുടിശ്ശിക നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ ഡി.എ. അനുവദിക്കുന്ന കാലഘട്ടത്തിൽ തന്നെ അതേ ഡി.എ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് സംബന്ധിച്ച് വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് സർവ്വീസ് / പെൻഷൻ സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കേന്ദ്ര സർക്കാർ 2019 ജനുവരിയിൽ പ്രഖ്യാപിച്ച 3 ശതമാനം ക്ഷാമബത്തയും 2019 ജൂലൈയിൽ പ്രഖ്യാപിച്ച 5 ശതമാനം ക്ഷാമബത്തയും ആനുപാതികമായ ക്ഷാമബത്ത നൽകാനുണ്ട്.

(ബി&സി) സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി, മാനേജ്മെന്റ് തുടങ്ങിയ നിരവധി കാര്യങ്ങൾ പരിശോധിച്ചാണ് കാലാകാലങ്ങളിൽ ജീവനക്കാരുടെ ഡി.എ. സംബന്ധിച്ച തീരുമാനം കൈക്കൊള്ളാറുള്ളത്. കുടിശ്ശികയായ ക്ഷാമബത്ത ജീവനക്കാരുടെ അവകാശമാണെന്ന നയമാണ് സർക്കാരിന്റേത്. മേൽപ്പറഞ്ഞ കാര്യങ്ങൾക്കൂടി പരിഗണിച്ച് ഡി.എ. നൽകുന്ന കാര്യം ആലോചിക്കുന്നതാണ്.

ഇതുസംബന്ധിച്ച് സർവ്വീസ്/പെൻഷൻ സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയ്ക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

## എൽ. ഡി. ടൈപ്പിസ്റ്റ് തസ്തിക

93 (504) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.ടൈപ്പിസ്റ്റ് തസ്തിക എൽ.ഡി കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കി മാറ്റണമെന്ന ശമ്പള കമ്മീഷന്റെ ശിപാർശയിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ കമ്മീഷൻ ശിപാർശയിൽ ഉടൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കമ്മീഷന്റെ ശിപാർശയിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും ശമ്പള പരിഷ്കരണ ഉത്തരവിൽ ഇത് ഉൾപ്പെടുത്തിയിരുന്നില്ല. ഇക്കാര്യം അടുത്ത ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് വിധേയമായി ശമ്പള പരിഷ്കരണ സമയത്ത് തീരുമാനിക്കുന്നതാണ്.

## ശമ്പളം ട്രഷറി വഴി വിതരണം ചെയ്യുന്ന പദ്ധതി

94 (505) ശ്രീ. കെ. രാജൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം ട്രഷറി വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഇ-ടി. എസ്. ബി. അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് നല്കുന്ന പലിശ നിരക്ക് ബാങ്കുകൾ നല്കുന്നതിനേക്കാൾ അധികമാണോ; വ്യക്തമാക്കുമോ;

(സി) ട്രഷറി അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന തുകയുടെ വിനിമയം സംബന്ധിച്ച് എന്ത് തീരുമാനമെടുക്കാനും ജീവനക്കാരന് അവകാശമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ ശമ്പളബാക്കി ട്രഷറിയിൽ സൂക്ഷിക്കുന്നത് സർക്കാരിന് എത്രമാത്രം ഗുണകരമാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇ.ടി.എസ്.ബി. അക്കൗണ്ട് വഴി ശമ്പളം വിതരണം ചെയ്യുന്നതിന് 13-6-2019-ലെ സ.ഉ.നമ്പർ 67/2019/ധന. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഘട്ടംഘട്ടമായി നടപ്പിലാക്കിയ ഈ പദ്ധതിയിൽ ആഗസ്റ്റ് മാസത്തോടുകൂടി കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാരെയും ഉൾപ്പെടുത്താൻ സാധിച്ചു. നിലവിൽ സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ സ്പാർക്കിലൂടെ ശമ്പള ബിൽ തയ്യാറാക്കുന്ന മുഴുവൻ ജീവനക്കാരും ഈ പദ്ധതിയിൻകീഴിയാണ്.

(ബി) 20-7-2019-ലെ ജി.ഒ.(പി)നമ്പർ 94/2019/Fin പ്രകാരം ഇ.ടി.എസ്.ബി. അക്കൗണ്ടിൽ ഓരോ മാസത്തെയും പതിനെട്ടാം തീയതി വരെ നിലനിൽക്കുന്ന ഏറ്റവും കുറഞ്ഞ ബാലൻസിന് ആറ് ശതമാനം പലിശയാണ് സർക്കാർ നൽകിവരുന്നത്. ഇത് ബാങ്കുകൾ നൽകുന്ന പലിശയേക്കാൾ ഉയർന്നതാണ്.

(സി) ഇ.ടി.എസ്.ബി അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക വ്യക്തികൾക്ക് അവരവരുടെ താൽപ്പര്യമനുസരിച്ച് ചെക്ക് മുഖേന പണമായി പിൻവലിക്കുകയോ മറ്റ് ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലേയ്ക്ക് മാറ്റുകയോ (NEFT) ചെയ്യാവുന്നതാണ്.

(ഡി) ഇ.ടി.എസ്.ബി. സംവിധാനം വരുന്നതിനുമുമ്പ് ഭൂരിഭാഗം ജീവനക്കാരുടെയും മുഴുവൻ ശമ്പളവും ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റപ്പെടുകയാണ് ചെയ്തുവന്നിരുന്നത്. ഇതിൽനിന്നും ആവശ്യത്തിനുള്ള തുക മാത്രം പിൻവലിക്കുകയും ബാക്കി തുക ബാങ്കിൽ നിലനിർത്തുകയും ചെയ്യുന്നു. എന്നാൽ നിലവിൽ ശമ്പളത്തിൽനിന്നും മിച്ചം വരുന്ന തുക ഇ.ടി.എസ്.ബി. അക്കൗണ്ടുകളിൽ സൂക്ഷിക്കപ്പെടുകയും ആവശ്യാനുസരണം മാത്രം പിൻവലിക്കപ്പെടുകയും ചെയ്തുവരുന്നു. ഇപ്രകാരം മാസത്തെ ആദ്യദിവസങ്ങളിലെ ഒറ്റയടിക്കുള്ള പിൻവലിക്കൽ ഒഴിവാക്കപ്പെടുന്നതുകൊണ്ട് ട്രഷറിയിലെ പണലഭ്യതയിൽ കാര്യമായ വർദ്ധനവുണ്ടാകുന്നതാണ്.

**മെഡിസെപ്**

95 (506) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ആവിഷ്കരിച്ച മെഡിസെപ് പദ്ധതി 2019 ഏപ്രിൽ മുതൽ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിസെപ്പിൽ ടെൻഡർ നേടിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെ കരാർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ചികിത്സാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് പുതിയ സമിതി രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ റിപ്പോർട്ട് എന്നത്തേയ്ക്ക് നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ആശുപത്രികൾക്ക് നൽകേണ്ട ചികിത്സാ നിരക്ക് വർദ്ധന മെഡിസെപ് പ്രീമിയം കൂട്ടുന്നതിന് ഇടയാക്കില്ലേ; ഈ വർദ്ധനവ് ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ടെൻഡർ നടപടികൾ അടിയന്തരമായി ആരംഭിച്ച് മെഡിസെപ് പദ്ധതി കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന. ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (Request For Proposal)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദുചെയ്തിട്ടുള്ളതാണ്.

(സി) കമ്മിറ്റി രൂപീകരണ നടപടികൾ പുരോഗമിക്കുന്നു.

(ഡി) ചികിത്സാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് രൂപീകരിക്കുന്ന കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്കേ പ്രീമിയം നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. മെഡിസെപ് പദ്ധതിയുടെ ടെണ്ടറിനുമുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

## മെഡിസെപ് പദ്ധതി

96 (507) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ആവിഷ്കരിച്ച മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും റിലയൻസിനെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ-സി) ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന. സർക്കാർ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (Request For Proposal)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദുചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

97 (508) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായവരിൽ കുറഞ്ഞ സർവ്വീസുള്ള ജീവനക്കാർക്ക് നാമമാത്രമായ പെൻഷൻ തുകയാണ് ലഭിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവർക്ക് കുടുംബ പെൻഷൻ, ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ, പെൻഷൻ റിവിഷൻ എന്നീ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോ;

(സി) സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കിയ ശേഷം അംഗങ്ങളായ എത്ര സർക്കാർ ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് ലഭിച്ച കൂടിയ പ്രതിമാസ പെൻഷനും കുറഞ്ഞ പെൻഷനും എത്രയായിരുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിപ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം+ക്ഷാമബത്ത) 10 ശതമാനവും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടയ്ക്കുകയും വിരമിക്കുന്ന

സമയത്ത് ആകെ സമാഹരിക്കപ്പെട്ടിരിക്കുന്ന തുകയുടെ 60 ശതമാനം വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും 40 ശതമാനം തുക അന്വിറ്റിക്കായി നിക്ഷേപിക്കേണ്ടതുമാണ്. ഇത്തരത്തിൽ നിക്ഷേപിച്ചിരിക്കുന്ന 40 ശതമാനം തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക.

(ബി) സംസ്ഥാനത്ത് പങ്കാളിത്തപെൻഷൻ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയില്ല.

(സി) 2019 സെപ്റ്റംബർ 30 തീയതി വരെയുള്ള കണക്കുപ്രകാരം, ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയശേഷം ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 58 സർക്കാർ ജീവനക്കാർ വിരമിക്കൽ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

(ഡി) ജീവനക്കാരൻ വിരമിക്കുന്ന സമയത്ത് അന്വിറ്റിക്കായി 40 ശതമാനം തുകയെങ്കിലും നിക്ഷേപിക്കേണ്ടതുണ്ട്. ഓരോ ജീവനക്കാരന്റെയും പെൻഷൻ അക്കൗണ്ടിൽ അന്വിറ്റിക്കായി നിലനിർത്തിയിരിക്കുന്നത് എത്ര തുകയാണോ അതിനനുസൃതമായ റിട്ടേണാണ് പ്രതിമാസം ലഭ്യമാകുക.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

98 (509) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് നിയോഗിച്ച സമിതിയുടെ പ്രവർത്തനം ഏതുവരെയായെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സമിതിയുടെ കാലാവധി എന്നുവരെയാണെന്നും പരിഗണനാ വിഷയങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട എത്ര ജീവനക്കാരാണുള്ളതെന്ന് വകുപ്പുതിരിച്ച് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എത്ര ജീവനക്കാർ നാളിതുവരെ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും അവരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. പ്രകാരം പങ്കാളിത്തപെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പങ്കാളിത്തപെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച സാമ്പത്തിക-നിയമ വശങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടതാവശ്യമായതിനാൽ സമിതിയുടെ പ്രവർത്തന കാലാവധി ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുനൽകിക്കൊണ്ട് സർക്കാർ 6-5-2019-ലെ സ.ഉ.(പി) നമ്പർ 56/2019/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. പുനഃപരിശോധനാ സമിതിയുടെ പരിഗണനാ വിഷയങ്ങൾ സമഗ്രമായി പ്രതിപാദിച്ചുകൊണ്ടാണ് സർക്കാർ 7-11-2018-ലെ സ.ഉ.(പി)നമ്പർ .172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. സമിതിയുടെ പ്രവർത്തനം പുരോഗമിച്ചുവരികയാണ്.

(സി) 20-10-2019 തീയതി വരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. (സ്പാർക്ക് ലഭ്യമാക്കിയത്.)

(ഡി) 2019 സെപ്റ്റംബർ 30-ാം തീയതി വരെയുള്ള കണക്കുപ്രകാരം, ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയശേഷം ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 58 സർക്കാർ ജീവനക്കാർ വിരമിക്കൽ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിൽ നിന്നും ജീവനക്കാരൻ വിരമിക്കുന്ന സമയത്ത് NSDL-ന്റെ ഔദ്യോഗിക വെബ് പേജായ npscr.nsdl.co.in-ൽ ലഭ്യമായിട്ടുള്ള Exit from National Pension System Due to Superannuation & Incapacitation form പൂരിപ്പിച്ച് അനുബന്ധരേഖകൾ സഹിതം ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കുന്നപക്ഷം ജീവനക്കാർക്ക് പദ്ധതിപ്രകാരമുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനന്തരനടപടികൾ ട്രഷറി സ്വീകരിക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി**

99 (510) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ ഓഫീസ് മേൽവിലാസം പിൻകോഡും ഫോൺ നമ്പറും ഉൾപ്പെടെ നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുനഃപരിശോധനാ സമിതി 2019 ഒക്ടോബർ 20 വരെ എത്ര സിറ്റിംഗുകൾ നടത്തി ; ഏതൊക്കെ രേഖകൾ പരിശോധിച്ചു ; വിശദാംശം നൽകുമോ ;

(സി) ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ ; എങ്കിൽ ഏതെല്ലാം സംഘടനകളുമായിട്ടാണ് ചർച്ച നടത്തിയത് ; വിശദാംശം നൽകുമോ ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) എൻ.പി.എസ്. റിവ്യൂ കമ്മിറ്റി, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ, അഞ്ചാം നില, ശ്രീകാര്യം - 695017

(ബി) 7-11-2018 -ലെ സ.ഉ.(പി)നമ്പർ 172/2018/ധന. പ്രകാരമാണ് ആറ് മാസ കാലാവധിയോടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതി രൂപീകരിച്ചിട്ടുള്ളത്. സമിതിയുടെ കാലാവധി 6-5-2019-ലെ സ.ഉ.(പി)നമ്പർ 56/2019/ധന. മുഖേന ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. സമിതി നിരവധി തവണ അനൗദ്യോഗിക സിറ്റിംഗുകളും രണ്ട് ഔദ്യോഗിക സിറ്റിംഗും നടത്തിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കാർ ഉത്തരവുകൾക്ക് അടിസ്ഥാനമായ എല്ലാ ഫയലുകളും കമ്മീഷൻ പരിശോധിച്ചു.

(സി) സർക്കാർ അംഗീകരിച്ചിട്ടുള്ള ജീവനക്കാരുടെ എല്ലാ സംഘടനകളുമായും ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക

100 (511) <u>ശ്രീ. അൻവർ സാദത്ത് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിലവിൽ എത്ര ശതമാനം ഡി.എ. കുടിശ്ശികയുണ്ട്; എന്നുമുതലുള്ള കുടിശ്ശികയാണ് നിലവിലുള്ളത്;

(ബി) ഡി.എ. കുടിശ്ശിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കേന്ദ്ര സർക്കാർ 2019 ജനവരിയിൽ പ്രഖ്യാപിച്ച മൂന്ന് ശതമാനം ക്ഷാമബത്തയ്ക്കും 2019 ജൂലൈയിൽ പ്രഖ്യാപിച്ച അഞ്ച് ശതമാനം ക്ഷമബത്തയ്ക്കും ആനുപാതികമായ ക്ഷാമബത്ത നൽകാനുണ്ട്.

(ബി) സർക്കാർ പരിശോധിച്ചുവരുന്നു.

**സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

101 (512) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിനായി കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി**

102 (513) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ഏത് തീയതി വരെ അപേക്ഷിച്ചവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകർക്ക് ആനുകൂല്യം ലഭ്യമാക്കി എന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിനായി എത്ര കോടി രൂപ മാറ്റിവച്ചു; ഇതിൽ എത്ര കോടി രൂപ ഇതിനകം ആനുകൂല്യ വിതരണത്തിനായി ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിലായ താഴ്ന്നതും മദ്ധ്യശ്രേണിയിലുമുള്ള വിഭാഗക്കാരെ സഹായിക്കുന്നതിനായി 16-5-2017-ലെ സ.ഉ.(പി) നമ്പർ 65/2017/ധന. ഉത്തരവുപ്രകാരം സർക്കാർ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1-4-2012 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് തുടങ്ങിയതും നിഷ്ക്രിയ ആസ്തി ആകാത്തതുമായ വായ്പയെടുത്ത അപേക്ഷകർക്ക് 2016-17 മുതൽ 2019-20 വരെയുള്ള 4 വർഷക്കാലയളവിലേയ്ക്ക് വാർഷിക തിരിച്ചടവ് തുകയുടെ ഒരു നിശ്ചിത ശതമാനം തുക സർക്കാർ തിരിച്ചടവ് സഹായമായി നൽകിവരുന്നു. കൂടാതെ, നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ളതും 31-3-2016-ൽ നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്യു വിദ്യാഭ്യാസ വായ്പകൾ തീർപ്പാക്കുന്നതിനും സർക്കാർ സഹായം നൽകിവരുന്നു. പദ്ധതിയിലേയ്ക്കുള്ള അപേക്ഷ സ്വീകരിക്കുന്നതിനായി elrs.kerala.gov.in എന്ന പോർട്ടൽ സജ്ജമാക്കിയിരുന്നു. പ്രസ്തുത പോർട്ടലിൽ 31-1-2018 വരെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചിരുന്നു. 78062 അപേക്ഷകളാണ് പദ്ധതിയിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ 5512 അപേക്ഷകൾ യോഗ്യമല്ലാത്തതിനാൽ നിരസിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ, 30041 അപേക്ഷകൾ വിവിധ അപാകതകളാൽ താൽക്കാലികമായി നിരസിക്കപ്പെട്ടിട്ടുണ്ട്. (ആകെ 35553 അപേക്ഷകൾ ഇങ്ങനെ നിരസിക്കപ്പെട്ടിട്ടുണ്ട്) ബാക്കിയുള്ള 42509 അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി.യുടെ ശിപാർശയോടെ സർക്കാരിന് സമർപ്പിച്ച 19901 അപേക്ഷകളിൽ ഇതുവരെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയിൽ സമർപ്പിച്ചിട്ടുള്ള ബാക്കിയുള്ള അപേക്ഷകൾ വിവിധ തലങ്ങളിൽ പരിശോധനയിലാണ്. പ്രസ്തുത പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(ഡി) 2016-17, 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച-തനുസരിച്ചാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പാക്കി വരുന്നത്. ബാങ്കുകൾ എസ്.എൽ.ബി.സി. വഴി സർക്കാരിൽ സമർപ്പിക്കുന്ന ക്ലെയിം തുകയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ അധിക ധനാനുമതിയിലൂടെ (Additional Authorisation) ആവശ്യമായ തുക വകയിരുത്തിയാണ് പദ്ധതിയിലെ അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുന്നത്. ആകെ 195.57 കോടി രൂപ ധനസഹായമായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി**

103 (514) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവായ്പ തിരിച്ചടവ് പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ നിന്നും എത്ര ഹർജികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹർജികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നുള്ള വിശദ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ജില്ല/മണ്ഡലം/പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ 31-1-2018 വരെ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങൾപ്രകാരം യോഗ്യമാണെന്ന് എസ്.എൽ.ബി.സി. ശിപാർശ ചെയ്ത് ലഭ്യമാക്കിയ 19,901 അപേക്ഷകർക്ക് സർക്കാർ വിഹിതമായി ആകെ 195.57 കോടി രൂപ അനുവദിച്ച് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്.

**പ്രളയ സഹായം**

104 (516) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബജറ്റിൽ പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് 250 കോടി രൂപയുടെ സഹായം ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതര പഞ്ചായത്തുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) പ്രളയബാധിത പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക സഹായമായി മാറ്റിവച്ചിരിക്കുന്ന ധനസഹായം വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് 30-5-2019 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 1105/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം നിയോഗിക്കപ്പെട്ട സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## പാറപ്പുറം വല്ലംകടവ് പാലം

105 (517) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിൽ പാറപ്പുറം വല്ലംകടവ് പാലത്തിന്റെ നിർമ്മാണത്തിനും അപ്രോച്ച് റോഡിനുമായി സ്ഥലം ഏറ്റെടുക്കലിന് 2114099 രൂപ 5054-04-101-94-PV എന്ന ശീർഷകത്തിൽ അധിക ധനാനുമതി നൽകി എൽ. ഒ. സി. പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിലെ ബഡ്ജറ്റ് വിംഗ് E4/602/18 നമ്പർ ആയിട്ടുള്ള ഫയലിൽ തുക അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സ്ഥലമുടമകൾക്ക് നഷ്ടപരിഹാര തുക എന്ന് നൽകുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പാറപ്പുറം-വല്ലംകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കലിനുള്ള നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി 23-9-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 7449/2019/ധന. പ്രകാരം 21,14,099 രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. സ്ഥലമുടമകൾക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിന് പ്രസ്തുത തുക തഹസിൽദാർക്ക് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തിയായതായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രധാന പദ്ധതികൾ

106 (518) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രധാന പദ്ധതികൾ വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഹെറിറ്റേജ് സ്കൂളുകളുടെ നവീകരണത്തിന് ബഡ്ജറ്റിൽ തുക**

107 (519) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരുനൂറ് വർഷത്തിൽ അധികം പഴക്കമുള്ള ഹെറിറ്റേജ് സ്കൂളുകളുടെ നവീകരണത്തിനും സംരക്ഷണത്തിനും ആയതിനെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ബജറ്റിൽ തുക അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളുകൾക്ക് തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

150 വർഷത്തിൽ അധിക പഴക്കമുള്ള ഹെറിറ്റേജ് സ്കൂളുകളുടെ പട്ടിക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**കാസർഗോഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡെർമറ്റോളജി**

108 (520) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡെർമ്മറ്റോളജിക്ക് 2014-15 ബഡ്ജറ്റിൽ എത്ര തുകയാണ് സഹായമായി അനുവദിച്ചത്;

(ബി) ഇതിൽ എത്ര തുക ഇതിനകം സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്നും ബാക്കി തുക എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ;

(സി) ഏത് ആവശ്യത്തിനാണ് തുക അനുവദിച്ചതെന്ന് അറിയിക്കുമോ;

(ഡി) ബഡ്ജറ്റിൽ പറഞ്ഞ മുഴുവൻ തുകയും നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും ബാക്കി തുക എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തെ മൂന്നാം ഉപധനാഭ്യർത്ഥനയിൽ 'ന്യൂ സർവ്വീസ്' പാലിച്ചുകൊണ്ട് "2210-06-200-99 (NV)-Centre for Integrated Medicine and Public Health in the Institute of Applied Dermatology, Kasargode" - ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(ബി) 2014-15 സാമ്പത്തിക വർഷം അനുവദിച്ച 50 ലക്ഷം രൂപ ചെലവാക്കിയിരുന്നില്ല. 2015-16 സാമ്പത്തിക വർഷം 2210-06-200-99 (NV) ശീർഷകത്തിൽ 50 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ച് റിലീസ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗത്തിന്റെ വിശദാംശങ്ങൾ ലഭയമാകുന്നമുറയ്ക്ക് ബാക്കി തുക നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) കാസർഗോഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡെർമ്മറ്റോളജിയുടെ കീഴിൽ ഒരു സെന്റർ ഫോർ ഇന്റഗ്രേറ്റഡ് മെഡിസിൻ & പബ്ലിക് ഹെൽത്ത് ആരംഭിക്കുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്.

(സി) നടപ്പ് സാമ്പത്തിക വർഷം 2210-06-200-99 (NV) ശീർഷകത്തിൽ ഒരു ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നമുറയ്ക്ക് പ്രസ്തുത സ്ഥാപനത്തിന്റെ തുടർപ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## 2019-20 വർഷത്തെ ബഡ്ജറ്റിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിനായി അനുവദിച്ച തുക

109 (521) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിനായി എത്ര തുക അനുവദിച്ചു; വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(സി) 2019-20 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഏതെല്ലാം പദ്ധതികൾക്ക് ഇരുപത് ശതമാനമോ അതിലധിമോ തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കിഴിൽ ഒരു കോടി രൂപയും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ 240.017 ലക്ഷം രൂപ വിവിധ പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുണ്ട്. " സാംസ്കാരിക നിലയം, പൂക്കോട്ട്കാവിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ്, ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ

പുതിയ കെട്ടിടം നിർമ്മിക്കൽ" എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനമായ 240 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ Work Appendix-II Vol II-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ക്ഷേമ പെൻഷൻ**

110 (522) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഓണക്കാലത്ത് വിവിധ ക്ഷേമ പെൻഷൻ പ്രകാരം എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ക്ഷേമ പെൻഷൻ കുടിശ്ശിക നിലവിലുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ വർഷത്തെ (2019) ഓണക്കാലത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 1579.04 കോടി രൂപയും സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്ന വിവിധ ക്ഷേമനിധി ബോർഡിലെ പെൻഷൻ നൽകിയ ഇനത്തിൽ 224.9 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) നിലവിൽ വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവ അവസരങ്ങളിലാണ് സാമൂഹ്യ സുരക്ഷാപെൻഷനും ക്ഷേമനിധി പെൻഷനും വിതരണം ചെയ്തുവരുന്നത്. ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് 2019 ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ഇതുപ്രകാരം സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി പെൻഷൻ കുടിശ്ശികയില്ല.

**കയർ/കശുവണ്ടി തൊഴിലാളികൾക്ക് ക്ഷേമ പെൻഷൻ**

111 (523) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വിഭാഗത്തിൽ ഉൾപ്പെടുന്ന പെൻഷനുകൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) കയർ/കശുവണ്ടി തൊഴിലാളികൾക്ക് പ്രസ്തുത തൊഴിൽ ചെയ്തതിന്റെ ഭാഗമായി ലഭിക്കുന്ന പെൻഷൻ കൈപ്പറ്റുന്നതിനാൽ അർഹമായ സാമൂഹ്യ പെൻഷനുകൾ നിരാകരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്നവർക്ക് തൊഴിൽപരമായി ലഭിക്കുന്ന പെൻഷന് പുറമേ അർഹമായ സാമൂഹ്യക്ഷേമ പെൻഷൻ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വിഭാഗത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഉൾപ്പെടുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ വിഭാഗത്തിൽ താഴെപ്പറയുന്ന അഞ്ച് പെൻഷനുകൾ ഉൾപ്പെടുന്നു.

1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ
3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ
4. കർഷക തൊഴിലാളി പെൻഷൻ
5. 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം പ്രതിമാസം 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ആദ്യം 1000 രൂപയായും തുടർന്ന് അത് 1100 രൂപയും തുടർന്ന് 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധി പെൻഷൻ 1200 രൂപയായി ഉയർത്തിയിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, എന്നിവയുൾപ്പെടെ തനത് ഫണ്ടിൽനിന്നും പെൻഷൻ നൽകാൻ കഴിയാത്ത ബോർഡുകളുടെയും പെൻഷൻ സാമൂഹ്യ സുരക്ഷാ പെൻഷൻ നിരക്കിൽ സർക്കാരാണ് നൽകുന്നത്. ഈ സാഹചര്യത്തിൽ ഒരാൾക്ക് ഒരു പെൻഷന് മാത്രമേ അർഹതയുള്ളൂവെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ച തീയതിയായ 6-2-2017-ന് മുമ്പ് രണ്ടോ അതിലധികമോ പെൻഷൻ ലഭിച്ചുവന്നിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്.

(സി) ക്ഷേമനിധി ബോർഡ് പെൻഷനും നിലവിൽ സർക്കാരാണ് വഹിക്കുന്നത്. ബോർഡുകൾ തനത് ഫണ്ടിൽ നിന്നും പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ സർക്കാർ നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ കൂടി ലഭിക്കാൻ അർഹതയുണ്ടാകുന്നതാണ്.

## സാമൂഹ്യക്ഷേമ പെൻഷൻ

112 (524) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞ ഓണത്തിന് സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ സാമൂഹ്യക്ഷേമ പെൻഷൻ കൈപ്പറ്റുന്നവർ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വർഷത്തെ (2019) ഓണക്കാലത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 1579.04 കോടി രൂപയും സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്ന വിവിധ ക്ഷേമനിധി ബോർഡിലെ പെൻഷൻ നൽകിയ ഇനത്തിൽ 224.9 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന 4671816 പേരും സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്ന വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന 656609 പേരുമുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

113 (525) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ നിന്നും അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ;

(ബി) എത്ര അനർഹരാണ് പ്രസ്തുത പെൻഷൻ വാങ്ങുന്നതായി കണ്ടെത്തിയിട്ടുള്ളത്;

(സി) ഏഴ് വർഷത്തിലധികമായി ഭർത്താവ് കാണ്മാനില്ലാത്തവർക്ക് വിധവാ പെൻഷൻ ലഭിക്കുന്നതിന് റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ കണ്ടെത്തുന്നതിലേയ്ക്ക് ഗിഫ്റ്റ് മുഖാന്തരം ഒരു സാമ്പിൾ സർവ്വേ നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ഒരു സമഗ്ര സർവ്വേ ദേശീയ സമ്പാദ്യ പദ്ധതിക്ക് കീഴിലെ മഹിളാ പ്രധാൻ ഏജന്റുമാർ മുഖാന്തരം നടത്താൻ ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിൽ പൈലറ്റ് സർവ്വേ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പൈലറ്റ് സർവ്വേയിൽ അനർഹരാണെന്ന് കണ്ടെത്തിയവരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനമൊട്ടാകെ സർവ്വേ നടത്തുന്നതിലേയ്ക്കുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1. 1000 സിസിയിൽ കൂടുതൽ എൻജിൻശേഷിയുള്ള ടാക്സിയല്ലാത്ത നാലും അതിൽ കൂടുതലും ചക്രങ്ങളുള്ള (അംബാസിഡർ കാർ ഒഴികെ) വാഹനം സ്വന്തം പേരിലുള്ള ഗുണഭോക്താക്കളെ അനർഹരെന്ന് കണ്ടെത്തി ഒഴിവാക്കി.
2. ഗുണഭോക്താക്കളിൽ നിന്നും സത്യപ്രസ്താവന വാങ്ങിയിട്ടുള്ളതും രണ്ട് ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരും ആദായനികുതി വാങ്ങുന്നവരുമായ വ്യക്തികളെ ഒഴിവാക്കിയിട്ടുണ്ട്.
3. അനർഹമായി രണ്ട് പെൻഷൻ കൈപ്പറ്റിയിരുന്നവരെ ഒഴിവാക്കിയിട്ടുണ്ട്.
4. വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്നവരും സർവ്വീസ് പെൻഷൻ വാങ്ങുന്നവരുമായി കണ്ടെത്തിയിട്ടുള്ള വ്യക്തികളെ ഒഴിവാക്കിയിട്ടുണ്ട്.
5. സിവിൽ രജിസ്ട്രേഷൻ വെബ്സൈറ്റും സേവന വെബ്സൈറ്റും പരസ്പരം ബന്ധിപ്പിച്ച് മരണപ്പെട്ടുവെന്ന് കണ്ടെത്തിയ വ്യക്തികളെ ഒഴിവാക്കിയിട്ടുണ്ട്.
6. മൂന്ന് തവണയിൽ കൂടുതൽ തുടർച്ചയായി പെൻഷൻ കൈപ്പറ്റാത്തവരുടെ വിവരങ്ങൾ പ്രാദേശിക സർക്കാരുകൾക്ക് നൽകിയിട്ടുള്ളതും പ്രാദേശിക സർക്കാരുകൾ അന്വേഷണം നടത്തി ഒഴിവാക്കിയിട്ടുള്ളതുമാണ്.

(ബി) ആകെ 59594 പേർ അനർഹമായി പെൻഷൻ കൈപ്പറ്റുന്നതായി ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. അതേസമയം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം ഈ സർക്കാരിന്റെ കാലത്ത് 3443414-ൽ നിന്നും 4675223 ആയി വർദ്ധിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 25-4-2019-ലെ 35/2019/ധന. നമ്പർ പരിപത്രപ്രകാരം ഏഴ് വർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂവെന്ന് വ്യക്തത വരുത്തിയിട്ടുണ്ട്.

## എൻ.പി.എസ്.-ൽ ഉൾപ്പെടുന്ന സംസ്ഥാന സർക്കാർ ജീവനക്കാർ

114 (526) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരിൽ എത്ര പേരാണ് എൻ. പി. എസ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; 2019 സെപ്റ്റംബർ 30 വരെയുള്ള കണക്ക് നൽകാമോ ;

(ബി) എൻ. പി. എസ്-ൽ ഉൾപ്പെടുന്ന ഗസറ്റഡ്, നോൺ ഗസറ്റഡ് വിഭാഗക്കാരുടെ വിവരങ്ങൾ നൽകാമോ;

(സി) എൻ. പി. എസ്. ഇനത്തിൽ ജീവനക്കാരിൽനിന്നും നാളിതുവരെ ശേഖരിച്ചിട്ടുള്ള തുകയുടേയും, സർക്കാർ ഒടുക്കിയിട്ടുള്ള മാച്ചിങ് ഗ്രാന്റിന്റേയും വിശദവിവരം നൽകാമോ ;

(ഡി) ഇപ്രകാരം ശേഖരിച്ചിട്ടുള്ള തുക ഏതെല്ലാം ബാങ്കുളിലും ഏജൻസികളിലുമായിട്ടാണ് പി. എഫ്. ആർ. ഡി. എ. നിർദ്ദേശപ്രകാരം സർക്കാർ നിക്ഷേപിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റെക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2019 സെപ്റ്റംബർ 30 വരെ 101192 സർക്കാർ ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്പാർക്ക് ഡാറ്റ ബേസിലെ വിവരമനുസരിച്ച് 2019 സെപ്റ്റംബറിലെ ശമ്പളം എൻകാഷ് ചെയ്ത മൊത്തം ജീവനക്കാരിൽ 6010 ഗസറ്റഡ് ജീവനക്കാരും 87050 നോൺ ഗസറ്റഡ് ജീവനക്കാരുമാണ് എൻ.പി.എസ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(സി) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റെക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ടപ്രകാരം 2019 സെപ്റ്റംബർ വരെ പ്രസ്തുത പദ്ധതിയിൽ ജീവനക്കാരുടെ വിഹിതമായി 923.235 കോടി രൂപയും സർക്കാർ വിഹിതമായി 923.235 കോടി രൂപയും നിക്ഷേപിച്ചിട്ടുണ്ട്.

(സി) 6-2-2014-ലെ സർക്കുലർ നമ്പർ 07/14/ധന. ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന എസ്.ബി.ഐ., പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ., റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നിവയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവുംകൂടി ചേർത്താണ് ഈ തുക നിക്ഷേപിച്ചുവരുന്നത്.

**ക്ഷേമ പെൻഷനുകൾ**

115 (527) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ എത്ര രൂപയാണ് ക്ഷേമപെൻഷനായി ഓരോ ഗുണഭോക്താവിനും ലഭിച്ചിരുന്നതെന്നും പെൻഷനുകൾ എന്തെല്ലാമെന്നും നൽകിയിരുന്ന തുക എത്ര വീതമെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ എത്ര തവണ തുക വർദ്ധിപ്പിച്ച് നൽകിയെന്നും ഓരോ പെൻഷനും എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചതെന്നും വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര മാസത്തെ പെൻഷൻ തുകയാണ് വിതരണം ചെയ്യാതെ കുടിശ്ശികയുണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ഏതു മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്നും കുടിശ്ശികയുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷനായി നൽകിയിരുന്ന തുകയുടെ വിശദാംശങ്ങൾ പെൻഷൻ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | പെൻഷൻ ഉപവിഭാഗം | തുക (രൂപ) |
|---|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 75 വയസ്സിന് മുകളിൽ | 1500 |
| | | പ്രായം 75 വയസ്സു വരെ | 600 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80%-ഉം അതിനുമുകളിലും വൈകല്യമുള്ളവർ | 1100 |
| | | 80%ത്തിന് താഴെ വൈകല്യമുള്ളവർ | 800 |
| 3 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 800 |
| 4 | കാർഷിക തൊഴിലാളി പെൻഷൻ | | 600 |
| 5 | 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 800 |

ക്ഷേമനിധി ബോർഡ് പെൻഷനുകൾ വ്യത്യസ്ത നിരക്കായിരുന്നു.

(ബി) ഈ സർക്കാർ ഓരോ തവണയും വർദ്ധിപ്പിച്ച നൽകിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഓരോന്നും ഈ സർക്കാർ 1-6-2016-ൽ 1000 രൂപയായും 1-4-2017-ൽ 1100 രൂപയായും 1-4-2019-ൽ 1200 രൂപയായും ഉയർത്തിയിട്ടുണ്ട്. കൂടാതെ അതിനേക്കാൾ ഉയർന്ന നിരക്കിൽ പെൻഷൻ അനുവദിക്കപ്പെട്ടിരുന്നവർക്ക് അത് തുടർന്നും വാങ്ങാൻ അനുവദിച്ചിരുന്നു. കൂടാതെ 80 ശതമാനവും അതിൽ കൂടുതലും വൈകല്യമുള്ളവർക്ക് 21-2-2018 മുതൽ പെൻഷൻ തുക 1100 രൂപയിൽനിന്നും 1300 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് വ്യത്യസ്ത കാലയളവുകളിലായി 1473.67 കോടി രൂപ കുടിശ്ശിക നൽകാനുണ്ടായിരുന്നു. ഗുണഭോക്താക്കൾക്കുണ്ടായ കുടിശ്ശികയ്ക്ക്

ഏകീകൃത കാലയളവുണ്ടായിരുന്നില്ല. അതുപോലെ ക്ഷേമനിധി പെൻഷൻ കുടിശ്ശികയ്ക്കും ഏകീകൃത കാലയളവുണ്ടായിരുന്നില്ല.

(ഡി) നിലവിൽ വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവ അവസരങ്ങളിലാണ് സാമൂഹ്യസുരക്ഷാ പെൻഷനും ക്ഷേനിധി പെൻഷനും വിതരണം ചെയ്തുവരുന്നത്. ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് 2019 ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ഇതുപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി പെൻഷനും കുടിശ്ശികയില്ല.

## നികുതി കുടിശ്ശിക നിവാരണ പദ്ധതികൾ

116 (528) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് നികുതി വകുപ്പിന്റെ നടപടിക്രമങ്ങൾ എന്തൊക്കയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നികുതിയിനത്തിൽ കുടിശ്ശിക വരുത്തുന്ന ചെറുകിട കച്ചവടക്കാർക്കും വ്യവസായികൾക്കും വേണ്ടി നികുതി വകുപ്പ് നടത്തിവരുന്ന കുടിശ്ശിക നിവാരണ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ചരക്കുസേവന നികുതി നിയമം നടപ്പിലായപ്പോൾ നിലവിലുള്ള നികുതിദായകരിൽ ഒന്നരക്കോടിക്ക് മുകളിൽ വിറ്റുവരവുള്ള വ്യാപാരികളുടെ 50 ശതമാനം ഫയലുകളും അതിനുതാഴെ വിറ്റുവരവുള്ള വ്യാപാരികളുടെ ഫയലുകൾ 1:9 എന്ന അനുപാതത്തിൽ വിഭജിച്ച് കേന്ദ്ര-സംസ്ഥാന ജി.എസ്.ടി. വകുപ്പുകൾ കൈമാറ്റം ചെയ്യുകയുണ്ടായി. ഇതിൽ സംസ്ഥാനത്തിന്റെ അധികാര പരിധിയിൽവരുന്ന നികുതിദായകരുടെ റിട്ടേണുകൾ സമയബന്ധിതമായി സൂക്ഷ്മപരിശോധന നടത്തി നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിലേയ്ക്ക് നികുതി കൊടുക്കേണ്ടതായ GSTR-3 ബി റിട്ടേൺ ഫയൽ ചെയ്യാതെ GSTR-1 മാത്രം ഫയൽ ചെയ്യുന്ന വ്യാപാരികൾക്കെതിരെ നികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചുവരുന്നു. GSTR-2A റിട്ടേണിൽ പ്രതിഫലിച്ചിട്ടുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് GSTR-3 ബി യുമായി താരതമ്യം ചെയ്ത് നികുതി ചോർച്ച തടയുന്നു. റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്ക് ASMT-13 order നൽകി നികുതി നിർണ്ണയം നടത്തിവരുന്നു. യഥാസമയം നികുതി ഒടുക്കാത്ത വ്യാപാരികളിൽനിന്ന് പലിശ ഈടാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. വ്യാപാരികളുടെ നികുതിയുടെ മാനദണ്ഡം

അടിസ്ഥാനമാക്കി അഞ്ച് വിഭാഗങ്ങളായി തരംതിരിച്ച് റിട്ടേണുകൾ പരിശോധനാ വിധേയമാക്കുന്നതിനും നികുതി നിർണ്ണയം നടത്തുന്നതിനും മുൻഗണന നൽകിവരുന്നു. പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം, എന്നിവ KGST നിയമത്തിൻകീഴിൽ വരുന്ന ചരക്കുകളാകയാൽ അവയിന്മേലുള്ള നികുതി പൂർണ്ണമായും സംസ്ഥാനത്തിന് അവകാശപ്പെട്ടതാണ്.

നികുതി വെട്ടിപ്പ് തടയുന്നതിലുള്ള ശ്രമങ്ങളുടെ ഭാഗമായി കട പരിശോധന, വാഹന പരിശോധന എന്നിവ നടത്താറുണ്ട്. ക്രമക്കേടുകൾ കണ്ടെത്തുന്ന കേസുകളിൽ നികുതി, പിഴ എന്നിവ ഈടാക്കാറുണ്ട്. നികുതി കുടിശ്ശിക വരുത്തുന്ന കേസുകളിൽ റിക്കവറി നടപടികളിലൂടെ അത്തരം കുടിശ്ശികകൾ പിരിച്ചെടുക്കാറുണ്ട്. എക്സൈസ് വകുപ്പുവഴി നൽകുന്ന എല്ലാ ലൈസൻസുകൾക്കും പെർമിറ്റുകൾക്കും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയശേഷമാണ് അനുമതി നൽകിവരുന്നത്. ഭൂമികൈമാറ്റം സംബന്ധിച്ച രജിസ്ട്രേഷൻ നടത്തുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലും രജിസ്ട്രേഷൻ ഫീസ് ഇനത്തിലും ലഭിക്കുന്ന നികുതിയും ഫീസുമാണ് രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം. ഭൂമിയിൽ വിലകുറച്ചുവച്ചിട്ടുള്ള 1-1-1986 മുതൽ കെട്ടിക്കിടക്കുന്ന അണ്ടർ വാല്യൂവേഷൻ കേസുകൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക കർമ്മ പദ്ധതികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) നികുതി കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് ആകർഷകമായ കുടിശ്ശിക നിവാരണ പദ്ധതികൾ കാലാകാലങ്ങളിൽ പ്രഖ്യാപിക്കാറുണ്ട്. ജി.എസ്.ടി. നിലവിൽവന്ന സാഹചര്യത്തിൽ KGST, CST, VAT, AIT, LT തുടങ്ങിയ നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകൾ എത്രയുംവേഗം പിരിച്ചെടുക്കണമെന്ന ലക്ഷ്യത്തോടുകൂടി 2019 ഫിനാൻസ് ആക്ടുപ്രകാരം ഒരു സമഗ്രമായ ആംനസ്റ്റി സ്കീം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പിഴപ്പലിശ, പലിശ, പിഴ എന്നിവ പൂർണ്ണമായും ഒഴിവാക്കി, നികുതി തുക മാത്രം ഒടുക്കി വ്യാപാരികൾക്കും തങ്ങളുടെ നികുതി ബാദ്ധ്യതകൾ തീർപ്പാക്കാവുന്നതാണ്. GST നടപ്പിലാക്കുന്നതിന് മുമ്പുണ്ടായിരുന്ന നികുതി നിയമങ്ങളിന്മേലുള്ള നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അടയ്ക്ക വ്യാപാരികൾക്ക് പ്രത്യേകമായി ഒരു ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ച് പലിശ, പിഴ ഒഴിവാക്കി നികുതി തുക മാത്രം സ്വീകരിച്ചുവരുന്നു.

## ട്രഷറിയിലെ ഹ്രസ്വകാല നിക്ഷേപം

117 (529) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറിയിൽ ഉയർന്ന പലിശ നിരക്കിൽ ഹ്രസ്വകാല നിക്ഷേപം സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിക്ഷേപ പദ്ധതികൾ ആകർഷകമാക്കി കൂടുതൽ പണം ട്രഷറിയിൽ എത്തുന്നതിലൂടെ സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കുവാനാകുമെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) ജീവനക്കാരുടെ ശമ്പള തുക ട്രഷറിയിൽ ഇ.റ്റി.എസ്.ബി. അക്കൗണ്ടിൽ ആദ്യ പതിനെട്ട് ദിവസം നിലനിർത്തിയാൽ കൂടിയ പലിശ നൽകുമോ; എത്ര ശതമാനം പലിശയാണ് ഇതിന് നൽകുന്നത്; വ്യക്തമാക്കാമോ;

(ഡി) 2019 സെപ്റ്റംബറിൽ ഇപ്രകാരം ഇ.റ്റി.എസ്.ബി. അക്കൗണ്ടിൽ എന്ത് തുക പതിനെട്ട് ദിവസത്തിൽ ജീവനക്കാർ നിലനിർത്തിയെന്നും അതിന് പലിശയിനത്തിൽ എന്ത് തുക നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 4-10-2019-ലെ 136/2019/ധന. നമ്പർ ഉത്തരവുപ്രകാരം ട്രഷറികളിൽ 1-11-2019 മുതൽ ഉയർന്ന പലിശ നിരക്കിൽ ഹ്രസ്വകാല സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കാൻ ഉത്തരവായിട്ടുണ്ട്. 46 ദിവസം മുതൽ 90 ദിവസംവരെ 6.50 ശതമാനം, 91 ദിവസം മുതൽ 180 ദിവസംവരെ 7.25 ശതമാനം, 181 ദിവസം മുതൽ 365 ദിവസം വരെ 8.00 ശതമാനം എന്നിങ്ങനെയാണ് പലിശ അനുവദിച്ചിട്ടുള്ളത്.

(ബി) നിക്ഷേപ പദ്ധതികൾ ആകർഷകമാക്കുക വഴി ട്രഷറിയിലെ പണ ലഭ്യതയിൽ വർദ്ധനവുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 20-7-2019-ലെ ജി.ഒ.(പി)94/2019/ധന. പ്രകാരം ഇ.ടി.എസ്.ബി അക്കൗണ്ടിൽ ഓരോ മാസത്തെയും പതിനെട്ടാം തീയതി വരെ നിലനിൽക്കുന്ന ഏറ്റവും കുറഞ്ഞ ബാലൻസിന് ആറ് ശതമാനം പലിശയാണ് സർക്കാർ നൽകിവരുന്നത്.

(ഡി) 2019 സെപ്റ്റംബർ നാലാം തീയതി മുതൽ പതിനെട്ടാം തീയതിവരെയുള്ള പതിനഞ്ച് ദിവസം ഇ.ടി.എസ്.ബി. അക്കൗണ്ടിൽ നിലനിർത്തിയ തുക 160,01,84,340 (നൂറ്റിയറുപത് കോടി ഒരു ലക്ഷത്തി എൺപത്തി നാലായിരത്തി മുന്നൂറ്റി നാൽപ്പത്) രൂപയാണ്. ഇതിനുനൽകിയ പലിശ 78,03,378 (എഴുപത്തിയെട്ട് ലക്ഷത്തി മൂവായിരത്തി മുന്നൂറ്റി എഴുപത്തിയെട്ട്) രൂപയാണ്.

**സംസ്ഥാനത്തെ ട്രഷറികളുടെ ആധുനികവൽക്കരണ പ്രവൃത്തികൾ**

118 (530) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളുടെ ആധുനികവൽക്കരണ പ്രവൃത്തികൾ എത് ഘട്ടത്തിലാണ്; ഇതിനകം എന്തെല്ലാം ആധുനികവൽക്കരണ സംവിധാനങ്ങൾ സംസ്ഥാനത്തെ ട്രഷറികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ/ ആധുനികവൽക്കരണ നടപടികൾ പ്രധാനമായും രണ്ട് മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യ വികസനവും ധനകാര്യ ഇടപാടുകളുടെയും ആധുനികവൽക്കരണവും. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവര വിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാനതത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ് കണക്ഷൻ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ.-ൽ നിന്നും RailTel-ൽ നിന്നും രണ്ട് ഡാറ്റാ കം ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ്, ടോയ്‌ലറ്റ് നിർമ്മാണം, ടോയ്‌ലറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ട്രഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും ട്രഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം (ഐ.എഫ്.എം.എസ്.-സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. വിവര സാങ്കേതികവിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയെന്നതാണ് IFMS-ന്റെ ഉദ്ദേശം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തസ്സത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവയ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യപരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനവകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും IFMS-ന്റെ ലക്ഷ്യമാണ്.

റവന്യൂ മാനേജ്മെന്റിന് വിവിധ ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി ബില്ലുകൾ, കേന്ദ്രീകൃതമായി പാസാക്കാനുള്ള Core TIS, ബഡ്ജറ്റ് വിഹിതം നൽകാനും നീരിക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റ് ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾ PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വേയ്സ് ആന്റ് മീൻസിന് WAMS, ഏത് ട്രഷറിയിൽനിന്നും പണം പിൻവലിക്കാൻ കഴിയുന്ന CORE BANKING, മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്നതിനുള്ള CRA, സർക്കാർ സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും സ്വീകരിക്കുന്നതിനായി ഇ-പോസ് മെഷീനുകൾ, ഇന്റർനെറ്റ് ബാങ്കിംഗ്, ട്രഷറി അക്കൗണ്ടുടമകൾക്ക് "Kerala TSB” എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് “ Kerala Pension” എന്ന പേരിലും മൊബൈൽ ആപ്ലിക്കേഷൻ, സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി e-TSB അക്കൗണ്ട്, ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിനുള്ള നടപടികൾ, പെൻഷൻ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ആധുനികമായ വിവിധ സാങ്കേതങ്ങൾ ഉൾക്കൊണ്ടതാണ് IFMS.

**ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണം.**

119 (531) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ് ട്രഷറി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ താലൂക്കിൽ വയക്കര വില്ലേജിൽ റീസർവ്വേ നമ്പർ 59/1-ൽപ്പെട്ട അഞ്ച് സെന്റ് സ്ഥലം സ്വകാര്യവ്യക്തിയിൽനിന്നും ലഭ്യമായിട്ടുണ്ട്. അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന് അനുവദിച്ചിട്ടുള്ള നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റിഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിലേയ്ക്കുള്ള Detailed Project Report തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുവരികയുമാണ്. പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

**പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം**

120 (532) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻകെൽ ലിമിറ്റഡ് നിർമ്മാണ നിർവ്വഹണ ഏജൻസിയായ, 213 ലക്ഷം രൂപയുടെ കണ്ണൂർ പഴയങ്ങാടി സബ് ട്രഷറി കെട്ടിട നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

പഴയങ്ങാടി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഴയങ്ങാടി ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയിൽനിന്നും 11.75 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ളതും അവിടെ ട്രഷറിക്ക് എല്ലാവിധ സൗകര്യങ്ങളോടുംകൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് 2,43,18,330 രൂപയുടെ ഭരണാനുമതിയും 2,13,91,000 രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതും നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി തെരഞ്ഞെടുക്കപ്പെട്ട കോൺട്രാക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ റീട്ടൈനിംഗ് വാൾ, ഫൂട്ടിംഗ് മുതലായ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

## നിലമ്പൂർ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം

121 (533) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ട്രഷറി വകുപ്പിനുണ്ടോ;

(സി) നിലമ്പൂരിൽ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ്;

(ഡി) കെട്ടിട നിർമ്മാണം ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കുവാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) നിലമ്പൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലമ്പൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 92, സർവ്വേ നമ്പർ 156/1-ൽ ജലവിഭവ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന 12.35 സെന്റ് സ്ഥലത്തിന് ഉപയോഗാനുമതി ലഭ്യമായിട്ടുണ്ട്. കെട്ടിടനിർമ്മാണം ട്രഷറി അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ മൂന്നാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഘട്ടത്തിലുൾപ്പെട്ടിട്ടുള്ള 16 ട്രഷറി കെട്ടിടങ്ങളുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് തയ്യാറാക്കിവരുന്നു. നിലമ്പൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് Detailed Project Report തയ്യാറാക്കുന്ന ജോലിയും അന്തിമഘട്ടത്തിലാണ്. Detailed Project Report ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) Detailed Project Report ലഭ്യമാകുന്നമുറയ്ക്കുമാത്രമേ പ്രതീക്ഷിക്കുന്ന ചെലവ് കണക്കാക്കാനാവുകയുള്ളൂ.

(ഡി) മറ്റ് തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ നിലവിലെ നിർമ്മാണ രീതയിൽ ഈ സർക്കാരിന്റെ കാലത്തുതന്നെ നിലമ്പൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ചാത്തന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണം

122 (534) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ചാത്തന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 30-ൽ റീസർവ്വേ നമ്പർ 158/2-ൽപ്പെട്ട 10 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ളതും, അവിടെ ട്രഷറിക്ക് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് 3,20,64,625 രൂപയുടെ ഭരണാനുമതിയും 2,42,80,000 രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതും നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി തെരഞ്ഞെടുക്കപ്പെട്ട കോൺട്രാക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. നിർമ്മാണ പ്രവൃത്തികൾക്കായി 16-8-2019-ൽ ട്രഷറി വകുപ്പ് ഇൻകെൽ ലിമിറ്റഡിന് സ്ഥലം കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി സ്ഥലം അളന്നപ്പോൾ അതിര് അളവുകളിൽ വ്യത്യാസങ്ങൾ കാണപ്പെട്ടതിനാൽ ഇൻകെൽ ലിമിറ്റഡിന് പ്ലാനിൽ ചില മാറ്റങ്ങൾ വരുത്തേണ്ടിവന്നതുകാരണമാണ് നിർമ്മാണപ്രവൃത്തികളിൽ ചെറിയ കാലതാമസമുണ്ടായത്.

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള തടസ്സങ്ങളെല്ലാം തരണം ചെയ്ത് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുകയും നിർമ്മാണ സാമഗ്രികൾ സൈറ്റിൽ എത്തിച്ചുതുടങ്ങിയിട്ടുമുണ്ട്.

## കോട്ടയ്ക്കൽ ട്രഷറി കെട്ടിട നിർമ്മാണം

123 (535) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ട്രഷറിക്ക് കെട്ടിടം നിർമ്മിക്കണമെന്നത് സംബന്ധിച്ച് ധനകാര്യവകുപ്പിലുള്ള ഫയലിന്റെ മുഴുവൻ വിവരങ്ങളും അറിയിക്കുമോ;

(ബി) രജിസ്ട്രേഷൻ വകുപ്പ് അധികൃതരുമായി പ്രസ്തുത വിഷയത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ ട്രഷറി ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയ്ക്കൽ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി&സി) കോട്ടയ്ക്കൽ നഗരസഭാ ഉടമസ്ഥതയിൽ അനുയോജ്യമായ സ്ഥലം ലഭ്യമല്ലെന്നും കോട്ടയ്ക്കൽ സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 50 സെന്റോളം സ്ഥലം ലഭ്യമാണെന്നും നഗരസഭ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തുനിന്നും 10 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് അനുവദിക്കുന്നതിന് മലപ്പുറം ജില്ലാ ട്രഷറി ഓഫീസർ പ്രസ്തുത സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ച്, തണ്ടപ്പേർ രജിസ്റ്ററിന്റെ കോപ്പി എന്നിവ വില്ലേജാഫീസിൽനിന്നും ശേഖരിച്ച് അവ ഉൾപ്പെടുത്തി മലപ്പുറം ജില്ലാ രജിസ്ട്രാർക്ക് അപേക്ഷ നൽകിയിരിക്കുകയാണ്.

## ഇതര സംസ്ഥാനക്കാർക്ക് ലോട്ടറി സമ്മാനത്തുക

124 (536) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ ഒന്നാം സമ്മാനത്തിന് അർഹരാകുന്ന ഇതര സംസ്ഥാനക്കാർക്ക് സമ്മാനത്തുക ലഭിക്കുന്നതിന് നിലവിൽ നേരിടേണ്ടിവരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം എല്ലാ രേഖകളോടും കൂടി അപേക്ഷകൾ സമർപ്പിച്ചാലും ആയതിൽ തീരുമാനമെടുക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇതര സംസ്ഥാനക്കാരായ വിജയികൾക്ക് സമ്മാനത്തുക വിതരണം ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; സമ്മാന വിതരണം സമയബന്ധിതമായി നടത്തുന്നതിന് എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) ലോട്ടറി റൂൾ 9(3)(f) പ്രകാരം ഇതരസംസ്ഥാനക്കാർക്ക് സമ്മാനം ലഭിച്ചാൽ സമ്മാന ടിക്കറ്റിനോടൊപ്പം സമർപ്പിക്കുന്ന രേഖകൾ നോട്ടറി അറ്റസ്റ്റ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള ലോട്ടറിയുടെ വിപണനം പൂർണ്ണമായും കേരളത്തിൽ മാത്രമായ സാഹചര്യത്തിലും സമ്മാനടിക്കറ്റ് Money laundering പോലുള്ള നിയമവിരുദ്ധ പ്രവർത്തികൾക്ക് വിധേയമാകുന്നതായി ശ്രദ്ധയിൽ-പ്പെട്ടതിനാൽ ആയത് തടയുന്നതിനും വേണ്ടിയാണ് സമ്മാനാർഹർ സമർപ്പിക്കുന്ന രേഖകളിൽ നോട്ടറി അറ്റസ്റ്റേഷൻ ആവശ്യപ്പെടുന്നതും ക്ലെയിം "മോണിറ്ററിംഗ് കമ്മിറ്റി" യുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതും. കേരളത്തിൽ ഇപ്പോൾ വിവിധ മേഖലകളിലായി തൊഴിൽ ചെയ്യുന്ന അനേകം ഇതരസംസ്ഥാന തൊഴിലാളികൾക്ക് ലോട്ടറി സമ്മാനം ലഭിക്കുന്നുണ്ട്. എന്നാൽ അവർ ഹാജരാക്കുന്ന സമ്മാന ടിക്കറ്റിലെ അഡ്രസ് അവരുടെ സംസ്ഥാനത്തിലേതായിരിക്കും. കേരളത്തിൽ അവർക്ക് നിയമാനുസൃത തിരിച്ചറിയൽ രേഖയില്ലാത്തതിനാൽ ഇത്തരം ക്ലെയിമുകൾ ഇതരസംസ്ഥാന ക്ലെയിമായി പരിഗണിച്ച് ലോട്ടറി റൂൾ 9 (3) f പ്രകാരം നടപടി കൈക്കൊള്ളുന്നതിനാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമ്മാനം നൽകാൻ കാലതാമസം നേരിടുന്നുണ്ട്.

(സി) ലോട്ടറി നറുക്കെടുപ്പ് കഴിഞ്ഞാൽ സമ്മാനാർഹമായ ടിക്കറ്റിന് പിന്നിൽ സമ്മാനാർഹന്റെ പേരും ഒപ്പും വിലാസവും രേഖപ്പെടുത്തി ലോട്ടറി റൂൾ 9(3) പ്രകാരം നേരിട്ടോ ദേശസാൽകൃത ബാങ്ക് മുഖേനയോ തപാലിലോ സമ്മാന ടിക്കറ്റ് ജില്ലാ ഓഫീസ്/ഡയറക്ടറേറ്റിൽ 30 ദിവസത്തിനുള്ളിൽ ഹാജരാക്കാവുന്നതാണ്. ഒരു ലക്ഷം രൂപ വരെ സമ്മാനത്തുക ജില്ലാ ഓഫീസുകളിൽ നിന്നും വാങ്ങാവുന്നതാണ്. സ്വയം സാക്ഷ്യപ്പെടുത്തിയ സമ്മാനാർഹമായ ടിക്കറ്റിന്റെ കോപ്പി, പാൻ കാർഡ് കോപ്പി, തിരിച്ചറിയൽ രേഖ, സ്റ്റാമ്പ് രസീത്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രണ്ട് ഫോട്ടോ എന്നിവ സമ്മാനാർഹൻ ടിക്കറ്റിനോടൊപ്പം ഹാജരാക്കണം. സമ്മാനാർഹൻ ഇതര സംസ്ഥാനക്കാരനാണെങ്കിൽ ലോറി റൂൾ 9(3)f പ്രകാരം മേൽപ്പറഞ്ഞ രേഖകളെല്ലാം നോട്ടറി പബ്ലിക്കിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തണം. കൂടാതെ വകുപ്പിലെതന്നെ ഉയർന്ന ഉദ്യോഗസ്ഥരുൾപ്പെട്ട "മോണിറ്ററിംഗ് കമ്മിറ്റി" ക്ലെയിം പരിശോധിക്കുകയും ചെയ്യുന്നു.

ഇതരസംസ്ഥാനക്കാരുടെ കേരളത്തിലെ തൊഴിലിനായുള്ള താമസം മുൻനിർത്തി അവർക്ക് സമ്മാനം ലഭിച്ചുകഴിഞ്ഞാൽ വേഗത്തിൽ സമ്മാനം നൽകുന്നതരത്തിൽ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനുള്ള ശിപാർശകൾ ലോട്ടറി നിയമത്തിനുള്ള ഭേദഗതി കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ

125 (T*537) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ. കാർഡുകൾ ഇല്ലാത്തതുകൊണ്ട് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ അർഹരായവർക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും ഈ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങളും വ്യക്തമാക്കാമോ;

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പറഞ്ഞിട്ടുള്ള പാക്കേജുകൾ നിലവിൽ എംപാനൽ ചെയ്തിട്ടുള്ള ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാകുമെന്ന വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. നിലവിൽ 31-3-2019 വരെ സാധുതയുള്ള ആർ.എസ്.ബി.വൈ./ചിസ് കാർഡ് കൈവശമുള്ളവർക്കും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് 2011-ൽ ഉൾപ്പെട്ട ദരിദ്ര വിഭാഗം ജനങ്ങൾക്കും മാത്രമാണ് 2019-20 സാമ്പത്തിക വർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത്.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പറഞ്ഞിട്ടുള്ള പാക്കേജുകൾ ലഭ്യമാകുന്ന നിലവിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## കാരുണ്യ ലോട്ടറി

126 (538) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി വഴി ഈ സർക്കാരിന്റെ കാലത്ത് (30-9-2019 വരെ) എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം 30-9-2019 വരെ ഓരോ ജില്ലയിലും ചികിത്സാ സഹായമായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും എത്ര ഗുണഭോക്താക്കൾക്ക് സഹായം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ വിൽപ്പനയിലൂടെ സമാഹരിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കാരുണ്യ ഭാഗ്യക്കുറി വിറ്റുവരവ് (കോടിയിൽ) | കാരുണ്യ പ്ലസ് ഭാഗ്യക്കുറി വിറ്റുവരവ് (കോടിയിൽ) |
|---|---|---|
| 2016-17 | 886.65 | 865.51 |
| 2017-18 | 1249.67 | 1237.38 |
| 2018-19 | 1294.70 | 1299.28 |
| 2019-20 (2019 സെപ്റ്റംബർ 30 വരെ) | 670.92 | 660.92 |

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം 30-9-2019 വരെ 120337 പേർക്ക് 1414.18 കോടി രൂപയുടെ ചികിത്സാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത കാലയളവിൽ ആകെ 1061.31 കോടി രൂപ ചികിത്സാ സഹായമായി ചെലവഴിച്ചിട്ടുണ്ട്. തുക ആശുപത്രികൾക്ക് വിതരണം ചെയ്യുന്നതിനാൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമല്ല.

**കാരുണ്യ ലോട്ടറിയിൽ നിന്നുള്ള തുക**

127 (539) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ എത്ര തുകയാണ് കാരുണ്യ ലോട്ടറിയിൽ നിന്ന് വിറ്റുവരവായും അറ്റാദായമായും ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക എപ്രകാരമാണ് ചെലവഴിച്ചതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തുക വക മാറ്റിയിട്ടില്ലെങ്കിൽ അടിയന്തരമായി തിരികെ കാരുണ്യ പദ്ധതിയ്ക്കായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിലൂടെ ലഭിച്ച വിറ്റുവരവ്, ഏകദേശ അറ്റാദായം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കാരുണ്യ ഭാഗ്യക്കുറി | | കാരുണ്യ പ്ലസ് ഭാഗ്യക്കുറി | |
|---|---|---|---|---|
| | വിറ്റുവരവ് (കോടിയിൽ) | അറ്റാദായം (കോടിയിൽ) (Approximate) | വിറ്റുവരവ് (കോടിയിൽ) | അറ്റാദായം (കോടിയിൽ) (Approximate) |
| 2016-17 | 886.65 | 192.77 | 865.51 | 177.49 |
| 2017-18 | 1249.67 | 207.97 | 1237.38 | 204.02 |
| 2018-19 | 1294.70 | 205.72 | 1299.28 | 204.96 |
| 2019-20 (2019 ഒക്ടോബർ 19 വരെ) | 764.61 | 119.92 | 743.89 | 115.80 |

(ബി&സി) ലോട്ടറി വിറ്റുകിട്ടുന്ന ലാഭം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് അടയ്ക്കുന്നത്. ഈ തുക കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിക്കായി ഭാഗ്യക്കുറി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിക്കുന്നത്. നാളിതുവരെ പദ്ധതിക്കായി 1631.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ 170 കോടി രൂപ അനുവദിച്ചിട്ടുണ്ട്. രോഗികളുടെ ചികിത്സയ്ക്കായി സർക്കാർ/സ്വകാര്യ ആശുപത്രികൾക്കായി തുക അനുവദിക്കുന്നതിനും സ്പെഷ്യൽ അനുമതി/റീ-ഇമ്പേഴ്സ്മെന്റ് എന്നിവയ്ക്കുവേണ്ടി യുമാണ് ടി തുക ചെലവാക്കുന്നത്. തുക വകമാറ്റി ചെലവഴിക്കുക എന്ന ഒരു കാര്യം ഇവിടെ ഉണ്ടാകുന്നില്ല.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഉന്നമനം

128 (540) ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാരുകളുടെ കാലത്ത് വൻ പ്രതിസന്ധിയിലായിരുന്ന കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എഫ്.സി. ഈ വർഷം എത്ര കോടി രൂപയുടെ വായ്പാ വിതരണമാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കയർ അടക്കമുള്ള പരമ്പരാഗത മേഖലയുടെ നവീകരണത്തിനായി കെ.എഫ്.സി. കൂടുതൽ സാമ്പത്തിക സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പുതിയ സ്റ്റാർട്ടപ്പുകൾക്ക് കെ.എഫ്.സി. നൽകുന്ന സാമ്പത്തിക പിന്തുണ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായക ശക്തിയാകാവുന്ന സാമ്പത്തിക സ്ഥാപനമെന്ന നിലയിലേയ്ക്ക് കെ.എഫ്.സി.-യെ എത്തിക്കുന്നതിനായി കെ.എഫ്.സി.-യുടെ ഡയറക്ടർ ബോർഡിനെ പ്രൊഫഷണലായി പുനഃസംഘടിപ്പിച്ചു.

കിട്ടാക്കടം കുറയ്ക്കുന്നതിനായി ഉദാരമായ വ്യവസ്ഥകളോടെ വായ്പ അദാലത്ത് സംഘടിപ്പിച്ച് കിട്ടാക്കട വായ്പകൾ തീർപ്പാക്കി 80 കോടി രൂപയോളം സമാഹരിച്ചു.

മികച്ച സംരംഭകരെ കണ്ടെത്താനായി പലിശ 5% കുറച്ച് 9.5% എന്ന അടിസ്ഥാന നിരക്കിലേയ്ക്ക് മാറി. റേറ്റിംഗിന്റെ അടിസ്ഥാനത്തിൽ സംരംഭകരുടെ പലിശ തീരുമാനിക്കും. ഉപഭോക്താക്കൾക്കിടയിൽ പ്രചാരണം നടത്താൻ പ്രത്യേക മാർക്കറ്റിംഗ് വിഭാഗം തുടങ്ങി. ഒരു വായ്പ അപേക്ഷ ലഭിച്ചാൽ അത് നൽകാനാകുമോ എന്ന് പരിശോധിച്ച് ഏഴ് ദിവസത്തിനകം മറുപടി നൽകുന്ന സംവിധാനമുണ്ടാക്കി. വായ്പ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനായി മൂന്ന് സോണൽ മാനേജർമാരുടെ കീഴിലായി അപ്രൈസൽ ഹബ്ബുകൾ സ്ഥാപിച്ചു. വരുന്ന അപേക്ഷകളുടെ നഷ്ട സാധ്യത പരിശോധിക്കുന്നതിനായി റിസ്ക് മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ചു.

കേന്ദ്ര ഏജൻസിയിൽനിന്നും ബോണ്ട് മാർക്കറ്റിൽനിന്നും കുറഞ്ഞ പലിശ നിരക്കിൽ ഫണ്ട് സംഘടിപ്പിച്ചു. തന്മൂലം ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കാൻ തുടങ്ങി. പ്രളയാനന്തര കേരളത്തിന്റെ പുനഃനിർമ്മാണത്തിന് വേഗം കൂട്ടുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 142 സർക്കാർ കരാറുകാർക്കായി 650 കോടി രൂപ വായ്പ അനുവദിച്ചു. ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്ന സംവിധാനംകൂടി ആരംഭിച്ചു.

(ബി) 1200 കോടി.

(സി) കേരളത്തിലെ പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിന്റെ നവീകരണത്തിനായി ചകിരി മില്ലുകൾക്ക് കെ.എഫ്.സി. ഉദാരമായ വ്യവസ്ഥയിൽ 50 ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു. ഇത്തരം സംരംഭങ്ങൾ ഗവൺമെന്റ് സബ്സിഡിക്ക് അർഹരാണ്.

(ഡി) സ്ഥിരജോലിയില്ലാത്ത 18-35 വയസ്സിനിടയിൽ പ്രായമുള്ള എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ/ഐ.ടി.ഐ./ഹയർ സെക്കണ്ടറി എന്നിവ പാസ്സായിട്ടുള്ള നവസംരംഭകർക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദാരമായ വ്യവസ്ഥയിൽ പ്രോജക്ട് കോസ്റ്റിന്റെ 90% വരെ (പരമാവധി 10 ലക്ഷം രൂപ) കെ.എഫ്.സി. വായ്പയായി നൽകുന്നു. ഇതുകൂടാതെ പർച്ചേസ് ഓർഡറുകളുടെ പൂർത്തീകരണത്തിനായി ലളിതമായ വ്യവസ്ഥയിൽ ഒരു കോടി രൂപവരെ വായ്പയായി നൽകുന്നു.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

129 (541) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടിയിൽ ഇതിനോടകം എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസി ചിട്ടിയിൽ നിന്നും കിഫ്ബി ബോണ്ടുകളിൽ ഇതിനകം എത്ര കോടി രൂപ നിക്ഷേപിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയിൽ ഇതിനോടകം 11278 പേർ ചേർന്നിട്ടുണ്ട്.

(ബി) 24-10-2019-ലെ കണക്കുകൾ പ്രകാരം പ്രവാസി ചിട്ടിയിലൂടെ ലഭിച്ച തുകയിൽ ആകെ 61.318 കോടി രൂപ കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്.

## പ്രവാസി ചിട്ടി

130 (542) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് നടത്തിവരുന്ന പ്രവാസി ചിട്ടിയിൽ എത്ര പ്രവാസി മലയാളികൾ എന്നുമുതൽ ചേർന്നിട്ടുണ്ടെന്നും ആയതിൽ എത്ര കോടി രൂപ കെ.എസ്.എഫ്.ഇ.ക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) ചിട്ടി വരുമാനത്തിൽനിന്നും കിഫ്ബിക്ക് ഇതിനോടകം എത്ര കോടി രൂപ സഹായം നൽകിയെന്ന് അറിയിക്കുമോ;

(സി) ഗൾഫ് രാജ്യങ്ങൾ കൂടാതെ മറ്റ് ഏതെല്ലാം വിദേശരാജ്യങ്ങളിലാണ് പ്രവാസി ചിട്ടി ആരംഭിച്ചിട്ടുള്ളതന്ന് വിശദാംശം നൽകുമോ;

(ഡി) പ്രവാസി ചിട്ടി സംബന്ധമായ പരസ്യങ്ങൾക്കും മറ്റുമായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് നടത്തിവരുന്ന പ്രവാസി ചിട്ടിയിൽ 25-10-2018 മുതൽ ഇതുവരെ 11278 പേർ ചേർന്നിട്ടുണ്ട്. ആയതിൽ നിന്നും 81.24 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, പ്രവാസി ചിട്ടിയിൽ ഇടപാടുകാർ അടയ്ക്കുന്ന തുക ഒരു സവിശേഷ സംവിധാനം വഴി കിഫ്ബി ബോണ്ടുകളായി മാറ്റുകയാണ് ചെയ്യുന്നത്. 24-10-2019-ലെ കണക്കുകൾ പ്രകാരം പ്രവാസി ചിട്ടിയിലൂടെ ലഭിച്ച തുകയിൽ 61.318 കോടി കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) 2019 സെപ്റ്റംബർ 26 മുതൽ യു.എൻ. ഉപരോധത്തിലുള്ള രാജ്യങ്ങളൊഴികെ മറ്റെല്ലാ രാജ്യങ്ങളിലും പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ട്.

(ഡി) പ്രവാസി ചിട്ടി സംബന്ധമായ പരസ്യങ്ങൾക്ക് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽനിന്നും 4.27 കോടി രൂപയും പ്രവാസി ചിട്ടിയുടെ പ്രചരണവുമായി ബന്ധപ്പെട്ട് യാത്ര, താമസം, പരസ്യം തുടങ്ങി എല്ലാ പ്രവർത്തികൾക്കും കിഫ്ബിയിൽനിന്നും നാളിതുവരെ 12.01 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളുടെ നവീകരണം

131 (543) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കെ.എസ്.എഫ്.ഇ ബ്രാഞ്ചുകളുടെ നവീകരണമാണ് പൂർത്തിയാക്കിയത്;

(ബി) കോഴിക്കോട് ജില്ലയിൽ നവീകരണം പൂർത്തിയാക്കിയ ബ്രാഞ്ചുകൾ ഏതെല്ലാമാണ്;

(സി) കോഴിക്കോട് ജില്ലയിൽ, പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനായി ഏതെല്ലാം സ്ഥലങ്ങളാണ് കെ.എസ്.എഫ്.ഇ-യുടെ പരിഗണനയിലുള്ളത്; സ്ഥലങ്ങൾ തീരുമാനിച്ച് ആയതിന് അന്തിമ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 99 ബ്രാഞ്ചുകളാണ് കെ.എസ്.എഫ്.ഇ. നവീകരിച്ചത്.

(ബി) വടകര-I, നടുവണ്ണൂർ, കോടഞ്ചേരി, കോഴിക്കോട്-I, കൊയിലാണ്ടി-I, കൊയിലാണ്ടി-II, കൂരാച്ചുണ്ട്, കൊടുവള്ളി, ലോൺ യൂണിറ്റ് കോഴിക്കോട്, പേരാമ്പ്ര (കോഴിക്കോട് റീജിയണൽ ഓഫീസ്)

(സി)
1. ബേപ്പൂർ
2. കൊല്ലം (കൊയിലാണ്ടി)
3. ഓമശ്ശേരി
4. പേരാമ്പ്ര - II
5. വെള്ളിമാടുകുന്ന്
6. കുട്ടാലിട
7. പൂന്തൂർ
8. കൂടരഞ്ഞി
9. എലത്തൂർ
10. ചേറൂട്ടി റോഡ്
11. തൊണ്ടയാട്

മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ പുതിയ ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## തഴക്കരയിൽ കെ.എസ്.എഫ്.ഇ. ശാഖ

132 (544) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കരയിൽ കെ. എസ്. എഫ്. ഇ.-യുടെ ശാഖ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ശാഖ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തഴക്കരയിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖ ആരംഭിക്കുന്നത് സംബന്ധിച്ച് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ചെങ്ങന്നൂർ കോട്ടുകുളഞ്ഞിയിൽ കെ.എസ്.എഫ്.ഇ. ശാഖ

133 (545) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ മണ്ഡലത്തിൽ കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് ഒരു ശാഖ കോട്ടുകുളഞ്ഞിയിൽ ആരംഭിക്കുന്നതിനായി കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർക്ക് 9-8-2019 ന് 3660528/19 നമ്പറിൽ കൈമാറിയ ശിപാർശയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

കോട്ടുകുളഞ്ഞിയിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖ ആരംഭിക്കുന്നത് സംബന്ധിച്ച് നടത്തിയ സാധ്യതാ പഠനത്തിൽ അനുയോജ്യമായ സാഹചര്യമില്ലെന്ന റിപ്പോർട്ടാണ് ലഭിച്ചിരിക്കുന്നത്.

## നെയ്യാറ്റിൻകര പ്ലാമൂട്ടുകടയിൽ കെ.എസ്.എഫ്.ഇ. ശാഖ

134 (546) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്ലാമൂട്ടുകടയിൽ കെ.എസ്.എഫ്.ഇ. യുടെ പുതിയ ശാഖ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ ;

(ബി) 2016 മുതൽ 2019 സെപ്റ്റംബർ വരെ തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ പുതിയ ശാഖകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) കെ.എസ്.എഫ്.ഇ. യുടെ പുതിയ ശാഖ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പ്ലാമൂട്ടുകടയിൽ പുതിയ ശാഖ തുടങ്ങുന്നതിന് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) പുതിയ ശാഖകൾ എവിടെയും ആരംഭിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ 6 പുതിയ ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ശാഖകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സാധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽ നിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന്

ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിദ്ധ്യം എന്നിവയ്ക്ക് പുറമെ ബിസിനസ്സ് സാദ്ധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

## കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

135 (T*547) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് പദ്ധതി നിലവിലുണ്ടോ;

(ബി) കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയിൽ എത്രപേർ അംഗങ്ങളായിട്ടുണ്ടെന്നും അവരുടെ ജില്ല തിരിച്ചുള്ള എണ്ണവും നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയിലേയ്ക്ക് പുതിയ അംഗങ്ങളെ ഇപ്പോൾ ചേർക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഇ) ആർ.എസ്.ബി.വൈ, ചിസ് ഇൻഷ്വറൻസ് പദ്ധതിയിലുണ്ടായിരുന്ന മുഴുവൻ പേരും ഇപ്പോൾ കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ആർ.എസ്.ബി.വൈ.-ക്ക് പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്ത് നിലവിലുള്ള ആർ.എസ്.ബി.വൈ./ചിസ്, ചിസ് പ്ലസ്, എസ് ചിസ് (SCHIS) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്നിവ സംയോജിപ്പിച്ചുകൊണ്ട് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) എന്ന പേരിൽ 2019 ഏപ്രിൽ 1 മുതൽ കേരളത്തിൽ നടപ്പിലാക്കുകയുണ്ടായി. എങ്കിലും നിലവിലുള്ള എല്ലാ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്കും മാർച്ച് 2020 വരെ പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായം തുടർന്നും ലഭ്യമാക്കുന്നതാണ്.

(സി)

| ജില്ല | അംഗങ്ങൾ | കുടുംബങ്ങൾ |
|---|---|---|
| ആലപ്പുഴ | 484591 | 358175 |
| എറണാകുളം | 417316 | 284641 |
| ഇടുക്കി | 217487 | 142513 |
| കണ്ണൂർ | 363268 | 256952 |
| കാസർഗോഡ് | 203749 | 106448 |
| കൊല്ലം | 603326 | 414233 |
| കോട്ടയം | 275963 | 238969 |
| കോഴിക്കോട് | 700217 | 455613 |
| മലപ്പുറം | 655167 | 403293 |
| പാലക്കാട് | 358954 | 339976 |
| പത്തനംതിട്ട | 254224 | 152174 |
| തിരുവനന്തപുരം | 753690 | 509674 |
| തൃശ്ശൂർ | 393546 | 338604 |
| വയനാട് | 180331 | 137531 |
| KASP total | 5861829 | 4138796 |

(ഡി) നിലവിൽ സാധുതയുള്ള ആർ.എസ്.ബി.വൈ., ചിസ് കാർഡ് ഉള്ളവർക്കോ 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ദുർബല വിഭാഗം ജനങ്ങൾ എന്ന് രേഖപ്പെടുത്തിയിട്ടുള്ളവർക്കോ ആണ് പുതിയ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഇത്തരത്തിൽ 41 ലക്ഷം കുടുംബങ്ങളുണ്ട്.

(ഇ) ആർ.എസ്.ബി.വൈ., ചിസ് ഇൻഷ്വറൻസ് പദ്ധതിയിലുണ്ടായിരുന്ന മുഴുവൻ പേർക്കും പുതിയ പദ്ധതിയിൽ അംഗമാകാൻ 2019 ഏപ്രിൽ ഒന്ന് മുതൽ അഞ്ചുമാസത്തോളം അവസരം നൽകിയിരുന്നു. ആയതിൽ 98.56% കുടുംബങ്ങളും പുതിയ പദ്ധതിയിൽ അംഗത്വം നേടി.

## മെഡിസെപ് പദ്ധതി

136 (T+548) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി ആവിഷ്ക്കരിക്കുമെന്ന് പ്രഖ്യാപിച്ച മെഡിസെപ് പദ്ധതി ഇതുവരെ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഏത് കമ്പനിക്കാണ് നൽകിയത്; പ്രസ്തുത ടെണ്ടർ റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ് എന്ന് വിശദമാക്കാമോ;

(സി) റിലയൻസ് ഇൻഷ്വറൻസ് കമ്പനിക്ക് ഈ പദ്ധതി നൽകിയത് സംബന്ധിച്ച ആക്ഷേപം വസ്തുതാപരമാണെന്ന് ടെൻഡർ റദ്ദാക്കാനിടയായ സാഹചര്യത്തിലൂടെ വ്യക്തമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സമയബന്ധിതമായി മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന. പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്.

---

\+ 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികളിലൂടെയാണ് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തത്. എന്നാൽ ആർ.എഫ്.പി. (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാലാണ് റിലയൻസ് ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തത്. മറിച്ചുള്ള ആക്ഷേപം വസ്തുതാപരമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടില്ല.

(ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ. (അച്ചടി)നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായതിൻപ്രകാരം പദ്ധതി നടത്തിപ്പിനായി പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധർ, സർവ്വീസ് പെൻഷൻ സംഘടനകൾ എന്നിവയുമായുള്ള ചർച്ചകൾ തുടങ്ങിയവയ്ക്കുശേഷം ആർ.എഫ്.പി. (REQUEST FOR PROPOSAL) തയ്യാറാക്കുകയും ഇതിനെ അടിസ്ഥാനമാക്കി 1-1-2019-ന് ഇ-ടെണ്ടർ (Tender ID 2019-FIN-258705-1) ആയി ആർ.എഫ്.പി. പരസ്യപ്പെടുത്തി പ്രൊപ്പോസലുകൾ ക്ഷണിക്കുകയുണ്ടായി. പ്രൊപ്പോസലുകളുടെ പരിശോധനയിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48 രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27-4-2019-ലെ 49/2019/ധന. നമ്പർ സർക്കാർ ഉത്തരവ്പ്രകാരം അനുമതി നൽകുകയും 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ 87/2019/ധന. നമ്പർ സർക്കാർ ഉത്തരവ്പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുകയും ചെയ്തു. എന്നാൽ ആർ.എഫ്.പി. (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. കൂടാതെ വളരെ താഴ്ന്ന ചികിത്സാ നിരക്കുകൾ പദ്ധതിയിൽ നിന്നും ആശുപത്രികൾ വിട്ടുനിൽക്കുന്നതിനിടയാക്കി. ആയതിനാൽ പദ്ധതിയുടെ ചികിത്സാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് കമ്മിറ്റി രൂപീകരിക്കാനുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

## മെഡിസെപ് പദ്ധതിയിൽ ഡെപ്യൂട്ടേഷൻ ജീവനക്കാരെ ഉൾപ്പെടുത്താൻ നടപടി

137 (T+549) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ ഉത്തരവ് പ്രകാരം ജോലി ചെയ്യുന്ന ജീവനക്കാരെ പുതുതായി ആരംഭിച്ച മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ എം.എൽ.എ. മാരുടെ പി.എ മാർ ഉൾപ്പെടെയുള്ള അത്തരം ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) 24-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ54/2017/ധന. ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എയ്ഡഡ് സ്കൂൾ/കോളേജ് ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാർ ജീവനക്കാർ/പെൻഷൻകാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിൽനിന്നും ഗ്രാൻഡ്-ഇൻ-എയ്ഡ് സ്വീകരിച്ചുവരുന്ന സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ ജീവനക്കാർ/പെൻഷൻകാർ, മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് തുടങ്ങിയവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫുകൾ/പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരെയാണ് നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അത്തരം സ്ഥാപനങ്ങളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ ഉത്തരവ് പ്രകാരം ജോലി ചെയ്യുന്ന ജീവനക്കാരെ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി വിഭാഗത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

## മെഡിസെപ് പദ്ധതി

138 (550) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ, പെൻഷൻകാർ എന്നിവർക്ക് ഏർപ്പെടുത്തിയ മെഡിസെപ്പ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

---

\+ 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിലെ കാലതാമസം എന്താണെന്നും എന്ന് മുതൽ നടപ്പിലാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ & ബി) മെഡിസെപ് പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

**ചകിരിച്ചോറ് ഉത്പാദന-വിപണന ശൃംഖലാ സിരാകേന്ദ്രം**

139 (551) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചി വില്ലേജിൽ രണ്ട് ഏക്കർ എൺപത് സെന്റ് സ്ഥലത്ത് ഉപയോഗശൂന്യമായി കിടക്കുന്ന ഗോഡൗൺ സമുച്ചയത്തെ കേരള സർക്കാർ നടപ്പിലാക്കി വരുന്ന പ്രദേശിക ചകിരി, ചകിരിച്ചോറ് ഉത്പാദന-വിപണന ശൃംഖലയുടെ സിരാകേന്ദ്രമാക്കി മാറ്റുന്നതിനായി കയർഫെഡ് വിഭാവനം ചെയ്ത പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ ഗോഡൗണിലേയ്ക്കുള്ള വഴി സംബന്ധിച്ച പ്രശ്നത്തിൽ പരിഹാരം ആയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിന് പുറത്തുള്ള സ്ഥലങ്ങളിൽനിന്നും ചകിരി സംഭരിച്ച് വിതരണം ചെയ്യുന്നതിനോടൊപ്പം തന്നെ കേരളത്തിനകത്ത് കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ സ്ഥാപിച്ചുവരുന്ന ഡീഫൈബറിംഗ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി, കുട്ടിച്ചകിരി, പിത്ത് എന്നിവ സംഭരിച്ച് വിതരണം ചെയ്യുന്നതിന്റെ ചുമതല കയർഫെഡിനാണ്. കയർഫെഡ് ഇങ്ങനെ സംഭരിക്കുന്ന ചകിരിയും പിത്തും ചകിരിച്ചോറും സംഭരിച്ച് സൂക്ഷിച്ച് പ്രോസസ് ചെയ്യുന്നതിന് കയർഫെഡിന്റെ ഉടമസ്ഥതയിലുള്ള കൊച്ചിയിലെ മുനമ്പം, പള്ളുരുത്തി എന്നീ സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ മുനമ്പത്ത് പിത്തിന്റെ സംസ്കരണത്തിനുള്ള നടപടികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. എന്നാൽ തുറസ്സായ സ്ഥലത്താണ് മുനമ്പത്ത് ഇപ്പോൾ പിത്ത് സംസ്കരണം നടന്നുവരുന്നത്. പക്കഗോഡൗണുകളുള്ള പള്ളുരുത്തിയിൽ ഇത് കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കാൻ സാധിക്കുന്നതാണ്. ഇതിനുള്ള ചെറിയ തടസ്സം, വഴി സംബന്ധിച്ചുള്ളതാണ്. ഇത് പരിഹരിക്കുന്ന മുറയ്ക്ക് പള്ളുരുത്തിയിൽ കൂടുതൽ ശാസ്ത്രീയപരമായി ചകിരിച്ചോറിന്റെ പ്രോസസിംഗ് നടത്താനുള്ള പദ്ധതിയാണ് കയർഫെഡ് വിഭാവനം ചെയ്തിരിക്കുന്നത്.

ടി സ്ഥലം കയർഫെഡിന്റെ പള്ളുരുത്തിയിൽ സ്ഥിതി ചെയ്യുന്ന പക്കഗോഡൗണുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു സമുച്ചയമാണ്. ഇത് മുൻകാലങ്ങളിൽ കയർ സംഭരിച്ച് സൂക്ഷിക്കുന്നതിന് ഉപയോഗിച്ചിരുന്നതാണ്. എന്നാൽ കാലക്രമേണ പ്രസ്തുത മേഖലയിലെ കയറിന്റെ ഉല്പാദനം കുറഞ്ഞുവരുന്നതിനാൽ ഇവിടെ ഇപ്പോൾ കയർ സംഭരിക്കുന്നില്ല. ഇപ്പോൾ അത് തമിഴ്നാട്ടിൽനിന്നും മറ്റും കൊണ്ടുവരുന്ന ചകിരി സൂക്ഷിക്കുന്നതിനുള്ള റിസർവ് ഗോഡൗണായി നിലനിർത്തി വരികയാണ്. ഇതിനുള്ള കാരണം പ്രസ്തുത ഗോഡൗൺ ചേർത്തല, നോർത്ത് പറവൂർ, വൈക്കം എന്നീ കയർ ഉല്പന്ന മേഖലകളുടെ അടുത്ത് സ്ഥിതി ചെയ്യുന്നതാണ്. പക്ഷേ, കഴിഞ്ഞ കുറെ നാളുകളായി ഉല്പാദകരിൽ നിന്നും ചകിരി സംഭരിച്ച് അംഗസംഘങ്ങൾക്ക് നേരിട്ട് എത്തിക്കുന്നതിനാൽ ടി ഗോഡൗണിൽ ചകിരി സൂക്ഷിക്കേണ്ട ആവശ്യം വന്നിട്ടില്ല. എന്നാലും അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി ടി ഗോഡൗൺ കയർഫെഡിന് ആവശ്യമാണ്.

(ബി) പ്രസ്തുത വസ്തുവിലേയ്ക്ക് നിയമാനുസൃതമുള്ള ഒരു വഴി നിർമ്മിക്കുന്നതിനുള്ള നടപടികൾ കയർഫെഡ് സ്വീകരിച്ചുവരികയാണ്. ആയതിന്റെ ഭാഗമായി ടി സ്ഥലത്തിന് സമീപം സ്ഥിതിചെയ്യുന്ന പഷ്ണിത്തോടിന്റെ മുകളിലൂടെ ചെറിയ പാലം നിർമ്മിക്കുക, പുറംപോക്ക് ഭൂമി കണ്ടെത്തി അതുവഴി വഴി നിർമ്മിക്കുക അല്ലെങ്കിൽ തൊട്ടടുത്തുള്ള ഉടമയെ കണ്ടെത്തി ആയതിനുള്ള നടപടി സ്വീകരിക്കുക എന്നിവയിൽ ഏതെങ്കിലും നടപടി സ്വീകരിക്കാനാണ് കയർഫെഡ് ആലോചിക്കുന്നത്.

## വ്യവസായ സ്ഥാപനങ്ങളുടെ മാനേജ്മെന്റിൽ തൊഴിലാളികളുടെ പങ്കാളിത്തം

140 (552) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ മാനേജ് മെന്റിൽ തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) രഹസ്യ ബാലറ്റ് വോട്ടിംഗ് സമ്പ്രദായത്തിലൂടെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിലാളി പ്രതിനിധികൾക്ക് പ്രാതിനിധ്യം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നിലിവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണസമിതിയിൽ തൊഴിലാളികളുടെ പങ്കാളിത്തമുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണസമിതി ബന്ധപ്പെട്ട തൊഴിലാളി സംഘടനകളുടെ അഭിപ്രായംകൂടി പരിഗണിച്ചാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**സിമന്റ് വില**

141 (553) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന ലോബികൾ സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് തടയാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സർക്കാർ പൊതുമേഖലാ സ്ഥാപനം വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ സിമന്റ് വിപണിയുടെ 95 ശതമാനവും നിയന്ത്രിക്കുന്നത് സ്വകാര്യ സിമന്റ് ഉല്പാദകരാണ്. അയൽ സംസ്ഥാനങ്ങളിൽ അവർക്കാവശ്യമായ സിമന്റിന്റെ അളവിൽ കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കുന്നുണ്ട്. കേരളത്തിലെ വിപണനത്തിനുണ്ടാകുന്ന ചെലവുകൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലായതും കേരളത്തിൽ സിമന്റിന്റെ വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽനിന്നും സിമന്റ് റെയിൽ/റോഡ് മാർഗ്ഗം എത്തിക്കേണ്ടിവരുന്നത് കേരളത്തിൽ സിമന്റിന്റെ വിലവർദ്ധനവിന് കാരണമാകാറുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനെ സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗങ്ങൾ 29-7-2016, 10-5-2017, 22-4-2018, 19-2-2019 എന്നീ തീയതികളിൽ വിളിച്ചുചേർക്കുകയും സിമന്റ് വില നിയന്ത്രിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിലെ ഏക പൊതുമേഖലാ സിമന്റ് നിർമ്മാതാവായ മലബാർ സിമന്റ്സിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമന്റിന്റെ 5 മുതൽ 8 ശതമാനത്തോളമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ

സിമന്റിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് പങ്ക് വഹിക്കുന്നുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും യൂണിറ്റുകൾ നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സിമന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമന്റ്സിന്റെ ഉല്പാദനം മെച്ചപ്പെടുത്തുകയും ജില്ലകൾതോറും സഹകരണ മേഖലയെ കൂടുതൽ ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് മലബാർ സിമന്റ്സ് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലെയും മാർക്കറ്റിൽ നിത്യേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വ്യവസായ രംഗത്തെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ**

142 (554) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിൽ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി വ്യവസായ രംഗത്ത് അടിസ്ഥാനസൗകര്യ വികസനത്തിന് ഊന്നൽ നൽകിയിട്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിവിധ ക്ലിയറൻസുകൾ സമയബന്ധിതമായി ലഭിക്കുന്നതിന് ആരംഭിച്ച കെ-സിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം ഫലപ്രദമാണോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ ഈ സംവിധാനം നിലവിൽ വന്നശേഷം എത്ര പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ ക്ലിയറൻസ് നൽകുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ;

(ഡി) നിക്ഷേപകരെ കൂടുതലായി സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി നിക്ഷേപക സംഗമം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

DIC

1. വ്യവസായ പ്രദേശം/പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപം വിലയുടെ പലിശ ധനസഹായം

2. വ്യവസായ എസ്റ്റേറ്റുകളിലെ ബഹുനില കെട്ടിട സമുച്ചയങ്ങൾ (ഗാലകൾ)
3. സംരംഭക സഹായ പദ്ധതി
4. ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ
5. സംരംഭകത്വ പരിശീലന പദ്ധതി
6. സംരംഭകത്വ ബോധവൽക്കരണ പദ്ധതി
7. ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം

KSIDC

1. വ്യവസായ വളർച്ചാകേന്ദ്രം, കണ്ണൂർ
2. വ്യവസായ വളർച്ചാകേന്ദ്രം, കോഴിക്കോട്
3. വ്യവസായ വളർച്ചാകേന്ദ്രം, ആലപ്പുഴ
4. വ്യവസായ വളർച്ചാകേന്ദ്രം, മലപ്പുറം
5. വ്യവസായപാർക്ക്, പാലക്കാട്
6. ഇലക്ട്രോണിക് ഹാർഡ്വെയർ പാർക്ക് (ആമ്പല്ലൂർ, എറണാകുളം)
7. ലൈഫ് സയൻസ് പാർക്ക്, തോന്നയ്ക്കൽ
8. മെഗാ ഫുഡ് പാർക്ക്, ആലപ്പുഴ
9. കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിലെ വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ

KINFRA

1. കിൻഫ്ര അപ്പാരൽ പാർക്ക്, തിരുവനന്തപുരം
2. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം
3. കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം
4. കിൻഫ്ര ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, മലപ്പുറം
5. ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ
6. ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം
7. ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം, പത്തനംതിട്ട
8. ചെറുകിട വ്യവസായ പാർക്ക്, അടൂർ, പത്തനംതിട്ട
9. ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം

10. ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ
11. ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ
12. ചെറുകിട വ്യവസായ പാർക്ക്, വയനാട്
13. ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ്
14. കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, എറണാകുളം
15. ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി, എറണാകുളം
16. ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ
17. ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട്
18. കിൻഫ്ര ബയോടെക്നോളജി പാർക്ക്, കളമശ്ശേരി, എറണാകുളം
19. കിൻഫ്ര വ്യവസായ പാർക്ക്, പിറവന്തൂർ, കൊല്ലം
20. റൂറൽ അപ്പാരൽ പാർക്ക്, രാജകുമാരി, ഇടുക്കി
21. വ്യവസായ പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
22. ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല, മലപ്പുറം
23. ഐ.ടി./ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം
24. ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം

<u>കിൻഫ്രയുടെ പുതിയ പദ്ധതികൾ</u>:

1. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം
2. ഇന്റർനാഷണൽ എക്സിബിഷൻ ആൻഡ് കൺവെൻഷൻ സെന്റർ, എറണാകുളം
3. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
4. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
5. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം
6. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ
7. ഇന്റർനാഷണൽ എക്സിബിഷൻ ആൻഡ് കൺവെൻഷൻ സെന്റർ, മട്ടന്നൂർ
8. ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ

9. കാർബൺ ന്യൂട്രൽ കോഫീ പാർക്ക്, വയനാട്
10. കൊരട്ടി പാർക്കിലെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം
11. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം
12. രണ്ടാംഘട്ട വികസനം, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം

(ബി & സി) വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിവിധ ക്ലിയറൻസുകൾ സമയബന്ധിതമായി ലഭിക്കുന്നതിന് ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം വളരെ ഫലപ്രദമാണ്. ഈ സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ ധാരാളം സംരംഭകർ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും 324 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ തന്നെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 128 ക്ലിയറൻസുകൾ കെ-സ്വിഫ്റ്റ് മുഖേന നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ആഗോള നിക്ഷേപക സംഗമം 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ വച്ച് നടത്താൻ തീരുമാനമായിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ വ്യവസായ വൈവിധ്യവൽക്കരണം

143 (555) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയെ വൈവിധ്യവൽക്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശംദാംശം ലഭ്യമാക്കാമോ;

(ബി) വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങളെ പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ?

## ഉത്തരം

(എ) കേരളത്തിലെ വ്യവസായ മേഖലയുടെ വൈവിധ്യവൽക്കരണത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:-

1. സംരംഭക സഹായ പദ്ധതി

ഈ പദ്ധതി പ്രകാരം സംരംഭകർക്ക് അവർ തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ സ്ഥിര മൂലധനത്തിന്റെ അടിസ്ഥാനത്തിൽ 15% മുതൽ 30% വരെ അല്ലെങ്കിൽ പരമാവധി 30 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്.

2. ക്ലസ്റ്റർ വികസന പദ്ധതി

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി ഉല്പാദന ചെലവ് കുറച്ചുകൊണ്ട് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ലക്ഷ്യമിട്ടുകൊണ്ട് വ്യവസായ വാണിജ്യവകുപ്പ് കെ-ബിപ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ക്ലസ്റ്റർ വികസന പദ്ധതി (CDP). കോമൺ ഫെസിലിറ്റി സെന്റർ സേവനം (CFC) റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ സേവനം വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, സാങ്കേതിക പരിശീലനം നൽകൽ എന്നിവയ്ക്കായും ക്ലസ്റ്റർ വികസന പദ്ധതി പ്രയോജനപ്പെടുത്തുന്നു. കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കാൻ കേന്ദ്രസർക്കാരിന്റെ സൂക്ഷ്മ-ചെറുകിട-ഇടത്തരം (MSME) മന്ത്രാലയത്തിന്റെ എം.എസ്.എം.ഇ.-സി.ഡി.പി. പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ പദ്ധതി തുകയുടെ പരമാവധി 70% തുക ഗ്രാന്റായി നൽകി വരുന്നു. പദ്ധതി തുകയുടെ 20% സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് കോൺട്രിബ്യൂഷനായി നൽകി വരുന്നു. പദ്ധതി തുകയുടെ ബാക്കി 10% അതാത് കൺസോർഷ്യം കോൺട്രിബ്യൂഷനായി ചെലവഴിക്കണം.

3. സംരംഭകരെ വളർത്തിയെടുക്കുന്നതിനും വ്യവസായ വൈവിധ്യ-വൽക്കരണം ലക്ഷ്യമിട്ടുകൊണ്ടും സംരംഭകത്വ പരിശീലന പദ്ധതി, സംരംഭകത്വ ബോധവൽക്കരണ പദ്ധതി, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിശീലന പരിപാടികൾ ജില്ലകളിൽ തുടർച്ചയായി നടത്തിവരുന്നു.

4. വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മിനി വ്യവസായ എസ്റ്റേറ്റുകളിൽ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

5. കൈത്തറി മേഖലയിലെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു:-

- കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.
- തൊഴിൽരഹിതരായ യുവാക്കൾക്ക് വേണ്ടിയുള്ള യുവവീവ് പദ്ധതി.
- കൈത്തറി സംഘങ്ങളിലെ അംഗങ്ങൾക്കുവേണ്ടിയുള്ള ഒരു വീട്ടിൽ ഒരു തറി പദ്ധതി.
- കൈത്തറി ഉല്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പാക്കാനുള്ള കൈത്തറി സുരക്ഷാപദ്ധതി.
- കൈത്തറി ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിനുള്ള പദ്ധതി.
- നെയ്ത്തുകാർക്കും അനുബന്ധതൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി.
- കൈത്തറി മേഖലയിലെ സ്വയംതൊഴിൽ സഹായ പദ്ധതി.
- പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള അവാർഡ് പദ്ധതി.
- കൈത്തറി മേഖലയിലെ നെയ്ത്തുകാർക്കും അനുബന്ധത്തൊഴിലാളികൾക്കും മാനസികോല്ലാസത്തിനുവേണ്ടി ക്രിയാത്മക വേദിയൊരുക്കുന്നതിനുള്ള വീവേഴ്സ് ഫെസ്റ്റ്.
- മഹാത്മാഗാന്ധി ബാങ്കർ ബീമാ യോജന എന്ന പേരിൽ കൈത്തറി നെയ്ത്തുകാർക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.
- ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

(ബി) വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ താഴെപ്പറയുന്നു:-

1. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായിട്ടുള്ള വിവിധ ലൈസൻസുകൾ ലഭിക്കുന്നതിന് ഓൺലൈൻ അപേക്ഷ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
2. വ്യവസായ ലൈസൻസുകൾ 30 ദിവസത്തിനകം ലഭിക്കുന്നതിനായി സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആൻഡ് ട്രാൻസ്പെരൻസി (K-SWIFT) സംവിധാനം.

3. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി സംരംഭകരെ സഹായിക്കുന്നതിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് സംരംഭകത്വ സഹായപദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ സംരംഭകർക്ക് ലഭ്യമാക്കുന്നുണ്ട്.

- പൊതുവിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% അല്ലെങ്കിൽ പരമാവധി 20 ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. വനിതാ സംരംഭകർക്കും യുവസംരംഭകർക്കും സ്ഥിരമൂലധനത്തിന്റെ 20% വരെ അല്ലെങ്കിൽ 30 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്നു.

- മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്കും കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കിയ സംരംഭകർ ആരംഭിക്കുന്ന സംരംഭങ്ങൾക്കും ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട എന്നീ ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം ലഭിക്കും.

- ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം ലോണെടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾ വ്യവസായ വകുപ്പ് ശിപാർശ ചെയ്യുന്ന വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉല്പാദന പ്രവർത്തനം നടത്തുകയാണെങ്കിൽ സംരംഭക സപ്പോർട്ട് സ്കീം പ്രകാരം അർഹമായ സഹായത്തിന്റെ 50% വരെ പരമാവധി 3 ലക്ഷം രൂപ വരെ സ്റ്റാർട്ടപ്പ് സപ്പോർട്ടായി നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം ഒരു സംരംഭകന് പരമാവധി 30 ലക്ഷം രൂപ വരെ സബ്സിഡിക്ക് അർഹതയുണ്ട്.

4. 5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപമുള്ള നാനോ/ഗാർഹിക സംരംഭങ്ങൾക്ക് അവർ എടുത്തിട്ടുള്ള ടേം വായ്പയുടെ വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നുണ്ട്. വനിതകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ഈയിനത്തിൽ 8% വരെ സബ്സിഡിയായി നൽകുന്നുണ്ട്.

5. തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ ഇത്തരം സംരംഭങ്ങളെ കണ്ടെത്തി പീഡിത വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ ധനസഹായവും നൽകി പുനരുദ്ധരിക്കുന്നതിന് പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്നു.

6. കരകൗശല മേഖലയിലെ സംരംഭകർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനായി അവരുടെ സ്ഥിരമൂലധനത്തിന്റെ 40%, പരമാവധി 2 ലക്ഷം രൂപ വരെ ജനറൽ വിഭാഗത്തിനും 50% പരമാവധി 3 ലക്ഷം രൂപ വരെ വനിതകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സബ്സിഡിയായി അനുവദിച്ചുവരുന്നുണ്ട്.

7. പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി, സംരംഭക വികസന ക്ലബ്ബുകൾ, ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ, സംരംഭകത്വ ബോധവൽക്കരണ പദ്ധതി, സംരംഭകത്വ വികസന പദ്ധതി, നിക്ഷേപക സംഗമം, ടെക്നോളജി ക്ലിനിക്ക്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങി വിവിധ പരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

8. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിൽനിന്നും വ്യാപാരയോഗ്യമായ ഉല്പന്നങ്ങളുടെ സംരംഭകർക്ക് സ്ഥാപനം തുടങ്ങുന്നതിനായി 35 കോടി രൂപ വരെ വായ്പ ഇനത്തിൽ നൽകി വരുന്നു. ബാങ്ക് പലിശ നിരക്കുകളിൽ വരുന്ന മാറ്റത്തിനനുസരിച്ച് പലിശ നിരക്കിൽ ഇളവ് അനുവദിക്കുന്നുമുണ്ട്. കൂടാതെ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യവുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യുവ സംരംഭകർക്ക് 25 ലക്ഷം രൂപ വരെ മൂലധനസഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. ഈ വായ്പ ഒരു വർഷത്തേയ്ക്കുള്ള സോഫ്റ്റ് ലോൺ ആയിട്ടാണ് അനുവദിക്കുന്നത്. കൂടാതെ വനിതസംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലപ്പെടുത്തുന്നതിനും പുതിയത് തുടങ്ങുന്നതിനുമായി 25 ലക്ഷം രൂപ വരെ 6 വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതിയും നിലവിലുണ്ട്.

9. ഇപ്പോൾ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഇന്ററസ്റ്റ് സബ്-വെൻഷൻ സ്കീം എന്ന പദ്ധതി പ്രകാരം വ്യവസായ എസ്റ്റേറ്റുകൾ/പാർക്കുകൾ, വ്യവസായ വികസന മേഖലകൾ എന്നിവിടങ്ങളിൽ സംരംഭങ്ങൾ തുടങ്ങുന്നവർക്ക് അവർക്ക് അലോട്ട് ചെയ്യുന്ന ഭൂമിയുടെ വിലയുടെ 10% ഇ.എം.ഡി. ആയും ബാക്കി 40% ലീസ് പ്രീമിയത്തിന്റെ ഒന്നാം ഗഡുവായും അടയ്ക്കണം. ബാക്കി 50% ലീസ് പ്രീമിയം 5 വർഷത്തിനുശേഷം അടച്ചാൽ മതിയാകും. ഇപ്രകാരം നിക്ഷേപകർക്ക് വ്യവസായ മൂലധനം സമാഹരിക്കുന്നതിനും സംരംഭം ലാഭകരമായി കൊണ്ടുപോകുന്നതിനും കഴിയും.

10. വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര വ്യവസായ പാർക്കുകൾ സ്ഥാപിച്ച് അടിസ്ഥാന സൗകര്യങ്ങളൊരുക്കി വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുവരുന്നു. ഏകജാലക സംവിധാനം വഴി വ്യവസായം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനവും വ്യവസായ പാർക്കുകളിൽ കിൻഫ്ര നടപ്പിലാക്കിയിട്ടുണ്ട്.

11. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള മിനി വ്യവസായ എസ്റ്റേറ്റുകളിൽ യൂണിറ്റുകൾ തുടങ്ങുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിന് അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ അനുമതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

കൈത്തറി മേഖലയിലെ വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി സ്വയംതൊഴിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഒരാൾക്ക് സ്വന്തമായോ പങ്കാളിത്തമായോ കമ്പനി ആയോ സ്വയം സഹായ സംഘമായോ കൈത്തറി മേഖലയിൽ ഒരു യൂണിറ്റ് ആരംഭിക്കുന്നതിനും അതുവഴി നെയ്ത്തുകാർക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും പുതിയ ഡിസൈനുകൾ, ഉല്പന്നങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും സാധിക്കുന്നു. വ്യവസായ സംരംഭകർക്ക് മാർജിൻ മണി സഹായം, ട്രെയിനിംഗ് & മാർക്കറ്റിംഗ് സഹായം എന്നിവ ടി പദ്ധതിയിലൂടെ കൈത്തറി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി ലഭ്യമാക്കുന്നു. ടി പദ്ധതി പ്രകാരം സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും പ്രവർത്തന മൂലധനത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും സർക്കാർ ധനസഹായമായി നൽകുന്നു.

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങളെ പരിപോഷിപ്പിക്കുന്നതിനായി സംരംഭകത്വ സഹായ പദ്ധതി പ്രകാരം 2016-17-ൽ 34,26,459 രൂപയും 2017-18-ൽ 13,69,743 രൂപയും 2018-19-ൽ 30,24,631 രൂപയും 2019-20-ൽ 13,50,000 രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2016-17, 2017-18, 2018-19 കാലയളവുകളിൽ ഓരോ നിക്ഷേപക സംഗമം നടത്തി. ഇവയ്ക്ക് യഥാക്രമം രൂപ 25,000, 30,000, 32,189 എന്ന നിരക്കിൽ ചെലവഴിച്ചിട്ടുണ്ട്. സംരംഭക ബോധവൽക്കരണ പരിപാടി 2016-17-ൽ രണ്ടെണ്ണവും 2017-18-ൽ മൂന്നെണ്ണവും 2018-19-ൽ മൂന്നെണ്ണവും 2019-20-ൽ ഒരെണ്ണവും നടത്തി. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംരംഭകർക്കായി 2018-19 കാലയളവിൽ 2 സെമിനാറുകളും സംഘടിപ്പിച്ചു. പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016 മുതൽ 16 സംരംഭങ്ങൾക്കായി ബാങ്ക് വായ്പ ഇനത്തിൽ 115 ലക്ഷം രൂപയും മാർജിൻ മണി ഗ്രാന്റിനത്തിൽ 37.57 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

ഒറ്റപ്പാലത്ത് വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കി സ്ഥലത്തിന്റെ അലോട്ട്മെന്റ് തുടങ്ങിയിട്ടുണ്ട്. ഇവിടെ കിൻഫ്രയുടെ ഡിഫൻസ് പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഒറ്റപ്പാലം മിനി വ്യവസായ എസ്റ്റേറ്റിൽ ഡിജിറ്റൽ സർവ്വേ നടത്തി അധിക ഭൂമി കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി അവിടത്തെ യൂണിറ്റുകളുടെ വികസനത്തിനായി ഉപയോഗിക്കാവുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കൈത്തറി മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

എക്സിബിഷൻ ഗ്രാന്റ് - 40,000

കലാപരമായ കൈത്തറി - 1,90,000

അംശദാനമിതവ്യയ ഫണ്ട് (സി.റ്റി.എഫ്.)- 66,914

ഉല്പാദന പ്രചോദന പരിപാടി - 5,84,344

റിബേറ്റ് - 2,92,643

**വ്യവസായങ്ങൾ ആരംഭിക്കാൻ അനുമതി**

144 (556) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് കോടി രൂപവരെ മുതൽ മുടക്കുള്ളതും വലിയ മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതുമായ വ്യവസായങ്ങൾ ലൈസൻസോ പെർമിറ്റോ ഇല്ലാതെ ആരംഭിക്കുന്നതിന് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി നിലവിലുള്ള ഏതൊക്കെ നിയമങ്ങളിലാണ് ഭേദഗതി വരുത്തേണ്ടത് എന്നറിയിക്കാമോ;

(സി) ഇക്കാര്യത്തിനായി വ്യവസായ വകുപ്പിൽ പ്രത്യേക സെൽ ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) വ്യവസായ പുരോഗതി മുന്നിൽക്കണ്ട് സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി

"2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" എന്ന പേരിൽ നിയമനിർമ്മാണം നടത്തിയിരുന്നു. എന്നാൽ മറ്റ് സംസ്ഥാനങ്ങളിലെ വ്യാവസായിക പുരോഗതിക്കായി നടപ്പിലാക്കിയ നിയമപരിഷ്കാരങ്ങളുടെ ചുവടുപിടിച്ച് 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് കാറ്റഗറിയിൽപ്പെടാത്തതുമായ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/പെർമിറ്റുകളോ തുടങ്ങിയവ നേടുന്നതിന് മൂന്ന് വർഷത്തേയ്ക്ക് ഇളവുകൾ നൽകുന്നതിനായി ഒരു സ്വയം സാക്ഷ്യപത്രം നൽകുന്നതനുസരിച്ച് അപേക്ഷകന് ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgment certificate) നൽകുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അപ്രകാരമുള്ള കാലാവധിക്കുശേഷം നിയമത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യമായ അംഗീകാരങ്ങൾ നേടേണ്ടതാണ്. കൂടാതെ 10 കോടി രൂപയിൽ നിക്ഷേപമുള്ളതും എല്ലാ കാറ്റഗറിയിൽപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിനായി നിലവിലുള്ള '1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിന്" ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു.

## ലാഭത്തിലാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ

145 (557) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നഷ്ടത്തിലായിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഈ സർക്കാർ ലാഭത്തിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

നഷ്ടത്തിലായിരുന്ന 6 പൊതുമേഖലാ സ്ഥാപനങ്ങളെ ഈ സർക്കാർ ലാഭത്തിലാക്കിയിട്ടുണ്ട്. അവ

1. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്
2. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

3. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്
4. ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്
5. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്
6. കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റ്ഡ്

സർക്കാർ തലത്തിലും റിയാബ് മുഖേനയും പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ട് ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും നവീകരിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ

146 (558) <u>ശ്രീ. ജോൺ ഫെർണാണ്ടസ് :</u>
<u>ശ്രീമതി യു. പ്രതിഭ :</u>
<u>ശ്രീ. എം. നൗഷാദ് :</u>
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യയിലും ഉല്പാദന സൗകര്യങ്ങളിലും പരിഷ്കാരങ്ങൾ വരുത്തി പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടലിന്റെ വക്കിലായിരുന്ന കേരള ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസിനെ ലാഭകരമാക്കുകയും മരുന്നുകയറ്റുമതിക്ക് പ്രാപ്തി നേടുംവിധം വിപുലീകരിക്കാനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) തകർച്ചയിലായിരുന്ന കെ.എ.എൽ. -ൽ ഇലക്ട്രിക് ഓട്ടോറിക്ഷ നിർമ്മാണവും ഇലക്ട്രിക് ബസ് നിർമ്മാണവും സാധ്യമാകും വിധം അത്യാധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്ന പ്രവർത്തനം പൂർത്തിയായോ; ഓട്ടോകാസ്റ്റ്, കൊല്ലം മീറ്റർ കമ്പനി തുടങ്ങിയവയ്ക്ക് കൈവരിക്കാനായ നേട്ടം അറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ തലത്തിലും റിയാബ് മുഖേനയും പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ട് ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. കൂടാതെ സ്ഥാപനങ്ങളിലെ വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ 10 കോടി രൂപ മുടക്കി പുതിയ ബീറ്റാലാക്ടം ഇൻജക്ഷൻ പ്ലാന്റ് സ്ഥാപിക്കുകയും 3.35 കോടി രൂപ മുതൽമുടക്കുള്ള ആധുനിക ലബോറട്ടറിക്ക് എൻ.എ.ബി.എൽ. അംഗീകാരവും ലഭിച്ചു.

WHO-GMP നടപടിക്രമങ്ങൾ അനുസരിച്ചുള്ള നോൺ ബീറ്റാലാക്ടം മരുന്നുകളുടെ നിർമ്മാണത്തിനുള്ള 32.15 കോടി രൂപയുടെ പ്ലാന്റ് കമ്മീഷൻ ചെയ്ത് വ്യാവസായിക ഉല്പാദനത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

LVP-SVP, PFC ഓഫ്താൽമിക് മരുന്നുകളുടെ നിർമ്മാണത്തിനായി 27 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ ഇലക്ട്രിക് മുച്ചക്ര വാഹനങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇലക്ട്രിക് ആട്ടോയുടെ പ്രൊട്ടോടൈപ്പ് നിർമ്മിച്ച്

ആട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ഇലക്ട്രിക് മുച്ചക്ര വാഹനം നിർമ്മിക്കുന്നതിനായി ARAI-യുടെ അംഗീകാരം ലഭിച്ച സംസ്ഥാന പൊതുമേഖലാ സ്ഥാപനമാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്. മെഷീൻഷോപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ISRO-യിൽനിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ആട്ടോകാസ്റ്റ് ലിമിറ്റഡിൽ സ്റ്റീൽ കാസ്റ്റിംഗ് ലൈനുമായി ബന്ധപ്പെട്ട 12.98 കോടി രൂപയുടെ പ്രോജക്ട് അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പമുള്ള സാന്റ് റിക്ലമേഷൻ പ്ലാന്റ് പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടുണ്ട്. റെയിൽവേ ബോഗി ഫ്രെയിം കാസ്റ്റിംഗ് ട്രയൽ ഓർഡർ പുരോഗമിക്കുകയുമാണ്.

ഇന്ത്യൻ റെയിൽവേയുടെ കീഴിലുള്ള റിസർച്ച് ഡിസൈൻ ആൻഡ് സ്റ്റാൻഡേർഡ്സ് ഓർഗനൈസേഷൻ (RDSO)ന്റെ "A class foundry" -യുടെ അംഗീകാരം ലഭിച്ചു. കാസിനബ് ബോഗിയുടെ പ്രോട്ടോടൈപ്പ് വികസിപ്പിച്ചെടു-ത്തതിന്റെ ഫലമായി ഇന്ത്യൻ റെയിൽവേയുടെ ഡെവലപ്മെന്റ് ഓർഡറിൽ L1 സ്ഥാനം കരസ്ഥമാക്കി. ഇതോടൊപ്പം തന്നെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി കമ്പനിയിൽ ആധുനികവൽക്കരണ പദ്ധതികൾ പുരോഗമിക്കുകയാണ്.

യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ സ്മാർട്ട് എനർജി മീറ്ററുകളും എൽ.ഇ.ഡി. തെരുവ് വിളക്കുകളും നിർമ്മിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിച്ചു. സ്മാർട്ട് എനർജി മീറ്ററുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനും മീറ്ററുകളുടെ രൂപകല്പന നടത്തുന്നതിനും വേണ്ടി C-DAC-ഉമായി കരാറിൽ ഏർപ്പെട്ടു.

ജി.പി.എസ്. അധിഷ്ഠിത വാഹന ട്രാക്കിംഗ് ആൻഡ് സ്പീഡ് മോണിറ്ററിംഗ് സംവിധാനം കമ്പനിയിൽ വികസിപ്പിച്ചെടുത്ത് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

147 (559) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ച വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭകരമല്ലാത്തവ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. വ്യവസായവകുപ്പിന്റെ അധീനതയിൽ 2018-19 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ലാഭകരമല്ലാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ |
|---|---|
| 1 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| 2 | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 3 | കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| 4 | സെയിൽ എസ്.സി.എൽ. കേരള ലിമിറ്റഡ് |
| 5 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് |
| 6 | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |
| 7 | ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| 8 | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| 9 | ദി കാനന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 10 | ദി ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 11 | ദി ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 12 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 13 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 14 | ദി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 15 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 16 | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |

| | |
|---|---|
| 17 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 18 | ദി കേരള സിറാമിക്സ് ലിമിറ്റഡ് |
| 19 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് |
| 20 | കേരള ക്ലെയിസ് ആൻഡ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് |
| 21 | ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് |
| 22 | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 23 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 24 | ഹാന്റക്സ് |
| 25 | ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 26 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 27 | കെൽപ്പാം |
| 28 | മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 29 | പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 30 | കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |

**പൊതുമേഖലാ സ്ഥാപനങ്ങൾ**

148 (560) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ സഹകരണ മേഖലയിലുള്ളവ ഉൾപ്പെടെ 45 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ 16 സ്ഥാപനങ്ങൾ പ്രവർത്തനലാഭം കൈവരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ദുഃസ്ഥിതി

149 (561) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ദുഃസ്ഥിതിക്ക് പരിഹാരം കാണുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) കമ്പനി സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സംരക്ഷിക്കാൻ സർക്കാർ ഭാഗത്തുനിന്നും ഒരു നീക്കവും തുടങ്ങിയിട്ടില്ല എന്ന ആക്ഷേപത്തിന് സഹായകരമായ നിലപാടാണ് കെ.എസ്.ഇ.ബി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ കമ്പനിയോട് കാണിക്കുന്ന മനോഭാവം എന്ന ആക്ഷേപം പരിശോധിക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിൽ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയാണ്.

നിലവിൽ എച്ച്.എൻ.എൽ.-ന്റെ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ, ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനായി ഡൽഹിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എച്ച്.എൻ.എൽ.-ന് എതിരെയുള്ള ഇൻസോൾവൻസി കേസിൽ സംസ്ഥാന സർക്കാരും അപേക്ഷ നൽകിയിട്ടുണ്ട്. സർക്കാരിന് ഈ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുള്ള സമയം ചോദിച്ചതിൻപ്രകാരം 8-11-2019 വരെ സമയം ലഭിച്ചിട്ടുണ്ട്.

ഈ കമ്പനിയുടെ പ്രവർത്തനത്തിന് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ നൽകുന്നത് കൂടാതെ വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജ്ജിനത്തിലുള്ള കുടിശ്ശിക അടയ്ക്കുന്നതിന് സാവകാശം കാലാകാലങ്ങളായി നൽകിയിട്ടുണ്ട്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ 37,39,30,253 രൂപ 25-10-2019 വരെ നിലവിലുണ്ട്. 5-1-2019-നുശേഷം എച്ച്.എൻ.എൽ. വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ തുകയൊന്നും അടയ്ക്കാത്ത സാഹചര്യത്തിലാണ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ളത്.

## ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

150 (562) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ നഷ്ടത്തിലായിരുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ലാഭത്തിലായ പൊതുമേഖല സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ ലാഭം സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 32 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ ലാഭം സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | 2018-19 (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കേരള മിനറൽസ് ആന്‍ഡ് മെറ്റൽസ് ലിമിറ്റഡ് | 16,328.76 |
| 2 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 3579.05 |
| 3 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 1837.22 |
| 4 | ട്രാൻസ്ഫോർമേഴ്സ് ആന്‍ഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 799.10 |
| 5 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 113.07 |
| 6 | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 105.20 |

**ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

151 (563) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു; വ്യക്തമാക്കുമോ;

(ബി) 2018-19-ൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് പേരുസഹിതം വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ 2018-19-ലെ ലാഭം ആകെ എത്ര കോടിയാണ്; അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിൽ 8 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ |
|---|---|
| 1 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 3 | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 4 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് |
| 5 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 6 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 7 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| 8 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് |

(ബി) 2018-19 സാമ്പത്തിക വർഷത്തെ അവലോകന പ്രകാരം താഴെപ്പറയുന്ന 12 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ |
|---|---|
| 1 | ദി കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് |
| 2 | ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 3 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| 4 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 6 | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് |
| 7 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് |
| 8 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| 9 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 10 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 11 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| 12 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് |

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2018-19-ലെ മൊത്തം ലാഭം 8.26 കോടി രൂപയാണ്.

**തെലങ്കാനയ്ക്ക് ട്രാൻസ്ഫോമർ നിർമ്മിക്കാൻ ടെൽക്കിന് ഓർഡർ**

152 (564) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെലങ്കാനയിലെ കാളേശ്വരം പദ്ധതിക്ക് ട്രാൻസ്ഫോർമർ നിർമ്മിച്ച് നൽകുന്നതിനുള്ള ഓർഡർ ടെൽക്കിന് ലഭിച്ചിട്ടുണ്ടോ;

(ബി) എത്ര കോടി രൂപയുടെ ഓർഡറാണ് ലഭിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) എത്ര മെഗാവാട്ട് ശേഷിയുള്ള ട്രാൻസ്ഫോർമറുകളാണ് ടെൽക് നിർമ്മിച്ച് നൽകുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 384.17 കോടി രൂപയുടെ ഓർഡറാണ് ലഭിച്ചത്.

(സി) 315 MVA, 160 MVA, 120 MVA, 50 MVA, 25 MVA എന്നിങ്ങനെ മെഗാവാട്ട് ശേഷിയുള്ള ട്രാൻസ്ഫോർമറുകളാണ് ടെൽക് നിർമ്മിച്ച് നൽകുന്നത്.

**സാമ്പത്തികമാന്ദ്യവും വ്യാവസായിക ഉല്പാദനവും**

153 (565) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് രാജ്യത്തെ വ്യാവസായിക ഉല്പാദനം ഗണ്യമായി ചുരുങ്ങിയെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിക്ഷേപം ആകർഷിക്കുന്നതിനായി കോർപ്പറേറ്റ് നികുതി അടക്കം വെട്ടിക്കുറച്ച് വൻകിട നിക്ഷേപകർക്ക് അനുകൂലമായ നടപടി കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടും പ്രതീക്ഷിച്ച വളർച്ച കൈവരിക്കുവാൻ വ്യാവസായിക മേഖലയ്ക്ക് കഴിയുന്നില്ലായെന്നത് ആശങ്ക ജനിപ്പിക്കുന്ന വസ്തുതയാണോയെന്ന് വെളിപ്പെടുത്താമോ;

(സി) സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് വ്യവസായ മേഖലയിൽ നിന്നുള്ള നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് വരുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ആലപ്പുഴ ജില്ലയിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

154 (566) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പ് നാളിതുവരെ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

ആലപ്പുഴ ജില്ലയിൽ ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

സംരംഭകത്വ സഹായ പദ്ധതി പ്രകാരം 240 ഗുണഭോക്താക്കൾക്ക് 1091 ലക്ഷം രൂപ സബ്സിഡിയായി നൽകി. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം 62 ഗുണഭോക്താക്കൾക്ക് 7.62 ലക്ഷം രൂപയും അനുവദിച്ചുനൽകി. പ്രധാനമന്ത്രി തൊഴിൽദാന പദ്ധതി പ്രകാരം 228 ഗുണഭോക്താക്കൾക്കായി 528.45 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

2016-17-ലെ കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിലുൾപ്പെടുത്തി സംരംഭകത്വ വികസന പദ്ധതി പ്രകാരം 40 ഗുണഭോക്താക്കൾക്കായി ഒരു പരിപാടി സംഘടിപ്പിച്ചു. ജില്ലാതലത്തിൽ 110 പേർക്കായി ഒരു സംരംഭകസംഗമവും താലൂക്ക് തലത്തിൽ 365 സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് 6 സംരംഭകസംഗമവും നടത്തി.

2017-18-ലെ കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിലുൾപ്പെടുത്തി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങളും നൂതന ആശയങ്ങളും സംരംഭകർക്ക് പ്രദാനം ചെയ്യുന്ന ടെക്നോളജി ക്ലിനിക്ക് എന്ന ഒരു പരിപാടി 80 ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുകയുണ്ടായി. സംരംഭകത്വ വികസന പദ്ധതി പ്രകാരം 80 ഗുണഭോക്താക്കൾക്കായി ഒരു പരിപാടി സംഘടിപ്പിച്ചു. ജില്ലാതലത്തിൽ 105 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സംരംഭകസംഗമവും താലൂക്ക് തലത്തിൽ 480 സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട്

6 സംരംഭകസംഗമവും താലൂക്കുതലത്തിൽ 480 സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് 6 സംരംഭകസംഗമവും നടത്തി. 1396 ഗുണഭോക്താക്കൾക്കായി 33 സംരംഭകത്വ ബോധവൽക്കരണ പരിപാടിയും നടത്തി. അഭ്യസ്ത വിദ്യരും എന്നാൽ തൊഴിൽരഹിതരുമായ യുവാക്കൾക്കായി നൈപുണ്യ വികസന പരിശീലനം നൽകുന്ന പദ്ധതിയായ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം 25 യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുകയുണ്ടായി. കൂടാതെ ഒരു വ്യവസായ പ്രദർശനവും നടത്തി.

2018-19 കാലയളവിൽ 1370 ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 23 വ്യവസായ സെമിനാറുകളും ജില്ലാതലത്തിൽ 110 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സംരംഭകസംഗമവും താലൂക്ക് തലത്തിൽ 419 സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് 6 സംരംഭകസംഗമവും നടത്തി. 193 പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ടെക്നോളജി ക്ലിനിക്ക് എന്ന പരിപാടി 3 എണ്ണവും ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം 26 യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ടും നടത്തുകയുണ്ടായി. സംരംഭകത്വ വികസന പദ്ധതി പ്രകാരം 111 ഗുണഭോക്താക്കൾക്കായി 2 പരിശീലന പരിപാടി സംഘടിപ്പിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് 150 ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 2 ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്.

മേൽ വിവരിച്ചിരിക്കുന്ന പദ്ധതി/പരിപാടികളിലൂടെ ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ 37790.1 ലക്ഷം രൂപ മുതൽമുടക്കിൽ 4014 വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും ഇതിലൂടെ 13056 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ചേർത്തലയിൽ സ്ഥാപിക്കുന്ന മെഗാഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിക്കുകയാണ്.

വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ കൊല്ലക്കടവിലുള്ള മേജർ വ്യവസായ എസ്റ്റേറ്റിന്റെ നവീകരണത്തിനായി 78 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. അതിൻപ്രകാരം ടി എസ്റ്റേറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 8 വ്യവസായ ഷെഡ്ഡുകളും ഒരു ടോയ്ലറ്റ് ബ്ലോക്കും ഇവിടെ പണിയുന്നുണ്ട്. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള മാരാരിക്കുളം മിനിവ്യവസായ എസ്റ്റേറ്റിൽ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാനുള്ള നടപടികളും നടന്നുവരുന്നു.

## വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

155 (567) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിനായി കേരള നിക്ഷേപ പ്രോത്സാഹന ബ്യൂറോ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിയമപരമായ അനുമതി വൈകുന്നത് കാരണം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പത്ത് കോടി രൂപ വരെ മുതൽ മുടക്ക് ഉള്ളതും മലിനീകരണം വലിയ തോതിൽ ഇല്ലാത്തതുമായ വ്യവസായങ്ങൾ ലൈസൻസോ പെർമിറ്റോ ഇല്ലാതെ തുടങ്ങാൻ സാധിക്കും വിധം നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) വ്യവസായ നിക്ഷേപം ആകർഷിക്കാനും വ്യവസായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാലതാമസം കൂടാതെ പരിഹരിക്കാനും ഉന്നതതല നിക്ഷേപ ഉപദേശക കൗൺസിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അതോടൊപ്പംതന്നെ നിലവിലുള്ള 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്താനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

## ഇ-ഓട്ടോ

156 (568) <u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സ്വന്തമായി ഇ-ഓട്ടോ നിർമ്മിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ഓട്ടോ ഏതൊക്കെ വിധത്തിലാണ് കുറഞ്ഞ ചെലവിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നതും പരിസ്ഥിതി സൗഹൃദവും ആയിത്തീരുന്നതെന്നും വിശദമാക്കുമോ;

(സി) ഇ-ഓട്ടോയുടെ സാങ്കേതികവശങ്ങളും രൂപഭംഗിയും ഈടും സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(ഡി) ഭാവിയിൽ പ്രധാന നഗരങ്ങളിൽ ഈ-ഓട്ടോ മാത്രമായി പരിമിതപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡാണ് വാഹനം നിർമ്മിക്കുന്നത്.

(ബി) ബാറ്ററി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതുകൊണ്ട് കുറഞ്ഞ ചെലവിലും പരിസ്ഥിതി സൗഹൃദമായും ഉപയോഗിക്കാൻ കഴിയും. ഇതുമൂലം അന്തരീക്ഷമലിനീകരണവും ശബ്ദമലിനീകരണവും കുറയുന്നു. കൂടാതെ കിലോ മീറ്ററിന് 50 പൈസ മാത്രമേ ഗതാഗത ചെലവ് വരികയുള്ളൂ. അറ്റകുറ്റ പണികൾക്കുള്ള ചെലവും തുലോം കുറവാണ്.

(സി) ഇലക്ട്രിക് ആട്ടോയിൽ എഞ്ചിനുപകരമായി ഉപയോഗിക്കുന്നത് ഇലക്ട്രിക് മോട്ടോറുകളാണ്. ഈ മോട്ടോറുകളുടെ പ്രവർത്തനഫലമായിട്ടാണ് വാഹനം ഓടുന്നത്. മോട്ടോർ ഉപയോഗിച്ച് വാഹനമോടിക്കുന്ന സാങ്കേതിക വിദ്യയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്.

(ഡി) സംസ്ഥാനത്ത് പ്രധാന നഗരങ്ങളിൽ ഇ-ഓട്ടോ മാത്രമായി പരിമിതപ്പെടുത്തുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

## വ്യവസായ സ്ഥാപനങ്ങളുമായി സഹകരണത്തിന് സ്റ്റാർട്ടപ്പുകൾക്ക് അനുമതി

157 (569) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് സമ്മേളനമായ ഹഡിൽ കേരള 2019 സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പ്രസ്തുത സമ്മേളനത്തിനുശേഷം പ്രമുഖ വ്യവസായ സ്ഥാപനങ്ങളുമായി സഹകരണത്തിൽ ഏർപ്പെടുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് അനുമതി നല്കിയോ ; വ്യക്തമാക്കുമോ ;

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള പുത്തൻ സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നല്കുന്നതിന് സമ്മേളനം ഉപകരിച്ചുവോ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സാങ്കേതിക സ്റ്റാർട്ടപ്പുകൾ, വ്യവസായികൾ, മെന്റർമാർ, നിക്ഷേപകർ, സംരംഭക ആവാസ വ്യവസ്ഥയിലെ സർക്കാർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ടവർ എന്നിവരുടെ സമ്മേളന വേദിയാണ് ഹഡിൽ. ഇന്റർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ (IAMAI)യുടെ സഹകരണത്തോടെ കേരള സ്റ്റാർട്ടപ്പ് മിഷനാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ഇതിന്റെ രണ്ടാമത് സമ്മേളനമായ ഹഡിൽ 2019, സെപ്റ്റംബർ 27, 28 തീയതികളിൽ തിരുവനന്തപുരത്താണ് സംഘടിപ്പിച്ചത്. ദേശീയ-അന്തർദേശീയ തലത്തിൽ പ്രശസ്തരായ പ്രാസംഗികരും സാങ്കേതിക വിദഗ്ധരും ദേശീയ തലത്തിൽ പ്രാധാന്യമുള്ള സ്റ്റാർട്ടപ്പുകളും പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. രണ്ട് ദിവസമായി നടത്തിയ സമ്മേളനത്തിൽ വിവിധ സമ്മേളനങ്ങൾ, നേതൃത്വ ചർച്ചകൾ, സാങ്കേതിക ചർച്ചകൾ, കടൽത്തീര ഹഡിൽ, നിക്ഷേപകരുമായുള്ള ചർച്ചകൾ, സ്റ്റാർട്ടപ്പ് എക്സിബിഷൻ എന്നിവ ഉൾപ്പെടുന്നു. സ്റ്റാർട്ടപ്പുകൾക്ക് വിപണിയുമായും നിക്ഷേപകരുമായും ബന്ധപ്പെടുന്നതിനുമുള്ള അവസരം, ഉൽപ്പന്നങ്ങളുടെ

വിലയിരുത്തലും വ്യാപനവും പ്രദർശനവും നിക്ഷേപകരുമായി നേരിട്ട് സംവദിക്കുന്നതിനുള്ള അവസരം എന്നിവ പങ്കെടുത്ത സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായിട്ടുണ്ട്. ട്വിറ്ററിന്റെ സഹസ്ഥാപകനായ Biz Stone, സീവ് ടെക്നോളജീസ് എന്ന സ്റ്റാർട്ടപ്പിൽ നിക്ഷേപം നടത്തുന്നത് സംബന്ധിച്ച പ്രഖ്യാപനം ഈ പരിപാടിയിൽ വച്ച് നടത്തുകയുണ്ടായി. ഈ പരിപാടിയിൽ പങ്കെടുത്ത 1500 പേരിൽ 900 സ്റ്റാർട്ടപ്പുകളാണ്. ആറ് വ്യവസായ സ്ഥാപനങ്ങൾ സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മത്സരത്തിൽ പങ്കാളിയായി. ഇതുകൂടാതെ, OPPO, Future Group, Wadhwani Foundation, Orbit എന്നീ സ്ഥാപനങ്ങളുമായി വിവിധ തരത്തിലുള്ള സഹകരണത്തിനായി സ്റ്റാർട്ടപ്പ് മിഷൻ ധാരണാ പത്രങ്ങളിലും ഒപ്പുവച്ചു.

(ബി) പ്രസ്തുത സമ്മേളനത്തിലൂടെ VKC, Future Group എന്നീ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള അവസരം മൂന്ന് സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുകയുണ്ടായി.

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ നൂതന സാങ്കേതികവിദ്യകളിലെ വ്യാവസായിക പ്രമുഖർ ഈ പരിപാടിയിൽ പങ്കെടുത്തത് സ്റ്റാർട്ടപ്പുകൾക്ക് പ്രസ്തുത നൂതന സാങ്കേതികവിദ്യകളുമായി പരിചയപ്പെടുന്നതിനും അവ എപ്രകാരം തങ്ങളുടെ സംരംഭകത്തിലൂടെ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് മനസ്സിലാക്കാൻ സഹായകമാകുകയും ചെയ്തു.

## ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി

158 (570) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് കോംപ്ലക്സിൽ പുതുതായി ആരംഭിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സേവനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആറ്റിങ്ങലിൽ ആരംഭിക്കുന്ന പദ്ധതികൾ നിലവിൽ സംസ്ഥാനത്ത് മറ്റ് എവിടെയെല്ലാമാണ് ഉള്ളത്; പദ്ധതിയുടെ ഗുണഫലം പ്രതിവർഷം എത്ര പേർക്ക് ലഭ്യമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് തുറന്ന പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് കോംപ്ലക്സിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് MSME-DI-യുടെ കീഴിലുള്ള PPDC (Process & Product Development Centre) Agra- താഴെപ്പറയുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്നു.

1. പ്രെസിഷൻ മെഷിനറി വർക്ക്ഷോപ്പ് (Precision Machinery Workshop)
2. CAD/CAM ലാബ്. (Computer Aided Design and Computer Aided Manufacture Lab)
3. പ്ലാന്റ് ആൻഡ് മെഷിനറീസ് ഫോർ സ്കിൽ ഫെസിലിറ്റീസ് ഫോർ റബ്ബർ സെക്ടർ (Plant and Machineries for Skill Facilities for Rubber sector)-എന്നിവയുള്ള കോമൺ ഫെസിലിറ്റി സെന്റർ. ഈ പദ്ധതികൾ നിലവിൽ സംസ്ഥാനത്ത് മറ്റെവിടെയുമില്ല. എന്നാൽ സമാന പദ്ധതികൾ Agro-Rural, Solar and Rubber എന്നീ മേഖലകളിൽ തിരുവല്ല, ഏറ്റുമാനൂർ എന്നിവിടങ്ങളിൽ തുടങ്ങാൻ MSME-DI തീരുമാനിച്ചിരിക്കുകയാണ്. പ്രതിവർഷം ഏകദേശം 750 അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കും 100 MSME-കൾക്കും പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതാണ്.

(സി) ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് തുറന്നുപ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് 27-8-2019-ൽ നടന്ന ഉന്നതതല യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും സന്നദ്ധ പ്രവർത്തകരുമായി സഹകരിച്ച് സ്റ്റീൽ കോംപ്ലക്സ് കെട്ടിടങ്ങളും പരിസരവും ശുചീകരിക്കുകയും അത്യാവശ്യമുള്ള അറ്റകുറ്റപ്പണികൾ തീർക്കുകയും വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ നിർമ്മിക്കുന്ന ബഹുനില വ്യവസായ സമുച്ചയം

159 (571) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നതും ഷൊർണ്ണൂർ മണ്ഡലത്തിൽ നിർമ്മിക്കുന്നതുമായ ബഹുനില വ്യവസായ സമുച്ചയത്തിന്റെ 30.17 കോടി രൂപയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഉടൻതന്നെ ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഷൊർണ്ണൂർ ബഹുനില വ്യവസായ സമുച്ചയത്തിന്റെ 30.17 കോടി രൂപയുടെ എസ്റ്റിമേറ്റ് 6-6-2019-ലെ വർക്കിംഗ് ഗ്രൂപ്പിൽ വച്ചിരുന്നെങ്കിലും അംഗീകാരം ലഭിച്ചില്ല.

വ്യവസായ വകുപ്പിന് ഷൊർണ്ണൂരിൽ 17 ഏക്കർ സ്ഥലം ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനേക്കാൾ ലാഭവും ഉചിതവും ഒരു സാധാരണ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതാകുമെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് 28.86 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകാതിരുന്നത്.

## ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ

160 (572) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ സാങ്കേതിക പരിജ്ഞാനം ആർജ്ജിച്ചിട്ടുള്ള യുവജനങ്ങൾക്ക് സ്വയം സംരംഭകരായി മാറുവാൻ പ്രചോദനവും ആത്മവിശ്വാസവും നൽകുന്ന എന്തൊക്കെ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ള ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയുന്ന അടിസ്ഥാനസൗകര്യങ്ങൾ മിനി ഇൻഡസ്ട്രിയൽ പാർക്ക് മാതൃകയിൽ പഞ്ചായത്തുതലത്തിൽ നിർമ്മിക്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സാങ്കേതിക പരിജ്ഞാനം നേടിയവർ ഉൾപ്പെടെയുള്ള യുവജനങ്ങൾക്ക് പൊതുവായി ചുവടെ പറയുന്ന സംരംഭക സഹായ പദ്ധതികൾ അനുവദിച്ചുവരുന്നു.

- സംരംഭക സഹായ പദ്ധതി പ്രകാരം വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.

- സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി. ക്ലബ്ബുകൾ (Entrepreneur Development Club) പ്രവർത്തിച്ചുവരുന്നു.

- സംരംഭകർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

- ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ITI, പോളിടെക്നിക്, ആർട്ട്സ് & സയൻസ് കോളേജ് തലത്തിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ (EAP) നടത്തിവരുന്നു.

- ജില്ലാ തലത്തിൽ അനുയോജ്യമായ മേഖലയിൽ സംരംഭകത്വ വികസന പരിപാടി (EDP) നടത്തിവരുന്നു.

- നിലവിലുള്ള സംരംഭകരും നവ സംരംഭകരും സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളും ഏജൻസികളും തമ്മിലുള്ള ആശയവിനിമയം വഴി നൂതന പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി നിക്ഷേപ സംഗമങ്ങൾ നടപ്പിലാക്കി വരുന്നു.

- എം.എസ്.എം.ഇ. മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും സംരംഭകർക്ക് സാങ്കേതികപരമായി ഉള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി ടെക്നോളജി ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

- ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നൈപുണ്യ വികസന പരിശീലനങ്ങൾ-ക്കൊപ്പം ILO പരിശീലനവും ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം വഴി നൽകുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-9-2019 വരെ 49449 MSME യൂണിറ്റുകൾ ആരംഭിക്കുകയും ഈ യൂണിറ്റിലൂടെ 4418.40 കോടി രൂപയുടെ നിക്ഷേപവും 172979 പേർക്ക് തൊഴിലും ലഭ്യമായിട്ടുണ്ട്.

(സി) തദ്ദേശസ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല വികസനത്തിനായി വ്യവസായ വാണിജ്യ വകുപ്പിന്റെ ധനസഹായത്തോടെ വ്യവസായ പാർക്കുകൾ/എസ്റ്റേറ്റുകൾ/ഗാലകൾ എന്നിവ പി.പി.പി. മോഡലിൽ സ്ഥാപിക്കുന്ന പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.

**ചെറുകിട വ്യവസായ സംരംഭകർക്ക് സഹായം**

161 (573) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായമാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ ലഭിക്കുന്നതിനായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആൻഡ് ട്രാൻസ്പരൻസി) നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പരമാവധി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി വ്യവസായ വകുപ്പ് ചുവടെ വിവരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

I സംരംഭകത്വ സഹായപദ്ധതി

1. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ സഹായമായി നൽകുന്നു. വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന

നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.

2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകുന്നു.

3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു.

4. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

5. വ്യവസായ വകുപ്പ് ശിപാർശ ചെയ്യുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ മുഖേന ടേം ലോൺ ലഭ്യമാക്കി പ്രവർത്തിക്കുന്ന ഉല്പാദന മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതി പ്രകാരം അർഹമായ സഹായത്തിന്റെ 50%, പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ടപ്പ് സപ്പോർട്ടായി നൽകുന്നു.

II നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്/ഗ്രീൻ വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്നുവർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

III തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി

ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും രൂപീകരിച്ചിട്ടുള്ള 'വ്യവസായ മിത്ര' എന്ന എം.എസ്.എം.ഇ. വികസന കമ്മിറ്റി കണ്ടെത്തുന്ന പീഡിത വ്യവസായ സംരംഭങ്ങളെ ധനസഹായം

നൽകി പുനരുദ്ധരിക്കുന്നതിന് പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി (Kerala State MSME Revival and Rehabilitation Scheme) നടപ്പിലാക്കിവരുന്നു.

IV കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

ഡെവലപ്മെന്റ് കമ്മീഷണർ ഫോർ ഹാന്റിക്രാഫ്റ്റ്സ്/ കാഡ്ക്കോ/സുരഭി/ എച്ച്.ഡി.സി.കെ./കെൽപാം/ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ ആർട്ടിസാനായി രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിഭാഗത്തിൽപ്പെട്ട കരകൗശല മേഖലയിലെ ആർട്ടിസാൻമാർക്ക് സ്ഥിരമൂലധനത്തിന്റെ 40% പരമാവധി 2 ലക്ഷം രൂപയും വനിതകൾ/യുവാക്കൾ/എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് 50% പരമാവധി 3 ലക്ഷം രൂപയും അനുവദിക്കുന്ന പദ്ധതിയാണിത്.

കൂടാതെ കിൻഫ്ര മുഖേന സ്ഥാപിച്ചിട്ടുള്ള ചെറുകിട വ്യവസായ പാർക്കുകളിൽ സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**പട്ടുവ്യവസായ പുനഃസംഘടന പദ്ധതി**

162 (574) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടുവസ്ത്ര നിർമ്മാണ മേഖലയിൽ കേരളത്തെ സ്വയംപര്യാപ്തമാക്കാൻ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പട്ടുവ്യവസായ പുനഃസംഘടനാ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഏത് വർഷത്തിലാണ് തയ്യാറാക്കിയതെന്നും എത്ര രൂപയുടെ പദ്ധതിയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയതെന്നും സംസ്ഥാന സർക്കാർ എത്ര ശതമാനം വിഹിതമാണ് നൽകേണ്ടതെന്നും ആയത് നൽകിയോ എന്നും വ്യക്തമാക്കാമോ;

(സി) സിൽക്ക് സമഗ്ര പദ്ധതി തയ്യാറാക്കിയിരുന്നോ; എങ്കിൽ ഏത് വർഷമാണ് തയ്യാറാക്കിയതെന്നും എത്ര രൂപയുടെ പദ്ധതിയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(ഇ) പദ്ധതികൾ നടപ്പാക്കാത്തതിനെതിരെ ആരെങ്കിലും ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നോ എന്നും ഹൈക്കോടതി ഉത്തരവ് എന്തായിരുന്നുവെന്നും പ്രസ്തുത ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(എഫ്) കാസർകോട് മൈലാട്ട് സെറിഫെഡിലെ യന്ത്രങ്ങൾ തുരുമ്പെടുത്തും കെട്ടിടം കാടുമൂടിയും നശിച്ചുകൊണ്ടിരിക്കുന്നതും തൊഴിലാളികൾക്ക് ജോലിയില്ലാത്തതും പ്രായാധിക്യത്താൽ അവശതകളേറി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2015-2016 മുതൽ 2018-2019 വരെയുള്ള പദ്ധതി നടത്തിപ്പിനായി 113.30 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. ഇതിൽ കേന്ദ്രവിഹിതമായി 80 ശതമാനവും (90.95 കോടി രൂപയും) സംസ്ഥാന വിഹിതമായി 20 ശതമാനവുമാണ് (22.35 കോടി രൂപയും) തീരുമാനിച്ചിരുന്നത്. പദ്ധതി പ്രകാരം തുക കേന്ദ്രം അനുവദിച്ച് വ്യവസായ വകുപ്പിന് നൽകിയിട്ടില്ല.

(സി & ഡി) 2019-2020 വർഷത്തേയ്ക്ക് സിൽക്ക് സമഗ്ര കർമ്മ പദ്ധതി തയ്യാറാക്കി ഇതുവരെയും സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

(ഇ) ഹർജി നൽകിയിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന വിഹിതം അനുവദിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണോ എന്നാണ് ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിൽ നിരീക്ഷിച്ചത്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻകാലങ്ങളിൽ സെറിഫെഡിന് ലഭ്യമാക്കിയ പദ്ധതി വിഹിതം ഉദ്ദേശിച്ച ലക്ഷ്യത്തിന് വിനിയോഗിച്ചിട്ടില്ല. കൂടാതെ ഇത് സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ഗുണഭോക്തൃ ലിസ്റ്റും സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുടർന്ന് വിഹിതം അനുവദിക്കാൻ നിർവ്വാഹമില്ലാത്തതാണ്. കൂടാതെ പട്ടുനൂലിനാവശ്യമായ മൾബറി കൃഷിക്കുള്ള ഭൗതിക സാഹചര്യം നിലവിൽ കേരളത്തിലില്ലാത്തതിനാലും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊക്കൂൺ വാങ്ങി കേരളത്തിൽ റീലിംഗ് നടത്തി തിരിച്ച് മറ്റ് സംസ്ഥാനങ്ങളിൽ വിപണനം നടത്തുന്നത് വ്യാവസായികമായി പ്രായോഗികമല്ലാത്തതിനാലും സർക്കാർ ഇക്കാര്യം പുനഃപരിശോധിച്ചിട്ടില്ല. ഈ കാര്യം ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്.

(എഫ്) പരിശോധിച്ചുവരുന്നു.

## നല്ലളം ബാംബൂ ടൈൽ ഫാക്ടറി

163 (575) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നല്ലളത്ത് പ്രവർത്തിക്കുന്ന ബാംബൂ ടൈൽ ഫാക്ടറിയിൽ ഇപ്പോൾ ടൈലുകൾ ഉത്പാദിപ്പിക്കുന്നുണ്ടോ; ഇവിടെ ഉത്പാദനം കുറച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉത്പാദനം കുറഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ ടൈലുകളുടെ ഉല്പാദനം കുറഞ്ഞിട്ടുണ്ട്. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയങ്ങൾമൂലം നല്ലളത്ത് പ്രവർത്തിക്കുന്ന ഹൈടെക്ക് ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിയിലുള്ള മെഷിനറികളെല്ലാംതന്നെ പ്രവർത്തനരഹിതമാകുകയും ഏകദേശം ഒരു കോടി രൂപയുടെ യന്ത്രങ്ങൾ നശിക്കുകയും ചെയ്തിട്ടുള്ളതാണ്. മെഷിനറികളിൽ സംഭവിച്ചിരിക്കുന്ന കേടുപാടുകൾ മുഖാന്തരം ഉദ്ദേശിക്കുന്ന പ്രൊഡക്ഷൻ എടുക്കാൻ സാധിക്കുന്നില്ല.

(ബി) 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയങ്ങൾമൂലം നല്ലളത്ത് പ്രവർത്തിക്കുന്ന ഹൈടെക്ക് ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിയിലുള്ള മെഷിനറികളെല്ലാം തന്നെ പ്രവർത്തനരഹിതമാകുകയും ഏകദേശം ഒരു കോടി രൂപയുടെ യന്ത്രങ്ങൾ നശിക്കുകയും ചെയ്തിട്ടുള്ളതാണ്. മെഷിനറികളിൽ സംഭവിച്ചിരിക്കുന്ന കേടുപാടുകൾ മുഖാന്തിരം ഉദ്ദേശിക്കുന്ന പ്രൊഡക്ഷൻ എടുക്കാൻ സാധിക്കുന്നില്ല. ബാംബൂ ടൈൽ ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുവായ മുള 2560 രൂപ സീനിയറേജ് ചാർജ്ജായിട്ടാണ് ലഭിക്കുന്നത്. അങ്ങനെ ലഭിക്കുന്ന മുള ടൈലാക്കി മാറ്റുമ്പോൾ 40% ഉല്പാദനം മാത്രമേ നടക്കുന്നുള്ളൂ. മാത്രമല്ല ഉല്പാദന ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്ക് മാർക്കറ്റിൽ ബാംബൂ ടൈൽ ലഭ്യമാകുന്നതിനാൽ വൻനഷ്ടം നേരിടുകയാണ്. ഈ സാഹചര്യത്തിൽ മെച്ചപ്പെട്ട ടൈൽസ് നിർമ്മിക്കുന്നതിനാവശ്യമായ പുതിയ സാങ്കേതികവിദ്യയിലൂടെ ക്രഷ്ഡ് ബാംബൂ ബോർഡ് നിർമ്മിച്ച് ഉല്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ വനം വകുപ്പിൽനിന്നും മുള സീനിയറേജ് ചാർജ്ജ് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടിയെടുത്തുവരികയാണ്. ധാരാളം പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ ഓർഡറുകൾ ലഭിക്കുന്നതിനാൽ അവിടെയുള്ള നല്ല ശതമാനം തൊഴിലാളികളെ ഇതിനുവേണ്ടി ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

## പരമ്പരാഗത വ്യവസായമേഖല

164 (576) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ബഹുമുഖ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ) കരകൗശല അപക്സ് സഹകരണ സംഘം (സുരഭി). കേരള സംസ്ഥാന ബാംബൂ വികസന കോർപ്പറേഷൻ, കേരള ബാംബൂ മിഷൻ, കേരള പനയുൽപ്പന്ന വികസന കോർപ്പറേഷൻ (കെൽപാം), കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കയർ വികസന വകുപ്പ്, കശുവണ്ടി വികസന കോർപ്പറേഷൻ എന്നിവ മുഖേന വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കേരളത്തിന്റെ തനത് കരകൗശല വൈദഗ്ധ്യവും തദ്ദേശീയ സാങ്കേതിക വിദ്യകളും അഭിരുചിയും പ്രാദേശിക സംസ്കാരവും ഒരുപോലെ സമ്മേളിക്കുന്ന ഉപജീവന മേഖലയാണ് കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ. കരകൗശലം, കയർ, കൈത്തറി, ഖാദി, കശുവണ്ടി, ബീഡി, ബാംബൂ, പന, വെങ്കല-കളിമൺ പാത്ര നിർമ്മാണം തുടങ്ങിയവയാണ് കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ. മൊത്തം വ്യാവസായിക തൊഴിൽ ശക്തിയുടെ സിംഹഭാഗവും പരമ്പരാഗത തൊഴിലാളികൾ ഉൾക്കൊള്ളുന്നതാണ്. അവരിൽത്തന്നെ ഭൂരിപക്ഷവും വിവിധ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളിൽ പിന്നോക്കം നിൽക്കുന്നവരും മഹാഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളും കൂടിയാണ്.

പ്രധാനപ്പെട്ട ജീവനോപാധിയെന്ന നിലയ്ക്കും പരമ്പരാഗത സാങ്കേതിക വിദ്യയുടെ അനുക്രമമായ വളർച്ചയ്ക്കും സൂക്ഷിപ്പിനും കേരളീയ സാംസ്കാരിക ബന്ധം നിലനിർത്താനും ഉയർന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങളെയും ഉല്പന്നങ്ങളെയും സംരക്ഷിക്കുക തുടങ്ങിയ വിവിധ കാരണങ്ങളാൽ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്.

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി'. എകദേശം അയ്യായിരത്തിലധികം നെയ്ത്ത് തൊഴിലാളികളെയും അത്രത്തോളം അനുബന്ധ തൊഴിലാളികളെയും പദ്ധതിയുടെ ഭാഗമായി സംരക്ഷിക്കാൻ കഴിഞ്ഞു. ഈ അധ്യയന വർഷം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും എയ്ഡഡ് മേഖലയിലെ നാലാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും കൂടി 42 ലക്ഷം മീറ്റർ തുണി ഉല്പാദിപ്പിച്ചത് ഉൾപ്പെടെ കഴിഞ്ഞ മൂന്നുവർഷംകൊണ്ട് 75 ലക്ഷത്തോളം മീറ്റർ തുണി കൈത്തറിയിൽ ഉല്പാദിപ്പിച്ച് നൽകാൻ കഴിഞ്ഞു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും തുറന്നുപ്രവർത്തിപ്പിക്കാനും നെയ്ത്ത് തൊഴിൽ ഉപേക്ഷിച്ചവരെ ഈ മേഖലയിൽ തിരികെ കൊണ്ടുവരുന്നതിനും കഴിഞ്ഞു. ഈ പദ്ധതി വഴി ഇതുവരെ 125 കോടിയോളം രൂപ കൂലിയിനത്തിൽ മാത്രം തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൈത്തറി മേഖലയിൽ തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി 'യുവ വീവ് പദ്ധതി', വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കുംവേണ്ടി 'ഒരു വീട്ടിൽ ഒരു തറി' പദ്ധതി, ആധുനിക ഡിസൈനിൽ കൈത്തറി തുണി ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന ഹാന്റക്സ് വഴിയുള്ള 'കൈത്തറി സുരക്ഷാ' പദ്ധതി, കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിന് സ്ഥിരമൂലധന നിക്ഷേപത്തന്റെ 40% പരമാവധി 4 ലക്ഷം രൂപയും പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും സർക്കാർ ഗ്രാന്റായി നൽകുന്ന 'സ്വയം തൊഴിൽ സംരംഭം' പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ആദ്യമായി ഏറ്റവും മെച്ചപ്പെട്ട കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതലത്തിൽ ഒരു ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50,000 രൂപ വീതവും അടങ്ങുന്ന അവാർഡുകളും പ്രഖ്യാപിച്ച് നൽകുകയുണ്ടായി. കൈത്തറി മേഖലയിൽ നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സർക്കാർ നടത്തിയ "നെയ്ത്തുത്സവം" വേറിട്ട അനുഭവമായിരുന്നു.

കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ വിവിധ ക്രാഫ്റ്റുകളിലായി ഇതുവരെ 1350 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂർകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. 3500-ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ

പ്രയോജനം ലഭിച്ചിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ചെമ്പ്, ഓട്ടുപാത്ര നിർമ്മാണം, മരപ്പണി, വൈക്കോൽ ചിത്ര മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാർക്ക് കണ്ണൂർ ബെൽ മെറ്റൽ ക്രാഫ്റ്റ്, തൃശ്ശൂർ മരാധിഷ്ഠിത ക്രാഫ്റ്റ്, കൊല്ലം വൈക്കോൽ ചിത്ര (സ്ട്രാപിക്ചർ) ക്രാഫ്റ്റ് എന്നീ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചു. കൈത്തൊഴിൽ മേഖലയിൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 5 മുതൽ 6 ശതമാനം വരെ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. കരകൗശല മേഖലയുടെ പുരോഗതിക്കായി 46 എക്സിബിഷനുകൾ, 14 ക്രാഫ്റ്റ് ബസാറുകൾ എന്നിവ സംഘടിപ്പിച്ചു. 2800 ഓളം പേർ പങ്കെടുത്തുകൊണ്ട് 27 ക്രാഫ്റ്റ് അവെയർനെസ് പ്രോഗ്രാം സംഘടിപ്പിച്ചു. കൈരളി ഹാന്റിക്രാഫ്റ്റ് എന്ന പേരിൽ ഓൺലൈൻ മാർക്കറ്റിംഗ് സ്റ്റോറുകൾ ആരംഭിച്ചു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് (KADCO)കീഴിൽ കൈത്തൊഴിൽ മേഖലയിൽ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് സർവ്വീസ് ആൻഡ് സപ്ലൈ സ്കീം നടപ്പാക്കിവരുന്നു. കൈത്തറി മേഖലയ്ക്ക് ആവശ്യമായ തറികൾ നിർമ്മിച്ച് നൽകുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ 500-ൽപ്പരം ഗ്രാമപഞ്ചായത്ത് ഓഫീസുകൾ നവീകരിക്കാൻ കഴിഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ് റൂം നവീകരണവും കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി നിരവധി ആർട്ടിസാൻമാർക്ക് തുടർച്ചയായി ജോലി നൽകാൻ കഴിഞ്ഞു.

മുള മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും തൊഴിലാളികളെ സംരക്ഷിക്കുന്നതിനും കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ അംഗീകൃത ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് 'മിനിമം വേജസ്' പദ്ധതി നടപ്പിലാക്കി. പനമ്പിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചു. പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ', ഈറ്റയിൽനിന്നും അളി കീറി പനമ്പ് നെയ്യേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള സ്ലീവറിംഗ് യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കുകയുണ്ടായി. കൂടാതെ ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. ബാംബൂ ഉല്പന്നങ്ങളായ ഫ്ലാറ്റൻഡ് ബാംബൂ ബോർഡ്, ബാംബൂ ഫ്ലോറിംഗ് ടൈൽസ് എന്നിവ ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽപാം എന്ന സ്ഥാപനത്തെ തകർച്ചയിൽ നിന്നും പുനരുജ്ജീവിപ്പിക്കുന്നതിനായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പെറ്റ് ബോട്ടിൽ പ്ലാന്റ്, പന ഉല്പന്നങ്ങൾ ഉപയോഗിച്ചുള്ള സ്വീറ്റ്സ്, കല്ലേപ്പുള്ളി മോഡേൺ റൈസ് മിൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കേരളത്തിലെ കരകൗശല മേഖലയുടെ വികസനത്തിനുവേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള പാലക്കാട്ടും കണ്ണൂരിലും സംഘടിപ്പിച്ചു.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ച് നടപ്പിലാക്കൽ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചുനൽകിയത്, ഉല്പാദന ഇൻസെന്റീവ് നൂൽ നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയുമായി ഇരട്ടിയാക്കി നൽകിയത്, ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് റെഡി മെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി 'ഖാദി ഗ്രാമം' പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് 'കയർ രണ്ടാം പുനഃസംഘടന'. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉല്പാദനമേഖലയിലും കയർപിരി മേഖലയിലും യന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഇതിനോടകം 75 ഡി ഫൈബറിംഗ് മില്ലുകൾ പ്രവർത്തനം ആരംഭിച്ചു. 500 ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നു. കയർ തൊഴിലാളികൾക്ക് മിനിമം കൂലി 350 രൂപയായി വർദ്ധിപ്പിച്ച് നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ് കശുവണ്ടി ഫാക്ടറികളെല്ലാം തന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം കാപ്പെക്സ് ഫാക്ടറികളെല്ലാം പ്രവർത്തനം ആരംഭിക്കുകയും പ്രവർത്തിച്ചുവരികയുമാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സ്വകാര്യ മേഖലയിലെ അടഞ്ഞു കിടന്നിരുന്ന ഫാക്ടറികളിലെ ആയിരത്തി എഴുന്നൂറോളം സ്ത്രീ തൊഴിലാളികൾക്ക് കാപ്പെക്സ് വഴി ജോലി നൽകി. തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന്

കശുമാവ് കൃഷി സംസ്ഥാനത്തിന് അകത്തും പുറത്തും വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തകർച്ച നേരിടുന്ന കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിന് 25 കോടി രൂപയുടെ പലിശ ധനസഹായപദ്ധതി 2019-20 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. അടച്ചുപൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് ഒരു സമഗ്ര റിവൈവൽ പാക്കേജ് ആവിഷ്കരിച്ച് വിവിധ ബാങ്കുകളുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു.

കേരളത്തിലെ ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികളെ മറികടക്കുന്നതിന് ബീഡി സഹകരണ മേഖലയിൽ വൈവിധ്യവൽക്കരണവും സർക്കാരിൽ അടച്ച നികുതി ഗ്രാന്റായി നൽകുകയും ചെയ്യുന്നു. കൂടാതെ തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ പദ്ധതിയും കേന്ദ്ര സഹകരണ സംഘം നടപ്പിലാക്കി വരുന്നു.

കേരളത്തിലെ കളിമൺ പാത്ര നിർമ്മാണ മേഖലയെ സംരക്ഷിക്കുന്നതിനു വേണ്ടി കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല, സംസ്ഥാനവ്യാപകമായി കളിമണ്ണ് ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് റാ മെറ്റീരിയൽ ബാങ്ക് സഹകരണ നിയമപ്രകാരം വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കൂടാതെ ആധുനിക യന്ത്രവത്കൃത വ്യവസായശാലകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളെക്കാൾ കേരളത്തിലെ പരമ്പരാഗത ഉല്പന്നങ്ങൾ പ്രാചീന കാലം മുതൽ വിദേശ രാജ്യങ്ങളിൽ പ്രശസ്തമാണ്. ഇത്തരം ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും വിദേശ-സ്വദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനും സഹകരണം ഉറപ്പിക്കാനും ഈ മേഖലകളുടെ വികസനത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**റൈസ് പാർക്കുകൾ**

165 (577) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-19 വർഷം എത്ര റൈസ് പാർക്കുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രഭുറാം മില്ലിൽ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിന്റെ പുരോഗതി വ്യക്തമാക്കാമോ;

(സി) നിർവ്വഹണ ഏജൻസിയായി കിറ്റ്കോയേയും സ്പെഷ്യൽ ആഫീസറായി കിൻഫ്രാ അപ്പാരൽ പാർക്ക് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ഡി) പ്രഭ്രറാം മില്ലിൽ നിന്ന് റൈസ് ടെക്നോളജി പാർക്കിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 വർഷം പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിലായി 3 റൈസ് പാർക്കുകളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്.

(ബി-ഡി) ആലപ്പുഴ ജില്ലയിൽ പ്രഖ്യാപിച്ച ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനായി പ്രഭുറാം മില്ലിൽ ലഭ്യമായ 5.22 ഏക്കർ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കിറ്റ്കോ ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പ്രാഥമിക പഠനം നടത്തുകയും പദ്ധതിക്കായി കരട് അടങ്കൽ തുകയായി 4138.24 ലക്ഷം രൂപയും കണക്കാക്കിയിട്ടുണ്ട്. ഈ പ്രോജക്റ്റിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനം അറിയിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല ബഹുമാനപ്പെട്ട ചെങ്ങന്നൂർ നിയോജക മണ്ഡലം എം.എൽ.എ. കിറ്റ്കോ, നോഡൽ ഓഫീസർ, കെ.എസ്.റ്റി.സി. മാനേജിംഗ് ഡയറക്ടർ എന്നിവർ സംയോജിത സൈറ്റ് ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## **റാന്നി റബ്ബർ പാർക്ക്**

166 (578) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായികരംഗത്ത് പിന്നോക്കം നിൽക്കുന്നതും റബ്ബർ ഉൽപ്പാദനത്തിൽ മുന്നിൽ നിൽക്കുന്നതുമായ പത്തനംതിട്ട ജില്ലയിലെ റാന്നി കേന്ദ്രമാക്കി പ്രഖ്യാപിച്ച റബ്ബർ പാർക്കിന്റെ പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് പ്രവർത്തനം ആരംഭിക്കാൻ വൈകുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഇതിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി ആരെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും ഇതിന്റെ പുരോഗതിയും വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനു മുൻപ് റബ്ബർപാർക്ക് യാഥാർത്ഥ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാരിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനു മുൻപ് കിൻഫ്രയുടെ ഏതെങ്കിലുമൊരു വ്യവസായ സ്ഥാപനം ഇവിടെ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ പെരുനാട് വില്ലേജിൽ എ.വി.റ്റി. കമ്പനി വക, ദി മിഡ് ലാൻഡ് റബ്ബർ & പ്രൊഡ്യൂസ് കമ്പനി ലിമിറ്റഡിന്റെ പേരിലുള്ള സ്ഥലത്തിൽ ഉൾപ്പെട്ട പുറമ്പോക്ക് കണ്ടെത്തി റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. റബ്ബർ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് എ.വി.റ്റി. കമ്പനിക്കെതിരെ ശ്രീദേവി ശാസ്താ ക്ഷേത്രത്തിനുവേണ്ടി ശ്രീ. എൻ. ശശി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.34185/15 കേസ് നിലനിൽക്കുന്നതിനാൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. സ്ഥലമെടുപ്പ് നടപടികൾക്കായി പത്തനംതിട്ട ജില്ലാ കളക്ടറെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

(സി) പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകാനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഡി) റബ്ബർ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് എ.വി.റ്റി. കമ്പനിക്കെതിരെ ശ്രീദേവി ശാസ്താ ക്ഷേത്രത്തിനുവേണ്ടി ശ്രീ. എൻ. ശശി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.34185/15 കേസ് നിലനിൽക്കുന്നതിനാൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ഇ) പദ്ധതിക്ക് അനുയോജ്യമായ ഭൂമി ലഭിക്കുന്ന പക്ഷം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്യാൻ സാധിക്കും.

## വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി. പാർക്കുകൾ

167 (579) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര ഐ.റ്റി. പാർക്കുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഐ.റ്റി. പാർക്കുകളുടെ നിയന്ത്രണമുള്ള ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഔദ്യോഗിക ഫോൺനമ്പർ, ഇ-മെയിൽ ഐഡി ഇവ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ ഐ.റ്റി. പാർക്കുകൾ നിലവിലില്ല. എന്നാൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടത്തുള്ള ഫിലിം & വീഡിയോ പാർക്കിൽ 25 ഏക്കറിലായി ഐ.ടി. അധിഷ്ഠിത സംരംഭങ്ങൾക്കായി ഒരു പ്രത്യേക സാമ്പത്തിക മേഖല സജ്ജീകരിച്ചിട്ടുണ്ട്.

## തിരുവമ്പാടി വ്യവസായ പാർക്ക്

168 (580) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട തിരുവമ്പാടി വ്യവസായ പാർക്കിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവമ്പാടി മണ്ഡലത്തിൽ കിൻഫ്രയുടെ കീഴിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി 100 ഏക്കർ ഭൂമി ജില്ലാതല ലാൻഡ് സെലക്ഷൻ കമ്മിറ്റി കണ്ടെത്തിയിരുന്നു. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

## ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്

169 (581) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) നടപ്പുസാമ്പത്തിക വർഷം സ്ഥലമെടുപ്പിനായി അനുവദിച്ച 42 കോടി രൂപയിൽ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും എത്ര ഏക്കർ ഭൂമി ഇതുവരെ കെ.എസ്.ഐ.ഡി.സി ഏറ്റെടുത്തുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാർക്ക് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ 100 ഏക്കർ സ്ഥലത്ത് ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് അടിയന്തരമായി സ്ഥാപിക്കുന്നതിനായി നാളിതുവരെ 11.87 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. സ്ഥലമെടുപ്പിനായി അനുവദിച്ച 41.47 കോടി രൂപയിൽനിന്നും ഇതുവരെ 19.03 കോടി രൂപയുടെ ആധാരം കെ.എസ്.ഐ.ഡി.സി.-യുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## കേരള സോപ്സിന്റെ സ്ഥലങ്ങളിൽ വ്യവസായ വകുപ്പിന്റെ പദ്ധതികൾ

170 (582) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കേരള സോപ്പ്സിന്റെ അധീനതയിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ യൂണിറ്റായ കോഴിക്കോട് കേരള സോപ്സിന്റെ അധീനതയിൽ നിലവിൽ സ്ഥലങ്ങളൊന്നും ഒഴിഞ്ഞുകിടക്കുന്നില്ല. എന്നാൽ പ്രവർത്തനരഹിതമായ കേരള സോപ്സ് ആൻഡ്

ഓയിൽസ് ലിമിറ്റഡിന്റെ വസ്തുവകകൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന് കൈമാറിയതിനെത്തുടർന്ന് ലഭിച്ച കോഴിക്കോട് ഗാന്ധി റോഡിലെ 337.58 സെന്റ് സ്ഥലം കിൻഫ്രയും ഇൻകലും ചേർന്ന് ഒരു സംയുക്ത സംരംഭം തുടങ്ങുന്നതിന് ഇൻകൽ-കിൻഫ്ര ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് ലിമിറ്റഡിന് നൽകിയിട്ടുണ്ട്.

## കോഴിക്കോട് ചെറുവണ്ണൂരിൽ പ്രവർത്തിക്കുന്ന സ്റ്റീൽ കോംപ്ലക്സ്

171 (583) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചെറുവണ്ണൂരിൽ പ്രവർത്തിക്കുന്ന സെയിൽ എസ്.സി.എൽ. (സ്റ്റീൽ കോംപ്ലക്സ്) കേന്ദ്ര സ്ഥാപനമായ സെയിലിൽ നിന്നും ബില്ലറ്റുകൾ ലഭ്യമാകാത്തതിനാൽ പൂർണ്ണമായും പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര ഉരുക്ക് മന്ത്രാലയത്തിന്റെയും കേരള സർക്കാരിന്റെയും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെയും ആഭിമുഖ്യത്തിൽ കമ്പനിയിൽ ഉല്പാദനം പുനരാരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

## ഗെയിൽ പൈപ്പ് ലൈൻ പദ്ധതി

172 (T*584) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ;

(സി) എന്നത്തേയ്ക്ക് ഈ പദ്ധതി പൂർത്തിയാകുമെന്ന് അറിയിക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ഉത്തരം

(എ) ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ ഒന്നാം ഘട്ടം (48 കി.മീ.) 2013-ൽ എറണാകുളം ജില്ലയിൽ കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ടമായ കൊച്ചി-മാംഗ്ലൂർ (444 കി.മീ.) പൈപ്പ് ലൈനിന്റെ കൊച്ചി മുതൽ കൂറ്റനാട് വരെ (97 കി.മീ.) 2019 ജൂണിൽ കമ്മീഷൻ ചെയ്തു. കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള 347 കി.മീറ്ററിൽ പ്രധാനമായും 5 നദികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി മാത്രമേ ബാക്കിയുള്ളൂ. കൂറ്റനാട്-വാളയാർ സെക്ഷനിൽ (ബാംഗ്ലൂർ ലൈൻ-93.8 കി.മീ.) 78% വെൽഡിംഗ് പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി) കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലൂടെ കടന്നുപോകുന്ന 507 കി.മീ. ദൈർഘ്യമുള്ള കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ രണ്ടാം ഘട്ടം 2011-ൽ ആരംഭിച്ചുവെങ്കിലും ചില എതിർപ്പുകൾമൂലം നിർത്തിവെച്ച പദ്ധതി 2016-ലാണ് പുനരാരംഭിച്ചത്. പ്രസ്തുത പദ്ധതി തടസ്സരഹിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ നഷ്ടപരിഹാരത്തുക ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിൻ പ്രകാരം ഉപയോഗാവകാശ ഭൂമിയുടെ നഷ്ടപരിഹാരം ന്യായവിലയുടെ 50 ശതമാനത്തിൽ നിന്നും 100 ശതമാനമായി വർദ്ധിപ്പിക്കുകയും 10 സെന്റിൽ താഴെമാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ പൈപ്പ് ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസ ധനമായി നൽകുകയും ചെയ്തു. കൂടാതെ നെൽ വയലുകൾക്കുള്ള നഷ്ടപരിഹാരം സെന്റ് ഒന്നിന് 3761 രൂപ വച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജില്ലകളിലെ തെരഞ്ഞെടുത്ത പോലീസ് സേനാംഗങ്ങളുടെ ഒരു കർമ്മസേനയ്ക്ക് രൂപം കൊടുത്തു. ഈ കർമ്മസേനയെ 5 വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്ക അകറ്റി വിജയകരമായി അവരെ ബോധവൽക്കരിക്കാനും സാധിച്ചു.

(സി) പദ്ധതി 2019 ഡിസംബറിൽ കമ്മീഷൻ ചെയ്യാനാണ് ഗെയിൽ വിഭാവനം ചെയ്യുന്നത്.

## ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി

173 (585) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്നും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എത്ര രൂപ ഇതുവരെയായി ഭൂവുടമകൾക്ക് നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കേരളത്തിൽ ഒന്നാം ഘട്ടമായ 48 കി.മീ. 2013-ൽ എറണാകുളം ജില്ലയിൽ കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ടമായ കൊച്ചി-മാംഗ്ലൂർ (444 കി.മീ.) പൈപ്പ് ലൈനിന്റെ കൊച്ചി മുതൽ കൂറ്റനാട് വരെ (97 കി.മീ.) 2019 ജൂണിൽ കമ്മീഷൻ ചെയ്തു. കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള 347 കി.മീറ്ററിൽ പ്രധാനമായും 5 നദികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി മാത്രമേ ബാക്കിയുള്ളൂ. കൂറ്റനാട്-വാളയാർ സെക്ഷനിൽ (ബാംഗ്ലൂർ ലൈൻ-93.8 കി.മീ.) 78% വെൽഡിംഗ് പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി) കണ്ണൂർ ജില്ലയിൽ പൈപ്പ് ലൈനിന്റെ ആകെ നീളം 83.5 കി.മീറ്റർ ആണ്. ആകെയുള്ള 83.5 കി.മീറ്ററിലും പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. കണ്ണൂർ ജില്ലയിൽ നാളിതുവരേയ്ക്കും ഭൂമിയിലെ വിളകൾക്കും നാശനഷ്ടങ്ങൾക്കുമായി 40.86 കോടി രൂപയും ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയുടെ വിലയായി 1.93 കോടി രൂപയും ഭൂവുടമകൾക്ക് നൽകിക്കഴിഞ്ഞു. 10 സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് 5 ലക്ഷം രൂപ പാക്കേജ് ഇനത്തിൽ 1.05 കോടി രൂപയും നൽകിയിട്ടുണ്ട്.

## മെറ്റൽ ഇൻഡസ്ട്രീസ് എം.ഡി. നിയമനം

174 (586) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് വ്യവസായ വകുപ്പിലാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലാണോ സംസ്ഥാനത്തെ ഏറ്റവും മുതിർന്ന ഐ.പി.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഷൊർണ്ണൂരിലെ മെറ്റൽ ഇൻഡസ്ട്രീസിന്റെ മേധാവിയായി നിയമിച്ചത്;

(ബി) മെറ്റൽ ഇൻഡസ്ട്രീസിൽ നിലവിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ എന്താക്കെയാണ്;

(സി) ഏതു സാഹചര്യത്തിലും മൂർച്ച പോകാത്ത വാക്കത്തിയും അരിവാളും കോടാലിയും ഒക്കെ കർഷകർക്കായി ഉണ്ടാക്കി കൊടുക്കുകയാണ് തന്റെ ലക്ഷ്യമെന്ന് ചുമതല ഏറ്റെടുക്കുന്ന വേളയിൽ പുതിയ എം.ഡി. പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കുറഞ്ഞത് രണ്ട് വർഷമെങ്കിലും നിലവിലെ ഉദ്യോഗസ്ഥനെ പ്രസ്തുത സ്ഥാനത്ത് നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കണ്ടെത്തിയിട്ടില്ല.

(ബി) കാർഷിക ഉപകരണങ്ങളാണ് മെറ്റൽ ഇൻഡസ്ട്രീസിൽ നിലവിൽ ഉല്പാദിപ്പിക്കുന്നത്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ഡെപ്യൂട്ടേഷൻ നിയമനം

175 (587) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽനിന്ന് ആനുകൂല്യം കൈപ്പറ്റി സ്വയം വിരമിച്ചവരെയും താഴ്ന്ന തസ്തികകളിൽ ജോലി ചെയ്യുന്നവരെയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പൊതുമേഖല സ്ഥാപനങ്ങളിൽ ഉയർന്ന തസ്തികകളിൽ നിയമിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) അഞ്ചുവർഷത്തിലധികം ഡെപ്യൂട്ടേഷൻ നൽകരുതെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായും സമാന തസ്തികയിലേയ്ക്ക് മാത്രമേ ഡെപ്യൂട്ടേഷൻ അനുവദിക്കാവൂ എന്നുമുള്ള വ്യവസ്ഥകൾ ലംഘിച്ചും വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും പൊതുമേഖല സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ നിയമനം നൽകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ചട്ടവിരുദ്ധ ഡെപ്യൂട്ടേഷൻ**

176 (588) ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. സി. എഫ്. തോമസ്:

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചട്ടവിരുദ്ധ ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയം സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് അഞ്ച് വർഷത്തിൽ കൂടുതൽ ഡെപ്യൂട്ടേഷൻ നിയമനം പാടില്ല എന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ;

(സി) ഡെപ്യൂട്ടേഷനിലുള്ള ഒരു സ്ഥാപന മേധാവിക്ക് തന്നെ അധിക ചുമതല നൽകുന്ന പ്രവണത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ -സി) വിവരം ശേഖരിച്ചുവരുന്നു.

**ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ്**

177 (589) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും അതിൽ ഓഫീസർ / തൊഴിലാളികളുടെ എണ്ണവും പ്രത്യേകം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ 2016 മുതൽ 2019 വരെയുള്ള മൂന്ന് വർഷത്തെ ലാഭ നഷ്ട കണക്കുകൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ മാനേജിംഗ് ഡയറക്ടറുടെ തസ്തിക വിജിലൻസ് ഡയറക്ടറുടെ തസ്തികക്ക് തുല്യമാക്കി ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിലവിൽ 40 ജീവനക്കാരുണ്ട്. അതിൽ 4 പേർ ഓഫീസർമാരും 36 പേർ തൊഴിലാളികളുമാണ്.

(ബി) ലാഭ നഷ്ട കണക്ക്

| വർഷം | നഷ്ടം (ലക്ഷത്തിൽ) |
|---|---|
| 2016-17 | (258.99) |
| 2017-18 | (234.35) |
| 2018-19 | (185.74)-(Unaudited) |

(സി) ഉണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ചെയർമാൻ കം മാനേജിംഗ് ഡയറക്ടറുടെ തസ്തിക, 2016-ലെ ഐ.പി.എസ്.(പേ) റൂൾസിലെ ചട്ടം 12 പ്രകാരം വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ കേഡർ തസ്തികയുടെ പദവിക്കും ഉത്തരവാദിത്തങ്ങൾക്കും തുല്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.) സംസ്ഥാനത്തെ വിജിലൻസ് ഡയറക്ടറുടെ തസ്തിക ഡയറക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ കേഡർ തസ്തികയാണ്. ശ്രീ. ജേക്കബ് തോമസ് ഐ.പി.എസ്., ഡയറക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ഉദ്യോഗസ്ഥനായതിനാൽ, ടിയാന് ഡയറക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കുന്നതിന് വേണ്ടിയാണ് ടിയാനെ ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ചെയർമാൻ കം മാനേജിംഗ് ഡയറക്ടറായി നിയമിച്ചുകൊണ്ടുള്ള ഉത്തരവിൽ ചെയർമാൻ കം മാനേജിംഗ് ഡയറക്ടറുടെ തസ്തിക വിജിലൻസ് ഡയറക്ടറുടെ തസ്തികയ്ക്ക് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

## റാന്നി മണ്ഡലത്തിൽ കിൻഫ്രയ്ക്ക് ലീസിന് നൽകിയ ഭൂമി

178 (590) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ ഉതിമൂട്ടിൽ എത്ര ഏക്കർ സ്ഥലമാണ് കിൻഫ്രയ്ക്ക് ലീസിന് ലഭിച്ചിട്ടുള്ളത്; ഏതുവർഷമാണ് ലഭിച്ചത് എന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രതിവർഷം എത്ര രൂപയാണ് പാട്ടത്തുക നിശ്ചയിച്ചിട്ടുള്ളത്; ഭൂമി ലീസിന് ലഭിച്ചതു മുതൽ ഇതേവരെ പാട്ടത്തുക ഇനത്തിൽ അടച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും വർഷത്തെ പാട്ടത്തുക കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ ഭൂമിയിൽ എന്ത് സ്ഥാപനം നടത്താനാണ് കിൻഫ്ര നിശ്ചയിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) അപ്പാരൽ പാർക്ക് യാഥാർത്ഥ്യമാകാത്ത സാഹചര്യത്തിൽ മറ്റെന്ത് വ്യവസായ സ്ഥാപനം നടത്തുന്നതിനാണ് കിൻഫ്ര തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. 2011-ലാണ് കിൻഫ്രയ്ക്ക് ഭൂമി കൈമാറിയിട്ടുള്ളത്.

(ബി) പ്രതിവർഷം പാട്ടത്തുക ഇനത്തിൽ 24,856 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രതിവർഷം 24,856 രൂപ നിരക്കിൽ 2011 മുതൽ 2018 വരെയുള്ള വർഷങ്ങളിൽ പാട്ടത്തുക ഇനത്തിൽ അടച്ചിട്ടുണ്ട്.

(സി) 2019-20 വർഷത്തെ പാട്ടത്തുക അടച്ചിട്ടില്ല.

(ഡി) പ്രസ്തുത സ്ഥലത്ത് ഒരു റൂറൽ അപ്പാരൽ പാർക്ക് സ്ഥാപിക്കാനാണ് കിൻഫ്ര നിശ്ചയിച്ചിരുന്നത്.

(ഇ) 14-10-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 311/2019/റവ. പ്രകാരം മൂന്ന് വർഷം കൂടുമ്പോൾ പാട്ടക്കരാർ പുതുക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ 30 വർഷത്തെ പാട്ടവ്യവസ്ഥയിൽ ഭൂമി ലഭിച്ചാൽ, പ്രസ്തുത സ്ഥലത്ത് വ്യവസായങ്ങൾക്കുള്ള ഫാക്ടറി കെട്ടിടം നിർമ്മിക്കാനാണ് നിലവിൽ പദ്ധതിയുള്ളത്.

**ഇലക്ട്രോണിക് ഗവേഷണ കേന്ദ്രം**

179 (591) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ സ്മാരകമായി ഇലക്ട്രോണിക് ഗവേഷണ കേന്ദ്രവും ഇലക്ട്രോണിക് മ്യൂസിയവും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്താക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ സ്മാരകമായി ഇലക്ട്രോണിക് ഗവേഷണ കേന്ദ്രവും ഇലക്ട്രോണിക് മ്യൂസിയവും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇ-ടെണ്ടർ മുഖാന്തരം കെട്ടിട നിർമ്മാണത്തിനുള്ള കോൺട്രാക്ട് നൽകി. കെട്ടിട നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**വ്യവസായ വകുപ്പിന്റെ സ്ഥലം ലീസിന്**

180 (592) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കള്ളിക്കുന്നിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 48 സെന്റ് സ്ഥലം ലീസിന് നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് ലീസിന് നൽകിയതെന്നും ലീസിന് നൽകാനുണ്ടായ സാഹചര്യമെന്തെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ലീസിന് നൽകിയ നടപടി റദ്ദ് ചെയ്ത് വ്യവസായ ആവശ്യത്തിന് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന് ലീസിന് നൽകണമെന്നത് സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മെ. ബേസ് ലാൻഡ് ടെക്സ്റ്റിക്സ്, ഒളവണ്ണ എന്ന സ്ഥാപനത്തിന് ലീസിന് നൽകിയിട്ടുണ്ട്. ലീസിന് നൽകാനുണ്ടായ സാഹചര്യം ചുവടെ കുറിക്കുന്നു.

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കള്ളിക്കുന്നിൽ വ്യവസായ വകുപ്പിന്റെ അധീനതിയിലുള്ള 48 സെന്റ് ഭൂമി ഓട്ടുപാത്ര നിർമ്മാണ തൊഴിലാളികൾക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതിനായി 1968-ൽ ബെൽ മെറ്റൽ സർവ്വീസ് സെന്റർ എന്ന സ്ഥാപനത്തിന് ആർ.ഐ.പി. പദ്ധതി പ്രകാരം നൽകിയിരുന്നു. ടി സ്ഥാപനം പിന്നീട് വർഷങ്ങളോളം പ്രവർത്തന രഹിതമായി കിടന്നതിനാൽ 1975-ൽ ഒളവണ്ണയിലെ ശ്രീ. സി. അബൂബക്കർ എന്നയാൾക്ക് ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ടിയാൻ സംരംഭം തുടങ്ങാതെ പിൻമാറിയതിനെ തുടർന്ന് ഭൂമി തിരിച്ചു പിടിക്കുകയും

ശ്രീ. ദാസ് എന്നയാൾക്ക് ആർ.ഐ.പി. പദ്ധതി പ്രകാരം പ്രസ്തുത സ്ഥലം അനുവദിക്കുകയും ചെയ്തു. പക്ഷേ, ടിയാനും സംരംഭം ആരംഭിക്കാതിരുന്നതിനാൽ 24-10-1988-ൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ ഉത്തരവുപ്രകാരം പ്രസ്തുത ഭൂമിയുടെ മേൽനോട്ട ചുമതല കോഴിക്കോട് ബ്ലോക്ക് വ്യവസായ ഓഫീസറെ ഏൽപ്പിക്കുകയും ചെയ്തു. 2004-ൽ പ്രസ്തുത ഭൂമി കോഴിക്കോട് ഹൽവാ ക്ലസ്റ്ററിനായി ഒരു കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്യുകയുമുണ്ടായി. എന്നാൽ റവന്യൂ വകുപ്പ് നിശ്ചയിച്ച ഭൂമിവില നൽകി ടി ഭൂമിയും സ്ഥാപനവും ഏറ്റെടുക്കാൻ ക്ലസ്റ്റർ അംഗങ്ങൾ തയ്യാറാകാത്തതിനാൽ ടി പദ്ധതിയും ഉപേക്ഷിച്ചിരുന്നു. പിന്നീട് ഒളവണ്ണയിലുള്ള തണൽ എന്ന സ്വാശ്രയ സംഘം വ്യവസായം ആരംഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതിരേഖ സമർപ്പിക്കാൻ നിർദ്ദേശിച്ചു. പക്ഷേ, സംഘത്തിന്റെ പേരിൽ വിപുലമായ പ്രോജക്ട് ആരംഭിക്കുന്നതിനുള്ള സാങ്കേതികവും പ്രായോഗികവുമായ തടസ്സം കാരണം പ്രസ്തുത സംഘം ഇതിൽനിന്ന് പിൻമാറുകയുണ്ടായി. തുടർന്ന് തണൽ എന്ന സംഘത്തിന്റെ തന്നെ ഭാരവാഹികൾ ബേസ് ലാൻഡ് ടെക്നിക്സ് എന്ന ഒരു പാർട്ടണർഷിപ്പ് സ്ഥാപനത്തിന് രൂപം നൽകുകയും സിമന്റ് ബ്രിക്സ്, ഇന്റർലോക്ക്, കോൺക്രീറ്റ് ഡോർ, ജനൽ എന്നിവ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കാൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി പ്രോജക്ട് ജില്ലാതല പ്രോജക്ട് അപ്രൈസൽ കമ്മിറ്റി പരിശോധിക്കുകയും ആയത് ശിപാർശ ചെയ്യുകയുമുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ മെ. ബേസ് ലാൻഡ് ടെക്നിക്സിന് 27-10-2015-ൽ പ്രസ്തുത ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിച്ചു നൽകുകയും ചെയ്തു.

(ബി) ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷ അനന്തര നടപടികൾക്കായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

**കൊരട്ടിയിലെ വൈഗൈ ത്രഡ്സിന്റെ ഭൂമി തിരിച്ചെടുക്കൽ**

181 (593) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനി പ്രവർത്തനം അവസാനിപ്പിച്ച് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ സർക്കാർ കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയ സ്ഥലം തിരിച്ചെടുക്കുന്നതിനും ആയത് മറ്റ് വികസന ആവശ്യങ്ങൾക്ക് അനുവദിച്ചു നൽകുന്നതിനും കമ്പനിയിലെ മുൻതൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊരട്ടി വൈഗൈ ത്രഡ്സ് പ്രൊസ്സസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ കമ്പനിക്ക് സർക്കാർ പാട്ട വ്യവസ്ഥയിൽ നൽകിയിരുന്ന $84.85^{1/2}$ ഏക്കർ ഭൂമിയിൽ $7.85^{1/2}$ ഏക്കർ ഭൂമി എൻ.എച്ച്. വിപുലീകരണത്തിനും ഒരു ഏക്കർ ഭൂമി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും കൈമാറിയതിന് ശേഷം ബാക്കിനിൽക്കുന്ന 76 ഏക്കർ ഭൂമിയിൽ 45.43 ഏക്കർ സ്ഥലം റവന്യൂവകുപ്പ് തിരികെ എടുക്കുകയും അതിൽ 30 ഏക്കർ ഭൂമി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് ഐ.ടി. വകുപ്പിന് കൈമാറുകയും ചെയ്തു. അവശേഷിക്കുന്ന 30.57 ഏക്കർ ഭൂമിയും റവന്യൂ വകുപ്പ് തിരികെ എടുത്ത് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പരിസമാപ്തീകരണം ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലാണ്. അതുകൊണ്ടുതന്നെ കമ്പനിയുടെ മുഴുവൻ ആസ്തികളും ഒഫീഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. സർക്കാർ പാട്ടം റദ്ദ് ചെയ്ത് ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല.

ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂമിയിൽ പ്രവേശിക്കാൻ കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതാണ്.

വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് സഹായം ലഭ്യമാക്കുന്നതിന് 11-7-2018-ന് ചേർന്ന യോഗതീരുമാന പ്രകാരം തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ഒരു പാക്കേജ് ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നുവെങ്കിലും നിലവിലുള്ള കോടതി വ്യവഹാരത്തിനു ശേഷമേ ഇക്കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

## റബ്ബർ അധിഷ്ഠിത വ്യവസായം

182 (594) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിലേക്കുള്ള സാദ്ധ്യതാ പഠനം നടത്തുന്നതിന് കെ-ബിപ്പ്- നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സാദ്ധ്യതാ പഠനം നടത്തുന്നതിന് കെ-ബിപ്പ് നാളിതുവരെയായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നെടുമങ്ങാട് റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിലേയ്ക്കുള്ള സാധ്യതാ പഠനം നടത്തി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ 5-9-2019-ലെ നമ്പർ 246/ജി2/2019/വ്യവ. കത്ത് പ്രകാരം കെ-ബിപ്പ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പുറമെ നിന്നുള്ള ഒരു വിദഗ്ദ്ധ ഏജൻസി മുഖേനയാണ് പ്രസ്തുത സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ തുക കണ്ടെത്തി വിദഗ്ദ്ധ ഏജൻസിയെ തെരഞ്ഞെടുത്ത് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിന് കെ-ബിപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പാറ ഖനനത്തിന്റെ നിരോധനം

183 (595) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് പാറ ഖനനത്തിന് നിരോധനം ഏർപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത നിരോധനം പിൻവലിക്കുന്നതിന് മുമ്പ് എന്തെങ്കിലും ശാസ്ത്രീയപഠനം നടത്തിയിരുന്നോ എന്ന് അറിയിക്കുമോ;

(സി) ക്വാറികളും ഖനനങ്ങളും വ്യാപകമായ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും കാരണമാകുന്നതിനാൽ ഖനന നിരോധനം പിൻവലിച്ച നടപടി പുന:പരിശോധനക്ക് വിധേയമാക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 9-8-2019 മുതൽ 21-8-2019 വരെ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഖനനത്തിന് നിരോധനം ഏർപ്പെടുത്തിയിരുന്നു. 2016-ലെ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനിലെ ഖണ്ഡിക 3.21.1 പ്രകാരം മൺസൂൺ സമയത്ത് രണ്ട് ദിവസം നിർത്താതെ തുടർച്ചയായി മഴ പെയ്യുന്ന സാഹചര്യമുണ്ടെങ്കിൽ ഖനികളിലെ ബ്ലാസ്റ്റിംഗ് നിർത്തിവയ്ക്കേണ്ടതാണെന്നും ഒരു ദിവസമെങ്കിലും മഴ ഒട്ടും പെയ്യാതിരിക്കുന്ന സാഹചര്യത്തിൽ ഖനികളിൽ പ്രവർത്തനം ആരംഭിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. നിരോധനം പിൻവലിച്ചപ്പോഴും അതാത് ജില്ലാ കളക്ടർമാരുടെ നിരോധന ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പാലിക്കേണ്ടതുണ്ടെന്ന വ്യവസ്ഥയിലാണ് നിരോധന ഉത്തരവ് പിൻവലിച്ചത്.

**തോട്ടം മേഖലയിലെ ക്വാറികൾ**

184 (596) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമിയിൽ ഖനനം പാടില്ലായെന്ന ഹൈക്കോടതി വിധിയിൽ ക്വാറി ഉടമകൾ നൽകിയിരുന്ന അപ്പീൽ സുപ്രീംകോടതി തള്ളിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭൂപരിഷ്കരണനിയമത്തിൽ വ്യാവസായിക ഭൂമിക്കുള്ള ഇളവ് ക്വാറികൾക്ക് കിട്ടുകയില്ലായെന്നുള്ള സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 15 ഏക്കറിൽ കൂടുതലുള്ള ക്വാറികൾ ഒരു വ്യക്തിക്ക് കൈവശം വയ്ക്കുവാൻ സാധിക്കാത്ത അവസ്ഥ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി കരിങ്കൽ ഖനനത്തിന് അനുമതി നൽകുവാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കത്തിന് സുപ്രീംകോടതി വിധി തിരിച്ചടിയായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ക്വാറികൾ തോട്ടം മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ഇ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഭൂപരിഷ്കരണ നിയമപ്രകാരം 15 ഏക്കറിൽ കൂടുതൽ ഭൂമി വാണിജ്യ ആവശ്യങ്ങൾക്കായി കൈവശം വയ്ക്കാൻ ലഭിക്കുന്ന ഇളവ്, ക്വാറി പ്രവർത്തനങ്ങൾക്ക് ബാധകമല്ലായെന്ന് 16-11-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. കെ. എച്ച്. നാസർ എന്ന വ്യക്തി ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. എന്നാൽ 30-9-2019-ലെ വിധിന്യായം പ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് ശരിവയ്ക്കുകയും അപ്പീൽ തള്ളുകയും ചെയ്തിരുന്നു.

(സി) 30-9-2019-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന്, ആയത് സംബന്ധിച്ച നിയമവശം വിശദമായി പരിശോധിച്ച ശേഷം മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) 16-11-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചതിനുശേഷം, റവന്യൂ രേഖകളിൽ "തോട്ടം" എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ ഖനനം അനുവദിക്കുന്നതിന് താലൂക്ക് ലാൻഡ് ബോർഡിൽ നിന്നുള്ള Exemption നിർബന്ധമാക്കിയിരുന്നു. പ്രസ്തുത വിധി പുറപ്പെടുവിക്കുന്നതിന് മുമ്പ് ക്വാറിയിംഗ് ഒരു Commercial Activity ആയി പരിഗണിക്കാമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവാണുണ്ടായിരുന്നത്. അതിനാൽ 16-11-2018-ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്ന രേഖകൾ പ്രകാരം ഭൂമി Assigned Land ആണോ Paddy and Wet Land Act-ന്റെ പരിധിയിൽ വരുന്ന ഭൂമിയാണോ എന്ന് മാത്രമാണ് പരശോധിച്ചിരുന്നത്. ആയതിനാൽ, "തോട്ടം" വിഭാഗത്തിൽപ്പെടുന്ന ഭൂമിയിൽ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് കൃത്യമായ വിവരം പരിശോധിച്ച് തിട്ടപ്പെടുത്തേണ്ടതുണ്ട്.

(ഇ) കോടതി ഉത്തരവ് ലഭ്യമായതിനുശേഷം അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമാക്കി തുടർനടപടി പരിശോധിക്കാൻ കഴിയുകയുള്ളൂ.

## പിറവം നിയോജകമണ്ഡലത്തിലെ ക്വാറികൾ

185 (597) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ താലൂക്ക് പരിധിയിൽ പിറവം നിയോജകമണ്ഡലത്തിൽ 2017-2018, 2018-2019 വർഷങ്ങളിൽ എത്ര വീതം പാറ/മണൽ/മണ്ണ് ക്വാറികൾ യഥാക്രമം പ്രവർത്തിച്ചിരുന്നു/പ്രവർത്തിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) അതിൽ അനുമതികളോടെ പ്രവർത്തിച്ചിരുന്ന/പ്രവർത്തിച്ചു വരുന്നവയുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(സി) പുതുതായി അനുമതി തേടിയിട്ടുള്ള പാറ/മണൽ/മണ്ണ് ക്വാറികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)

| 2017-18 | | 2018-19 | |
|---|---|---|---|
| ധാതു | എണ്ണം | ധാതു | എണ്ണം |
| കരിങ്കൽ (ക്വാറിയിംഗ് പെർമിറ്റ്) | 16 | കരിങ്കൽ (ക്വാറിയിംഗ് പെർമിറ്റ്) | 21 |
| കരിങ്കൽ (ക്വാറിയിംഗ് ലീസ്) | 5 | കരിങ്കൽ (ക്വാറിയിംഗ് ലീസ്) | 5 |
| ഓർഡിനറി എർത്ത് (മണ്ണ്) (ക്വാറിയിംഗ് പെർമിറ്റ്) | 4 | ഓർഡിനറി എർത്ത് (മണ്ണ്) (ക്വാറിയിംഗ് പെർമിറ്റ്) | 4 |
| മണൽ ഖനനത്തിന് 2017-18, 2018-19 വർഷങ്ങളിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ എറണാകുളം ജില്ലാ ആഫീസിൽനിന്നും അനുമതി നൽകിയിട്ടില്ല. | | | |

(ബി)

<table>
<tr><th></th><th colspan="2">2017-18<br>(കരിങ്കൽ ക്വാറി)</th><th colspan="2">2017-18<br>(കരിങ്കൽ ക്വാറി)</th></tr>
<tr><td>പഞ്ചായത്ത്</td><td>ക്വാറിയിംഗ് പെർമിറ്റ്</td><td>ക്വാറിയിംഗ് ലീസ്</td><td>ക്വാറിയിംഗ് പെർമിറ്റ്</td><td>ക്വാറിയിംഗ് ലീസ്</td></tr>
<tr><td>മാറാടി</td><td>1</td><td>1</td><td>1</td><td>0</td></tr>
<tr><td>തിരുമാറാടി</td><td>3</td><td>0</td><td>2</td><td>1</td></tr>
<tr><td>മണീട്</td><td>4</td><td>0</td><td>3</td><td>0</td></tr>
<tr><td>പാലക്കുഴ</td><td>1</td><td rowspan="2">1(രണ്ട് പഞ്ചായത്തുകൾ ചേർന്നുള്ള സ്ഥലം)</td><td>2</td><td>1</td></tr>
<tr><td>ആരക്കുഴ</td><td>2</td><td>3</td><td>1</td></tr>
<tr><td>കൂത്താട്ടുകുളം</td><td>1</td><td>0</td><td>1</td><td>0</td></tr>
<tr><td>കല്ലൂർക്കാട്</td><td>1</td><td>2</td><td>1</td><td>0</td></tr>
<tr><td>പാമ്പാകുട & പിറവം മുനിസിപ്പാലിറ്റി</td><td>1</td><td>0</td><td>1</td><td>1</td></tr>
<tr><td>പായിപ്ര</td><td>1</td><td>0</td><td>4</td><td>0</td></tr>
<tr><td>ഇലഞ്ഞി</td><td>1</td><td>0</td><td>0</td><td>1</td></tr>
<tr><td>അയവന</td><td>0</td><td>0</td><td>2</td><td>0</td></tr>
<tr><td>രാമമംഗലം</td><td>0</td><td>0</td><td>1</td><td>0</td></tr>
<tr><td>മൂവാറ്റുപുഴ മുനിസിപാലിറ്റി</td><td>0</td><td>1</td><td>0</td><td>0</td></tr>
<tr><td colspan="3">2017-18 സാധാരണ മണ്ണിനുള്ള അനുമതി (ക്വാറിയിംഗ് പെർമിറ്റ്) ഓണക്കൂർ പഞ്ചായത്ത്-3<br>തിരുമാറാടി പഞ്ചായത്ത്-1</td><td colspan="2">2018-19 സാധാരണ മണ്ണിനുള്ള അനുമതി (ക്വാറിയിംഗ് പെർമിറ്റ്)<br>തിരുമാറാടി പഞ്ചായത്ത്-1<br>വാളകം പഞ്ചായത്ത്-2<br>പാമ്പാകുട പഞ്ചായത്ത്-1</td></tr>
</table>

(സി) 2019 ഏപ്രിൽ മുതൽ അനുവദിച്ച ക്വാറിയിംഗ് പെർമിറ്റ്/ക്വറിയിംഗ് ലീസുകളുടെ എണ്ണം താഴെകൊടുക്കുന്നു.

| പഞ്ചായത്ത് | എണ്ണം | ക്വാറിയിംഗ് ലീസ് |
|---|---|---|
| ആരക്കുഴ | 1 | - |
| പായിപ്ര | 2 | - |
| ഇലഞ്ഞി | 1 | - |
| അയവന | 1 | 1 |
| മണീട് | 1 | 1 |
| തിരുമാറാടി | 1 | - |

പുതുതായി മണ്ണ് ഖനനത്തിന് പെർമിറ്റ് അനുവദിച്ചിട്ടില്ല. 2019 ഏപ്രിൽ മുതൽ സമർപ്പിച്ച അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | കരിങ്കൽ (ക്വാറിയിംഗ് പെർമിറ്റ്) | കരിങ്കൽ (ക്വാറിയിംഗ് ലീസ്) |
|---|---|---|
| മണീട് | 2 | 0 |
| ആരക്കുഴ | 1 | 1 |
| കല്ലൂർക്കാട് | 0 | 1 |
| ഇലഞ്ഞി | 1 | 0 |
| മഞ്ഞള്ളൂർ | 0 | 1 |
| ക്വാറിയിംഗ് പെർമിറ്റ് (സാധാരണ മണ്ണ്)<br>പാമ്പാകുട പഞ്ചായത്ത്-3 | | |

## പരിസ്ഥിതി ദുർബല മേഖലകളിലെ ക്വാറികൾ

186 (598) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 ജനവരിക്ക് ശേഷം അനുമതി നൽകിയ ക്വാറികളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പരിസ്ഥിതി ദുർബല മേഖലകളിൽ ക്വാറികൾക്ക് പരിശോധന കൂടാതെ അനുമതി നൽകിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പരിശോധനകൾ കൂടാതെ കൂടുതൽ ക്വാറികൾക്ക് അനുമതി നൽകിയത് പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകും എന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ)

| ജില്ല | ഖനനാനുമതികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 15 |
| കൊല്ലം | 12 |
| പത്തനംതിട്ട | 16 |
| ആലപ്പുഴ | Nil |
| കോട്ടയം | 9 |
| എറണാകുളം | 47 |
| ഇടുക്കി | 2 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 35 |
| മലപ്പുറം | 32 |
| കോഴിക്കോട് | 23 |
| വയനാട് | 1 |
| കണ്ണൂർ | 23 |
| കാസർഗോഡ് | 2 |

(ബി) പരിസ്ഥിതി ദുർബല മേഖലകളിൽ ക്വാറികൾക്ക് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽനിന്നും അനുമതി നൽകുന്നില്ല. പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കുന്നതിന് മുമ്പ് ഇത്തരം സ്ഥലങ്ങളിൽ അനുമതി നൽകിയിരുന്നു. ടി അനുമതി പുതുക്കി അനുവദിക്കുന്നില്ല.

(സി) സ്ഥലപരിശോധന നടത്താതെ ക്വാറികൾക്ക് അനുമതി നൽകിയിട്ടില്ല. ഖനനത്തിന് അനുമതി ലഭിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാണ്.

## ആലപ്പാട്ട് വെള്ളനാതുരുത്തിലെ ഖനനം

187 (599) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ വെള്ളനാതുരുത്തിൽ ഐ.ആർ.ഇ. നടത്തുന്ന ഖനനം സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനം വിശദീകരിക്കുമോ;

(ബി) ഇവിടെ തീരസംരക്ഷണത്തിനുവേണ്ടി ഐ.ആർ.ഇ. എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഐ.ആർ.ഇ. നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആലപ്പാട്ട് പ്രദേശത്തെ കരിമണൽ ഖനനം നിരീക്ഷിക്കുന്നതിന് കൊല്ലം ജില്ലാകളക്ടർ ചെയർമാനായി സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയ വിദഗ്ധർ എന്നിവർ ഉൾപ്പെട്ട പ്രാദേശിക മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശിപാർശ ചെയ്യുകയും വേണം. ടി സമിതി ഖനന പ്രവർത്തനം വിലയിരുത്തുന്നതിനായി 16-2-2019, 30-7-2019, 19-9-2019 തീയതികളിൽ യോഗം ചേർന്നിരുന്നു. പ്രദേശത്തെ ജനങ്ങൾക്ക് ദോഷം വരാത്തതരത്തിലുള്ള ഖനനം സാധ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഐ.ആർ.ഇ.-ക്ക് മേൽനോട്ട സമിതി നൽകുന്നുണ്ട്.

(ബി)

1. മദ്രാസ് ഐ.ഐ.ടി. നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തീരം സംരക്ഷിക്കുന്നതിനായി ഗ്രോയിൻ ഫീൽഡ് നിർമ്മിക്കാൻ ജലസേചന വകുപ്പും ഐ.ആർ.ഇ.-യുമായി ധാരണയായതിൻപ്രകാരം ഏകദേശം 65% ജോലികൾ പൂർത്തീകരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. വെള്ളാനതുരുത്തിലെ തകർന്ന കടൽഭിത്തി സംരക്ഷിക്കുന്നതുമായി ബന്ധപെട്ട് ഏകദേശം 60% ജോലികൾ പൂർത്തീകരിച്ചതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. കരിമണൽ ഖനനം ചെയ്ത് അതിലെ ഹെവി മിനറൽസ് വേർതിരിച്ചെടുത്തതിനുശേഷമുള്ള മണൽ ഉപയോഗിച്ച് ഖനന സ്ഥലം നികത്തി പൂർവ്വ സ്ഥിതിയിലാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(സി)

1. മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിലേയ്ക്ക് ഐ.ആർ.ഇ. പ്രതിവർഷം 37.5 ലക്ഷം രൂപ നൽകുന്നുണ്ട്.

2. ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ (DMF) ഫണ്ടിലേയ്ക്ക് റോയൽറ്റി തുകയുടെ 30% ശതമാനം ഒടുക്കിവരുന്നു.

3. ഖനന പ്രദേശത്തുള്ള കാൻസർ രോഗികൾക്ക് ധനസഹായമായി 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

4. അങ്കണവാടികളിലെ കുട്ടികളുടെ പഠനാവശ്യങ്ങൾക്കായി 2 ലക്ഷം രൂപ നൽകി.

5. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ബോട്ട് ജെട്ടിയുടെ നിർമ്മാണ-ത്തിനായി 21,80,768 രൂപയുടെ പദ്ധതിയുണ്ട്.

6. കുടിവെള്ള വിതരണത്തിനായി 12 ലക്ഷം രൂപയുടെ പദ്ധതിയുണ്ട്.

7. രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് 2 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിയുണ്ട്.

8. കമ്പനിയുടെ ചെലവിൽ വെള്ളാനതുരുത്തിൽ ഒരു ആരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഖനന മേഖലയിലെ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികളും നടത്തിവരുന്നുണ്ട്.

## സ്വകാര്യമേഖലയിലെ കരിമണൽ ഖനനം

188 (600) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ കരിമണൽ ഖനനത്തിനായുള്ള എല്ലാ അനുമതികളും റദ്ദാക്കാൻ കേന്ദ്രസർക്കാർ മാർച്ച് ഒന്നിന് സംസ്ഥാനങ്ങൾക്ക് നൽകിയ നിർദ്ദേശത്തിൽ പറയുകയുണ്ടായോ;

(ബി) സ്വകാര്യമേഖലയിൽ ഖനനം അനുവദിക്കരുതെന്ന് മാത്രമല്ല ഇതിനകം അനുവദിച്ചവയും റദ്ദാക്കണമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ടോ;

(സി) സ്വകാര്യ ലൈസൻസുകൾ റദ്ദാക്കിയതിന്റെ നടപടി റിപ്പോർട്ട് സമർപ്പിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിരുന്നോ; എന്നാൽ കേരളം ഇതുവരെ പ്രസ്തുത റിപ്പോർട്ട് കേന്ദ്രത്തിന് നൽകിയിട്ടില്ല എന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) രാജ്യത്ത് നിലവിലുള്ള നിയമപ്രകാരം സ്വകാര്യമേഖലയിൽ ഖനനം സാധ്യമല്ലെന്ന് മാർച്ച് ഒന്നിലെ കേന്ദ്ര നിർദ്ദേശത്തിൽ പ്രത്യേകം വ്യക്തമാക്കുന്നുണ്ടോ;

(ഇ) എന്നാൽ നിലവിൽ ഖനനാനുമതിയുള്ള പൊതുമേഖല കമ്പനിയായ കേരള മിനറൽസ് ആന്റ് മെറ്റൽസിനൊപ്പം പങ്കാളിത്തം നൽകി കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടയിൽ ലിമിറ്റഡിന് ഖനനത്തിന് അവസരം ഒരുക്കാൻ ശ്രമങ്ങൾ നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപെടുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ & ബി) ഉണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) സ്വകാര്യ മേഖലയിൽ അനുവദിച്ച കരിമണൽ ഖനനാനുമതികൾ റദ്ദാക്കണമെന്ന് കേന്ദ്രസർക്കാർ 2019 മാർച്ച് ഒന്നിന് സംസ്ഥാനങ്ങൾക്ക് നൽകിയ നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കൈത്തറി മേഖല

189 (601) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖല ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി മേഖലയെ ലോക പ്രശസ്തമാക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് പ്രാഥമിക കൈത്തറി സംഘങ്ങൾ, അപെക്സ് സ്ഥാപനമായ ഹാൻടെക്സ്, പൊതുമേഖലാ സ്ഥാപനമായ ഹാൻവീവ് എന്നിവയ്ക്ക് കൈത്തറി പ്രദർശന വിപണനമേളകളിൽ സംസ്ഥാനത്തിനകത്തും അന്യസംസ്ഥാനങ്ങളിലും പങ്കെടുക്കേണ്ടതിനുവേണ്ട സാമ്പത്തിക സഹായം നൽകുകയും നാഷണൽ ഹാന്റ്ലൂം എക്സ്പോ, സ്പെഷ്യൽ ഹാന്റ്ലൂം എക്സ്പോ, ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ എന്നിങ്ങനെയുള്ള ദേശീയ അന്തർദേശീയ പ്രദർശന വിപണനമേളകൾക്കും സാമ്പത്തിക സഹായം നൽകിവരുന്നു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രേഡ് ഫെയർ (ഐ.ഐ.റ്റി.എഫ്)

എല്ലാ വർഷവും ഡൽഹിയിൽ പ്രകൃതി മൈതാനത്തിൽ നടക്കുന്ന ഐ.ഐ.റ്റി.എഫ്.-ൽ ഏകദേശം 39 വിദേശ രാജ്യങ്ങൾ പങ്കെടുക്കുന്ന മേളയിൽ കൈത്തറി & ടെക്സ്റ്റൈയിൽ പങ്കെടുക്കുന്നതോടുകൂടി ലോക രാജ്യങ്ങളിൽ കേരളത്തിന്റെ കൈത്തറിയുടെ പെരുമ വർദ്ധിപ്പിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നു.

ബ്രാൻഡിംഗ്

ആഗോള വിപണിയിൽ കേരള കൈത്തറി ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള കൈത്തറി ബ്രാൻഡിംഗ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചെങ്ങന്നൂരിലെ പ്രഭുറാം മില്ലിന്റെ നവീകരണം

190 (602) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1973-ൽ സ്ഥാപിച്ച ചെങ്ങന്നൂരിലെ പ്രഭുറാം മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) കാലതാമസമില്ലാതെ നവീകരണം പൂർത്തിയാക്കി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പ്രഭുറാം മില്ലിന്റെ നവീകരണത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 500 ലക്ഷം രൂപയ്ക്ക് 26-6-2019-ലെ സ.ഉ. (സാധാ)നമ്പർ 582/2019/വ്യ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ അനുമതി കിട്ടുന്നമുറയ്ക്ക് പ്രസ്തുത തുക അനുവദിക്കാവുന്നതാണ്. ഫണ്ട് അനുവദിച്ചുകിട്ടുന്നതോടെ നവീകരണ പ്രവർത്തനം പൂർത്തിയാക്കാൻ കഴിയുന്നതാണ്.

## ഖാദി ഗ്രാമ വ്യവസായ മേഖലയുടെ പുനരുദ്ധാരണം

191 (603) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഖാദി ഗ്രാമ വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഖാദി ഗ്രാമവ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉൽപ്പാദന

കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂൽപ്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും ), ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നുണ്ട്.

പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനുപുറമെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു.

(ബി) തീരുമാനിച്ചിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും പഴയ ചർക്കകൾക്കും തറികൾക്കും പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവത്ക്കരണം തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

**കരകൗശല മേഖല**

192 (604) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരകൗശല മേഖലയ്ക്കും പരമ്പരാഗത മേഖലയ്ക്കും എത്ര കോടി രൂപ ബഡ്ജറ്റിൽ അധികമായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരകൗശല മേഖലയ്ക്കും പരമ്പരാഗത മേഖലയ്ക്കുമായി 2016-17-ൽ 150.22 കോടി രൂപയും 2017-18 -ൽ 193.15 കോടി രൂപയും 2018-19-ൽ 94.62 കോടി രൂപയും 2019-20-ൽ 132.63 കോടി രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

## മാൽകോടെക്സ് സഹകരണ സ്പിന്നിംഗ് മിൽ ഭരണ സമിതി തെരഞ്ഞെടുപ്പ്

193 (605) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആതവനാട് കാർത്തല ചുങ്കത്തുള്ള മാൽകേ ടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിൽ ഭരണ സമിതി തെരഞ്ഞെടുപ്പ് മൂന്ന വർഷമായി നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ;

(സി) ഭരണ സമിതി തെരഞ്ഞെടുപ്പ് എന്ന നടത്തുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മാൽകോടെക്സിന്റെ ഭരണസമിതിയുടെ ക്വാറം തികയാതെ വന്നപ്പോൾ ഭരണശൂന്യത ഒഴിവാക്കാനാണ് സർക്കാർ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചത്. തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)36134/2018 എന്ന കേസ് നിലവിലുണ്ട്.

(സി) വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## കാണക്കാരി പഞ്ചായത്തിലെ കൈത്തറി വ്യവസായ വിപണന കേന്ദ്രം

194 (606) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കാണക്കാരി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ച വന്നിരുന്നതും പൂട്ടിപ്പോയതുമായ കൈത്തറി വ്യവസായ വിപണന കേന്ദ്രം ഒഴിയണമെന്ന് ആവശ്യപ്പെട്ട് കാണക്കാരി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി നൽകിയിരുന്ന നിവേദനത്തിൽ വ്യവസായ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) 2013 മുതൽ അടഞ്ഞുകിടക്കുന്ന ഈ സ്ഥാപനം ഒഴിയുന്നതു സംബന്ധിച്ച് ജില്ലാ വ്യവസായ കേന്ദ്രം എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ; പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിന് ഉണ്ടായ കാലതാമസം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 10-ാം വാർഡിലെ 428-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സംഘത്തിന്റെ ഓഫീസ് പ്രവർത്തനം നിലച്ചിട്ടും മുറി ഒഴിഞ്ഞുകൊടുത്തിരുന്നില്ല. സപ്ലൈകോ ഡിപ്പോയായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി പ്രസ്തുത മുറി ഒഴിയുന്നതിന് കാണക്കാരി ഗ്രമാപഞ്ചായത്ത് സംഘത്തിനോട് ആവശ്യപ്പെട്ടെങ്കിലും സംഘം മുറി ഒഴിഞ്ഞുകൊടുക്കാതെ വന്നതിനാൽ 13-9-2018-ൽ പഞ്ചായത്ത് അധികൃതർ മുറിയുടെ പൂട്ട് പൊളിച്ച് മഹസ്സർ തയ്യാറാക്കുകയുണ്ടായി. പിന്നീട് ഹോണററി സെക്രട്ടറി/ചീഫ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയംഗത്തെ നേരിൽ കണ്ട് മുറി ഒഴിഞ്ഞുതരണമെന്ന് ആവശ്യപ്പെട്ടെങ്കിലും അവർ മുറി ഒഴിഞ്ഞിരുന്നില്ല. തടി കൊണ്ടുള്ള സാധനങ്ങൾ ജില്ലാ വ്യവസായ കേന്ദ്രത്തിൽ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതിനാൽ ലേലം ചെയ്ത് മാറ്റേണ്ടതും എന്നാൽ സംഘം ഇപ്പോൾ ലിക്വിഡേഷനിലല്ലാത്തതിനാൽ വിൽക്കാൻ സാധിക്കുന്നതുമല്ല. സംഘം സമാപ്തീകരണത്തിന്റെ ഭാഗമായി സഹകരണ നിയമം സെക്ഷൻ 65 പ്രകാരം അന്വേഷണത്തിന് ഉദ്യോഗസ്ഥനെ നിയമിക്കുകയും അന്വേഷണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടിയായി ലിക്വിഡേറ്റർ സാധനസാമഗ്രികളുടെ വാല്യൂവേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് താമസംവിനാ ലേലം നടത്തുന്നതുമാണെന്ന് കൈത്തറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) സംഘം നിലവിൽ ലിക്വിഡേഷനിൽ അല്ലാത്തതിനാൽ ജംഗമവസ്തുക്കൾ ഇപ്പോൾ ലേലം ചെയ്ത് വിൽക്കാൻ നിയമപരമായി സാദ്ധ്യമല്ല. ആയതിനാൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1969 പ്രകാരം സംഘം സമാപ്തീകരണത്തിന്റെ ഭാഗമായി സെക്ഷൻ 65 പ്രകാരമുള്ള അന്വേഷണത്തിന് ഉദ്യോഗസ്ഥനെ നിയമിക്കുകയും അന്വേഷണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടിയായി ലിക്വിഡേറ്റർ സാധനസാമഗ്രികളുടെ വാല്യൂവേഷൻ നടത്തി താമസംവിനാ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കൈത്തറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മഹസ്സർ പ്രകാരമുള്ള സാധന സാമഗ്രികൾ ജില്ലാ വ്യവസായ കേന്ദ്രത്തിൽ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതിനാൽ പഞ്ചായത്തിൽതന്നെ സൂക്ഷിക്കണമെന്ന് പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടതനുസരിച്ച് ആയത് തൽക്കാലം സൂക്ഷിക്കാമെന്ന് പഞ്ചായത്ത് അധികൃതർ സമ്മതിച്ചിട്ടുണ്ട്

## സെറിഫെഡിന്റെ പ്രവർത്തനം

195 (607) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് (സെറിഫെഡ്) നിലവിൽ വന്നത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സെറിഫെഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും പ്രസ്തുത സ്ഥാപനം ഇപ്പോൾ നിലവിലുണ്ടോയെന്നും വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സെറിഫെഡിന് ബ്രാഞ്ചുകൾ ഉള്ളതെന്ന് അറിയിക്കാമോ;

(ഡി) കാസർകോട് മൈലാട്ടിയിൽ സെറിഫെഡ് യൂണിറ്റുണ്ടോയെന്നും ഇവിടെ എത്ര തൊഴിലാളികളുണ്ടെന്നും ഉൽപ്പാദനം നടക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഇ) ഇവിടുത്തെ തൊഴിലാളികൾക്ക് ശമ്പളം കിട്ടാതെയായിട്ട് എത്ര മാസമായെന്നും ഇക്കഴിഞ്ഞ ഓണത്തിന് അവർക്ക് ബോണസ് നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1994-ലാണ് സെറിഫെഡ് നിലവിൽ വന്നത്.

(ബി&സി) പട്ടുനൂൽ കൃഷിയും കൈത്തറി വ്യവസായവും സംയോജിപ്പിച്ച് ഗുണനിലവാരമുള്ള പട്ടുവസ്ത്രം നിർമ്മിച്ച് വിപണനം ചെയ്ത് ഈ മേഖലയിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് ഉദ്ദേശം. എന്നാൽ സെറിഫെഡ് നിലവിൽ പ്രവർത്തനരഹിതമാണ്.

(ഡി) കാസർഗോഡ് മൈലാട്ടി സെറിഫെഡ് യൂണിറ്റ് നിലവിലുണ്ടായിരുന്നു. ഇപ്പോൾ ഉൽപ്പാദനം നടക്കുന്നില്ല. 17 തൊഴിലാളികളുണ്ട്.

(ഇ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് 20-1-2016-ന് പ്രസ്തുത യൂണിറ്റ് സെറിഫെഡിന് കൈമാറിയിട്ടുണ്ട്. ഖാദി ബോർഡ് 31-3-2016 വരെ തൊഴിലാളികൾക്ക് വേതനം നൽകിയിട്ടുണ്ട്. 2019 ഓണത്തിന് 2000 രൂപ വീതം തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന ഉത്സവാനുകൂല്യങ്ങൾ വിതരണം നടത്തിയിട്ടുണ്ട്.

## സ്പോർട്സ് ക്വാട്ട നിയമനം

196 (608) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ;

(ബി) സ്പോർട്സ് ക്വാട്ട നിയമനം നല്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) സ്പോർട്സ് ക്വാട്ട നിയമനത്തിനായി ലിസ്റ്റുകൾ എന്തെങ്കിലും നിലവിലുണ്ടോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ എത്രപേർക്ക് കൂടി ഇത്തരത്തിൽ നിയമനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമിലിടംനേടിയ കേരള താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാനഘട്ടത്തിലാണ്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈഭൻ ഇ. ബി.-ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ കണ്ണൂർ ജില്ലാ കാര്യാലയത്തിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഒരു ക്ലാർക്ക് നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകാൻ ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് താഴെപ്പറയുന്ന വിധം നേട്ടങ്ങൾ കൈവരിച്ചിരിക്കണം.

(i) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

(ii) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ

(iii) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ

(iv) മൗണ്ടനീയറിംഗ്/കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരളാ സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷൻ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ

ഓരോ കലണ്ടർ വർഷത്തേയും ഒഴിവുകളിലേയ്ക്കും കായിക താരങ്ങൾ അതിന് തൊട്ടുമുൻപുള്ള 2 സാമ്പത്തിക വർഷം കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുന്നത്. ഓരോ വർഷത്തേയ്ക്കുമുള്ള 50 ഒഴിവുകളിൽ 25 എണ്ണം വ്യക്തിഗത ഇനങ്ങൾക്കായും 25 എണ്ണം ടീം ഇനങ്ങൾക്കായും നീക്കിവച്ചിട്ടുള്ളതാണ്. അപേക്ഷകരുടെ കായിക നേട്ടങ്ങൾ അനുസരിച്ച് വ്യക്തിഗത ഇനം, ടീമിനം എന്നിങ്ങനെ മെരിറ്റടിസ്ഥാനത്തിൽ 25 കായിക താരങ്ങളെ വീതമാണ് തെരഞ്ഞെടുക്കുന്നത്. വ്യക്തിഗത/ടീം ഇനങ്ങളിൽ കായിക താരങ്ങളുടെ കായിക മികവുകളുടെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ, ആദ്യം വ്യക്തിഗത ഇനത്തിൽ നിന്നും പിന്നെ ടീം ഇനത്തിൽ നിന്നുമാണ് (Alternate) കായിക താരങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തുന്നത്. ഓരോ വർഷവും അലോട്ട്മെന്റ് ആരംഭിക്കുന്നത് വ്യക്തിഗത ഇനത്തിൽ നിന്നുമായിരിക്കും. ഒരു ഉദ്യോഗാർത്ഥി പല ഇനങ്ങളിൽ വിജയങ്ങൾ നേടിയിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ ഏറ്റവും ഉയർന്ന വിജയം പിരഗണിക്കുന്നതായിരിക്കും. വിജ്ഞാപനം ചെയ്തിട്ടുള്ള ആകെ തസ്തികയുടെ 10 ശതമാനം സബോർഡിനേറ്റ് സർവ്വീസിലെ അസിസ്റ്റന്റ് തസ്തികകളിലേയ്ക്കും 2% വീതം സ്റ്റേറ്റ് സർവ്വീസ് തസ്തികകളിലേയ്ക്കും (അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സർജൻ, കൊമേഴ്സ്യൽ ടാക്സ് ഓഫീസർ) നിയമനത്തിനായി നീക്കിവച്ചിട്ടുണ്ട്.

കേന്ദ്രസർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ട വഴി നിയമനം ലഭിച്ചവർ അപേക്ഷിക്കാൻ അർഹരല്ല. അപേക്ഷിക്കുന്ന ഓരോ തസ്തികയിലേയ്ക്കും ആവശ്യമായ യോഗ്യത ഉണ്ടായിരിക്കണം. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടികൾക്ക് വിധേയരായവരോ കളികളിൽ നിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായിക താരങ്ങൾ സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. ഓരോ കായിക താരത്തിന്റെയും സ്പോർട്സ്/ഗെയിംസ് ഇനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾക്ക് പ്രയോറിറ്റി പോയിന്റ് നിശ്ചയിക്കുകയും അപ്രകാരം ലഭിക്കുന്ന പ്രയോറിറ്റി പോയിന്റിന്റെ അടിസ്ഥാനത്തിൽ റാങ്ക് നിശ്ചയിച്ച് പ്രസ്തുത റാങ്കിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുകയുമാണ് ചെയ്യുന്നത്.

(സി) 2010-2014 വർഷത്തെ ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള പ്രകാരം സെലക്ട് ലിസ്റ്റ് നിലവിലുണ്ട്.

(ഡി) 2010-2014 വർഷത്തെ 249 ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മികച്ച കായിക സംസ്കാരം വളർത്തുന്നതിന് പദ്ധതികൾ

197 (609) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മികച്ച രീതിയിൽ കായിക സംസ്കാരം വളർത്തുന്നതിന് ആവിഷ്കരിച്ച് വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സ്കൂൾ തലത്തിലെ കായിക മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ വരുത്താനും സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മികച്ച രീതിയിൽ കായിക സംസ്കാരം വളർത്തുന്നതിന് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(ബി) സ്കൂൾ തലത്തിലെ കായിക മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ വരുത്താനും സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. *

(സി) ഉണ്ട്. നിലവിൽ സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലുകളും 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ട് അനുസരിച്ച് ജനാധിപത്യരീതിയിൽ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനാധിപത്യ രീതിയിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗ്രാമീണ കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതി

198 (610) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന ഗ്രാമീണ കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി പ്രകാരം സഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ കായിക അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത് കായിക-യുവജനകാര്യാലയം മുഖേനയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ ഭാഗമായി 43 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന്/നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായുള്ള നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## സ്കൂളുകളിലെ നീന്തൽ പഠനം

199 (611) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പഠന പദ്ധതിയുടെ ഭാഗമായി നീന്തൽ പഠനം ഉൾപ്പെടുത്തിയ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നീന്തൽ പഠനത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ; ആദ്യ ഘട്ടത്തിൽ ഏതൊക്കെ ജില്ലകളിലെ സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) 12 വയസ് മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികളെ ദേശീയ/അന്തർദേശീയ തലത്തിലുള്ള താരങ്ങളാക്കുന്നതിന് വിഭാവനം ചെയ്ത് ഉയർന്ന നിലവാരത്തിലുള്ള നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ്. ഇത് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് (കൊപ്പം സ്വിമ്മിംഗ്പൂൾ, പട്ടാമ്പി), ഇടുക്കി (വണ്ടമറ്റം സ്വിമ്മിംഗ് പൂൾ, തൊടുപുഴ), തൃശ്ശൂർ (ജെ.ജെ.അക്വാട്ടിക് സെന്റർ, കൊടുങ്ങല്ലൂർ), കാസർഗോഡ് (പനവയൽ സ്വിമ്മിംഗ് പൂൾ, തൃക്കരിപ്പൂർ), വയനാട് (സെന്റ് ജോസഫ് എച്ച്.എസ്.എസ്. സ്വിമ്മിംഗ് പൂൾ, സുൽത്താൻബത്തേരി) എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നീന്തൽ കായികയിനത്തിൽ സ്കൂൾ കുട്ടികൾക്ക് സമ്മർ ക്യാമ്പും ജില്ലാ സ്പോർട്സ് അക്കാഡമിയിലെ വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധരായ പരിശീലകരുടെ കീഴിൽ നീന്തൽ പരിശീലനവും നൽകി വരുന്നുണ്ട്. വിദ്യാർത്ഥികളിൽ നീന്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പരിശീലകർ നീന്തൽ പ്രാവീണ്യം സാക്ഷ്യപ്പെടുത്തുന്ന കുട്ടികൾക്ക് പ്ലസ് വൺ, കോളേജ് അഡ്മിഷന് 2% ഇന്റക്സ് മാർക്ക് അതാത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന അനുവദിച്ചുവരുന്നുണ്ട്.

ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു നീന്തൽകുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നീന്തൽ പഠനം കരിക്കുലം പരിഷ്കരിക്കുമ്പോൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എസ്.സി.ഇ.ആർ.ടി. ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

**ആർട്ടിഫിഷ്യൽ ഫുട്ബോൾ ടർഫുകൾ**

200 (612) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെ പ്രചാരത്തിലുള്ള ആർട്ടിഫിഷ്യൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ടുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം ഗ്രൗണ്ടുകൾ നിർമ്മിക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസികൾ ഏതെങ്കിലും നിലവിലുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഇത്തരം പദ്ധതിയ്ക്ക് തുക വകയിരുത്തുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ആർട്ടിഫിഷ്യൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ടുകൾ നിർമ്മിക്കാറുണ്ട്.

(ബി) കായിക യുവജനകാര്യാലയത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന ആഗോള ടെൻഡർ വിളിച്ചാണ് നടപ്പിലാക്കിവരുന്നത്.

(സി) 4-8-2018-ലെ സ.ഉ.(അച്ചടി)നമ്പർ 119/2018/ധന. പ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി ആർട്ടിഫിഷ്യൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ടുകൾ നിർമ്മിക്കുന്നതിന് നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിക്കാവുന്നതാണ്.

**കായികക്ഷമതാ മിഷൻ പദ്ധതി**

201 (613) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്ക്കരിക്കുന്നതിലൂടെ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയോടനുബന്ധിച്ചുള്ള പരിശീലന പരിപാടികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കായിക മേഖലയിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിലൂടെ മാത്രമേ കായികക്ഷമത കൈവരിക്കുവാൻ കഴിയു എന്നതിനാൽ ഇക്കാര്യത്തിനായി നടപ്പിലാക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ;

(ഡി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കായിക മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ" പദ്ധതി.

പ്രസ്തുത പദ്ധതി സ്കൂൾ, കോളേജുകൾ സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച അന്തിമ ഘട്ടപ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പരിശീലന പദ്ധതികൾ നിലവിൽ വിഭാവനം ചെയ്തിട്ടില്ല.

(സി) കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റിൽ വിവിധ ശീർഷകങ്ങളിലായി ഉദ്ദേശം 27.17 കോടി രൂപ ആസ്തി വികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. കായിക വകുപ്പ് പ്രസ്തുത അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച 820 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടത്തിലുമാണ്.

(ഡി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 57 പദ്ധതികളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളിൽ 4 ജില്ലാ സ്റ്റേഡിയങ്ങളുൾപ്പെടെ 23 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

202 (614) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ എത്ര കളിസ്ഥലങ്ങൾ (മൈതാനം) മെച്ചപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി നിർമ്മാണ/നവീകരണ പ്രവൃത്തികൾ നടന്നുവരുന്ന സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങളും കിഫ്ബി സഹായത്തോടെ നവീകരിക്കുന്ന/നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങളും അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്പോർട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത കായിക സംഘടനകൾ/അസോസിയേഷനുകൾ

203 (615) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എത്ര കായിക സംഘടനകൾ / അസോസിയേഷനുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; ഇവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) അന്താരാഷ്ട്ര, ദേശീയ കായിക മത്സരങ്ങളിൽ സബ് ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളിൽ ജേതാക്കളായ കായിക താരങ്ങൾക്ക് എത്ര തുക വീതമാണ് എല്ലാ വർഷവും സ്പോർട്സ് കൗൺസിൽ നൽകുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) നിലവിൽ 43 സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് കേരള സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുണ്ട്. ഇതുസംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ദേശീയ അന്തർദേശിയ കായിക മത്സരങ്ങളിൽ വിജയികളാകുന്ന കായിക താരങ്ങൾക്ക് സർക്കാർ അംഗീകരിച്ച താഴെപ്പറയും പ്രകാരമുള്ള നിശ്ചിത നിരക്കിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. ടീം ഇനത്തിൽ വിജയികളാകുന്നവർക്കുള്ള ക്യാഷ് അവാർഡ് തുക സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| Sl. No | Level of Championship | Gold (Rupees in lakhs) | Silver (Rupees in lakhs) | Bronze (Rupees in lakhs) |
|---|---|---|---|---|
| 1 | Olympics and Official world championship/ Competitions-individual event | 10 | 5 | 3 |
| 2 | Asian Games/ Common wealth Games Individual events | 5 | 3 | 2 |
| 3 | Asian Championships/ Competitions - Individual events | 2 | 1.5 | 1 |
| 4 | SAF Games | 1.75 | 1.25 | 0.75 |
| 5 | National Games-Individual events | 1.5 | 1 | 0.5 |
| 6 | National Championship-Senior-Individual events | 0.3 | 0.2 | 0.15 |
| 7 | Special awards for Juniors-International events – Individual events | 2 | 1 | 0.5 |
| 8 | Special awards for Sub Juniors - International events – Individual events | 1 | 0.5 | 0.25 |
| 9 | Special awards for Juniors – National Individual events | 0.15 | 0.1 | 0.07 |
| 10 | Special awards for Sub Juniors- National | 0.1 | 0.07 | 0.05 |

എന്നാൽ 18-ാമത് ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ മലയാളി കായികതാരങ്ങൾക്ക് സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകൾക്ക് യഥാക്രമം 20, 15, 10 ലക്ഷം രൂപ വീതവും 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 20 അംഗങ്ങൾക്കും മുഖ്യ പരിശീലകനും 2 ലക്ഷം രൂപ വീതവും കൂടാതെ 66-ാമത് ദേശീയ വോളീബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷവിഭാഗം ജേതാക്കളായ കേരള ടീമിലെ പന്ത്രണ്ട് കളിക്കാർക്കും, പരിശീലകനും 1,50,000 രൂപ വീതവും പ്രത്യേക പരിഗണന നൽകി പാരിതോഷികമായി അനുവദിച്ചിട്ടുണ്ട്.

## പ്ലേ ഫോർ ഹെൽത്ത് പദ്ധതി

204 (616) <u>ശ്രീ. ആർ. രാജേഷ്:</u>
<u>പ്രൊഫ. കെ. യു. അരുണൻ:</u>
<u>ശ്രീ. എ. പ്രദീപ്കുമാർ:</u>
<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കായികാഭിരുചിയും കായികക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പ്ലേ ഫോർ ഹെൽത്ത് എന്ന പേരിൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി സ്കൂളുകളിൽത്തന്നെ സൗകര്യങ്ങളും സ്ഥലവും സജ്ജമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രൈമറിതലം മുതൽ കുട്ടികളെ കായിക വിനോദങ്ങളിൽ തൽപ്പരരാക്കാൻ ഈ പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

<u>ഗ്രാസ്, റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച

പദ്ധതിയാണ് കിക്കോഫ്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. പെൺകുട്ടികൾക്ക് മാത്രമായാണ് പ്രസ്തുത 14 സെന്ററുകളിൽ പരിശീലനം നൽകുന്നത്.

<u>പ്ലേ ഫോർ ഹെൽത്ത്</u>

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.

<u>സ്പ്ലാഷ്</u>

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ഹൂപ്സ്</u>

സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പുസാമ്പത്തിക വർഷം 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി & ഡി) സ്വീകരിച്ചിട്ടുണ്ട്.

പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായികവിനോദങ്ങളിൽ ഏർപ്പെടുത്താൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുകവഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യ-മൊരുക്കുകയും ചെയ്യുന്നു. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തെ 25 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥല സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകളിൽ ബാസ്കറ്റ് ബോൾ, ഫുട്ബോൾ/ക്രിക്കറ്റ് തുടങ്ങിയ കായിക ഇനങ്ങൾക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുകയും ആയതിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

## സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ

205 (617) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പയ്യന്നൂരിൽ പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ ടി ഹോസ്റ്റൽ പ്രവർത്തിക്കുന്നില്ല. കഴിഞ്ഞ വർഷം ഹോസ്റ്റലിൽ ഉണ്ടായിരുന്ന 12 കായികതാരങ്ങൾ പഠനം പൂർത്തിയാക്കി പോയതിനാലും ടി ഹോസ്റ്റലിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവായതിനാലും മികവുറ്റ കുട്ടികളെ ലഭിക്കാത്തതിനാലുമാണ് ഹോസ്റ്റൽ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായത്.

(ബി) ഇല്ല

(സി) പയ്യന്നൂർ ഹോസ്റ്റലിൽ താമസിച്ചിരുന്ന കുട്ടികൾ ഏതാണ്ട് മൂന്നര കിലോമീറ്ററോളം ദൂരെയുള്ള സ്കൂളുകളിലാണ് പഠിച്ചിരുന്നത്. യാത്രാക്ലേശം പരിഹരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കൗൺസിലിന്റെ മാനദണ്ഡം അനുസരിച്ച് മികവുറ്റ കായികതാരങ്ങൾ ടി സെന്ററിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്ന പക്ഷം ഹോസ്റ്റൽ തുടർന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## തലസ്ഥാന ജില്ലയിൽ കായിക സമുച്ചയം

206 (618) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക സംസ്കാരത്തിന്റെ വളർച്ചയ്ക്കുവേണ്ടി തലസ്ഥാന ജില്ലയിൽ കായിക സമുച്ചയം നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കായിക സമുച്ചയം ജില്ലയിൽ ഏത് സ്ഥലത്ത് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ കായിക വളർച്ചയ്ക്കായി ഒരു കായിക സമുച്ചയം തലസ്ഥാന ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കായിക യുവജനകാര്യ ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, കായിക മേഖലയുമായി ബന്ധപ്പെട്ട വിവിധ അസോസിയേഷനുകൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും ഏകോപിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇവിടെ കോൺഫറൻസ് ഹാൾ, ലൈബ്രറി, ആധുനികരീതിയിലുള്ള ജിംനേഷ്യം എന്നിവയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽപെട്ട വാൻറോസ് ജംഗ്ഷനിൽ വാൻറോസ് പുന്നൻറോഡിനും കോർപ്പറേഷൻ റോഡിനും സമീപം സർക്കാർ ഉടമസ്ഥതയിലുള്ള 29.552 സെന്റ് സ്ഥലത്താണ് പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

**സൈ്മൽ പദ്ധതി**

207 (619) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈ്മൽ പദ്ധതി പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പദ്ധതി അനുവദിച്ചിട്ട് നാളുകളേറെയായെങ്കിലും സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) സൈമൽ പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ഭാഗമായി 2 സ്ഥലങ്ങളിൽ കായിക എഞ്ചിനീയറിംഗ് വിഭാഗം സ്ഥല പരിശോധന നടത്തുകയും രണ്ടാമതായി പരിശോധിച്ച സ്ഥലത്ത് ഗ്യാലറി നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ നിലവിൽ പ്രസ്തുത സ്ഥലത്തുള്ള കളിസ്ഥലം മൺ പ്രതലമായതിനാൽ കളികൾ നടത്താൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രാഥമിക പരിഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രകൃതിദത്ത സെവൻസ് ഫുട്ബോൾ ടർഫ് പണിയുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

**കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം**

208 (620) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ കിഫ്ബി പദ്ധതി പ്രകാരം 10 കോടി രൂപ വകയിരുത്തിയിട്ടുള്ള ചേലാട് സ്റ്റേഡിയം നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് നടത്തി വന്ന നിർമ്മാണ പ്രവൃത്തികൾ അവസാനിപ്പിച്ച് കോൺട്രാക്ടറെ വിത്തൗട്ട് റിസ്ക് ആൻഡ് കോസ്റ്റിൽ ഒഴിവാക്കി സ്റ്റേഡിയം കിഫ്ബിയ്ക്ക് കൈമാറിയെങ്കിലും ഇതുവരെ സ്റ്റേഡിയം നിർമ്മാണത്തിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ എത്ര തുകയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളതെന്നും, ഡി.പി.ആർ.-ൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ഡി) കായിക കേരളത്തിന്റെ തലസ്ഥാനം എന്നറിയപ്പെടുന്ന കോതമംഗലത്തെ പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് കിഫ്ബി അംഗീകാരം വേഗത്തിൽ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ചേലാട് സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ചേലാട് സ്റ്റേഡിയത്തിനായി 15.78 കോടി രൂപയുടെ ഡി.പി.ആർ. ആണ് കിഫ്ബി അംഗീകാരത്തിനായി എസ്.പി.വി. ആയ കിറ്റ്കോ സമർപ്പിച്ചിട്ടുള്ളത്. പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്ന പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

- സ്വാഭാവിക പ്രതലത്തോടുകൂടിയ ഫുട്ബോൾ സ്റ്റേഡിയം
- 8 ലെയിൻ 400 മീറ്റർ സിന്തറ്റിക് ട്രാക്ക്
- ചെയിഞ്ച് റൂമുകൾ, അനുബന്ധ സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ

(ഡി) ചേലാട് സ്റ്റേഡിയത്തിന്റെ ഡി.പി.ആർ.-ന്മേൽ കിഫ്ബി നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിന് കിറ്റ്കോ നൽകിയ മറുപടി പരിശോധനയിലാണ്. ആയത് പരിശോധിച്ചശേഷം അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

## ആനാവൂർ സ്കൂൾ സ്റ്റേഡിയം നവീകരണം

209 (621) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിലെ ആനാവൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം നവീകരിക്കുന്നതിനായി തയാറാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ടോയെന്നും എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാനാകും എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുന്നത്തുകാൽ പഞ്ചായത്ത് സ്റ്റേഡിയം നവീകരിച്ച് നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ കുന്നത്തുകാൽ ഗ്രമപഞ്ചായത്തിലെ ആനാവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം നവീകരണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ട സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

### ചാലക്കുടി സേക്രട്ട് ഹാർട്ട് കോളേജിലെ സ്റ്റേഡിയം നിർമ്മാണം

210 (622) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി സേക്രട്ട്ഹാർട്ട് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം സ്റ്റേഡിയം നിർമ്മാണം അടക്കമുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി സേക്രട്ട് ഹാർട്ട് കോളേജിൽ 'ഖേലോ ഇന്ത്യ' പദ്ധതിയിലുൾപ്പെടുത്തി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഗ്രാന്റ് തോൺട്ടൺ ഇന്ത്യ എൽ.എൽ.പി. എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

### താമരക്കുളം സ്റ്റേഡിയം നിർമ്മാണം

211 (623) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) സാങ്കേതികാനുമതിയും ടെൻഡർ നടപടികളും പൂർത്തീകരിച്ച് പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2019-20-ലെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുള്ള താമരക്കുളം സ്റ്റേഡിയം നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഡി.പി.ആർ. തയ്യാറാക്കി അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ബാലുശ്ശേരി പഞ്ചായത്തിലെ സ്റ്റേഡിയം നവീകരണം

212 (624) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമപഞ്ചായത്തുകളിലെ സ്റ്റേഡിയങ്ങൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ എത്ര സ്റ്റേഡിയങ്ങളാണ് ആധുനിക രീതിയിൽ നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ബാലുശ്ശേരി പഞ്ചായത്തിലെ സ്റ്റേഡിയം നവീകരിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമപഞ്ചായത്തുകളിലെ സ്റ്റേഡിയങ്ങൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി/നിർമ്മിക്കുന്നതിനായി ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

- കണ്ണമ്പ്ര പഞ്ചായത്ത് സ്റ്റേഡിയം
- കോട്ടായി ഹയർസെക്കന്ററി സ്കൂൾ ഗ്രൗണ്ട്
- തൃശ്ശൂർ വേലൂർ ആർ.എസ്.ആർ.വി. സ്കൂൾ ഗ്രൗണ്ട്
- ചെങ്ങന്നൂർ തിരുവൻവണ്ടൂർ ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്
- കൊട്ടാരക്കര ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്

കിഫ്ബി ധനസഹായത്തോടെ ആധുനികവത്ക്കരിക്കുന്ന/നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(ബി) കോഴിക്കോട് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ ഒരു ജില്ലാ സ്റ്റേഡിയവും 5 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 6 സ്റ്റേഡിയങ്ങളാണ് ആധുനികവത്ക്കരിക്കാൻ/ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ബാലുശ്ശേരി പഞ്ചായത്തിലെ സ്റ്റേഡിയം നവീകരിക്കുന്നതിനുള്ള അപേക്ഷ ലഭ്യമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മൂവാറ്റുപുഴ പി.പി. എസ്തോസ് സ്റ്റേഡിയം

213 (625) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പി.പി. എസ്തോസ് സ്റ്റേഡിയം, ഒളിമ്പ്യൻ ചന്ദ്രശേഖരൻ സ്മാരക ജില്ലാ സ്റ്റേഡിയമായി നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും, അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കായികവകുപ്പിന്റെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട എറണാകുളം ജില്ലാ സ്റ്റേഡിയം (ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം) മൂവാറ്റുപുഴയിലെ പി.പി. എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തിലാണ് നിർമ്മിക്കാനുദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ളതും പദ്ധതി ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്. നിലവിൽ സമർപ്പിക്കപ്പെട്ട ടെണ്ടറുടെ സാങ്കേതിക പരിശോധന നടന്നുവരുന്നു.

## നെയ്യാറ്റിൻകര പരുത്തിയൂരിൽ സ്റ്റേഡിയം

214 (626) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ പരുത്തിയൂരിലെ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കായിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം സ്ഥലം പരിശോധിച്ചതിനുശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മാണത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ഡി.പി.ആർ. പൂർത്തീകരിക്കുന്നതിൽ തടസ്സം എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കായിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം സ്ഥലം പരിശോധിച്ചശേഷം സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ സ്കെച്ച് തയ്യാറാക്കി സമർപ്പിക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സ്റ്റേഡിയങ്ങളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ

215 (627) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയും പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഗ്രാമീണ മേഖലയിൽ ഗ്രാമപഞ്ചായത്തുകൾ, സർക്കാർ സ്കൂളുകൾ എന്നിവയുടെ അധീനതയിലുള്ള കളിക്കളങ്ങൾ നവീകരിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര തുകയെന്ന് അറിയിക്കാമോ;

(സി) മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നവീകരണത്തിന് തുക വകയിരുത്തണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ഗ്രാമപഞ്ചായത്തുകൾ, സർക്കാർ സ്കൂളുകൾ എന്നിവയുടെ അധീനതയിലുള്ള കളിക്കളങ്ങൾ ഉൾപ്പെടെയുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവൃത്തികളുടെയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങളും ഇതുകൂടാതെ കിഫ്ബി സഹായത്തോടെ നവീകരിക്കുന്ന/നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങളും അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(സി) മലപ്പുറം ജില്ലയിൽ മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നവീകരണം സംബന്ധിച്ച് നിലവിൽ പ്രോപ്പോസലുകൾ ഒന്നുംതന്നെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ തൊഴിൽ നൽകുന്നതിന് നടപടി

216 (628) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്തോഷ് ട്രോഫി ഫുട്ബോളിൽ വിജയം നേടിയ കേരള ടീം അംഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ആയതിന് നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സർക്കാർ ജോലി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വിവിധ ദുരന്തങ്ങൾ ബാധിക്കപ്പെട്ടവർക്ക് സമാശ്വാസമായും ഉന്നത കായിക വിജയം നേടുന്നവർക്ക് പ്രോത്സാഹനമായും സമയബന്ധിതമായി ജോലി നൽകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജില്ലാകളക്ടർമാർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജോലി നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

## വയനാട് ജില്ലയിലെ കിക്കോഫ് പദ്ധതി

217 (629) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) വയനാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന കിക്കോഫ് പദ്ധതി മുഖേന ജില്ലയിൽ എത്ര കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകിയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് വയനാട് ആർച്ചറി അക്കാഡമിയിൽ പ്രീഫാബ് ടെക്നോളജിയിൽ കുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണവും മറ്റ് അടിയന്തര നിർമ്മാണ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള സി. കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയത്തിന്റെയും ജിനചന്ദ്ര സ്റ്റേഡിയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കിക്കോഫ് പദ്ധതിയുടെ വയനാട് ജില്ലയിലെ സെന്ററായ പനമരം ജി.എച്ച്.എസ്.എസ്.-ൽ 25 വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം നൽകിവരുന്നു.

**ബാലുശ്ശേരി കോളേജിന് കെ.എസ്.ഐ.ഡി.സി.-യുടെ സ്ഥലം**

218 (630) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന് ലൈബ്രറി, ഹോസ്റ്റൽ, കളിക്കളം എന്നിവ നിർമ്മിക്കുന്നതിനായി കിനാലൂരിൽ കെ.എസ്.ഐ.ഡി.സി. യുടെ കീഴിലുള്ള അവികസിത ഭൂമിയിൽ നിന്നും അഞ്ചേക്കർ സ്ഥലം അനുവദിക്കാൻ കോളേജ് നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

7-11-2014-ലെ സ.ഉ.(സാധാ)നമ്പർ 1238/2014/വ്യവ. പ്രകാരം കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ അധീനതയിലുള്ള 5 ഏക്കർ ഭൂമി ബാലുശ്ശേരി ആർട്സ് ആൻഡ് സയൻസ് കോളേജിനുവേണ്ടി വിട്ടുനൽകാൻ ഉത്തരവായിരുന്നു. ഇതുസംബന്ധിച്ച് ജില്ലാകളക്ടറിൽനിന്നും ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് റവന്യൂ വകുപ്പാണ് അനന്തരനടപടികൾ സ്വീകരിക്കേണ്ടത്.

**സിന്തറ്റിക് ട്രാക്കുകൾ**

219 (631) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിലുള്ള സിന്തറ്റിക് ട്രാക്കുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത ട്രാക്കുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കായിക വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

- കോട്ടായി ഹയർ സെക്കണ്ടറി സ്കൂൾ, പാലക്കാട് (6 ലെയ്ൻ, 200 മീ.)
- ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ (8 ലെയ്ൻ, 400 മീ.)
- ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം (8 ലെയ്ൻ, 400 മീ.)

2. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കാൻ 22-10-2019 വരെ കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

ജില്ലാ സ്റ്റേഡിയങ്ങൾ

- ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം ( 8 ലെയ്ൻ 400 മീ.)
- എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം (8 ലെയ്ൻ 400 മീ.)
- കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു ഇൻഡോർ സ്റ്റേഡിയം (8 ലെയ്ൻ 400 മീ.)
- മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം ( 8 ലെയ്ൻ 400 മീ.)

പഞ്ചായത്ത് സ്റ്റേഡിയങ്ങൾ

- ജിനചന്ദ്ര സ്റ്റേഡിയം, വയനാട് (6 ലെയ്ൻ 400 മീ.)
- തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്. (6 ലെയ്ൻ 400 മീ.)
- കൊടുമൺ സ്റ്റേഡിയം (5 ലെയ്ൻ 400 മീ.)
- നിലമ്പൂർ മിനി സ്റ്റേഡിയം (6 ലെയ്ൻ 400 മീ.)
- പ്രിതികുളങ്ങര സ്കൂൾ സ്റ്റേഡിയം (4 ലെയ്ൻ 200 മീ.)
- തലശ്ശേരി വി.ആർ.കൃഷ്ണയ്യർ സ്റ്റേഡിയം (8 ലെയ്ൻ 400 മീ.)
- നെടുങ്കണ്ടം സ്റ്റേഡിയം (8 ലെയ്ൻ 400 മീ.)

- ജി. വി. രാജ സെന്റർ ഫോർ എക്സലൻസ്, തിരുവനന്തപുരം (8 ലെയ്ൻ 400 മീ.)
- പറളി സ്കൂൾ, പാലക്കാട് (6 ലെയ്ൻ 200 മീ.)
- മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് ( 6 ലെയ്ൻ 100 മീ.)
- താനൂർ സ്റ്റേഡിയം (4 ലെയ്ൻ 100 മീ.)
- പുല്ലൂരാംപാറ തിരുവമ്പാടി (6 ലെയ്ൻ 200 മീ.) (പദ്ധതി പ്രദേശം പ്രളയ ബാധിതമായതിനാൽ മുക്കം മുനിസിപ്പാലിറ്റിയിലെ മാമ്പറ്റ സ്റ്റേഡിയത്തിലേയ്ക്ക് പദ്ധതി മാറ്റി പണിയുന്നത് പരിഗണനയിലാണ്.)

**യുവജനക്ഷേമ ബോർഡിന്റെ പരിശീലന പരിപാടികൾ**

220 (632) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് വേണ്ടി യുവജനക്ഷേമ ബോർഡ് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ;

(ബി) ആരുടെ സഹകരണത്തോടെയാണ് പ്രസ്തുത പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്;

(സി) 2018-19 -ൽ എത്ര പേർക്ക് പരിശീലനം നൽകി; ഇക്കാര്യത്തിനായി യുവജനക്ഷേമ ബോർഡ് എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14 ജില്ലകളിലെയും തെരഞ്ഞെടുത്ത യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം നൽകി യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെയാണ് പരിശീലനപരിപാടി സംഘടിപ്പിച്ചുവരുന്നത്.

(സി) 14 ജില്ലകളിൽ 548 കേന്ദ്രങ്ങളിലായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ ആകെ 11,345 പേർക്ക് മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. പരിശീലന പരിപാടിക്ക് ചെലവായ ആകെ തുക 19,30,000 രൂപ (പത്തൊൻപത് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം)

**സന്നദ്ധ സേവന വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്**

221 (633) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ കീഴിൽ രൂപീകരിച്ച സന്നദ്ധ സേവന വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2019-ലെ പ്രളയകാലത്തും അതുമൂലമുണ്ടായ ഉരുൾപൊട്ടൽ മേഖലയിലും പ്രസ്തുത ഫോഴ്സിന്റെ പ്രവർത്തനം പ്രയോജനപ്പെടുത്തിയിരുന്നോ; വിശദാംശം നൽകുമോ;

(സി) പഞ്ചായത്ത് തലത്തിൽ പ്രസ്തുത ഫോഴ്സ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നിലവിൽ പ്രസ്തുത ആക്ഷൻ ഫോഴ്സിൽ എത്ര സന്നദ്ധ പ്രവർത്തകരാണ് ഉള്ളത്; അവർക്ക് എന്തൊക്കെ രീതിയിലുള്ള പരിശീലനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിൻമകൾക്കെതിരെ ബോധവൽക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, തുടങ്ങിയ മേഖലകളിലെ ബോധവത്ക്കരണം തുടങ്ങിയവ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

(ബി) 2019 പ്രളയകാലത്ത് ഉരുൾപൊട്ടൽ ഉണ്ടായ മേഖലകളിലും കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. കൂടാതെ വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ കവളപ്പാറയിലും വയനാട് ജില്ലയിലെ ദുരന്ത മേഖലകളിലും ഉൾപ്പെടെ എല്ലാ ജില്ലകളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പ്രളയ ദുരിതാശ്വാസ കളക്ഷൻ സെന്ററുകൾ ആരംഭിക്കുകയും പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് അവശ്യ സാധനങ്ങൾ എത്തിക്കുകയുമുണ്ടായി.

(സി) കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം പഞ്ചായത്ത് തലത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് മുന്നോടിയായി പഞ്ചായത്തുതല പരിശീലകന്മാർക്കുള്ള പരിശീലനത്തിന്റെ ആദ്യഘട്ടം 2019 നവംബർ 16, 17, 18 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുതല പരിശീലകരാണ് ഈ പരിശീലനത്തിൽ പങ്കെടുക്കുന്നത്.

(ഡി) വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിൽ ഓൺലൈനായി രജിസ്റ്റർ ചെയ്ത 115862 പേരിൽ ആദ്യഘട്ടത്തിൽ 1000 പേർക്കും രണ്ടാംഘട്ടത്തിൽ 278 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഫോഴ്സ് അംഗങ്ങൾക്ക് കായിക പരിശീലനം, ട്രക്കിംഗ്, മൗണ്ടനീയറിംഗ്, ദുരന്തനിവാരണ പ്രവർത്തനം, പ്രഥമ ശുശ്രൂഷ എന്നീ മേഖലകളിൽ പരിശീലനം നൽകുകയുണ്ടായി. ഫയർ & റെസ്ക്യൂ മുഖേന പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്.

## യൂത്ത് ഹോസ്റ്റലുകൾ

222 (634) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് ഹോസ്റ്റലുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര സ്ഥലമാണ് ലഭ്യമാക്കേണ്ടതെന്ന് അറിയിക്കാമോ;

(സി) മലപ്പുറം ജില്ലയിൽ എവിടെയൊക്കെയാണ് പ്രസ്തുത ഹോസ്റ്റൽ തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) യൂത്ത് ഹോസ്റ്റലുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. യൂത്ത് ഹോസ്റ്റൽ മാന്വൽ പ്രകാരം യൂത്ത് ഹോസ്റ്റൽ തുടങ്ങുന്നതിനുള്ള സ്ഥലത്തിന്റെ വ്യാപ്തി സംസ്ഥാന സർക്കാരിന് തീരുമാനിക്കാവുന്നതാണ്. എന്നാൽ അത് യുവജനങ്ങൾക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന തരത്തിൽ നഗരപ്രദേശത്തിനുള്ളിൽ (Functional city area) ആയിരിക്കേണ്ടതാണ്. അന്തിമ തീരുമാനമെടുക്കുന്നത് കേന്ദ്രസർക്കാരാണ്.

## ഇ-പേമെന്റ് സംവിധാനം

223 (635) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ വയനാട് ജില്ലയിൽ എത്ര ശതമാനം ഉപഭോക്താക്കളാണ് വൈദ്യുതി ബിൽ അടക്കുന്നതെന്ന കണക്ക് ലഭ്യമാണോ; വിശദമാക്കാമോ;

(ബി) വൈദ്യുതി ബിൽ അടക്കുന്നതിന് ഇ-പേമെന്റ് സംവിധാനം കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ 18.91 ശതമാനം ഉപഭോക്താക്കൾ 2019 സെപ്റ്റംബർ മാസം ഇ-പേമെന്റ് സംവിധാനത്തിലൂടെ വൈദ്യുതി ബിൽ അടച്ചിട്ടുണ്ട്. 18 സെക്ഷൻ ഓഫീസ് പരിധിയിലുള്ള മൊത്തം 139970 ഉപഭോക്താക്കളിൽ 26463 പേർ ഇ-പേമെന്റ് സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ബി) വൈദ്യുതി ബിൽ തുക ഇ-പേമെന്റ് സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി പോസ്റ്ററുകൾ നോട്ടീസ്, വെബ്സൈറ്റ് എന്നിവയിലൂടെ പ്രചാരണം നൽകി വരുന്നു. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള താഴെപ്പറയുന്ന വിവിധ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

1. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ICICI ബാങ്ക്, CSB എന്നിവ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

3. ബി.ബി.പി.എസ്. സംവിധാനത്തിലൂടെ എല്ലാ പേമെന്റ് വെബ്സൈറ്റിലൂടെ ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

4. മൊബൈൽ നമ്പർ ഉപയോഗിച്ച് വൈദ്യുതിബിൽ തുക അടയ്ക്കാൻ കഴിയുന്ന 'KSEB' എന്ന മൊബൈൽ ആപ്ലിക്കേഷൻ.

5. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി (കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക്വഴി നടപ്പിലാക്കി.)

6. പേ.റ്റി.എം (പേ ത്രൂ മൊബൈൽ), എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം.

7. അപ്പാ സി.എസ്.സി. എന്ന ദേശീയ പൊതുസേവനകേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവനകേന്ദ്രം വഴിയും വൈദ്യുതിബിൽ ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം

8. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ.

## സാലറി ചലഞ്ചിലൂടെ വൈദ്യുതിബോർഡ് പിരിച്ചെടുത്ത തുക

224 (636) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരിതാശ്വാസത്തിന് ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും സാലറി ചലഞ്ചിലൂടെ വൈദ്യുതിബോർഡ് പിരിച്ചെടുത്ത തുക സർക്കാരിന് കൈമാറുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് കാരണക്കാരായവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റിലെ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഒരു മാസത്തെ ശമ്പളം/പെൻഷൻ പത്ത് തവണകളായി പിരിച്ചെടുക്കുന്നതിനും അങ്ങനെ പിരിച്ച തുക ഒറ്റ തുകയായി ദുരിതാശ്വാസനിധിയിലേയ്ക്ക് കൈമാറാനുമാണ് തീരുമാനിച്ചിരുന്നത്. 30-6-2019-വരെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരിൽ നിന്നും 124.73 കോടി രൂപയും പെൻഷൻകാരിൽനിന്നും 20.53 കോടി രൂപയും സാലറി ചലഞ്ചിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സമാഹരിച്ചു. ഇതിൽ 12.80 കോടി രൂപ 21-8-2018-ലും 132.46 കോടി രൂപ 19-8-2019-ലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

## ബാറ്ററി ചാർജ്ജിംഗ് സ്റ്റേഷനുകൾ

225 (637) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക്ക് വാഹനങ്ങൾക്ക് ആവശ്യമായ ബാറ്ററി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഊർജ്ജ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തൊട്ടാകെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ സമീപനരേഖ വൈദ്യുതി ബോർഡ് പുറത്തിറക്കി. സംസ്ഥാനത്തെ മുഴുവൻ വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് വൈദ്യുതി ബോർഡ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വൈദ്യുതി ബോർഡിനെ സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

ആദ്യഘട്ടമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള താൽപ്പര്യപത്രം വിളിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള 6 കോർപ്പറേഷനുകളിലെ സ്ഥലങ്ങളിൽ ഡി.സി. ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കേരള ഗവൺമെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ചു.

ഇലക്ട്രിക് വാഹനങ്ങൾക്കാവശ്യമായ ബാറ്ററി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 348.45 ലക്ഷം രൂപയുടെ ഭരണാനുമതി അനർട്ടിന് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതി ബോർഡിന്റെ നഷ്ടവും കുടിശ്ശികയും

226 (638) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ നിലവിലെ നഷ്ടം എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ;

(ബി) 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയവും ഉരുൾ പൊട്ടലും മൂലം വൈദ്യുതി ബോർഡിന് എത്ര തുകയുടെ നഷ്ടം സംഭവിച്ചുവെന്ന് അറിയിക്കുമോ;

(സി) 2018-19 വർഷത്തെ ഓഡിറ്റ് പ്രകാരം വൈദ്യുതി ബോർഡിന് നഷ്ടം എത്ര കോടി രൂപയായി കുറയ്ക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; ആയത് 2016-17, 2017-18 എന്നീ വർഷങ്ങളിലേതുമായി താരതമ്യം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നഷ്ടം കുറയ്ക്കുവാൻ വൈദ്യുതി ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ വൈദ്യുതി വകുപ്പിന് എത്ര കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ടെന്ന് അറിയിക്കുമോ; ഇവയിൽ വിവിധ സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ നല്കുവാനുള്ള തുക തരംതിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19-ലെ കണക്കുപ്രകാരം വൈദ്യുതി ബോർഡിന്റെ നിലവിലെ നഷ്ടം 290 കോടി രൂപയാണ്.

(ബി) 2018 ഓഗസ്റ്റ് മാസം മദ്ധ്യത്തോടെ കേരളത്തെ പിടിച്ചുകുലുക്കിയ പ്രളയത്തിൽ ഏറ്റവുമധികം നാശനഷ്ടം സംഭവിച്ച മേഖലകളിലൊന്ന് വൈദ്യുതിരംഗമാണ്. പ്രതിഷ്ഠാപനങ്ങളുടെ പുനർനിർമ്മാണത്തിന് മാത്രം KSEB-യ്ക്ക് 351.60 കോടി രൂപയുടെ ചെലവ് കണക്കാക്കിയിരുന്നു. 2019 ആഗസ്റ്റ് മാസം വീശിയടിച്ച കാറ്റിലും കനത്തമഴയെ തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും കെ.എസ്.ഇ.ബി.-ക്ക് കനത്ത നാശനഷ്ടമാണുണ്ടായിട്ടുള്ളത്. കണക്കുകൾ പ്രകാരം ഉത്പാദന പ്രസരണ, വിതരണ ശൃംഖലകൾ പ്രളയപൂർവ്വസ്ഥിതിയിലെത്തിക്കാൻ 243.05 കോടി രൂപ ചെലവ് കണക്കാക്കിയിരുന്നു.

(സി) ഓഡിറ്റ് ചെയ്ത അക്കൗണ്ട് പ്രകാരം 2016-17-ൽ 1494 കോടി രൂപയും 2017-18-ൽ 784 കോടി രൂപയും 2018-19-ൽ 290 കോടി രൂപയുമാണ് ബോർഡിന്റെ നഷ്ടം. 2016-17 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2018-19-ൽ 1204 കോടി രൂപയുടെ നഷ്ടം കുറഞ്ഞിട്ടുണ്ട്. 2017-18-മായി താരതമ്യം ചെയ്യുമ്പോൾ 2018-19-ൽ 494 കോടി രൂപയുടെ നഷ്ടം കുറഞ്ഞിട്ടുണ്ട്.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡ് നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

i. മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളാക്കി മാറ്റുന്നുണ്ട്.

ii. 'DDUGJY' പദ്ധതിക്കായുള്ള കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ടുപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത് നിമിത്തം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.

iii. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയായതിലൂടെ AT&C-Loss-ഉം നഷ്ടവും കുറയ്ക്കാൻ കഴിയുന്നതുമാണ്.

iv. മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവുവരുത്താൻ ശ്രമിക്കുന്നുണ്ട്.

v. ചെലവ് നിയന്ത്രണത്തിന്റെ ഭാഗമായ ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.

(ഇ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന് 30-9-2019 വരെ വൈദ്യുതി കുടിശ്ശികയിനത്തിൽ പലിശയില്ലാതെ 1544.04 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

30-9-2019 വരെയുള്ള കണക്കനുസരിച്ച് കുടിശ്ശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (പലിശ കൂടാതെ)

| | | കോടി രൂപ |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 90.91 |
| 2 | വാട്ടർ അതോറിറ്റി | 228.20 |
| 3 | പൊതുമേഖലാ സ്ഥാപനങ്ങൾ | 96.44 |
| 4 | കേന്ദ്ര സർക്കാർ വകുപ്പുകൾ | 4.74 |
| 5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 5.46 |
| 6 | സ്വകാര്യ സ്ഥാപനങ്ങൾ | 1010.46 |

## വൈദ്യുതി ബോർഡിന് ലഭിച്ച ഭൂമിയുടെ കൈമാറ്റം

227 (639) ശ്രീ. പി. ടി. തോമസ്:

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടി പദ്ധതിക്കായി വൈദ്യുതി ബോർഡിന് സർക്കാർ പതിച്ച് നൽകിയ ഭൂമി, വൈദ്യുതി ബോർഡ് രാജാക്കാട് സഹകരണ ബാങ്കിന് ഹൈഡൽ ടൂറിസം പദ്ധതിക്കായി കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ തീരുമാനത്തിന് വൈദ്യുതി ബോർഡിലെ ഫുൾ ബോർഡിന്റെ അംഗീകാരമുണ്ടോ; ഉണ്ടെങ്കിൽ എന്ന് കൂടിയ ബോർഡാണ് അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രത്യേക പദ്ധതിക്കായി വൈദ്യുതി ബോർഡിന് സർക്കാർ കൈമാറിയ ഭൂമി മറ്റൊരു സർക്കാരേതര സ്ഥാപനത്തിന് കൈമാറുന്നതിന് മുമ്പ് റവന്യൂ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ ;

(ഡി) രാജാക്കാട് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് വൈദ്യുതി വകുപ്പ് മന്ത്രിയുടെ അടുത്ത ബന്ധുവായതിനാലാണ് ഭൂമി കൈമാറുവാൻ തീരുമാനിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനം പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ,ബി&ഡി) പൊൻമുടി ഡാം പ്രദേശത്ത് കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള 76 ഏക്കർ സ്ഥലത്തിൽ 21 ഏക്കർ സ്ഥലം ഹൈഡൽ ടൂറിസത്തിന്റെ

മേൽനോട്ടത്തിൽ ഒരു അമ്യൂസ്മെന്റ് പാർക്ക് തുടങ്ങുന്നതിനായി ഏകദേശം 5-10 കോടി രൂപ നിർമ്മാണചെലവ് കണക്കാക്കപ്പെടുന്ന ഈ പദ്ധതിക്കായി കെ.എച്ച്.റ്റി.സി. ടെണ്ടർ ക്ഷണിക്കുകയും സഹകരണ മേഖലയ്ക്ക് കീഴിൽ വരുന്ന 3 സ്ഥാപനങ്ങൾ മേൽ ടെണ്ടറിൽ പങ്കെടുക്കുകയും കെ.എച്ച്.റ്റി.സി.-ക്ക് ഉയർന്ന വരുമാന പങ്കാളിത്തമായ 20% വാഗ്ദാനം ചെയ്ത രാജാക്കാട് സഹകരണ ബാങ്കിന് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. ടെണ്ടർ പ്രകാരം പ്രസ്തുത പദ്ധതിയുടെ പണികൾ കെ.എച്ച്.റ്റി.സി.-യുടെ മേൽനോട്ടത്തിലും സാമ്പത്തിക ചെലവുകൾ രാജാക്കാട് സഹകരണ ബാങ്കിന്റെയും നേതൃത്വത്തിൽ നടത്തുകയുണ്ടായി.

മേൽവിഷയങ്ങൾ 28-2-2019-ൽ കൂടിയ കെ.എസ്.ഇ.ബി.-യുടെ മുഴുവൻസമയ ഡയറക്ടർമാരുടെ യോഗത്തിൽ അവതരിപ്പിക്കുകയും വ്യവസ്ഥകൾക്ക് വിധേയമായി പൊൻമുടി ഡാമിൽ ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുവാദം നൽകുകയും ചെയ്തു.

(സി) ബാധകമല്ല

**വൈദ്യുതി ബോർഡിന്റെ ഭൂമി ക്രമവിരുദ്ധമായി പാട്ടത്തിന്**

228 (640) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടി അണക്കെട്ടിന് സമീപം വൈദ്യുതി ബോർഡിന്റെ കൈവശമുള്ള 76 ഏക്കർ സർക്കാർ ഭൂമിയിൽ നിന്ന് 21 ഏക്കർ ഭൂമി ഇടുക്കി ജില്ലയിലെ രാജാക്കാട് സഹകരണ ബാങ്കിന് ക്രമവിരുദ്ധമായി പാട്ടത്തിന് നൽകിയതു സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭൂമിയുമായി ബന്ധപ്പെട്ട പാട്ടക്കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) B.O.(FTD)No.197/2019(DGC/AEEII/HT/General/2014) Thiruvananthapuram Dated 2-3-2019 പ്രകാരം കേരള ഹൈഡൽ ടൂറിസം സെന്ററിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭൂമിയിൽ ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിന് 'Permissive Sanction', Design Build/finance Operate & Maintenance (DBFOM) വ്യവസ്ഥയിലാണ് നൽകിയിരിക്കുന്നത്.

## ഊർജ്ജപ്രതിസന്ധി തരണം ചെയ്യുന്നതിന് പദ്ധതികൾ

229 (641) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജപ്രതിസന്ധി തരണം ചെയ്യുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ പരമാവധി വിനിയോഗം സംബന്ധിച്ച് അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കാറ്റിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) നിലവിലുള്ള പരിമിതികളുള്ളിൽ നിന്നുകൊണ്ട് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും പരമാവധി വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതിനാണ് ഈ കാലയളവിൽ ഊന്നൽ നൽകിയിട്ടുള്ളത്. 2022-ഓടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ 40 ശതമാനമെങ്കിലും പുനരുപയോഗ സ്രോതസ്സുകളിൽനിന്നുമാകണം എന്നതാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നത്. 2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്ന് കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് 'സൗര'. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ ബിഡ്ഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും 150 മെഗാവാട്ട് സോളാർ പാർക്കുകളും 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ ഭാഗഭാക്കാകാൻ താല്പര്യമുള്ള ഉപഭോക്താക്കളെ കണ്ടെത്തുന്ന ആദ്യഘട്ടത്തിൽ വമ്പിച്ച പൊതുജന സ്വീകാര്യതയാണുണ്ടായത്. 2.78 ലക്ഷം ഉപഭോക്താക്കൾ ആദ്യഘട്ടത്തിൽത്തന്നെ തല്പരരായി മുന്നോട്ടുവരികയും ഇവരിൽനിന്ന് തെരഞ്ഞെടുക്കുന്ന 42,000-ൽപ്പരം ഉപഭോക്താക്കളുടെ പുരപ്പുറത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളിൽനിന്നായി 200MW ആദ്യഘട്ടത്തിൽ കൂട്ടിച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

<u>പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്കായി കരാറുകൾ</u>

സംസ്ഥാനത്ത് സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 MW വൈദ്യുതി വാങ്ങാനും SECI-യുമായി കാറ്റാടി നിലയങ്ങളിൽ നിന്ന് 300 MW വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽനിന്ന് വൈദ്യുതി വാങ്ങുന്നതിനും KSEB കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. സൗരോർജ്ജ പദ്ധതികളിൽ നിന്ന് 200MW വൈദ്യുതി റിവേഴ്സ് ബിഡ്ഡിംഗിലൂടെ വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60MW ശേഷി കൂട്ടിച്ചേർക്കുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

ഇവ കൂടാതെ 18.96 MWp ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വൻകിട-ഇടത്തരം ചെറുകിട വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ്, ഊർജ്ജകാര്യക്ഷമ പഞ്ചായത്ത്, വിദ്യാലയങ്ങളിൽ എനർജി സ്മാർട്ട് പരിപാടി, ഡെമോൺസ്ട്രേഷൻ പ്രോജക്ടുകൾ, എനർജി ക്ലിനിക്, പൊതുജന ബോധവൽക്കരണ പരിപാടിയായ ഊർജ്ജ കിരൺ, വൈദ്യുതി വിതരണം ട്രാൻസ്ഫോർമറുകളുടെ കാര്യക്ഷമതാ പഠനം, ബോയിലറുകൾ, ഡീസൽ ജനറേറ്റർ സെറ്റുകൾ എന്നിവയിലെ ഊർജ്ജ കാര്യക്ഷമതാ പഠനങ്ങൾ, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവ നടത്തിവരുന്നുണ്ട്.

ഊർജ്ജകാര്യക്ഷമത ഉയർത്തി ഊർജ്ജലാഭം നേടുന്നതിന് ലക്ഷ്യമിട്ട് സർക്കാർ ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന ഫിലമെന്റ് രഹിത കേരളം പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. എനർജി സ്മാർട്ട് പരിപാടി, എനർജി ക്ലിനിക്, ഊർജ്ജ കിരൺ എന്നീ തുടർപരിപാടികൾ കൂടുതൽ വിപുലമായി നടത്തുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ഇതിൽ വിദ്യാലയങ്ങൾ സ്മാർട്ട് എനർജി പരിപാടിയുടെ ഭാഗമായി ഊർജ്ജകാര്യക്ഷമമാക്കി കാർബൺ ന്യൂട്രലാക്കുന്നതിനും ഊർജ്ജ കിരൺ പരിപാടി ഓഫീസുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ഊർജ്ജ ക്ലിനിക് പരിപാടിയിൽ പരിശീലനം നേടിയ കൂടുതൽ വോളണ്ടിയർമാരെ ഉൾപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.

വൈദ്യുതി ഉൽപ്പാദനരംഗത്ത് സൂക്ഷ്മ-ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിനായും പരിപാടികളുണ്ട്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായി സൂക്ഷ്മ-ചെറുകിട-ജലവൈദ്യുത പദ്ധതികളിൽനിന്നും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2012-ലെ ചെറുകിട ജലവൈദ്യുത പദ്ധതി നയം കൂടുതൽ സംരംഭക സൗഹൃദമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ നദികളിലെ ചെറുകിട ജലവൈദ്യുത പദ്ധതി സാധ്യത കണക്കാക്കുന്നതിന്റെ പ്രാരംഭഘട്ടമായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 4 നദികളിൽ പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

സോളാർ സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ

വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർ സ്മാർട്ട് പദ്ധതി. വീടുകൾക്ക് 1 കിലോവാട്ട് മുതൽ 3 കിലോവാട്ട് വരെയും സ്ഥാപനങ്ങൾക്ക് 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെയും സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. 1 കിലോവാട്ടിൽ നിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോവാട്ട് മുതൽ 500 കിലോവാട്ട് വരെ സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്. അനെർട്ട് വഴിയുള്ള പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉത്പാദനം താരതമ്യേന വളരെ കുറവാണ്. സോളാറിൽ നിന്ന് 153 മെഗാവാട്ടും കാറ്റിൽ നിന്നും 70 മെഗാവാട്ടും വൈദ്യുതിയാണ് ഇപ്പോഴുള്ളത്.

(സി) സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടത്തിൽ 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്വകാര്യസംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റ് - 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ സ്വകാര്യ സംരംഭകർവഴി കാറ്റിൽനിന്നും കെ.എസ്.ഇ.ബി.എൽ. റിവേഴ്സ് ടെണ്ടർ വിളിച്ച് 200 മെഗാവാട്ടിന്റെ വരെ വൈദ്യുതി വാങ്ങാനും ലക്ഷ്യമിടുന്നു. കാറ്റിൽനിന്നും 70 മെഗാവാട്ട് വൈദ്യുതിയാണ് ഇപ്പോൾ ഉൽപാദിപ്പിക്കുന്നത്. കൂടുതൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇടുക്കി, പാലക്കാട് ജില്ലകളിൽ സാധ്യതയുണ്ട്.

### കെ.എസ്.ഇ.ബി.-ക്ക് ലഭിക്കാനുള്ള വൈദ്യുതി കുടിശ്ശിക

230 (642) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കുടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് എത്ര കോടി രൂപയാണ് ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബിഎൽ.-ന് ഏതൊക്കെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നാണ് വൈദ്യുതി കുടിശ്ശിക ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള വൈദ്യുതി ബോർഡിന് 30-6-2019 വരെ വൈദ്യുതി കുടിശ്ശികയിനത്തിൽ പലിശ കൂടാതെ 1544.04 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള വൈദ്യുതി കുടിശ്ശികയുടെ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

### കെ.എസ്.ഇ.ബി.എൽ. നിരക്ക് വർദ്ധനവ്

231 (643) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിശ്ശികയായി 2645 കോടി രൂപ കിട്ടാനുള്ളപ്പോഴും കെ.എസ്.ഇ.ബി. കഴിഞ്ഞ ജൂലൈ മാസത്തിൽ 902 കോടി രൂപയുടെ പുതിയ നിരക്ക് വർദ്ധനവ് പ്രഖ്യാപിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 902 കോടി രൂപയുടെ നിരക്ക് വർദ്ധനയിൽ 538.95 കോടി രൂപയുടെ വർദ്ധനവും ഗാർഹിക ഉപഭോക്താക്കൾക്കാണോ വരുത്തിയത്; വ്യക്തമാക്കുമോ;

(സി) വാണിജ്യ മേഖലയ്ക്ക് 3.3 ശതമാനവും വ്യവസായികൾക്ക് 6 ശതമാനവും വർദ്ധനവ് വരുത്തിയപ്പോൾ ഗാർഹിക വൈദ്യുതിയുടെ ശരാശരി വർദ്ധനവ് 11.4 ശതമാനമാണോ;

(ഡി) 1100 കോടി രൂപ അധികം ലഭിക്കുന്ന നിരക്ക് വർദ്ധനവും ഫിക്സഡ് ചാർജിൽ വൻതോതിലുള്ള വർദ്ധനവും കെ.എസ്.ഇ.ബി. ആവശ്യപ്പെടുകയുണ്ടായോ;

(ഇ) എങ്കിൽ അത് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചില്ലെന്ന റിപ്പോർട്ടുകൾ പരിശോധിച്ചോ;

(എഫ്) ഇതിനുമുമ്പ് ഈ സർക്കാർ വൈദ്യുതി നിരക്കിൽ വർദ്ധനവ് വരുത്തിയത് എന്നാണ്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽനിന്ന് വ്യത്യസ്തമായി ബിൽ ചെയ്യപ്പെടുന്ന മുഴുവൻ തുകയും വരുമാനമായി കണക്കിലെടുക്കുന്ന അക്കൗണ്ടിംഗ് സമ്പ്രദായമാണ് (Accural Accounting System) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്നത്. മുൻവർഷങ്ങളിൽ ഉണ്ടായിരുന്ന റവന്യൂകമ്മിയുടെ ഒരു ഭാഗം മാത്രമേ അന്ന് താരിഫ് പരിഷ്കരണത്തിലൂടെ അനുവദിച്ചിരുന്നുള്ളൂ. അമിതമായ തോതിൽ താരിഫ് വർദ്ധനവുണ്ടാകാതിരിക്കാൻ ബാക്കി തുക പിൽക്കാലത്തേയ്ക്ക് മാറ്റി വയ്ക്കപ്പെടുകയാണ് ചെയ്യാറുള്ളത്. ഇപ്രകാരമുള്ള തുക ( Regular Asset) 2018 മാർച്ച് ആയപ്പോഴേക്കും 5645 കോടി രൂപയായി ഉയർന്നു. അത് വൈദ്യുതി ബോർഡിന്റെ കടബാധ്യത അമിതമായി വർദ്ധിക്കാനിടയാക്കി. 2016-ലെ ദേശീയ വൈദ്യുതി നയത്തിൽ പഴയകാല റവന്യൂകമ്മി, ഏഴുവർഷം കൊണ്ട് താരിഫ് പരിഷ്കരണത്തിലൂടെ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2018-ൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ചട്ടങ്ങൾ പ്രകാരം 2018-2022 കാലയളവിലേയ്ക്ക് പ്രതീക്ഷിത വരവുചെലവ് കണക്കുകൾ അംഗീകരിക്കുന്നതിനുള്ള ഒരു പെറ്റീഷനും 2018-19, 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള താരിഫ് പരിഷ്കരണത്തിനുള്ള നിർദ്ദേശങ്ങളും 31-10-2018-ൽ കെ.എസ്.ഇ.ആർ.സി.-ക്ക് മുമ്പാകെ സമർപ്പിക്കുകയുണ്ടായി. ഈ പെറ്റീഷൻ

പ്രകാരം 2018-2022 വർഷങ്ങളിലേയ്ക്കുള്ള വരവുചെലവ് കണക്കുകൾ തമ്മിലുള്ള അന്തരം 1100.70 കോടി രൂപ, 1399.05 കോടി രൂപ, 2065.28 കോടി രൂപ, 2518.92 കോടി രൂപ എന്നിങ്ങനെയാണ്. ടി വരുമാന കമ്മിയും പഴയകാലകമ്മിയുടെ ഏഴിലൊന്നും കൂടി കണക്കിലെടുത്ത്, 2018-19-ൽ 1101.72 കോടി രൂപയുടെ താരിഫ് വർദ്ധനവിനും 2020-21-ൽ 700.44 കോടി രൂപയുടെ താരിഫ് വർദ്ധനവിനും കമ്മീഷൻ മുമ്പാകെ ശിപാർശ ചെയ്തിരുന്നു. എന്നാൽ 8-7-2019-ൽ പുറത്തിറക്കിയ താരിഫ് ഉത്തരവുപ്രകാരം 2018-19-ൽ 902.94 കോടി രൂപയുടെ താരിഫ് വർദ്ധനവിന് മാത്രമേ അംഗീകാരം നൽകിയിട്ടുള്ളൂ.

(ബി) 2019-20-ൽ താരിഫ് വർദ്ധനവിലൂടെ കമ്മീഷൻ ഈടാക്കാൻ അനുവദിച്ച 902.94 കോടി രൂപയിൽ 538.95 കോടി രൂപ ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ ആകെ ഉപഭോക്താക്കളിൽ 80 ശതമാനത്തിൽ അധികവും ഗാർഹിക ഉപഭോക്താക്കളാണ്. ഈ വിഭാഗത്തിന്റെ ആകെ വൈദ്യുതി ഉപയോഗം 50 ശതമാനത്തിലധികം വരും. എന്നാൽ ഗാർഹിക വിഭാഗത്തിൽ നിന്നുള്ള വരുമാനം 37.32 ശതമാനം മാത്രമാണ്. ആയതിനാൽ വൈദ്യുതി നിയമം-2003-ലെ വിവിധ വ്യവസ്ഥകൾ പ്രകാരവും 2016-ലെ താരിഫ് പോളിസി പ്രകാരവും താരിഫ് റെഗുലേഷൻ 2018-ലെ ചട്ടങ്ങൾ പ്രകാരവും ഗാർഹിക ഉപഭോക്താക്കളുൾപ്പെടെയുള്ള Subsidized Categories-ൽ ഉൾപ്പെടുന്ന ഉപഭോക്താക്കളുടെ താരിഫ് പരമാവധി വൈദ്യുതിയുടെ ശരാശരി വിലയുടെ 80 ശതമാനമായി പരിമിതപ്പെടുത്തിയാണ് (താരിഫ് ഷോക്ക് ഒഴിവാക്കുന്നതിനായി) കണക്കാക്കിയിരിക്കുന്നത്.

(സി) അതെ. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി നിയമം-2003, താരിഫ് പോളിസി-2006, താരിഫ് റെഗുലേഷൻസ്-2018, അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL) പുറപ്പെടുവിച്ചിട്ടുള്ള വിധികൾ എന്നിവയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിച്ചാണ് താരിഫ് നിർണ്ണയിച്ചിരിക്കുന്നത്.

(i) Subsidy Categories ആയ ഗാർഹികം, കാർഷികം തെരുവുവിളക്കുകൾ മുതലായ വിഭാഗങ്ങൾക്ക് താരിഫ് ഷോക്ക് ഒഴിവാക്കുന്നതിലേയ്ക്കായി, ടി വിഭാഗങ്ങളുടെ താരിഫ്, വൈദ്യുതിയുടെ ശരാശരി വിലയുടെ 80 ശതമാനത്തിൽ അധികമാകാതിരിക്കുക.

(ii) Subsidizing Categories (വാണിജ്യസ്ഥാപനങ്ങൾ മുതലായവ)-ന്റെ ക്രോസ് സബ്സിഡി ക്രമാനുഗതമായി കുറയ്ക്കുക.

(iii) വ്യാവസായിക ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരണത്തിനുമുമ്പ് തന്നെ വൈദ്യുതിയുടെ ശരാശരി വിലയുടെ 80 ശതമാനത്തിനും 120 ശതമാനത്തിനുമിടയിലായതിനാൽ വൈദ്യുതിയുടെ ശരാശരി വിലയിലുണ്ടായ വ്യതിയാനങ്ങൾക്ക് അനുസരിച്ച് പരിഷ്കരിക്കുക.

(iv) Cross Subsidy Level 120 ശതമാനത്തിൽ കൂടുതലായ ഉപഭോക്താക്കളുടെ താരിഫ് വർദ്ധനവിൽ നിന്ന് പരമാവധി ഒഴിവാക്കുക. മുകളിൽ പ്രതിപാദിച്ചിരിക്കുന്നവ പരിഗണിച്ച് താരിഫ് വർദ്ധനവിനുള്ള ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ വാണിജ്യം, വ്യവസായം, ഗാർഹികം എന്നിവയുടെ താരിഫ് (ശരാശരി വിലയുടെ അടിസ്ഥാനത്തിൽ) താഴെപ്പറയുന്ന പ്രകാരമാണ് കണക്കാക്കിയിരിക്കുന്നത്.

| വിഭാഗം | വർദ്ധനവിന് മുമ്പ് (ശരാശരി വിലയുടെ അടിസ്ഥാനത്തിൽ) | വർദ്ധനവിന് ശേഷം (ശരാശരി വിലയുടെ അടിസ്ഥാനത്തിൽ) |
|---|---|---|
| ഗാർഹികം | 75 ശതമാനം | 75.7 ശതമാനം |
| വ്യവസായം | 128.3 ശതമാനം | 123 ശതമാനം |
| വാണിജ്യം | 168.5 ശതമാനം | 157.8 ശതമാനം |

നാണയപ്പെരുപ്പ് നിരക്കിൽ വർദ്ധനവ് സൂചിപ്പിക്കുമ്പോഴും ഗാർഹിക ഉപഭോക്താക്കളുടെ താരിഫിൽ 0.7% വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മുകളിൽ സൂചിപ്പിച്ചിരുന്ന കണക്കുകൾ പ്രകാരം ഗാർഹിക വിഭാഗത്തിന് വരുത്തിയിരിക്കുന്ന വർദ്ധനവ് ചട്ടങ്ങൾക്ക് വിധേയമായി പരമാവധി താരിഫ് ഷോക്ക് ഒഴിവാക്കിയാണ് വരുത്തിയിരിക്കുന്നത്.

(ഡി) 2018-19-ലെ പ്രതീക്ഷിത വരവുചെലവ് കണക്കുകളിലെ അന്തരവും (1100.70) മുൻകാലങ്ങളിലെ നികത്തപ്പെടാത്ത റവന്യൂ കമ്മിയുടെ ഒരു ഭാഗവുംകൂടി ചേർത്ത് 1101.72 കോടി രൂപയുടെ താരിഫ് വർദ്ധനവാണ് ആവശ്യപ്പെട്ടത്.

കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയത്തിന് കീഴിൽ സ്ഥാപിക്കപ്പെട്ട താരിഫ് ഏകീകരണത്തിനും ലഘൂകരണത്തിനുമായി രണ്ട് കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്, ഫിക്സഡ് ചാർജ്ജിൽ വർദ്ധനവ് വരുത്തി താരിഫ് ശിപാർശകൾ സമർപ്പിച്ചത്. എന്നാൽ വർദ്ധനവ് കുറച്ച്, താരിഫ് ഷോക്ക് ഒഴിവാക്കുന്നതിലേയ്ക്കായി എനർജി ചാർജ്ജിൽ ഗണ്യമായ കുറവ് വരുത്തിയാണ് ശിപാർശ സമർപ്പിച്ചത്.

കമ്മിറ്റിയുടെ ശിപാർശ പ്രകാരം യൂട്ടിലിറ്റികളുടെ പ്രതീക്ഷിത ചെലവിലെ (ARR) ഫിക്സഡ് കോസ്റ്റിന്റെ അടിസ്ഥാനത്തിലാണ് വിവിധ വിഭാഗങ്ങളുടെ ഫിക്സഡ് ചാർജ്ജ് നിർണ്ണയിക്കേണ്ടതെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. പരിഷ്കരണത്തിനുമുമ്പ് ഓരോ വിഭാഗത്തിൽ ലഭ്യമാകുന്ന ഫിക്സഡ് കോസ്റ്റിന്റെ 50 ശതമാനത്തിൽ അധികമാകുമായിരുന്നില്ല. ഇത് ഒരളവുവരെ നികത്തുന്നതിനാണ് ഇത്തരത്തിലുള്ള ശിപാർശ സമർപ്പിച്ചത്.

(ഇ) ഫിക്സഡ് ചാർജ്ജിലുള്ള വർദ്ധനവ് ശിപാർശപ്രകാരം അംഗീകരിച്ചെങ്കിലും, എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും ഫിക്സഡ് ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ എനർജി ചാർജ്ജിൽ വ്യത്യാസം വരുത്തി. 902.94 കോടി രൂപയുടെ താരിഫ് വർദ്ധനവ് വരുത്തി കെ.എസ്.ഇ.ആർ.സി. ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായത്.

(എഫ്) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 17-4-2017-ൽ സ്വമേധയാ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 18-4-2017 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരിച്ചിരുന്നു. ഇതുമൂലം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് 550 കോടി രൂപയുടെ (4.77 ശതമാനം വർദ്ധനവ്) അധിക വരുമാനം മുൻവർഷത്തേക്കാൾ ലഭ്യമായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ൽ സോഷ്യൽ ഓഡിറ്റിംഗ്

232 (644) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനവും ജനങ്ങളുമായുള്ള ബന്ധവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വേണ്ടി സെക്ഷൻ ആഫീസുകൾ കേന്ദ്രീകരിച്ച് സോഷ്യൽ ഓഡിറ്റിങ് സമ്പ്രദായം നടപ്പിലാക്കുന്നതിന് സോഷ്യൽ ഓഡിറ്റിങ് കമ്മിറ്റി രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിന്റെ രൂപഘടനയും ലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനവും ജനങ്ങളുമായുള്ള ബന്ധവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിതരണ മേഖലയിൽ സെക്ഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിനായി മാനേജ്മെന്റ് തൊഴിലാളി സംഘടനകളുമായും ഓഫീസർമാരുടെ സംഘടനകളുമായും ചർച്ച നടത്തിവരുന്നു. അതിന്റെ ലക്ഷ്യങ്ങളും രൂപഘടനയും സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

## തീരദേശ മേഖലയിലെ വൈദ്യുതി ശൃംഖല പൂർവ്വസ്ഥിതിയിലാക്കൽ

233 (645) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച തീരദേശ മേഖലയിലെ വൈദ്യുതി ശൃംഖല പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് പണം അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജില്ല തിരിച്ചുള്ള നാശനഷ്ടത്തിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) ലഭിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച തീരദേശ മേഖലയിലെ വൈദ്യുതി ശൃംഖല പൂർവ്വസ്ഥിതിയിലാക്കാൻ 46.11 കോടി രൂപ കെ.എസ്.ഇ.ബി.എൽ-ന് അനുവദിച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള നാശനഷ്ടത്തിന്റെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) തുക വിനിയോഗം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## കോട്ടയം ലൈൻ പാക്കേജ് കരാർ

234 (646) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോട്ടയം ലൈൻസ് പാക്കേജ്, എസ്റ്റിമേറ്റ് തുകയുടെ 61 ശതമാനം അധിക തുകയ്ക്ക് ഒരു സ്വകാര്യ കമ്പനിക്ക് കരാർ നൽകിയതിന്റെ കാരണം വിശദമാക്കാമോ ;

(ബി) മത്സരാധിഷ്ഠിത ടെണ്ടറുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾ പാലിച്ചു കൊണ്ടാണോ പ്രസ്തുത പാക്കേജിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പാക്കേജിന്റെ നടത്തിപ്പിനായുള്ള ടെണ്ടർ നടപടികളിൽ ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ടെണ്ടറിൽ പങ്കെടുത്ത ഏതു കമ്പനിക്കാണ് കരാർ നൽകിയതെന്ന് വിശദമാക്കാമോ; പ്രസ്തുത കമ്പനിക്ക് കരാർ നൽകാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ പ്രസരണ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുന്ന പ്രസരണ ശൃംഖലാ വികസന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഈ പദ്ധതിയിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികളെ പൊതുസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ പാക്കേജുകൾ, ലൈൻ പാക്കേജുകൾ എന്നിങ്ങനെ വിവിധ പാക്കേജുകളിലായി തിരിച്ച് പാക്കേജ് അടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തികളുടെ കരാറുകൾ നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇപ്രകാരം ആവിഷ്കരിച്ച പ്രസരണ ലൈൻ നിർമ്മാണ പദ്ധതിയാണ് കോട്ടയം ലൈൻ പാക്കേജ്.

നടപടികൾ കൂടുതൽ സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ കോലത്തുനാട് ലൈൻ പാക്കേജിന്റെ ദർഘാസ് നടപടികൾ കേന്ദ്രസർക്കാർ ഏജൻസിയായ PFC Consulting Pvt Limited-നെ ബിഡ് പ്രോസസ്സ് കോ-ഓർഡിനേറ്റർ എന്ന നിലയിൽ ഏൽപ്പിക്കാൻ വൈദ്യുതി ബോർഡ് തീരുമാനിക്കുകയുണ്ടായി. ഇ-ഓപ്പൺ ടെണ്ടർ രീതിയിൽ ഐറ്റം റേറ്റുകൾ വെളിപ്പെടുത്താതെ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചതിനുശേഷം ഇ-റിവേഴ്സ് ഓക്ഷനും നടത്തി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന കമ്പനിക്ക് പ്രവൃത്തിയുടെ കരാർ നൽകുന്ന രീതിയിലാണ് ദർഘാസ് നടപടികൾ ക്രമീകരിച്ചിരിക്കുന്നത്. ഇപ്രകാരം കോട്ടയം ലൈൻ പാക്കേജിന്റെ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിക്ക് കരാർ നൽകുന്നതിനുള്ള ശിപാർശ ദർഘാസിന് ചുമതലപ്പെടുത്തിയിരുന്ന PFC Consulting Pvt Limited വൈദ്യുതി ബോർഡിന് നൽകിയിരുന്നു. ബിഡ് പ്രോസസ്സ് കോ-ഓർഡിനേറ്റർ ശിപാർശ ചെയ്ത തുകയിന്മേൽ വൈദ്യുതി ബോർഡ് വീണ്ടും negotiation നടത്തിയതനുസരിച്ച് കമ്പനി തുക വീണ്ടും കുറയ്ക്കാൻ തയ്യാറായി. ഇപ്രകാരം ഏറ്റവും കുറച്ച് നൽകിയ തുകയ്ക്കാണ് വൈദ്യുതി ബോർഡിന്റെ ഉന്നതാധികാര സമിതി (കേരള ഗവൺമെന്റ് ഉദ്യോഗസ്ഥൻ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ്) വിശദമായ ചർച്ചകൾക്കും കമ്പോള നിരക്കുകളുമായുള്ള താരതമ്യങ്ങൾക്കുശേഷം കരാർ നൽകിയിട്ടുള്ളത്.

പ്രസരണ ലൈനുകളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 2013-ൽ വൈദ്യുതി ബോർഡ് അംഗീകരിച്ചിട്ടുള്ള Cost data-ൽ അതാത് സമയത്ത് നിലവിലുള്ള DSR നിരക്കുകളും അതിന്മേൽ അതാത് ജില്ലകൾക്ക് ബാധകമായ Cost index-ഉം ചേർത്താണ്. സമീപകാലത്ത് നൽകിയിട്ടുള്ള പ്രസരണലൈൻ നിർമ്മാണ കരാറുകളെല്ലാംതന്നെ എസ്റ്റിമേറ്റ് തുകയിൽനിന്നും ശരാശരി 40-50% വരെ ഉയർന്ന നിരക്കിലാണ് നൽകിയിട്ടുള്ളത്. എന്നാൽ, സാധാരണ കരാറുകളെ അപേക്ഷിച്ച് കൂടുതൽ ദീർഘമായ കാലയളവ് (ഒന്ന് മുതൽ രണ്ട് വരെ വർഷങ്ങൾക്കുപകരം ഏഴ് കൊല്ലം വരെ) വാറണ്ടി പിരീഡ് ആവശ്യപ്പെട്ടതിനാലും പേമെന്റ് കണ്ടീഷനിൽ കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചതിനാലും ചതുപ്പുനിലങ്ങളും കായലും ഉൾപ്പെടുന്ന പ്രദേശങ്ങളായതിനാലും കോട്ടയം പാക്കേജിന് നൽകിയ കരാർ ഒട്ടും കൂടുതലല്ല.

കോട്ടയം പാക്കേജിന്റെ കരാർ ഉറപ്പിച്ചതും മേൽവിവരിച്ച പ്രകാരം വിശദമായ പരിശോധനകൾക്കും വിവിധ തരത്തിലുള്ള താരതമ്യത്തിനും ശേഷം കരാർ തുക ന്യായമാണെന്ന് ഡയറക്ടർ ബോർഡുതലത്തിൽ ഉറപ്പുവരുത്തിയതിനു ശേഷം മാത്രമാണ്.

(ബി) മത്സരാധിഷ്ഠിത ടെണ്ടറുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടുതന്നെയാണ് പ്രസ്തുത പാക്കേജിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരിക്കുന്നത്.

(സി) M/s. L&T India Ltd., M/s. Sterlite Power Transmission Ltd., M/s. Transrail Lighting Ltd. എന്നീ കമ്പനികളാണ് പ്രസ്തുത പാക്കേജിന്റെ ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്.

(ഡി) L&T India Ltd.-നാണ് കരാർ നൽകിയത്. Item rate-ൽ ടെണ്ടർ ചെയ്ത പ്രസ്തുത ജോലി എല്ലാ നിയമങ്ങളും പാലിച്ച്, ഇ-റിവേഴ്സ് ഓക്ഷൻ വഴി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിക്കാണ് കരാർ നൽകിയത്.

## വൈദ്യുത ഫിലമെന്റ് രഹിത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ

235 (647) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വൈദ്യുത ഫിലമെന്റ് രഹിത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സബ്സിഡി നിരക്കിൽ ബൾബുകൾ നൽകുന്നുണ്ടോ;

(സി) പദ്ധതിയുടെ അന്തിമ രൂപരേഖ ലഭ്യമാക്കുമോ; എന്ന് മുതൽ നടപ്പിലാക്കാമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തെ ഫിലമെന്റ് രഹിത സംസ്ഥാനമായി മാറ്റുന്നതിനായി സർക്കാർ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ഫിലമെന്റ് രഹിത കേരളം എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബി.യും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ഉപഭോക്താക്കളിൽനിന്ന് ഓൺലൈൻ പ്രകാരം രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുകയും അപ്രകാരം ഏതാണ്ട് 1.07 കോടി എൽ.ഇ.ഡി. ബൾബുകളുടെ ആവശ്യകതയാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇതിനായി 1 കോടി എൽ.ഇ.ഡി. ബൾബുകൾ വാങ്ങാനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2018 ഏപ്രിൽ 12-ന് പ്രഖ്യാപിച്ചു. ഇ.എം.സി.യും പീലിക്കോട് ഗ്രാമപഞ്ചായത്തും ചേർന്ന് നടത്തിയ പദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പിലാക്കിയത്. ഇ.എം.സി.-യിൽനിന്ന് 50 രൂപ നിരക്കിൽ 16500 എൽ.ഇ.ഡി. ബൾബുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിയിരുന്നു. കൂടാതെ കെ.എസ്.ഇ.ബി. 20000 ബൾബുകളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം സബ്സിഡി നൽകി ബൾബുകൾ വിതരണം ചെയ്യുന്നില്ല. എന്നാൽ മത്സരാധിഷ്ഠിത ടെണ്ടറിൽക്കൂടി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്കിൽ ബൾബുകൾ വിതരണം ചെയ്യുന്നതാണ്.

(സി) ഉപഭോക്താക്കളുടെ രജിസ്ട്രേഷനുശേഷം ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. ഈ നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ അന്തിമ രൂപം തയ്യാറാക്കുകയുള്ളൂ. ടെണ്ടർ നടപടികൾ വേഗം പൂർത്തിയാക്കി ഈ സാമ്പത്തികവർഷം (2019-20) തന്നെ ബൾബുകളുടെ ആദ്യഘട്ട വിതരണം നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## വൈദ്യുതി പ്രസരണ വിതരണ നഷ്ടം

236 (648) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യുടെ വൈദ്യുതി വിതരണ രംഗത്തെ പ്രസരണവിതരണ നഷ്ടം വർഷത്തിൽ എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസരണ - വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷാവസാനം സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം 12.47 ശതമാനമാണ്.

(ബി) വൈദ്യുതി പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ബോർഡ് കാലാകാലങ്ങളിലായി നടപ്പിലാക്കിവരുന്നു.

1. എച്ച്.റ്റി. ലൈനുകളും എൽ.റ്റി. ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തുക.
2. 11 കെ.വി. 33 കെ.വി. ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.
3. നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ ചാലകശേഷി കൂടിയ കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring).
4. കൂടുതൽ വിതരണ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.
5. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.
6. എച്ച്.റ്റി. ലൈനിലും എൽ.റ്റി. ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്ടറുകൾ സ്ഥാപിക്കുക.
7. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. വിതരണനഷ്ടം കുറയ്ക്കുന്നതിന് മുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനുവേണ്ടി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള 11 കെ.വി. ഫീഡറുകളിൽ ബോർഡർ മീറ്ററുകൾ സ്ഥാപിക്കുന്നതിനും എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകളിലും 'ഡി.റ്റി.ആർ.' മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

2018-19 സാമ്പത്തിക വർഷത്തിൽ വൈദ്യുതി പ്രസരണ വിതരണനഷ്ടം കുറയ്ക്കുന്നതിനായി 163.7 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.റ്റി. ലൈനുകളും 9 പുതിയ സബ്സ്റ്റേഷനുകളും ട്രാൻസ്ഫോമറുകളും 3401 കിലോമീറ്റർ പുതിയ എൽ.റ്റി. ലൈനുകളും 2410 ഡിസ്ട്രിബ്യൂഷൻ ലൈനുകളും സ്ഥാപിക്കുകയും 8.38 ലക്ഷം കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## വൈദ്യുതി വകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ

237 (649) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ എത്ര കോടി രൂപയുടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്തിയതെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വകുപ്പ് കൽപ്പറ്റ നിയോജകമണ്ഡലത്തിൽ DDUGJY, IPDS, MLA ADS, Dyuthi, PPS, ST പദ്ധതികളിലൂടെയും 17.99 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ പ്രധാനമായി വിതരണശൃംഖലയിൽ 32.56 കിലോമീറ്റർ പുതിയ 11 കെ.വി. ഓവർഹെഡ് ലൈൻ വലിക്കുകയും 11 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും ചെയ്തു. ഇതുകൂടാതെ 10 ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും 8.56 കിലോമീറ്റർ ത്രീ ഫേസ് ലൈൻ വലിക്കുകയും 9.2 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കുകയും 11 ബൗണ്ടറി മീറ്റർ സ്ഥാപിക്കുകയും 29500-ഓളം കേടായ മീറ്റർ മാറ്റിവയ്ക്കുകയും 1.3 കിലോമീറ്റർ 11 കെ.വി ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും 38.74 കിലോമീറ്റർ ഹൈ ടെൻഷൻ ലൈൻ റീകണ്ടക്റ്ററിംഗ് വർക്കുകൾ, 10.68 കിലോമീറ്റർ ലോടെൻഷൻ ലൈൻ റീകണ്ടക്റ്ററിംഗ് വർക്കുകൾ എന്നിവ പൂർത്തിയാക്കുകയും 5375-ഓളം സർവ്വീസ് കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. IPDS വർക്കിൽ 33/11Kv5 MVA ട്രാൻസ്ഫോമർ ശേഷി 33/11Kv 8MVA ആയി വർദ്ധിപ്പിച്ചു.

കൂടാതെ താഴെ പറയുന്ന പ്രവൃത്തികളും നടപ്പിലാക്കി.

1. 220 കെ.വി. സബ്സ്റ്റേഷൻ കണിയാമ്പറ്റയിൽ 11Kv 10 Panel Set മാറ്റിയ വർക്ക്.

2. 66 കെ.വി. കുത്തുമുണ്ട സബ്സ്റ്റേഷനിൽ ശേഷി ഉയർത്തുന്നതിന്റെ ഭാഗമായി താൽക്കാലികമായി കൺട്രോൾ റൂം നിർമ്മാണവും ODC മാറ്റി indoor 10 Panel Set ആക്കി മാറ്റിയ പ്രവൃത്തിയും.

3. 66 കെ.വി. കണിയാമ്പറ്റ-കുത്തുമുണ്ട സിംഗിൾ സർക്യൂട്ട് ലൈൻ 110 കെ.വി ഡബിൾ സർക്യൂട്ട് ലൈനാക്കി മാറ്റി ശേഷി ഉയർത്തൽ.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സിന്റെ കീഴിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി, 5 വർഷത്തെ അറ്റകുറ്റപണികളുൾപ്പെടെ 9.25 കോടി രൂപ വകയിരുത്തി നടപ്പിലാക്കി. ഇതിൽ നിന്നുള്ള വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു.

കൂടാതെ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ 43 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതി 35 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ചുവരുന്നു.

## കാർഷിക വൈദ്യുതി കണക്ഷനുകൾ

238 (650) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കാർഷിക വൈദ്യുതി കണക്ഷനുകൾ ഉണ്ടെന്നറിയിക്കാമോ;

(ബി) കാർഷിക കണക്ഷനുകളിൽ കൃഷിവകുപ്പ് പണം അടയ്ക്കുന്ന കണക്ഷനുകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) കാർഷിക കണക്ഷൻ നൽകുന്നതിന് പമ്പ് ഹൗസ് നിർബന്ധമാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) പരിയാരം, ചപ്പാരപ്പടവ്, കുറുമാത്തൂർ, മലപ്പട്ടം, മയ്യിൽ, കുറ്റ്യാട്ടൂർ, കൊളച്ചേരി, ആന്തൂർ, തളിപ്പറമ്പ് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്ര കാർഷിക കണക്ഷനുകൾ ഉണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഏകദേശം 473053 കാർഷിക വൈദ്യുതി കണക്ഷനുകളുണ്ട്.

(ബി) കാർഷിക കണക്ഷനുകളിൽ കൃഷി വകുപ്പ് ഏകദേശം 279660 കണക്ഷനുകൾക്ക് പണം അടയ്ക്കുന്നുണ്ട്.

(സി) കാർഷിക വൈദ്യുതി കണക്ഷനുകൾ വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾക്കുപുറമെ കന്നുകാലി ഫാമുകൾ, കോഴി വളർത്തൽ കേന്ദ്രങ്ങൾ, മീൻ വളർത്തൽ ഫാമുകൾ, പട്ടുനൂൽപ്പുഴുവിനെ വളർത്തൽ (Sericulture) തുടങ്ങിയ ആവശ്യങ്ങൾക്കായും നൽകാറുണ്ട്. ടി കാർഷിക കണക്ഷനുകൾക്ക് ഘടിപ്പിക്കുന്ന വൈദ്യുതി മീറ്ററും അനുബന്ധ ഉപകരണങ്ങളും സുരക്ഷിതമായി സ്ഥാപിക്കാൻ പമ്പ് ഹൗസ് അല്ലെങ്കിൽ വെയിലും മഴയും ഏൽക്കാൻ സാധിക്കാത്ത രീതിയിലുള്ള സംവിധാനം (എൻക്ലോസർ (Enclosure) ആവശ്യമാണ്.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക കണക്ഷനുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| തദ്ദേശഭരണ സ്ഥാപനം | കാർഷിക കണക്ഷനുകളുടെ എണ്ണം |
|---|---|
| പരിയാരം | 55 |
| ചപ്പാരപ്പടവ് | 176 |
| കുറുമാത്തൂർ | 136 |
| മലപ്പട്ടം | 49 |
| ആന്തൂർ | 35 |
| തളിപ്പറമ്പ് | 17 |
| മയ്യിൽ | 241 |
| കുറ്റ്യാട്ടൂർ | 87 |
| കൊളച്ചേരി | 36 |

## വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യത

239 (651) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ, 2016 മേയ് എന്നീ മാസങ്ങളിൽ വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യത എത്ര രൂപ വീതമായിരുന്നുവെന്നും 2019 ഒക്ടോബർ മാസം അതെത്രയായെന്നും വെളിപ്പെടുത്താമോ;

(ബി) 2011 ജൂൺ മുതൽ 2016 മേയ് വരെ വൈദ്യുതി ചാർജ്ജ് എത്ര ശതമാനം വർദ്ധിപ്പിച്ചുവെന്ന് അറിയിക്കാമോ;

(സി) 2016 ജൂൺ മുതൽ 2019 ഒക്ടോബർ വരെ വൈദ്യുതി ചാർജ്ജ് എത്ര ശതമാനമാണ് വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി.എൽ. സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ സൂക്ഷിക്കുന്നത്. 2011 മാർച്ചിലെ കടബാധ്യത 1384 കോടി രൂപയാണ്. 2016 മാർച്ചിലെ കടബാധ്യത 5925 കോടി രൂപയാണ്. ഈ തുക ഹ്രസ്വകാല വായ്പയും ഓവർ ഡ്രാഫ്റ്റും ദീർഘകാല വായ്പയും ചേർത്തുള്ളതാണ്. 2019 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം ബോർഡിന്റെ കടബാധ്യത 7889 കോടി രൂപയാണ്.

(ബി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ. സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിന്റെ (ശതമാനത്തിൽ) വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വർഷം | വർദ്ധനവ് പ്രാബല്യത്തിൽ വന്ന തീയതി | വർദ്ധനവ് (ശതമാനത്തിൽ ശരാശരി) |
|---|---|---|
| 2012-13 | 1-7-12 | 29.5 |
| 2013-14 | 1-5-13 | 8.3 |
| 2014-15 | 16-8-14 | 11.4 |
| 2015-16 | വർദ്ധനവില്ല | |

(സി) 2016 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വർഷം | വർദ്ധനവ് പ്രാബല്യത്തിൽ വന്ന തീയതി | വർദ്ധനവ് (ശതമാനത്തിൽ) (ശരാശരി) |
|---|---|---|
| 2017-18 | 18-4-17 | 5 |
| 2019-20 | 8-8-19 | 6.8 |

**ഇടക്കൊച്ചി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

240 (652) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ 24-2-2016-ലെ BO(DB)No.594/2016 (D(D&S)/D6/AE2/New Section/2016) നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) പുതിയതായി അനുവദിച്ച ഇടക്കൊച്ചി സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് വാടക രഹിത കെട്ടിടം ലഭ്യമാക്കേണ്ടതുണ്ടെന്ന് ബോർഡ് നിഷ്കർഷിച്ചിട്ടുണ്ട്. പള്ളുരുത്തി കച്ചേരിപ്പടി മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗം ഓഫീസ് തുടങ്ങുന്നതിനായി നൽകാമെന്ന് കോർപ്പറേഷൻ സമ്മതിച്ചിട്ടുണ്ട്. കെട്ടിടത്തിൽ സെക്ഷൻ ഓഫീസ് സജ്ജീകരിക്കുന്ന പ്രവൃത്തികൾക്കായി 9.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കോർപ്പറേഷന്റെ കെട്ടിടം ബോർഡ് ഏറ്റെടുത്ത് ഓഫീസ് സജ്ജമാക്കുകയും ഓഫീസിലേയ്ക്കാവശ്യമായ ജീവനക്കാരെ പുനർവിന്യാസം വഴി നിയമിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഇടക്കൊച്ചി ഇലക്ട്രിക്കൽ സെക്ഷന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിലുണ്ടാകുന്ന കാലതാമസം

241 (653) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന റോഡുകൾ വീതി കൂട്ടി നവീകരിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന് മുൻകൂറായി പണം അടച്ചാലും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) സമയബന്ധിതമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റാത്തത് കാരണം പയ്യന്നൂർ മണ്ഡലത്തിലെ വെള്ളോറ - കക്കറ - കടുക്കാരം റോഡ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നതിന് പരിഹാരം കാണാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന റോഡുകൾ വീതി കൂട്ടി നവീകരിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് ചില സ്ഥലങ്ങളിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥ കാരണവും റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ബാക്കിയുള്ളതിനാലും ചില സ്ഥലങ്ങളിൽ സാധന സാമഗ്രികളുടെ അഭാവം മൂലവും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല. റോഡുകൾ വീതികൂട്ടി നവീകരിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പയ്യന്നൂർ മണ്ഡലത്തിലെ വെള്ളോറ-കക്കറ-കടുക്കാരം റോഡുകളുടെ നവീകരണത്തിനായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികൾ രണ്ടാഴ്ചക്കകം പൂർത്തീകരിക്കാൻ സാധിക്കും.

## പള്ളുരുത്തി, ഇടക്കൊച്ചി സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം

242 (654) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടത്തിന്റെ വാടക സംബന്ധിച്ച സാങ്കേതികപ്രശ്നം മൂലം, മട്ടാഞ്ചേരി കെ.എസ്.ഇ.ബി.എൽ. ഡിവിഷന് കീഴിലെ പള്ളുരുത്തി സെക്ഷൻ ഓഫീസ് ഇടക്കൊച്ചിയിലും പള്ളുരുത്തി സെക്ഷൻ ഓഫീസ് വിഭജിച്ച് പുതുതായി രൂപീകരിച്ച ഇടക്കൊച്ചി സെക്ഷൻ ഓഫീസ് പള്ളുരുത്തിയിലെ കോർപ്പറേഷൻ വക വാടകരഹിത കെട്ടിടത്തിലും ആരംഭിക്കേണ്ടി വരുന്നതും ഇതുമൂലമുള്ള ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടക്കൊച്ചി നിവാസികൾക്ക് പള്ളുരുത്തിയിലേയ്ക്കും പള്ളുരുത്തി നിവാസികൾക്ക് ഇടക്കൊച്ചിയിലേയ്ക്കും സെക്ഷൻ ഓഫീസുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് പോകേണ്ടിവരുന്നതിന്റെ അനൗചിത്യം കണക്കിലെടുത്ത് പ്രസ്തുത സാങ്കേതിക പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയതായി അനുവദിച്ച ഇടക്കൊച്ചി സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് വാടക രഹിത കെട്ടിടം ലഭ്യമാക്കേണ്ടതുണ്ടെന്ന് ബോർഡ് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ പള്ളുരുത്തി സെക്ഷനും സബ് ഡിവിഷനും പ്രവർത്തിക്കുന്ന കെട്ടിടം ഇടക്കൊച്ചി ഭാഗത്താണ്. ഇടക്കൊച്ചി സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് ലഭിച്ച വാടക രഹിത കെട്ടിടം പള്ളുരുത്തി ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഇടക്കൊച്ചി സെക്ഷൻ വാടക രഹിത കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് പള്ളുരുത്തി, ഇടക്കൊച്ചി എന്നീ സെക്ഷനുകളുടെ ഓഫീസുകൾ പരസ്പരം മാറ്റാവുന്നതാണ്.

## കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ

243 (655) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(ബി) ഇതിലൂടെ ലഭ്യമാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും കൂടംകുളം ആണവ നിലയത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി സുഗമമായി എത്തിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന തിരുനെൽവേലി-ഇടമൺ-കൊച്ചി-മാടക്കത്തറ 400 കെ.വി. ലൈനിന്റെ ഇടമൺ മുതൽ കൊച്ചി വരെയുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വർഷങ്ങളായി തടസ്സപ്പെട്ടിരിക്കുകയായിരുന്നു. സംസ്ഥാന സർക്കാരിന്റെ സജീവമായ ഇടപെടലുകളുടെ ഭാഗമായി തർക്കപരിഹാരത്തിനായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും മുടങ്ങിക്കിടന്ന നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുകയും ചെയ്തു. ഇതിനായി സംസ്ഥാന സർക്കാരും വൈദ്യുതി ബോർഡും ചേർന്ന് അധിക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചതിനെത്തുടർന്ന് ത്വരിതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 25-9-2019-ൽ ലൈൻ ചാർജ്ജ് ചെയ്തു. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷിയിൽ 500 MW വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ, വോൾട്ടേജ് നിലവാരത്തിലും കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

വരുംവർഷങ്ങളിലെ അധികവൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി നിർമ്മിക്കുന്ന പുഗലൂർ-മാടക്കത്തറ HVDC ഇടനാഴിയുടെ നിർമ്മാണം തടസ്സരഹിതമായി മുന്നോട്ടുപോകുന്നതിനായി സർക്കാർ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് ദ്രുതഗതിയിൽ മുന്നോട്ടുപോകുന്ന പ്രസ്തുത പദ്ധതി 2021-ൽത്തന്നെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടുകൂടി കേരളത്തിലേയ്ക്ക് 2000MW വൈദ്യുതികൂടി അധികമായി കൊണ്ടുവരാൻ സാധിക്കും.

(ബി) ഇടമൺ - കൊച്ചി പദ്ധതി വന്നതോടുകൂടി കേരളത്തിന്റെ ഇറക്കുമതി ശേഷി 500 മെഗാവാട്ടോളം വർദ്ധിക്കുകയും തൻനിമിത്തം കേരളത്തിന്റെ ആഭ്യന്തരോല്പാനം കുറഞ്ഞാൽപോലും ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാതെ വൈദ്യുതി വിതരണം ചെയ്യാൻ പര്യാപ്തമായ രീതിയിൽ പുറമെനിന്നും വൈദ്യുതി കൊണ്ടുവരാൻ പര്യാപ്തവുമായിട്ടുണ്ട്. കൂടാതെ, കളമശ്ശേരി, പാലക്കാട്, തൃശ്ശൂർ, അരീക്കോട് മുതലായ എല്ലാ പ്രധാനപ്പെട്ട സബ്സ്റ്റേഷനുകളിലെയും വോൾട്ടേജുകളിൽ ഏകദേശം 1 കെ.വി. മുതൽ 3 കെ.വി. വരെ ഉയർച്ച അനുഭവപ്പെടുകയും ഇത് കേരളത്തിൽ അങ്ങോളമിങ്ങോളമുണ്ടായിരുന്ന വോൾട്ടേജ് ക്ഷാമത്തിന് നല്ല രീതിയിൽ പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

പുഗലൂർ-മാടക്കത്തറ ലൈൻ വഴി 2000 മെഗാവാട്ട് അധിക വൈദ്യുതി സംസ്ഥാനത്ത് പുറമെനിന്നും എത്തിക്കാൻ സാധിക്കും. ഈ പദ്ധതിയും അതിനോടനുബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ മാടക്കത്തറ-അരീക്കോട് 400 കെ.വി. ലൈനും പൂർത്തീകരിക്കുമ്പോൾ വടക്കൻ കേരളത്തിലെ വോൾട്ടേജ് ക്ഷാമത്തിനും വൈദ്യുതി മുടക്കങ്ങൾക്കും പൂർണ്ണമായ പരിഹാരമാകും.

## നെല്ലിക്കുന്ന് ഇലക്ട്രിക് സെക്ഷനിലെ വൈദ്യുതി മുടക്കം

244 (656) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നെല്ലിക്കുന്ന് ഇലക്ട്രിക്ക് സെക്ഷനിൽ അടുത്തകാലത്തായി നിരന്തരം രാവിലെ മുതൽ വൈകുന്നേരം വരെ വൈദ്യുതി വിതരണം നിലയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2019 സെപ്റ്റംബർ 10-ന് ഒന്നാം ഓണദിവസത്തിൽ രാവിലെ മുതൽ വൈകുന്നേരം വരെ വൈദ്യുതി വിതരണം മുടക്കി അറ്റകുറ്റപ്പണി ചെയ്യാനായിരുന്നുവെങ്കിൽ ഏത് തരത്തിലുള്ള പ്രധാനപ്പെട്ട അറ്റകുറ്റപണികളാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നെല്ലിക്കുന്ന് സെക്ഷൻ ഉൾപ്പെടെ കാസർഗോഡ് ജില്ലയിൽ 2019 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ എത്ര മണിക്കൂർ വൈദ്യുതി നിലച്ചിരുന്നുവെന്നും ഇതിനുള്ള കാരണമെന്താണെന്നും ഇക്കാര്യം ജനങ്ങളെ മുൻകൂട്ടി അറിയിച്ചിരുന്നോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ IPDS പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ ലഭ്യമാകുന്ന ഗ്രാന്റ് നഷ്ടപ്പെടുമെന്നതിനാൽ ടി പദ്ധതിയുടെ ഭാഗമായി LT, HT ABC കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ നടപ്പിലാക്കിയതുമൂലവും ലൈനുകളുടെ റികണ്ടക്ടറിംഗ്, കൺവെർഷൻ തുടങ്ങിയ അറ്റകുറ്റപ്രവൃത്തികൾ നടന്നതുമൂലവും പ്രകൃതിക്ഷോഭത്തിന്റെ ഫലമായും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ വൈദ്യുതി തടസ്സം നേരിട്ടുണ്ട്.

(ബി) IPD-ന്റെ ഭാഗമായുള്ള HT, LT ABC കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ 2019 സെപ്റ്റംബർ മാസം 10-ാം തീയതി അതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവൃത്തികൾ നടത്തിയതിനാൽ ആ ദിവസം വൈദ്യുതി മുടക്കം നേരിട്ടിരുന്നു.

(സി) 2019 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ കാസർഗോഡ് ജില്ലയിലെ 30 സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി എത്തിക്കുന്ന 11KV ഫീഡറുകളിൽ മൊത്തം 4765 മണിക്കൂർ വൈദ്യുതി തടസ്സമുണ്ടായിട്ടുണ്ട്. മൊബൈൽ നമ്പർ KSEB-യിൽ രജിസ്റ്റർ ചെയ്ത എല്ലാ ഉപഭോക്താക്കളെയും വൈദ്യുതി മുടക്കങ്ങൾ എസ്.എം.എസ്. മുഖേന മുൻകൂട്ടി അറിയിച്ചിട്ടുണ്ട്.

**വൈദ്യുതി ബോർഡിന്റെ കിഫ്ബിയിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തി**

245 (657) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിനെ എസ്.പി.വി. ആക്കിക്കൊണ്ട് കിഫ്ബിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഡെവലപ്മെന്റ് ഓഫ് താലൂക്ക് ലെവൽ ഹോസ്പിറ്റൽ ആന്റ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചിത്തിരപുരം, ഇടുക്കി എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിന്റെ 16-11-2018-ലെ G.O(Rt)No. 3424/2018/ H&FWD നമ്പർ ഉത്തരവ് പ്രകാരം ചിത്തിരപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള പദ്ധതിയുടെ നിർവ്വഹണത്തിന്

വൈദ്യുതി ബോർഡിനെ എസ്.പി.വി (SPV) ആയി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനുള്ള പ്രാഥമിക പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചതിൻ പ്രകാരം 28-5-2019-ലെ G.O(Rt)No.1280/2019/H&FWD പ്രകാരം 55,33,78,145 (അൻപത്തി അഞ്ച് കോടി മുപ്പത്തി മൂന്ന് ലക്ഷത്തി എഴുപത്തെണ്ണായിരത്തി ഒരുനൂറ്റി നാല്പത്തി അഞ്ച് രൂപ മാത്രം) രൂപയുടെ ഭരണാനുമതി ആരോഗ്യ വകുപ്പ് നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും അനുമതി ലഭിക്കുന്നതിനായി പ്രസ്തുത നിർമ്മാണത്തിന്റെ വിശദമായ ഡി.പി.ആർ, ആർക്കിടെക്ചറൽ, സ്ട്രക്ചറൽ ഡിസൈൻ & ഡ്രോയിംഗ്, എസ്റ്റിമേഷൻ എന്നീ ജോലികൾ കെ.എസ്.ഇ.ബി.-യിൽ പുരോഗമിച്ചുവരുന്നു.

(ബി) വിശദമായ ഡി.പി.ആർ. ആർകിടെക്ചറൽ, സ്ട്രക്ചറൽ, ഡിസൈൻ & ഡ്രോയിംഗ്, എസ്റ്റിമേറ്റ് എന്നിവ പ്രകാരം ഫണ്ടിനുള്ള അനുമതി കിഫ്ബിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ. ദർഘാസ് ക്ഷണിച്ച് നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ - ഫോൺ പദ്ധതി കരാർ**

246 (658) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ- ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഏതൊക്കെ കമ്പനികൾക്കാണ് കരാർ നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) എസ്റ്റിമേറ്റ് തുകയിൽ നിന്നും 600 കോടി രൂപ അധികമായ പ്രസ്തുത കരാർ അംഗീകരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) മത്സരാധിഷ്ഠിത ടെൻഡറുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടാണോ കെ-ഫോൺ പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യത്തിനാണ് കരാർ നൽകിയിരിക്കുന്നത്.

(ബി) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതിക്ക് ഭരണാനുമതി നൽകിയപ്പോൾ പ്രതിവർഷ പ്രവർത്തന ചെലവായ 104.4 കോടി രൂപ 7 വർഷത്തേയ്ക്ക് കണക്കാക്കുന്നതിനുപകരം ഒരു വർഷത്തേക്ക് മാത്രമായി കണക്കാക്കുകയും അങ്ങനെ ഭരണാനുമതി തുക 1028.20 കോടി രൂപയായി നിജപ്പെടുത്തുകയുമുണ്ടായി. 7 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് (പ്രവർത്തന ചെലവ്) കണക്കാക്കുമ്പോൾ എസ്റ്റിമേറ്റ് തുക 1654.60 കോടി രൂപയാണ്. എന്നാൽ രണ്ട് വർഷത്തെ നിർമ്മാണ പ്രവർത്തനത്തിനും 7 വർഷത്തെ ഓപ്പറേഷൻസ് & മെയിന്റനൻസ് (പ്രവർത്തന ചെലവ്) ഉൾപ്പെടെ ആകെ 9 വർഷത്തേക്ക് 1531.68 കോടി രൂപയുള്ള കരാറാണ് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് നൽകിയത്. ഇത് എസ്റ്റിമേറ്റ് തുകയുടെ പരിധിയിൽ തന്നെയാണ്.

(സി) സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടൽ വഴി നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് കെ-ഫോൺ പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയത്.

**ഏറനാട് ലൈൻസ് പാക്കേജിന്റെ ടെണ്ടർ നടപടികൾ**

247 (659) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനിൽ അക്കര:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ് ഗ്രിഡ് പദ്ധതിയുമായി ബന്ധപ്പെട്ട ഏറനാട് ലൈൻസ് പാക്കേജിന്റെ ടെണ്ടർ നടപടികളിൽ പങ്കെടുക്കാനായി എത്ര കമ്പനികൾ പ്രീ-ക്വാളിഫൈ ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രീ-ക്വാളിഫൈ ചെയ്ത കമ്പനികളിൽ രണ്ടു കമ്പനികൾ മാത്രം ടെണ്ടർ നടപടികളിൽ പങ്കെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) ടെണ്ടർ നൽകുമ്പോൾ എസ്റ്റിമേറ്റിൽ പത്തു ശതമാനത്തിൽ കൂടാൻ പാടില്ല എന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ സ്റ്റെർലൈറ്റ് എന്ന കമ്പനിക്ക് 90 കോടി രൂപ എക്സസ്സിൽ ടെണ്ടർ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ട്രാൻസ്ഗ്രിഡ് പദ്ധതി നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ സമാന മേഖലയിൽ പരിചയ സമ്പത്തും സാമ്പത്തിക അടിത്തറയുമുള്ള കരാറുകാരെ ക്ഷണിച്ചുകൊണ്ട് താല്പര്യപത്രം വിളിക്കുകയും തുടർന്ന് 400 കെ.വി. ലൈനുകൾ അടക്കമുള്ള ട്രാൻസ്മിഷൻ ലൈനുകൾ ഏറ്റെടുത്ത് നടത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന 6 കമ്പനികൾ യോഗ്യത നേടുകയുമുണ്ടായി.

1. Sterlite Power  Transmission Limited.
2. Larsen Toubro Limited.
3. Bajaj Electrical Limited
4. Maharashtra Eastern Grid Power Transmission Limited.
5. A to Z Infra Engineering Limited.
6. Gammon India Limited.

ഈ കമ്പനികൾ ERANAD Lines Package ടെണ്ടറിൽ പങ്കെടുക്കാൻ യോഗ്യത നേടി.

(ബി) പ്രസ്തുത ടെണ്ടറിന്റെ പ്രീബിഡ് മീറ്റിംഗിനായി എല്ലാവരെയും അറിയിച്ചിരുന്നെങ്കിലും താഴെപറയുന്ന കമ്പനികൾ മാത്രമാണ് പങ്കെടുത്തിരുന്നത്.

1. Sterlite Power  Transmission Limited.
2. Larsen Toubro Limited.

പ്രീ-ക്വാളിഫൈ ചെയ്ത മറ്റ് നാല് കമ്പനികൾ ടെണ്ടർ സമർപ്പിച്ചില്ല.

(സി) പ്രസ്തുത ടെണ്ടറിൽ സ്റ്റെർലൈറ്റ് എന്ന കമ്പനിയാണ് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത്. ടെണ്ടർ നൽകുമ്പോൾ എസ്റ്റിമേറ്റിൽ 10 ശതമാനം കൂടുതൽ പാടില്ലയെന്ന സർക്കാർ ഉത്തരവ് PWD പോലെയുള്ള ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിനാണ് ബാധകമായിട്ടുള്ളത്. 10% അധികം ക്വാട്ട് ചെയ്താൽ അത് അംഗീകരിക്കണമോ എന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണ്. വിവിധ പരിശോധനകൾക്കും താരതമ്യ പഠനങ്ങൾക്കും ശേഷമാണ് ഏറ്റവും കുറഞ്ഞ തുകയ്ക്ക് സ്റ്റെർലൈറ്റിന് കരാർ നൽകാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചത്. സാധാരണ ടെണ്ടറിൽനിന്നും വിഭിന്നമായി 7 കൊല്ലം വാറണ്ടി, പണി പൂർത്തിയായാൽ മാത്രം മുഴുവൻ തുക നൽകുന്ന വ്യവസ്ഥ മുതലായ കർശന നിബന്ധനകൾ കാരണം റീ-ടെണ്ടർ ചെയ്താലും ഇതിലും കുറഞ്ഞ തുക ക്വാട്ട് ചെയ്യപ്പെടാൻ സാധ്യതയില്ലെന്ന് കണ്ടെത്തിയതിനാലാണ് ഡയറക്ടർ ബോർഡ് കരാർ സ്റ്റെർലൈറ്റിന് കൊടുക്കാൻ അന്തിമമായി തീരുമാനിച്ചത്.

## വൻകിട/ചെറുകിട ജലവൈദ്യുത പദ്ധതികൾ

248 (660) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ സാഹചര്യം പരിഗണിച്ച് വൻകിട/ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ;

(ബി) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

നിലവിലുള്ള ഇടുക്കി ജലാശയത്തിലെ വെള്ളം ഉപയോഗപ്പെടുത്തി 780MW-ന്റെ ഇടുക്കി വിപുലീകരണ പദ്ധതിയുടെ ഭാഗമായി വെള്ളിയാമറ്റത്ത് ഒരു പുതിയ വൈദ്യുതനിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം നടത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ 2018-ൽ ഉണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ജലകമ്മീഷൻ നടത്തിയ പഠനത്തിൽ പ്രളയം നിയന്ത്രിക്കുന്നതിന് സംഭരണ ശേഷിയുള്ള ഡാമുകളുടെ ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു. അതനുസരിച്ച് സംസ്ഥാനത്ത് മുമ്പ് വിഭാവനം ചെയ്തിട്ടുള്ള പൂയംകുട്ടി, പൊരിങ്ങൽകുത്ത് മലങ്കര, ട്വിൻ കല്ലാർ എന്നീ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് സാങ്കേതികവും സാമ്പത്തികവുമായ സാധ്യതാ പഠനം നടത്തിവരുന്നു. ഇതിനുപുറമെ വയനാട് ജില്ലയിൽ വൈത്തിരി ജലവൈദ്യുത പദ്ധതിയുടെ (60MW) ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ അപ്പർ ചാലിയാർ ജലവൈദ്യുത പദ്ധതിയുടെ (84 MW) സാധ്യതാപഠനം നടന്നുവരുന്നു. മേൽ സൂചിപ്പിച്ചത് കൂടാതെ 40MW സ്ഥാപിതശേഷിയുള്ള മാങ്കുളം ജലവൈദ്യുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സ്ഥലമേറ്റെടുപ്പ് നടപടികൾ അതിവേഗം പുരോഗമിക്കുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികളായ ആനക്കയം (7.5 MW) ഒലിക്കൽ (5 MW) പൂവാരംതോട് (3 MW) എന്നിവ ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികളായ പശുക്കടവ് (4 MW), ചാത്തൻകോട്ടുനട (5 MW), കീരിത്തോട് (12 MW) എന്നിവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനുപുറമെ ചെറുകിട ജലവൈദ്യുത പദ്ധതികളായ അപ്പർ ചെങ്കുളം (24 MW), ലാഡ്രം (3.5 MW), മാർമ്മല (7 MW), ചെമ്പുകടവ്- III (7.5 MW), പീച്ചാട് (3 MW), മാരിപ്പുഴ (6 MW), വളാംതോട് (7.5 MW) എന്നീ പദ്ധതികൾ ബോർഡിന്റെ പരിഗണനയിലാണ്.

(ബി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട പവർഹൗസ് പ്രദേശത്ത് വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

## വൈദ്യുതി ഉത്പാദന പദ്ധതികൾ

249 (661) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വൈദ്യുതി ഉൽപ്പാദന പദ്ധതികൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ഉത്പാദന മേഖലയിൽ നാല് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. പഴശ്ശിസാഗർ, ചിന്നാർ, പെരുവണ്ണാമൂഴി, അപ്പർ കല്ലാർ എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിച്ചത്. ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതിയിൽനിന്നും 2019 ജനുവരി മുതൽ വൈദ്യുതി കേരള ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു.

ഇതിനുപുറമെ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി, സൗരപദ്ധതികളിൽനിന്നും ഉല്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ ബിഡ്ഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും 150 മെഗാവാട്ട് സോളാർ പാർക്കുകളും 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സൗരപദ്ധതി പ്രകാരമുള്ള 200 മെഗാവാട്ട് സൗരോർജ്ജ നിലയങ്ങൾ 2020 ജനുവരി മുതൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

ഇവ കൂടാതെ 18.96MWp ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള

സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളും ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും ഉൾപ്പെടെ 15.7175 MWp ശേഷിയുള്ള സോളാർപദ്ധതികൾ നടപ്പിലാക്കി. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60MW ശേഷി കൂട്ടിച്ചേർക്കുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ-ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്വകാര്യസംരംഭകരായ രാമക്കൽമേട് പവർ പ്രൈവറ്റ് ലിമിറ്റഡ് 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ സംരംഭകർ വഴി സർക്കാർ അനുമതി നൽകിയ 12.5 MW ന്റെ 2 ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. 47.4 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി സ്വകാര്യ സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് കൃത്രിമ ചുഴി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ടർബൈൻ ഉപയോഗിച്ച് 20KW മൈക്രോ ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി കെ.എസ്.ഇ.ബി. ഗ്രിഡിലോട്ട് കണക്റ്റ് ചെയ്തുകഴിഞ്ഞു.

കെ.എസ്.ഇ.ബി.-യുടെ കക്കാട് ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയിസിൽ 25KW-ന്റെ കൈനെറ്റിക് ടർബൈനുകൾ പരീക്ഷിക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതുകൂടാതെ 1 മുതൽ 5KW വരെ ശേഷിയുള്ള 25 സൂക്ഷ്മ-ജലവൈദ്യുത പദ്ധതികൾ 2016-2018 കാലയളവിൽ ആരംഭിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ-വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

അനെർട്ടിന്റെ സാങ്കേതികാനുമതിയോടുകൂടി പാലക്കാട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും ആരംഭിച്ചിട്ടുണ്ട്.

അനെർട്ട് സാങ്കേതിക അനുമതി നൽകിയ ഐ-നോക്സ് എന്ന കമ്പനി സ്ഥാപിച്ച പദ്ധതിയിൽ നിന്നും 16 മെഗാവാട്ടും, മലയാള മനോരമ കമ്പനി സ്ഥാപിച്ച പദ്ധതിയിൽ നിന്നും 10 മെഗാവാട്ടും വൈദ്യുതി കാറ്റിൽ നിന്നും ഉത്പാദിപ്പിക്കുന്നുണ്ട്.

**പുഗലൂർ-മാടക്കത്തറ ഹൈവോൾട്ടേജ് ഡയറക്ട് കറണ്ട് പദ്ധതി**

250 (662) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഛത്തീസ്ഗഡിൽനിന്നും തമിഴ് നാട്ടിലെ പുഗലൂർ വഴി കേരളത്തിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പുഗലൂർ-മാടക്കത്തറ 320 കെ.വി. ഹൈവോൾട്ടേജ് ഡയറക്ട് കറണ്ട് പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്ത് എത്തിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി പ്രാവർത്തികമാക്കുന്നതോടുകൂടി വൈദ്യുതി ക്ഷാമമില്ലാത്ത സംസ്ഥാനമായി കേരളം മാറുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുഗലൂർ-മാടക്കത്തറ 320 കെ.വി. ഹൈവോൾട്ടേജ് ഡയറക്ട് കറണ്ട് ട്രാൻസ്മിഷൻ ലൈനിന് കേരളത്തിൽ ആകെ 92 കി.മീ. നീളമാണുള്ളത്. തമിഴ്നാട് അതിർത്തിയിലെ ഒഴലപ്പതി മുതൽ വടക്കാഞ്ചേരി വരെ 64 കി.മീ. ഓവർ ഹെഡ് ലൈനും വടക്കാഞ്ചേരി മുതൽ മാടക്കത്തറ വരെ 28 കി.മീ. ഭൂഗർഭ കേബിളുമാണ് നിർമ്മിക്കുന്നത്. ഓവർ ഹെഡ് ലൈനിന്റെ 45% ടവർ ഫൗണ്ടേഷനുകളും 30% ടവർ ഇറക്ഷൻ ജോലികളും പൂർത്തിയായിട്ടുണ്ട്. ഭൂഗർഭ കേബിൾ ഭാഗത്തെ 78% കേബിൾ ഡക്റ്റ് നിർമ്മാണവും 49% കേബിളിടുന്ന ജോലിയും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ജോലികൾ പുരോഗമിക്കുന്നു. കൂടാതെ തൃശ്ശൂർ HVDC സബ്സ്റ്റേഷന്റെ 60% ജോലികളും പൂർത്തിയായിട്ടുണ്ട്.

(ബി) ഈ ലൈൻ വഴി 2000 മെഗാവാട്ട് അധിക വൈദ്യുതി സംസ്ഥാനത്ത് എത്തിക്കാൻ സാധിക്കും.

(സി) ഈ പദ്ധതി പ്രാവർത്തികമാക്കുന്നതോടെ കേരളത്തിന് പുറത്തുള്ള വൈദ്യുതി ആവശ്യാനുസരണം എത്തിക്കാൻ സാധിക്കുമെന്നതിനാൽ കേരളത്തിന്റെ വൈദ്യുത ആവശ്യകത പൂർണ്ണമായും നിറവേറ്റാൻ സാധിക്കുന്നതാണ്.

**ട്രാൻസ്ഗ്രിഡ് ടെൻഡർ പ്രീ ക്വാളിഫിക്കേഷൻ നിബന്ധനകൾ**

251 (663) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ ടെൻഡർ നടപടികളിൽ പങ്കെടുക്കുന്ന കമ്പനികൾക്കായി പുറത്തിറക്കിയ പ്രീ ക്വാളിഫിക്കേഷൻ നിബന്ധനകളിൽ കെ.എസ്.ഇ.ബി. മാറ്റം വരുത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ ടെൻഡർ നടപടികളിൽ പങ്കെടുക്കുന്ന കമ്പനികൾക്കായി പുറത്തിറക്കിയ പ്രീ ക്വാളിഫിക്കേഷൻ നിബന്ധനകളിൽ മാറ്റം വരുത്താനുള്ള സാഹചര്യം വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി.എൽ.-ന് താല്പര്യമുള്ള കമ്പനികളെ മാത്രം ഉൾപ്പെടുത്തി രണ്ടു മൂന്ന് കമ്പനികളെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് കാർട്ടൽ രൂപപ്പെടുത്തി, അവർ പരസ്പരധാരണയോടെ ഉയർന്ന നിരക്കിൽ പദ്ധതികൾ വീതിച്ചെടുക്കുന്നതിനാണ് പ്രീ ക്വാളിഫിക്കേഷൻ നിബന്ധനകൾ വഴിയൊരുക്കിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 20-1-2018-ൽ നടന്ന ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം കേന്ദ്ര ഏജൻസികളായ REC, PFC എന്നീ സ്ഥാപനങ്ങളെ ബിഡ് പ്രോസസിംഗ് കോർഡിനേറ്ററായി (ട്രാൻസ്ഗ്രിഡ് പ്രോജക്ടുകൾ ടെണ്ടർ ചെയ്യുന്നതിന്) ചുമതലയേൽപ്പിച്ചു. ട്രാൻസ്ഗ്രിഡ് ലൈൻ ടെണ്ടറുകളിൽ കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് Competitive Offers ലഭിക്കുന്നതിനായി ഓപ്പൺ ടെണ്ടർ അടിസ്ഥാനത്തിൽ കരാർ വിളിക്കാനും പ്രീ ക്വാളിഫിക്കേഷനിൽ ചെറിയ മാറ്റങ്ങൾ വരുത്താനും ഡയറക്ടർ ബോർഡുതലത്തിൽ തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം MAAT (Minimum Average Annual Turnover) 500

കോടിയിൽനിന്നും 300 കോടിയായും Network and Solvency 250 കോടിയിൽ നിന്നും 150 കോടിയാക്കുകയും ചെയ്തു. Payment Milestone-ലും ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സാങ്കേതിക നിബന്ധനകളിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല.

(ബി) കൂടുതൽ Competitive Offers ലഭിക്കുന്നതിനും അതുവഴി കുറഞ്ഞ തുക കണ്ടെത്തുന്നതിനുമായി കൂടുതൽ കരാറുകാരെ പങ്കെടുപ്പിക്കുന്നതിനാണ് ഡയറക്ടർ ബോർഡ് പ്രസ്തുത മാറ്റങ്ങൾ പ്രീ-ക്വാളിഫിക്കേഷനിൽ വരുത്തിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത ആക്ഷേപം വസ്തുതാപരമല്ല. ടെണ്ടറുകളിൽ 500 കോടി രൂപയുടെ ടേൺ ഓവറുള്ള കമ്പനികൾക്ക് പങ്കെടുക്കാം എന്നതായിരുന്നു ആദ്യ സാമ്പത്തിക നിബന്ധന. മത്സരം വർദ്ധിക്കുന്നതിന് 300 കോടി രൂപയായി ഇത് കുറയ്ക്കുന്നത് ഗുണകരമാകുമെന്ന് കണ്ടെത്തി. എന്നാൽ ടെണ്ടർ ലഭിച്ചിട്ടുള്ള എല്ലാ കമ്പനികളുടെയും ടേൺ ഓവർ 500 കോടിയിൽ മേലെ തന്നെയാണ് എന്നതിനാൽ പ്രീ-ക്വാളിഫിക്കേഷനിൽ വരുത്തിയ മാറ്റങ്ങൾ അവർക്ക് അനുകൂലമായി മാറ്റിയതല്ല എന്ന് മനസ്സിലാക്കാവുന്നതാണ്. കൂടുതൽ കമ്പനികളെ പങ്കെടുപ്പിക്കുന്നതിനാണ് ഓപ്പൺ ടെണ്ടർ അടിസ്ഥാനത്തിൽ കരാർ വിളിക്കാൻ തീരുമാനിച്ചതും ടേൺ ഓവർ കുറയ്ക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചതും. പക്ഷെ, പദ്ധതിയുടെ വലിപ്പവും കൂടുതൽ ഗുണമേന്മയും സമയപരിമിതികളും നിഷ്കർഷിച്ചിരിക്കുന്നതിനാൽ മറ്റ് ചെറിയ കമ്പനികൾ ക്വാട്ട് ചെയ്യുന്നതിൽ നിന്നും വിമുഖത കാണിച്ചു എന്നുള്ളതാണ് രണ്ടുമൂന്ന് കമ്പനികളിൽ മാത്രം ടെണ്ടർ നടപടികൾ ഒതുങ്ങുന്നതിന് കാരണമായത്.

## ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ നിർമ്മാണ കരാറുകൾ

252 (664) ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ നിർമ്മാണ കരാറുകൾ ഏതൊക്കെ കമ്പനികൾക്കാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കരാറുകൾ വൻകിട കമ്പനികൾക്ക് നൽകിയത് സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതിയുടെ ടെണ്ടർ നടപടികളിൽ ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞ തുക എസ്റ്റിമേറ്റ് തുകയേക്കാൾ പത്ത് ശതമാനത്തിൽ കൂടുതലാണെങ്കിൽ റീ ടെണ്ടർ ചെയ്യണമെന്നും അതിനുശേഷവും ഇപ്രകാരം തന്നെ സംഭവിച്ചാൽ എസ്റ്റിമേറ്റ് പുതുക്കണമെന്നും വ്യവസ്ഥയുണ്ടോ;

(ഡി) ഈ വ്യവസ്ഥ തങ്ങൾക്ക് ബാധകമല്ലെന്ന് കെ.എസ്.ഇ.ബി.എൽ. നിലപാട് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) M/s. Siemens India Limited, M/s. GE T&D, M/s. Techno Electric & Engineering Co. Limited, M/s. L&T, M/s. KEI Industries Limited, M/s. Sterlite Power Transmission Limited എന്നീ കമ്പനികൾക്കാണ് കിഫ്ബി വഴി വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ കരാറുകൾ നൽകിയിരിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.എൽ.-ന്റെ ടെണ്ടർ നടപടിക്രമങ്ങളിൽ ഇങ്ങനെയൊരു വ്യവസ്ഥ നിലവിലില്ല. പദ്ധതിയുടെ ടെൻഡർ നടപടികളിൽ ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞ തുക എസ്റ്റിമേറ്റ് തുകയേക്കാൾ പത്ത് ശതമാനത്തിൽ കൂടുതലും കരാർ തുക 50 കോടിക്ക് മുകളിലും ആണെങ്കിൽ തീരുമാനം എടുക്കാനുള്ള അധികാരം വിവിധ പരിശോധനകൾക്കുശേഷം ബോർഡിന്റെ ഏറ്റവും ഉന്നതതല സമിതിയായ സർക്കാരിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണ്. ഇപ്രകാരം ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടുകൂടി തന്നെയാണ് ട്രാൻസ്ഗ്രിഡ് പദ്ധതികൾക്ക് കരാർ നൽകിയിരിക്കുന്നത്.

(ഡി) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ഉത്പാദന-പ്രസരണ-വിതരണ മേഖലകളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതും കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ നിലവിലുള്ളതും കാലാകാലങ്ങളിൽ പരിഷ്കരണ വിധേയവുമായ വ്യവസ്ഥകൾ പ്രകാരമാണ്. ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്ത് കേന്ദ്രീകൃതമല്ലാത്തതും, കെട്ടിടം, പാലം, റോഡ് എന്നീ നിർമ്മാണ പ്രവൃത്തികളിൽനിന്നും തികച്ചും വ്യത്യസ്തവുമാണ് പലതരം ലൊക്കേഷനുകൾ ഉൾപ്പെടുന്ന ട്രാൻസ്മിഷൻ ലൈൻ നിർമ്മാണ പ്രവൃത്തികൾ. അതുകൊണ്ടുതന്നെ പൊതുമരാമത്ത്, ജലസേചനം, ഭവനനിർമ്മാണം തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾക്കായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അതത് വകുപ്പുകൾക്ക്

മാത്രം ബാധകമാണ്. ടി ഉത്തരവുകൾ പര്യാപ്തമാണെന്ന് കണ്ടാൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗീകരിച്ച് പ്രത്യേകമായി ഉത്തരവാകുമ്പോൾ മാത്രമേ അത് കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് ബാധകമാവുകയുള്ളു. കൂടാതെ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടുപയോഗിച്ചോ വായ്പയെടുക്കുന്ന പണമുപയോഗിച്ചോ നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ടെണ്ടർ നടപടിക്രമങ്ങൾ തീരുമാനിക്കുന്നതിനും കരാർ നൽകുന്നതിനുമുള്ള അധികാരം കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണ്. എന്നാൽ സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളിൽ ഭരണാനുമതി നൽകുന്നത് പൂർണ്ണമായും സർക്കാരിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് മാത്രമാണ്.

### ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ ടെണ്ടർ

253 (665) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ് ഗ്രിഡ് പദ്ധതികളുടെ നടത്തിപ്പിനായുള്ള ടെണ്ടറിൽ ഏതാനും ചില കമ്പനികൾക്കായി യോഗ്യതാ നിബന്ധനകളിൽ മാറ്റം വരുത്തിയത് എന്തിനാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.എൽ. ചിത്തിരപുരം യാർഡിലെ നിർമ്മാണത്തിന് അടങ്കൽ തുക കണക്കാക്കിയിട്ടുണ്ടോ;

(സി) പദ്ധതിയുടെ നടത്തിപ്പിൽ എസ്റ്റിമേറ്റ് തുക വളരെ ഉയർന്ന നിരക്കിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ കമ്പനികളിലെ എസ്റ്റിമേറ്റ് തുക പി.ഡബ്ല്യൂ.ഡി. റേറ്റിനേക്കാൾ ഉയർന്ന നിരക്കിലാകാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ നടത്തിപ്പിനായുള്ള ടെണ്ടറുകളിൽ 500 കോടി രൂപയുടെ ടേൺ ഓവറുള്ള കമ്പനികൾക്ക് പങ്കെടുക്കാം എന്നതായിരുന്നു ആദ്യ സാമ്പത്തിക നിബന്ധന. എന്നാൽ ടേൺ ഓവർ 300 കോടിയായി കുറച്ചാൽ ടെണ്ടറിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കാമെന്നും അതുവഴി

മൽസരം വർദ്ധിപ്പിക്കാനും ടെണ്ടർ തുക കുറയ്ക്കാനും സഹായിക്കുമെന്ന് കണ്ടാണ് അങ്ങനെ മാറ്റം വരുത്തിയത്. എന്നാൽ സാങ്കേതിക നിബന്ധനകളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. അതുകൊണ്ട് പദ്ധതിയുടെ നടത്തിപ്പിൽ ഗുണനിലവാരത്തിന് ഒരു കുറവുമുണ്ടാകുന്നില്ല.

(ബി) ചിത്തിരപുരത്ത് സൈറ്റ് ലെവലിംഗ് ചെയ്ത് യാർഡ് ഒരുക്കുന്നതിന്റെ അടങ്കൽത്തുക 11.18 കോടി രൂപയാണ്.

(സി) പദ്ധതി നടപ്പിലാക്കുന്ന സ്ഥലത്തെ ഭൂപ്രകൃതി കണക്കിലെടുക്കുമ്പോൾ എസ്റ്റിമേറ്റ് തുക ഉയർന്ന നിരക്കിലാണെന്ന ആക്ഷേപം ശരിയല്ല.

(ഡി) സർക്കാർ കമ്പനികൾ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്ന നിർമ്മാണങ്ങൾക്ക് സമാനമായ പ്രവൃത്തികളിൽ പി.ഡബ്ല്യു.ഡി. റേറ്റിനേക്കാൾ ഉയർന്ന നിരക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.ഡബ്ല്യു.ഡി.-യും കെ.എസ്.ഇ.ബി.എൽ. അടക്കമുള്ള സർക്കാർ കമ്പനികളും മരാമത്ത് പണികൾക്ക് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്.

### ജലവൈദ്യുത പദ്ധതികൾ

254 (666) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര യൂണിറ്റ് വൈദ്യുതി പുതിയതായി ഉൽപ്പാദിപ്പിച്ചുവെന്ന് വിശദമാക്കാമോ;

(ബി) വൈദ്യുത നിലയത്തിന്റെ പേര്, സ്ഥാപിതശേഷി, നിർമ്മാണം ആരംഭിച്ച തീയതി, ഉൽപ്പാദനം ആരംഭിച്ച തീയതി, നിലവിലെ ഉൽപ്പാദനക്ഷമത എന്നിവ വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം നിലവിൽ തടസ്സപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.എൽ. മുഖാന്തരം ആകെ 47.935 MU വൈദ്യുതി താഴെപ്പറയും പ്രകാരം പുതുതായി ഉല്പാദിപ്പിച്ചിട്ടുണ്ട്.

1. വെള്ളത്തൂവൽ ചെറുകിട വൈദ്യുത പദ്ധതി (3.6 MW) – (08.985 MU)
2. പെരുന്തേനരുവി ചെറുകിട വൈദ്യുതി പദ്ധതി (6 MW) – 31.61 MU
3. കക്കയം ചെറുകിട വൈദ്യുത പദ്ധതി - 7.34 MU

എനർജി മാനേജ്മെന്റ് സെന്ററിന്റെ പുരപ്പുറ സോളാർ പദ്ധതി (60 KW), മറ്റ് സൂക്ഷ്മ-ജലവൈദ്യുതി പദ്ധതികൾ (0.05 MW) എന്നിവ വഴി 3.25 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്.

സ്വകാര്യ സംരംഭകർ വഴി സർക്കാർ അനുമതി നൽകിയ 12.5 MW-ന്റെ 2 ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | വൈദ്യുത നിലയത്തിന്റെ പേര് | സ്ഥാപിതശേഷി | നിർമ്മാണം ആരംഭിച്ച തീയതി | ഉല്പാദനം ആരംഭിച്ച തീയതി | നിലവിലെ ഉല്പാദനക്ഷമത |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | | | | | |
| 1 | വെള്ളത്തൂവൽ ചെറുകിട വൈദ്യുത പദ്ധതി | 3.6 മെഗാ വാട്ട് | 24-9-2012 | 8-9-2016 | 13-8-2018 മുതൽ പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു |
| 2 | പെരുന്തേനരുവി ചെറുകിട വൈദ്യുത പദ്ധതി | 6 മെഗാ വാട്ട് | 28-8-2011 | 18-7-2017 | 6 മെഗാവാട്ട് |
| 3 | കക്കയം ചെറുകിട വൈദ്യുത പദ്ധതി | 3 മെഗാ വാട്ട് | 19-3-2011 | 16-7-2018 | 3 മെഗാവാട്ട് |

ഇ.എം.സി. നേരിട്ട് നടപ്പിലാക്കിയ പദ്ധതികൾ

| | | | | | |
|---|---|---|---|---|---|
| 1 | കാട്ടുവെട്ടി വോർടെക്സ് മൈക്രോ ജലവൈദ്യുത പദ്ധതി | 20 KW | 2017 | 2018 | 20 KW |
| 2 | ഈച്ചാംപെട്ടി പീക്കോ ജലവൈദ്യുത പദ്ധതി | 4 KW | 2017 | 2018 | 4 KW |
| 3 | ഇ.എം.സി.-യിലെ പുരപ്പുറ സോളാർ പദ്ധതി | 60 KW | 2016 | 2017 | 60 KW |
| 4 | മറ്റ് പീക്കോ ജലവൈദ്യുത പദ്ധതികൾ 25 എണ്ണം | 26 KW | 2016 | 2018 | 26 KW |

സ്വകാര്യ സംരംഭകർ വഴി ബൂട്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കിയവ

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി | നിർമ്മാണം ആരംഭിച്ച വർഷം | ഉത്പാദനം ആരംഭിച്ച വർഷം | ഉത്പാദന ക്ഷമത |
|---|---|---|---|---|---|
| 1 | പാതംകയം ജലവൈദ്യുത പദ്ധതി | 8 MW | 2014 | 2017 | 8 MW |
| 2 | കാരിക്കയം ജലവൈദ്യുത പദ്ധതി രണ്ടാംഘട്ടം | 4.5 MW | 2016 | 2017 | 4.5 MW |

(സി&ഡി) കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടു കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഒന്നും തന്നെയില്ല.

വനഭൂമി ലഭ്യമാക്കാത്തതിനാലും സ്വകാര്യ ഭൂമി ലഭിക്കാത്തതിനാലും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അനുമതിയില്ലാത്തതിനാലും 2014-ൽ അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ റദ്ദ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. കൂടാതെ 2016-ൽ സ്വകാര്യസംരംഭകർ മുഖേന ബൂട്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതികളിൽ ചില സാങ്കേതിക കാരണങ്ങളാൽ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല.

2003-2014 വരെ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽ തടസ്സം നേരിട്ട പദ്ധതികൾ:

<u>റദ്ദ് ചെയ്ത പദ്ധതികൾ:</u>

1. കൊക്കാമുള്ള് (2 MW) – സ്വകാര്യഭൂമി
2. ഉറുമ്പിനി (2.2 MW) - സ്വകാര്യഭൂമി
3. കഴുത്തുരുത്തി (2 MW)- വനഭൂമി
4. കുതിരച്ചാട്ടം (2 MW) - സ്വകാര്യഭൂമി
5. മാലോതി (2 MW) - സ്വകാര്യഭൂമി
6. തുമ്പൂർമൂഴി (7 MW) - ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് അനുമതി തടസ്സം

<u>തടസ്സം വന്ന മറ്റ് പദ്ധതികൾ:</u>

1. കടക്കാംപോയിൽ (21 MW) - വനഭൂമി
2. പോരു (16 MW) - വനഭൂമി
3. കോഴിച്ചാൽ (0.75 MW) - സ്വകാര്യഭൂമി
4. തോണിയാർ (3 MW) - ആദിവാസി ഭൂമി
5. തുവൽ (1 MW) - സ്വകാര്യ ഭൂമി
6. അപ്പർ പൊരിങ്ങൽ - വനഭൂമി
7. മുത്തപ്പൻപ്പുഴ (1.5 MW) - വനഭൂമി
8. കീഴാർകുത്ത് (20 MW) - വനഭൂമി
9. മാടത്തരുവി ( 1 MW) - വനഭൂമി
10. പനംകുടന്ത ( 1 MW) - വനഭൂമി
11. ആനക്കൽ ( 2 MW) - ആദിവാസി ഭൂമി

**ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ**

255 (667) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പാലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം ആരംഭിച്ചതും നാളിതുവരെ പൂർത്തിയാക്കുവാൻ കഴിയാത്തതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ദ്യുതി 2021 എന്ന വിതരണശൃംഖല നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2 കി.മീ. ലൈൻ പുതുതായി നിർമ്മിക്കുകയും ലോഡ് സെന്ററുകളിൽ അപ്ഗ്രഡേഷൻ ഉൾപ്പെടെ 12 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 11.26 km. എൽ.ടി. ലൈൻ റി കണ്ടക്റ്ററിംഗ് നടത്തുകയും 26 എ.ബി. സ്വിച്ചുകൾ സ്ഥാപിക്കുകയും 2340 കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കുകയും 1450 സർവ്വീസ് കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഏകദേശം 2.5 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രവൃത്തികൾ കൂടാതെ പഞ്ചായത്തുകളുടെ ഫണ്ട് മുഖേന ഏകദേശം 18 കി.മീ. സ്ട്രീറ്റ് മെയിൻ വലിക്കുകയും MLAADS ഫണ്ടിൽ നിന്നും 19,99,977 രൂപ ഉപയോഗിച്ചുള്ള 370 എണ്ണം LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദ്യുതി 2021 ഉൾപ്പെട്ട ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

പ്രസരണ ശൃംഖല പ്രവൃത്തികൾ

(1) 2019-20 സാമ്പത്തിക വർഷത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന, നിലവിലുള്ള നെന്മാറ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ശേഷി ഉയർത്തുന്ന പ്രവൃത്തി - കൺട്രോൾ റൂമും അനുബന്ധ പ്രവൃത്തികളും പുരോഗമിക്കുന്നു.

(2) നെന്മാറ-കണ്ണമ്പ്രള്ളി-പാലക്കാട്-66 കെ.വി. ലൈൻ 110 കെ.വി. ആയി ശേഷി ഉയർത്തുന്നതിനുള്ള ഭരണാനുമതി ആയിട്ടുണ്ട്.

(ബി) മുടപ്പല്ലൂർ സെക്ഷനിൽ 1 കി.മീ. എൽ.ടി. ABC ലൈൻ വലിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. ഇത് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെടുന്ന 110 കെ.വി. സബ്സ്റ്റേഷൻ വടക്കഞ്ചേരിയിൽ നിന്നും 110 കെ.വി. സബ്സ്റ്റേഷൻ കൊല്ലങ്കോട്ടേയ്ക്ക് നെന്മാറ 66 കെ.വി. സബ്സ്റ്റേഷനിൽക്കൂടി ഒരു 110 കെ.വി. D.C. line (37 Km) - നിർമ്മാണം പുരോഗമിക്കുന്നു. അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ

256 (668) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 2019-20 വർഷം വൈദ്യുതി വകുപ്പ് നടപ്പിലാക്കുവാൻ തീരുമാനിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 2019-20 വർഷത്തിൽ ദ്യുതി 2021 എന്ന വിതരണ ശൃംഖല നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 19.05 കി.മീ. 11 കെ.വി. ലൈൻ വലിക്കാനും എ.ബി.സി. ഉപയോഗിച്ച് 17 കി.മീ 11 കെ.വി. ലൈൻ വലിക്കാനും 3 എണ്ണം 100 കെ.വി.എ. ട്രാൻസ്ഫോമർ സ്ഥാപിക്കാനും 6.7 കി.മീ. എൽ.റ്റി. ലൈൻ വലിക്കാനും 325 കി.മീ. എൽ.റ്റി. ലൈനും 9 കി.മീ. എച്ച്.റ്റി. ലൈനും റീ-കണ്ടക്ടറിംഗ് ചെയ്യാനും 14.2 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റാനും 3800 എണ്ണം കേടായ മീറ്റർ മാറ്റി പുതിയത് സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ഇതുകൂടാതെ IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 3 കി.മീ. 11 കെ.വി. ലൈൻ വലിക്കാനും എ.ബി.സി. ഉപയോഗിച്ച് 7 കി.മീ. 11 കെ.വി. ലൈൻ വലിക്കാനും എ.ബി.സി. ഉപയോഗിച്ച് 10 കി.മീ. എൽ.റ്റി. ലൈൻ വലിക്കാനും 8 എണ്ണം 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനും 4 ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടാനും 3.7 കി.മീ. എൽ.റ്റി. ലൈൻ വലിക്കാനും 46 കി.മീ. എൽ.റ്റി. ലൈനും 11 കി.മീ. എച്ച്.റ്റി. ലൈനും റീ-കണ്ടക്ടറിംഗ് ചെയ്യാനും 23 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റാനും 3182 എണ്ണം കേടായ മീറ്റർ മാറ്റി പുതിയത് സ്ഥാപിക്കാനും 16 എ.ബി. സ്വിച്ചുകൾ മാറ്റാനും 15 സ്ട്രീറ്റ് ലൈറ്റ് മീറ്ററുകൾ മാറ്റി സ്ഥാപിക്കാനും തീരുമാനിച്ചിരുന്നു.

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന നിലവിലുള്ള 220 കെ.വി. സബ്സ്റ്റേഷനിൽ 110 കെ.വി. ഭാഗത്തെ പഴയ ഉപകരണങ്ങൾ മാറ്റി നവീകരിച്ച ഗ്യാസ് ഇൻസുലേറ്റഡ് സ്വിച്ച് ഗിയറുകൾ സ്ഥാപിക്കാൻ ഏകദേശം 44.5 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

കൂടാതെ നിലവിലെ 100 MVA ട്രാൻസ്ഫോർമർ മാറ്റി 200 MVA ശേഷിയുള്ള ട്രാൻസ്ഫോമർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

ഇതിനുപുറമെ ഒരു 200 എം.വി.എ. കൂടി സ്ഥാപിക്കാനുള്ള ഏകദേശം 6 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികൾക്ക് തുടക്കംകുറിച്ച് ട്രാൻസ്ഫോമർ നൽകാൻ കരാറായിട്ടുണ്ട്. ചെർപ്പുളശ്ശേരി 110 കെ.വി. സബ്സ്റ്റേഷന്റെ മേൽക്കൂരയിൽ 20 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതി സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) IPDS പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും പൂർത്തികരിച്ചിട്ടുണ്ട്. ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്.

പാരമ്പര്യേതര ഊർജ്ജ മേഖലയിൽ ചെർപ്പുളശ്ശേരി സബ്സ്റ്റേഷന്റെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പദ്ധതി നിർവ്വഹണത്തിനുള്ള കരാർ 24-5-2019-ൽ M/s Raidco Kerala Ltd., Kannur എന്ന സ്ഥാപനവുമായി കെ.എസ്.ഇ.ബി.എൽ. ഒപ്പുവച്ചിട്ടുണ്ട്. 12.43 ലക്ഷം രൂപയാണ് പദ്ധതി ചെലവ്.

## പെരിന്തൽമണ്ണ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന പദ്ധതികൾ

257 (669) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ 2016-17-ന് മുമ്പ് ആരംഭിച്ചതും നാളിതുവരെ പൂർത്തിയാകാത്തതുമായ കെ.എസ്.ഇ.ബി.എൽ. വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ; എങ്കിൽ ഓരോന്നിന്റെയും നിലവിലത്തെ അവസ്ഥയും കാലതാമസത്തിന് കാരണവും വ്യക്തമാക്കുമോ;

(ബി) 2016-17-നുശേഷം ആരംഭിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശവും നിലവിലത്തെ അവസ്ഥയും അറിയിക്കുമോ; ഇനിയും ആരംഭിക്കാത്ത പ്രവൃത്തികളും അവയുടെ കാലതാമസത്തിന്റെ കാരണവും ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 2016-17-നുമുമ്പ് ആരംഭിച്ചതും നാളിതുവരെ പൂർത്തിയാകാത്തതുമായ കെ.എസ്.ഇ.ബി.എൽ. വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഒന്നും തന്നെയില്ല.

(ബി&സി) 2016-17-നുശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന പ്രവൃത്തികളും അവയുടെ പുരോഗതിയും ചുവടെ ചേർക്കുന്നു

| പ്രധാന പ്രവൃത്തികളുടെ വിശദാംശം | | | | | |
|---|---|---|---|---|---|
| ക്രമ. നമ്പർ | വർഷം | പ്രധാന പ്രവൃത്തി | ആകെ പൂർത്തീകരിക്കേണ്ടത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാനുള്ളത് |
| 1 | 2016-17 | 11 കെ.വി. ലൈൻ വലിക്കൽ (കി.മീ.) | 21.13 | 21.13 | |
| | 2017-18 | | 6.25 | 6.25 | |
| | 2018-19 | | 35.6 | 16.28 | 19.32 |
| | 2019-20 | | 35.02 | 13.90 | 21.12 |
| 2 | 2016-17 | എൽ.റ്റി. ലൈൻ വലിക്കൽ (കി.മീ.) | 39.68 | 39.68 | |
| | 2017-18 | | 18.54 | 18.54 | |
| | 2018-19 | | 43.5 | 28.96 | 14.54 |
| | 2019-20 | | 27.66 | 11.81 | 15.85 |
| 3 | 2016-17 | ട്രാൻസ്ഫോർമർ (എണ്ണം) | 36 | 36 | |
| | 2017-18 | | 22 | 22 | |
| | 2018-19 | | 35 | 27 | 8 |
| | 2019-20 | | 24 | 9 | 15 |

2018-ലെയും 2019-ലെയും പ്രളയംമൂലവും കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടിയിരുന്നതുകൊണ്ടും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ചില പ്രവൃത്തികളിൽ വിചാരിച്ച പുരോഗതി നേടാനായിട്ടില്ല. കാലതാമസം കൂടാതെ പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേലാറ്റൂർ 110 കെ.വി. സബ്സ്റ്റേഷനിൽ 110/11 കെ.വി. 12.5 എം.വി.എ. ശേഷിയുള്ള രണ്ടാമത്തെ ട്രാൻസ്ഫോമർ പുതിയതായി സ്ഥാപിച്ചു. കൂടാതെ 110/33 കെ.വി. 16 എം.വി.എ. ശേഷിയുള്ള രണ്ടാമത്തെ ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

258 (670) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് 2019-20 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

ഒല്ലൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിതരണ വിഭാഗത്തിൽ 2019-20 സാമ്പത്തിക വർഷം ദ്യുതി സ്കീമിൽ ഉൾപ്പെടുത്തി 4,09,80,855 രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 10.73 കി.മീ. 11 കെ.വി. ലൈൻ വലിക്കാനും 48-ഓളം AB സ്വിച്ച് സ്ഥാപിക്കാനും 9.985 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റാനും 0.45 കി.മീ. ഭൂമിക്കടിയിലൂടെയുള്ള കേബിൾ സ്ഥാപിക്കാനും 4 കി.മീ. ഹൈടെൻഷൻ കണ്ടക്ടർ മാറ്റിസ്ഥാപിക്കാനും 94 കി.മീ. ലോ ടെൻഷൻ കണ്ടക്ടർ മാറ്റിസ്ഥാപിക്കാനും 0.12 കി.മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC) കേബിൾ വലിക്കാനും 0.57 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കാനും 3.45 കി.മീ. ഹൈ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC) കേബിൾ വലിക്കാനും 5 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാനും ദ്യുതി സ്കീമിൽ തീരുമാനിച്ചിട്ടുണ്ട്.

ഇതുകൂടാതെ തദ്ദേശസ്വയംഭരണ ഫണ്ടിൽനിന്നും 25,30,895 രൂപ ഉപയോഗിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള 20.164 കി.മീ. ലൈൻ വലിക്കുന്ന പ്രവൃത്തി നടപ്പിലാക്കാനുണ്ട്. ശ്രീ. സി. എൻ. ജയദേവൻ എം.പി.-യുടെ

ഫണ്ടിൽനിന്നും 4,50,000 രൂപ ഉപയോഗിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള 1.6 കി.മീ. ലൈൻ വലിക്കുന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്.

ഒല്ലൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. 33 കെ.വി. പട്ടിക്കാട് സബ്സ്റ്റേഷനിൽനിന്ന് ഒരു പുതിയ 11 കെ.വി. ഫീഡർ കേരള വാട്ടർ അതോറിറ്റിയുടെ അമൃത് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നിർമ്മിച്ചു.
2. ഒല്ലൂർ 110 കെ.വി. സബ്സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന കാലപ്പഴക്കം വന്ന 11 കെ.വി. പാനലുകൾ മാറ്റി ഐ.പി.ഡി.എസ്. സ്കീം പ്രകാരം പുതിയവ സ്ഥാപിച്ചു.
3. മണ്ണുത്തി കെ.വി.എ.എസ്.യു. കാമ്പസിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചു. ഇതിന്റെ പ്രാരംഭ ജോലികൾ നടന്നുവരുന്നു.

**ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പാക്കേജുകൾ**

259 (671) ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലൂടെ ഏതൊക്കെ പാക്കേജുകളാണ് കെ.എസ്.ഇ.ബി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ബി) ഇതുവരെ കരാർ നൽകിയ എല്ലാ പദ്ധതികളുടെയും ബോർഡ് ഉത്തരവുകൾ ലഭ്യമാക്കുമോ;

(സി) ഇതിൽ ഏതൊക്കെ പാക്കേജുകളുടെ നടത്തിപ്പിനായി ഏതൊക്കെ കമ്പനികൾക്കാണ് നാളിതുവരെ കരാർ നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെയാണോ എല്ലാ ടെൻഡർ നടപടികളും പൂർത്തിയാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലൂടെ നടപ്പിലാക്കുന്ന ഏതൊക്കെ പാക്കേജുകളുടെ നടത്തിപ്പിനായി നൽകിയ കരാർ തുകയാണ് എസ്റ്റിമേറ്റ് തുകയേക്കാൾ ഉയർന്നു നിൽക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&സി) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലൂടെ കെ.എസ്.ഇ.ബി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പാക്കേജുകൾ താഴെക്കൊടുക്കുന്നു.

| ലൈൻ പാക്കേജുകൾ ഒന്നാം ഘട്ടം | കരാർ നൽകിയ കമ്പനി |
|---|---|
| കോലത്തുനാട് | M/s Sterlite |
| മുണ്ടയാട് മുതൽ മൈലാട്ടി വരെയുള്ള 93 കി.മീ. 110 കെ.വി. ലൈൻ 220 കെ.വി. ലൈനാക്കി ശേഷി ഉയർത്തുന്ന പ്രവൃത്തി | |
| നോർത്ത് മലബാർ | M/s Sterlite |
| നിർദ്ദിഷ്ട 220 കെ.വി. കുന്നമംഗലം, തലശ്ശേരി സബ്സ്റ്റേഷനിലേയ്ക്കുള്ള 220 കെ.വി. ലൈൻ 33 കി.മീ. | |
| നോർത്ത് സൗത്ത് ഇന്റർ ലിങ്ക് | M/s L&T |
| കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട 220/110 കെ.വി. - 15 കി.മീ. ചാലക്കുടി സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈൻ | |
| തൃശ്ശിവപേരൂർ | M/s L&T |
| നിർദ്ദിഷ്ട കുന്നംകുളം 220 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈൻ | |
| കോട്ടയം ലൈൻസ് പാക്കേജ് | M/s L&T |
| 400 കെ.വി. കോട്ടയം സബ്സ്റ്റേഷനിൽ നിന്ന് 220 കെ.വി., തുറവൂർ, ഏറ്റുമാനൂർ സബ്സ്റ്റേഷനിലേയ്ക്കുള്ള 220/110 കെ.വി. അനുബന്ധ ലൈൻ | |

| | |
|---|---|
| കൊച്ചി ലൈൻസ് പാക്കേജ് | M/s L&T |
| ചിത്തിരപുരം, ആലുവ, കോതമംഗലം, കലൂർ എന്നീ 220 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള 110 കെ.വി. ലൈൻ 220 കെ.വി. ആയി ശേഷി ഉയർത്തുന്ന പ്രവൃത്തി | |
| കൊച്ചി കേബിൾ | M/s KEI |
| കലൂർ മുതൽ തുതിയൂർ സബ്സ്റ്റേഷനിലേയ്ക്കുള്ള 220 കെ.വി. ഭൂഗർഭ കേബിൾ | |
| സബ്സ്റ്റേഷൻ പാക്കേജുകൾ ഒന്നാംഘട്ടം | |
| AIS I മഞ്ചേരി, ചാലക്കുടി, കോതമംഗലം, ചിത്തിരപുരം 220 കെ.വി. സബ്സ്റ്റേഷൻ | M/s Siemens |
| കുന്നമംഗലം, ആലുവ, കലൂർ GIS I സബ്സ്റ്റേഷൻ | M/s GET&D |
| തലശ്ശേരി, കുന്നംകുളം 220 കെ.വി. സബ്സ്റ്റേഷൻ GIS IV | M/s GET&D |
| വിഴിഞ്ഞം, ഏറ്റുമാനൂർ 220 കെ.വി. സബ്സ്റ്റേഷൻ GIS III | M/s Techno Electric & Engg. Company Limited |
| കോട്ടയം 400 കെ.വി. GIS II | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| ലൈൻ പാക്കേജുകൾ രണ്ടാംഘട്ടം | |
| ശബരി ലൈൻസ് പാക്കേജ് | |
| തൃശ്ശിവപേരൂർ ലൈൻ സ്ട്രെങ്ത്തനിംഗ് പാക്കേജ് Phase II | |
| സബ്സ്റ്റേഷൻ പാക്കേജുകൾ രണ്ടാം ഘട്ടം | രണ്ടാംഘട്ടം |
| പത്തനംതിട്ട, കക്കാടേ GIS-5 | |
| വെങ്ങാലൂർ GIS-6 | |

(ബി) കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികളുടെ ബോർഡ് ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ തന്നെയാണ് എല്ലാ ടെണ്ടറുകളും നടപ്പിലാക്കിയത്.

(ഇ) AIS-I സബ്സ്റ്റേഷനുകളുടെയും ലൈൻ പാക്കേജുകളുടെയും കരാർ തുക എസ്റ്റിമേറ്റ് തുകയെക്കാൾ ഉയർന്ന് നിൽക്കുന്നതാണ്.

**വൈദ്യുതി നിയമ ഭേദഗതി ബിൽ**

260 (672) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കൊണ്ടുവന്ന വൈദ്യുതി നിയമ ഭേദഗതി ബില്ലിൽ ക്രോസ് സബ്സിഡി സമ്പ്രദായം അവസാനിപ്പിക്കുന്നതിനും സ്വകാര്യ-വത്കരണത്തിനും നിർദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുന്ന ഇത്തരം വ്യവസ്ഥകൾക്ക് പരിഹാരം കാണുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ക്രോസ് സബ്സിഡി സമ്പ്രദായം പൂർണ്ണമായി അവസാനിപ്പിക്കാനും ഓപ്പൺ ആക്സസ് വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾ ക്രോസ് സബ്സിഡി നിരക്കുകൾ നിലനിർത്തുന്നതിനായി നൽകേണ്ട സർചാർജ്ജ് വീലിംഗ് ചാർജ്ജിന്റെ 20 ശതമാനമായി നിജപ്പെടുത്താനും രണ്ട് വർഷംകൊണ്ട് ഒഴിവാക്കാനും കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശിക്കുന്നു. കൂടാതെ പ്രസ്തുത കരടിലെ നിർദ്ദേശങ്ങൾ രാജ്യത്തിലെ വൈദ്യുതി വിതരണ രംഗത്ത് മുതൽമുടക്കില്ലാതെ സ്വകാര്യ മേഖലയ്ക്ക് കടന്നുവരാൻ ഇടയാക്കുമെന്നും കരുതുന്നു. സ്വകാര്യ സംരംഭകരുടെ കൈവശമുള്ള വൈദ്യുതിയോടൊപ്പം KSEB Ltd. പോലുള്ള പൊതുമേഖലാ സംരംഭങ്ങളുടെ ചുമതലയിലുള്ള പദ്ധതികളിൽനിന്നുമുള്ള വൈദ്യുതിയും ഉൾപ്പെടെ നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് വിൽക്കുക എന്ന ലാഭ സാധ്യത ഏറെയുള്ള സപ്ലൈ വ്യവസായത്തിലേയ്ക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിന് ഭേദഗതി നിർദ്ദേശങ്ങൾ ഇടയാക്കുമെന്ന് കരുതുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിയമ ഭേദഗതി സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ വ്യവസായ-വാണിജ്യ ഗാർഹിക ഉപഭോക്താക്കളുടെ പ്രതിനിധികളും വൈദ്യുതിരംഗത്തെ മറ്റ് വിദഗ്ദ്ധരുമായി ചർച്ചകൾ നടത്തി ഭേദഗതി നിർദ്ദേശങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഈ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഭേദഗതി സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല.

## നല്ലളം താപവൈദ്യുത നിലയം

261 (673) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നല്ലളം താപവൈദ്യുത നിലയത്തിൽ ഇപ്പോൾ വൈദ്യുതി ഉത്പാദനം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിലയത്തിന്റെ ഉത്പാദനശേഷി എത്രയാണെന്നും നിലവിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) ഉത്പാദനം കുറയാൻ എന്തെങ്കിലും കാരണങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ വൈദ്യുതോല്പാദനം നടക്കുന്നില്ല. 2019-20 കാലയളവിൽ ഇതുവരെ 11.92 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ബി) ഈ നിലയത്തിന്റെ ഉല്പാദനശേഷി 96 മെഗാവാട്ടാണ്. നിലവിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നില്ല.

(സി) നല്ലളം വൈദ്യുതി നിലയത്തിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് വില വളരെ കൂടിയതിനാലും താരതമ്യേന കുറഞ്ഞ നിരക്കിൽ പുറമേനിന്ന് വൈദ്യുതി ലഭ്യമായിരുന്നതിനാലുമാണ് പ്രസ്തുത നിലയത്തിലെ ഉല്പാദനം കുറയാനിടയായത്.

## അങ്കമാലി നിയോജകമണ്ഡലത്തിലെ വൈദ്യുതി ക്ഷാമം

262 (674) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അങ്കമാലി നിയോജകമണ്ഡലത്തിൽ സബ്സ്റ്റേഷൻ നവീകരണത്തിനും ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനുമായി എത്ര തുക ചെലവായെന്ന് സെക്ഷൻ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ രണ്ട് പ്രളയത്തിൽപ്പെട്ട് തകർന്ന എത്ര ട്രാൻസ്ഫോമറാണ് പുന:സ്ഥാപിച്ചതെന്നും ഓരോന്നിനും എത്ര രൂപവീതമാണ് ചെലവായിട്ടുള്ളതെന്നും ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം അങ്കമാലി നിയോജക മണ്ഡലത്തിൽ പുതുതായി എത്ര ഗാർഹിക വൈദ്യുതകണക്ഷൻ നൽകിയെന്ന് സെക്ഷൻ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി, മൂക്കന്നൂർ എന്നീ സെക്ഷനുകളിൽ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്.

മൂക്കന്നൂർ സെക്ഷന്റെ ചൂളപ്പുരഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. അങ്കമാലി സെക്ഷന്റെ അങ്കമാലി ടൗണിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമം അങ്കമാലി മർച്ചന്റ്സ് അസോസിയേഷൻ ഭാരവാഹികളുടെ സഹായത്തോടെ നടന്നുവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അങ്കമാലി നിയോജക മണ്ഡലത്തിൽ സബ്സ്റ്റേഷൻ നവീകരണവും ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനുമായി ആകെ 1,17,61,152 രൂപ ചെലവാക്കിയിട്ടുണ്ട്. ചെലവായ തുക സംബന്ധിച്ച് സെക്ഷൻ തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) 2018-ലെ പ്രളയത്തിനുശേഷം 17 ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. സെക്ഷൻ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇതിനായി 17 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

| സെക്ഷൻ | എണ്ണം |
|---|---|
| അങ്കമാലി | 2 |
| കാലടി | 1 |
| മലയാറ്റൂർ | 1 |
| മഞ്ഞപ്ര | 13 |
| ആകെ | 17 |

2019-ലെ പ്രളയത്തിനുശേഷം തുറവൂർ സെക്ഷനിൽ ഒരു ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി ഒരു ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം അങ്കമാലി നിയോജക മണ്ഡലത്തിൽ പുതിയതായി മൊത്തം 2703 ഗാർഹിക വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. സെക്ഷൻ തിരിച്ചുള്ള വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

| നമ്പർ | സെക്ഷൻ | 1-6-2016 മുതൽ 30-9-2019 വരെ നൽകിയ ഗാർഹിക വൈദ്യുതി കണക്ഷൻ |
|---|---|---|
| 1 | അങ്കമാലി | 571 |
| 2 | കറുകുറ്റി | 227 |
| 3 | മൂക്കന്നൂർ | 198 |
| 4 | പാറക്കടവ് | 165 |
| 5 | കാലടി | 766 |
| 6 | മഞ്ഞപ്ര | 268 |
| 7 | മലയാറ്റൂർ | 261 |
| 8 | തുറവൂർ | 247 |
| മൊത്തം | | 2703 |

## തിരുവമ്പാടി മണ്ഡലത്തിലെ വൈദ്യുതി ഉല്പാദന, പ്രസരണ, വിതരണ പദ്ധതികൾ

263 (675) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതോല്പാദനത്തിന് തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ടി നിയോജകമണ്ഡലത്തിലെ വൈദ്യുതി പ്രസരണ - വിതരണ പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള വൈദ്യുതി നിലയങ്ങൾ താഴെപ്പറയുന്നു. ഉറുമി-1, ഉറുമി-2, ചെമ്പുകടവ്-1, ചെമ്പുകടവ്-2

(ബി) നിലവിലുള്ള നാല് ജലവൈദ്യുത പദ്ധതികളും പ്രവർത്തിക്കുന്നു. ഉറുമി 1 - (3.75) മെഗാവാട്ട്, ഉറുമി 2 - (2.4) മെഗാവാട്ട്, ചെമ്പുകടവ് 1 - (2.7) മെഗാവാട്ട്, ചെമ്പുകടവ് 2 - (3.75) മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നു.

(സി) തിരുവമ്പാടി മണ്ഡലത്തിൽ, ദ്യുതി 2021 എന്ന വിതരണ ശൃംഖല നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നാലുവർഷങ്ങളിലായി 39.42 കോടി രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൽ 2018-19 വർഷത്തിൽ 5.49 കി.മീ. എച്ച്.റ്റി. ലൈൻ നിർമ്മാണം. 5.02 കി.മീ. എൽ.റ്റി. ലൈൻ നിർമ്മാണം, 0.21 കി.മീ. എൽ.റ്റി. കൺവേർഷൻ, 6 എണ്ണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയും 2019-20 വർഷത്തിൽ, 2.45 കി.മീ. എൽ.റ്റി. ലൈൻ നിർമ്മാണം, 1.63 എൽ.റ്റി. കൺവേർഷൻ എന്നീ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെട്ട ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

പ്രസരണ മേഖലയിലെ പദ്ധതികൾ

തമ്പലമണ്ണ 33 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തിയും അഗസ്ത്യാർമൂഴി 110 കെ.വി. തമ്പലമണ്ണ കേബിളിടുന്ന പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. കൂടാതെ അടിവാരത്ത് ഒരു പുതിയ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടികളെടുത്തുവരുന്നു.

## പ്രസരണനഷ്ടം കുറയ്ക്കാൻ പദ്ധതികൾ

264 (676) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിലൂടെ എത്രമാത്രം പ്രസരണനഷ്ടം ഒഴിവാക്കാൻ സാധിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി പ്രസരണ ശൃംഖല വിപുലപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ, നിലവിലുള്ള പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി പ്രസരണ ലൈനുകളുടെ പ്രസരണ ശേഷി ഉയർത്തൽ, പുതിയ കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. അതിനായി ഈ സർക്കാർ അധികാരമേറ്റശേഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു.

പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണവും പഴയവയുടെ നവീകരണവും ഉൾപ്പെടെ വിവിധ വോൾട്ടേജ് തലങ്ങളിലായി 45 സബ്സ്റ്റേഷനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 33 കെ.വി. മുതൽ 400 കെ.വി. വരെയുള്ള വോൾട്ടേജുകളിൽ 894.84 കി.മീ. പ്രസരണ ലൈനുകൾ നിർമ്മിക്കുകയോ വോൾട്ടത ഉയർത്തുകയോ ചെയ്തിട്ടുണ്ട്. കൂടാതെ പ്രസരണ നഷ്ടം കുറയ്ക്കാനായി ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വഴി പ്രസരണ നഷ്ടം 2016-17-ലെ ഒന്നാം പാദത്തിലെ 4.56 ശതമാനത്തിൽനിന്നും 2018-19-ലെ ഒന്നാം പാദത്തിൽ 4.41 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

## **സൗരോർജ്ജ വൈദ്യുതി**

265 (677) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളുടെ മേൽക്കൂരകളിൽ സോളാർ പാനൽ ഉപയോഗിച്ചുകൊണ്ട് വൈദ്യുതി നിർമ്മിക്കുന്ന പദ്ധതി വിജയകരമായിരുന്നുവോ; ഇതുപ്രകാരം ഏകദേശം എത്ര യൂണിറ്റുകൾ സ്ഥാപിക്കാൻ സാധിച്ചു; ഇതിൽനിന്നും എത്ര വൈദ്യുതി ബോർഡിനു ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; പദ്ധതി വിജയകരമാണെങ്കിൽ ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് അപേക്ഷ നൽകുന്നതിനുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വീടുകളുടെ മേൽക്കൂരകളിൽ സോളാർ പാനൽ ഉപയോഗിച്ചുകൊണ്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന 'സൗര' പദ്ധതിയിലാകെ 500 മെഗാവാട്ടാണ് ലക്ഷ്യമിടുന്നത്. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 2,78,258 അപേക്ഷകളിൽനിന്നും ആദ്യഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്ത ഏകദേശം 42,000 അപേക്ഷകരുടെ മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് 200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ആദ്യഘട്ടത്തിന്റെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. സോളാർ പാനലുകൾ മേൽക്കൂരകളിൽ ഇതുവരെ സ്ഥാപിക്കാൻ തുടങ്ങിയിട്ടില്ല. അടുത്ത വർഷം ജനുവരിയോടുകൂടി സോളാർ പാനലുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടമായ 200 മെഗാവാട്ട് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നിലയിലാണ്. ഒന്നാം ഘട്ടം പൂർത്തിയാക്കിയതിനു ശേഷം പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) 'സൗര' പദ്ധതിയുടെ അടുത്ത ഘട്ടത്തിലേയ്ക്കുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുമ്പോൾ അപേക്ഷ നൽകുന്നതിനുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

## സൗരോർജ്ജ വൈദ്യുതി ഉല്പാദനം

266 (678) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിലൂടെ എത്ര വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാനായി എന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖാന്തരം 31 പദ്ധതികൾ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) പുതുതായി ആരംഭിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 21 സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചു. അവയിൽനിന്നും 23 മില്ല്യൺ യൂണിറ്റ്സ് വൈദ്യുതി പ്രതിവർഷം ഉല്പാദിപ്പിക്കുന്നു. ഈ പദ്ധതികളെല്ലാം 2020-21-ൽ പൂർത്തീകരിക്കും. ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 47.35 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 83.073 മെഗാവാട്ടും കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. കേരളത്തിൽ 2016 മേയ് മുതൽ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള സ്ഥാപിതശേഷി 146.14 Mwp ആണ്.

ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.017 മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു.

കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 1 മെഗാവാട്ട് റിന്യൂവബിൾ എനർജി പാർക്കിന്റെ പണി ആരംഭിച്ചിട്ടുണ്ട്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ 1 megawatt അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. 7.72 മെഗാവാട്ടിന്റെ ഓഫ് ഗ്രിഡ് പദ്ധതിയിൽ നിന്നും 7200000 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഊർജ്ജ കേരള മിഷന്റെ ഭാഗമായ 'സൗര' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതുവഴി 500 മെഗാവാട്ടും പാഴ്നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതിയും ഉല്പാദിപ്പിക്കാനാണ് 'സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അനെർട്ടും കേരള സംസ്ഥാന വൈദ്യുതി ബോർഡും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ

267 (679) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകളിൽ വൈദ്യുതി ലഭിക്കാനുള്ള നടപടിക്രമം എന്താണെന്ന് അറിയിക്കാമോ;

(ബി) ഇത്തരം എല്ലാ കണക്ഷനുകൾക്കും ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കേണ്ടതുണ്ടോ; നിലവിലുള്ള ഇലക്ട്രിക് പോസ്റ്റിൽ നിന്ന് എത്ര അകലത്തിൽ പുതിയ ലൈറ്റ് സ്ഥാപിക്കുമ്പോഴാണ് പുതിയ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കേണ്ടത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ ഫണ്ടുകൾ വിനിയോഗിച്ച സ്ഥാപിക്കുന്ന ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ ഒരേ നിയമം / വ്യവസ്ഥയാണോ നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട് എന്നിവ ഉപയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകളുടെ വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. സാധാരണഗതിയിൽ പുതിയ കണക്ഷനുകൾ ലഭിക്കാൻ വേണ്ട അപേക്ഷ, തിരിച്ചറിയൽ രേഖ, ലൈറ്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലമുടമയുടെ/നിരത്തിന്റെ നിരാക്ഷേപപത്രം/ അനുമതി എന്നീ രേഖകൾ മാത്രം സ്വീകരിച്ചുകൊണ്ടാണ് കെ.എസ്.ഇ.ബി.എൽ. ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകൾക്കുള്ള വൈദ്യുതി കണക്ഷൻ നൽകുന്നത്.

നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ മെയിനിൽ നിന്നുമുള്ള ദൂരം 35 മീറ്ററിൽ കുറവുള്ള സ്ഥലങ്ങളിൽ മാത്രമേ പോസ്റ്റ് കൂടാതെ വെതർ പ്രൂഫ് സർവ്വീസ് കണക്ഷൻ നൽകാൻ വ്യവസ്ഥയുള്ളൂ. 35 മീറ്ററിൽ കൂടുതലുള്ള കണക്ഷനുകൾക്കാണ് സാധാരണഗതിയിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നത്. ഇതുകൂടാതെ ഗവൺമെന്റ് ഉത്തരവ് G.O(P)No.27/2017/Fin/Tvm dated 26-2-2017-ലെ നിർദ്ദേശങ്ങൾകൂടി പാലിക്കേണ്ടതുണ്ട്.

## ദേശീയപാതയിൽ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നത്

268 (680) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ റോഡ് സുരക്ഷാ കൗൺസിലിൽനിന്നും ദേശീയപാതയിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന് എത്ര തുകയാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കിയതെന്നും ഇവരുടെ മെയിന്റനൻസ് കോൺട്രാക്ട് എത്ര വർഷത്തേയ്ക്കാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ജില്ലാ റോഡ് സുരക്ഷാ കൗൺസിലിൽ നിന്നും ദേശീയപാതയിൽ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ. ബോർഡിലെ ഹരിപ്പാട് ഇലക്ട്രിക്കൽ സർക്കിളിൽ 38,82,300 രൂപ അടച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലാ റോഡ് സുരക്ഷ സമിതി നിർദ്ദേശപ്രകാരം ദേശീയപാതയിൽ നങ്ങ്യാർകുളങ്ങര മുതൽ കായംകുളം ഒ.എൻ.കെ. ജംഗ്ഷൻ വരെ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തുക ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് നേരിട്ടാണ് പദ്ധതി നടപ്പിലാക്കിയത്. ആയതിനാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട മെയിന്റനൻസ് കോൺട്രാക്ട് നിലവിലില്ല.

## പാറശ്ശാല മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ

269 (681) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ. സെക്ഷനുകളിൽ ഏതെങ്കിലും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷകർക്ക് ചില സെക്ഷൻ ആഫീസുകളിൽ നിന്നും ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മണ്ഡലത്തിലെ ഓരോ സെക്ഷൻ ആഫീസുകളിലും എത്ര വീതം അപേക്ഷകളാണ് ഇനിയും കണക്ഷൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ളത് എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകളിൽ താഴെപ്പറയുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ നടപ്പിലാക്കിട്ടുണ്ട്.

അമ്പൂരി സെക്ഷൻ

വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി കുടപ്പനമൂട് മുതൽ കാസർഗോഡ് വരെ 1.2 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും കാസാറോഡിൽ 100 KVA ട്രാൻസ്ഫോമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചീനിക്കാലയിൽ ഒരു 25 KVA ട്രാൻസ്ഫോമർ ശേഷി കൂട്ടി 100 KVA ആക്കി മാറ്റിയിട്ടുണ്ട്.

ഒറ്റശേഖരമംഗലം സെക്ഷൻ

നാരകത്തിൻകുഴി, കള്ളിക്കാട്, പഴഞ്ഞിപ്പാറ, വാവോട് സ്കൂൾ എന്നിവിടങ്ങളിലായി 100 KVA-യുടെ 4 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

മാരായമുട്ടം സെക്ഷൻ

തൃപ്പലവൂരിൽ ഒരു 100 KVA ട്രാൻസ്ഫോമർ സ്ഥാപിക്കുകയും 300 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

ഉദിയൻകുളങ്ങര സെക്ഷൻ

2.4 കി.മീ 11 കെ.വി. ലൈൻ നിർമ്മിച്ച് 25 KVA-യുടെ ട്രാൻസ്ഫോമറുകൾ ആറയൂർ, പോങ്ങുപൊറ്റ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

കുന്നത്തുകാൽ സെക്ഷൻ

650 മീ. ലൈൻ വലിച്ച് 100 KVA-യുടെ ട്രാൻസ്ഫോമർ നെച്ചോടി എന്ന സ്ഥലത്ത് സ്ഥാപിക്കുകയും കുന്നത്തുകാലിൽ 25 KVA ട്രാൻസ്ഫോമർ 100 KVA ആക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചാവടി മുതൽ ചകിരി കമ്പനി വരെയും നെച്ചോടി മുതൽ തവായത്തുകോണം വരെയും 850 മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റിയിട്ടുണ്ട്.

വെള്ളറട സെക്ഷൻ

പൊട്ടുവിളാകം എന്ന സ്ഥലത്ത് 63 KVA ട്രാൻസ്ഫോമറും ചെമ്പൂർ ചർച്ച് ഭാഗത്ത് 25 KVA ട്രാൻസ്ഫോമറും സ്ഥാപിച്ചിട്ടുണ്ട്.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ സെക്ഷൻ ഓഫീസുകളിൽ പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ പുതിയ കണക്ഷനുകൾക്ക് അപേക്ഷിച്ച് ക്യാഷ് ഡെപ്പോസിറ്റും കണക്ഷനുള്ള ചെലവും അടച്ച എല്ലാ അപേക്ഷകർക്കും സമയബന്ധിതമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. പുതുതായി അപേക്ഷിക്കുന്നവർക്ക് കാലതാമസമില്ലാതെ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്.

**വൈപ്പിനിൽ പുതിയ സെക്ഷൻ ഓഫീസ്**

270 (682) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയേറിയ വൈപ്പിനിൽ, നിലവിലെ ഉപഭോക്താക്കളുടെ ബാഹുല്യം പരിഗണിച്ചും കായൽ, തോട് എന്നിവ നിറഞ്ഞ ഭൂപ്രകൃതി കണക്കിലെടുത്തും പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതികവിദ്യകൾക്കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വൈപ്പിനിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ചെങ്ങന്നൂർ വൈദ്യുതി ഓഫീസിന് പുതിയ കെട്ടിടം**

271 (683) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ വൈദ്യുതി ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) വൈദ്യുതി പ്രസരണ നഷ്ടവും തടസ്സവും ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഐ.പി.ഡി.എസ്(ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം) പദ്ധതി ചെങ്ങന്നൂരിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷൻ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഇലക്ട്രിക്കൽ സെക്ഷൻ എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്നതിനുവേണ്ടി മൂന്ന് നിലകളിലായി 750 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഒരു മിനി വൈദ്യുതി ഭവനം ചെങ്ങന്നൂരിൽ ബോർഡിന്റെ സ്വന്തം സ്ഥലത്ത് പണിയുന്നതിന് രണ്ട് കോടി പതിമൂന്ന് ലക്ഷം രൂപയുടെ (2,13,00,000 രൂപ) ഭരണാനുമതി 7-3-2019-ൽ ബോർഡ് നൽകിയിരുന്നു. പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ഐ.പി.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തിയ ചെങ്ങന്നൂരിലെ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ:-

1. പുതിയ 11 കെ.വി. ലൈൻ - 7 കി.മീ.
2. 11 കെ.വി. ABC കേബിൾ - 7 കി.മീ.
3. (a) പുതിയ 100 KVA ട്രാൻസ്ഫോമർ - 9 എണ്ണം

(b)100 KVA ട്രാൻസ്ഫോമർ ശേഷി വർദ്ധിപ്പിച്ച് 160 KVA ആക്കിയത് - 1 എണ്ണം

4. എൽ.ടി. ലൈൻ ശാക്തീകരണം - 35 കി.മീ.
5. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ - 10154 എണ്ണം

**മറയൂർ സബ് സ്റ്റേഷൻ**

272 (684) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ചതും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമായ മറയൂർ സബ് സ്റ്റേഷനുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മറയൂർ 33 കെ.വി. സബ്സ്റ്റേഷന്റെ കൺട്രോൾ റൂമിന്റെ നിർമ്മാണം പൂർത്തീകരിച്ചു. വിവിധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മറയൂർ സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട് മൂന്നാറിൽ നിന്നും 45 കി.മീ. 33 കെ.വി. ലൈൻ വലിക്കേണ്ടതുണ്ട്. ഇതിൽ രാജമല മുതൽ വാഗുവരെ വരെ 17 കി.മീ. ലൈനിന്റെ നിർമ്മാണം പൂർത്തീകരിച്ചു. മറയൂർ സബ്സ്റ്റേഷൻ മുതൽ വാഗുവരെ വരെയുള്ള 17 കി.മീ. ദൂരം 33 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രാജമല മുതൽ നിർദ്ദിഷ്ട മൂന്നാർ സബ്സ്റ്റേഷൻ വരെയുള്ള 11 കി.മീ. 33 കെ.വി. ലൈൻ വലിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) മൂന്നാർ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പള്ളിവാസൽ മുതൽ മൂന്നാർ വരെയുള്ള 6 കി.മീ. 66 കെ.വി. ലൈനിന്റെ നിർമ്മാണവും പൂർത്തീകരിച്ചാൽ മാത്രമേ മറയൂരിലേയ്ക്ക് വൈദ്യുതി എത്തിക്കാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ ത്വരിതപ്പെടുത്തി 2020-21 സാമ്പത്തിക വർഷത്തിൽ തന്നെ മറയൂർ സബ്സ്റ്റേഷൻ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

### പോട്ടയിലും കാട്ടുകുറ്റിയിലും പുതിയ സബ് സ്റ്റേഷൻ

273 (685) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെഎസ്.ഇ.ബി.എൽ.-ന്റെ ചാലക്കുടി, കൊരട്ടി സബ് സ്റ്റേഷനുകൾ വിഭജിച്ച് യഥാക്രമം പോട്ട, കാട്ടുകുറ്റി എന്നിവിടങ്ങളിൽ പുതിയ സബ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

കെ.എസ്.ഇ.ബി.എൽ.-ന്റെ ചാലക്കുടി, കൊരട്ടി സബ്സ്റ്റേഷനുകൾ വിഭജിച്ച് യഥാക്രമം പോട്ട, കാട്ടുകുറ്റി എന്നിവിടങ്ങളിൽ പുതിയതായി സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

## ഞാറയ്ക്കലിലെ വോൾട്ടേജ് ക്ഷാമം

274 (686) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ 66 കെ.വി സബ് സ്റ്റേഷൻ, 110 കെ.വി സബ് സ്റ്റേഷനായുയർത്തി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ, പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഞാറയ്ക്കൽ 66 കെ.വി. സബ്സ്റ്റേഷൻ, 110 കെ.വി. സബ്സ്റ്റേഷനായുയർത്തി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ പ്രദേശത്ത് വോൾട്ടേജ് ക്ഷാമമില്ല. പക്ഷേ, ഈ സബ്സ്റ്റേഷനിലേയ്ക്ക് ഒരു റേഡിയൽ ഫീഡിംഗ് മാത്രമേയുള്ളൂ. ആയതുകൊണ്ട് കൂടുതൽ stable & reliable സപ്ലൈ നൽകുന്നതിനായി ചെറായി - ഞാറയ്ക്കൽ 110 കെ.വി. ലൈൻ വലിച്ച് ഞാറയ്ക്കൽ സബ്സ്റ്റേഷൻ 110 കെ.വി. ആയി അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട്. കൂടാതെ 110 കെ.വി. നോർത്ത് പറവൂർ സബ്സ്റ്റേഷൻ 220 കെ.വി. ആയും ഉയർത്തേണ്ടതുണ്ട്. ഈ രണ്ട് ജോലികൾക്കുമായുള്ള സാധ്യതാ പഠനം നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊയിലാണ്ടിയിൽ പുതിയ സബ്സ്റ്റേഷൻ

275 (687) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരപ്രാന്തപ്രദേശത്ത് പുതിയ സബ്സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ അടിയന്തരമായി സ്ഥാപിക്കേണ്ടതിനാൽ ഇക്കാര്യത്തിലേയ്ക്കായി കെ.എസ്.ഇ.ബി.എൽ. കണ്ടെത്തിയ സ്വകാര്യ വ്യക്തികളുടെ ഭൂമി കൂടി ഇതിനായി പരിഗണിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം കെ.എസ്.ഇ.ബി.എൽ.-ന്റെ അടിയന്തര പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടിയിൽ നഗരപ്രാന്ത പ്രദേശത്ത് പുതിയ സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി ജലസേചന വകുപ്പിന്റെ കൈവശമുള്ള 1.08 ഏക്കർ (0.4378 ഹെക്ടർ) ഭൂമി കൊയിലാണ്ടി താലൂക്കിലെ പന്തലായനി വില്ലേജിൽ പന്തലായനി ദേശത്ത് റീസർവ്വേ നമ്പർ 39/IB-യിലുള്ള ഭൂമി കൈമാറ്റം ചെയ്തുകിട്ടുന്നതിന് ഇറിഗേഷൻ വകുപ്പിന് അപേക്ഷ നൽകുകയും ആയത് ചീഫ് എഞ്ചിനീയർ പ്രോജക്ട്-1, കോഴിക്കോട് (ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്) പരിശോധിച്ചുവരികയുമാണ്.

(ബി) ഇറിഗേഷൻ ഭൂമി ലഭിക്കുന്നതിന് പ്രായോഗിക തടസ്സങ്ങളുണ്ടായാൽ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതടക്കമുള്ള മറ്റ് സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര ഊട്ടുപോക്കിരിയിൽ സബ്സ്റ്റേഷൻ**

276 (688) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ഊട്ടു പോക്കിരിയിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന ചുമതല ആർക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; ഡി.പി.ആർ. 2020 മാർച്ചിൽ പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വിശദീകരിക്കാമോ;

(സി) 2016-17 വർഷത്തിൽ നൽകിയ നിവേദനത്തിന്മേൽ സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) പൂവാർ, കുളത്തൂർ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകതയുടെ അടിസ്ഥാനത്തിൽ പൂവാർ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിതശേഷി 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ ട്രാൻസ്ഗ്രിഡ് ഡൗൺസ്ട്രീം - 2 പദ്ധതിയിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി നിർദ്ദിഷ്ട വിഴിഞ്ഞം 220 കെ.വി. സബ്സ്റ്റേഷനിൽനിന്നും പൂവാർ സബ്സ്റ്റേഷനിലേയ്ക്ക് 110 കെ.വി.-യുടെ പുതിയ ലൈൻ വലിക്കുന്നതാണ്. കൂടാതെ പാറശ്ശാല 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും പൂവാർ സബ്സ്റ്റേഷനിലേയ്ക്കുള്ള നിലവിലെ 33 കെ.വി. ലൈൻ 110 കെ.വി. ലൈനായി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. കുളത്തൂർ ഊരുപോക്കിരിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സാങ്കേതിക പഠനം നടത്തിയതിൽനിന്നും മേൽപ്പറഞ്ഞ പദ്ധതി നടപ്പിലാക്കുമ്പോൾ ഊരുപോക്കിരിയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷന്റെ ആവശ്യകത ഉണ്ടാകില്ല എന്നാണ് കാണുന്നത്.

### പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള 110 കെ.വി. സബ്സ്റ്റേഷൻ

277 (689) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ആരംഭിക്കുന്ന 110 കെ.വി. സബ് സ്റ്റേഷന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതി പൂർത്തീകരിക്കുന്നതിനു ഇനിയും എത്ര നാളെടുക്കുമെന്നു അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ?

ഉത്തരം

(എ) പട്ടാമ്പി 110 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം നിരപ്പാക്കൽ, ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ആരംഭിച്ചു. ലൈൻ സർവ്വേ പൂർത്തീകരിച്ചു. ടെണ്ടർ നടപടികൾ നടന്നുവരുന്നു. പദ്ധതി പൂർത്തീകരിക്കാൻ 18 മാസത്തെ സമയം വേണ്ടിവരും.

(ബി) നിലവിലുള്ള 33 കെ.വി. സബ്സ്റ്റേഷൻ കൊണ്ടുമാത്രം ജനങ്ങൾക്ക് ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ എത്തിക്കുന്നതിന് പര്യാപ്തമല്ലാത്തതു കൊണ്ടാണ്, പുതിയ 110 കെ.വി. സബ്സ്റ്റേഷനും പട്ടാമ്പിയിൽ തന്നെ സ്ഥാപിക്കുന്നത്.

### മരവട്ടത്ത് 110 കെ.വി. സബ്സ്റ്റേഷൻ

278 (690) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കാടാമ്പുഴ, പുത്തനത്താണി, എടയൂർ, വളാഞ്ചേരി തുടങ്ങിയ പ്രദേശങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ മരവട്ടത്ത് 110 കെ. വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച നിലവിലുള്ള പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ;

(ബി) മലപ്പുറം ട്രാൻസ്മിഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സാധ്യതാപഠനം നടത്തിയ പ്രസ്തുത പ്രെപ്പോസൽ അംഗീകരിച്ച് പദ്ധതി പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് ചെലവാകുന്ന തുക എത്രയെന്നും പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാടാമ്പുഴയ്ക്കടുത്ത് മരവട്ടം എന്ന സ്ഥലത്ത് പുതിയ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നടപടികൾ കെ.എസ്.ഇ.ബി.എൽ. കൈക്കൊണ്ടുവരുന്നു.

(ബി) പ്രസ്തുത പ്രൊപ്പോസൽ അനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ടുണ്ടാക്കുകയും അതിന് DPR കമ്മിറ്റിയുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് 1980 ലക്ഷം രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ട്.

## കുറ്റിക്കോൽ 110 KV സബ്സ്റ്റേഷൻ നിർമ്മാണം

279 (691) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ 110 KV സബ് സ്റ്റേഷൻ നിർമ്മാണത്തിന് ബേഡഡുക്ക വില്ലേജിലെ വലിയപാറയിൽ 3 ഏക്കർ റവന്യൂ ഭൂമി കെ.എസ്.ഇ.ബി. യ്ക്ക് പാട്ടവ്യവസ്ഥയിൽ നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭൂമി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ 110 KV സബ്സ്റ്റേഷൻ നിർമ്മാണത്തിന് ബേഡഡുക്ക വില്ലേജിലെ വലിയപാറയിൽ 3 ഏക്കർ റവന്യൂ ഭൂമി പാട്ട വ്യവസ്ഥയിൽ കെ.എസ്.ഇ.ബി.എൽ.-ന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

മേൽപ്പറഞ്ഞ 3 ഏക്കർ റവന്യൂ ഭൂമി 110 KV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി കമ്പോളവിലയുടെ (കമ്പോളവിലയായി കണക്കാക്കി യിട്ടുള്ളത് 25,76,400 രൂപ) 2% പാട്ട നിരക്കിൽ ഓരോവർഷം കഴിയുംതോറും പാട്ടത്തുക പുതുക്കി നിശ്ചയിക്കണമെന്ന വ്യവസ്ഥയിൽ 30 വർഷത്തേയ്ക്ക് കെ.എസ്.ഇ.ബി.എൽ.-ക്ക് പാട്ടത്തിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിസിറ്റി വർക്കർ തസ്തികയുടെ യോഗ്യതയിൽ മാറ്റം

280 (692) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഇലക്ട്രിസിറ്റി വർക്കർ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിനു നിലവിലുള്ള യോഗ്യതാ മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; ഇതിൽ നാലാം ക്ലാസ്സ് ജയിക്കുകയും പത്താം ക്ലാസ്സ് ജയിക്കാതിരിക്കുകയും ചെയ്യണമെന്ന് നിബന്ധനയുണ്ടോ;

(ബി) എസ്.എസ്.എൽ.സി.-ക്ക് ഏറെക്കുറെ നൂറു ശതമാനം വിജയം ഉണ്ടാകുന്ന പുതിയ സാഹചര്യത്തിൽ ഉപരിപഠനത്തിനു യോഗ്യത നേടി എന്ന ഒറ്റക്കാരണത്താൽ ഈ തസ്തികയിൽ ജോലിക്കു അപേക്ഷിക്കുന്നതിനു അവസരം നിഷേധിക്കുന്നത് നീതികേടാണെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(സി) എസ്.എസ്.എൽ.സി. കഴിഞ്ഞ ശേഷം യോഗ്യത, സാമ്പത്തിക സാമൂഹിക സാഹചര്യങ്ങൾ എന്നിവ കാരണം ഉപരിപഠനത്തിനു തുടർപഠനം അസാധ്യമായ ഹതഭാഗ്യർക്ക് ഉയർന്ന തസ്തികകളിലേയ്ക്കുള്ള മത്സര പരീക്ഷകൾ വിജയിക്കാൻ വളരെ ബുദ്ധിമുട്ടായതിനാൽ, ഇത്തരം നിബന്ധനകൾ ഇത്തരക്കാരെ കൂടുതൽ ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) നിലവിലെ സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിസിറ്റി വർക്കർ തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തുന്നതിന് വൈദ്യുതി വകുപ്പ് മുൻ കൈയ്യെടുക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഇലക്ട്രിസിറ്റി വർക്കർ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യത സംബന്ധിച്ച് 13-7-1998-ലെ ബോർഡ് ഉത്തരവിൽ (നമ്പർ 1509/98 (Estt.II/19027/87) നാലാം ക്ലാസ് ജയിക്കുകയും പത്താം ക്ലാസ് ജയിക്കാതിരിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു.

(ബി-ഡി) 13-2-2019-ലെ കേരള സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ1/2019/ഊ.വ., കെ.എസ്.ഇ.ബി. ലിമിറ്റഡിലെ BO(FTD) No. 219/2019(Estt.II/6781/2017/07-03-2019) എന്നീ ഉത്തരവുകളിൽ, 13-2-2019-നുശേഷം കെ.എസ്.ഇ.ബി.എൽ.-ലെ വിവിധ തസ്തികകളിലേയ്ക്കുള്ള പുതിയ നിയമനങ്ങൾ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി റെഗുലേഷൻസ് 2010-സബ് റെഗുലേഷൻസ് 6, 7-ലെ യോഗ്യതാ നിബന്ധനകൾ പ്രകാരമായിരിക്കണമെന്ന് പ്രതിപാദിച്ചിരിക്കുന്നു. ടി ഉത്തരവുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരത്തിലെ ഇടക്കാല ഉത്തരവുപ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്.

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ തസ്തികകളിലേയ്ക്കുള്ള പുതിയ നിയമനങ്ങളിലെ യോഗ്യതയും ക്വാട്ടയും നിശ്ചയിക്കുന്നത് സംബന്ധിച്ച് പൊതുവായ സവിശേഷ ചട്ടങ്ങളുടെ (Special Rules) രൂപീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## സി.സി.ടി.വി. ക്യാമറകൾക്കായി വൈദ്യുത പോസ്റ്റുകളിലൂടെ കേബിൾ

281 (693) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.എൽ.-ന്റെ വൈദ്യുത പോസ്റ്റുകളിൽ കൂടി സൗജന്യമായി കേബിൾ ഇടുന്നതിന് അനുമതി ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം സാങ്കേതിക തടസ്സങ്ങൾ ഒന്നുമില്ലെങ്കിൽ ബോർഡ് നിശ്ചയിച്ചിട്ടുള്ള പോൾ വാടക, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ഈടാക്കിക്കൊണ്ട് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഇടമൺ-കൊച്ചി-കൂടംകുളം ലൈൻ ടവറിന് സ്ഥലമെടുത്തതിന് നഷ്ടപരിഹാരം

282 (694) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമൺ-കൊച്ചി-കൂടംകുളം 440KV ലൈനിന്റെ ടവർ പണിയുന്നതുമായി ബന്ധപ്പെട്ട് സ്ഥലമെടുത്ത വകയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ എത്ര ആളുകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇനി എത്ര വസ്തു ഉടമകൾക്ക് നഷ്ടപരിഹാരം നൽകാനുണ്ട്; ആയത് എന്നേക്ക് നൽകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇടമൺ-കൊച്ചി-കൂടംകുളം 440 KV ലൈനിന്റെ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലത്തിന്റെ നഷ്ടപരിഹാരമായി കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ അഞ്ച് വില്ലേജുകളിലായി 649 കക്ഷികൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലത്തിന്റെ നഷ്ടപരിഹാരമായി കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ 183 കക്ഷികൾക്കുകൂടി നഷ്ടപരിഹാരം നൽകാനുണ്ട്. രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണ്.

## നിലമ്പൂരിൽ ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി

283 (695) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സബ് ഡിവിഷന് കീഴിൽ വഴിക്കടവ് പഞ്ചായത്തിലെ പുഞ്ചക്കൊല്ലി, അളക്കൽ ആദിവാസി കോളനികളിലേക്ക് ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി എത്തിച്ചത് ഏത് വർഷത്തിലാണെന്നും ഏത് സർക്കാരിന്റെ കാലത്താണ് ഇത് പൂർത്തീകരിച്ചതെന്നും വിശദമാക്കാമോ;

(ബി) ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് നിർവ്വഹിച്ചിട്ടുള്ളതെന്നും പദ്ധതിക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ സബ് ഡിവിഷന് കീഴിൽ വഴിക്കടവ് പഞ്ചായത്തിലെ പുഞ്ചക്കൊല്ലി, അളക്കൽ ആദിവാസി കോളനികളിലേയ്ക്ക് ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി എത്തിച്ചത് 2017-18-ൽ ഈ സർക്കാരിന്റെ കാലത്താണ്.

(ബി) ട്രൈബൽ സബ് പ്ലാൻ (TSP), അഡീഷണൽ ട്രൈബൽ സബ് പ്ലാൻ (ATSP) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇവ നിർവ്വഹിച്ചിട്ടുള്ളത്. പുഞ്ചക്കൊല്ലി കോളനിക്ക് 1,46,69,276 രൂപയും അളക്കൽ കോളനിക്ക് 1,82,43,408 രൂപയും ചെലവഴിച്ചു.

**കോടങ്കരയിൽ ട്രാൻസ്ഫോമർ മാറ്റിസ്ഥാപിക്കുന്നതിന് നടപടി**

284 (696) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൂഴിക്കുന്ന് കെ.എസ്.ഇ.ബി.എൽ. ഓഫീസിന് കീഴിൽ വരുന്ന ചെങ്കൽ ഗ്രാമപഞ്ചായത്തിലെ കോടങ്കരയിൽ റോഡ് സൈഡിൽ അപകടകരമായ രീതിയിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കോടങ്കരയിലെ ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി. അധികൃതർ സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ ട്രാൻസ്ഫോർമർ എപ്പോൾ മാറ്റും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൂഴിക്കുന്ന് സെക്ഷൻ ഓഫീസിനുകീഴിൽ വരുന്ന ചെങ്കൽ ഗ്രാമപഞ്ചായത്തിലെ കോടങ്കര എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോമർ 2005 ഡിസംബർ മാസത്തിലാണ് സ്ഥാപിച്ചത്. ടി ട്രാൻസ്ഫോമർ അപകടകരമായ അവസ്ഥയിലാണെന്ന് ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റി മീറ്റിംഗിൽ ബഹുമാനപ്പെട്ട നെയ്യാറ്റിൻകര എം.എൽ.എ.-യുടെ പരാമർശത്തെ തുടർന്നുണ്ടായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തിയിട്ടുണ്ട്.

എന്നാൽ ട്രാൻസ്ഫോമർ മാറ്റിസ്ഥാപിക്കാനായി ലോഡ് സെന്ററിന് അകലെ അല്ലാതെ, റോഡരികിനോട് ചേർന്ന്, അനുയോജ്യമായ പൊതുസ്ഥലം ഇതുവരെയും കണ്ടെത്താനായിട്ടില്ല. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ട്രാൻസ്ഫോമർ മാറ്റിസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഉരുൾപൊട്ടലിൽ കക്കയം പവർഹൗസിനുണ്ടായ നാശനഷ്ടങ്ങൾ**

285 (697) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കക്കയം പവർ ഹൗസിനടുത്തുണ്ടായ ഉരുൾപൊട്ടലിൽ കക്കയം പവർഹൗസിനുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നാശനഷ്ടങ്ങളാണ് ഉണ്ടായതെന്ന് അറിയിക്കാമോ;

(ബി) ഉരുൾപൊട്ടലിനെത്തുടർന്ന് നിലച്ച വൈദ്യുതി ഉല്പാദനം പുനരാരംഭിക്കുന്നതിനായി കക്കയം പവർഹൗസിൽ സ്വീകരിച്ച അടിയന്തര നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) ഉരുൾപൊട്ടലിൽ നിന്നും പവർഹൗസിനെ സംരക്ഷിച്ചു നിർത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ ആഗസ്റ്റ് മാസത്തിലുണ്ടായ ഉരുൾപൊട്ടലിൽ കക്കയം പവർഹൗസിൽ താഴെപ്പറയുന്ന നാശനഷ്ടങ്ങളാണുണ്ടായത്.

1. 50 മെഗാവാട്ട് വീതം ശേഷിയുള്ള 4, 5, 6 നമ്പർ ജനറേറ്ററുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും മണ്ണും ചെളിയും വെള്ളവും വന്നടിഞ്ഞ് കേടുപാടുകൾ സംഭവിച്ചു.
2. പവർഹൗസിന്റെ 4, 5, 6 നമ്പർ ജനറേറ്ററുകൾ സ്ഥാപിച്ചിട്ടുള്ള കെട്ടിടഭാഗത്തിന് ഭാഗികമായി കേടുപാടുകൾ സംഭവിച്ചു.
3. 4, 5, 6 നമ്പർ ജനറേറ്ററുകളുടെ മെഷീൻ ഫ്ലോറുകളിലും പവർ ഹൗസിന്റെ സർവ്വീസ് ബേയിലുമായി ഉണ്ടായിരുന്ന ഉപകരണങ്ങൾ, യന്ത്രഭാഗങ്ങൾ, സ്പെയർ പാർട്ട്സ്, ഫർണീച്ചറുകൾ എന്നിവയിൽ ചിലത് വെള്ളപ്പാച്ചിലിൽ ഒഴുകിപ്പോകുകയും മറ്റുള്ളവയ്ക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു.

4. പവർഹൗസിലെ സ്വിച്ച് യാർഡിന്റെ ഒരു ഭാഗം ചെളിയും മണ്ണും നിറഞ്ഞ് പ്രവർത്തനയോഗ്യമല്ലാതായി.

5. ജനറേറ്ററുകൾ തകരാറായതിനെത്തുടർന്ന് വൈദ്യുതി ഉല്പാദനം മുടങ്ങിയതുവഴിയും നഷ്ടമുണ്ടായി. സാധനസാമഗ്രികളുടെ വിലയിനത്തിലും പുനരുദ്ധാരണ ജോലികളുടെ പ്രവർത്തനചെലവും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് കണക്കാക്കിയിട്ടുള്ള തുകയും ചേർത്ത് ഏകദേശം 5 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. ഇതിനുപുറമെ മേൽപ്പറഞ്ഞ ജനറേറ്ററുകൾ കേടായതിനെ തുടർന്ന് വൈദ്യുതി ഉത്പാദനം നിർത്തിവയ്ക്കേണ്ടിവന്നതിനാൽ ഏകദേശം 73.090 എം.സി.എം. ജലവും (ഏകദേശം 10 കോടി യൂണിറ്റ് വൈദ്യുതിക്ക് തുല്യമായത്) നഷ്ടമായിട്ടുണ്ട്.

(ബി) ദുരന്തമുണ്ടായി പിറ്റേദിവസം (10-8-2019) രാവിലെ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കക്കയം ജനറേഷൻ ഡിവിഷനുകീഴിലുള്ള ലഭ്യമായ എല്ലാ ജീവനക്കാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ടീം രൂപീകരിക്കുകയും പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുകയും ഘട്ടംഘട്ടമായി പവർഹൗസിന്റെ പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തു. 10-8-2019-ന് തന്നെ പവർഹൗസിലെ 1, 2, 3 ജനറേറ്ററുകളും 110 കെ.വി. ഫീഡറുകളും പ്രവർത്തനക്ഷമമാക്കി. തുടർന്ന് 4-9-2019-ന് 6 നമ്പർ ജനറേറ്ററും 22-9-2019-ന് 5 നമ്പർ ജനറേറ്ററും പ്രവർത്തനക്ഷമമാക്കി. നാലാം നമ്പർ ജനറേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(സി) ഇത്തരത്തിലുള്ള ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഭാവിയിലുണ്ടായാൽ അതിന്റെ ആഘാതത്തിൽനിന്ന് പവർഹൗസിനെ പരമാവധി സംരക്ഷിച്ചു നിർത്താൻ വേണ്ട താൽക്കാലിക അടിസ്ഥാനത്തിലും ദീർഘകാല അടിസ്ഥാനത്തിലുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. താൽക്കാലിക ക്രമീകരണം എന്ന രീതിയിൽ പവർഹൗസിന്റെ പിൻഭാഗത്ത് മണൽചാക്ക് കൊണ്ടുള്ള ഭിത്തി നിർമ്മിച്ചിട്ടുണ്ട്. സ്ഥിര സുരക്ഷാ സംവിധാനവുമായി വിവിധ തട്ടുകളിലായി കോൺക്രീറ്റ് സുരക്ഷാ ഭിത്തികൾ കെട്ടുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**കേരള സഹകരണ അംഗ സമാശ്വാസനിധി**

286 (698) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ 22-6-2018-ലെ സ.ഉ.(കൈ) 22/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം കേരള സഹകരണ അംഗ സമാശ്വാസനിധി രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്ന് സഹകാരികൾക്കു തുക അനുവദിച്ചു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ അർഹരായവർക്കു തുക അനുവദിച്ചു നല്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത ഫണ്ടിൽനിന്നും സഹകാരികൾക്ക് തുക അനുവദിച്ച് നൽകുന്നതിലേയ്ക്കായി 50,000 രൂപ വീതം അർഹതയുള്ള 5 അപേക്ഷകൾ (ആകെ 2,50,000 രൂപ) നിലവിൽ പരിഗണനയിലാണ്. കൂടാതെ പ്രളയാനന്തരം വീടും സ്വത്തും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയായ 'കെയർ ഹോം' പദ്ധതിയിലേയ്ക്ക് സഹകരണ അംഗ സമാശ്വാസ നിധിയിൽനിന്നും 35 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ടി പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിലേയ്ക്കായി ലഭിച്ച അപേക്ഷകളിലെ ചില ന്യൂനതകൾ പരിഹരിച്ച് ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. അർഹരായവർക്ക് തുക അനുവദിച്ച് നൽകുന്നതിന് ടി അപേക്ഷകൾ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവർ ചേർന്ന മൂന്നംഗ മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിനുള്ള നടപടി സഹകരണ സംഘം രജിസ്ട്രാർ കൈക്കൊണ്ടുവരുന്നു.

**കെയർ ഹോം പദ്ധതി**

287 (699) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ കെയർ ഹോം പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) കുട്ടനാട്ടിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 75 വീടുകളാണ് കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ നിർമ്മിക്കുന്നത്. ഇതിൽ 47 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 14 വീടുകളുടെ മേൽക്കൂര വരെയുള്ള നിർമ്മാണം പൂർത്തീകരിച്ചും 8 വീടുകൾ ലിന്റൽ ലെവൽ വരെ നിർമ്മാണം പൂർത്തീകരിച്ചും 3 വീടുകളുടെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തീകരിച്ചും പണി തുടർന്നുവരുന്നു. ശേഷിക്കുന്ന 3 വീടുകളുടെ ഫൗണ്ടേഷൻ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന 75 വീടുകൾക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും വീടൊന്നിന് 95,100 രൂപ വീതവും കെയർഹോം പദ്ധതിക്കായി സഹകരണ സ്ഥാപനങ്ങളിൽനിന്നും സമാഹരിച്ച തുകയിൽനിന്നും വീടൊന്നിന് 4,00,000 രൂപ വീതവും അനുവദിച്ചതിന് പുറമെ കുട്ടനാട്ടിലെ ഭൂപ്രകൃതിയും മണ്ണിന്റെ ഘടനയും പരിഗണിച്ച് വീടുകളുടെ അടിത്തറ കൂടുതൽ ബലപ്പെടുത്തി നിർമ്മിക്കുന്നതിന് 69 വീടുകൾക്ക് അധിക ധനസഹായമായി 33,18,182 രൂപയും അനുവദിച്ചിട്ടുണ്ട്.

**ബ്ലേഡ് മാഫിയകളുടെ ചൂഷണം ഒഴിവാക്കാൻ മുറ്റത്തെ മുല്ല പദ്ധതി**

288 (700) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളെ മൈക്രോഫിനാൻസ് കമ്പനികളുടെയും ബ്ലേഡ് മാഫിയകളുടെയും ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനായി മുറ്റത്തെ മുല്ല എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് സഹായം നൽകുന്നതെന്നും തിരിച്ചടവിന്റെ കാലാവധി എത്രയെന്നും പലിശനിരക്ക് എപ്രകാരമാണെന്നും വിശദമാക്കാമോ;

(സി) പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം 1,000 രൂപ മുതൽ 50,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽനിന്നും 12% പലിശ (നൂറ് രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1000 രൂപ വായ്പയെടുത്ത ഒരാൾ ഒരു വർഷംകൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1120 രൂപ തിരിച്ചടയ്ക്കണം.

(സി) ഈ പദ്ധതി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുകയും ആയത് വിജയകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്യുകയുണ്ടായി. നിലവിൽ എല്ലാ ജില്ലകളിലും ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

**മണലൂരിലെ കെയർഹോം പദ്ധതി**

289 (701) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർഹോം പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിൽ നിർമ്മിക്കുന്ന വീടുകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ആയതുപ്രകാരം മണ്ഡലത്തിൽ എത്ര വീടുകൾ ഇതുവരെ പൂർത്തീകരിച്ചു എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെയർഹോം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ 38 വീടുകളാണ് നിർമ്മിച്ചുനൽകുന്നത്. വീടുകളുടെ വിശദവിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതുവരെ 35 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 3 വീടുകളുടെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു.

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

290 (702) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശികയായവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കാർഷിക കടാശ്വാസ പദ്ധതിപ്രകാരം സ്വീകരിച്ച അപേക്ഷകളിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷ നൽകേണ്ടത് എന്നുവരെയാണെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള വായ്പാക്കാരുടെ വായ്പകൾ തീർപ്പാക്കുന്നതിലേയ്ക്കായി, 2018 ഡിസംബർ 1 മുതൽ 2019 ഫെബ്രുവരി 28 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിയിരുന്നു. ടി പദ്ധതിയുടെ കാലാവധി 31-3-2019 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിമൂലം സഹകാരികൾക്കും പ്രളയബാധിതർക്കും ടി പദ്ധതി പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല എന്നതിനാൽ 2019 ജൂൺ 1 മുതൽ 2019 ജൂലൈ 1 വരെ ടി പദ്ധതി നടപ്പിലാക്കിയിരുന്നു. ടി പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിക്കുകയും ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകരെടുത്തിട്ടുള്ള വായ്പകളിന്മേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ്, സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്യുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് കടാശ്വാസമായി

അനുവദിക്കുന്നതിനുള്ള തുക സംബന്ധിച്ച ശിപാർശ കൃഷി വകുപ്പിന് നൽകുകയും കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ടി തുക സഹകരണ സംഘം രജിസ്ട്രാറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്നു.

കൃഷി വകുപ്പിന്റെ 17-10-2019-ലെ സ.ഉ.(സാധാ)നമ്പർ 952/2019/കൃഷി ഉത്തരവുപ്രകാരം ടി പദ്ധതിയിലേയ്ക്കുള്ള വ്യക്തിഗത അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 15-11-2019 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഒരു കോടിയിലധികം തുക പിൻവലിക്കുന്നതിന് ഏർപ്പെടുത്തിയ നികുതി

291 (703) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപയിൽ കൂടുതൽ തുക പണമായി പിൻവലിച്ചാൽ 2 ശതമാനം നികുതി നൽകണമെന്ന വ്യവസ്ഥ പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണ സംഘങ്ങൾക്കും ബാധകമാണെന്ന് ആദായ നികുതി വകുപ്പ് അറിയിച്ചിട്ടുണ്ടോ;

(ബി) പിൻവലിക്കുന്ന പണത്തിന് നികുതി അടച്ചില്ലെങ്കിൽ പിഴ ഈടാക്കുന്നതിന് പുറമെ നികുതി വെട്ടിപ്പിന് സഹായം നൽകിയതായി കണക്കാക്കി ക്രിമിനൽ നടപടി സ്വീകരിക്കുമെന്ന് ആദായ നികുതി വകുപ്പ് സഹകരണ സംഘങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ;

(സി) ഈ പുതിയ വ്യവസ്ഥ സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾക്കും, സഹകരണ സംഘങ്ങൾക്കും ദോഷകരമായി ബാധിക്കുന്ന ഒന്നാകയാൽ ഇക്കാര്യത്തിൽ അടിയന്തര ഇടപെടലുകൾ നടത്തുമോയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട്, തിരുവനന്തപുരം, കണ്ണൂർ റേഞ്ചിലെ ആദായ നികുതി വകുപ്പ് ആഫീസർമാർ (TDS) ഇതുസംബന്ധിച്ച് വയനാട്, തിരുവനന്തപുരം, കോഴിക്കോട് കണ്ണൂർ ജില്ലാ സഹകരണ ബാങ്കുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) ആദായനികുതി നിയമത്തിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള 194 N എന്ന വകുപ്പ് സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ദോഷകരമായതിനാൽ ഇതുസംബന്ധിച്ച് ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് 3-10-2019-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് വിഷയം വിശദമായി ചർച്ച ചെയ്യുകയും ടി നിയമ ഭേദഗതിമൂലം കേരളത്തിലെ സഹകരണ മേഖലയിലുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് 11-10-2019-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നേരിട്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്.

**സഹകരണ ബാങ്കുകൾ ആദായ നികുതി കൊടുക്കണമെന്ന വ്യവസ്ഥ**

292 (704) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-ലെ കേന്ദ്ര നിയമം അനുസരിച്ച് സഹകരണ ബാങ്കുകൾ ആദായ നികുതി കൊടുക്കണം എന്നതിന്റെ ചുവടു പിടിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നികുതി കൊടുക്കണമെന്ന തരത്തിൽ പ്രസ്തുത നിയമഭേദഗതി തെറ്റായി വ്യാഖ്യാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2007 മുതൽ 11 വർഷക്കാലത്തെ ആദായനികുതി അടയ്ക്കണമെന്ന ആദായ നികുതി വകുപ്പ് നിർദ്ദേശത്തെ തുടർന്ന് ഡിപ്പോസിറ്റിന്റെ വലിയൊരു ഭാഗം ആദായനികുതി അടയ്ക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ നിന്നും പ്രാഥമിക സംഘങ്ങളെ ഒഴിവാക്കുന്നതിന് സർക്കാരിന് എന്ത് നടപടി സ്വീകരിക്കാനാവുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2006-ലെ ഫിനാൻസ് ആക്ടിലൂടെ ആദായ നികുതി നിയമത്തിലെ 80 പി ഭേദഗതി ചെയ്ത് 1-4-2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതിനാൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് 80 പി അനുസരിച്ചുള്ള ആദായ നികുതി ഇളവ് നൽകേണ്ടതില്ലായെന്ന് ഇൻകംടാക്സ് വകുപ്പിന്റെ 20-9-2010-ലെ 6/2010 (Fno.173(3)/44/2009-IT (A-I) സർക്കുലർ പ്രകാരം ആദായനികുതി വകുപ്പ്

നിർദ്ദേശം നൽകിയിട്ടുണ്ട്. 2007-ലെ മേൽ കേന്ദ്ര നിയമമനുസരിച്ച് സഹകരണ ബാങ്കുകൾ ആദായ നികുതി കൊടുക്കണം എന്നതിന്റെ ചുവട് പിടിച്ച് മുൻകാലങ്ങളിലേത് ഉൾപ്പെടെ നിരവധി വർഷത്തെ സംഘങ്ങളുടെ ആദായത്തിനുമേൽ ആദായ നികുതി വകുപ്പ് നികുതി കണക്കാക്കിയതിന്റെ ഫലമായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് അവരുടെ അതത് വർഷത്തെ ആദായത്തിൽ കവിഞ്ഞ തുക നികുതിയായി ഒടുക്കേണ്ട അവസ്ഥ സംജാതമാകുകയും ടി സാഹചര്യത്തിൽ സംഘത്തിന്റെ നിക്ഷേപത്തിന്റെ വലിയൊരു ഭാഗം ആദായ നികുതിയായി അടയ്ക്കേണ്ട സാഹചര്യമുണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ചില സംഘങ്ങൾ ആദായ നികുതി അടച്ചിട്ടുണ്ട്. മറ്റ് ചില സംഘങ്ങൾക്ക് ആദായ നികുതി അടയ്ക്കണമെന്ന ആദായ നികുതി വകുപ്പിന്റെ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് കോടതികളെ സമീപിച്ചിട്ടുണ്ട്.

(ബി) ഇൻകംടാക്സ് ആക്ട് ഒരു കേന്ദ്ര നിയമം ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകളിന്മേൽ ഇടപെടാൻ പരിമിതികളുണ്ട്. എന്നാൽ സഹകരണ മേഖലയുടെ നിലനിൽപ്പിനെ ബാധിക്കുന്നതാകയാൽ ആദായ നികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായ നികുതി ഇളവ് ലഭ്യമാക്കുന്നതിന് 2-7-2018-ലും 17-8-2019-ലും കേന്ദ്രധനകാര്യ മന്ത്രാലയത്തിന് മെമ്മോറാണ്ടം നൽകിയിട്ടുണ്ട്.

**കേരള ബാങ്ക്**

293 (705) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന് തത്വത്തിൽ അംഗീകാരം നൽകിയപ്പോൾ ആർ.ബി.ഐ. മുന്നോട്ട് വച്ച വ്യവസ്ഥകൾ എന്തൊക്കെയായിരുന്നെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾ പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ആർ.ബി.ഐ. നൽകിയ നിർദ്ദേശങ്ങൾ മറികടക്കുന്നതിന് സഹകരണ നിയമത്തിൽ എന്തൊക്കെ ഭേദഗതികളാണ് കൊണ്ടുവന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 1. കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ച് വേണം ലയനം നടത്തേണ്ടത്.

2. ലയനത്തെ സ്റ്റേ ചെയ്തുകൊണ്ടോ നിരോധിച്ചുകൊണ്ടോ കോടതി വിധികൾ ഒന്നുമില്ലായെന്ന് സർക്കാർ ഉറപ്പ് വരുത്തണം.

3. സംസ്ഥാന സഹകരണ ബാങ്ക് ഒരു ലയന പദ്ധതി തയ്യാറാക്കി പ്രസ്തുത പദ്ധതി ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ അംഗങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കണം.

4. ജനറൽ ബോഡി മുമ്പാകെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം അവതരിപ്പിച്ച് പാസാക്കണം.

5. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സർക്കാരും തമ്മിൽ MOU ഒപ്പുവയ്ക്കണം. ഭരണ സമിതി മാനേജ്മെന്റ് ഘടന, മനുഷ്യവിഭവശേഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ആസ്തി ബാധ്യതകളുടെ കൈമാറ്റം എന്നിവയാണ് MOU-യിൽ വരേണ്ടത്.

6. ലയനശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തതയും നെറ്റ്‌വർത്തും RBI മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണം.

7. ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന്റെ ബാലൻസ്ഷീറ്റ് എല്ലാവിധ നിയമപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ശേഷിയുള്ളതും ജനങ്ങൾക്ക് എല്ലാവിധ സേവനങ്ങൾ നൽകുന്നതിന് അനുമതി തേടാൻ പര്യാപ്തവുമായിരിക്കണം.

8. ക്രമരഹിത ഇടപാടുകളിലൂടെ ആസ്തികൾ നിഷ്ക്രിയമായിട്ടുണ്ടെങ്കിൽ മുഴുവൻ തുകയ്ക്കും കരുതൽ സൂക്ഷിക്കണം.

9. ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ നടത്തുകയും നഷ്ട ആസ്തികൾക്ക് പൂർണ്ണമായും കരുതൽ സൂക്ഷിക്കുകയും വേണം.

10. സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ ബാങ്കുകളുടേയും പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് കസ്റ്റമേഴ്സിനെ അറിയിച്ചിരിക്കണം.

11. ലയനശേഷം എല്ലാ ജില്ലാ ബാങ്കിലേയും ഉപഭോക്താക്കൾക്കും സേവനം നൽകാൻ കഴിയുംവിധമുള്ള മികച്ച സോഫ്റ്റ്‌വെയർ സംസ്ഥാന സഹകരണ ബാങ്കിനുണ്ടായിരിക്കണം.

12. നിശ്ചിത സമയത്തിനകം മൈഗ്രേഷൻ ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം.

13. സംസ്ഥാന സഹകരണ ബാങ്കിന്റെ CEO നിയമനം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഫിറ്റ് & പ്രോപർ മാനദണ്ഡങ്ങൾ പാലിച്ചാകണം. ഭരണ സമിതിയിൽ ചുരുങ്ങിയത് 2 പ്രൊഫഷണൽ ഡയറക്ടർമാർ ഉണ്ടാകണം.

14. ലയനശേഷം സംസ്ഥാന സഹകരണ ബാങ്ക് അർബൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശിച്ച രീതിയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് റിസർവ് ബാങ്കുമായി ചർച്ച ചെയ്ത് രൂപീകരിക്കണം. അതിനായി ഉചിതമായ ഭേദഗതികൾ കേരള സഹകരണ നിയമത്തിൽ വരുത്തണം.

15. ലയനശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് തുടരും. ജില്ലാ ബാങ്കുകളുടെ നിലവിലുള്ള ശാഖകൾ സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളായി മാറും. തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ഈ ശാഖകളുടെ ലൈസൻസിനായി RBI-ക്ക് അപേക്ഷ നൽകണം. RBI-യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാനാകൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് RBI-ക്ക് സറണ്ടർ ചെയ്യണം.

16. ലയന പദ്ധതിക്കായി സംസ്ഥാന സഹകരണ ബാങ്കിന് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ (DICGC) ക്ലിയറൻസ് കിട്ടണം.

17. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ അത് ഘട്ടംഘട്ടമായി പിൻവലിച്ചിരിക്കണം.

18. ബാങ്ക് എന്ന പദം ഉപയോഗിച്ചുകൊണ്ട് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

19. മേൽ വ്യവസ്ഥകൾ പാലിച്ചതിനുശേഷം സംസ്ഥാന സഹകരണ ബാങ്ക് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തരം റിസർവ് ബാങ്കിനെ സമീപിക്കണം.

(ബി) ലയനത്തിനുമുമ്പ് പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് റിസർവ് ബാങ്കിന് അന്തിമ അനുമതി തേടി അപേക്ഷ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക് മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാനുള്ള അന്തിമ അനുമതി നൽകിയിട്ടുള്ളതുമാണ്.

(സി) ആർ.ബി.ഐ. നൽകിയ നിർദ്ദേശങ്ങൾ മറികടക്കുന്നതിനുവേണ്ടി സഹകരണ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടില്ല. ലയന നടപടികൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ആക്ട് 1/2019 ഭേദഗതി നിയമം പാസ്സാക്കിയിരുന്നു.

## കേരള ബാങ്ക്

294 (706) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നെല്ലാം വ്യത്യസ്തമായി വാണിജ്യബാങ്കുകളോട് മത്സരിക്കുവാൻ പുതുതായി രൂപീകരിക്കുന്ന കേരള ബാങ്കിന് സാധിക്കുമോ; ഇതിനായി എന്തൊക്കെ തയ്യാറെടുപ്പുകളാണ് നടത്തിയിട്ടുള്ളത്;

(ബി) ശക്തമായ സാമ്പത്തിക കെട്ടുറപ്പ്, സാങ്കേതിക മികവ്, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവ കേരള ബാങ്കിന് ഉറപ്പാക്കുവാൻ സാധ്യമാകുമോ;

(സി) അർബൻ ബാങ്കുകൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള അതേ മാതൃകയിൽ കേരള ബാങ്കിന്റെ ബോർഡ് ഓഫ് മാനേജ്മെന്റ് രൂപീകരിക്കണമെന്ന് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിലൂടെ സഹകരണ ബാങ്കുകളുടെ നിയന്ത്രണം ആർ.ബി.ഐ. കയ്യടക്കുകയും അതിന്റെ ജനാധിപത്യ സ്വഭാവം ഇല്ലാതാകുന്നതുമായ അവസ്ഥ സംജാതമാകുകയില്ലേ ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സരാധിഷ്ഠിത ചുറ്റുപാടിൽ പ്രവർത്തിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമായ രീതിയിലായിരിക്കും കേരള ബാങ്ക് രൂപീകരിക്കുക.

(ബി) സാധിക്കുന്നതാണ്. ഇതിനാവശ്യമായ തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

(സി&ഡി) ഉണ്ട്. തികച്ചും ജനാധിപത്യ രീതിയിൽ തന്നെയാകും കേരള ബാങ്ക് പ്രവർത്തിക്കുക. സഹകരണ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണ സമിതിക്ക് തന്നെയാണ് ഭരണചുമതല. ബിസിനസ്സ്, ബാങ്കിംഗ്, സാങ്കേതികത എന്നിവ സംബന്ധമായ ശിപാർശകൾ ഭരണസമിതിക്ക് നൽകുന്ന ചുമതലകൾ മാത്രമാണ് ബോർഡ് ഓഫ് മാനേജ്മെന്റിനുള്ളത്. ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങളുടെ പകുതി ഭരണസമിതിയിലെ അംഗങ്ങളായിരിക്കുന്നതുമാണ്.

## കേരള ബാങ്ക്

295 (707) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതിയായ കേരള ബാങ്കിന്റെ പ്രവർത്തനം ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കാമോ;

(ബി) നിലവിലുള്ള തടസ്സങ്ങൾ പരിഹരിച്ച് കേരള ബാങ്ക് യാഥാർത്ഥ്യമാക്കുവാൻ എന്ന് കഴിയുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്ന 14 A ഭേദഗതി സംബന്ധിച്ചുള്ള കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായി ലയനം നടപ്പിലാകും.

(ബി) റിസർവ് ബാങ്കിന്റെ അന്തിമ അനുമതിയിൽ 2020 മാർച്ച് 31-ാം തീയതി വരെയാണ് കേരള ബാങ്ക് രൂപീകരണത്തിന് സമയം അനുവദിച്ചിട്ടുള്ളത്.

## കേരള ബാങ്ക്

296 (708) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്ന 14 A ഭേദഗതി സംബന്ധിച്ചുള്ള കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്. താഴെപ്പറയുന്ന വ്യവസ്ഥകളാണ് അന്തിമ അനുമതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുമ്പ് ഈ തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9% മൂലധനപര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തണം.

2. ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ്‌വർത്തിന്റെ അടിസ്ഥാനത്തിൽ ലയനശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.

3. വോട്ടവകാശം ഇല്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.

4. ബോർഡ് ഓഫ് മാനേജ്മെന്റ്, ഘടന, അധികാരങ്ങൾ എന്നിവ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗനിർദ്ദേശത്തിന് അനുസരിച്ചാകണം.

5. ലയനശേഷം ആർ.ബി.ഐ.-യുടെ തത്വത്തിലുള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

മേൽ വ്യവസ്ഥകൾ പാലിച്ച് കേരള ബാങ്ക് രൂപീകരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള ബാങ്ക്**

297 (709) <u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്ക് അംഗീകാരം നൽകിയോയെന്ന് വ്യക്തമാക്കാമോ;

(ബി) ആർ. ബി. ഐ. അംഗീകാരം നൽകിയ ഉത്തരവിന്റെ വിശദാംശങ്ങൾ നൽകുമോ ; ആർ. ബി. ഐ. മുന്നോട്ടുവച്ച മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത ബാങ്ക് എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ;

(ഡി) കേരള ബാങ്ക് രൂപീകരണത്തിന് ശേഷവും പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നിലവിൽ തുടരുന്ന രൂപത്തിൽ വായ്പ നൽകുവാനും നിക്ഷേപം സ്വീകരിക്കുവാനും സാധിക്കുമോ;

(ഇ) പ്രാഥമിക സഹകരണ ബാങ്കുകളുടെ മേൽ ആർ.ബി.ഐ.-യുടെ നിയന്ത്രണം വരുമോ; നിക്ഷേപങ്ങൾക്ക് തുക സ്വീകരിക്കുന്നതിനും ടി. ഡി. എസ്. ബാധകമാവുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്ന 14 A ഭേദഗതി സംബന്ധിച്ചുള്ള കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്. താഴെപ്പറയുന്ന വ്യവസ്ഥകളാണ് അന്തിമ അനുമതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്കുപ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുമ്പ് ഈ തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9% മൂലധന പര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തണം.

2. ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ്‌വർത്തിന്റെ അടിസ്ഥാനത്തിൽ ലയനശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.

3. വോട്ടവകാശം ഇല്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.

4. ബോർഡ് ഓഫ് മാനേജ്മെന്റ്, ഘടന, അധികാരങ്ങൾ എന്നിവ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗനിർദ്ദേശത്തിന് അനുസരിച്ചാകണം.

5. ലയനശേഷം ആർ.ബി.ഐ.-യുടെ തത്വത്തിലുള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

തത്വത്തിലുള്ള അംഗീകാരത്തിലെ 11, 13, 15 വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

11. ലയനശേഷം എല്ലാ ജില്ലാ ബാങ്കുകളിലേയും ഉപഭോക്താക്കൾക്ക് സേവനം നൽകാൻ കഴിയുന്ന രീതിയിലുള്ള മികച്ച സോഫ്റ്റ്‌വെയർ KSCB-ക്ക് ഉണ്ടാകണം.

13. KSCB-യുടെ CEO 'fit and proper' മാനദണ്ഡങ്ങൾ പാലിച്ചാകണം. ഭരണ സമിതിയിൽ ചുരുങ്ങിയത് രണ്ട് പ്രൊഫഷണൽസ് ഉണ്ടാകണം.

15. ലയനശേഷം KSCB-യുടെ RBI ലൈസൻസ് തുടരും. ജില്ലാ ബാങ്കുകളുടെ നിലവിലെ ബ്രാഞ്ചുകൾ KSCB-യുടെ ബ്രാഞ്ചുകളായി മാറും. തുടർന്ന് KSCB ഈ ബ്രാഞ്ചുകളുടെ ലൈസൻസിനായി RBI-ക്ക് അപേക്ഷ നൽകണം. RBI-യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാവൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് RBI-ക്ക് സറണ്ടർ ചെയ്യണം.

(സി) 2020 മാർച്ച് 31 വരെ റിസർവ് ബാങ്ക് സമയം അനുവദിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള സ്ഥിതി കേരള ബാങ്ക് വന്നതിനുശേഷവും തുടരും. നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന രീതിയിൽ വായ്പ നൽകാനും നിക്ഷേപം സ്വീകരിക്കാനും യാതൊരു തടസ്സവുമുണ്ടാകില്ല.

(ഇ) റിസർവ് ബാങ്ക് ലൈസൻസില്ലാതെയാണ് പ്രാഥമിക സഹകരണ ബാങ്കുകൾ നിലവിൽ പ്രവർത്തിക്കുന്നത്. ടി സ്ഥിതി കേരള ബാങ്ക് നിലവിൽ വന്നാലും തുടരുന്നതിന് തടസ്സമുണ്ടാകില്ല.

**കേരള ബാങ്ക് രൂപീകരണ പ്രവർത്തനങ്ങൾ**

298 (710) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിനായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തോടെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ലഭിച്ചുവരുന്ന വായ്പാ ആനുകൂല്യങ്ങൾക്ക് തടസ്സം നേരിടുമെന്നുള്ള കർഷകരുടെയും ചെറുകിട വ്യാപാരികളുടെയും ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(സി) കേരള ബാങ്ക് രൂപീകരണത്തിലൂടെ പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെ ആദായ നികുതി പരിധിയിൽ ഉൾപ്പെടുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരള ബാങ്കിനെതിരെ ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ ; പ്രസ്തുത കേസുകൾ ബാങ്ക് രൂപീകരണത്തിന് മുമ്പ് അവസാനിപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) ജില്ലാ സഹകരണ ബാങ്കുകളുടെ അസറ്റ് വാല്യേഷൻ, ജീവനക്കാരുടെ പുനർവിന്യാസം എന്നിവ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(എഫ്) കേരള ബാങ്കിന്റെ രൂപീകരണത്തോടുകൂടി നിലവിലെ സഹകരണ സംഘങ്ങളിൽ ലഭ്യമായിക്കൊണ്ടിരുന്ന എന്തെല്ലാം സൗകര്യങ്ങളാണ് ഉപഭോക്താക്കൾക്ക് നഷ്ടമാകുന്നതെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്ക് തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ മുന്നോട്ടുവച്ചിരുന്ന നിബന്ധനകളിൽ ലയനത്തിനുമുമ്പ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ചു.

ലയന പ്രമേയം ജനറൽ ബോഡിയിൽ കേവല ഭൂരിപക്ഷത്തോടെ പാസ്സാക്കിയിട്ടുള്ള (മലപ്പുറം ഒഴികെയുള്ള) 13 ജില്ലാസഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്ന 14A ഭേദഗതി സംബന്ധിച്ചുള്ള കേസ്സുകളിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായി ലയനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേരള ബാങ്ക് രൂപീകരിക്കുന്നതോടെ പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും കർഷകർക്കും ചെറുകിട വ്യാപാരികൾക്കും ലഭിച്ചുകൊണ്ടിരിക്കുന്ന വായ്പാ ആനുകൂല്യങ്ങൾക്കൊന്നും തടസ്സം ഉണ്ടാകുന്നതല്ല.

(സി) കേരള ബാങ്ക് രൂപീകരിക്കുന്നുവെന്ന കാരണത്താൽ പ്രാഥമിക സഹകരണ ബാങ്കുകൾ ആദായ നികുതി പരിധിയിൽ വരികയില്ല.

(ഡി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേരള ബാങ്കുമായി ബന്ധപ്പെട്ട് 21 കേസ്സുകൾ നിലവിലുണ്ട്. പ്രസ്തുത കേസ്സുകൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. കേസ്സുകളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ഇ) ജില്ലാ സഹകരണ ബാങ്കുകളുടെ അസ്സറ്റ് വാല്യൂവേഷൻ, ജീവനക്കാരുടെ പുനർവിന്യാസം എന്നിവ സംബന്ധിച്ച കമ്മിറ്റികളുടെ റിപ്പോർട്ട് അന്തിമമായിട്ടില്ല.

(എഫ്) കേരള ബാങ്ക് രൂപീകരണത്തോടെ സഹകരണ സംഘങ്ങളിൽ നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഒരു സൗകര്യവും ഉപഭോക്താക്കൾക്ക് നഷ്ടമാകുകയില്ല. മാത്രമല്ല ഡിജിറ്റൽ ബാങ്കിംഗ് അടക്കമുള്ള കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാൻ സാധിക്കും.

## കേരള ബാങ്ക് രൂപീകരണം

299 (711) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും രൂപീകരണം എപ്പോൾ സാധ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ബാങ്ക് രൂപീകരണം സംബന്ധിച്ച് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നും തടസ്സങ്ങൾ മാറ്റി രൂപീകരണം ഉറപ്പുവരുത്തുവാനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) കേരള ബാങ്ക് രൂപീകരണം യാഥാർത്ഥ്യമാവുക വഴി സംസ്ഥാനത്തുണ്ടാകുന്ന സാമ്പത്തിക വളർച്ചയും മറ്റു പുരോഗതികളും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർക്രമീകരിച്ച് ഒരു ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്ക് തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ മുന്നോട്ടുവച്ചിരുന്ന നിബന്ധനകളിൽ ലയനത്തിനുമുമ്പ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ചു.

മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്.

സംസ്ഥാന സഹകരണ നിയമത്തിൽകൊണ്ടുവന്ന 14A ഭേദഗതി സംബന്ധിച്ചുള്ള കേസ്സുകളിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായി ലയനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2020 മാർച്ച് 31 വരെ ആയതിന് റിസർവ് ബാങ്ക് സമയം അനുവദിച്ചിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണത്തിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(സി) ത്രിതല സംവിധാനത്തിൽനിന്നും കേരളത്തിലെ ഹ്രസ്വകാല സഹകരണ വായ്പ സംവിധാനം ദ്വിതലമാകുന്നത് വഴി ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് ലയിച്ച് ഒരു വലിയ സഹകരണ ബാങ്ക് ആകുക വഴി കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. ബാങ്കുകളുടെ ലയനംകൊണ്ട് ഒരു പ്രൊഫഷണൽ ബാങ്കിന്റെ എല്ലാ പ്രയോജനങ്ങളും പൊതുസമൂഹത്തിന് നൽകാൻ സാധിക്കും. ഒരു തട്ട് ഇല്ലാതാകുന്നത് വഴി കർഷകർക്ക് നൽകുന്ന വായ്പാപലിശ ഗണ്യമായി കുറയ്ക്കാനും കാലതാമസം കുറച്ച് റീഫൈനാൻസ് കാർഷിക വായ്പ നൽകാനും സാധിക്കും.

ഏകീകൃത ബാങ്കിംഗ് സംവിധാനത്തിനുവേണ്ടി ഏർപ്പെടുത്തുന്ന ടെക്നോളജി മുഖേന എല്ലാ നൂതന സേവനങ്ങളും ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കും. നാടിന്റെ പുരോഗതിക്ക് വേണ്ടിയുള്ള വൻകിട പദ്ധതികളിൽ പങ്കുചേരാനും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളിൽ ഫണ്ടിംഗ് നടത്താനും കഴിയും.

കേരളത്തിലെ സ്വന്തം ബാങ്ക് ആകുന്നതുവഴി ബാങ്കിംഗ് സർവ്വീസുകൾ മറ്റ് ബാങ്കുകളെക്കാളും ചെലവ് കുറച്ച് ഉപഭോക്താവിന് നൽകാനും വിദേശ നിക്ഷേപം സ്വീകരിക്കാനും അതുവഴി വിദേശ മലയാളികളുടെ സമ്പാദ്യങ്ങൾ കേരളത്തിന്റെ പുരോഗതിക്ക് ഉപയോഗപ്പെടുത്താനും സാധിക്കും.

## കേരള ബാങ്ക് രൂപീകരണം

300 (712) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന് ആവശ്യമായ എല്ലാ അനുമതി പത്രങ്ങളും ലഭിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിന് സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) കേരള ബാങ്കിന്റെ രൂപീകരണത്തോടെ, സംസ്ഥാനത്തിനും ബാങ്കിൻെറ ഉപഭോക്താക്കൾക്കും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്ന 14 A ഭേദഗതി സംബന്ധിച്ചുള്ള കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്.

(സി) കേരളീയരുടെ നിക്ഷേപങ്ങൾ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുന്നതിന് കേരള ബാങ്ക് നിമിത്തമാകും. ആധുനിക ബാങ്കിംഗ് സേവനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുക, പ്രാഥമിക സഹകരണ സംഘങ്ങളെ ശാക്തീകരിക്കുക, കേരളത്തിലെ ജനങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുക, കേരളത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന ഒരു ചാലകശക്തിയായി മാറുക എന്നിവ കേരള ബാങ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്. ഒരു തട്ട് ഇല്ലാതാകുന്നതുവഴി കർഷകർക്ക് നൽകുന്ന വായ്പാപലിശ ഗണ്യമായി കുറയ്ക്കാനും കാലതാമസം കുറച്ച് റീഫൈനാൻസ് കാർഷിക വായ്പ നൽകാനും സാധിക്കും.

## കേരള ബാങ്ക് രൂപീകരണം

301 (713) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കാനിരിക്കുന്ന കേരള ബാങ്കിന്, റിസർവ് ബാങ്കിന്റെ എല്ലാതരത്തിലുമുള്ള അനുമതിയും ലഭ്യമായിക്കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരള ബാങ്കുമായി ലയനത്തിലേർപ്പെടാൻ വിസമ്മതിക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിന്റെ ഭാഗമാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുക;

(സി) കേരള ബാങ്കിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാനാവുമെന്നാണ് കരുതുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്ന 14 A ഭേദഗതി സംബന്ധിച്ചുള്ള കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായി ലയനം നടപ്പിലാകും.

(ബി) ഇക്കാര്യ പരിശോധിച്ചുവരികയാണ്.

(സി) റിസർവ് ബാങ്കിന്റെ അന്തിമ അനുമതിയിൽ 2020 മാർച്ച് 31 വരെയാണ് കേരള ബാങ്ക് രൂപീകരണത്തിന് സമയം അനുവദിച്ചിട്ടുള്ളത്.

## കേരള ബാങ്ക് സേവനങ്ങൾ

302 (714) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിക്കുന്ന കേരള ബാങ്ക് മുഖേന, വാണിജ്യ ബാങ്കുകൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ അനുവദിക്കുന്നതിന് സാധിക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ബാങ്കിൽ ഓൺലൈൻ ബാങ്കിംഗ് സൗകര്യം, എ. റ്റി. എം., ഡെബിറ്റ് കാർഡ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ, ന്യൂ ജനറേഷൻ ബാങ്കുകൾ ഈടാക്കുന്ന തരത്തിലുള്ള സേവന ചാർജ്ജ്, പിഴ എന്നിവ കേരള ബാങ്കിൽ ഒഴിവാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ കാർഷിക മേഖലയിൽ നിലവിൽ നടത്തുന്ന സേവനങ്ങൾ കർഷകർക്ക് ഗുണകരമല്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണോ കേരള ബാങ്ക് രൂപീകരിച്ച് കർഷകരെ പരിരക്ഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലെ പലിശ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ നൽകാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ഉണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു.

(സി) അന്യായമായ സേവന ചാർജ്ജുകൾ, പിഴകൾ എന്നിവ കേരള ബാങ്ക് ഇടപാടുകാരിൽനിന്ന് ഈടാക്കുകയില്ല.

(ഡി) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ കാർഷിക മേഖലയിൽ സ്തുത്യർഹമായ സേവനങ്ങൾ നിർവ്വഹിച്ചുവരുന്നുണ്ട്. ഇത് കൂടുതൽ മെച്ചപ്പെട്ടതും കാര്യക്ഷമവുമായ തലത്തിലേയ്ക്ക് ഉയർത്തുന്നതിന് കേരള ബാങ്ക് രൂപീകരണത്തിലൂടെ സാധിക്കും.

**കേരള ബാങ്കിന്റെ രൂപീകരണം**

303 (715) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് എത്ര തവണ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുവാദം ലഭിച്ച് കഴിഞ്ഞിട്ടുണ്ട്. മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിച്ചുകൊണ്ട് കേരള ബാങ്ക് രൂപീകരിക്കാനാണ് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത്. 2020 മാർച്ച് 31-ന് മുമ്പ് ലയന നടപടികൾ പൂർത്തീകരിക്കണമെന്നാണ് റിസർവ് ബാങ്ക് അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 14A നിയമഭേദഗതിയുമായി ബന്ധപ്പെട്ട കേസ്സുകളുടെ തീർപ്പിന് വിധേയമായി നടപടികൾ പൂർത്തീകരിക്കും.

(ബി) സഹകരണ മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും ധന സെക്രട്ടറിയുടെയും നേതൃത്വത്തിൽ മൂന്ന് പ്രാവശ്യം റിസർവ് ബാങ്ക് അധികാരികളെ കണ്ടിരുന്നു.

**കേരളാ ബാങ്ക് രൂപീകരണ നിബന്ധനകൾ**

304 (716) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്ക് രൂപീകരണം സംബന്ധിച്ച റിസർവ് ബാങ്ക് നിബന്ധനകൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകളുടെ ലയനശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരി വീതം വയ്പ് എന്തടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ റിസർവ് ബാങ്ക് ലൈസൻസ് കേരളാ ബാങ്കിനായി തുടരുമോ; ഇതിനായി പ്രത്യേകം ലൈസൻസ് എടുക്കേണ്ടതുണ്ടോ; ജില്ലാ ബാങ്കുകളുടെ ലൈസൻസ് റിസർവ് ബാങ്കിന് സറണ്ടർ ചെയ്യേണ്ടതായി വരുമോ; വ്യക്തമാക്കുമോ;

(ഡി) കേരളാ ബാങ്കിന്റെ ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്ന 14 A ഭേദഗതി സംബന്ധിച്ചുള്ള കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്.

(ബി) ഈ വിഷയത്തിലെ വിവിധ വശങ്ങൾ പരിശോധിച്ചും റിസർവ് ബാങ്ക് വ്യവസ്ഥ പാലിച്ചും ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ ആർ.ബി.ഐ. ലൈസൻസ് കേരള ബാങ്കിനായി തുടരും. ഇതിനായി പ്രത്യേക ലൈസൻസ് എടുക്കേണ്ടതില്ല. കേരള ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതോടെ ജില്ലാ സഹകരണ ബാങ്കുകളുടെ ലൈസൻസ് റിസർവ് ബാങ്കിന് സറണ്ടർ ചെയ്യേണ്ടി വരും.

(ഡി) അർബൻ സഹകരണ ബാങ്കുകൾക്ക് റിസർവ് ബാങ്ക് അനുവദിച്ചിട്ടുള്ള ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടനയായിരിക്കണം കേരള ബാങ്കിനും ഉണ്ടാകേണ്ടത് എന്ന റിസർവ് ബാങ്ക് നിബന്ധന വച്ചിട്ടുണ്ട്. ആയതിനാൽ ടി ഘടനയായിരിക്കും കേരള ബാങ്കിലുമുണ്ടാകുക.

## സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടം

305 (717) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന് കിട്ടാക്കടമായി എത്ര കോടി രൂപ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് പ്രസ്തുത തുക ലഭിക്കാനുണ്ടായിരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) റബ്ബ്കോയിൽ നിന്നും ലഭിക്കുവാനുണ്ടായിരുന്ന തുക സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാന സഹകരണബാങ്ക് നിലവിൽ എത്ര കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണബാങ്കിൽ ലയിപ്പിക്കുന്നതോടുകൂടി നിലവിലുള്ള ഏതെങ്കിലും ശാഖകൾ അടച്ചുപൂട്ടി അതിലെ ജീവനക്കാരെ പിരിച്ചുവിടേണ്ട സ്ഥിതി ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 31-3-2019-ൽ സംസ്ഥാന സഹകരണ ബാങ്കിന് കിട്ടാക്കടമായി (ലോസ് അസറ്റ്) യാതൊരു സംഖ്യയുമില്ല. എന്നാൽ ബാങ്കിന് നിഷ്ക്രിയ ആസ്തിയായി 205.18 കോടി രൂപയുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി), നുവാൽസ് (NUALS), വടകര സഹകരണ ഹോസ്പിറ്റൽ, കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (അഗ്രീൻകോ), തയ്യിൽ ഫോട്ടോഗ്രാഫിക്സ് പ്രൈവറ്റ് ലിമിറ്റഡ്, ജോർജ്ജ് അറയ്ക്കൽ പ്രൈവറ്റ് ലിമിറ്റഡ് വെസ്റ്റ് ഫെയ്സ്, ബെൻടെക് ഇലക്ട്രിക്കൽ പ്രൈവറ്റ് ലിമിറ്റഡ്, ഗാന്ധിഗ്രാം റബ്ബേഴ്സ് ലിമിറ്റഡ്, ചൈത്രം കെയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ജയരാജ് സീഷോർ, ലേക്ക് വ്യൂ ആയുർവേദിക് റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് മുതലായ സ്ഥാപനങ്ങൾക്ക് പുറമെ വ്യക്തിഗത വായ്പകളും ഉൾപ്പെടുന്നതാണ് പ്രസ്തുത തുകയായ 205.18 കോടി രൂപ.

(സി) കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് (കേരള ബാങ്ക്) രൂപീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായി റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിലെ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ പദ്ധതിപ്രകാരം 306.75 കോടി രൂപ (മാർക്കറ്റ്ഫെഡ് - 27.01 കോടി രൂപ, റബ്ബർമാർക്ക് - 41.39 കോടി രൂപ, റബ്കോ - 238.35 കോടി രൂപ) കേരള സംസ്ഥാന സഹകരണ ബാങ്കിന് സർക്കാർ അനുവദിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾക്കുള്ള സർക്കാർ വായ്പയായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാന സഹകരണ ബാങ്ക് ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ഇ) ശാഖകൾ അടച്ചുപൂട്ടേണ്ടതിന്റെയോ ജീവനക്കാരെ പിരിച്ചുവിടേണ്ടതിന്റെയോ സാഹചര്യമുണ്ടാകില്ല.

**സർക്കാർ വാങ്ങാനുദ്ദേശിക്കുന്ന സഹകരണ ബാങ്കിന്റെ ഓഹരികൾ**

306 (718) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ഓഹരികൾ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ ഓഹരികളാണ് വാങ്ങുവാനുദ്ദേശിക്കുന്നത്;

(ബി) ബാങ്കിന്റെ മൂലധന പര്യാപ്തത കൂട്ടുവാനാണോ പ്രസ്തുത ഓഹരികൾ വാങ്ങിയത്; അതിനുള്ള പ്രത്യേക സാഹചര്യം എന്തായിരുന്നു;

(സി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സർക്കാർ തന്നെ ഇപ്രകാരം ഓഹരി വാങ്ങിയത് നീതീകരിക്കത്തക്കതാണോ; വ്യക്തമാക്കാമോ;

(ഡി) നബാർഡ് നൽകിയ പാദവാർഷിക റിപ്പോർട്ട് അനുസരിച്ച് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തത എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ഓഹരികൾ വാങ്ങുന്നതിന് നിലവിൽ സർക്കാർ തീരുമാനിച്ചിട്ടില്ല.

എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 3.50 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 22 കോടി രൂപയും സർക്കാരിൽനിന്നും ഓഹരിമൂലധന സഹായമായി ബാങ്കിന് അനുവദിച്ചുനൽകിയിട്ടുണ്ട്. റിസർവ് ബാങ്ക് മാനദണ്ഡപ്രകാരമുള്ള മൂലധന പര്യാപ്തത നിരക്ക് (CRAR) കൈവരിക്കുന്ന ആവശ്യത്തിലേയ്ക്കായാണ് മേൽ പരാമർശിച്ച ധനസഹായം അനുവദിച്ചു നൽകിയത്. റിസർവ് ബാങ്ക് മാനദണ്ഡങ്ങൾ പ്രകാരമുള്ള നിശ്ചിത CRAR നിരക്ക് ബാങ്ക് കൈവരിച്ചില്ലെങ്കിൽ ബാങ്കിന്റെ ലൈസൻസ് റദ്ദ് ചെയ്യപ്പെടാനുള്ള സാദ്ധ്യത ഉണ്ടായിരുന്നതിനാലാണ് ഇപ്രകാരം ധനസഹായം അനുവദിച്ചിരുന്നത്.

(ഡി) നബാർഡിന്റെ പാദവാർഷിക റിപ്പോർട്ട് ലഭ്യമായിട്ടില്ല. 28-8-2019 മുതൽ 6-9-2019 വരെ നബാർഡ് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ടും ലഭ്യമായിട്ടില്ല.

## റബ്കോ, റബ്ബർ മാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ മൂന്ന് സഹകരണ സ്ഥാപനങ്ങളുടെ വായ്പാ കുടിശ്ശിക അടച്ച നടപടി

307 (719) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്കോ, റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ മൂന്ന സഹകരണ സ്ഥാപനങ്ങൾക്ക് ജില്ലാ - സംസ്ഥാന സഹകണ ബാങ്കുകളിൽ ഉണ്ടായിരുന്ന വായ്പ കുടിശ്ശികയായ 306.75 കോടി രൂപ സർക്കാർ അടയ്ക്കുകയുണ്ടായോ;

(ബി) ഈ മൂന്ന സ്ഥാപനങ്ങളുടെയും ആസ്തികൾ സർക്കാരിന് പണയപ്പെടുത്തിക്കൊണ്ടാണോ കുടിശ്ശിക തുക അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) റബ്കോയ്ക്കു വേണ്ടി എത്ര തുകയാണ് അടച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുകയ്ക്ക് തുല്യമായ ആസ്തി റബ്കോയ്ക്കുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് (കേരള ബാങ്ക്) രൂപീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായി 31-12-2018-ലെ സ.ഉ.(സാധാ)നമ്പർ 728/2018/സഹ. ഉത്തവുപ്രകാരം റബ്കോ, റബ്ബർ മാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിലെ കുടിശ്ശിക വായ്പ തീർപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം 306.75 കോടി രൂപ (മാർക്കറ്റ്ഫെഡ് - 27.01 കോടി രൂപ, റബ്ബർമാർക്ക് - 41.39 കോടി രൂപ, റബ്കോ - 238.35 കോടി രൂപ) കേരള സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കുമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക കേരള സംസ്ഥാന സഹകരണ ബാങ്കിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമാണ് അനുവദിച്ചിട്ടുള്ളത്.

1. മേൽ സ്ഥാപനങ്ങൾക്ക് നൽകുന്ന OTS തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ട വായ്പയായിരിക്കും.
2. തിരിച്ചടവിന്റെ വ്യവസ്ഥകൾക്ക് വിധേയമായി മേൽ സഹകരണ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് തുക തിരിച്ചടയ്ക്കേണ്ടതാണ്.

3. പ്രസ്തുത സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് ആസ്തി ഈട് വയ്ക്കേണ്ടതാണ്.
4. പ്രസ്തുത സ്ഥാപനങ്ങളും സർക്കാരും സഹകരണ സംഘം രജിസ്ട്രാറുമായി വായ്പാ തിരിച്ചടവ്, ഈട് വയ്ക്കൽ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെട്ട ധാരണാപത്രത്തിൽ ഒപ്പുവയ്ക്കേണ്ടതാണ്.
5. സർക്കാർ നിർദ്ദേശപ്രകാരമുണ്ടായിട്ടുള്ള മുൻകാല പ്രവർത്തനങ്ങളിന്മേൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാരിൽനിന്നും ലഭിക്കാനുണ്ടായിരുന്ന തുകകൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

(ബി) റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ മൂന്ന് സ്ഥാപനങ്ങളുടെയും ആസ്തികൾ സർക്കാരിലേയ്ക്ക് പണയപ്പെടുത്താമെന്നുള്ള വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് മേൽ സ്ഥാപനങ്ങൾക്ക് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള കുടിശ്ശിക വായ്പ തീർപ്പാക്കുന്നതിന് സർക്കാർ വായ്പ അനുവദിച്ചിട്ടുള്ളത്. ആയതുപ്രകാരം വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് റബ്കോ, റബ്ബർമാർക്ക് എന്നീ സ്ഥാപനങ്ങളുമായി സഹകരണ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവർ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. മാർക്കറ്റ്ഫെഡുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത സ്ഥാപനങ്ങൾ എല്ലാ ആസ്തികളും സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽ ഇൻഷ്വർ ചെയ്യേണ്ടതാണെന്നും സർക്കാരിന്റെ അനുമതി കൂടാതെ പ്രസ്തുത സ്ഥാപനങ്ങളുടെ യാതൊരു ആസ്തിയും വിൽപ്പന നടത്താനോ പാട്ടത്തിന് നൽകാനോ വാടകയ്ക്ക് നൽകാനോ പാടില്ലെന്നും സ്ഥാപനങ്ങൾക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ധനസഹായത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കേണ്ട തുകകൾ കുടിശ്ശിക വരുത്തിയാൽ റവന്യൂ റിക്കവറി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്തുത സ്ഥാപനങ്ങൾ പണയപ്പെടുത്തിയ വസ്തുക്കളിൽനിന്നും സ്ഥാപനത്തിന്റെ മറ്റ് സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും തുക ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) റബ്കോയ്ക്കുവേണ്ടി 238.35 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) റബ്കോയ്ക്ക് സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലുമുണ്ടായിരുന്ന വായ്പയ്ക്ക് ഈട് നൽകിയിരുന്ന വസ്തുവകകളാണ്, റബ്കോയ്ക്ക് സർക്കാർ അനുവദിച്ച 238.35 കോടി രൂപയ്ക്കും ഈടായി നൽകുന്നത്. വായ്പാ തുക തിരികെ അടയ്ക്കുന്നതിനോ അതിന്റെ പലിശയോ പിഴപ്പലിശയോ തിരികെ അടയ്ക്കുന്നതിനോ റബ്കോ വീഴ്ച വരുത്തുകയോ ധനസഹായം അനുവദിച്ചിട്ടുള്ള നിബന്ധനകളിലും വ്യവസ്ഥകളിലും ലംഘനം നടത്തുകയോ ചെയ്താൽ റവന്യൂ റിക്കവറി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാപനം പണയപ്പെടുത്തിയ വസ്തുക്കളിൽ നിന്നും മറ്റ് സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും തുക ഈടാക്കുന്നതിനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## പുതിയ സഹകരണ സംഘങ്ങൾ

308 (720) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സഹകരണ വകുപ്പിൻ കീഴിൽ എത്ര പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൻകീഴിൽ 673 പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | - | 99 |
| 2 | കൊല്ലം | - | 29 |
| 3 | പത്തനംതിട്ട | - | 24 |
| 4 | ആലപ്പുഴ | - | 15 |
| 5 | കോട്ടയം | - | 14 |
| 6 | ഇടുക്കി | - | 52 |
| 7 | എറണാകുളം | - | 76 |
| 8 | തൃശ്ശൂർ | - | 68 |
| 9 | പാലക്കാട് | - | 39 |
| 10 | മലപ്പുറം | - | 43 |
| 11 | കോഴിക്കോട് | - | 101 |
| 12 | വയനാട് | - | 15 |
| 13 | കണ്ണൂർ | - | 62 |
| 14 | കാസർഗോഡ് | - | 36 |

## സഹകരണ മേഖലയിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം

309 (721) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ജനാധിപത്യം അട്ടിമറിച്ച് പ്രമുഖ അപ്പക്സ് സഹകരണ സംഘങ്ങളുടെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്താതെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം തുടരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏതൊക്കെ അപ്പക്സ് സഹകരണ സംഘങ്ങളിലാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടക്കുന്നതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ഭൂരിപക്ഷം സഹകരണ സ്പിന്നിംഗ് മില്ലുകളിലും ഭരണസമിതി തെരഞ്ഞെടുപ്പ് നടത്താതെ സർക്കാർ നാമനിർദ്ദേശം ചെയ്തവർ ഉൾപ്പെട്ട ഭരണസമിതിയാണോ നിലവിലുള്ളത്; ഇത് സഹകരണ സംഘ നിയമത്തിന് അനുസൃതമാണോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ബാങ്ക് രൂപീകരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സഹകരണ ബാങ്കിലും ടൂറിസം സംഘങ്ങളിലെ ചട്ടം ഭേദഗതിയുടെ നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ടൂർഫെഡിലും അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നു.

(ബി) സംസ്ഥാന സഹകരണ ബാങ്കിൽ അഡ്മിനിസ്ട്രേറ്ററും ടൂർഫെഡിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും ഭരണം നടത്തുന്നു.

(സി) സഹകരണ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ നോമിനേറ്റഡ് ഭരണ സമിതിയാണ് നിലവിലുള്ളത്. പ്രിയദർശിനി, കെ. കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ എന്നീ സ്പിന്നിംഗ് മില്ലുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാണുള്ളത്. സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രസ്തുത മില്ലുകളിൽ സർക്കാർ നോമിനേറ്റഡ് ഭരണസമിതി തുടരുന്നതിന് 24-6-2003-ലെ സ.ഉ.(പി)നമ്പർ74/2003 എന്ന ഗസറ്റ് നോട്ടിഫിക്കേഷൻ അനുസരിച്ച് നിയമസാധുതയുണ്ട്.

## സഹകരണ സംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം

310 (722) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഏതെല്ലാം സഹകരണ സംഘങ്ങളാണ് രണ്ട് വർഷത്തിൽ കൂടുതലായിട്ടും ഭരണ സമിതി തിരഞ്ഞെടുപ്പ് നടത്താത്തത് എന്നത് വ്യക്തമാക്കാമോ; ഓരോ സംഘവും തെരഞ്ഞെടുത്ത ഭരണസമിതിയുടെ കാലാവധി അവസാനിച്ച തീയതി വ്യക്തമാക്കാമോ;

(ബി) സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം രണ്ട് വർഷത്തിൽ കൂടുതലായി തുടരുന്നത് ഏത് സഹകരണ നിയമവും ചട്ടപ്രകാരവുമാണെന്ന് വ്യക്തമാക്കുമോ;

(സി) നൂറുകണക്കിന് സഹകരണ സംഘങ്ങളിൽ രണ്ട് വർഷത്തിൽ കൂടുതലായിട്ടും ഭരണസമിതി തിരഞ്ഞെടുപ്പ് നടത്താത്തതിന്കാരണം വിശദമാക്കാമോ?

### ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിലും 14 ജില്ലാ സഹകരണ ബാങ്കുകളിലും 10-4-2017 മുതൽ ഭരണസമിതിയില്ലാത്തതാണ്.

ടൂറിസം സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ ടൂർഫെഡിൽ 23-03-2017 മുതൽ ഭരണസമിതിയില്ലാത്തതാണ്. ഭരണസമിതിയില്ലാത്ത മറ്റുള്ള സംഘങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. വയനാട് ജില്ലയിൽ ഇത്തരത്തിലുള്ള സംഘങ്ങളൊന്നുംതന്നെയില്ല.

(ബി) വകുപ്പ് 32, 33 പ്രകാരം നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞാലും തെരഞ്ഞെടുപ്പ് നടത്താൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നതിനാൽ സഹകരണ നിയമം 101 അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ വിവേചനാധികാരം ഉപയോഗിച്ചാണ് അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി 2 വർഷത്തിൽ കൂടുതൽ അനുവദിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പല സംഘങ്ങളും രജിസ്റ്റർ ചെയ്തതിനുശേഷം തുടർ പ്രവർത്തനങ്ങളൊന്നും നടത്താത്തതിനാലും സംഘം പുനരുദ്ധീകരിക്കുന്നതിന് അംഗങ്ങൾക്കുള്ള താല്പര്യക്കുറവുകൊണ്ടും ഭരണസമിതി പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ അംഗങ്ങൾ തയ്യാറല്ലാത്തതിനാലും കോടതി കേസുകളുള്ളതിനാലും ആയിരത്തിൽപ്പരം സംഘങ്ങളിൽ രണ്ടുവർഷത്തിലധികമായി ഭരണസമിതി തെരഞ്ഞെടുപ്പ് നടത്താൻ കഴിഞ്ഞിട്ടില്ല.

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി

311 (T*723) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് നൽകിയ കരാറുകളുടെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രജിസ്റ്റർ ചെയ്ത ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 25-7-2017-ലെ സ.ഉ.(പി)നമ്പർ 95/2017/ധന., 4-7-2019-ലെ സ.ഉ.(പി)നമ്പർ.77/2019/ധന. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ (ULCCS) അക്രഡിറ്റഡ് ഏജൻസിയായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി സൊസൈറ്റിക്ക് നാളിതുവരെ നൽകിയ വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കരാറുകളുടെ ഉത്തരവുകളുടെ പകർപ്പുകൾ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ടതിനാൽ അവ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) ബൈലായുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി വായ്പ ഇളവ്

312 (724) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്തിട്ടുള്ള സഹകാരികൾ മരണപ്പെട്ടാൽ മാനുഷിക പരിഗണനയിൽ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി ഇളവ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മാനദണ്ഡങ്ങൾ കൂടുതൽ ഉദാരവൽക്കരിക്കുന്നത് പരിഗണനയിൽ ഉണ്ടോ;

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകളിൽ ആനുകൂല്യം അനുവദിക്കുവാനുണ്ടെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) അർഹതാമാനദണ്ഡങ്ങൾ

1. വിവിധ വായ്പാ സഹകരണസംഘങ്ങളിൽ നിന്ന് സ്വർണ്ണവായ്പയും നിക്ഷേപവായ്പയും എടുക്കുന്ന വായ്പക്കാർക്ക് റിസ്ക് ഫണ്ട് ആനുകൂല്യത്തിന്റെ അർഹത ഉണ്ടായിരിക്കുന്നതല്ല.
2. വായ്പയെടുക്കുന്ന അംഗങ്ങളിൽ നിന്നും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം ഒടുക്കേണ്ടതാണ്.
3. മരണപ്പെട്ട തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്.
4. വായ്പക്കാരൻ മരണപ്പെട്ടാൽ 6 മാസത്തിലധികരിച്ച് വായ്പാമുതൽ തിരിച്ചടവിൽ കുടിശ്ശികയുണ്ടാകാൻ പാടില്ല.
5. വായ്പയെടുത്ത് ഒരുമാസത്തിനുള്ളിൽ അപകടംമൂലമോ ഹാർട്ട് അറ്റാക്ക്മൂലമോ പെട്ടെന്നുള്ള മരണം ഒഴികെ മരണപ്പെടുന്ന വായ്പാക്കാരുടെ വായ്പകൾക്ക് ധനസഹായത്തിന് അർഹതയില്ല.
6. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ചുതീർത്ത വായ്പകൾക്ക് ധനസഹായത്തിന് അർഹതയില്ല.

<u>മാരകരോഗം</u>

1. മാരകരോഗം പിടിപെട്ട തീയതിൽ 70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.
2. വായ്പയെടുക്കുന്ന തീയതിയിൽ നിയമാനുസൃത പ്രീമിയം അടവാക്കേണ്ടതാണ്.
3. 30-3-2012 മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗങ്ങളായ കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവ പിടിപെടുന്ന വായ്പക്കാർക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 75,000 രൂപയോ ചികിത്സാ ധനസഹായം നൽകുന്നു.
4. 29-2-2016 തീയതി മുതൽ വായ്പയെടുത്തതിനുശേഷം, ടി.ബി., ലിവർ സിറോസിസ് പിടിപെടുന്ന അംഗങ്ങൾക്കും വായ്പാബാക്കി നിൽപ്പോ പരമാവധി 75,000 രൂപയോ നൽകി വരുന്നു.
5. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്തവിധം അവയവം മുറിച്ചുമാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നിവർക്ക് എത്ര വായ്പകളുണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

<u>റിസ്ക് ഫണ്ട് ധനസഹായ തുക</u>

1. പദ്ധതി നിലവിൽ വന്ന തീയതി മുതൽ വായ്പയെടുത്ത് മരണപ്പെട്ടവർക്ക് വായ്പാബാക്കി നിൽപ്പോ പരമാവധി 1,00,000 രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.
2. 30-3-2012 തീയതി മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാബാക്കിനിൽപ്പോ പരമാവധി 1,50,000 രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.

3. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാകാലവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പാമുതൽ അല്ലെങ്കിൽ 2,00,000 രൂപ ഇതിലേതാണോ കുറവ് ആ തുക ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണതീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.

4. ഒരു വായ്പക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകളെടുത്താലും പരമാവധി 5,00,000 രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

മാരകരോഗങ്ങൾ

1. 30-3-2012 മുതൽ വായ്പയെടുത്തതിനുശേഷം മാരകരോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പാബാക്കി നിൽപ്പോ പരമാവധി 75,000 രൂപയോ നൽകിവരുന്നു.

2. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പാമുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

നടപടിക്രമങ്ങൾ

1. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് അംഗീകരിച്ച് നൽകിയ നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക്ഫണ്ട്/ചികിത്സാ ധനസഹായ അപേക്ഷ.
2. മരണപ്പെട്ട വായ്പക്കാരന്റെ അനന്തരാവകാശിയുടെ അപേക്ഷ
3. വായ്പക്കാരന്റെ മരണസർട്ടിഫിക്കറ്റ്
4. വായ്പക്കാരന്റെ വയസ് തെളിയിക്കുന്ന രേഖ
5. വായ്പക്കാരന്റെ വായ്പ ഏറടവ്
6. മരണപ്പെട്ട/മാരകരോഗം പിടിപെട്ട വായ്പക്കാരന് പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സർട്ടിഫിക്കറ്റ്

7. ബാങ്ക് ഭരണസമിതി തീരുമാനം
8. വായ്പക്കാരന്റെ റിസ്ക് ഫണ്ട് വിഹിതമടച്ച ഫോം 'എ' സ്റ്റേറ്റ്മെന്റ്
9. വായ്പക്കാരനിൽനിന്നും ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം യഥാസമയം ബോർഡിന്റെ അക്കൗണ്ടിലടച്ച ചെലാൻ
10. വായ്പാ അപേക്ഷ
11. വായ്പ അനുവദിച്ച ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്
12. ജാമ്യ കടപത്രത്തിന്റെ പകർപ്പ്
13. കൂട്ടുകക്ഷി വായ്പ സംബന്ധിച്ച്
14. ചികിത്സാ ധനസഹായ അപേക്ഷയിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധ മെഡിക്കൽ രേഖകളും എന്നിവ സഹിതം ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) (ജില്ലാ സഹകരണ ബാങ്ക് - ജോയിന്റ് രജിസ്ട്രാർ/ കൺകറന്റ് ആഡിറ്റർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസർ) എന്നിവരുടെ നിശ്ചിത ധനസഹായ അപേക്ഷയിലെ ശിപാർശയോടുകൂടിയാണ് കേരള സഹകരണ വികസനക്ഷേമ നിധി ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) കാലാകാലങ്ങളിൽ ടി മാനദണ്ഡങ്ങൾ ഉദാരവൽക്കരിച്ചുവരുന്നു. ഏറ്റവും ഒടുവിലായി 20-9-2019-ൽ റിസ്ക് ഫണ്ട് നിയമാവലിയിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി അംഗീകരിച്ചിട്ടുണ്ട്.

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നുള്ള 7 അപേക്ഷകളിൽ ആനുകൂല്യം അനുവദിക്കാനുണ്ട്.

(ഡി) അതാത് സംഘം/ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷ സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് സംഘം/ബാങ്ക് കാലതാമസം വരുത്തുന്നതാണ് പ്രധാന കാരണം. കൂടാതെ റിസ്ക് ഫണ്ട് ബോർഡ് ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തതയും വർദ്ധിച്ചുവരുന്ന അപേക്ഷകളുടെ എണ്ണവും പ്രധാന കാരണമാകുന്നു.

## റിസ്ക്ഫണ്ട് മുഖേന വായ്പ ബാധ്യത തീർക്കൽ

313 (725) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള വ്യക്തിക്ക് മാരക രോഗം പിടിപെട്ടാൽ റിസ്ക് ഫണ്ട് ഉപയോഗിച്ച് വായ്പ ബാധ്യത തീർക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമവും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്തശേഷം വായ്പക്കാരന് മാരകരോഗം പിടിപെടുകയും വായ്പാബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസ്സുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000 രൂപ റിസ്ക്ഫണ്ട് പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിച്ചിരുന്നു. ടി ആനുകൂല്യം 20-9-2019 മുതൽ റിസ്ക്ഫണ്ട് നിയമാവലി വ്യവസ്ഥകളിൽ വരുത്തിയ ഭേദഗതി പ്രകാരം 1,00,000 രൂപയായി ഉയർത്തിയിട്ടുണ്ട്. ടി തുക വായ്പാ കണക്കിൽ വരവ് വയ്ക്കുന്നതിനായി ബന്ധപ്പെട്ട സംഘങ്ങൾക്കാണ് നൽകിവരുന്നത്.

(ബി) <u>അർഹതാമാനദണ്ഡങ്ങൾ</u>

1. വിവിധ വായ്പ സഹകരണസംഘങ്ങളിൽ നിന്നും സ്വർണ്ണപ്പണയവായ്പയും നിക്ഷേപവായ്പയും എടുക്കുന്ന വായ്പക്കാർക്ക് റിസ്ക്ഫണ്ട് ആനുകൂല്യത്തിന്റെ അർഹതയുണ്ടായിരിക്കുന്നതല്ല.
2. വായ്പയെടുക്കുന്ന അംഗങ്ങളിൽനിന്നും റിസ്ക്ഫണ്ട് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായുള്ള റിസ്ക്ഫണ്ട് വിഹിതം ഒടുക്കേണ്ടതാണ്.
3. മരണപ്പെട്ട തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്.
4. വായ്പക്കാരൻ മരണപ്പെട്ടാൽ 6 മാസത്തിലധികരിച്ച് വായ്പാമുതൽ തിരിച്ചടവിൽ കുടിശ്ശികയുണ്ടാകാൻ പാടില്ല.
5. വായ്പയെടുത്ത് ഒരുമാസത്തിനുള്ളിൽ അപകടംമൂലമോ ഹാർട്ട് അറ്റാക്ക്മൂലമോ പെട്ടെന്നുള്ള മരണം ഒഴികെ മരണപ്പെടുന്ന വായ്പാക്കാരുടെ വായ്പകൾക്ക് ധനസഹായത്തിന് അർഹതയില്ല.
6. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച് അടച്ച് തീർത്ത വായ്പകൾക്കും ധനസഹായത്തിന് അർഹതയില്ല.

<u>മാരകരോഗം ബാധിച്ചവർക്കുള്ള ധനസഹായ തുക</u>

1. മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.
2. വായ്പയെടുക്കുന്ന തീയതിയിൽ നിയമാനുസൃത പ്രീമിയം അടവാക്കേണ്ടതാണ്.
3. 30-3-2012 തീയതി മുതൽ വായ്പയെടുത്തതിനുശേഷം മാരകരോഗങ്ങളായ കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവർക്ക് ചികിത്സാ ധനസഹായം വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ നൽകുന്നു.
4. 29-2-2016 തീയതി മുതൽ വായ്പയെടുത്തതിനുശേഷം ടി.ബി., ലിവർ സീറോസിസ് പിടിപെടുന്ന അംഗങ്ങൾക്കും വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ നൽകിവരുന്നു.
5. 20-9-2019-ലെ റിസ്ക്ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം പ്രസ്തുത ആനുകൂല്യം 75,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

<u>റിസ്ക്ഫണ്ട് ധനസഹായ തുക</u>

1. പദ്ധതി നിലവിൽ വന്ന തീയതി മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാബാക്കിനിൽപ്പോ പരമാവധി 1,00,000 രൂപയും ആയതിന്റെ പലിശയും റിസ്ക്ഫണ്ട് ധനസഹായമായി നൽകിവരുന്നു.
2. 30-3-2012 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാബാക്കി നിൽപ്പോ പരമാവധി 1,50,000 രൂപയും ആയതിന്റെ പലിശയും റിസ്ക്ഫണ്ട് ധനസഹായമായി നൽകിവരുന്നു.
3. 20-9-2019-ലെ റിസ്ക്ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാകാലവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ

ദിവസം ബാക്കി നിൽക്കുന്ന വായ്പാമുതൽ അല്ലെങ്കിൽ 2,00,000 രൂപ ഇതിലേതാണോ കുറവ് ആ തുക ഫണ്ടിൽനിന്ന് നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണതീയതിയിൽ ബാക്കിനിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽനിന്നും നൽകാവുന്നതാണ്.

4. ഒരു വായ്പക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എത്ര വായ്പകളെടുത്താലും പരമാവധി 5,00,000 രൂപ വരെ മാത്രമേ റിസ്ക്ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

<u>നടപടിക്രമങ്ങൾ</u>

1. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് അംഗീകരിച്ച് നൽകിയ നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക്ഫണ്ട്/ചികിത്സാ ധനസഹായ അപേക്ഷ.
2. മരണപ്പെട്ട വായ്പക്കാരന്റെ അനന്തരാവകാശിയുടെ അപേക്ഷ
3. വായ്പക്കാരന്റെ മരണസർട്ടിഫിക്കറ്റ്
4. വായ്പക്കാരന്റെ വയസ് തെളിയിക്കുന്ന രേഖ
5. വായ്പക്കാരന്റെ വായ്പ ഏറടവ്
6. മരണപ്പെട്ട/മാരകരോഗം പിടിപെട്ട വായ്പക്കാരന് പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സർട്ടിഫിക്കറ്റ്
7. ബാങ്ക് ഭരണസമിതി തീരുമാനം
8. വായ്പക്കാരന്റെ റിസ്ക്ഫണ്ട് വിഹിതമടച്ച ഫോം 'എ' സ്റ്റേറ്റ്മെന്റ്
9. വായ്പക്കാരനിൽനിന്നും ഈടാക്കുന്ന റിസ്ക്ഫണ്ട് വിഹിതം യഥാസമയം ബോർഡിന്റെ അക്കൗണ്ടിലടച്ച ചെലാൻ
10. വായ്പാ അപേക്ഷ
11. വായ്പ അനുവദിച്ച ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്
12. ജാമ്യ കടപത്രത്തിന്റെ പകർപ്പ്

13. കുട്ടകക്ഷി വായ്പ സംബന്ധിച്ച്

14. ചികിത്സാ ധനസഹായ അപേക്ഷയിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധ മെഡിക്കൽ രേഖകൾ സഹിതം ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) (ജില്ലാ സഹകരണ ബാങ്ക് - ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസർ) എന്നിവരുടെ നിശ്ചിത ധനസഹായ അപേക്ഷയിലെ ശിപാർശയോടുകൂടിയാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

## കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ റിസ്ക്ഫണ്ട് വഴിയുള്ള ധനസഹായം

314 (726) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ റിസ്ക് ഫണ്ട് വഴി എത്ര പേർക്ക് ധനസഹായം ലഭിച്ചു; അവരുടെ പേരുവിവരം അറിയിക്കാമോ;

(ബി) എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നു; ആയതിന്റെ പേരുവിവരം ലഭ്യമാക്കാമോ;

(സി) തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ മാനുഷിക പരിഗണന നൽകി തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ റിസ്ക്ഫണ്ട് പദ്ധതി മുഖേന 86 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പേര് വിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കാനുള്ള പുതിയ അപേക്ഷകളും നാളിതുവരെ സംഘങ്ങളിൽ നിന്നും ന്യൂനത പരിഹരിച്ച് ലഭ്യമാകാത്ത അപേക്ഷകളുംകൂടി ആകെ 20 അപേക്ഷകൾ തീർപ്പാക്കാനായി ബാക്കി നിൽപ്പുണ്ട്. പേര് വിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(സി) തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായി അർഹതപ്പെട്ടവർക്ക് നടപടിക്രമങ്ങൾ പാലിച്ച് തീർപ്പ് കൽപ്പിക്കുന്നതാണ്.

## മക്കരപ്പറമ്പ സർവ്വീസ് സഹകരണ ബാങ്കിന്റെ സെക്രട്ടറിയായ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചീരിയെ സസ്പെന്റ് ചെയ്യാൻ നടപടി

315 (727) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ മുൻ മാനേജിംഗ് ഡയറക്ടറും ഇപ്പോൾ മക്കരപ്പറമ്പ സർവ്വീസ് സഹകരണ ബാങ്കിന്റെ സെക്രട്ടറിയുമായ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചീരിയെ സസ്പെന്റ് ചെയ്യണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഈ സസ്പെൻഷൻ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യം നിലനിൽക്കുന്നതാണോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ്ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ മുൻ മാനേജിംഗ് ഡയറക്ടറും ഇപ്പോൾ മക്കരപ്പറമ്പ സർവ്വീസ് സഹകരണ ബാങ്കിന്റെ സെക്രട്ടറിയുമായ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചീരിയെ സസ്പെന്റ് ചെയ്യാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു.

(ബി&സി) ഇല്ല. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മക്കരപ്പറമ്പ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയെ സസ്പെന്റ് ചെയ്യുന്നതിന് മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ബാങ്ക് പ്രസിഡന്റിന് മതിയായ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പ്രസ്തുത നിർദ്ദേശം ടി ബാങ്ക് ഭരണസമിതി നടപ്പിലാക്കിയിട്ടില്ല. സഹകരണ നിയമം ചട്ടം 198(6) പ്രകാരം സഹകരണ സംഘം സെക്രട്ടറിയുടെ നിയമനാധികാരി അതാത് സംഘം ഭരണസമിതിയാണ്.

നിയമനാധികാരിയായ സംഘം ഭരണസമിതിയാണ് സംഘം സെക്രട്ടറിയെ സസ്പെന്റ് ചെയ്യേണ്ടത്. കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം, വകുപ്പ് 66 പ്രകാരമുള്ള പരിശോധന, വകുപ്പ് 64 പ്രകാരമുള്ള ആഡിറ്റ്, വകുപ്പ് 68(എ) പ്രകാരമുള്ള അന്വേഷണം എന്നിവയിലൂടെ സഹകരണ സംഘത്തിലെ ഉദ്യോഗസ്ഥൻ സംഘം വിരുദ്ധപ്രവർത്തനം നടത്തിയെന്ന് ബോധ്യപ്പെടുന്നപക്ഷം മാത്രമാണ് കേരള സഹകരണ നിയമം വകുപ്പ് 66(ബി) പ്രകാരം ജീവനക്കാരനെ സസ്പെന്റ് ചെയ്യാൻ കഴിയുകയെന്നും അപ്രകാരമുള്ള സാഹചര്യം നിലവിലില്ലാത്തതിനാൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ സസ്പെന്റ് ചെയ്യുന്നതിന് നൽകിയിരുന്ന നിർദ്ദേശം പാലിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ട മാർഗ്ഗനിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## സഹകരണ മേഖലയിലെ അപ്പക്സ് സ്ഥാപനങ്ങളിലെ നിയമനം

316 (728) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിലെ അപ്പക്സ് സ്ഥാപനങ്ങളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്;

(ബി) ഇപ്രകാരം നൽകിയ ഏതെങ്കിലും അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വഴി നടത്തുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനം എന്ന് വ്യക്തമാക്കുമോ;

(സി) സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിലെ കാലതാമസമാണോ പി.എസ്.സി. നിയമനത്തിന് തടസ്സമായിട്ടുള്ളത്; എങ്കിൽ സ്പെഷ്യൽ റൂൾസ് അടിയന്തരമായി തയ്യാറാക്കി നിയമനങ്ങൾ പി.എസ്.സി. വഴി ആക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സഹകരണ നിയമത്തിലെ വകുപ്പ് 80(3 എ) പ്രകാരം ഷെഡ്യൂൾ 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള 15 സഹകരണ അപ്പക്സ് സ്ഥാപനങ്ങളിലെയും 14 ജില്ലാ സഹകരണ ബാങ്കുകളിലേയും നിയമനം പി.എസ്.സി. തയ്യാറാക്കുന്ന തെരഞ്ഞെടുക്കപ്പെട്ട പട്ടികയിൽ നിന്നും സംവരണതത്വം പാലിച്ചുകൊണ്ട്

നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് 1995 ഏപ്രിൽ 25-ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്.

(ബി) ഇല്ല. റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നുണ്ട്. സഹകരണ മേഖലയിലെ അപ്പക്സ് സ്ഥാപനങ്ങളായ വനിതാഫെഡ്, ഹോസ്പിറ്റൽ ഫെഡ്, ടൂർഫെഡ് എന്നീ മൂന്ന് സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കി വരുന്നു. റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിക്കുന്നമുറയ്ക്ക് ഈ വിഷയം പരിശോധിച്ച് പി.എസ്.സി. വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

(സി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്ത സ്ഥാപനങ്ങൾ അടിയന്തരമായി തയ്യാറാക്കി പി.എസ്.സി. വഴി നിയമനങ്ങൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## നിലമ്പൂർ സഹകരണ അർബൻ ബാങ്കിനെതിരെ നടപടി

317 (729) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമം അറുപത്തിയഞ്ചാം വകുപ്പ് പ്രകാരം അഴിമതി കണ്ടെത്തിയതിനെ തുടർന്ന് നിലമ്പൂർ സഹകരണ അർബൻ ബാങ്കിനെതിരെ നടപടി സ്വീകരിക്കുവാൻ മലപ്പുറം ജോയിന്റ് രജിസ്ട്രാറോട് വകുപ്പുതലത്തിൽ നിർദ്ദേശിച്ചിരുന്നോ; പ്രസ്തുത ബാങ്കിനെതിരെ മലപ്പുറം ജോയിന്റ് രജിസ്ട്രാർ നടപടി സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കുമോ;

(ബി) മേൽ ശിക്ഷാ നടപടികൾക്കെതിരെ ഹൈക്കോടതി നൽകിയ സ്റ്റേ നീക്കുന്നതിന് മുമ്പ് സ്വീകരിച്ച നടപടികളും കോടതിയിൽ ഹാജരാക്കിയ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാറെ എതിർ കക്ഷിയാക്കി നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ഹൈക്കോടതിയിൽ നൽകിയ ഹർജിയുടെ പകർപ്പും എതിർ സത്യവാങ്മൂലത്തിന്റെ പകർപ്പും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ (ജനറൽ) -ന്റെ 19-12-2017-ലെ CRB/2237/16 നമ്പർ ഉത്തരവുപ്രകാരം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവിട്ടിരുന്നുവെങ്കിലും ടി അന്വേഷണം ഹൈക്കോടതിയുടെ 5025/18-ാം നമ്പർ റിട്ട് പെറ്റീഷനിലെ ഇടക്കാല ഉത്തരവുപ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്. നിലമ്പൂർ സഹകരണ അർബൻ ബാങ്കിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനത്തിന്റെ മറവിൽ അഴിമതി നടന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുന്നതിന് സർക്കാർതലത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഹൈക്കോടതിയിൽ കേസ് ഇപ്പോഴും നിലനിൽക്കുന്നു. 65-ാം വകുപ്പുപ്രകാരമുള്ള അന്വേഷണ നടപടികൾ സ്റ്റേയിലാണ്. എതിർകക്ഷി എന്ന നിലയിൽ മലപ്പുറം ജോയിന്റ് രജിസ്ട്രാർ ഹൈക്കോടതിയിൽ ഹാജരാക്കിയ രേഖകൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി) നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ഹൈക്കോടതിയിൽ നൽകിയ ഹർജിയുടെ പകർപ്പും ജോയിന്റ് രജിസ്ട്രാർ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിന്റെ പകർപ്പും അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

**കേരള ടൂറിസം**

318 (730) <u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. കെ. ജെ. മാക്സി:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയവും പ്രകൃതി ക്ഷോഭവും വിനോദസഞ്ചാര മേഖലയെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രളയത്തിനുശേഷം കേരളത്തിലെ ജലാശയങ്ങൾ സുരക്ഷിതമാണെന്നും വിനോദസഞ്ചാര കേന്ദ്രങ്ങൾ സജ്ജമാണെന്നും ലോകത്തെ അറിയിക്കുന്നതിന് സ്വീകരിച്ച പ്രചരണ പരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) രണ്ട് വർഷത്തിലൊരിക്കൽ നടക്കുന്ന കേരള ടൂറിസം മാർട്ട് , കൊച്ചി മുസിരീസ് ബിനാലെയുടെ അടുത്ത പതിപ്പ് എന്നിവ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) കേരള ടൂറിസത്തിന് ലോകടൂറിസം ഭൂപടത്തിൽ മികച്ച സ്ഥാനം നേടിക്കൊടുക്കുന്നതിന് ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയംമൂലം നാശനഷ്ടമുണ്ടായ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയായിക്കഴിഞ്ഞു. പ്രളയത്തിനു ശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾക്ക് ടൂറിസം വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പ്രളയക്കെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമ്മാണത്തിന് 2,09,20,000 രൂപയുടെ ഭരണാനുമതി
2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000
3. മൺട്രോ തുരുത്ത് അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446
4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030
5. റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് റീറ്റെയിനിംഗ് വാൾ അറ്റ് മുതിരപ്പുഴ- 74,00,000
6. ആലുവ ഗസ്റ്റ് ഹൗസ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് -46,00,000
7. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ അടിയന്തര വൃത്തിയാക്കലും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും -4,00,000
8. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിക്കുന്നതിന്- 1,02,188
9. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് - 92,50,000

(ബി) പ്രളയത്തിനുശേഷം കേരളത്തിലെ ജലാശയങ്ങൾ ഉൾപ്പെടെ ടൂറിസം കേന്ദ്രങ്ങൾ സുരക്ഷിതമാണെന്നും വിനോദസഞ്ചാര കേന്ദ്രങ്ങൾ സജ്ജമാണെന്നും ലോകത്തെ അറിയിക്കുന്നതിന് Post Flood Campaign ആയ "It's Time for Kerala" എന്ന പേരിൽ രാജ്യത്തിനകത്തും വിദേശത്തും വിവിധങ്ങളായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ വകുപ്പുമന്ത്രിയും സെക്രട്ടറിയും ഡയറക്ടറും വിവിധ കേന്ദ്രങ്ങളിൽ വിപുലമായ പത്രസമ്മേളനങ്ങൾ നടത്തി സാഹചര്യങ്ങൾ മാധ്യമങ്ങളോട് വിശദീകരിക്കുകയുണ്ടായി.

(സി) കേരള ട്രാവൽ മാർട്ട്, കൊച്ചി മുസിരിസ് ബിനാലെ എന്നിവയുടെ ആരംഭ നടപടികൾ അതാത് സംഘാടകർ ആരംഭിച്ചിട്ടുണ്ട്. ടി മേളകൾക്ക് ധനസഹായം നൽകിവരികയാണ് ടൂറിസം വകുപ്പ് ചെയ്തുവരുന്നത്.

(ഡി) ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി വിവിധ മേഖലകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാംഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ആലപ്പുഴ ഹൗസ്ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- ഗ്രീൻ കാർപ്പറ്റ് പദ്ധതി
- കൊല്ലം ജില്ലയിലെ ജഡായുപാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി

- തലശ്ശേരി പൈതൃക പദ്ധതിക്കായി മാസ്റ്റർപ്ലാൻ
- നിശാഗന്ധി മ്യൂസിക് ഫെസ്റ്റിവൽ
- കേരള ചാമ്പ്യൻസ് ബോട്ട് ലീഗ്
- മുസിരിസ് ഹെറിറ്റേജ് പദ്ധതി
- കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് എത്രയും വേഗം നടപ്പിൽവന്നത് മലബാർ മേഖലയുടെ ടൂറിസം വികസനത്തിന് സഹായകരമാണ്.
- Come out and Play, Human by Nature, China Ready Programme, Kerala Blog Express തുടങ്ങിയ നൂതന പ്രചരണങ്ങൾ സംഘടിപ്പിച്ചു.

**അഡ്വഞ്ചർ ടൂറിസം അക്കാദമി**

319(731) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

അഡ്വഞ്ചർ ടൂറിസം അക്കാദമിയുടെ ആസ്ഥാനം വിളപ്പിൽശാല ശാസ്താംപാറയിൽ ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ; ആയതിന്റെ തുടർനടപടികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്ത് ആവശ്യമായ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനുമായി "സാഹസിക ടൂറിസം അക്കാദമി" ആരംഭിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽപ്പെട്ട വിളപ്പിൽശാല വില്ലേജിലെ ബ്ലോക്ക് നമ്പർ 2, സർവ്വേ നമ്പർ 341/1 ഉൾപ്പെട്ട ആകെ പുറമ്പോക്ക് 4.85 ഹെക്ടർ റവന്യൂ ഭൂമി വിനോദസഞ്ചാരവകുപ്പിന് കൈമാറുന്നതിന് 18-9-2019-ലെ സ.ഉ. (സാധാ) നമ്പർ 320/2019/ടൂറിസം പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കണ്ടെത്തിയ സ്ഥലം ടൂറിസം വകുപ്പിന് കൈമാറ്റം ചെയ്യുന്നതിലേയ്ക്ക് ചട്ടപ്രകാരമുള്ള അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ കളക്ടറുടെ ആവശ്യപ്രകാരം സ്ഥാപിക്കാനുദ്ദേശിക്കുന്ന അഡ്വഞ്ചർ ടൂറിസം അക്കാദമിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, കൺസെപ്റ്റ് നോട്ട് മുതലായവ തയ്യാറാക്കിവരുന്നു.

**വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

320 (732) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായ പ്രളയം വിനോദസഞ്ചാര മേഖലയെ ബാധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തിന്റെ ആഭ്യന്തര വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തുടർച്ചയായി സംഭവിച്ചിട്ടുള്ള പ്രളയം വിനോദസഞ്ചാര മേഖലയുടെ വരുമാനത്തിൽ മാന്ദ്യം സൃഷ്ടിച്ചിരുന്നു. പ്രളയത്തിനുശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരവധി പദ്ധതികൾ ആഭ്യന്തര വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ആലപ്പുഴ ഹൗസ്ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- " ഗ്രീൻ കാർപ്പറ്റ്" സ്കീം

- കൊല്ലം ജില്ലയിലെ ജഡായുപാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുംമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി
- തലശ്ശേരി പൈതൃക പദ്ധതി

ടൂറിസം വികസനത്തിനായി ഒരു സമഗ്ര ടൂറിസം നയം ഇതിനോടകം പ്രഖ്യാപിച്ചുകഴിഞ്ഞു. ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും മികച്ച ടൂറിസം കേന്ദ്രമാക്കി കേരളത്തെ വളർത്താനും ഉതകുന്ന രീതിയിൽ "ടൂറിസം റെഗുലേറ്ററി അതോറിറ്റി ഓഫ് കേരള" രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ മുന്നേറിക്കഴിഞ്ഞു. ടൂറിസം രംഗത്തെ സാധ്യതകൾ മുൻകൂട്ടിക്കാണാനും മികച്ച രീതിയിലെ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി ടൂറിസം അഡ്വൈസറി സമിതിയുണ്ടാക്കി.

വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ വഴിയും നൂതന ടൂറിസം പദ്ധതികൾ വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. ഉത്തരേന്ത്യൻ, മറ്റ് ദക്ഷിണേന്ത്യൻ സഞ്ചാരികൾ എന്നിവരെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ തുടങ്ങിയ വിവിധ ക്യാമ്പയിനുകൾ നടത്തി. നൂതന ആശയങ്ങൾ ഉൾക്കൊള്ളുന്ന വിവിധ നാഷണൽ ട്രേഡ് ഫെയറുകളിലും ടൂറിസം മേളകളിലും കേരള ടൂറിസം സജീവ സാന്നിധ്യമാകുന്നുണ്ട്. മികച്ചതും നൂതനവുമായ പരസ്യ ക്യാമ്പയിനായ "Human by Nature" ഈ വർഷം വകുപ്പ് നടപ്പിലാക്കിവരുന്നു.

ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിനായി ഓണം/നിശാഗന്ധി/ ഡാൻസ്/മൺസൂൺ രാഗാസ് സംഗീതോത്സവം/വസന്തോത്സവം (പുഷ്പമേള കനകക്കുന്നിൽ) ഫെസ്റ്റിവെൽ പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനുംപുറമെ രാജ്യത്തിനകത്ത് വിവിധ വിപണികൾ കേന്ദ്രീകരിച്ച് വകുപ്പ് ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു. ദേശീയതലത്തിലുള്ള ബ്ലോഗർമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബ്ലോഗ് എക്സ്പ്രസ് എന്ന ആശയവും ആഭ്യന്തര ടൂറിസം രംഗത്ത് പുതിയ ഒരു

ആശയം തന്നെയാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ എന്നിവ ആഭ്യന്തര ടൂറിസം വികസനം മുന്നിൽ കണ്ടാണ് നടപ്പിലാക്കുന്നത്.

## വിനോദസഞ്ചാരമേഖലയ്ക്ക് ഉണർവേകാനുള്ള നടപടികൾ

321 (733) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ്പയും, പ്രളയവുംമൂലം തിരിച്ചടി നേരിട്ട വിനോദസഞ്ചാരമേഖലയെ തിരിച്ചുവരവിന്റെ പാതയിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾമൂലം സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പ്രളയംമൂലം നാശനഷ്ടമുണ്ടായ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയായി കഴിഞ്ഞു. പ്രളയത്തിനുശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പ്രളയക്കെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമ്മാണത്തിന് 2,09,20,000 രൂപയുടെ ഭരണാനുമതി.
2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000 രൂപ
3. മൺട്രോ തുരുത്ത് അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446 രൂപ
4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030
5. റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് റീറ്റെയിനിംഗ് വാൾ അറ്റ് മുതിരപ്പുഴ- 74,00,000 രൂപ

6. ആലുവ ഗസ്റ്റ് ഹൗസ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് - 46,00,000 രൂപ
7. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ അടിയന്തര വൃത്തിയാക്കലും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും - 4,00,000
8. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിക്കുന്നതിന് - 1,02,188 രൂപ
9. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് - 92,50,000 രൂപ

(ബി) 2019 ജൂൺ വരെയുള്ള സ്ഥിതിവിരക്കണക്കുകളാണ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ പ്രകാരം വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 2019 ഏപ്രിൽ മുതൽ വർദ്ധനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മുതൽ വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്. വിശദമായ സ്ഥിതിവിവരക്കണക്ക് അനുബന്ധമായി ചേർക്കുന്നു*.

**കായംകുളം മണ്ഡലത്തിലെ ഗ്രീൻകാർഡ് പദ്ധതികൾ**

322 (734) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനു വേണ്ടിയുള്ള ഗ്രീൻകാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല.

**ടൂറിസം മേഖലയിലെ പദ്ധതികൾ**

323 (735) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയിൽ ടൂറിസം മേഖലയ്ക്കായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ടൂറിസം മേഖലയുടെ നവീകരണത്തിനും വളർച്ചക്കുമായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ജല ടൂറിസം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) റീ-ബിൽഡ് കേരള പദ്ധതിയിൽ ടൂറിസം മേഖലയ്ക്കായി ഇതുവരെ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി വിവിധ മേഖലകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ആലപ്പുഴ ഹൗസ്ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- " ഗ്രീൻ കാർപ്പറ്റ് " സ്കീം
- കൊല്ലം ജില്ലയിലെ ജഡായുപാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുംമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ

- ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്രവികസന പദ്ധതി
- തലശ്ശേരി പൈതൃക പദ്ധതിക്കായി മാസ്റ്റർപ്ലാൻ
- നിശാഗന്ധി മ്യൂസിക് ഫെസ്റ്റിവൽ
- ചാമ്പ്യൻസ് ബോട്ട് ലീഗ്
- മലനാട് റിവർ ക്രൂയിസ് പദ്ധതി
- ടൂറിസം വികസനം മുഖ്യലക്ഷ്യമാക്കി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് എത്രയുംവേഗം നടപ്പിൽവരുത്തിക്കഴിഞ്ഞു.
- Come out and Play, Human by Nature തുടങ്ങിയ നൂതന ക്യാമ്പയിനുകൾ ഇന്ത്യയിലും വിദേശത്തും സംഘടിപ്പിച്ചു.
- ടൂറിസം വ്യവസായത്തിന്റെ ഏകോപനത്തിനും നിലവാരം ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി ടൂറിസം റെഗുലേറ്ററി അതോറിറ്റി ഓഫ് കേരള രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ജലടൂറിസം മെച്ചപ്പെടുത്തുന്നതിനായി മലബാർ മേഖലയിലെ വിവിധ ജലാശയങ്ങളെയും നദികളെയും ബന്ധിപ്പിച്ച് "മലനാട് റിവർ ക്രൂയിസ്" പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചു. കൂടാതെ കേരളത്തിലെ വിവിധ പരമ്പരാഗത വള്ളംകളികളെ ലീഗ് അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് "ചാമ്പ്യൻസ് ബോട്ട് ലീഗ് " എന്ന വാർഷിക വള്ളംകളി ടൂർണമെന്റ് സംഘടിപ്പിച്ചു. കേരളത്തിൽ വിവിധ മേഖലകളിൽ സംഘടിപ്പിക്കപ്പെടുന്ന "മലബാർ റിവർ കയാക്കിംഗ് ഫെസ്റ്റിവൽ" തുടങ്ങിയ പരിപാടികൾക്ക് വകുപ്പ് സജീവമായ പിന്തുണ നൽകിവരുന്നു.

**വള്ളംകളി ലീഗ് മത്സരങ്ങൾ**

324 (736) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വള്ളംകളി ലീഗ് മത്സരങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ലീഗിൽ ഉൾപ്പെട്ടിട്ടുള്ള മൽസരങ്ങൾക്ക് എന്തെല്ലാം ആനുകൂല്യം ലഭിക്കുമെന്ന് വിശദമാക്കുമോ;

(സി) മികച്ച നിലയിൽ സംഘടിപ്പിക്കുന്ന കരുനാഗപ്പള്ളി ശ്രീനാരായണ ട്രോഫി ജലോത്സവത്തെ ലീഗ് മത്സരങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളി താഴെ ചേർക്കുന്ന സമയക്രമത്തിൽ നടന്നുവരുന്നു.

1. നെഹ്റുട്രോഫി ബോട്ട് റേസ്, ആലപ്പുഴ- ആഗസ്റ്റ് 31
2. താഴത്തങ്ങാടി, കോട്ടയം-സെപ്റ്റംബർ 7
3. കരുവാറ്റ, ആലപ്പുഴ-സെപ്റ്റംബർ 14
4. പിറവം, എറണാകുളം-സെപ്റ്റംബർ 28
5. മറൈൻ ഡ്രൈവ്, എറണാകുളം -ഒക്ടോബർ 5
6. കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 12
7. കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 19 (സാങ്കേതിക കാരണങ്ങളാൽ പൊന്നാനിയിൽ നിശ്ചയിച്ചിരുന്ന വള്ളംകളി കോട്ടപ്പുറത്തുവച്ച് നടത്തി.)
8. കൈനകരി, ആലപ്പുഴ-ഒക്ടോബർ 26
9. പുളിങ്കുന്ന്, ആലപ്പുഴ -നവംബർ 2
10. കായംകുളം, ആലപ്പുഴ-നവംബർ 9
11. കല്ലട, കൊല്ലം -നവംബർ 16
12. പ്രസിഡന്റ്സ് ട്രോഫി ബോട്ട് റേസ്, കൊല്ലം-നവംബർ 23

സ്റ്റാർ സ്പോർട്സ് 2, സ്റ്റാർ സ്പോർട്സ് 2 എച്ച്.ഡി, സ്റ്റാർ സ്പോർട്സ് 1 തമിഴ്, ഏഷ്യാനെറ്റ് വേൾഡ് വൈഡ്, ഏഷ്യാനെറ്റ് പ്ലസ്, ഹോട്ട് സ്റ്റാർ എന്നീ ചാനലുകളിൽ വൈകിട്ട് നാല് മുതൽ അഞ്ച് വരെ മത്സരങ്ങൾ തത്സമയം കാണാം. ഇ-ടിവി ആന്ധ്രാപ്രദേശ്, ഇ-ടിവി തെലങ്കാന എന്നീ ചാനലുകളിൽ റെക്കോർഡ് ചെയ്ത സംപ്രേക്ഷണമുണ്ടാകും.

മത്സരിക്കുന്ന ടീമുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. പള്ളാത്തുരുത്തി ബോട്ട് ക്ലബ്- ട്രോപ്പിക്കൽ ടൈറ്റൻസ് (നടുഭാഗം)
2. പോലീസ് ബോട്ട് ക്ലബ്-റേഞ്ചിംഗ് റോവേഴ്സ് (കാരിച്ചാൽ)
3. യുണൈറ്റഡ് ബോട്ട് ക്ലബ്, കുട്ടമംഗലം കൈനകരി-കോസ്റ്റ് ഡൊമിനേറ്റേഴ്സ് (ചമ്പക്കുളം)
4. എൻ.സി.ഡി.സി. കുമരകം-മൈറ്റി ഓർസ് (ദേവാസ്)
5. വില്ലേജ് ബോട്ട് ക്ലബ്ബ് എടത്വ-ബാക്ക് വാട്ടർ നൈറ്റ്സ് (ഗബ്രിയേൽ)

6. കെ.ബി.സി./എസ്.എഫ്.ബി.സി. കുമരകം-തണ്ടർ ഓർസ് (മഹാദേവിക്കാട് കാട്ടിൽ തെക്കേതിൽ)
7. വേമ്പനാട് ബോട്ട് ക്ലബ്, കുമരകം-പ്രൈഡ് ചേസേഴ്സ് (വീയപുരം)
8. ടൗൺ ബോട്ട് ക്ലബ്, കുമരകം-ബാക്ക് വാട്ടർ വാരിയേഴ്സ് (പായിപ്പാടൻ)
9. ബ്രദേഴ്സ് ബോട്ട് ക്ലബ്, എടത്വ-ബാക്ക് വാട്ടർ നിൻജ (സെ.ജോർജ്ജ്)

ഉച്ചതിരിഞ്ഞ് 2 മണി മുതൽ 5 മണി വരെയാണ് മത്സരങ്ങൾ നടക്കുന്നത്.

(ബി) ലീഗ് ജേതാക്കൾക്ക് 25 ലക്ഷം രൂപയാണ് സമ്മാനത്തുക, രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15, 10 ലക്ഷം രൂപ വീതം സമ്മാനമായി ലഭിക്കും. 5.9 കോടി രൂപയാണ് സി.ബി.എൽ.-ന്റെ മൊത്തം സമ്മാനത്തുക. ഹീറ്റ്സിൽ മൂന്നുവീതം ചുണ്ടൻ വള്ളങ്ങളാണ് മത്സരിക്കുന്നത്. ഹീറ്റ്സിൽ ഒന്നാമതെത്തിയ നാല് ടീമുകൾ അതത് മത്സര ദിവസത്തെ ഫൈനലിൽ തുഴയും, 12 മത്സരങ്ങളിലും ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്നവർക്ക് യഥാക്രമം 5 ലക്ഷം 3 ലക്ഷം, 1 ലക്ഷം രൂപ വീതം സമ്മാനത്തുക ലഭിക്കും. പുറമെ പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും 4 ലക്ഷം രൂപ വീതവും ലഭിക്കും.

(സി) ശ്രീനാരായണ ട്രോഫി ജലോത്സവത്തെ ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ വേദിയായി ഉൾപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

325 (737) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പ് ഷൊർണൂർ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതിയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ വെള്ളിനേഴി കലാഗ്രാമത്തിൽ ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് 2014-ൽ രണ്ടുകോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. (ഒരു കോടി രൂപ ടൂറിസം വകുപ്പ് ഫണ്ട്, ഒരു കോടി രൂപ ഷൊർണ്ണൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ലഭ്യമാക്കുന്നതിന് സാങ്കേതിക കാരണങ്ങൾ

നിലവിലുള്ളതിനാൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഒഴിവാക്കി ടൂറിസം വകുപ്പുതന്നെ മുഴുവൻ തുകയും വഹിക്കുന്നതിന് 2017-ൽ രണ്ട് കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ഡി.ടി.പി.സി.-ക്ക് നൽകിയിട്ടുണ്ട്.

(ബി) സാംസ്കാരിക സമുച്ചയത്തിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാവുകയും 5-3-2019-ന് ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ചുറ്റുമതിലിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

**തിരുവിതാംകൂർ ഹെറിറ്റേജ് ടൂറിസം പദ്ധതി**

326 (738) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്സരിസ് പദ്ധതി, തലശ്ശേരി ഹെറിറ്റേജ് പദ്ധതി എന്നിവ നടപ്പിലാക്കിയ രീതിയിൽ തിരുവിതാംകൂർ ഹെറിറ്റേജ് ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിന് ആകെ എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നു; ഇക്കാര്യത്തിനായി കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ചുമതലപെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്. തിരുവിതാംകൂർ ടൂറിസം ഹെറിറ്റേജ് പദ്ധതിക്കായുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (Expression of Interest)- ന് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോജക്ടിനായി കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രോജക്ടിന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരം ഈ ഘട്ടത്തിൽ കണക്കാക്കിയിട്ടില്ല.

**പാപനാശം കടൽത്തീരവും കുന്നുകളും സംരക്ഷിക്കുന്നതിന് നടപടി**

327 (739) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രമായ പാപനാശം കടൽത്തീരവും കുന്നുകളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആയതിലേയ്ക്ക് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിശോധിക്കാവുന്നതാണ്.

(ബി) നിലവിൽ വിനോദസഞ്ചാര വകുപ്പ് പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

## വീരമലക്കുന്ന് ടൂറിസം പദ്ധതി

328 (740) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വീരമലക്കുന്ന് കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആരംഭിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പദ്ധതിക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചുവരുന്നു.

(ബി) റവന്യൂ വകുപ്പിൽനിന്നും സ്ഥലം ടൂറിസം വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്തുകിട്ടുന്നമുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച തീരുമാനമെടുക്കാവുന്നതാണ്.

## കെ.ടി.ഡി.സി. സ്റ്റാർ ഹോട്ടൽ

329 (741) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ്ഹില്ലിൽ കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ടി.ഡി.സി) സ്റ്റാർ ഹോട്ടൽ നിർമ്മിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റാർ ഹോട്ടൽ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കെ.ടി.ഡി.സി സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് സ്റ്റാർ ഹോട്ടൽ നിർമ്മിക്കുന്നതിനുവേണ്ടി SIHM ക്യാമ്പസിൽ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള 6.19 ഏക്കർ ഭൂമിയിൽ നിന്നും 1.19 ഏക്കർ നൽകണമെന്ന് കെ.ടി.ഡി.സി. അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി ടൂറിസം വകുപ്പിൽനിന്നുള്ള 1.19 ഏക്കർ സ്ഥലം കൈമാറി നൽകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## ലൈഫ് ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

330 (742) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല കാപ്പിൽ കടലിൽ കുളിക്കാനിറങ്ങുന്ന വിനോദസഞ്ചാരികൾ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ലൈഫ് ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) വർക്കല-കാപ്പിൽ മേഖലയിൽ കടലിൽ കുളിക്കാനിറങ്ങുന്ന വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം മുൻനിർത്തി നിലവിലുള്ള ലൈഫ് ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## കിറ്റ്സിലെ ജീവനക്കാർ

331 (743) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന് കീഴിലുള്ള കിറ്റ്സിൽ എത്ര സ്ഥിരം, താല്ക്കാലികം, കരാർ ജീവനക്കാർ ഉണ്ടെന്നുള്ള തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കിറ്റ്സിന്റെ നിലവിലെ ഡയറക്ടർക്കെതിരെ എത്ര വിജിലൻസ് കേസുകൾ ഉണ്ടെന്ന് വിശദമാക്കാമോ;

(സി) കിറ്റ്സിന്റെ നിലവിലെ ഡയറക്ടറെ അന്യത്ര സേവനത്തിൽ നിയമിച്ചതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും ലഭിച്ച റിപ്പോർട്ടുപ്രകാരം കിറ്റ്സിന്റെ നിലവിലെ ഡയറക്ടർക്കെതിരെ ആറ് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

## വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ ജോലി

332 (744) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന എത്ര പേരെയാണ് സ്ഥിരപ്പെടുത്തിയത്; അവരുടെ പേര്, വകുപ്പ്, സ്ഥാപനത്തിന്റെ പേര്, ശമ്പള സ്കെയിൽ, സ്ഥിരപ്പെടുത്തിയ തസ്തിക, തീയതി എന്നിവ വ്യക്തമാക്കുമോ; നിലവിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന എത്ര പേരുടെ അപേക്ഷയാണ് സ്ഥിരപ്പെടുത്തുന്നതിനായി ലഭിച്ചിട്ടുള്ളത്; അതിന്റെ വിശദാശംങ്ങൾ ലഭ്യമാക്കുമോ;

(ബി) വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖാന്തരമല്ലാതെ സ്ഥിര നിയമനം നടത്തുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഈ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥിര നിയമനം നടത്തുമ്പോൾ അതേ സ്ഥാപനങ്ങൾ തന്നെയാണോ അതോ മറ്റ് ഏതെങ്കിലും സ്ഥാപനത്തിനു പുറം കരാർ നൽകിയാണോ നിയമനം നടത്തുന്നത്; വിനോദ സഞ്ചാര വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ സ്ഥിരം നിയമനം നടത്തിന്നതിന് എഴുത്തു പരീക്ഷ, അഭിമുഖം എന്നിവ നടത്തുന്നതുമായി ബന്ധപ്പെട്ട് കരാർ നല്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇവർ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ ജോലി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്തുവന്നിരുന്നവരിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

കിറ്റ്സ്, മലയാറ്റൂർ സെന്ററിലെ കരാർ അടിസ്ഥാനത്തിൽ അനുവദിച്ച പ്രിൻസിപ്പാൾ, ലക്ചറർ, അക്കൗണ്ട്സ് ക്ലർക്ക്, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ നൽകിയിട്ടുണ്ട്.

കെ.റ്റി.ഡി.സി.-യുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാനപ്രകാരം 158 other category-യും 2 മാനേജർ കാറ്റഗറിയും സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ നിയമന രീതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. <u>കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്</u>

ആകെ അനുവദിക്കപ്പെട്ടിട്ടുള്ള 9 തസ്തികകളിൽ സർക്കാർ ഉത്തരവിനനുസൃതമായി നേരിട്ടുള്ള നിയമനമാണ് നടത്തിയിട്ടുള്ളത്. ഇവ കെ.ടി.ഐ.എൽ. നേരിട്ടാണ് നടത്തിയിട്ടുള്ളത്. നിലവിൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ അടക്കമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപീകരിച്ച കരട് സ്പെഷ്യൽ റൂൾ സർക്കാർ പരിശോധിച്ചുവരുന്നു.

2. <u>കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.റ്റി.ഡി.സി.)</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.റ്റി.ഡി.സി.-ൽ സ്ഥിരനിയമനം നടത്തുന്നതിന് എഴുത്തു പരീക്ഷ, അഭിമുഖം എന്നിവ നടത്തുന്നതുമായി ബന്ധപ്പെട്ട് ആർക്കും കരാർ നൽകിയിട്ടില്ല.

3. <u>ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.)</u>

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ പി.എസ്.സി. മുഖാന്തരമല്ല സ്ഥിരനിയമനം നടത്തുന്നത്. സ്ഥിരനിയമനങ്ങൾ നടത്തുമ്പോൾ ബി.ആർ.ഡി.സി. നേരിട്ടാണ് എഴുത്തുപരീക്ഷ, അഭിമുഖം എന്നിവ നടത്തുന്നത്.

4. <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)</u>

വിനോദസഞ്ചാര വകുപ്പിനുകീഴിലുള്ള കിറ്റ്സിൽ സർക്കാർ അംഗീകരിച്ച

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർവ്വീസ് റൂൾസ് അനുസരിച്ച്, നിയമന നടപടികൾ ആരംഭിക്കുവാനുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന്, നിയമനങ്ങൾ പത്രപരസ്യം മുഖേന നേരിട്ട് അപേക്ഷ ക്ഷണിക്കുകയും തുടർന്ന് എഴുത്തുപരീക്ഷ, കൂടിക്കാഴ്ച എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സെലക്ഷൻ ലിസ്റ്റ് കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടും സർക്കാരിന്റെ അനുവാദവും നേടിയതിനുശേഷമാണ് നിയമനം നൽകുന്നത്. കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് നിയമനവുമായി സംബന്ധിച്ച എഴുത്തുപരീക്ഷയുടെ നടത്തിപ്പിന്റെ പുറം കരാർ നൽകുന്നത് നിശ്ചയിക്കുന്നത്. 2014 മുതൽ ഇതുവരെ നടത്തിയ റിസപ്ഷനിസ്റ്റ് കം ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ക്ലർക്ക്, ഡ്രൈവർ എന്നീ തസ്തികകളിലേയ്ക്കുള്ള എഴുത്തുപരീക്ഷ നടത്തിയത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.എച്ച്.എം.സി.റ്റി. കോവളമാണ്. മേൽപ്പറഞ്ഞ എല്ലാ തസ്തികകളിലേയ്ക്കുമുള്ള ഇന്റർവ്യൂ നടത്തിയത് ഇക്കാര്യത്തിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയാണ്.

5. ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റിയിൽ ഒഴിവുള്ള തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നത് സർക്കാർ അംഗീകൃത ഏജൻസിയായ IHMCT, KITTS മുതലായ സ്ഥാപനങ്ങൾ വഴിയാണ്. സർക്കാർ അനുമതിയോടുകൂടിയാണ് ടി ഏജൻസികൾ വഴി നിയമനം നടത്തുന്നത്. ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നിയമനങ്ങൾ ഒന്നുംതന്നെ നടന്നിട്ടില്ല.

6. കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്

കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിട്ടില്ല. ഗവേണിംഗ് ബോഡി നിർദ്ദേശങ്ങൾ അനുസരിച്ചാണ് നിയമന രീതിയും ഏജൻസികളെയും തീരുമാനിക്കുന്നത്.

7. ടൂറിസം വകുപ്പ് (എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ)

വിനോദസഞ്ചാര വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ ഗസ്റ്റ് ഹൗസുകളിലും മന്ത്രി മന്ദിരങ്ങളിലും സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, കിച്ചൺമേട്ടി, സ്വീപ്പർ കം സാനിട്ടേഷൻ വർക്കർ എന്നീ തസ്തികകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറേറ്റുകൾ മുഖേനയും പാർട്ടൈം തസ്തികകളിൽ അതാത് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയും നിയമനം നടത്തുന്നു. പുറംകരാർ നൽകിയുള്ള നിയമനം നടത്തുന്നില്ല.

## ഐ.പി.എൽ. വള്ളംകളി

333 (745) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.പി.എൽ. വള്ളംകളി മത്സര വേദിയായി മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവിനെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2019-ലെ ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളി മത്സരത്തിന്റെ വേദിയായി കണ്ടശ്ശാംകടവിനെ പരിഗണിച്ചിട്ടില്ല.

## പുഴയോര ടൂറിസം പദ്ധതിയായ ട്രയാങ്കിൾ ടൂറിസം

334 (746) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം, വള്ളിക്കുന്ന്, ചേലേമ്പ്ര ഗ്രാമപഞ്ചായത്തുകളിലെ പുഴയോര ടൂറിസം പദ്ധതിയായ ട്രയാങ്കിൾ ടൂറിസം ഒന്നാംഘട്ട പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരും ജില്ലാതല ടൂറിസം പ്രമോഷൻ കൗൺസിൽ പ്രതിനിധികളും ടെക്നിക്കൽ ഏജൻസിയായ ജി പാക്ക് പ്രതിനിധികളും പുഴയോരം സന്ദർശിച്ചിരുന്നുവോ; സന്ദർശക സംഘം പദ്ധതി സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; വിശദവിവരം നൽകാമോ;

(ഡി) കണ്ടൽകാടിനെ സംരക്ഷിച്ചുകൊണ്ട് പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) പദ്ധതി സംബന്ധിച്ച് വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടില്ല.

(ബി&സി) നിവേദനം ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥരും ആർക്കിടെക്ടും അടങ്ങുന്ന സംഘം സ്ഥലം സന്ദർശിക്കുകയുണ്ടായി. പദ്ധതി സംബന്ധിച്ച റിപ്പോർട്ട് ഉദ്യോഗസ്ഥർ സമർപ്പിച്ചിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്ഥലലഭ്യത സംബന്ധിച്ച വിശദാംശം സമർപ്പിക്കാൻ വള്ളിക്കുന്ന്, തേഞ്ഞിപ്പാലം എന്നീ പഞ്ചായത്ത് സെക്രട്ടറിമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സ്ഥലലഭ്യതയുൾപ്പെടെ പരിശോധിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്.

**ടൂറിസം വകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ**

335 (747) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൽപ്പറ്റ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ ; ആയതിന്റെ പട്ടിക ലഭ്യമാക്കാമോ;

(സി) ഇതിൽ എത്ര പദ്ധതികൾ ആരംഭിച്ചുവെന്നും പൂർത്തീകരിച്ച പദ്ധതികളെത്രയെന്നും നിലവിൽ എത്ര പദ്ധതികൾ ആരംഭിക്കാനുണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളും പ്രവൃത്തികളും അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മൊത്തം 31,54,46,268 രൂപ (മുപ്പത്തിയൊന്ന് കോടി അമ്പത്തി നാല് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി ഇരുന്നൂറ്റി അറുപത്തി എട്ടു രൂപ) യുടെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ആയതിന്റെ പദ്ധതി തിരിച്ചുള്ള തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതിൽ നാല് പദ്ധതികൾ ആരംഭിച്ചു. നാല് പദ്ധതികൾ പൂർത്തീകരിച്ചു. അഞ്ച് പദ്ധതികൾ ആരംഭിക്കാനുണ്ട്.

## വയനാട് ജില്ലയിലെ ടൂറിസം മേഖല ശക്തിപ്പെടുത്താൻ നടപടി

336 (748) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ടൂറിസം മേഖല ശക്തിപ്പെടുത്താൻ നിലവിലെ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മാനന്തവാടി മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) വയനാട് ജില്ലയിലെ ടൂറിസം മേഖല ശക്തിപ്പെടുത്തുന്നതിന് വരുന്ന രണ്ട് വർഷക്കാലം സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു*.

(സി) വരുന്ന രണ്ട് വർഷക്കാലം വയനാട് ജില്ലയിലെ ടൂറിസം മേഖല ശക്തിപ്പെടുത്തുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

1. കാരാപ്പുഴ മെഗാ ടൂറിസം പദ്ധതി നാലാം ഘട്ടം
2. ചിങ്ങേരിയിലെ റോക്ക് അഡ്വഞ്ചർ ടൂറിസം വികസനം രണ്ടാംഘട്ടം
3. മാവിലാംതോട് പഴശ്ശിരാജാ സ്മാരകം തുടർവികസന പ്രവർത്തനങ്ങൾ
4. ഗ്രീൻ കാർപ്പറ്റ് പദ്ധതി മുഖേന ജീവനക്കാരുടെ പരിശീലനം, ടൂറിസം കേന്ദ്രങ്ങളുടെ ശുചീകരണം മുതലായവ
5. ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല സംരംഭകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുക വഴി മെച്ചപ്പെട്ട താമസസൗകര്യമൊരുക്കാനുള്ള നടപടി
6. മുനീശ്വരൻകോവിൽ ടൂറിസം വികസനം (സ്ഥലം ലഭിക്കുന്നതിനനുസൃതമായി)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

7. മേപ്പാടി ടാങ്ക് കുന്ന്, സീതമ്മക്കുണ്ട് ടൂറിസം കേന്ദ്രങ്ങളുടെ വികസനം (സ്ഥലം ലഭിക്കുന്ന മുറയ്ക്ക്)

8. സുൽത്താൻബത്തേരി ഗവൺമെന്റ് ഗസ്റ്റ് ഹൗസ് പഴയ കെട്ടിടത്തിന്റെ നവീകരണം.

9. മൗണ്ടൻ സൈക്ലിംഗ് അറ്റ് പ്രിയദർശിനി ടി എൻവിറോൺസ് മാനന്തവാടി, വയനാട്

10. വയനാട്ടിലെ ജൈന ക്ഷേത്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ജൈൻ തീർത്ഥാടന ടൂറിസം സർക്യൂട്ട് വികസനം

11. മാനികാവ് ക്ഷേത്രം തീർത്ഥാടന ടൂറിസം വികസനം

12. ഉത്തരവാദിത്ത ടൂറിസം അധിഷ്ഠിതമായ പദ്ധതികൾ

**കായലോര ടൂറിസം പദ്ധതി**

337 (749) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളത്ത് നടപ്പിലാക്കിയ കായലോര ടൂറിസം പദ്ധതികൾ തുടർന്ന് കൊണ്ടുപോകുന്നതിന് ഡി.റ്റി.പി.സി. യെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ കായലോര ടൂറിസം പദ്ധതികൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രസ്തുത പദ്ധതി സുഗമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) പരിശോധിക്കാവുന്നതാണ്.

**മലബാർ റിവർ ക്രൂയിസ് പദ്ധതി**

338 (750) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി അനുവദിച്ച ബോട്ട്ജെട്ടിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഓരോന്നിന്റെയും നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിവരങ്ങൾ

കണ്ണൂർ ജില്ലയിൽ ഭരണാനുമതി ലഭിച്ച 14 പദ്ധതികളിൽ 9 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. 3 പദ്ധതികളുടെ പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു. 2 പദ്ധതികളുടെ ടെണ്ടർ നടപടി പുരോഗമിക്കുന്നു.

സ്ഥലലഭ്യത ഉറപ്പുവരുത്താനായി പഞ്ചായത്ത്, നഗരസഭ പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലത്തിനുള്ള നിയന്ത്രിതാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിക്ക് ആവശ്യമായ CRZ ക്ലിയറൻസിനുവേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് ടൂറിസം വകുപ്പ് വർക്ക് ഓർഡർ നൽകുകയും CRZ clearance ലഭ്യമാകുന്നതുവരെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ നിർത്തിവയ്ക്കാൻ ഇൻലാന്റ് നാവിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) അനുവദിച്ച ഓരോ ജെട്ടി/ടെർമിനലുകളുടെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു.

<u>പയ്യന്നൂർ നിയോജകമണ്ഡലം</u>

1. പുന്നക്കടവ് ബോട്ട് ജെട്ടി - 60% പൂർത്തീകരിച്ചു.
2. മുക്കുവച്ചേരി ബോട്ട് ടെർമിനൽ - ടെണ്ടർ നടപടി പുരോഗമിക്കുന്നു.

<u>ധർമ്മടം നിയോജകമണ്ഡലം</u>

3. പാറപ്രം ബോട്ട് ടെർമിനൽ - 15% പൂർത്തീകരിച്ചു.
4. ചേരിക്കൽ ബോട്ട് ടെർമിനൽ - 10% പൂർത്തീകരിച്ചു.
5. ധർമ്മടം ബോട്ട് ടെർമിനൽ -55 % പൂർത്തീകരിച്ചു.
6. ചാമ്പാട് ബോട്ട് ജെട്ടി-ടെണ്ടർ നടപടി പുരോഗമിക്കുന്നു.

തളിപ്പറമ്പ് നിയോജകമണ്ഡലം

7. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - 75% പൂർത്തീകരിച്ചു.

കല്ല്യാശ്ശേരി നിയോജകമണ്ഡലം

8. പഴയങ്ങാടി ബോട്ട് ടെർമിനൽ - 95% പൂർത്തീകരിച്ചു.

കൂത്തുപറമ്പ് നിയോജകമണ്ഡലം

9. പെരിങ്ങത്തൂർ ബോട്ട് ജെട്ടി-നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

10. മോന്താൽ ബോട്ട് ജെട്ടി - 10% പൂർത്തീകരിച്ചു

11. കരിയാട് ബോട്ട് ടെർമിനൽ - നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു

തലശ്ശേരി നിയോജകമണ്ഡലം

12. പാത്തിക്കൽ ബോട്ട് ജെട്ടി - നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

13. കക്കടവ് ബോട്ട് ജെട്ടി & വാക്ക് വേ-40% പൂർത്തീകരിച്ചു

14. ബോട്ട് ജെട്ടി & വാക്ക് വേ അറ്റ് ന്യൂ മാഹി -60% പൂർത്തീകരിച്ചു.

**മണലൂർ മണ്ഡലത്തിലെ ഏനാമാവ് നെഹ്റു പാർക്ക്**

339 (751) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമാവ് നെഹ്റു പാർക്കിന്റെ വികസനത്തിനായി ഡി.റ്റി.പി.സി. തയ്യാറാക്കിയിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; അറിയിക്കുമോ;

(സി) ഈ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നെഹ്റു പാർക്കിന്റെ വികസനത്തിനായി പാർക്കിന്റെ നവീകരണം, കുട്ടികളുടെ പാർക്ക് നിർമ്മാണം, ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം എന്നിവയെല്ലാം ഉൾപ്പെടുത്തിയ പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്.

(ബി) പദ്ധതിയുടെ എസ്റ്റിമേറ്റ് തുക - 98,00,000 (തൊണ്ണൂറ്റിയെട്ട് ലക്ഷം) രൂപ.

(സി) ഉണ്ട്. നടപടിക്രമത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി&ഇ) ഈ പദ്ധതിക്കുള്ള സാങ്കേതികാനുമതി ലഭ്യമായാൽ മാത്രമേ ടെണ്ടർ നടപടി ആരംഭിക്കാനാവൂ. സാങ്കേതികാനുമതിക്കായുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ**

340 (752) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.-യുടെ കൈവശം നീക്കിയിരുപ്പായി എത്ര തുകയുണ്ട് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ബി.ആർ.ഡി.സി. തുടങ്ങുമ്പോൾ പ്രദേശവാസികളുടെ ഭൗതിക സാഹചര്യവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കോർപ്പറേഷൻ എത്ര കണ്ട് പ്രാവർത്തികമാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) താജ്-ഭാരത് റിസോർട്ടുകളെ ബന്ധിപ്പിക്കുന്നതും പ്രദേശവാസികൾ ഉപയോഗിക്കുന്നതുമായ കാപ്പിൽ-ബേവൂരി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് മേൽ നീക്കിയിരുപ്പിൽനിന്ന് തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബി.ആർ.ഡി.സി.-യുടെ) കൈവശം നീക്കിയിരുപ്പായി 216 ലക്ഷം രൂപയുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കാപ്പിൽ-ബേവൂരി റോഡ് ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ളതല്ല.

**അങ്കമാലി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

341 (753) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി നൽകിയതും പൂർത്തീകരിച്ചതുമായ അങ്കമാലി നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികളുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. Renovation of Prakrithigramam at Ezhattumugham – Rs.49,99,000 (Sanctioned Amount)
2. Tourist Facilitation at Kurishumudi Malayattor-Ernakulam-Sanctioned amount-2,30,00,000 (ഭാഗികമായി പൂർത്തീകരിച്ചു)

**നമ്പികുളം ഇക്കോ ടൂറിസം പദ്ധതി**

342 (754) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ നമ്പികുളം ഇക്കോടൂറിസം പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ കരാർ കാലാവധി അവസാനിക്കുന്നത് എപ്പോഴാണ്; പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രദേശത്തേക്കുള്ള റോഡ് നവീകരിക്കുന്നതിനായി ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പദ്ധതിയുടെ വാഹന പാർക്കിംഗ് പ്രദേശത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. എന്നാൽ കനത്ത മഴമൂലം പദ്ധതി പ്രദേശത്തേയ്ക്കുള്ള ചെറിയ വഴിയിലൂടെ നിർമ്മാണ സാമഗ്രികൾ എത്തിക്കാൻ പ്രയാസം നേരിടുന്നത് നിർമ്മാണ പ്രവൃത്തികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

(ബി) നിർമ്മാണപ്രവൃത്തിയുടെ കരാർ കാലാവധി കഴിഞ്ഞ മേയ് മാസത്തിൽ അവസാനിച്ചിരുന്നു. കാലാവധി നീട്ടി നൽകണമെന്ന നിർവ്വഹണ ഏജൻസിയായ കെ.ഇ.എൽ-ന്റെ അപേക്ഷ പരിഗണനയിലാണ്.

(സി) പ്രസ്തുത പ്രദേശത്തേയ്ക്കുള്ള റോഡ് നവീകരണത്തിനുള്ള നിർദ്ദേശം നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

**തേക്കടിയിൽ ഡി.ടി.പി.സി. ഫെസിലിറ്റേഷൻ സെന്റർ**

343 (755) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ വനംവകുപ്പിന്റെ അധീനതയിലുള്ള തേക്കടി ആനവച്ചാലിൽ ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള പാർക്കിംഗ് ഗ്രൗണ്ടിൽ ഡി.ടി.പി.സി. ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) തേക്കടി വിനോദസഞ്ചാരമേഖലയിൽ വാഹന പാർക്കിംഗ് പരിഷ്കരണവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള അനിശ്ചിതത്വം മറികടന്ന് വിനോദസഞ്ചാരികൾക്ക് മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനും ഈ മേഖലയിൽ ടൂറിസ്റ്റ് ടാക്സി ഉടമകളുടെയും തൊഴിലാളികളുടെയും ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലമായതിനാൽ പെരിയാർ ടൈഗർ റിസർവിനാണ് (PTR) ഇതിന്റെ നിർമ്മാണ ചുമതലയുള്ളത്. പാർക്കിംഗ് ഏരിയയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഫെസിലിറ്റേഷൻ സെന്റർ

ആരംഭിക്കുന്നതിനും ഈ മേഖലയിൽ ടൂറിസ്റ്റ് ടാക്സി ഉടമകളുടെയും തൊഴിലാളികളുടെയും ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കേണ്ടത് വനം വകുപ്പാണ്.

**പോത്തുണ്ടി ടൂറിസം പദ്ധതി**

344 (756) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തുണ്ടി ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ലാൻഡ്സ്കേപ്പിംഗ്, നടപ്പാത, ടോയ്‌ലറ്റ് ബ്ലോക്ക്, കിയോസ്ക്, കുട്ടികളുടെ കളി ഉപകരണങ്ങൾ, ഫെൻസിംഗ്, പ്രവേശന കവാടം എന്നിവയാണ് പൂർത്തീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി 2019 ഡിസംബർ മാസത്തിൽ പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ നടപടി സ്വീകരിച്ചുവരുന്നു.

**വളന്തകാട് ദ്വീപ് ടൂറിസം പദ്ധതി**

345 (757) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് വളന്തകാട് ദ്വീപ് കേന്ദ്രമാക്കി ഏതെങ്കിലും ടൂറിസം പദ്ധതിക്ക് ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ടി പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ടൂറിസം വകുപ്പ് ഡയറക്ടറുടെ 13-8-2019-ലെ പി1/7962/2019 നമ്പർ നടപടിക്രമം പ്രകാരം "പ്രൊവൈഡിംഗ് ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫോർ റെസ്പോൺസിബിൾ ടൂറിസം ആക്ടിവിറ്റീസ് അറ്റ് വളഞ്ഞുകാട് ഐലന്റ്" എന്ന പദ്ധതിക്കായി 99,90,682 (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറായിരത്തി അറുന്നൂറ്റി എൺപത്തിരണ്ട്) രൂപയുടെ ഭരണാനുമതി നൽകുകയും തുടർനടപടികൾ പുരോഗമിച്ചുവരികയുമാണ്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**പുളിമാത്ത് കടലുകാണിപ്പാറ**

346 (758) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് കടലുകാണിപ്പാറയിൽ വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ബി) വികസന പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് കടലുകാണിപ്പാറയിൽ സഞ്ചാരികൾക്ക് ലഭ്യമാകുക;

(സി) എത്ര രൂപയാണ് വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ളത്?

<u>ഉത്തരം</u>

(എ&ബി) കടലുകാണിപ്പാറ ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, പ്രകാശ സംവിധാനം, ജലവിതരണം മുതലായവയ്ക്കുപുറമെ ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചർ പ്രവൃത്തികൾ, കുട്ടികൾക്കായുള്ള കളിക്കോപ്പ് ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിവയാണ് ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ. ഇതുകൂടാതെ മറ്റ് സുരക്ഷാ സൗകര്യങ്ങളും പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 1,87,09,064 (ഒരു കോടി എൺപത്തിയേഴ് ലക്ഷത്തി ഒമ്പതിനായിരത്തി അറുപത്തിനാല് രൂപ മാത്രം) രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## മൂന്നാറിൽ ട്രെയിൻ സംവിധാനം പുനരാവിഷ്കരിക്കുന്നതിനുള്ള പദ്ധതി

347 (759) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ മൂന്നാറിൽ മുൻപുണ്ടായിരുന്ന ട്രെയിൻ സംവിധാനം പുനരാവിഷ്കരിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും അവശേഷിക്കുന്ന നടപടികളും വിശദമാക്കാമോ?

ഉത്തരം

(എ&ബി) പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ മൂന്നാർ ടൂറിസം ട്രെയിൻ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള തീരുമാനം തത്വത്തിൽ കൈക്കൊണ്ടിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾക്കായി 7-6-2019-ന് ചേർന്ന യോഗത്തിൽ പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള സ്ഥലം റവന്യൂ, ടൂറിസം, ടാറ്റ, റെയിൽ കോർപ്പറേഷൻ ലിമിറ്റഡ്, കെ.ടി.ഐ.എൽ. എന്നിവയിലെ ഉദ്യോഗസ്ഥരടങ്ങിയ ഒരു സംഘം സന്ദർശിച്ച് റിപ്പോർട്ട് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന ഭൂമി നിലവിൽ ടാറ്റ ഗ്രൂപ്പ്/കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ കൈവശമായതിനാൽ പദ്ധതിയിൽ പങ്കാളിയാകാനുള്ള അവരുടെ താല്പര്യം അറിയിക്കാനും ആവശ്യപ്പെട്ടിരുന്നു. പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനായി ടൂറിസം ഡയറക്ടർ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## ചാത്തന്നൂർ മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

348 (760) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ ഏതെല്ലാമെന്നും പൂർത്തിയാകാത്തവയുണ്ടെങ്കിൽ അവയുടെ നിലവിലെ അവസ്ഥയെന്തെന്നും വിശദമാക്കാമോ;

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ടൂറിസം സാധ്യതകൾ ഉള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ &ബി)

1. ആദിച്ചനല്ലൂർ ചിറയുടെ വികസനം ബാലൻസ് വർക്ക് - 8.90 ലക്ഷം - പദ്ധതി പൂർത്തീകരിച്ചു.

2. പരവൂർ പൊഴീക്കര ബീച്ചിന്റെ വികസനം-200 ലക്ഷം രൂപ-പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമിച്ചുവരികയുമാണ്. നിലവിൽ ബോട്ട് ലാന്റിംഗിനുള്ള സൗകര്യങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പയിൽ കാസ്റ്റിംഗ് ചെയ്തിട്ടുണ്ട്. ബാക്കി അനുബന്ധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതി ഘടകങ്ങൾ -

a) വാക്ക് വേ, ഗ്യാലറിയുടെ നിർമ്മാണം, സിറ്റിംഗ് ഏരിയ
b) പഠിപ്പുരയുടെ നിർമ്മാണം
c) ബോട്ട് ലാന്റിംഗിനുള്ള സൗകര്യങ്ങൾ
d) ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റെയും സൺസെറ്റ് വ്യൂ പോയിന്റിന്റെയും നിർമ്മാണം
e) ടോയ്‌ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം

(സി) നിലവിൽ പുതിയ പദ്ധതികൾ പരിഗണനയിലില്ല.

**പീരുമേട്ടിലെ വിനോദസഞ്ചാര പദ്ധതികൾ**

349 (761) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് പീരുമേട് നിയോജകമണ്ഡലത്തിൽ നിന്നും 2019-20 വർഷത്തിലെ ബജറ്റിൽ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-ll മരാമത്തുപണികളുടെ വിശദവിവരങ്ങൾ വാല്യം-ll ൽ ഉൾപ്പെട്ടിട്ടുള്ള വിനോദസഞ്ചാരപദ്ധതികൾ നടപ്പാക്കുന്നതിനായി

സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

ഈ വിഷയവുമായി ബന്ധപ്പെട്ട ഏഴ് പദ്ധതികളാണ് ബഡ്ജറ്റ് എസ്റ്റിമേറ്റുകളിൽ പരാമർശിച്ചിട്ടുള്ളത്. നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

## കുറ്റിപ്പുറം നിള പാർക്ക് നവീകരണം

350 (762) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം നിളപാർക്ക് നവീകരിക്കുന്നത് സംബന്ധിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് സമീപത്തുള്ള സ്ഥലത്ത് നിളയോരം പദ്ധതി വ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലിന് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി നിള പാർക്ക് നവീകരിക്കുന്നതിന് ബൃഹത്തായ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റിപ്പുറം നിളയോരം പാർക്ക് നവീകരിക്കുന്നതിനായി "Revitalization of Nilayoram Park" എന്ന ടൂറിസം പദ്ധതിക്കായി മലപ്പുറം ഡി.റ്റി.പി.സി.-യുടെ മേൽനോട്ടത്തിൽ ജില്ലാ നിർമ്മിതി കേന്ദ്രം നിർമ്മാണപ്രവൃത്തികൾ നടത്തിവരികയാണ്. ടി പ്രവൃത്തികളുടെ 20% പൂർത്തിയായിട്ടുണ്ട്.

(ബി&സി) നിലവിലെ പദ്ധതി പൂർത്തിയായശേഷം ബൃഹത്തായ പദ്ധതിയുടെ സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വിനോദസഞ്ചാര യാത്രകൾക്ക് പുതിയ വാഹനം**

351 (763) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിരപ്പിള്ളി-വാഴച്ചാൽ-തുമ്പൂർമൂഴി ടൂറിസം മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള ജംഗിൾ സഫാരി, മഴയാത്ര തുടങ്ങിയ വിവിധ വിനോദസഞ്ചാര യാത്രകൾക്ക് പുതിയ വാഹനം അനുവദിച്ച് നൽകുന്നതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

നിലവിൽ വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലില്ല.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ റിവർ ക്രൂയിസ് പദ്ധതികൾ**

352 (764) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയിലും സ്വദേശ് ദർശൻ പദ്ധതിയിലും ഉൾപ്പെടുത്തി നടത്തുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഉത്തരം

- മലനാട് റിവർ ക്രൂയിസ് ടൂറിസം സംസ്ഥാന പദ്ധതിയിൽപ്പെട്ട പഴയങ്ങാടി ബോട്ട് ടെർമിനൽ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. 95 ശതമാനം നിർമ്മാണവും പൂർത്തീകരിച്ചതായി നിർവ്വഹണ ഏജൻസിയായ ഉൾനാടൻ ജലഗതാഗത വകുപ്പ് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ സ്ഥല ലഭ്യതയ്ക്കുള്ള മാടായി പഞ്ചായത്ത് റെസല്യൂഷൻ ലഭിച്ചിട്ടുണ്ട്. നിയന്ത്രിതാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- സ്വദേശ് ദർശൻ സ്കീം - മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ജെട്ടി/ടെർമിനൽ എന്നിവയുടെ നിർവ്വഹണ ഏജൻസി ഉൾനാടൻ ജലഗതാഗത വകുപ്പും മറ്റ് അനുബന്ധ പ്രവൃത്തികൾ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)-മാണ് ഏറ്റെടുത്തിട്ടുള്ളത്.

- ഡി.പി.ആർ. പ്രകാരം പഞ്ചായത്ത്/പൊതുസ്ഥലങ്ങളിലാണ് മിക്ക പ്രവൃത്തികളും വിഭാവനം ചെയ്തതെങ്കിലും യഥാർത്ഥത്തിൽ പദ്ധതികളിലെ പല ഘടകങ്ങളും സ്വകാര്യ സ്ഥലത്തുംകൂടി ഉൾപ്പെടുന്നതായി ബോധ്യപ്പെടുകയുണ്ടായി. മാട്ടൂൽ പഞ്ചായത്തിൽ തെക്കമ്പാട് പ്രദേശത്തെ 2.5 കി.മീ. സ്ഥലം അമ്പതോളം സ്വകാര്യ വ്യക്തികളുടെ റീലിങ്ക്വിഷ്മെന്റ് വേണ്ടി വരുന്നതിനാലും ടി പ്രദേശത്ത് റീ സർവ്വേ നടക്കാത്തതിനാലും സ്ഥലം സബ് ഡിവിഷൻ ചെയ്ത് ബൗണ്ടറി തിട്ടപ്പെടുത്താൻ കഴിയാത്തതിനാൽ സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ് വകുപ്പ് സർവ്വേ നടത്തി അളന്ന് തിട്ടപ്പെടുത്താൻ വില്ലേജ് ഓഫീസർ ആവശ്യപ്പെടുകയുണ്ടായി. അതിൻപ്രകാരം ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സർവ്വേ നടപടികൾ പുരോഗമിച്ചുവരികയാണ്.

- പദ്ധതിയുടെ സ്ഥല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്ഥലം സംബന്ധിച്ച നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന് നൽകിക്കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് പ്രമേയങ്ങൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളിൽനിന്നും ലഭിച്ചിട്ടുണ്ട്. ലഭ്യമായ പഞ്ചായത്ത് ഭരണസമിതി പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ആവശ്യമായ സ്ഥലത്തിനുള്ള നിയന്ത്രിതാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- പട്ടുവം പഞ്ചായത്തിലെ മംഗലശ്ശേരി ബോട്ട് ടെർമിനൽ ആൻഡ് മുതുകട ബോട്ട് ജെട്ടി, ചെറുകുന്ന് പഞ്ചായത്തിലെ താവം ബോട്ട് ജെട്ടി, മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ നോർത്ത് ബോട്ട് ജെട്ടി, മാട്ടൂൽ സൗത്ത് ബോട്ട് ജെട്ടി ആൻഡ് തെക്കമ്പാട് ബോട്ട് ടെർമിനൽ എന്നിവയ്ക്കുള്ള പഞ്ചായത്ത് പ്രമേയം ലഭിച്ചിട്ടുണ്ട്. മടക്കര ബോട്ട് ജെട്ടി സ്ഥലം ആർക്കിടെക്ട് സ്ഥലലഭ്യത ഉറപ്പുവരുത്തി വേർതിരിക്കേണ്ടതുണ്ട്.

- ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽ ബോട്ട് ജെട്ടി ആൻഡ് ചെറുകുന്ന് ബോട്ട് ജെട്ടി, മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ നോർത്ത് ബോട്ട് ജെട്ടി എന്നിവിടങ്ങളിൽ സ്വകാര്യ സ്ഥലം റീലിങ്ക്വിഷ്മെന്റ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ആയതിന്റെ സർവ്വേ നടപടികൾ നടന്നുവരികയാണ്.
- കേന്ദ്ര/സംസ്ഥാന മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിക്ക് ആവശ്യമായ CRZ ക്ലിയറൻസിനുവേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് (KSINC) ടൂറിസം വകുപ്പ് വർക്ക് ഓർഡർ നൽകുകയും CRZ Clearance ലഭ്യമാകുന്നതുവരെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ നിർത്തിവയ്ക്കാൻ ഇൻലാന്റ് നാവിഗേഷൻ വകുപ്പിന് ടൂറിസം വകുപ്പ് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## കക്കാടംപൊയിൽ ടൂറിസം വില്ലേജ്

353 (765) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര സാധ്യതയുള്ള ഒരു പ്രദേശം ടൂറിസം വില്ലേജായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കയാണെന്ന് വിശദമാക്കുമോ;

(ബി) ടൂറിസം വില്ലേജായി പ്രഖ്യാപിച്ചാലുള്ള ഗുണഫലങ്ങൾ എന്തൊക്കയാണെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിലെ കക്കാടംപൊയിൽ ഗ്രാമം ടൂറിസം വില്ലേജായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) കക്കാടംപൊയിലിനെ ടൂറിസം വില്ലേജായി പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശം ടൂറിസം വില്ലേജായി പ്രഖ്യാപിക്കുന്ന നടപടിക്രമങ്ങൾ വകുപ്പിൽ നിലവിലില്ല. എന്നാൽ ടൂറിസം

കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്ന നടപടിക്രമങ്ങൾ നിലവിലുണ്ട്. ഓരോ പ്രദേശത്തെയും ടൂറിസം സാധ്യതകളുടെയും പ്രസ്തുത സ്ഥലത്ത് സഞ്ചാരികൾക്ക് എത്തിച്ചേരാനുള്ള ഗതാഗത സാധ്യതയും കണക്കിലെടുത്ത് ടൂറിസം സാധ്യതാപഠനം നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടർ ആൻഡ് ചെയർമാൻ ഡി.റ്റി.പി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ടൂറിസം പ്രദേശങ്ങളുടെ സാധ്യതാപഠനം നടത്തി റിപ്പോർട്ട് വകുപ്പിൽ ലഭിക്കുന്നമുറയ്ക്ക് ടി പ്രദേശത്തെ ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനായി നിലവിലുള്ള മാർഗ്ഗനിർദ്ദേശപ്രകാരം നടപടി സ്വീകരിക്കും. ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ ടി സ്ഥലത്തിന്റെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുകയും അതിലൂടെ തദ്ദേശവാസികൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും.

(സി&ഡി) ഇതുസംബന്ധിച്ച് ശിപാർശകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

**നെല്ലിയാമ്പതിയിലെ ടൂറിസം സാധ്യതകൾ**

354 (766) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതിയിലെ ടൂറിസം സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം സാധ്യതകളാണുള്ളതെന്ന് വിശദമാക്കുമോ ;

(ബി) നെല്ലിയാമ്പതിയിൽ ടൂറിസം വകുപ്പിന് എത്ര ഏക്കർ ഭൂമിയാണ് കൈമാറി കിട്ടിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ടൂറിസം വികസനത്തിന് ഏറെ സാധ്യതയുള്ള നെല്ലിയാമ്പതിയിൽ അടിയന്തരമായി ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; നിലവിൽ ഇതുസംബന്ധിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) നെല്ലിയാമ്പതി വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശമായതിനാൽ ടൂറിസം സാധ്യതകളെ സംബന്ധിച്ച് ടൂറിസം വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) നെല്ലിയാമ്പതിയിൽ ടൂറിസം വകുപ്പിന് 25 ഏക്കർ ഭൂമിയാണ് കൈമാറി കിട്ടിയിട്ടുള്ളത്.

(സി) ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 25 ഏക്കർ സ്ഥലത്താണ് ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടി സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ പാലക്കാട് ഡി.ടി.പി.സി. മുഖേന നടത്തുകയുണ്ടായി. നെല്ലിയാമ്പതി സന്ദർശിക്കുന്ന സഞ്ചാരികൾക്ക് ആവശ്യമായ താമസസൗകര്യം നിലവിലില്ല. ആയതിനാൽ ടി സ്ഥലത്ത് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി ടൂറിസം വകുപ്പിന്റെ പരിഗണനയിലുണ്ട്. ഇതിനായി വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നാട്ടിക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

355 (767) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസവുമായി ബന്ധപ്പെട്ട് നാട്ടിക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളേതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നാട്ടിക ബീച്ച് ഡെവലപ്മെന്റ് പ്രോജക്ട് എന്ന പദ്ധതിയാണ് ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ചത്.

(ബി) ഈ പദ്ധതിക്കായി ഒരു കോടി രൂപയാണ് അനുവദിച്ചത്.

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**കോവളത്തെ വികസന പ്രവർത്തനങ്ങൾ**

356 (768) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ടൂറിസം ഭൂപടത്തിൽ ശ്രദ്ധേയമായ സ്ഥാനമുള്ള കോവളത്ത് സീസൺ ആരംഭിച്ച ശേഷവും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതു മൂലം ടൂറിസ്റ്റുകൾ ബുദ്ധിമുട്ടുന്നുവെന്നത് വസ്തുതയല്ലേ;

(ബി) കോവളത്ത് ഇരുപത് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(സി) ശേഷിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഇവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വകുപ്പ് പ്രത്യേക ശ്രദ്ധ നൽകിവരുന്നു. അടിസ്ഥാന ആവശ്യങ്ങളായ വെള്ളം, ലൈറ്റിംഗ് സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി മുഖേന 14 കോടി രൂപയുടെ വാട്ടർ സപ്ലൈ പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്. കൂടാതെ കോവളം ബീച്ച് മേഖലയിലെ പ്രകാശ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി 1,24,62,791 (ഒരു കോടി ഇരുപത്തിനാല് ലക്ഷത്തി അറുപത്തിരണ്ടായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കെൽട്രോൺ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്നീ ഏജൻസികൾ മുഖേനയാണ് പ്രസ്തുത പദ്ധതികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൂർത്തീകരിച്ചിട്ടുള്ളത്. കൂടാതെ വിനോദസഞ്ചാരികൾക്കായി ബാത്ത്റൂം, ടോയ്‌ലറ്റ് സൗകര്യങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ, സി.സി.റ്റി.വി. സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

കോവളത്ത് ടൂറിസ്റ്റുകൾക്ക് നിലവിലുള്ള സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഡെസ്റ്റിനേഷൻ ഡെവലപ്‌മെന്റ് ഓഫ് കോവളം ഫേസ്-I സമുദ്രപാർക്ക് ഏരിയ ആൻഡ് ഗ്രോവ് ബീച്ച് ഏരിയ എന്ന പദ്ധതിക്ക് 9,90,00,000 (ഒൻപത് കോടി തൊണ്ണൂറ് ലക്ഷം രൂപ മാത്രം) രൂപയുടെയും ഡെസ്റ്റിനേഷൻ ഡെവലപ്‌മെന്റ് ഓഫ് കോവളം ഫേസ്-II ഈവ് ബീച്ച് ടു ലൈറ്റ് ഹൗസ് ബീച്ച് പദ്ധതിക്ക് 9,95,00,000 (ഒൻപത് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## കാലടിയിൽ ടൂറിസം പദ്ധതി

357 (769) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിശങ്കരന്റെ ജന്മസ്ഥലമായ കാലടിയുടെ ശോചനീയാവസ്ഥ ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തുന്ന കാലടിയുടെ അന്തർദ്ദേശീയ പ്രാധാന്യം കണക്കിലെടുത്ത് കാലടി പെരിയാറിന്റെ തീരത്തെ മുതലക്കടവും ബലിമണ്ഡപവും നടപ്പാതയും യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അങ്കമാലി നിയമസഭാംഗം നൽകിയ കത്തിൻപ്രകാരം ടൂറിസം വകുപ്പ്

പദ്ധതി രൂപീകരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ജിറ്റ്പാക് ഇതിന്റെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) ആദിശങ്കരന്റെ ജന്മസ്ഥലമായ കാലടിയുടെ അന്തർദേശീയ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ അവിടത്തെ ടൂറിസം സാധ്യതകൂടി കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികൾ ടൂറിസം വകുപ്പിന്റെ പരിഗണനയിലാണ്.

(സി) പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ അനുമതിപത്രം (പെർമിസ്സീവ് സാംഗ്ഷൻ) ടൂറിസം വകുപ്പിന് ലഭിക്കുന്നമുറയ്ക്ക് ഇതിന്മേൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) "കാലടി-മലയാറ്റൂർ-അതിരപ്പള്ളി ടൂറിസം സർക്യൂട്ട്" എന്ന മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രവൃത്തികൾ നടന്നുവരുന്നു.

**ആർട്ടേറിയ പെയിന്റിംഗിന് പുതുജീവൻ നൽകാൻ നടപടി**

358 (770) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയെ മനോഹരമാക്കുന്നതിന് ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ 2015 ൽ പൊതുസ്ഥാപനങ്ങളുടെ ഭിത്തിയിൽ ആർട്ടേറിയ പെയിന്റിംഗ് നടത്തിയിരുന്നോ;

(ബി) പ്രസ്തുത പെയിന്റിംഗുകൾ കാലപ്പഴക്കം കൊണ്ട് പൊടിപിടിച്ചും മങ്ങിയ അവസ്ഥയിലും ആയതിനാൽ അവയ്ക്ക് പുതുജീവൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർട്ടേറിയ പെയിന്റിംഗ് നടത്തിയിരുന്നു.

(ബി) പരിശോധിക്കുന്നതാണ്.

**ദേവസ്വം ബോർഡുകൾക്ക് ധനസഹായം**

359 (771) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾക്ക് 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര കോടി രൂപയുടെ ധനസഹായമാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) അതിൽ എത്ര കോടി രൂപയാണ് നാളിതുവരെ കൈമാറിയിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രഖ്യാപിച്ച തുക കൈമാറിയിട്ടില്ലെങ്കിൽ കാരണങ്ങളെന്തെന്ന് വ്യക്തമാക്കുമോ;

(സി) ദേവസ്വം ബോർഡുകൾ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രഖ്യാപിച്ച തുക കൈമാറണമെന്നാവശ്യപ്പെട്ട് ദേവസ്വം ബോർഡുകൾ കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കത്തുകൾ നൽകിയ തീയതി വിശദമാക്കുമോ?

ഉത്തരം

(എ) 2019-2020 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് 100 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 739 കോടി രൂപയിൽ 200 കോടി രൂപ റോഡ് നിർമ്മാണ അറ്റകുറ്റപ്രവൃത്തികൾക്കും കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന പമ്പ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, നിലയ്ക്കലെ വെഹിക്കിൾ പാർക്കിംഗ്, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിലെ വിരിപന്തൽ, എരുമേലി, പമ്പ എന്നിവിടങ്ങളിലെ ഇടത്താവളം, റാന്നിയിലെ വാഹനപാർക്കിംഗ് തുടങ്ങിയ ഏഴ് പദ്ധതികൾക്ക് 141.75 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് 28 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് ആകെ 38.1 കോടി രൂപയും കൊച്ചിൻ ദേവസ്വത്തിനും മലബാർ ദേവസ്വത്തിനുംകൂടി 36 കോടി രൂപയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് 30 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് 16.1 കോടി രൂപയും നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 5-5-2019-ലും 10-6-2019-ലും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കത്ത് നൽകിയിട്ടുണ്ട്.

**ചിറങ്ങരയിൽ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം**

360 (772) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചിറങ്ങരയിൽ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം അനുവദിച്ചിട്ടും ആയത് ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഇടത്താവളം ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിൽ ഒരു ഇടത്താവളം നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ഭൂമി കൈമാറിക്കൊണ്ടുള്ള എൻ.ഒ.സി. കൊച്ചിൻ ദേവസ്വം ബോർഡ് നാളിതുവരെ സമർപ്പിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി അനുമതി ഉത്തരവ് ലഭ്യമാക്കുന്നമുറയ്ക്ക് പ്രസ്തുത ഇടത്താവളം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക**

361 (773) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള സി, ഡി ഗ്രേഡുകളിലുള്ള ചെറുകിട ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ക്ഷേത്രങ്ങളിൽ നിന്ന് വേണ്ടത്ര വരുമാനമില്ലാത്തതിനാൽ പത്തുവർഷം മുമ്പുള്ള ശമ്പളപരിഷ്കരണ പ്രകാരമുള്ള

ശമ്പളം പോലും ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരമുള്ള ക്ഷേത്രങ്ങളിലെ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ ; ഇപ്രകാരം കണക്ക് സമർപ്പിച്ച ക്ഷേത്രങ്ങൾക്ക് സർക്കാരിൽ നിന്ന് കുടിശ്ശിക വിതരണം ചെയ്യാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ചെറുകിട ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളകുടിശ്ശിക ഉടൻ അനുവദിച്ച് അവരുടെ ദുരിതം പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ-സി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ക്ഷേത്ര വരുമാനം തികയാതെവരുന്ന സാഹചര്യത്തിൽ മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽനിന്നും ശമ്പള ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും ശമ്പള ധനസഹായം ലഭിക്കുന്നതിനുള്ള വരുമാനപരിധി 15 ലക്ഷം രൂപയിൽനിന്നും 20 ലക്ഷം രൂപയായി ഉയർത്തി 3-9-2019-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളോരോന്നും സ്വതന്ത്ര യൂണിറ്റുകളായി ക്ഷേത്രഭരണം ട്രസ്റ്റിമാരുടെ നിയന്ത്രണത്തിലാണ്. ക്ഷേത്ര ഭരണം നേരിട്ട് നടത്തുന്ന ട്രസ്റ്റിമാർ ക്ഷേത്രക്കണക്കുകൾ യഥാസമയം തയ്യാറാക്കുന്നതിൽ വീഴ്ചവരുത്തുന്ന സാഹചര്യത്തിലും ക്ഷേത്രക്കണക്കുകളിൽ കൃത്രിമത്വം ബോധ്യപ്പെടുന്ന സാഹചര്യത്തിലും മാത്രമാണ്, ശമ്പള കുടിശ്ശിക അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത്. ശമ്പളം നൽകുന്നതിന് മതിയായ വരുമാനമില്ലെങ്കിലും ക്ഷേത്രക്കണക്കുകൾ യഥാസമയം സമർപ്പിക്കുന്ന ക്ഷേത്രങ്ങൾക്ക് ശമ്പള കുടിശ്ശിക അനുവദിച്ചുവരുന്നുണ്ട്. ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലയെന്നുള്ള പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ശബരിമല**

362 (774) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ലേലത്തിൽ പങ്കെടുക്കുന്നവർ ലേലതുകയ്ക്ക് ബാങ്ക് ഗ്യാരന്റി നൽകണമെന്നുള്ള നിബന്ധന നിലവിലുണ്ടോയെന്നും എങ്കിൽ അതിനുള്ള കാരണമെന്തെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത നിലപാടിൽ പ്രതിഷേധിച്ച് മണ്ഡലകാലത്തെ വഴിപാടുകൾക്ക് ഉൾപ്പെടെയുള്ള ലേലത്തിൽ നിന്നും പിന്മാറുവാൻ കരാറുകാർ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിനെ പ്രസ്തുത തീരുമാനം കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളി വിടുമെന്നതിനാൽ എന്ത് ബദൽ നടപടിയാണ് ബോർഡ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമല മഹോത്സവങ്ങളോടനുബന്ധിച്ച് വിവിധ കുത്തകകൾ ലഭിക്കുന്നവർ അടയ്ക്കേണ്ടതായ തുകയുടെ ആദ്യ ഗഡു അടച്ച് ബാക്കി തുകയ്ക്കുള്ള ബാങ്ക് ഗ്യാരന്റി ഹാജരാക്കി ഉടമ്പടി വയ്ക്കണമെന്ന നിബന്ധന നിലവിലുണ്ട്. എന്നാൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ചില കുത്തകക്കാർ ബാങ്ക് ഗ്യാരന്റി ഹാജരാക്കാതിരുന്നതിനാൽ കുത്തക കുടിശ്ശിക ഒടുക്ക് വരുത്തുന്നതിൽ വീഴ്ചവരുത്തുകയും അതു നിമിത്തം ദേവസ്വം ബോർഡിന് നഷ്ടമുണ്ടാകുകയും കുത്തകക്കാർക്കെതിരെ കേസ് ഫയൽ ചെയ്യേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തു.

ഈ സാഹചര്യമൊഴിവാക്കുന്നതിനായി തൻവർഷം ബാങ്ക് ഗ്യാരന്റി നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) ഈ നിലപാടിനെതിരെ പ്രതിഷേധവുമായി ആരും വന്നിട്ടില്ല.

(സി) ലേല നടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ബദൽ സംവിധാനത്തെപ്പറ്റി തീരുമാനമെടുത്തിട്ടില്ല.

**ശബരിമല മണ്ഡല-മകരവിളക്ക് ക്രമീകരണങ്ങൾ**

363 (775) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവത്തോട് അനുബന്ധിച്ച് എരുമേലി ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലും വാവരുപള്ളിയിലും എത്തുന്ന ഭക്തജനങ്ങൾക്കുവേണ്ടി എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തീർത്ഥാടന സ്ഥലങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനുമായി എത്ര മീറ്റിംഗുകൾ ദേവസ്വം ബോർഡ് വിളിച്ച് ചേർത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) 3-10-2019-ന് ദേവസ്വം ബോർഡ് ആസ്ഥാനത്തുവച്ച് ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനയോഗം ചേർന്നിട്ടുണ്ട്.

**ശബരിമല വികസനം**

364 (776) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ശബരിമലയുടെ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വികസനത്തിന് നാളിതുവരെ എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് ശബരിമല വികസനത്തിനായി എത്ര തുക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെലവഴിച്ചെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമലയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് നിലവിലുള്ള ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയുടെ അടിസ്ഥാനത്തിലാണ്. ഇതുകൂടാതെ ശബരിമല ഇടത്താവളം പദ്ധതികളും ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

(ബി) ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകിയ തുക ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 25 കോടി | 12.18 കോടി |
| 2017-18 | 25 കോടി | 25 കോടി |
| 2018-19 | 25 കോടി | 22.44 കോടി |
| 2019-20 | 28 കോടി | ചെലവഴിച്ച് വരുന്നു. |

കൂടാതെ കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന 141.75 കോടി രൂപയുടെ ശബരിമല ഇടത്താവളം പദ്ധതികളും 739 കോടി രൂപയുടെ റോഡ് വികസന പദ്ധതികളും നടപ്പാക്കിവരുന്നു.

(സി) മുൻസർക്കാരിന്റെ കാലത്ത് ശബരിമലയുടെ വികസനത്തിന് അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 15 കോടി | 15 കോടി |
| 2012-13 | 25 കോടി | 25 കോടി |
| 2013-14 | 25 കോടി | 12.5 കോടി |
| 2014-15 | 25 കോടി | 12.82 കോടി |
| 2015-16 | 25 കോടി | 12.18 കോടി |

## ശബരിമല മാസ്റ്റർ പ്ലാൻ

365 (777) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചും ശബരിമല മാസ്റ്റർ പ്ലാൻ നിർവ്വഹണത്തിനുമായി ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ചെലവാക്കിയെന്നും മുൻ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത ചെലവ് എത്രയായിരുന്നുവെന്നും എത്ര തുകയുടെ വർദ്ധനവ് ഈ സർക്കാരിന്റെ കാലയളവിലുണ്ടായെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) 2019-20 കാലയളവിലേയ്ക്ക് ശബരിമലക്കായി സർക്കാർ നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും ഏതെല്ലാം പദ്ധതികൾക്കാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ശബരിമല നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ടിയും നിർമ്മാണ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഏജൻസികളെക്കൊണ്ട് നടപ്പാക്കാനുമായി സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 739 കോടി രൂപയിൽ റോഡ് നിർമ്മാണ/അറ്റകുറ്റപ്പണികൾക്കായി 200 കോടി രൂപയും കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന പമ്പ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, നിലയ്ക്കലെ വാഹന പാർക്കിംഗ്, എരുമേലി, കീഴില്ലം എന്നിവിടങ്ങളിലെ ഇടത്താവളം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ വിരിപ്പന്തൽ, റാന്നിയിലെ വാഹന പാർക്കിംഗ് തുടങ്ങിയ ഏഴ് പദ്ധതികൾക്ക് 141.75 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് 28 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) ശബരിമല നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ കീഴിലുള്ള എൻ.ബി.സി.സി. എന്ന കമ്പനിയെ ഏൽപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ

സ്വീകരിച്ചുവരുന്നു.

**ശബരിമല ഭക്തർക്ക് കൂടുതൽ സൗകര്യങ്ങൾ**

366 (778) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ എത്തുന്ന ഭക്തർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുവാൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ബേസ് ക്യാമ്പായ നിലയ്ക്കലിൽ തീർത്ഥാടകരുടെ വാഹന പാർക്കിംഗിനും വിരിവയ്ക്കുന്നതിനും കഴിഞ്ഞ വർഷത്തേക്കാൾ എന്തൊക്കെ അധിക സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തിരക്ക് നിയന്ത്രിക്കുവാൻ പുതിയ ഓൺലൈൻ സംവിധാനം കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ശബരിമലയ്ക്ക് സർക്കാർ നൽകുന്ന ധനസഹായം ബാങ്കിൽ പ്രത്യേക അക്കൗണ്ടായി സൂക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച 100 കോടി രൂപയിൽ ഇതിനകം എത്ര തുക ലഭിച്ചുവെന്നും ഈ തുക എന്നാണ് ലഭിച്ചതെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) 2019-20 വർഷത്തെ മണ്ഡല-മകരവിളക്കിനോടനുബന്ധിച്ച് ശബരിമലയിലെത്തുന്ന അയ്യപ്പഭക്തർക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കാൻ സർക്കാരിലെ വിവിധ വകുപ്പുകളും ദേവസ്വം ബോർഡും നടപടികൾ സ്വീകരിച്ചുവരുന്നു.

ബേസ് ക്യാമ്പായ നിലയ്ക്കലിൽ 1000 വാഹനങ്ങളുടെ അധിക പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്. സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതാണ്. ഭക്തജനങ്ങൾക്ക് സുഗമമായ ദർശനത്തിനുള്ള എല്ലാ ക്രമീകരണങ്ങളും പോലീസ് വകുപ്പുമായി ആലോചിച്ച് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കാൻ പുതിയ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശബരിമലയ്ക്ക് സർക്കാർ നൽകുന്ന ധനസഹായം പ്രത്യേക അക്കൗണ്ടായി ബാങ്കിൽ സൂക്ഷിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടിയെടുത്തിട്ടുണ്ട്.

(ഇ) 13-8-2019-ലെ സ.ഉ.(സാധാ) നമ്പർ 2219/2019/റവ. പ്രകാരം 30 കോടി രൂപ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്.

**ശബരിമല വികസനത്തിന് ചെലവഴിച്ച തുക**

367 (779) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ശബരിമല വികസനത്തിനായി എത്ര തുക ചെലവഴിച്ചുവെന്നും ആയത് എന്തെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ശബരിമല വികസനത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ശബരിമല വികസനത്തിനായി പദ്ധതികൾ**

368 (780) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബജറ്റിൽ ശബരിമല വികസനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(സി) പദ്ധതികൾ ഇതിനോടകം ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 739 കോടി രൂപയിൽ റോഡ് നിർമ്മാണ അറ്റകുറ്റപ്രവൃത്തികൾക്കായി 200 കോടി രൂപയും കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന പമ്പ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, നിലയ്ക്കലെ വാഹന പാർക്കിംഗ്, എരുമേലി കീഴില്ലം എന്നിവിടങ്ങളിലെ ഇടത്താവളം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ വിരിപ്പന്തൽ, റാന്നിയിലെ വാഹനപാർക്കിംഗ് തുടങ്ങിയ ഏഴ് പദ്ധതികൾക്ക് 141.75 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് 28 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(ബി&സി) ഈ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ടെണ്ടർ നടപടി ഉൾപ്പെടെയുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

**ശബരിമല തീർത്ഥാടനത്തിനുള്ള മുന്നൊരുക്കങ്ങൾ**

369 (781) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന ശബരിമല തീർത്ഥാടനത്തിന്റെ മുന്നൊരുക്കങ്ങൾക്കായി കൈക്കൊണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ തീർത്ഥാടകരുടെ സൗകര്യത്തിനായി സന്നിധാനം, നിലക്കൽ, പമ്പ എന്നിവിടങ്ങളിൽ പുതിയതായി ഏർപ്പെടുത്തുന്ന സംവിധാനങ്ങൾ എന്തെല്ലാമാണ്;

(സി) തീർത്ഥാടകർക്ക് ദർശനം സുഗമമാക്കുന്നതിന് എന്ത് തരത്തിലുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ആലോചിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ശബരിമല ദർശനത്തിനെത്തുന്ന ലക്ഷക്കണക്കിന് അയ്യപ്പ ഭക്തർക്ക് സാധ്യമായ എല്ലാ സൗകര്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. കെട്ടിടങ്ങൾ, വിരിസ്ഥലങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. ശുചിമുറികളുടെ ഉപയോഗക്ഷമത വർദ്ധിപ്പിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ

ഇൻസിനറേറ്ററുകൾ, മാലിന്യ പ്ലാന്റുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി. സുരക്ഷിത ദർശനം സാധ്യമാകുന്നതിന് ആവശ്യമായ ബാരിക്കേഡുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ എന്നിവ പൂർത്തിയാക്കി. ശബരിമലയിൽ പ്ലാസ്റ്റിക് കുപ്പികൾ നിരോധിച്ചിട്ടുള്ളതിനാൽ കുടിവെള്ളത്തിന് കഴിഞ്ഞ വർഷം നടപ്പിലാക്കിയ സംവിധാനത്തേക്കാൾ വിപുലമായി കൂടുതൽ സൗകര്യങ്ങൾ ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഔഷധക്കൂട്ടുകൾ ചേർത്ത് തിളപ്പിച്ച ശുദ്ധജലം വിതരണം ചെയ്യുന്നതിനായി വിവിധ തലങ്ങളിലായി കൗണ്ടറുകൾ സ്ഥാപിച്ചു. മൂന്ന് വാട്ടർ കിയോസ്കുകൾ പണിത് കുടിവെള്ളം കിട്ടുന്നതിനുള്ള കൂടുതൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ കിയോസ്കുകളിലൂടെ കുടിവെള്ളം കിട്ടുന്നതിനായി വാട്ടർ സ്റ്റേഷനുകൾ, വാട്ടർ പ്യൂരിഫയറുകൾ എന്നിവ സ്ഥാപിച്ചു. വാട്ടർ ഡിസ്പെൻസർ യൂണിറ്റുകളിൽക്കൂടി ചൂടുവെള്ളം, തണുത്ത വെള്ളം എന്നിവ ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് പുറമെ ജലം സംഭരിക്കുന്നതിനായി 2.05 കോടി ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കും സ്ഥാപിച്ചു. മലിനീകരണ നിയന്ത്രണ/സംസ്കരണത്തിന്റെ ഭാഗമായി നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള ഭാഗങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർജ്ജിക്കുക, വനഭൂമി മലീമസമാക്കുന്നത് തടയുക എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിലേക്കായി വിവിധ രീതിയിലുള്ള പ്രചരണങ്ങൾ നൽകി. മാലിന്യം സംഭരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് ശബരിമല സാനിട്ടേഷൻ സൊസൈറ്റി, പുണ്യം പൂങ്കാവനം പദ്ധതി, മാതാ അമൃതാനന്ദമയി മഠത്തിന്റെ നേതൃത്വത്തിലുള്ള ശുചീകരണ സംവിധാനം എന്നിവ ഏർപ്പെടുത്തി. ശബരിമലയിലെ മാലിന്യ സംസ്കരണ പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിലേക്കായി നിലവിലുള്ള പൈപ്പ്ലൈൻ, പ്ലാന്റ് എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. ഭസ്മക്കുളം നവീകരണം, പാണ്ടിത്താവളം മുതൽ അന്നദാന മണ്ഡപം വരെയുള്ള റോഡ് വികസനം എന്നിവയും നടപ്പിലാക്കി.

ശബരിമലയിൽ ഈ വർഷം കരുതൽ ശേഖരണത്തോടുകൂടിതന്നെ അരവണ നിർമ്മാണം ആരംഭിച്ചിരുന്നു. അരവണ നിർമ്മാണത്തിനാവശ്യമായ യന്ത്രസാമഗ്രികൾ സമഗ്രമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ യോഗ്യമാക്കിയും അരവണ നിറച്ച് സീൽ ചെയ്യുന്നതിലേക്ക് നിലവിലുള്ള യന്ത്രസാമഗ്രികൾക്കുപുറമെ സ്പോൺസർഷിപ്പ് മുഖാന്തരം ലഭിച്ച ഫില്ലിംഗ് മെഷീനും ഈ വർഷം പുതിയതായി സ്ഥാപിച്ചു.

ശബരിമലയിൽ അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയിൽ 35000 ചതുരശ്ര അടിയും വലിയ നടപ്പന്തലിന്റെ കിഴക്കുഭാഗത്ത് കെട്ടിടത്തിന്റെ മുകളിൽ

12000 ചതുരശ്ര അടിയും പാണ്ടിത്താവളത്തിൽ 2000 ചതുരശ്ര അടിയും വിസ്തൃതിയിലുള്ള വിരിഷെഡുകൾ സജ്ജമാക്കി. പമ്പയിൽ ടോയ്‌ലെറ്റ് കോംപ്ലക്സ് സ്ഥാപിച്ചു. കുളിക്കടവ് നവീകരിച്ചു. കൂടാതെ സ്വാമി അയ്യപ്പൻ റോഡിലും കെ.എസ്.ആർ.ടി.സി.-ക്ക് സമീപം പമ്പയുടെ വിവിധഭാഗങ്ങളിലായി ബയോ ടോയ്‌ലെറ്റുകളും മുൻ വർഷങ്ങളിലേക്കാൾ മെച്ചപ്പെട്ട രീതിയിൽ സ്ഥാപിച്ചു.

നിലയ്ക്കലിൽ തീർത്ഥാടകർക്ക് 1000 വാഹനങ്ങളുടെ അധിക പാർക്കിംഗിനായി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) തിരക്ക് നിയന്ത്രിക്കാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരക്ക് ക്രമീകരിച്ച് ദർശനം സുഗമമാക്കുന്നതിനുള്ള സജ്ജീകരണം ഒരുക്കിയിട്ടുണ്ട്.

**സ്വകാര്യ ടൂർ ഏജൻസികളുടെ പ്രചരണം**

370 (782) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാൻപോകുന്ന ശബരിമല സീസണിൽ, നെടുമ്പാശ്ശേരിയിലെത്തുന്ന തീർത്ഥാടകരെ ഹെലികോപ്ടറിൽ നിലയ്ക്കലിൽ എത്തിക്കുന്നതിന് സ്വകാര്യ ടൂർ ഏജൻസികൾ പ്രചരണം നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാര്യത്തിനായി നിലയ്ക്കലിലെ ഹെലിപാഡ് സ്വകാര്യ ഏജൻസിക്ക് അനുവദിക്കുവാൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സ്വകാര്യ ടൂർ ഏജൻസികൾ ഇപ്രകാരം പ്രചരണം നടത്തുന്നത് എന്തിന്റെ അടിസ്ഥനത്തിലാണെന്ന് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

## കൽപ്പറ്റ മണിയങ്ങോട്ടപ്പൻ ഇടത്താവളം

371 (783) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ അനുവദിച്ച മണിയങ്കോട്ടപ്പൻ ഇടത്താവളത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ പദ്ധതി എന്ന് ആരംഭിക്കാനാകും; ഇത് ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിച്ച് ഉടൻതന്നെ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 7-9-2019-ലെ സർക്കാർ ഉത്തരവ് (സാധാ) 2515/2019/ആർ.ഡി. പ്രകാരം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ശ്രീമണിയങ്കോട്ടപ്പൻ ക്ഷേത്രത്തിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിന് 10 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി&സി) കിഫ്ബി പദ്ധതി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനനഷ്ടം

372 (784) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് ശബരിമലയിൽ ദർശനം നടത്താമെന്ന് 2018 സെപ്റ്റംബറിൽ ഉണ്ടായ വിധിയെ തുടർന്ന് ശബരിമലയിൽ ഉണ്ടായ അനിഷ്ട സംഭവങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിലെ വരുമാനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(ബി) 2017-18-നെ അപേക്ഷിച്ച് 2018-19-ൽ എന്ത് വരുമാന നഷ്ടമാണ് ബോർഡിന് സംഭവിച്ചത് എന്ന് അറിയിക്കാമോ;

(സി) ഇതുമൂലം ദേവസ്വം ബോർഡിനുണ്ടായ പ്രതിസന്ധി പരിഹരിക്കുവാൻ നൂറുകോടി രൂപ സർക്കാർ സഹായ വാഗ്ദാനം ലഭിച്ചിരുന്നോ; പ്രസ്തുത തുക ലഭിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത്;വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇരുന്നൂറ്റി മുപ്പത് കോടിയോളം രൂപയുടെ വരുമാന നഷ്ടമുണ്ടായിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) സർക്കാർ വാഗ്ദാനം ചെയ്ത 100 കോടി രൂപയിൽ ആദ്യ ഗഡുവായി 30 കോടി രൂപ 30-8-2019-ലെ സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡ് ആഡിറ്റ്**

373 (785) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് 2016-17, 2017-18 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ സംസ്ഥാന ആഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള നിയമപ്രകാരം 2016-17, 2017-18 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ ആഡിറ്റിന് നൽകേണ്ട സമയപരിധി എന്നായിരുന്നു എന്ന് അറിയിക്കുമോ;

(സി) ദേവസ്വം ബോർഡ് കണക്ക് സൂക്ഷിക്കുന്നതിൽ എന്തെങ്കിലും വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയുടെ എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ദേവസ്വം ഫണ്ട് അക്കൗണ്ട് റൂൾസ് ഓൺ ഡബിൾ എൻട്രി സിസ്റ്റം ഓഫ് അക്കൗണ്ടിംഗ് 2012 പ്രകാരം 2016-17-ലെ വാർഷിക കണക്കുകൾ 30-9-2017-നുമുമ്പായും 2017-18-ലെ വാർഷിക കണക്കുകൾ 30-9-2018-നുമുമ്പായും തയ്യാറാക്കേണ്ടതായിരുന്നു.

(സി&ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് കണക്കുകൾ സൂക്ഷിച്ചുവന്നത്. എന്നാൽ 2011-12 മുതലുള്ള കണക്കുകൾ ഡബിൾ എൻട്രി സമ്പ്രദായത്തിൽ തയ്യാറാക്കുന്നതിന് 16-2-2011-ലെ ഉത്തരവിൽ നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം ഡബിൾ എൻട്രി സമ്പ്രദായത്തിൽ 2015-16 വരെയുള്ള കണക്കുകൾ ആഡിറ്റിന് സമർപ്പിച്ചിട്ടുള്ളതും 2016-17-ലെ കണക്കുകളുടെ റിക്കൺസിലിയേഷൻ പൂർത്തിയാക്കി ചാർട്ടേർഡ് അക്കൗണ്ടന്റിന് കൈമാറിയിട്ടുള്ളതുമാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഡബിൾ എൻട്രി സമ്പ്രദായത്തിൽ കണക്കുകൾ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി സമയപരിധി നിശ്ചയിച്ച് 23-7-2019-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി**

374 (786) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) കഴിഞ്ഞ മൂന്ന് വർഷമായി പെൻഷൻ ഫണ്ടിലേയ്ക്ക് ഓരോ വർഷവും ദേവസ്വം ബോർഡ് എന്ത് തുക വീതമാണ് അടയ്ക്കുന്നതെന്ന് അറിയിക്കാമോ;

(സി) സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പെൻഷൻ ഫണ്ടിൽനിന്നും അടുത്തിടെ തുക പിൻവലിച്ചിരുന്നോ; എങ്കിൽ എന്ത് തുക പിൻവലിച്ചു; വിശദമാക്കുമോ;

(ഡി) സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ വാഗ്ദാനം ചെയ്ത നൂറ് കോടി രൂപ ബോർഡിന്റെ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) 2016-2017 - 39,96,49,117 (മുപ്പത്തി ഒൻപത് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി ഒരുന്നൂറ്റി പതിനേഴ് രൂപ)

2017-2018 - 37,99,33,921 (മുപ്പത്തിയേഴ് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി മുപ്പത്തിമൂവായിരത്തി തൊള്ളായിരത്തി ഇരുപത്തി ഒന്ന് രൂപ)

2018-2019 - 7,33,27,794 (ഏഴ് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ)

(സി) ഇല്ല എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) ദേവസ്വം ബോർഡിനുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ 30-8-2019-ലെ സർക്കാർ ഉത്തരവുപ്രകാരം ആദ്യഗഡുവായി 30 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

**മലബാർ ദേവസ്വം ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം**

375 (787) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇത് എന്നത്തേക്ക് നടപ്പിലാകുമെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി എത്ര തുക ചെലവ് വരുമെന്ന് അറിയിക്കുമോ; ഇത്രയും തുക ബോർഡിൽ നിന്ന് കണ്ടെത്താനാവുമോ; സർക്കാരിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത ജീവനക്കാർക്ക് 2000 രൂപ നിരക്കിൽ 1-6-2019 മുതൽ പ്രാബല്യത്തിൽ ഇടക്കാല ആശ്വാസം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) മലബാർ ദേവസ്വം ബോർഡിന് 25 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകുമെന്നും മലബാർ ദേവസ്വം ബോർഡിന് സർക്കാർ ഗ്രാന്റല്ലാതെ മറ്റ് വരുമാന മാർഗ്ഗങ്ങളില്ലാത്തതിനാൽ ശമ്പള പരിഷ്കരണ ശിപാർശ നടപ്പിലാക്കുമ്പോൾ പ്രതിവർഷം 60 കോടി രൂപ സർക്കാർ ഗ്രാന്റായി അനുവദിക്കേണ്ടിവരുമെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരികയാണ്.

## ആറ്റിങ്ങൽ തിരുവാറാട്ടുകാവിൽ ക്ഷേത്ര കലാപീഠം

376 (788) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ തിരുവാറാട്ടുകാവിൽ പ്രവർത്തനം ആരംഭിച്ച ക്ഷേത്ര കലാപീഠത്തിൽ ഏതെല്ലാം കോഴ്സുകളാണ് പഠിപ്പിക്കുന്നതെന്ന് അറിയിക്കാമോ; ഈ കോഴ്സുകളിൽ ഓരോ ബാച്ചിലും എത്ര വിദ്യാർത്ഥികളെയാണ് പ്രവേശിപ്പിക്കുന്നതെന്നും നിലവിൽ ഓരോ ബാച്ചിലും എത്ര വിദ്യാർത്ഥികളാണുള്ളതെന്നും വിശദമാക്കാമോ;

(ബി) ഈ കോഴ്സുകളിലേക്ക് നിരവധി വിദ്യാർത്ഥികൾ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ബാച്ചുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കലാപീഠത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതു പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പഞ്ചവാദ്യം, തകിൽ, നാദസ്വരം എന്നീ മൂന്ന് കോഴ്സുകളാണ് പഠിപ്പിക്കുന്നത്. പഞ്ചവാദ്യം വിഭാഗത്തിൽ പരമാവധി 20 വിദ്യാർത്ഥികളും തകിൽ-നാദസ്വരം വിഭാഗത്തിൽ പരമാവധി 15 വീതം വിദ്യാർത്ഥികളെയുമാണ് പ്രവേശിപ്പിക്കുന്നത്.

നിലവിൽ പഞ്ചവാദ്യം - 13, തകിൽ-15, നാദസ്വരം-6 വീതം വിദ്യാർത്ഥികളുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

**എരുവ ക്ഷേത്രത്തിന്റെ പാത്രക്കുളം സംരക്ഷണം**

377 (789) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര സബ്ബ് ഗ്രൂപ്പിന്റെ പരിധിയിൽ വരുന്ന പ്രസിദ്ധമായ എരുവ ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ സ്ഥിതിചെയ്യുന്ന പാത്രക്കുളം എന്ന് അറിയപ്പെടുന്ന ദേവസ്വം വക കുളം വൃത്തിയാക്കി വശങ്ങളിൽ സംരക്ഷണ ഭിത്തി, കൽപ്പടവുകൾ എന്നിവ കെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട എരുവ ദേവസ്വത്തിലെ ക്ഷേത്രക്കുളം (പാത്രക്കുളം) നവീകരിക്കുന്നതിനായി 2012-ലെ ഷെഡ്യൂൾ റേറ്റ് പ്രകാരം 8,84,000 രൂപയുടെ എസ്റ്റിമേറ്റിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അനുമതി നൽകിയിരുന്നു. ഡി.എസ്.ആർ. 2016 അനുസരിച്ച് 13,80,000 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് പാസാക്കി സമയബന്ധിതമായി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**ശബരിമല ഇടത്താവളം**

378 (790) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ശ്രീ തൃത്തല്ലൂർ ശിവക്ഷേത്രത്തിൽ അനുവദിച്ച ശബരിമല ഇടത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഇടത്താവളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും, ഇവ എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ശ്രീ തൃത്തല്ലൂർ ശിവക്ഷേത്രത്തിൽ ഇടത്താവളം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവായിരുന്നെങ്കിലും അതിർത്തി നിർണ്ണയം, ഉടമസ്ഥാവകാശ രേഖകൾ തയ്യാറാക്കി സമർപ്പിക്കൽ, ലീവ് ആൻഡ് ലൈസൻസ് എഗ്രിമെന്റ് അംഗീകാരം തുടങ്ങിയവ ബന്ധപ്പെട്ടവർ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ലാത്തതാണ്. ആയതിനാൽ ഈ പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(നക്ഷത്രചിഹ്നമിടാത്ത 423, 459, 515 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 2490-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പതിനാലാം കേരള നിയമസഭയുടെ 15-ാം സമ്മേളനത്തിലെ 14-06-2019-ലെ നക്ഷത്രചിഹ്നമിടാത്ത 2490-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

## III അടിയന്തരപ്രമേയം

ഇസ്ഹാഖിന്റെ കൊലപാതകം

മി. സ്പീക്കർ: താനൂരിലെ മുസ്ലീംലീഗ് പ്രവർത്തകനായ ഇസ്ഹാഖിന്റെ കൊലപാതകത്തിന് ഉത്തരവാദികളായവരെ സംരക്ഷിക്കാനും കേസന്വേഷണം അട്ടിമറിക്കാനും നടക്കുന്നതായി പറയപ്പെടുന്ന നടപടികൾമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷവും കേസ് അന്വേഷണം ഊർജ്ജിതമാക്കേണ്ടതിന്റെ ആവശ്യകതയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, സി. എഫ്. തോമസ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം ജില്ലയിലെ താനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട അഞ്ചുടിയിൽ വച്ച് ഇസ്ഹാഖ് എന്നുവിളിക്കുന്ന റഫീഖിനെ ഒക്ടോബർ 24-ാം തീയതി രാത്രി 7.45-ന് മാരകായുധങ്ങൾകൊണ്ട് വെട്ടി പരിക്കേൽപ്പിക്കുകയും ചികിത്സയ്ക്കായി കൊണ്ടുപോകുന്ന വഴി മരണപ്പെടുകയും ചെയ്തു. ഇക്കാര്യത്തിന് താനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 409/19 ആയി IPC 143, 147, 148, 149, 302 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും താനൂർ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തിവരികയാണ്. ഈ കേസിൽ ഒന്നാംപ്രതിയായ അബ്ദുൾ മുഫീസിനെയും നാലാം പ്രതിയായ മഷ്ഹൂദിനെയും അഞ്ചാം പ്രതിയായ താഹമോനെയും അറസ്റ്റുചെയ്ത് നിയമനടപടി

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

സ്വീകരിച്ചിട്ടുണ്ട്. കേസിൽ മൂന്ന് പ്രതികളെക്കൂടി തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ കേസിലെ അഞ്ചാം പ്രതിയായ താഹമോന്റെ ജ്യേഷ്ഠനായ ഷംസുദ്ദീനെ 4-3-2019-ൽ മുസ്ലീംലീഗ് പ്രവർത്തകർ മാരകമായി ആക്രമിച്ച് പരിക്കേൽപ്പിച്ചിരുന്നു. ആ സംഭവത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരികയാണ്. സഹോദരനെ ആക്രമിച്ചതിലുള്ള വിരോധമാണ് റഫീഖിനെ ആക്രമിക്കാൻ കാരണമെന്നാണ് പ്രാഥമിക നിഗമനം. രാഷ്ട്രീയ സംഘർഷങ്ങൾ കുറച്ചുകൊണ്ടുവരുന്നതിലും സമാധാനാന്തരീക്ഷത്തിലേയ്ക്ക് നാടിനെ കൊണ്ടുവരുന്നതിലും സർക്കാർ സമയോചിതമായ ഇടപെടലുകളാണ് എല്ലാ അവസരത്തിലും നടത്തിയിട്ടുള്ളത്. സംഘർഷത്തിലേയ്ക്ക് നയിക്കാവുന്ന ചെറിയ സംഭവങ്ങൾപോലും സമയോചിതമായി ഇടപെട്ട് ഇല്ലാതാക്കാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം ജാതീയമായ സംഘർഷങ്ങളും വർഗ്ഗീയ സംഘർഷങ്ങളും ഏറ്റവും കുറവ് റിപ്പോർട്ട് ചെയ്തിട്ടുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കുറ്റകൃത്യങ്ങൾ ആര് നടത്തിയാലും അവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തെളിയിക്കപ്പെടാത്ത കേസ്സുകൾപോലും ശാസ്ത്രീയ രീതിയിലൂടെ പഴുതടച്ച് അന്വേഷണം നടത്തി തെളിയിക്കപ്പെടുന്ന സാഹചര്യമാണ് ഇന്നുള്ളത്. നിരവധി കേസുകളിൽ യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിക്കാൻ കഴിഞ്ഞത് സംസ്ഥാന പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമാണ്. അതോടൊപ്പം വീഴ്ചകൾ സംഭവിക്കുന്ന ഘട്ടങ്ങളിൽ ആവശ്യമായ ഇടപെടലുകളും സർക്കാർ നടത്താറുണ്ട്. ഈ കേസിൽ ശരിയായ രീതിയിൽ അന്വേഷണം പുരോഗമിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, നെഞ്ചിനുള്ളിൽ ഹൃദയമുണ്ടെങ്കിൽ കണ്ണുനീരോടുകൂടിയല്ലാതെ നമുക്ക് ഈ സംഭവം ഓർക്കാൻ കഴിയില്ല. അഞ്ചുടിയിലെ കുപ്പന്റെ പുരയ്ക്കൽ ഇസ്ഹാഖ് ഒരു പാവമായിരുന്നു. അന്നത്തെ ദിവസം മഗ്രിബ് പ്രാർത്ഥനയ്ക്കുശേഷം വീട്ടിൽ നിന്ന് ഖുർ-ആൻ പാരായണം ചെയ്ത് 50 മീറ്റർ അകലെയുള്ള പള്ളിയിലേയ്ക്ക് ഇഷാ നമസ്കാരത്തിന് അദ്ദേഹം ഇറങ്ങിയതായിരുന്നു. പിന്നെ ഇരുട്ടിൽനിന്നും ഒരു നിലവിളിയാണ് കേൾക്കുന്നത്. അവിടേയ്ക്ക് അനുജൻ നൗഫൽ ഓടിച്ചെന്നു. ഉമ്മ കുഞ്ഞുമോൾ ആ രംഗം വിവരിക്കുന്നുണ്ട്, "ഞാൻ അങ്ങോട്ട് ചെല്ലുമ്പോൾ ഒരു ആർത്തനാദംപോലെ അവൻ പൊട്ടിക്കരയുന്നതാണ് കേൾക്കുന്നത്, ഫ്യൂസ് ഊരിമാറ്റിയതുകൊണ്ട് അവിടെ ഇരുട്ടായിരുന്നു, പക്ഷേ അതിനിടയിൽ അവന്റെ മൊബൈൽ കണ്ടു. അവന്റെ ഭാര്യ ആരിഫ പറഞ്ഞു, ഇക്കാക്കയുടെ കുടയാണ് അവിടെ കിടക്കുന്നത്." നൗഫലും ഉമ്മയും അവിടേയ്ക്ക് ചെന്നപ്പോഴുള്ള രംഗം ഉമ്മ വിവരിക്കുന്നുണ്ട്, "എന്റെ

മകന്റെ രണ്ട് കാലുകളും അറ്റുപോയിരിക്കുന്നു, രണ്ട് കൈകളും വെട്ടിയിരിക്കുന്നു, അവൻ എഴുന്നേറ്റിരുന്ന് വാവിട്ട് കരയുകയാണ്. അവനെ അവിടെനിന്നും ഖാദർ എന്നുവിളിക്കുന്ന ഇളയാപ്പ കയ്യിൽ കോരിയെടുത്ത് ആംബുലൻസിൽ തിരൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി." ഇളയാപ്പയായ ഖാദർ പറഞ്ഞത്, "ഞാൻ അവനെ കോരിയെടുക്കുമ്പോൾ അവന്റെ കാലുകൾ അറ്റ് തൂങ്ങിക്കിടക്കുകയായിരുന്നു. അവന്റെ കൈകൾ വെട്ടിനുറുക്കി അതിൽനിന്നും മാംസം പുറത്തുവന്നിട്ടുണ്ടായിരുന്നു. ഇവനെ ഇനി നീ ജീവിപ്പിക്കല്ലേയെന്ന് ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു." ഒരു മൃതശരീരത്തോടുപോലും എങ്ങനെ പെരുമാറണമെന്നറിയാത്ത ഈ കാടത്തത്തിനെ എന്ത് പേരുപറഞ്ഞാണ് വിളിക്കേണ്ടത്? 2001-ൽ ഇതുപോലെതന്നെ ഒരു സഹോദരനെ കൊലപ്പെടുത്തിയിരുന്നു. ...(ബഹളം)....

മി. സ്പീക്കർ: ഇങ്ങനെ പ്രകോപിതരാകരുത്. .....(ബഹളം)....

ഡോ. എം. കെ. മുനീർ: 2001 ജൂലൈയിൽ ഉണ്ണിയാലിൽ കുമ്മട്ടകത്ത് റാസിഖിനെ കൊലചെയ്തു. റാസിഖ് വെള്ളത്തിനുവേണ്ടി ദാഹിച്ച് വായ തുറന്നപ്പോൾ അവന്റെ വായ്ക്കകത്ത് മണ്ണും പുല്ലും വാരി നിറച്ചു. ഡോക്ടർ പോസ്റ്റ്മോർട്ടം ചെയ്തപ്പോൾ ആദ്യം അവന്റെ വായിൽനിന്നും മണ്ണും പുല്ലും പുറത്തെടുത്തു. ഇത്രയും നികൃഷ്ടമായ രീതിയിൽ കൊലപാതകം നടത്താൻ എങ്ങനെ സാധിക്കുന്നു? മുഖ്യമന്ത്രിയുടെ മറുപടിയോട് ഞങ്ങൾക്കുള്ള പ്രതിഷേധം, അദ്ദേഹം മുസ്ലീം ലീഗിന്റെ പ്രവർത്തകരെന്ന് പേരുപറഞ്ഞ് ആക്രമിച്ച കാര്യം പറഞ്ഞപ്പോഴും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരാണ് പ്രതികളെന്ന് പറയാനുള്ള ധൈര്യം കാണിച്ചിട്ടില്ല എന്നുള്ളതാണ്. ഒരു മുഖ്യമന്ത്രിയിൽനിന്നും ഞങ്ങൾ നിഷ്പക്ഷത എപ്പോഴും ആഗ്രഹിക്കുന്നുണ്ട്. ഷംസുവിന്റെ കാര്യം ഇവിടെ പറഞ്ഞു. ഷംസുവിന്റേത് 6 മാസം മുമ്പ് നടന്ന ഒരു സംഭവമാണ്. പക്ഷേ അതിനുശേഷം അനേകം സമാധാന ചർച്ചകൾ അവിടെ നടന്നു. അതിന് ശ്രീ. പാലൊളി മുഹമ്മദ് കുട്ടി സാഹിബ് നേതൃത്വം കൊടുത്തു. സയ്യിദ് സാദിഖ് അലി ഷിഹാബ് തങ്ങളും കുഞ്ഞാലിക്കുട്ടി സാഹിബുമടക്കം മൂന്നോ നാലോ തവണ സമാധാന ചർച്ചകൾ നടത്തി. സമാധാനം എല്ലാവർക്കും വേണം. പക്ഷേ ഭരിക്കുന്നവർക്ക് കൂടുതൽ സമാധാനം ആവശ്യമാണ്, അതവരുടെ ചുമതലയാണ്. പക്ഷെ നിങ്ങൾക്ക് സമാധാനം വേണ്ട. കാരണം സമാധാനത്തിലൂടെ ആ പാർട്ടിക്ക് വളരാൻ കഴിയില്ലെന്നുള്ളതുകൊണ്ട് അക്രമം തന്നെയാണ് നിങ്ങളുടെ ഭാഷ. ഷംസുവിന്റെ സംഭവത്തിനുശേഷം താനൂർ നഗരസഭയുടെ കൗൺസിലറെ നിങ്ങൾ വെട്ടിയില്ലേ? സമാധാന ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾ മൊയ്തീൻകുട്ടിയെ വെട്ടിയില്ലേ? പക്ഷേ ആ വെട്ടുകൊണ്ട നഗരസഭയുടെ കൗൺസിലർ

ശ്രീ. അബ്ദുൾസലാമാണ് പിന്നീട് അവിടത്തെ എല്ലാ വീടുകളിലും കയറിയിറങ്ങി സമാധാന ചർച്ചയ്ക്ക് നേതൃത്വം കൊടുത്തത്. താനൂരിൽ 60 വർഷം മുസ്ലീംലീഗിന്റെ എം.എൽ.എ. ഉണ്ടായിരുന്നു. ഒറ്റ മാർക്സിസ്റ്റുകാരനെപ്പോലും അവിടെ കൊലപ്പെടുത്തിയിട്ടില്ല. എന്നാൽ നിങ്ങൾ മൂന്നര വർഷമായപ്പോഴേയ്ക്കും ഞങ്ങളുടെ വിലപ്പെട്ട ഒരു ജീവൻ എടുത്തിരിക്കുന്നുവെന്നുള്ളത് ഈ സംഭവത്തിന്റെ ഗൗരവം വിളിച്ചോതുന്നതാണ്. ഞങ്ങൾക്ക് പല സംശയങ്ങളും സ്വാഭാവികമായി ഉണ്ടാകില്ലേ? കൂടത്തായിയിൽ നടന്നിട്ടുള്ള എല്ലാ കൊലപാതകങ്ങളുടെയും സമയത്ത് ജോളിയുടെ സാന്നിദ്ധ്യമുണ്ടായിരുന്നുവെന്ന് പറഞ്ഞതുപോലെ കേരളത്തിലെ രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുമ്പോഴൊക്കെത്തന്നെ ഒരു മാർക്സിസ്റ്റ് നേതാവിന്റെ സാന്നിദ്ധ്യം അവിടെയുണ്ടാകുന്നു. അദ്ദേഹവുമായുള്ള നിങ്ങളുടെ ഇപ്പോഴത്തെ സമവാക്യം എന്താണെന്ന് എനിക്കറിയില്ല. അദ്ദേഹം മാർക്സിസ്റ്റ് പാർട്ടിയിൽ തന്നെയാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹം ഒക്ടോബർ 11-ന് അവിടെ വരുന്നു, അതിനുശേഷം, ഞാൻ പേരുതന്നെ പറയാം; ശ്രീ. പി. ജയരാജനെന്ന് പറയുന്ന, നിങ്ങൾ ബിംബമെന്ന് പറയുന്ന (....ബഹളം....) അദ്ദേഹം ഒക്ടോബർ 11-ന് അവിടെ വന്നശേഷം വാട്സാപ്പിൽ ഇനി ഏഴ് ദിവസം, ആറ് ദിവസം, അഞ്ച് ദിവസം, മൂന്ന് ദിവസം, ഒരു ദിവസം എന്നുപറഞ്ഞ് കൗണ്ട്ഡൗൺ തുടങ്ങുകയാണ്. പിറ്റേദിവസം മുഫീസും താഹമോനും മഷ്ഹൂദും അടക്കം ഇപ്പോൾ പിടിയിലായ ആളുകൾക്ക് വാട്സാപ്പിൽ മെസ്സേജ് അയയ്ക്കുകയാണ്, ഇവർ ഒരുമിച്ചുകൂടിയ അതേദിവസം ആ കൊലപാതകം നടക്കുകയാണ്. ഒരു പെറ്റി കേസിൽപ്പോലും പ്രതിയല്ലാത്ത പ്രിയപ്പെട്ട ഒരു സഹോദരനെയാണ് അവർ വെട്ടിക്കൊന്നത്. ഒരു പെറ്റിക്കേസിൽപ്പോലും പ്രതിയല്ല. ഞാൻ ചോദിക്കട്ടെ, ഇന്ന് രാവിലെ ഏഴര മണിക്ക് ഈ മൂന്ന് പ്രതികളെയും ആയുധം കണ്ടുപിടിക്കുന്നതിനുവേണ്ടി കൊണ്ടുപോയി. ആയുധം കണ്ടെടുത്തിരിക്കുന്നത് എവിടെ നിന്നാണെന്നറിയാമോ? അവിടത്തെ ജില്ലാ സെക്രട്ടേറിയറ്റ് അംഗമായ ശ്രീ. പി. ജയന്റെ വീടിന് നേരെ എതിർവശത്തുള്ള സ്ഥലത്തുനിന്നാണ്. ഈ ഫോട്ടോയിൽ അദ്ദേഹവും കൂടെയുണ്ടെന്ന് പറയുമ്പോൾ, ഇതാണ് ഞാൻ പറഞ്ഞ ബിംബവും അവിടത്തെ സെക്രട്ടേറിയറ്റ് അംഗവും പ്രതികളും ഒരുമിച്ചുനിൽക്കുന്ന ഫോട്ടോ. (ഫോട്ടോ ഉയർത്തിക്കാണിച്ചു). ഒക്ടോബർ 11-ന് ഇവർ ഒരുമിച്ച് കാണുന്നു. 24-ാം തീയതി സംഭവമുണ്ടാകുന്നു. എന്തുകൊണ്ടാണ് അങ്ങ് ആ പ്രതികളുടെ കൂട്ടത്തിൽ ഇപ്പുറത്ത് മുസ്ലീം ലീഗെന്നുപറയുമ്പോൾ അപ്പുറത്ത് മാർക്സിസ്റ്റ് പാർട്ടി എന്നുപറയാനുള്ള ധൈര്യം കാണിക്കാത്തത്? എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നുവെന്ന് ജനുവരിയിൽ ചോദിച്ച ഒരു ചോദ്യത്തിന് അങ്ങ് തന്ന മറുപടിയിൽ 19 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് പറഞ്ഞിരുന്നു. അതിന്റെ ഒരുഭാഗത്ത് പാർട്ടി

എന്നുപറയുന്ന ഒരു കോളമുണ്ട്. ആ പത്തൊൻപത് കേസിൽ പതിനഞ്ചിലും പ്രതിയുടെ പാർട്ടി സി.പി.ഐ.(എം) ആണെന്ന് അങ്ങുതന്നെ മറുപടി തന്നിട്ടുണ്ട്. ഞാൻ ഉറപ്പിച്ചുപറയുന്നു, ഞങ്ങൾ അടുത്തൊരു ചോദ്യം ഇതുപോലെ ചോദിക്കുമ്പോൾ ഈ കോളത്തിൽ പ്രതിയുടെ പാർട്ടി മാർക്സിസ്റ്റ് എന്ന് എഴുതിക്കൊണ്ടുള്ള അങ്ങയുടെ മറുപടി ഇവിടെ വരുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. പക്ഷേ എന്തുകൊണ്ട് അങ്ങേയ്ക്ക് ഇപ്പോൾ ഈ സഭയിൽ പറയാൻ ധൈര്യമില്ല? ഈ കേസ് ലോക്കൽ പോലീസ് എത്രമാത്രം ആത്മാർത്ഥമായി അന്വേഷിക്കുമെന്ന് ഞങ്ങൾക്ക് സംശയമുണ്ട്. സാധാരണ ഇത്തരം സംഭവങ്ങളിൽ ഒരു സ്പെഷ്യൽ ടീം വന്ന് കേസ് അന്വേഷിക്കാറില്ലേ; എന്തുകൊണ്ടാണ് ഈ കേസിനെ സംബന്ധിച്ച് വളരെ ലാഘവത്തിൽ പറഞ്ഞത്? ഇത്രയും ചെറിയൊരു മറുപടി ഇതുവരെ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്നും കേട്ടിട്ടില്ല. അങ്ങ് ഈ കേസിനെ എത്ര നിസ്സാരമായാണ് കാണുന്നത്? അവിടെ സമാധാനം വേണ്ടേ? രണ്ട് വർഷം മുമ്പ് ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ വ്യാപാര വ്യവസായ ഹാളിൽ വച്ചൊരു ചർച്ച നടത്തി 11 തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതിൽ എത്രയെണ്ണം നടപ്പിലാക്കി? അത് നടപ്പിലാക്കാത്തതിന്റെ പേരിൽ ഇപ്പോഴും ആ തീരദേശം അശാന്തിയിലല്ലേ? അങ്ങയുടെകൂടി പ്രദേശമല്ലേ അത്? ആ തീരദേശത്തിന്റെ ശാന്തി ആ മേഖലയിൽ മുഴുവനുമുണ്ടാകണ്ടേ? ഞങ്ങൾ എത്ര വിട്ടുവീഴ്ച ചെയ്തു, ഇനിയും വിട്ടുവീഴ്ച ചെയ്യാൻ തയ്യാറാണ്. പക്ഷേ നിങ്ങളിത് നിർത്തുന്നില്ലല്ലോ. ഈ കൊലപാതകങ്ങൾ നിരന്തരമായി ഇങ്ങനെ ആവർത്തിക്കപ്പെടുന്നത് എന്തു കൊണ്ടാണ്; അതിൽ എന്തുകൊണ്ടാണ് ഒരുപക്ഷത്ത് എപ്പോഴും നിങ്ങൾ മാത്രം നിൽക്കുന്നത്? ആ കുടുംബത്തിലെ ആരിഫ എന്ന സ്ത്രീയെ ഉൾപ്പെടെ നിങ്ങൾ എത്രപേരെ വിധവകളാക്കി?

മി. സ്പീക്കർ: 10 മിനിട്ടായി, പ്ലീസ് കൺക്ലൂഡ്.

ഡോ. എം. കെ. മുനീർ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. ഞങ്ങൾക്ക് ഇതിൽ ചില തീരുമാനങ്ങളറിയണം. അതൊരു കുടുംബപരമോ വ്യക്തിപരമോ ആയ വൈരാഗ്യമാണെന്ന് പറഞ്ഞ് തീർക്കുകയാണോ? അവിടെ വൈരാഗ്യമാണോ? അവിടെ രാഷ്ട്രീയപരമായ പ്രശ്നങ്ങളല്ലേ ഇത്രയുംനാൾ നടന്നിട്ടുള്ളത്; അങ്ങേയ്ക്കറിയില്ലേ? ഒരുഭാഗത്ത് മാർക്സിസ്റ്റ് പാർട്ടിയാണ് എപ്പോഴും. അതുകൊണ്ട് ഇത് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് ശക്തമായി അന്വേഷിക്കണം. അവിടത്തെ ജനപ്രതിനിധി ഇപ്പോഴും ആ വീട്ടിൽ പോയിട്ടില്ല. ആ വീടിന്റെ തൊട്ടടുത്ത് വന്നിട്ടും ആ വീട്ടിൽ പോയില്ല. ആരെയാണ് അവർ ആശ്രയിക്കേണ്ടത്? അവിടെയൊരു ജനപ്രതിനിധിയുണ്ടെങ്കിൽ രാഷ്ട്രീയം മറന്ന് ആ വീട്ടിൽ പോകേണ്ട ന്യായമായ മര്യാദയില്ലേ? അവിടത്തെ കളക്ടർ ഇതുവരെ

സമാധാന ചർച്ച വിളിച്ചിട്ടില്ല. ഞങ്ങൾക്ക് പേടിയുണ്ട്. കാരണം, സമാധാന ചർച്ച വിളിക്കാതിരിക്കുമ്പോഴൊക്കെ മറ്റെന്തോ ഗൂഢാലോചന നടക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. അങ്ങേയ്ക്ക് എന്റെ പ്രസംഗം നിർത്താൻ സാധിക്കും. പക്ഷേ, ആ കുഞ്ഞുമകളുടെയും ആരിഫ എന്ന വിധവയുടെയും നെഞ്ചിൽനിന്നും പൊട്ടിവരുന്ന കണ്ണുനീർ നിർത്താൻ കഴിയില്ല. അത് കാലാകാലത്തേയ്ക്കുള്ള കണ്ണുനീരാണ്. ആ കണ്ണുനീർ അവസാനിപ്പിക്കുന്നതിനുവേണ്ടി എന്താണ് ഈ ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്.

മി. സ്പീക്കർ: ശ്രീ. വി. അബ്ദുറഹിമാൻ, അങ്ങയുടെ മണ്ഡലത്തിൽ നടന്ന സംഭവമായതുകൊണ്ട് രണ്ട് മിനിട്ട് സംസാരിക്കാം. അദ്ദേഹം എഴുതിത്തന്നിട്ടുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഒരു സിനിമാ തിരക്കഥപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അവതരിപ്പിച്ച കഥകൾ കേൾക്കാൻ വളരെ ഇമ്പമുള്ളതാണ്. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്. അങ്ങയുടെ മണ്ഡലത്തിൽ നടന്ന സംഭവമെന്ന നിലയിൽ അങ്ങേയ്ക്ക് പറയാനുള്ളത് വേഗം പറയൂ. (.....ബഹളം.....) ദയവായി നിങ്ങൾ ഇരിക്കൂ, അദ്ദേഹം സംസാരിക്കട്ടെ. അങ്ങ് രണ്ട് മിനിട്ട് സംസാരിച്ചിട്ട് ഇരിക്കൂ. അങ്ങയുടെ മണ്ഡലത്തിലെ സംഭവമെന്ന നിലയിൽ എഴുതിത്തന്നതിനാൽ അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, പള്ളിയിലെ കണക്കുമായി ബന്ധപ്പെട്ട തർക്കമാണ് അഞ്ചുടിയിലെ കൊലപാതകത്തിനാധാരം. ഇക്കാര്യത്തെക്കുറിച്ചാണ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണം മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതും ഇപ്പോൾ നടക്കുന്നതും. ജീവച്ഛവമായി കിടക്കുന്ന എട്ടോളം സി.പി.ഐ.(എം) പ്രവർത്തകരുടെ ചിത്രമാണ് എന്റെ കയ്യിലുള്ളത്. (ഒരു ചിത്രം ഉയർത്തിക്കാട്ടി) ഇതിലൊന്ന് ഷംസുവാണ്, മറ്റൊന്ന് പരീദാണ്. എട്ടോളം വരുന്ന സി.പി.ഐ.(എം) പ്രവർത്തകരുടെ നെഞ്ചുപൊള്ളുന്ന, ഹൃദയം പൊട്ടിത്തെറിക്കുന്ന കഥ അറിയാമെങ്കിൽ ഇതിന് ഉത്തരം പറയണം. അവിടെ ഒരു രാഷ്ട്രീയ കൊലപാതകവും നടന്നിട്ടില്ല. അവിടെ നടന്നത് മുസ്ലീംലീഗിന്റെ പള്ളികളിൽ അധികാരം സ്ഥാപിക്കാൻവേണ്ടിയുള്ള ആസൂത്രിതമായ അക്രമമാണ്. അതിനെതിരായി അവിടത്തെ ജനങ്ങൾ പ്രതികരിച്ചതിന്റെ ഫലമായാണ് ഈ കൊലപാതകം നടന്നത്. ....(ബഹളം)..... ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ് കുട്ടിയും ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടിയും അടങ്ങുന്ന സംഘം സമാധാനത്തിന് ആഹ്വാനം നൽകുകയാണ് ചെയ്തത്. മുസ്ലീംലീഗിന്റെ ഭാഗത്തുനിന്നും അക്രമമുണ്ടായപ്പോൾ സമാധാനം നിലനിർത്തുന്നതിനുവേണ്ടി ത്യാഗം സഹിച്ച

പാർട്ടിയാണ് സി.പി.ഐ.(എം)-ഉം ഇടതുപക്ഷ ജനാധിപത്യമുന്നണിയുമെന്ന് നിങ്ങൾ മനസ്സിലാക്കണം. ....(ബഹളം)..... ഈ കൊലപാതകത്തെ രാഷ്ട്രീയമായി ചിത്രീകരിക്കേണ്ടതില്ല. ഇത് ഷംസുദ്ദീന്റെ ബന്ധുക്കളും അദ്ദേഹത്തിന്റെ അനുജനടക്കമുള്ളവരും ചെയ്ത കൊലപാതകമാണ്. ഇതിന് പാർട്ടിയുമായി യാതൊരു ബന്ധവുമില്ല. താനൂരിൽ മുസ്ലീംലീഗിന്റെ അക്രമപ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

(ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.-യുടെ പ്രസംഗത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ദയവായി എല്ലാവരും സീറ്റുകളിൽ പോയിരിക്കു.

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം പ്രതിപക്ഷാംഗങ്ങൾ സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അത്യന്തം നിർഭാഗ്യകരമായ ഒരു സംഭവമാണ് താനൂരിലുണ്ടായത്. അതാണ് ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് അവതരിപ്പിച്ചത്. കൊലചെയ്യപ്പെട്ടയാളുടെ കുടുംബത്തിന്റെ വിഷമതകളെപ്പറ്റി അദ്ദേഹം വിവരിക്കുകയുണ്ടായി. ഇത്തരത്തിലുള്ള സംഭവങ്ങൾ ആ രീതിയിലുള്ള രംഗങ്ങളാണുണ്ടാക്കുന്നതെന്നത് നാം ഓർക്കേണ്ടതുണ്ട്. ഒരു തരത്തിലുള്ള പ്രോത്സാഹനവും ഇത്തരം സംഭവങ്ങൾക്കുണ്ടാകില്ല എന്നതാണ് ആദ്യമായി വ്യക്തമാക്കാനുള്ളത്. അതോടൊപ്പം ഇതുപോലുള്ള സംഭവങ്ങൾ, അത് കൊലപാതകമായാലും ആളുകളെ ജീവച്ഛവമാക്കലായാലും പരിക്കേൽപ്പിക്കലായാലും പൂർണ്ണമായും ഒഴിവാക്കേണ്ടതുണ്ട്. അതിന് ഉതകുന്ന സമീപനം എല്ലാ സംഘടനകളും പ്രസ്ഥാനങ്ങളും സ്വീകരിക്കേണ്ടത് ഏറ്റവും പ്രധാനമാണ്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞുവെന്നത് വസ്തുതയാണ്. ഇപ്പോൾ താനൂരിലുണ്ടായ സംഭവത്തെ പൊതുസമൂഹവും സർക്കാരും ഗൗരവമായിത്തന്നെയാണ് കാണുന്നത്. ഈ സംഭവത്തിൽ ഉൾപ്പെട്ട ആളുകൾ ആരായാലും അവരെ പരിരക്ഷിക്കുന്ന സമീപനം സർക്കാരിന്റേയോ പോലീസിന്റേയോ ഭാഗത്തുനിന്നുണ്ടാകില്ല. മുഖം നോക്കാതെയുള്ള നടപടി സ്വീകരിക്കണമെന്ന് പോലീസിന് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കേസിന്റെ പ്രാഥമികാന്വേഷണത്തിലെ പോലീസിന്റെ നിഗമനമാണ് ഞാനിവിടെ നേരത്തെ വ്യക്തമാക്കിയത്. നമുക്ക് സമാധാനമാണ് ആവശ്യം. സമാധാനപരമായ അന്തരീക്ഷത്തിലാണ് ഏത് കൂട്ടർക്കും അവരുടേതായ രാഷ്ട്രീയ സമീപനങ്ങൾ ജനങ്ങളുടെ

മുമ്പിൽ അവതരിപ്പിക്കാൻ കഴിയുന്നത്. ആ സമീപനങ്ങൾ ജനങ്ങൾ വിശകലനം ചെയ്തുകൊണ്ട് ആരുടെ കൂടെ നിൽക്കണമെന്ന് തീരുമാനിക്കും. അതിൽ ഒന്നേ വ്യക്തമാക്കാനുള്ളൂ, ഞങ്ങൾ സമാധാനപരമായ അന്തരീക്ഷം വേണമെന്നതന്നെയാണ് ആഗ്രഹിക്കുന്നത്. അദ്ദേഹം പറഞ്ഞു, എപ്പോഴും സർക്കാരിനും ഭരണപക്ഷത്തിനുമാണ് സമാധാനം പ്രധാനമായും ആവശ്യമെന്ന്. അത് ഞങ്ങൾ എപ്പോഴും മുഖവിലയ്ക്കെടുക്കുന്നുണ്ട്. നാട്ടിൽ സമാധാനം ഉണ്ടാകുകയെന്നത് ഏറ്റവും പ്രധാനമാണ്. സമാധാനപരമായ അന്തരീക്ഷമില്ലെങ്കിൽ നമുക്ക് ജനങ്ങളോട് പറയേണ്ട കാര്യങ്ങൾ ശാന്തമായി പറയാൻ കഴിയില്ല, ജനങ്ങൾക്ക് അത് കേൾക്കാനും കഴിയില്ല. കാരണം അവരെല്ലാം സംഘർഷത്തിലായിപ്പോകും. അതല്ല ഞങ്ങൾ ആഗ്രഹിക്കുന്നത്. കാരണം, ഒട്ടേറെ കാര്യങ്ങൾ ജനങ്ങളുടെ മുന്നിൽ പറയാനുമുണ്ട്, അവരെക്കൂടി അണിനിരത്തിക്കൊണ്ട് നല്ല നാളേയ്ക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാനുമുണ്ട്.

ഇവിടെ അദ്ദേഹം സംസാരിക്കുമ്പോൾ അവിടെ നടന്ന സമാധാന ചർച്ചയെക്കുറിച്ച് പറയുകയുണ്ടായി. സമാധാന ചർച്ച മലപ്പുറം ജില്ലയിലെ എന്നല്ല, കേരളത്തിലെതന്നെ പ്രമുഖരായ രാഷ്ട്രീയനേതാക്കൾ പങ്കെടുത്തുകൊണ്ട് നടന്നതാണ്. ആ ചർച്ചയുടെ സ്പിരിറ്റുൾക്കൊണ്ട് മുന്നോട്ടുപോകാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. അതുമായി ബന്ധപ്പെട്ട നേതൃത്വത്തിന്റെ അണികൾ എന്നുപറയുന്നവർ എല്ലാപേരും അത് പാലിക്കാൻ ബാധ്യതയുള്ളവരാണ്. താനൂർ മാറിനിൽക്കേണ്ട കാര്യമില്ല. സമാധാന സംഭാഷണത്തിനുശേഷവും എങ്ങനെ ഇത്തരം സംഭവമുണ്ടായി എന്നതിനെക്കുറിച്ച് ഇരുകൂട്ടരും ആലോചിക്കുകയും അത്തരം കാര്യങ്ങൾ കർശനമായി നിയന്ത്രിക്കാൻ തയ്യാറാകുകയും വേണം. പോലീസ് നടപടി സ്വീകരിക്കും. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് മറ്റ് പ്രശ്നങ്ങളുണ്ടാകാതിരിക്കാനുള്ള ഇടപെടൽ രാഷ്ട്രീയ നേതൃത്വങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുകയെന്നത് ഏറ്റവും പ്രധാനമാണ്.

ഒരു തെറ്റായ സൂചന ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ ഭാഗത്തുനിന്നുമുണ്ടായി. അത് വേണ്ടായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. കാരണം അറുപത് വർഷവും മൂന്നര വർഷവും തമ്മിൽ താരതമ്യപ്പെടുത്തി. അത് ഏതിന്റേയോ നേരെയുള്ള പരോക്ഷമായ അമ്പെയ്ത്തല്ലേ എന്നാണ് സംശയം. അത് വേണ്ടായിരുന്നു. അവിടെ നടന്ന കാര്യങ്ങൾ നമുക്കെല്ലാം അറിയാം. നേരത്തേ നടന്ന കാര്യങ്ങളുമറിയാം. തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ മൂന്നര വർഷമായി ഇരിക്കുന്ന ആളിനുനേരെ നടന്ന നീക്കങ്ങളും നമ്മുടെയെല്ലാം ശ്രദ്ധയിലുള്ളതാണ്. അങ്ങനെയൊരു പ്രത്യേക രീതി അവിടെയുണ്ട്. അതൊന്നും പ്രോത്സാഹിപ്പിക്കത്തക്കതല്ല. ഏതെങ്കിലും ഒരുകൂട്ടർ ചെയ്യുന്നതെല്ലാം

ശരിയാണെന്ന സമീപനം സ്വീകരിക്കേണ്ട. എന്തിന്റെയെങ്കിലും തുടർച്ചയുടെ ഭാഗമായാണ് ഈ മൂന്നര വർഷം ചൂണ്ടിക്കാണിച്ചതെങ്കിൽ അത് തുടരാൻ പാടില്ല എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവിടെ ഒരു ആയുധം കണ്ടെടുത്തതിനെപ്പറ്റി പറയുന്നുണ്ട്. ആയുധം കണ്ടെടുത്തുവെന്നത് ശരിയാണ്. പ്രതികളിൽ ചിലരെ കണ്ടെത്താനുണ്ട്. ആ പ്രതികളെ കണ്ടെത്താനുള്ള ശ്രമം നടത്തുകതന്നെ ചെയ്യും. കളക്ടർ സമാധാന ചർച്ച വിളിച്ചില്ലെന്ന് അദ്ദേഹം പറയുകയുണ്ടായി. അത് എന്താണെന്ന് അന്വേഷിക്കാം, പെട്ടെന്നുതന്നെ സമാധാന ചർച്ച വിളിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. അവിടെയൊരു പ്രത്യേക അന്വേഷണ സംഘം വേണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചുകൊണ്ട് അന്വേഷിക്കുന്ന നിലപാട് സ്വീകരിക്കാം. ഇതിന്റെ ഭാഗമായി പൊതുവിൽ അഭ്യർത്ഥിക്കാനുള്ളത്, സംസ്ഥാനത്ത് രാഷ്ട്രീയ സംഘർഷങ്ങൾ താരതമ്യേന കുറഞ്ഞുവരികയാണ്. അത് പ്രോത്സാഹിപ്പിക്കത്തക്കവിധമുള്ള സമീപനം ഒരുകൂട്ടരുടെ ഭാഗത്തുനിന്നുമുണ്ടാകാൻ പാടില്ല. അങ്ങനെ ഉണ്ടാകുന്നുണ്ടെങ്കിൽ അത് കർശനമായി നിയന്ത്രിക്കാൻ ബന്ധപ്പെട്ടവർതന്നെ ഇടപെടുന്ന സ്ഥിതിയുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. പോലീസ് നിഷ്പക്ഷമായും ഗൗരവമായും അന്വേഷിച്ച് എല്ലാ പ്രതികളെയും കണ്ടെത്തുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പൊതുവിലുള്ള ഒരു കീഴ്വഴക്കം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റൂൾ 50 അവതരിപ്പിക്കുമ്പോൾ ബന്ധപ്പെട്ട മണ്ഡലത്തിലെ എം.എൽ.എ.-ക്ക് അവസരം കൊടുക്കുക എന്നത് ഇവിടെ കഴിഞ്ഞ കുറച്ചുകാലമായി പാലിച്ചുവരുന്ന രീതിയാണ്. അത് റൂൾ 50-നോട് ആഡ് ചെയ്യാനാണ്. കൊലപാതകവുമായി ബന്ധപ്പെട്ട് പോലീസന്വേഷണം ഊർജ്ജിതമാക്കണമെന്ന് റൂൾ 50-ലൂടെ സർക്കാരിനോട് ആവശ്യപ്പെടുമ്പോൾ ബന്ധപ്പെട്ട എം.എൽ.എ.-ക്ക് സംസാരിക്കാൻ അനുമതി നൽകുന്നത് അതിനോട് എന്തെങ്കിലും ആഡ് ചെയ്ത് പറയാനോ ഇല്ലെങ്കിൽ ആ വിഷയത്തിൽ അദ്ദേഹത്തിന്റെ നിലപാട് പറയാനോ ആണ്. അല്ലാതെ അതിന് മറുപടി പറയാനോ കടകവിരുദ്ധമായ കാര്യങ്ങൾ പറയാനോ അല്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറിൽ നിന്നുള്ള റൂളിംഗാണ് ആവശ്യം.

<u>മി. സ്പീക്കർ</u>: കൊലപാതകങ്ങൾ പോലെയുള്ള വിഷയങ്ങളെ സംബന്ധിച്ച് റൂൾ 50 പ്രകാരമുള്ള നോട്ടീസിൽ സഭയിൽ ചർച്ച നടക്കുമ്പോൾ സംഭവം നടന്ന നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾക്ക് സംസാരിക്കാൻ അവസരം നൽകുന്നത് സഭയുടെ കീഴ്വഴക്കമാണ്. അത് എല്ലാ അംഗങ്ങൾക്കും നൽകിയിട്ടുമുണ്ട്. അതിൽ ഒരുതരത്തിലുമുള്ള ചട്ടലംഘനവുമില്ല. എന്നാൽ ബന്ധപ്പെട്ട അംഗം എന്ത് സംസാരിക്കണമെന്ന് ചെയറിന് നിർബന്ധിക്കാൻ കഴിയില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കഴിഞ്ഞ ഞായറാഴ്ച ഞാൻ സംഭവസ്ഥലത്ത് പോയിരുന്നു. ഉണ്ണിയാൽ പോലുള്ള സ്ഥലങ്ങളിൽ കഴിഞ്ഞ കുറേ നാളുകൾക്ക് മുമ്പ് സംഘർഷങ്ങൾ നടന്നപ്പോഴും ഞാൻ പോയതാണ്. ശ്രീ. വി. അബ്ദുറഹിമാൻ എന്റെ പഴയൊരു സുഹൃത്താണ്. അദ്ദേഹത്തിന്റെ ഭാഷാപ്രയോഗം ശരിയായില്ല. മരണത്തോട് അദ്ദേഹം ഇങ്ങനെ പ്രതികരിക്കാൻ പാടില്ലായിരുന്നു. എന്റെ പഴയൊരു സുഹൃത്ത് എന്ന നിലയിലാണ് ഞാൻ അദ്ദേഹത്തോടത് പറയുന്നത്. ദാരുണമായ ആ സംഭവത്തിന്റെ സന്ദർഭം എന്താണെന്ന് മുഖ്യമന്ത്രി പറഞ്ഞത് നൂറ് ശതമാനം വാസ്തവവിരുദ്ധമാണ്. അദ്ദേഹം മുസ്ലീംലീഗ് പ്രവർത്തകന്റെ പേരെടുത്ത് പറഞ്ഞു. കൊലപാതക കേസിൽ ഉൾപ്പെട്ടിട്ടുള്ളത് ഏത് രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരാണെന്ന് അദ്ദേഹം പറയേണ്ടതായിരുന്നു. അത് അദ്ദേഹം പറഞ്ഞില്ല. സ്വാഭാവികമായും മുസ്ലീംലീഗ് പ്രവർത്തകന്റെ പേരെടുത്ത് പറയുമ്പോൾ പ്രതികളുടെ രാഷ്ട്രീയ ബന്ധംകൂടി അദ്ദേഹം പറയേണ്ടതായിരുന്നു. മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ ഒരു ആത്മാർത്ഥതയുമില്ലെന്നതാണ് നമ്മൾ കണ്ടു കൊണ്ടിരിക്കുന്നത്. 2016 ഒക്ടോബർ 9-ന് ഈ സഭയിൽ അദ്ദേഹം നടത്തിയ ഒരു പ്രസംഗമുണ്ട്. അത് നമ്മുടെയെല്ലാം ശ്രദ്ധയിലുള്ളതാണ്. '*ക്രൗര്യംകൊണ്ട് ഒരാളെ ഇല്ലാതാക്കാൻ പറ്റും, എന്നാൽ തിരുത്താൻ പറ്റില്ല*' എന്നുതുടങ്ങുന്ന വാചകങ്ങളാണ് അന്നത്തെ പ്രസംഗത്തിലുള്ളത്. അതിന് സമാനമായ വാചകങ്ങളാണ് ഇന്നും അദ്ദേഹം ഉന്നയിച്ചത്. ഇക്കാര്യങ്ങളെല്ലാം പറയുമ്പോഴും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടവർ ആളുകളെ കൊന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നശേഷമുള്ള 32-ാമത്തെ രാഷ്ട്രീയ കൊലപാതകമാണ് ഇപ്പോൾ താനൂരിൽ ഉണ്ടായിരിക്കുന്നത്. ഞാനവിടെ പോയി. അതിന്റെ വിശദാംശങ്ങൾ ഡോ. എം. കെ. മുനീർ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. വളരെ പാവപ്പെട്ട വീടാണ്. വിധവയായ ഉമ്മ, കല്യാണം കഴിക്കാത്ത ഒരു സഹോദരി. ആ വീടിനാകെ ആശ്രയമായിരുന്ന ഇസ്ഹാഖിനെ കൊല്ലാൻ ഒരു കാരണവുമില്ല. സംഘർഷം നടക്കുമ്പോഴോ അല്ലെങ്കിൽ

പെട്ടെന്നൊരു പ്രകോപനമുണ്ടാകുമ്പോഴോ ആണ് കൊന്നതെങ്കിൽ നമുക്ക് മനസ്സിലാകും. പ്രകോപനമില്ലാതെ നടന്ന ഒരു കൊലപാതകമാണ് എന്നുള്ളത് ഗൗരവമർഹിക്കുന്ന കാര്യമാണ്. എല്ലാ നിയമസഭാ സെഷനിലും ഇതുപോലെയുള്ള രാഷ്ട്രീയ കൊലപാതകങ്ങളെപ്പറ്റി അടിയന്തരപ്രമേയം അവതരിപ്പിക്കുകയും വാക്കൗട്ട് പ്രസംഗം നടത്തുകയും ചെയ്യുന്നത് ദുഃഖകരമായ കാര്യമല്ലേ? രാഷ്ട്രീയ കൊലപാതകങ്ങളും കേന്ദ്രം ഭരിക്കുന്ന പാർട്ടിയും കേരളം ഭരിക്കുന്ന പാർട്ടിയും തമ്മിലുള്ള സംഘർഷങ്ങളും നിരന്തരമായി ഉണ്ടാകുകയാണ്. ഈ വർഷം ഫെബ്രുവരിയിലാണ് പെരിയയിൽ യൂത്ത് കോൺഗ്രസിന്റെ രണ്ട് ചുണക്കുട്ടന്മാരായ കൃപേഷിനെയും ശരത്‌ലാലിനെയും സി.പി.ഐ.(എം)-കാർ മൃഗീയമായി കൊന്നത്. അതിന് ഒരുവർഷം മുമ്പാണ് 2018 ഫെബ്രുവരിയിൽ മട്ടന്നൂരിലെ ഷുഹൈബിന്റെ ദാരുണമായ കൊലപാതകമുണ്ടായത്. അങ്ങനെ എത്രയെത്ര കൊലപാതകങ്ങളാണ് ഇവിടെ നടക്കുന്നത്? കൊലക്കത്തികൾ താഴെയിടാൻ എന്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്റെ അനുയായികളോട് ആവശ്യപ്പെടുന്നില്ല? അദ്ദേഹം ഇവിടെ പറഞ്ഞ കാര്യങ്ങൾ അവരോട് പറഞ്ഞാൽപ്പോരെ? നിയമസഭയിൽ ഇന്ന് മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ പാർട്ടിയുടെ പ്രവർത്തകയോഗങ്ങളിലോ നേതാക്കളെയോ വിളിച്ചുപറഞ്ഞാൽ ഈ കൊലപാതകങ്ങൾ അവസാനിക്കില്ലേ? എത്ര കൊന്നാലും രക്തദാഹം തീരാത്ത പാർട്ടിയായി സി.പി.ഐ.(എം) മാറിയിരിക്കുന്നുവെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുണ്ടായ 32 രാഷ്ട്രീയ കൊലപാതകങ്ങളിൽ 19-ലെയും പ്രതികൾ സി.പി.ഐ.(എം)-കാരാണ് . ആർ.എസ്.എസ്./ബി.ജെ.പി.-ക്കാർ-6; എസ്.ഡി.പി.ഐ.-1; സി.പി.ഐ.-1. സംസ്ഥാനം ഭരിക്കുന്ന പാർട്ടിയായതുകൊണ്ട് ഞങ്ങൾക്ക് ഉത്തരവാദിത്വം കൂടുതലുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആ ഉത്തരവാദിത്വ ബോധമുണ്ടായിരുന്നെങ്കിൽ 19 രാഷ്ട്രീയ കൊലപാതകങ്ങൾ സി.പി.ഐ.(എം) എന്നുപറയുന്ന പാർട്ടിയുടെ നേതൃത്വത്തിൽ നടക്കുമോ? പറഞ്ഞുതീർക്കാവുന്ന നിസ്സാരകാര്യങ്ങൾപോലും കൊലപാതകത്തിലേയ്ക്ക് നീങ്ങുന്ന ശൈലി സ്വീകരിക്കുന്ന പാർട്ടിയെ തിരുത്താനല്ലേ മുഖ്യമന്ത്രി ആദ്യം ശ്രമിക്കേണ്ടത്; അതിന് അദ്ദേഹം തയ്യാറുണ്ടോ? ഷുഹൈബിന്റെയും ശരത്‌ലാലിന്റെയും കൃപേഷിന്റെയും കാര്യത്തിൽ സംഭവിച്ചത് അതാണ്. താനൂരിലെ അഞ്ചുടിയിൽ ഇസ്ഹാഖ് എന്ന മത്സ്യത്തൊഴിലാളി യുവാവ് വൈകിട്ട് പള്ളിയിലേക്ക് പോയപ്പോഴാണ് ഈ ദാരുണ സംഭവമുണ്ടായത്. വ്യക്തമായ ഗൂഢാലോചന ഇതിന്റെ പിന്നിലുണ്ടെന്നത് വ്യക്തമാണ്. മുമ്പ് അവിടെ സി.പി.ഐ.(എം)-മുസ്ലീംലീഗ് സംഘർഷങ്ങളുണ്ടായിരുന്നു. അതുകഴിഞ്ഞ് സമാധാന യോഗങ്ങളുണ്ടായി. എല്ലാവരും സഹകരിച്ചു. പ്രശ്നങ്ങളില്ലാത്ത ഒരു അവസ്ഥയിലേക്ക് ആ പ്രദേശം മാറുകയായിരുന്നു. അവിടെ നിലനിൽക്കുന്ന

സമാധാനപരമായ അന്തരീക്ഷം ഇല്ലാതാക്കാൻ നടത്തിയ ശ്രമങ്ങൾ എങ്ങനെ അംഗീകരിക്കാൻ കഴിയും? നേരത്തെ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഉന്നയിച്ച ഒരു കാര്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞില്ല. ഈ സംഭവം നടക്കുന്നതിന് ഒരാഴ്ച മുമ്പ് ശ്രീ. പി. ജയരാജൻ ആ പ്രദേശം സന്ദർശിച്ചു. അദ്ദേഹം എന്തിനാണ് അവിടെ പോയതെന്ന് എനിക്കറിയില്ല. പക്ഷേ ശ്രീ. പി. ജയരാജന്റെ സന്ദർശനത്തിനുശേഷം കൗണ്ട്ഡൗൺ തുടങ്ങുകയാണ്. ആ കൗണ്ട്ഡൗൺ അവസാനിച്ച ദിവസമാണ് പാവപ്പെട്ട ഇസ്ഹാഖിനെ കൊന്നത് എന്നുള്ളത് ഗൗരവമേറിയ കാര്യമല്ലേ; അത് അന്വേഷിക്കണ്ടേ? സാമൂഹ്യ മാധ്യമങ്ങൾവഴി പ്രചരിച്ച കൗണ്ട്ഡൗൺ തീരുന്ന ദിവസമാണ് ഈ കൊലപാതകമുണ്ടായത്. ശ്രീ. പി. ജയരാജൻ മരണദൂതനായി മാറുകയാണോയെന്ന് സംശയമുണ്ട്. ആ സംശയം ദൂരീകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് മറുപടിയുണ്ടാകുമെന്ന് കരുതി. പക്ഷേ അദ്ദേഹം ഒരക്ഷരം മിണ്ടിയില്ല.

അദ്ദേഹം നിരവധി കൊലപാതക കേസുകളിൽ പ്രതിയാണ്. അരിയിൽ ഷുക്കൂർ, കതിരൂർ മനോജ് ഉൾപ്പെടെ സി.ബി.ഐ. അന്വേഷിക്കുന്ന നിരവധി കേസുകളിൽ പ്രതിയാണ്. ശ്രീ. പി. ജയരാജൻ സന്ദർശനം നടത്തിയപ്പോൾ പ്രതികളോടൊപ്പമെടുത്ത ഫോട്ടോ ഇവിടെ കാണിച്ചു. (...ബഹളം...)

ശ്രീ. എ. പ്രദീപ്കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ സംസാരിച്ചതിനുശേഷം അങ്ങേയ്ക്ക് പറയാം.

മി. സ്പീക്കർ: അദ്ദേഹം സംസാരിച്ചു തീരട്ടെ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതിന്റെ പിന്നിലുള്ള ഗൂഢാലോചനകൂടി അന്വേഷിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇതിന്റെ പിന്നിൽ വ്യക്തമായ ഗൂഢാലോചനയുണ്ട്. (...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. പി. ജയരാജനുണ്ടോ ഇല്ലയോ എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. അവിടെ പോയപ്പോൾ ഞങ്ങളോട് അവർ പറഞ്ഞതാണ്. ശ്രീ. പി. ജയരാജന് അതിൽ ഉത്തരവാദിത്വമുണ്ടെന്ന് ഞാൻ പറഞ്ഞില്ല. അവിടത്തെ ആളുകൾ പറഞ്ഞതാണ്. അദ്ദേഹത്തിന്റെ സന്ദർശനത്തിനുശേഷമാണ് കൗണ്ട്ഡൗൺ തുടങ്ങുന്നത്. ഈ സംഭവത്തിൽ അദ്ദേഹത്തിന് പങ്കുണ്ടോയെന്ന് പോലീസ് അന്വേഷിക്കട്ടെ. അല്ലെങ്കിൽ മറ്റ്

ഏജൻസികൾ അന്വേഷിക്കട്ടെ. നിരന്തരമായി ഇത്തരം കൊലപാതകങ്ങൾ നടത്താൻ എന്തിനാണ് മാർക്സിസ്റ്റ് പാർട്ടി മുന്നോട്ടുവരുന്നത്? ഈ ഗവൺമെന്റ് ആരോടൊപ്പമാണ്; ഇരകളോടൊപ്പമല്ല എന്നുള്ളത് വ്യക്തമാണ്. വാളയാറിലെ സംഭവം മുതൽ പരിശോധിച്ചാൽ അത് കാണാൻ കഴിയും. ശരത്‌ലാലിന്റെയും കൃപേഷിന്റെയും കൊലപാതകത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി എന്താണ് പറഞ്ഞത്? ഹൈക്കോടതി കുറ്റപത്രം റദ്ദാക്കി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞു, ഈ കുറ്റപത്രവുമായി പോയാൽ പ്രതികൾ മുഴുവൻ രക്ഷപ്പെടും. നിഷ്ഠുരമായ കൊലപാതകം നടത്തിയിട്ട് ആ കൊലപാതക കേസിലെ പ്രതികളെ രക്ഷിക്കാൻവേണ്ടി പ്രതികളുടെ ബന്ധുക്കളെ സാക്ഷികളാക്കിക്കൊണ്ടുള്ള കുറ്റപത്രം ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കി. എന്നിട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി അന്വേഷണം സി.ബി.ഐ.-യ്ക്ക് വിട്ടു. ഈ ഗവൺമെന്റ് ചെയ്തത് എന്താണ്? ഈ ഗവൺമെന്റ് അതിന് അപ്പീലിന് പോകുകയാണ്. എന്റെ കയ്യിൽ 28-10-2019-ലെ ഒരു ഉത്തരവുണ്ട്. അപ്പീൽ പോകുന്ന ഈ കേസിൽ വാദിക്കുന്നതിനുവേണ്ടി ശ്രീ. രഞ്ജിത് കുമാർ, സീനിയർ അഡ്വക്കേറ്റ്, ഫോർമർ സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യയ്ക്കുവേണ്ടി 25 ലക്ഷം രൂപ ഫീസ് കൊടുക്കാനുള്ള സർക്കാർ ഉത്തരവാണിത്. അദ്ദേഹത്തെ കൊണ്ടുവന്ന് കൃപേഷിനെയും ശരത് ലാലിനെയും കൊന്ന പ്രതികളെ രക്ഷിക്കുന്ന നാണംകെട്ട മുഖ്യമന്ത്രിയാണ് കേരളം ഭരിക്കുന്നത്. ഇത് നാണംകെട്ട നടപടിയാണ്. പാവപ്പെട്ട രണ്ട് ചെറുപ്പക്കാരെ കൊന്ന പ്രതികളെ സംരക്ഷിക്കാൻവേണ്ടി കേരളത്തിന്റെ ഖജനാവിൽനിന്നും 25 ലക്ഷം രൂപ നൽകുന്ന നാണംകെട്ട പ്രവർത്തനമാണ് നടക്കുന്നത്. മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ ആത്മാർത്ഥതയില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്ത്യയുടെ സോളിസിറ്റർ ജനറലിനെ കേരളത്തിൽ കൊണ്ടുവന്ന് കൃപേഷ്, ശരത് ലാൽ എന്നീ രണ്ട് ചെറുപ്പക്കാരെ കൊന്ന മാർക്സിസ്റ്റ് പാർട്ടിക്കാരായ പ്രതികളെ രക്ഷിക്കുന്നതിനുവേണ്ടി തുക ചെലവഴിക്കുന്നു എന്നുള്ളത്. ആറാമത്തെ നക്സലൈറ്റുകളെയാണ് നിങ്ങൾ വെടിവച്ചുകൊന്നത്. നക്സൽ പ്രസ്ഥാനങ്ങളോട് ഞങ്ങൾക്ക് എതിർപ്പുണ്ട്. ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി കേരളം ഭരിക്കുമ്പോൾ ആറാമത്തെ നക്സലൈറ്റിനെയാണ് വെടിവച്ച് കൊന്നത്. അതൊരു ഫേക്ക് എൻകൗണ്ടറാണെന്ന് പറയുന്നുണ്ട്. മാവോയിസ്റ്റാണെങ്കിൽ ഫേക്ക് എൻകൗണ്ടറിലൂടെ വെടിവച്ച് കൊല്ലുമോ? ഞാൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ പഴയകാലത്തെ സി.പി.ഐ. നേതാക്കളായിരുന്ന രൂപേഷിനെയും ഷൈനിയെയും കോയമ്പത്തൂരിൽ വച്ച് ആന്ധ്ര-കർണ്ണാടക-തമിഴ്നാട് പോലീസിന്റെ നിരീക്ഷണത്തിൽ കയ്യോടെ പിടിച്ച് ജയിലിലടയ്ക്കുകയാണ് ചെയ്തത്, വെടിവച്ച് കൊന്നില്ല. ആറാമത്തെ മാവോയിസ്റ്റിനെയാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ്

മുഖ്യമന്ത്രി ഭരിക്കുമ്പോൾ വെടിവച്ച് കൊന്നത്. ഇവിടെ ഫേക്ക് എൻകൗണ്ടറുകളും രാഷ്ട്രീയ കൊലപാതകങ്ങളും നടക്കുന്നു, നിരപരാധികളെ മുഴുവൻ വെട്ടിക്കൊല്ലുന്നു. ഈ രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിക്കാത്തതിന്റെ കാരണം ഗവൺമെന്റിന്റെയും പോലീസിന്റെയും സമീപനമാണ്. ഈ നാട്ടിൽ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. നാട്ടിൽ സമാധാനമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അങ്ങ് പത്രം വായിക്കണം. ഓരോ ദിവസവും നടക്കുന്ന അക്രമങ്ങൾ, കൊലപാതകങ്ങൾ, പിടിച്ചുപറികൾ, പീഡനങ്ങൾ, കുട്ടികൾക്കെതിരായ പീഡനങ്ങൾ ഇതെല്ലാം നടക്കുകയാണ്. ഓരോ സംസ്ഥാനത്തുമുള്ള കണക്കുകൾ എപ്പോഴും അദ്ദേഹം പറയുകയാണ്. പക്ഷെ കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് രാഷ്ട്രീയ കൊലപാതകങ്ങൾ. മുസ്ലീംലീഗ് പ്രവർത്തകരെ നിഷ്ഠുരമായി വെട്ടിക്കൊന്നിട്ടും അവർക്ക് യാതൊരു സഹായവും കൊടുത്തില്ല. ഇത്രയും പറയുന്ന മുഖ്യമന്ത്രി ആ കുടുംബത്തിനുവേണ്ടി സഹായധനം പ്രഖ്യാപിക്കുമെന്ന് ഞാൻ കരുതി. അതോടൊപ്പംതന്നെ അതിലെ ഗൂഢാലോചന അന്വേഷിക്കുമെന്ന് പറഞ്ഞു. പക്ഷെ അന്വേഷിക്കാൻ തയ്യാറാകുന്നില്ല. ഈ കേസ് തേയ്ച്ചുമായ്ച്ച് കളയാനും പ്രതികളെ സംരക്ഷിക്കാനുമുള്ള ബോധപൂർവ്വമായ നീക്കം നടത്തുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഈ പ്രസംഗം സമാധാനാന്തരീക്ഷം തകർക്കാൻ ലക്ഷ്യം വച്ചുകൊണ്ടുള്ളതല്ലേ? സംസ്ഥാനത്തിന്റെ സമാധാനം കാത്തുസൂക്ഷിക്കാൻ ആവശ്യമായ ഇടപെടൽ നടത്തണമെന്ന മുഖ്യമന്ത്രിയുടെ സമീപനത്തെ നിരാകരിച്ചുകൊണ്ട് അക്രമങ്ങളെ പ്രോത്സാഹിപ്പിക്കാനല്ലേ അങ്ങയുടെ നിലപാട് ഉപകരിക്കുകയുള്ളൂ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നു, ഏത് സമാധാന ശ്രമങ്ങൾക്കും ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്. പക്ഷെ ആത്മാർത്ഥതയുണ്ടാകണം. നിങ്ങൾക്ക് ആത്മാർത്ഥതയില്ല. മുഖ്യമന്ത്രിയുടെ പ്രസംഗം ഞാൻ ഇവിടെ വായിച്ചു. അത് ഈ സഭയിൽ നടത്തിയ പ്രസംഗമാണ്. സമാനമായ പ്രസംഗമാണ് ഇന്നും നടത്തിയത്. പക്ഷേ പിറ്റേദിവസം മുതൽ അനുയായികൾ കൊലക്കത്തിയുമായി രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്തുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. പറയുന്ന കാര്യങ്ങളോട് നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടാകണം. ഇല്ലെങ്കിൽ നാട്ടിൽ കലാപങ്ങളും കുഴപ്പങ്ങളുമുണ്ടാകും. നിങ്ങൾക്കാണ് കൂടുതൽ ഉത്തരവാദിത്വം. മുഖ്യമന്ത്രി അത് അംഗീകരിച്ചു. നിങ്ങളാണ് ഭരിക്കുന്ന ആളുകൾ. ഞങ്ങൾ എപ്പോഴാണ് സമാധാനത്തിനുവേണ്ടി സഹകരിക്കാതിരുന്നത്? ഇവിടെ ഡോ. എം. കെ. മുനീർ

പറഞ്ഞില്ലേ എല്ലാ സമാധാനശ്രമങ്ങൾക്കും ഞങ്ങൾ സഹകരിക്കുമെന്ന്. താനൂരിലുണ്ടായ സംഭവത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സമാധാനശ്രമമുണ്ടായാൽ ഞങ്ങൾ വീണ്ടും സഹകരിക്കും. പക്ഷെ ഗവൺമെന്റിന്റെ ഈ സമീപനം ശരിയല്ല. നാട്ടിൽ അക്രമങ്ങളും കൊലപാതകങ്ങളും വർദ്ധിക്കുന്നു. അതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. അന്വേഷണം ഫലപ്രദമായി മുന്നോട്ടുപോകാത്തതിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ചുകൊണ്ട് സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

# IV ശ്രദ്ധ ക്ഷണിക്കൽ

## മത്സ്യബന്ധന മേഖലയെ പ്രതിസന്ധിയിലാക്കുന്ന കേന്ദ്രനയം

ശ്രീ. കെ. ദാസൻ: സർ, കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുന്ന സമഗ്ര മത്സ്യബന്ധന നിയന്ത്രണ ബിൽ കേരളത്തിലെ പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ മരണമണിമുഴക്കമായി മാറിയിരിക്കുകയാണ്. ഈ നിയമം പ്രാബല്യത്തിലാകുന്നതോടെ കേരളതീരം പട്ടിണിയുടെ തീരമായി മാറുമെന്ന കാര്യം ഗൗരവമായി കാണണം. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഒന്നടങ്കം ഈ കിരാതനീക്കത്തെ ചെറുത്തുതോൽപ്പിക്കാൻ മുന്നിൽത്തന്നെയുണ്ട്. ഇപ്പോൾ മത്സ്യലഭ്യതക്കുറവുമൂലം അർദ്ധപട്ടിണിക്കാരായ തീരപ്രദേശങ്ങളിലെ മത്സ്യത്തൊ-ഴിലാളികളുടെ ഇപ്പോഴുള്ള കഞ്ഞിയിൽക്കൂടി പാറ്റയിടുന്ന കേന്ദ്രസർക്കാരിന്റെ ഈ സമീപനത്തെ ചെറുത്തുതോൽപ്പിക്കാൻ മത്സ്യത്തൊഴിലാളികളോടൊപ്പം കൈകോർത്ത് മുന്നിൽനിന്ന് നയിക്കാൻ ഈ ജനപക്ഷ സർക്കാരുണ്ടെന്നത് അഭിമാനകരമാണ്. കേരളത്തിന്റെ കടലോരവും ചെറുകിട മത്സ്യവ്യാപാര മേഖലയും കുത്തകകൾക്ക് തീറെഴുതി കൊടുക്കാനുള്ള നീക്കമാണ് കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. കടലിൽ എവിടെയും തടസ്സങ്ങളില്ലാതെ വൻകിട കോർപ്പറേറ്റ് കമ്പനികൾക്ക് അത്യാധുനിക മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ സർവ്വവിധ സ്വാതന്ത്ര്യവും നൽകുന്ന ഗൂഢതാത്പര്യം ഇത്തരത്തിലുള്ള നിയമനിർമ്മാണത്തിന് പിന്നിലുണ്ടോയെന്ന് സംശയിച്ചാൽ കുറ്റം പറയാൻ കഴിയില്ല. കാരണം, ഈ കരട് ബില്ലിലെ പല വ്യവസ്ഥകളും അത്തരക്കാർക്ക് യഥേഷ്ടം കടന്നുവരാൻ കഴിയുന്നതരത്തിലുള്ളവയാണ്.

ബില്ലിന്റെ കരട് രൂപം അഭിപ്രായം ആരായുന്നതിനായി സംസ്ഥാനങ്ങൾക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. ഈ നിയമം അതേപടി നടപ്പിലാക്കുക-യാണെങ്കിൽ സംസ്ഥാനങ്ങൾക്ക് കടലിൽ നിലവിലുള്ള പരിമിതമായ അധികാരംകൂടി ഇല്ലാതാകുന്ന അവസ്ഥ സംജാതമാകും. സംസ്ഥാന സർക്കാരിന്റെ അധികാരപരിധി 12 നോട്ടിക്കൽ മൈൽ അതായത്, 22 കിലോമീറ്റർ വരെയുള്ള തീരദേശമേഖല മാത്രമായി ചുരുങ്ങും. കേരളത്തിലെ ലക്ഷക്കണക്കിന് പാവപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മേഖലയാണ് 12 നോട്ടിക്കൽ മൈൽ ദൂരവും അതിനപ്പുറമുള്ള 100 നോട്ടിക്കൽ മൈൽ ദൂരവും. ഇപ്പോൾത്തന്നെ 12 നോട്ടിക്കൽ മൈൽ ദൂരത്ത് മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞതുകാരണം മത്സ്യബന്ധനത്തിന് കൂടുതൽ ദൂരത്തേയ്ക്ക് പോകാൻ മത്സ്യത്തൊഴിലാളികൾ നിർബന്ധിതരാകുകയാണ്. ഈ സാഹചര്യത്തിലാണ് ഇരുട്ടടിപോലെ ഒരു പരിധിയുമില്ലാതെ വൻകിട കമ്പനികൾക്ക് ആധുനിക മത്സ്യബന്ധനോപകരണങ്ങൾ ഉപയോഗിച്ച് കടലിലെ പരിമിതമായ മത്സ്യസമ്പത്ത് യഥേഷ്ടം ഊറ്റിക്കൊണ്ടുപോകാനുള്ള നിയമനിർമ്മാണത്തിന് കേന്ദ്രം തയ്യാറാകുന്നത്. ഇതിനെതിരെ കേരളതീരത്ത് വൻതോതിലുള്ള ജനരോക്ഷമാണുണ്ടായിരിക്കുന്നത്. കേന്ദ്ര ഫിഷറീസ് മന്ത്രാലയം മുന്നോട്ടുവച്ച ഈ ബില്ലിനെതിരെ ശക്തമായി പ്രതികരിക്കാനും വിയോജിപ്പും ഭേദഗതികളും രേഖപ്പെടുത്താനും സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഈ ബില്ലിനെതിരെ പ്രതിഷേധിക്കാൻ മുന്നിട്ടിറങ്ങണമെന്നും കൂടുതൽ കടുത്ത നടപടികളിലേയ്ക്ക് പോകണമെന്നും അഭ്യർത്ഥിക്കുന്നു. ബി.ജെ.പി. ഭരിക്കുന്ന ഗുജറാത്തും മഹാരാഷ്ട്രയുമൊഴികെ കടൽത്തീരം പങ്കിടുന്ന രാജ്യത്തെ മിക്ക സംസ്ഥാനങ്ങളും ഈ ബില്ലിനെതിരെ രംഗത്ത് വന്നുവെന്നുള്ളത് ശുഭോദർക്കമായ കാര്യമാണ്. കടലിനെ രണ്ട് സോണുകളായി വിഭജിക്കുന്നതിനുള്ള നിർദ്ദേശമാണ് ഈ ബില്ലിലെ ഏറ്റവും വലിയ അപകടം. മത്സ്യബന്ധനം നടത്താൻ രണ്ടുതരം രജിസ്ട്രേഷൻ വേണമെന്ന നിർദ്ദിഷ്ട ബില്ലിലെ ചട്ടം കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സാരമായി ബാധിക്കുന്നതാണ്. 12 നോട്ടിക്കൽ മൈലിന് പുറത്തുള്ള ഭാഗം ഇക്കണോമിക് സോണായി തിരിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രവേശനം നിഷേധിക്കുന്ന സ്ഥിതിവിശേഷം സംജാതമാകുകയാണ്. ഈ ഭാഗങ്ങളിൽ മത്സ്യബന്ധനം നടത്താൻ കേന്ദ്രസർക്കാരിന്റെ പ്രത്യേക രജിസ്ട്രേഷൻ വേണമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. നൂറ്റാണ്ടുകളായി കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അനുഭവിച്ചുപോരുന്ന അവകാശത്തിന്മേലുള്ള കൈകടത്തലാണിത്. 12 നോട്ടിക്കൽ

മൈലിന് പുറത്ത് 75 നോട്ടിക്കൽ മൈൽ ദൂരംവരെ നിത്യേനയെന്നോണം മത്സ്യബന്ധനം നടത്തുന്ന ഇൻബോർഡ് വള്ളങ്ങൾ, മെക്കനൈസേഷൻ ബോട്ടുകൾ, ചെറുകിട വള്ളങ്ങൾ തുടങ്ങിയവ സംസ്ഥാന സർക്കാരിന്റെ മാത്രം രജിസ്ട്രേഷൻ ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തിവരുന്നത്. ഈ അവകാശമാണ് ഇല്ലാതാകാൻ പോകുന്നത്. സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾക്ക് വിഭിന്നമായ നിയമമാണ് കേന്ദ്ര രജിസ്ട്രേഷനിലൂടെ മുന്നോട്ടുവയ്ക്കുന്നത്. വർഷങ്ങളായി കേന്ദ്രസർക്കാർ ഫിഷറീസ് മേഖലയോട് കാണിക്കുന്ന സമീപനം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. (......ബഹളം....)

മി. സ്പീക്കർ: ദയവായി അംഗങ്ങൾ സീറ്റുകളിൽ പോയിരിക്കണം. പ്രതിഷേധം പ്രകടിപ്പിച്ചല്ലോ. സഭാനടപടികളുമായി സഹകരിക്കണം.

ശ്രീ. കെ. ദാസൻ: സർ, ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി കേന്ദ്രത്തിൽ പോയി ഇക്കാര്യങ്ങളെല്ലാം നിരവധി തവണ ചർച്ച ചെയ്തിട്ടും ഈ സമീപനത്തിൽ മാറ്റമില്ലാത്തത് ഗൗരവമായി കാണണം. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണയുടെ സബ്സിഡി, പഞ്ഞമാസത്തെ സാമ്പത്തിക സഹായം തുടങ്ങിയവ അനുവദിക്കുന്ന കാര്യത്തിലും അങ്ങേയറ്റം നിഷേധാത്മകമായ സമീപനമാണ് കേന്ദ്രം കൈക്കൊള്ളുന്നത്. പ്രതിമാസം 2525 കിലോലിറ്റർ മണ്ണെണ്ണ അനുവദിച്ചുതന്നിരുന്നത് വീണ്ടും വെട്ടിച്ചുരുക്കി. പാവപ്പെട്ട മത്സ്യത്തൊഴിലാളി-കൾക്ക് പെട്രോളിന്റെയും ഡീസലിന്റെയും റോഡ് സെസിന്റെയും കാര്യത്തിൽ അധികഭാരമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഉല്പാദനച്ചെലവിനനുസൃതമായി കുറഞ്ഞ നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കാനും ക്വാട്ട വർദ്ധിപ്പിക്കാനുമുള്ള എന്തൊക്കെ നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കണമെന്നും ഇത്തരം പ്രതിലോമകരമായ നടപടികൾക്കെതിരെ ശക്തിയുക്തം സർക്കാർ മുന്നോട്ടുവരണമെന്നും ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട അംഗം രണ്ട് വിഷയങ്ങളാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിച്ചത്. ഒന്ന്, കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണയുടെ ക്വാട്ട അനിയന്ത്രിതമായി കുറയ്ക്കുന്നത്. രണ്ട്, കേന്ദ്രത്തിന്റെ പുതിയ മത്സ്യനയത്തിലൂടെ മത്സ്യത്തൊഴിലാളികൾ നേരിടേണ്ടിവരുന്ന വെല്ലുവിളി-യെക്കുറിച്ചാണ്. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ വിഹിതത്തിൽ ഗണ്യമായ വെട്ടിക്കുറവാണ് കേന്ദ്ര ഗവൺമെന്റ് വരുത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ 20314 OBM എഞ്ചിനുകൾക്കായി 12000 കിലോലിറ്റർ മണ്ണെണ്ണയാണ് ഒരുമാസം

ആവശ്യമായിട്ടുള്ളത്. നിർഭാഗ്യവശാൽ ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത് വെറും 2525 കിലോലിറ്റർ മാത്രമാണ്. ഇത് മത്സ്യത്തൊഴിലാളികൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള വിഹിതത്തിൽ ക്രമാനുഗതമായ വെട്ടിക്കുറവ് വരുത്തിയതിന്റെ ഫലമായി നിലവിൽ അത് പ്രതിമാസം 1500 കിലോലിറ്റർ എന്ന അളവിൽ എത്തിയിരിക്കുകയാണ്. ആവശ്യകതയിലും ലഭ്യതയിലുമുണ്ടായിട്ടുള്ള ഈ വലിയ വ്യത്യാസം ക്രമേണ മത്സ്യത്തൊഴിലാളികളെ കടക്കെണിയിലേയ്ക്ക് തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്.

ഇത് ഒരുപരിധിവരെ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മത്സ്യഫെഡ്‌വഴി ലിറ്ററിന് 25 രൂപ വീതം സബ്സിഡി നൽകിക്കൊണ്ട് വെള്ള മണ്ണെണ്ണ ചുവടെ പറയുംപ്രകാരമുള്ള എഞ്ചിൻ കപ്പാസിറ്റിക്കനുസരിച്ച് വിതരണം ചെയ്തുവരുന്നത്.

10 H.P. വരെ - 140 ലിറ്റർ

10 H.P. മുതൽ 15 H.P. വരെ - 150 ലിറ്റർ

15 H.P. ക്ക് മുകളിൽ - 190 ലിറ്റർ

മത്സ്യഫെഡ് പൊതുമേഖലാ എണ്ണക്കമ്പനികളിൽനിന്നും മണ്ണെണ്ണ നേരിട്ട് വാങ്ങി ടി സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 13 ഔട്ട്‌ലെറ്റുകൾ വഴിയാണ് വിതരണം ചെയ്തുവരുന്നത്.

പൊതുവിതരണ ശൃംഖല വഴിയുള്ള മണ്ണെണ്ണ ക്വാട്ട മാസംതോറും 2550 കിലോലിറ്ററായെങ്കിലും ഉയർത്തണമെന്ന് നിരന്തരം അഭ്യർത്ഥിക്കുന്നുണ്ടെങ്കിലും കേന്ദ്രസർക്കാർ ഇതുവരെ പ്രതികരിച്ചിട്ടില്ല.

ദേശീയ സമുദ്ര മത്സ്യബന്ധന ബിൽ 2019-ന്റെ കരട് കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച ഉടൻതന്നെ അത് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്നും സംസ്ഥാനങ്ങളുടെ അധികാരപരിധിയിന്മേലുള്ള കടന്നുകയറ്റ മാണെന്നും തിരിച്ചറിഞ്ഞ് ആയത് ചൂണ്ടിക്കാണിച്ചും തിരുത്തണമെന്നാവശ്യപ്പെട്ടും സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും സംസ്ഥാനം സന്ദർശിച്ച കേന്ദ്ര ഫിഷറീസ് സെക്രട്ടറിയെ ആശങ്കകളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിരുന്നു. ചുവടെ പറയുന്ന പ്രധാന നിർദ്ദേശങ്ങളാണ് സംസ്ഥാനം കേന്ദ്രസർക്കാരിന് നൽകിയിരുന്നത്.

- 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.

➢ കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ 2019-ൽ കേന്ദ്രസർക്കാരിന്റെ അധികാരപരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ-ത്തന്നെ നിലനിർത്തണം.

➢ മത്സ്യമേഖലയുമായി ബന്ധപ്പെട്ട നിയമലംഘനം പരിശോധിക്കു-ന്നതിനുള്ള അധികാരം കോസ്റ്റ് ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്താതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.

➢ നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽനിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.

ഇത് വളരെ പ്രധാനപ്പെട്ടതാണ്. പ്രതിപക്ഷത്തിന് താല്പര്യമില്ലെങ്കിലും കേരളത്തിലെ തൊഴിലാളികളുടെ ജീവിതപ്രശ്നമാണ്. അതുകൊണ്ട് ഞാൻ പറയട്ടെ.

➢ തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറേറ്റിൽ) നിക്ഷിപ്തമാക്കണം.

➢ ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശയാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.

➢ ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.

➢ നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യുണമെന്ന വ്യവസ്ഥ എടുത്തുകളയണം.

➢ സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കണം.

➢ മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.

➢ നിയമലംഘനത്തിന്റെ ഗൗരവമനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.

➢ നിയമലംഘകരിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.

➢ മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.

➢ ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും " Seaworthiness" ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.

➢ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺകാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയമായ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണത്തിന് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.

➢ "മത്സ്യബന്ധന യാനം" എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.

➢ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള എല്ലാത്തരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

ഇവയിൽ സംസ്ഥാനത്തിന് ആശങ്ക ഒഴിവാക്കാനുതകുന്ന ഭൂരിഭാഗം നിർദ്ദേശങ്ങളും കേന്ദ്രം അംഗീകരിക്കുകയും ഗുണകരമായ നിർദ്ദേശങ്ങൾ സമർപ്പിച്ചതിന് സംസ്ഥാനത്തെ പ്രകീർത്തിക്കുകയും തുടർന്നുവരുന്ന റൂളിന്റെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം കേന്ദ്രം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന പുതിയ നിയമം രാജ്യത്തെ മത്സ്യത്തൊഴിലാളികളിൽ ഉളവാക്കിയിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് രാജ്യവ്യാപകമായി ഇടപെടുന്നത് കേരളമാണ്. വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ വച്ചിട്ടുള്ളത്. വളരെ പ്രധാനപ്പെട്ട ഇടപെടലാണ് ഇക്കാര്യത്തിൽ നടത്തിയിട്ടുള്ളത്. ഇതിൽ യാതൊരു താല്പര്യവുമില്ലാതെയാണ് പ്രതിപക്ഷം ബഹളം വച്ചുകൊണ്ടിരിക്കുന്നത്. സാധാരണ മത്സ്യത്തൊഴിലാളികളെക്കുറിച്ച് പ്രതിപക്ഷനേതാവ് പറയുന്നത് ഞാൻ കേൾക്കാറുണ്ട്. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളിൽ പ്രതിപക്ഷനേതാവിനുപോലും താല്പര്യമില്ല എന്നതാണ് ഈ ബഹളത്തിന് കൂട്ടുനിൽക്കുന്നതിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും വളരെ നിർണ്ണായകമായ ഈ പ്രശ്നം വളരെ ശക്തമായാണ് കേന്ദ്രത്തിന് മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളത്. അത് നേടിയെടുക്കാൻ അതിശക്തമായ പ്രക്ഷോഭത്തിലേയ്ക്ക് പോകണമെന്ന് മത്സ്യത്തൊഴിലാളികളോടും ഞാൻ ആഹ്വാനം ചെയ്യുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ ദയവായി സഹകരിക്കണം. ...(ബഹളം)... നിങ്ങൾ സീറ്റിലേയ്ക്ക് പോകണം. ഇങ്ങനെ സഭ നടത്തികൊണ്ടുപോകാൻ കഴിയില്ല. ചെയറിന് മറ്റ് നടപടികളിലേയ്ക്ക് കടക്കേണ്ടിവരും. ... (ബഹളം)...

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് നൽകിയ ശ്രീ. മോൻസ് ജോസഫ് എം.എൽ.എ., സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല).

<u>മി. സ്പീക്കർ</u>: സബ്മിഷനുകളുടെ മറുപടി ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവയ്ക്കേണ്ടതാണ് *.

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടന്നു.)

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

11.00 A.M.]

## V മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 411/2019 | നമ്പർ 125/സി3/2019-I/വിജ് | 17-6-2019 | അല്ല |
| 2 | 412/2019 | നമ്പർ 125/സി3/2019-II/വിജ് | 17-6-2019 | അല്ല |
| 3 | 413/2019 | നമ്പർ 125/സി3/2019-III/ വിജ് | 17-6-2019 | അല്ല |
| 4 | 414/2019 | നമ്പർ. 125/സി3/2019-IV/ വിജ് | 17-6-2019 | അല്ല |
| 5 | 420/2019 | ഹോം.എസ്എസ്എ 4/ 112/ 2019-ഹോം | 25-6-2019 | അല്ല |
| 6 | 421/2019 | ഹോം.എസ്എസ്എ 1/219/ 2019-ഹോം | 25-6-2019 | അല്ല |
| 7 | 423/2019 | നമ്പർ 32725/ എസ്എസ്എ 2 / 2016/ ആഭ്യന്തരം | 26-6-2019 | അല്ല |
| 8 | 445/2019 | ഹോം.എസ്എസ്എ 1/220/ 2019-ഹോം | 4-7-2019 | അല്ല |
| 9 | 448/2019 | ആഭ്യന്തരം-എസ്എസ്എ 2/ 172/2019-ആഭ്യന്തരം | 6-7-2019 | അല്ല |
| 10 | 464/2019 | ജി.ഒ.(പി.) നമ്പർ 4/2019/ പി&എആർഡി | 11-7-2019 | അല്ല |
| 11 | 468/2019 | ആഭ്യന്തരം-എസ്എസ്എ 2 / 172/2019-ആഭ്യന്തരം | 11-7-2019 | അല്ല |
| 12 | 503/2019 | ജി.ഒ.(എംഎസ്)നമ്പർ 136/2019 /ജി.എ.ഡി. | 15-7-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 13 | 507/2019 | ജി.ഒ.(എംഎസ്)നമ്പർ 135/2019/ ജി.എ.ഡി. | 10-7-2019 | അല്ല |
| 14 | 520/2019 | വിജ്-സി1/249/2019-വിജ് | 2-8-2019 | അല്ല |
| 15 | 539/2019 | നമ്പർ വിജ്-സി3/123/2019-I/വിജ് | 16-8-2019 | അല്ല |
| 16 | 540/2019 | നമ്പർ വിജ്-സി3/123/2019-II/വിജ് | 16-8-2019 | അല്ല |
| 17 | 541/2019 | നമ്പർ വിജ്-സി3/123/2019-III/വിജ് | 16-8-2019 | അല്ല |
| 18 | 542/2019 | നമ്പർ വിജ്-സി3/123/2019-IV/വിജ് | 16-8-2019 | അല്ല |
| 19 | 544/2019 | ജി.ഒ.(പി)നമ്പർ . 24/2019/ഹോം. | 14-8-2019 | അല്ല |
| 20 | 545/2019 | ജി.ഒ.(എംഎസ്)നമ്പർ 122/2019/ഹോം | 16-8-2019 | അല്ല |
| 21 | 550/2019 | ജി.ഒ.(പി.)നമ്പർ 23/2019/ഹോം. | 9-8-2019 | അല്ല |
| 22 | 559/2019 | ജി.ഒ.(പി.)നമ്പർ 18/2019/ഹോം. | 10-7-2019 | അല്ല |
| 23 | 561/2019 | ജി.ഒ.(പി.)നമ്പർ 15/2019/ഹോം. | 23-6-2019 | അല്ല |
| 24 | 576/2019 | ജി.ഒ.(എം.എസ്.)നമ്പർ 113/2019/ ഹോം | 2-8-2019 | അല്ല |
| 25 | 588/2019 | ജി.ഒ.(പി.)നമ്പർ 26/2019/ ആഭ്യന്തരം. | 26-8-2019 | അല്ല |
| 26 | 597/2019 മുതൽ 610/2019 വരെ | ജി.ഒ.(ആർ.റ്റി)നമ്പർ 2325/2019/ ഹോം | 28-8-2019 | അല്ല |
| 27 | 620/2019 | ജി.ഒ.(പി.) നമ്പർ 13/2019/വിജ് | 2-9-2019 | അല്ല |
| 28 | 634/2019 | ജി.ഒ.(എം.എസ്.) നമ്പർ 19/2019/വിജ് | 7-9-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 29 | 639/2019 | സ.ഉ.(കൈ) നമ്പർ 07/2019/ നോർക്ക | 24-7-2019 | അല്ല |
| 30 | 650/2019 | സ.ഉ.(കൈ) നമ്പർ 12/2019/ നോർക്ക | 2-9-2019 | അല്ല |
| 31 | 655/2019 | ജി.ഒ.(പി.)നമ്പർ 25/2019/പി.എൽ.ജി. | 18-9-2019 | അല്ല |
| 32 | 658/2019 | ജി.ഒ.(പി.)നമ്പർ 28/2019/ഹോം | 18-9-2019 | അല്ല |
| 33 | 675/2019 | നമ്പർ വിജ്-സി3/257/2019-I/വിജ് | 23-9-2019 | അല്ല |
| 34 | 676/2019 | നമ്പർ വിജ്-സി3/257/2019-II/വിജ് | 23-9-2019 | അല്ല |
| 35 | 677/2019 | നമ്പർ വിജ്-സി3/257/2019-III/വിജ് | 23-9-2019 | അല്ല |
| 36 | 678/2019 | നമ്പർ വിജ്-സി3/257/2019-IV/വിജ് | 23-9-2019 | അല്ല |
| 37 | | ജി.ഒ.(പി.)നമ്പർ 1/2019/ഡിഎംഡി. | 23-8-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | കേരള ലോകായുക്ത | 2016 | ആന്വൽ കൺസോളിഡേറ്റഡ് റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ | 2016-17 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ | 2016-17<br>2017-18 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് | 2018-19 | വാർഷിക കണക്കുകൾ | ഇല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 381/2019 | ജി.ഒ.(ആർറ്റി.) നമ്പർ 1312/2019/ഹോം | 20-5-2019 |
| 2 | 383/2019 | 32725/എസ്എസ്എ 2/2016/ ആഭ്യന്തരം | 26-3-2019 |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 120/2019 | ജി.ഒ.(പി.) നമ്പർ 3/2019/ഐഡി. | 20-1-2019 | അതെ |
| 2 | 121/2019 | ജി.ഒ.(പി.) നമ്പർ 4/2019/ഐഡി. | 20-1-2019 | അതെ |
| 3 | 497/2019 | ജി.ഒ.(പി.) നമ്പർ 15/2019/ഐഡി. | 1-7-2019 | അല്ല |
| 4 | 555/2019 | സ.ഉ(അച്ചടി) നമ്പർ 1/2019/കാ.യു.വ. | 10-8-2019 | അല്ല |
| 5 | 596/2019 | ജി.ഒ.(പി.) നമ്പർ 12/2019/ഐഡി. | 19-6-2019 | അല്ല |
| 6 | 665/2019 | ജി.ഒ.(പി.) നമ്പർ 18/2019/ഐഡി. | 6-9-2019 | അല്ല |
| 7 | 702/2019 | ജി.ഒ.(പി.) നമ്പർ 20/2019/ഐഡി. | 23-9-2019 | അല്ല |

ii . വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്(കാഡ്കോ) | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ) | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 8 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 9 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2017-18 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 417/2019 | ജി.ഒ.(പി.) നമ്പർ 35/2019/ആർഡി. | 25-6-2019 | അല്ല |
| 2 | 449/2019 | ജി.ഒ.(പി.) നമ്പർ 40/2019/ആർഡി. | 8-7-2019 | അല്ല |
| 3 | 450/2019 | ജി.ഒ.(പി.) നമ്പർ 38/2019/ആർഡി. | 5-7-2019 | അല്ല |
| 4 | 451/2019 | ജി.ഒ.(പി.) നമ്പർ 37/2019/ആർഡി. | 5-7-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 476/2019 | സ.ഉ(അച്ചടി) നമ്പർ 41/2019/റവ. | 16-7-2019 | അല്ല |
| 6 | 481/2019 | ജി.ഒ.(പി.) നമ്പർ 36/2019/ആർഡി. | 28-6-2019 | അല്ല |
| 7 | 495/2019 | ജി.ഒ.(പി.) നമ്പർ 43/2019/ആർഡി. | 22-7-2019 | അല്ല |
| 8 | 515/2019 | ജി.ഒ.(പി.) നമ്പർ 44/2019/ആർഡി. | 30-7-2019 | അല്ല |
| 9 | 531/2019 | ജി.ഒ. (എം.സ്) നമ്പർ 7/2019/ എച്ച്എസ്ജി. | 2-8-2019 | അല്ല |
| 10 | 617/2019 | ജി.ഒ.(പി.) നമ്പർ 52/2019/ആർഡി | 29-8-2019 | അല്ല |
| 11 | 641/2019 | ജി.ഒ.(പി.) നമ്പർ 57/2019/ആർഡി. | 4-9-2019 | അല്ല |
| 12 | 642/2019 | ജി.ഒ.(പി.) നമ്പർ 58/2019/ആർഡി. | 4-9-2019 | അല്ല |
| 13 | | ജി.ഒ.(പി.) നമ്പർ 42/2019/ആർഡി. | 16-7-2019 | അല്ല |
| 14 | | ജി.ഒ.(പി.) നമ്പർ 47/2019/ആർഡി. | 6-8-2019 | അല്ല |
| 15 | | ജി.ഒ.(പി.) നമ്പർ 48/2019/ആർഡി. | 7-8-2019 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 367/2019 | ജി.ഒ.(പി.) നമ്പർ 29/2019/ആർഡി. | 30-5-2019 |

IV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 568/2019 | ജി.ഒ.(പി.) നമ്പർ 25/2019/ട്രാൻ. | 26-7-2019 | അല്ല |
| 2 | 580/2019 | ജി.ഒ.(പി.) നമ്പർ 26/2019/ട്രാൻ. | 1-8-2019 | അല്ല |
| 3 | 594/2019 | ജി.ഒ.(പി.) നമ്പർ 30/2019/ട്രാൻസ്. | 31-8-2019 | അല്ല |
| 4 | 633/2019 | ജി.ഒ.(പി.) നമ്പർ 31/2019/ട്രാൻ. | 4-9-2019 | അല്ല |
| 5 | 687/2019 | ജി.ഒ.(പി.) നമ്പർ 32/2019/ട്രാൻസ്. | 3-9-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

V. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 531/2018 | ജി.ഒ.(പി.) നമ്പർ 107/2018/ടാക്സസ് | 24-7-2018 | അതെ |
| 2 | 391/2019 | ജി.ഒ.(പി.) നമ്പർ 87/2019/ടാക്സസ് | 10-6-2019 | അല്ല |
| 3 | 393/2019 | ജി.ഒ.(പി.) നമ്പർ 88/2019/ടാക്സസ് | 10-6-2019 | അല്ല |
| 4 | 395/2019 | ജി.ഒ.(പി.) നമ്പർ 89/2019/ടാക്സസ് | 10-6-2019 | അല്ല |
| 5 | 404/2019 | ജി.ഒ.(പി.) നമ്പർ 92/2019/ടാക്സസ് | 19-6-2019 | അല്ല |
| 6 | 434/2019 | ജി.ഒ.(പി.) നമ്പർ 93/2019/ടാക്സസ് | 28-6-2019 | അല്ല |
| 7 | 435/2019 | ജി.ഒ.(പി.) നമ്പർ 96/2019/ടാക്സസ് | 29-6-2019 | അല്ല |
| 8 | 436/2019 | ജി.ഒ.(പി.) നമ്പർ 97/2019/ടാക്സസ് | 29-6-2019 | അല്ല |
| 9 | 452/2019 | ജി.ഒ.(പി.) നമ്പർ 104/2019/ടാക്സസ് | 5-7-2019 | അല്ല |
| 10 | 453/2019 | ജി.ഒ.(പി.) നമ്പർ 105/2019/ടാക്സസ് | 5-7-2019 | അല്ല |
| 11 | 455/2019 | ജി.ഒ.(പി.) നമ്പർ 98/2019/ടാക്സസ് | 3-7-2019 | അല്ല |
| 12 | 456/2019 | ജി.ഒ.(പി.) നമ്പർ 99/2019/ടാക്സസ് | 3-7-2019 | അല്ല |
| 13 | 457/2019 | ജി.ഒ.(പി.) നമ്പർ 100/2019/ടാക്സസ് | 3-7-2019 | അല്ല |
| 14 | 458/2019 | ജി.ഒ.(പി.) നമ്പർ 101/2019/ടാക്സസ് | 3-7-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 15 | 459/2019 | ജി.ഒ.(പി.) നമ്പർ 102/2019/ടാക്സസ് | 3-7-2019 | അല്ല |
| 16 | 460/2019 | ജി.ഒ.(പി.) നമ്പർ 103/2019/ടാക്സസ് | 5-7-2019 | അല്ല |
| 17 | 462/2019 | ജി.ഒ.(പി.) നമ്പർ 106/2019/ടാക്സസ് | 6-7-2019 | അല്ല |
| 18 | 477/2019 | ജി.ഒ.(പി.) നമ്പർ 107/2019/ടാക്സസ് | 11-7-2019 | അല്ല |
| 19 | 478/2019 | ജി.ഒ.(പി.) നമ്പർ 108/2019/ടാക്സസ് | 11-7-2019 | അല്ല |
| 20 | 479/2019 | ജി.ഒ.(പി.) നമ്പർ 109/2019/ടാക്സസ് | 11-7-2019 | അല്ല |
| 21 | 480/2019 | ജി.ഒ.(പി.) നമ്പർ 110/2019/ടാക്സസ് | 11-7-2019 | അല്ല |
| 22 | 505/2019 | ജി.ഒ.(പി.) നമ്പർ 116/2019/ടാക്സസ് | 30-7-2019 | അല്ല |
| 23 | 519/2019 | ജി.ഒ.(പി.) നമ്പർ 119/2019/ടാക്സസ് | 2-8-2019 | അല്ല |
| 24 | 521/2019 | ജി.ഒ.(പി.) നമ്പർ 124/2019/ടാക്സസ് | 7-8-2019 | അല്ല |
| 25 | 522/2019 | ജി.ഒ.(പി.) നമ്പർ 122/2019/റ്റി.ഡി. | 7-8-019 | അല്ല |
| 26 | 523/2019 | ജി.ഒ.(പി.) നമ്പർ 121/2019/റ്റി.ഡി. | 7-8-2019 | അല്ല |
| 27 | 524/2019 | ജി.ഒ.(പി.) നമ്പർ 120/2019/റ്റി.ഡി. | 7-8-2019 | അല്ല |
| 28 | 525/2019 | ജി.ഒ.(പി.) നമ്പർ 123/2019/റ്റി.ഡി. | 7-8-2019 | അല്ല |
| 29 | 551/2019 | ജി.ഒ.(പി.) നമ്പർ 125/2019/ടാക്സസ് | 16-8-2019 | അല്ല |
| 30 | 552/2019 | ജി.ഒ.(പി.) നമ്പർ 128/2019/ടാക്സസ് | 17-8-2019 | അല്ല |
| 31 | 553/2019 | ജി.ഒ.(പി.) നമ്പർ 130/2019/ടാക്സസ് | 19-8-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 32 | 569/2019 | ജി.ഒ.(പി.) നമ്പർ 131/2019/ടാക്സസ് | 20-8-2019 | അല്ല |
| 33 | 570/2019 | ജി.ഒ.(പി.) നമ്പർ 132/2019/ടാക്സസ് | 20-8-2019 | അല്ല |
| 34 | 614/2019 | ജി.ഒ.(പി.) നമ്പർ 135/2019/ടാക്സസ് | 3-9-2019 | അല്ല |
| 35 | 615/2019 | ജി.ഒ.(പി.) നമ്പർ 134/2019/ടാക്സസ് | 3-9-2019 | അല്ല |
| 36 | 640/2019 | ജി.ഒ.(പി.) നമ്പർ 123/2019/ഫിൻ | 6-9-2019 | അല്ല |
| 37 | 644/2019 | ജി.ഒ.(പി.) നമ്പർ 125/2019/ഫിൻ | 6-9-2019 | അല്ല |
| 38 | 653/2019 | ജി.ഒ.(പി.) നമ്പർ 126/2019/ഫിൻ. | 18-9-2019 | അല്ല |
| 39 | 654/2019 | ജി.ഒ.(പി.) നമ്പർ 127/2019/ഫിൻ. | 19-9-2019 | അല്ല |
| 40 | 659/2019 | ജി.ഒ.(പി.) നമ്പർ 141/2019/ടാക്സസ് | 20-9-2019 | അല്ല |
| 41 | 660/2019 | ജി.ഒ.(പി.) നമ്പർ 142/2019/ടാക്സസ് | 20-9-2019 | അല്ല |
| 42 | 661/2019 | ജി.ഒ.(പി.) നമ്പർ 143/2019/ടാക്സസ് | 20-9-2019 | അല്ല |
| 43 | 662/2019 | ജി.ഒ.(പി.) നമ്പർ 144/2019/ടാക്സസ് | 20-9-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 2018-19 | വാർഷിക റിപ്പോർട്ട് | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 382/2019 | ജി.ഒ.(പി.) നമ്പർ 52/2019/ഫിൻ. | 3-5-2019 |

VI. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 563/2019 | ജി.ഒ.(പി.) നമ്പർ 19/2019/അഗ്രി | 21-8-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കാർഷിക സർവകലാശാല | 2018-19 | വാർഷിക റിപ്പോർട്ട് | അല്ല |

VII. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i.ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 307/2019 | ജി.ഒ.(എംഎസ്.) നമ്പർ 1/2019/ പിഎഡി. | 26-4-2019 | അതെ |
| 2 | 508/2019 | ജി.ഒ.(എംഎസ്.) നമ്പർ 62/2019/ലോ. | 15-7-2019 | അല്ല |
| 3 | 581/2019 | ജി.ഒ.(എംഎസ്.) നമ്പർ 2/2019/പിഎഡി. | 16-8-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | പൈതൃക പഠന കേന്ദ്രം | 2015-16<br>2016-17 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 2 | തൃശ്ശൂർ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2016-17 | പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി | 2018-19 | ഓഡിറ്റ് റിപ്പോർട്ട് | അല്ല |
| 4 | കേരള സംസ്ഥാന സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് | 2018-19 | വാർഷിക റിപ്പോർട്ട് | അല്ല |
| 5 | കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ | 2013-14 | വാർഷിക കണക്കുകൾ | അതെ |
| 6 | കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ | 2014-15 | വാർഷിക കണക്കുകൾ | അതെ |

VIII ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 411/2017 | ജി.ഒ.(പി.) നമ്പർ 11/2017/ എസ്ജെഡി. | 1-7-2017 | അതെ |
| 2 | 466/2017 | ജി.ഒ.(പി.) നമ്പർ 12/2017/ എസ്ജെഡി. | 18-7-2017 | അതെ |
| 3 | 694/2017 | ജി.ഒ.(പി.)നമ്പർ 68 /2017/എച്ച് &എഫ്ഡബ്ല്യൂഡി. | 26-10-2017 | അതെ |
| 4 | 181/2019 | ജി.ഒ.(പി.) നമ്പർ 2/2019/ എസ്ജെഡി. | 6-3-2019 | അതെ |
| 5 | 182/2019 | ജി.ഒ.(പി.) നമ്പർ 3/2019/ എസ്ജെഡി. | 6-3-2019 | അതെ |
| 6 | 557/2019 | ജി.ഒ.(പി.) നമ്പർ 8/2019/ എസ്ജെഡി. | 12-8-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

IX. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 183/2018 | ജി.ഒ.(പി.) നമ്പർ 40/2018/റ്റിഡി. | 31-3-2018 | അതെ |
| 2 | 184/2018 | ജി.ഒ.(പി.) നമ്പർ 41/2018/റ്റിഡി. | 31-3-2018 | അതെ |
| 3 | 46/2019 | ജി.ഒ.(പി.) നമ്പർ 8/2019/റ്റിഡി. | 18-1-2019 | അതെ |
| 4 | 47/2019 | ജി.ഒ.(പി.) നമ്പർ 9/2019/റ്റിഡി. | 18.01.2019 | അതെ |
| 5 | 392/2019 | ജി.ഒ.(പി.) നമ്പർ 86/2019/റ്റിഡി. | 10-6-2019 | അല്ല |
| 6 | 394/2019 | ജി.ഒ.(പി.) നമ്പർ 85/2019/റ്റിഡി. | 10-6-2019 | അല്ല |
| 7 | 396/2019 | ജി.ഒ.(പി.) നമ്പർ 84/2019/റ്റിഡി. | 3-6-2019 | അല്ല |
| 8 | 403/2019 | ജി.ഒ.(പി.) നമ്പർ 83/2019/റ്റിഡി. | 3-6-2019 | അല്ല |
| 9 | 498/2019 | ജി.ഒ.(പി.) നമ്പർ 112/2019/റ്റിഡി. | 24-7-2019 | അല്ല |
| 10 | 499/2019 | ജി.ഒ.(പി.) നമ്പർ 114/2019/റ്റിഡി. | 26-7-2019 | അല്ല |
| 11 | 635/2019 | ജി.ഒ.(പി.) നമ്പർ 137/2019/റ്റിഡി. | 6-9-2019 | അല്ല |
| 12 | 636/2019 | ജി.ഒ.(പി.) നമ്പർ 138/2019/റ്റിഡി. | 6-9-2019 | അല്ല |

X. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 712/2018 | ജി.ഒ.(പി.) നമ്പർ 162/2018/റ്റിഡി. | 12-10-2018 | അതെ |
| 2 | 425/2019 | ജി.ഒ.(പി.) നമ്പർ 28/2019/എൽ. ബി.ആർ. | 28-3-2019 | അല്ല |
| 3 | 474/2019 | ജി.ഒ.(പി.) നമ്പർ 48/2019/എൽ. ബി.ആർ. | 10-6-2019 | അല്ല |
| 4 | 484/2019 | സ.ഉ.(അച്ചടി) നമ്പർ 45/2019/തൊഴിൽ | 8-6-2019 | അല്ല |
| 5 | 489/2019 | ജി.ഒ.(പി.) നമ്പർ 69/2019/എൽ. ബി.ആർ. | 22-7-2019 | അല്ല |
| 6 | 518/2019 | ജി.ഒ.(പി.) നമ്പർ 70/2019/എൽ. ബി.ആർ. | 26-7-2019 | അല്ല |
| 7 | 543/2019 | ജി.ഒ.(പി.) നമ്പർ 61/2019/എൽ. ബി.ആർ | 21-6-2019 | അല്ല |
| 8 | 546/2019 | ജി.ഒ.(പി.) നമ്പർ 68/2019/എൽ. ബി.ആർ. | 20-7-2019 | അല്ല |
| 9 | 558/2019 | ജി.ഒ.(പി.) നമ്പർ 78/2019/എൽ. ബി.ആർ. | 13-8-2019 | അല്ല |
| 10 | 560/2019 | ജി.ഒ.(പി.) നമ്പർ 58/2019/എൽ. ബി.ആർ. | 21-6-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 11 | 564/2019 | ജി.ഒ.(പി.) നമ്പർ 73/2019/എൽ. ബി.ആർ. | 2-8-2019 | അല്ല |
| 12 | 566/2019 | ജി.ഒ.(പി.) നമ്പർ 57/2019/എൽ. ബി.ആർ. | 21-6-2019 | അല്ല |
| 13 | 586/2019 | ജി.ഒ.(പി.) നമ്പർ 72/2019/എൽ. ബി.ആർ. | 31-7-2019 | അല്ല |
| 14 | 613/2019 | ജി.ഒ.(പി.) നമ്പർ 76/2019/തൊഴിൽ | 10-8-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2014-15<br>2015-16<br>2016-17 | വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ | അതെ |
| 2 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 | വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ | അതെ |
| 3 | കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | പ്രവർത്തന റിപ്പോർട്ടും വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 6 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | പ്രവർത്തന (ഭരണ) റിപ്പോർട്ടും വാർഷിക കണക്കുകളും | അതെ |
| 7 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-19 | ഓഡിറ്റ് റിപ്പോർട്ട് | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 357/2019 | ജി.ഒ.(പി.) നമ്പർ 37/2019/ എൽബിആർ. | 12-5-2019 |
| 2 | 364/2019 | ജി.ഒ.(പി.) നമ്പർ.23/2019/ എൽബിആർ. | 22-3-2019 |
| 3 | 371/2019 | ജി.ഒ.(പി.) നമ്പർ 32/2019/ എൽബിആർ. | 9-4-2019 |
| 4 | 372/2019 | ജി.ഒ.(പി.) നമ്പർ 34/2019/എൽബിആർ. | 20-4-2019 |
| 5 | 376/2019 | സ.ഉ.(അച്ചടി) നമ്പർ 40/2019/തൊഴിൽ | 28-5-2019 |
| 6 | 379/2019 | ജി.ഒ.(പി.)നമ്പർ 42/2019/എൽബിആർ. | 29-5-2019 |
| 7 | 380/2019 | ജി.ഒ.(പി.) നമ്പർ 43/2019/എൽബിആർ. | 30-5-2019 |
| 8 | 397/2019 | ജി.ഒ.(പി.) നമ്പർ 46/2019/എൽബിആർ. | 8-6-2019 |
| 9 | 398/2019 | ജി.ഒ.(പി.) നമ്പർ 47/2019/എൽബിആർ. | 8-6-2019 |

XI. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 483/2019 | ജി.ഒ.(പി.) നമ്പർ 14/2019/എഫ്&സിഎസ്ഡി. | 14-6-2019 | അല്ല |

XII. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 174/2019 | ജി.ഒ.(പി.) നമ്പർ 22/2019/കോ-ഓപ്പ്. | 23-2-2019 | അതെ |
| 2 | 203/2019 | ജി.ഒ.(പി.) നമ്പർ 32/2019/കോ-ഓപ്പ്. | 13-3-2019 | അതെ |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 363/2019 | ജി.ഒ.(പി.) നമ്പർ 54/2019/കോ-ഓപ്പ്. | 24-5-2019 |
| 2 | 378/2019 | ജി.ഒ.(പി.) നമ്പർ 55/2019/കോ-ഓപ്പ്. | 24-5-2019 |

XIII. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 415/2019 | സ.ഉ(അച്ചടി.) നമ്പർ 35/2019/ത.സ്വ.ഭ.വ. | 1-6-2019 | അല്ല |
| 2 | 461/2019 | ജി.ഒ.(പി.) നമ്പർ 43/2019/എൽഎസ്ജിഡി. | 2-7-2019 | അല്ല |
| 3 | 465/2019 | സ.ഉ.(അച്ചടി)നമ്പർ 36/2019/ത.സ്വ.ഭ.വ. | 10-6-2019 | അല്ല |

XIV മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 493/2019 | ജി.ഒ.(പി.) നമ്പർ 27/2019/എഫ്&പിഡി | 22-6-2019 | അല്ല |
| 2 | 500/2019 | ജി.ഒ.(പി.) നമ്പർ 23/2019/എഫ്&പിഡി | 25-5-2019 | അല്ല |
| 3 | 501/2019 | ജി.ഒ.(പി.) നമ്പർ 30/2019/എഫ്&പിഡി | 19-7-2019 | അല്ല |
| 4 | 549/2019 | ജി.ഒ.(പി.) നമ്പർ 32/2019/എഫ്&പിഡി | 10-8-2019 | അല്ല |
| 5 | 612/2019 | ജി.ഒ.(പി.) നമ്പർ 36/2019/എഫ്&പി | 1-9-2019 | അല്ല |

XV പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 571/2019 | ജി.ഒ.(പി.) നമ്പർ 7/2019/ജി.ഇഡിഎൻ. | 22-8-2019 | അല്ല |
| 2 | 572/2019 | ജി.ഒ.(പി.) നമ്പർ 8/2019/ജി.ഇഡിഎൻ. | 22-8-2019 | അല്ല |
| 3 | 573/2019 | ജി.ഒ.(പി.) നമ്പർ 9/2019/ജി.ഇഡിഎൻ. | 22-8-2019 | അല്ല |
| 4 | 626/2019 | ജി.ഒ.(പി.) നമ്പർ 11/2019/ജി.ഇഡിഎൻ. | 4-9-2019 | അല്ല |
| 5 | 627/2019 | ജി.ഒ.(പി.) നമ്പർ 12/2019/ജി.ഇഡിഎൻ. | 4-9-2019 | അല്ല |

XVI. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 699/2019 | ജി.ഒ.(പി.) നം. 11/2019/എഫ്&ഡബ്ല്യു എൽഡി. | 25-9-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്(കെപ്കോ) | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ഫീഡ്സ് ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |

XVII. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 617/2016 | ജി.ഒ.(എംഎസ്.) നമ്പർ 528/2016/ ആർഡി. | 28-9-2016 | അതെ |
| 2 | 155/2018 | ജി.ഒ.(പി) നമ്പർ 12/ 2018/ ആർഡി. | 12-3-2018 | അതെ |
| 3 | 488/2019 | ജി.ഒ.(പി)നമ്പർ 21/ 2019/എച്ച്ഇഡിഎൻ | 20-7-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് വഖഫ് ബോർഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | മഹാത്മാഗാന്ധി സർവ്വകലാശാല | 2015-16 | വാർഷിക കണക്കുകൾ | അതെ |
| 3 | കേരള സർവ്വകലാശാല | 2017-18 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കാലിക്കറ്റ് സർവകലാശാല | 2017-18 | വാർഷിക കണക്കുകൾ | അതെ |
| 5 | കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്(ന്യുവാൽസ്) | 2018-19 | വാർഷിക റിപ്പോർട്ട് | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | | ജി.ഒ.(എം.എസ്) നമ്പർ 58/2016/ ആർഡി. | 27-1-2016 |
| 2 | | ജി.ഒ. (എം.എസ്) നമ്പർ 74/ 2018/ ആർഡി. | 27-2-2018 |

XVIII. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | എനർജി മാനേജ്മെന്റ് സെന്റർ - കേരള | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

XIX. നിയമസഭാ സെക്രട്ടറി (ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ): സർ, നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണ്ണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ആക്ടുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ആക്ടിന്റെ പേര് | | |
|---|---|---|---|
| | വർഷം | നമ്പർ | |
| 1 | 2019 | 4 | 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ആക്ട് |
| 2 | 2019 | 5 | ദി കേരള ഫിനാൻസ് ആക്ട്, 2019 |
| 3 | 2019 | 6 | 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ആക്ട്) |
| 4 | 2019 | 7 | 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ ആക്ട്) |

# VI ധനകാര്യം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുന്നു.

# VII റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി സമിതിയംഗമായ ഞാൻ സമർപ്പിക്കുന്നു.

2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. റ്റി. വി. രാജേഷ്: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# VIII റിപ്പോർട്ട് പരിഗണന

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

# IX നിയമനിർമ്മാണകാര്യം

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (I) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ചർച്ചയില്ല. 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII -ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ചർച്ച ഇല്ല. 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX -ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ഒക്ടോബർ 30-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.08-ന് പിരിഞ്ഞു)

***********

## അനുബന്ധം

### I തിരുത്തിയ ഉത്തരം

### ടേക്ക് എ ബ്രേക്ക് പദ്ധതി

(2490) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി ആരംഭിച്ചത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ പൂർത്തിയായി പ്രവർത്തനം ആരംഭിച്ചവ ഏതൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഓരോ ടേക്ക് എ ബ്രേക്ക് പദ്ധതിക്കും എത്ര രൂപ വീതമാണ് അന്തിമമായി ചെലവ് വന്നത് എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പാലക്കാട് ജില്ലയിലെ കൂറ്റനാട് ടേക്ക് എ ബ്രേക്കിന്റെ നിർമ്മാണത്തിന് എത്ര രൂപ കോൺട്രാക്ടർക്ക് നൽകിയെന്നും ഏതെല്ലാം തീയതികളിലാണ് ഈ തുക കൈമാറിയതെന്നും വിശദമാക്കാമോ;

(ഇ) കൂറ്റനാടിലെ ഈ പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചുവടെപ്പറയുന്ന 20 സ്ഥലങ്ങളിലാണ് ടേക്ക് എ ബ്രേക്ക് പദ്ധതി ആരംഭിച്ചിട്ടുള്ളത്.

1. ശംഖുംമുഖം - തിരുവനന്തപുരം
2. KMML (ചവറ) - കൊല്ലം
3. ഏനാത്ത് (കൊട്ടാരക്കര) - കൊല്ലം
4. ചേർത്തല - ആലപ്പുഴ
5. ഹരിപ്പാട് - ആലപ്പുഴ
6. മൂന്നാർ - ഇടുക്കി
7. അതിരമ്പുഴ - കോട്ടയം

8. ബോട്ട് ജെട്ടി - എറണാകുളം

9. ചാലക്കുടി - തൃശ്ശൂർ

10. കോട്ടക്കുന്ന് - മലപ്പുറം

11. കാലിക്കറ്റ് യൂണിവേഴ്സിറ്റി - മലപ്പുറം

12. ശ്രീകണ്ഠപുരം - കണ്ണൂർ

13. തലപ്പാടി - കാസർഗോഡ്

14. കുറ്റനാട് - പാലക്കാട്

15. അമ്പലവയൽ - വയനാട്

16. പിറവം - എറണാകുളം

17. കോന്നി - പത്തനംതിട്ട

18. താമരശ്ശേരി ചുരം - കോഴിക്കോട്

19. വലിയാനപ്പുഴ - കോട്ടയം

20. ശീമാട്ടി - കൊല്ലം

(ബി) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ടേക്ക് എ ബ്രേക്ക് പദ്ധതികളിൽ പൂർത്തിയായി പ്രവർത്തനം ആരംഭിച്ചവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. ശംഖുംമുഖം - തിരുവനന്തപുരം

2. KMML (ചവറ) - കൊല്ലം

3. ഏനാത്ത് (കൊട്ടാരക്കര) - കൊല്ലം

4. ചേർത്തല - ആലപ്പുഴ

5. ഹരിപ്പാട് - ആലപ്പുഴ

6. മൂന്നാർ - ഇടുക്കി

7. അതിരമ്പുഴ - കോട്ടയം

8. ബോട്ട് ജെട്ടി - എറണാകുളം

9. കോട്ടക്കുന്ന് - മലപ്പുറം

10. കാലിക്കറ്റ് യൂണിവേഴ്സിറ്റി - മലപ്പുറം

11. ശ്രീകണ്ഠപുരം - കണ്ണൂർ

12. തലപ്പാടി - കാസർഗോഡ്

13. അമ്പലവയൽ - വയനാട്

(സി) ഓരോ ടേക്ക് എ ബ്രേക്ക് പദ്ധതിക്കുമുള്ള അന്തിമ ചെലവ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കുറ്റനാട് ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി 45,97,000 രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മുഴുവൻ തുകയും (44,71,882 രൂപ) പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് ടൂറിസം വകുപ്പിൽനിന്ന് റിലീസ് ചെയ്തിട്ടുണ്ട്. ഇതിൽനിന്ന് ആദ്യ ഗഡുവായ 22 ലക്ഷം രൂപ നിർവ്വഹണ കരാർ ഏറ്റെടുത്ത M/s FRBL എന്ന ഏജൻസിക്ക് 22-2-2016-ന് പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നൽകിയിട്ടുണ്ട്. എന്നാൽ, കെട്ടിട നമ്പർ, വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ച് ടേക്ക് എ ബ്രേക്ക് പ്രവർത്തനയോഗ്യമാക്കിയാൽ മാത്രമേ അടുത്ത ഗഡു തുക ഏജൻസിക്ക് അനുവദിക്കാൻ കഴിയുകയുള്ളൂ.

(ഇ) കുറ്റനാട് ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി കണ്ടെത്തിയ സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതാകയാൽ പ്രസ്തുത വകുപ്പിന്റെ അനുമതിക്കായി കത്ത് സമർപ്പിക്കുകയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലത്തിന്റെ ഉപയോഗാനുമതി സംബന്ധിച്ച വിവരങ്ങൾ പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിക്കാത്തതിനാൽ നാളിതുവരെ കെട്ടിട നമ്പർ, വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടില്ല. സ്ഥലത്തിന്റെ ഉപയോഗാനുമതി ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## II സബ്മിഷനുകൾക്കുള്ള മറുപടി

1. പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി നൽകിയ മറുപടി

2015-ലെ ബാലനീതി നിയമത്തിലെ സെക്ഷൻ 27(2) പ്രകാരമാണ് ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലേയ്ക്ക് ചെയർമാനെയും 4 അംഗങ്ങളെയും നിയമിക്കുന്നത്. അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ കുട്ടികളുടെ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദ്ധനുമായിരിക്കണം. മറ്റുള്ളവർ ഈ മേഖലയിൽ പ്രവർത്തിച്ചിട്ടുള്ളവരായിരിക്കണം. 14 ജില്ലകളിലെയും കാലാവധി തീർന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും പുതിയ അംഗങ്ങളെ നിയമിക്കുന്നതിന് ബാലാവകാശ നിയമത്തിൽ നിർദ്ദേശിച്ചതനുസരിച്ച് 3-1-2017-ലെ ജി.ഒ.(പി) നമ്പർ 17/2017/SJD നമ്പർ ഉത്തരവുപ്രകാരം റിട്ടയേർഡ് ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു. ജസ്റ്റിസ് കെ. കെ. ദിനേശൻ ഓംബുഡ്സ്മാനായി നിയമിതനായതിനെത്തുടർന്ന് റിട്ടയേർഡ് ജസ്റ്റിസ് വി. കെ. മോഹനൻ ചെയർമാനായി സെലക്ഷൻ കമ്മിറ്റി പുനഃസംഘടിപ്പിച്ചു.

2000-ലെ ബാലനീതി നിയമപ്രകാരം 2013-ൽ നിലവിൽ വന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ കാലാവധി 2016-ൽ അവസാനിപ്പിച്ചിരുന്നു. തുടർന്ന് നിയമനപ്രക്രിയകൾ ആരംഭിച്ചിരുന്നെങ്കിലും 2015-ലെ ബാലാവകാശ നിയമം നിലവിൽ വന്നതിനാലും കോടതി കേസുകളുണ്ടായതിനാലും നിയമന നടപടികൾ നീണ്ടുപോകുകയായിരുന്നു. പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിന് വനിത-ശിശു ഡയറക്ടറേറ്റിൽനിന്നും 1-8-2017, 25-1-2019 തീയതികളിലെ വിജ്ഞാപനങ്ങളിലൂടെ അപേക്ഷ ക്ഷണിച്ചിരുന്നു. സെലക്ഷൻ കമ്മിറ്റി അപേക്ഷകൾ പരിശോധിച്ചശേഷം ഫെബ്രുവരി 18-21 തീയതികളിൽ ഇന്റർവ്യൂ നടത്തി ജില്ല തിരിച്ചുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ സ്ഥാനത്തേയ്ക്ക് 3 പേരുടെയും മെമ്പർമാരുടെ സ്ഥാനത്തേയ്ക്ക് 12 പേരുടെയും പാനലാണ് തയ്യാറാക്കിയത്. ഇതിൽ യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ ആലപ്പുഴ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സണിന്റെ പാനലിൽ രണ്ടുപേരെയും മെമ്പർമാരുടെ പാനലിൽ 8 പേരെയും മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ മെമ്പർമാരുടെ പാനലിൽ 11 പേരെയും കണ്ണൂർ ജില്ലയിൽ മെമ്പർമാരുടെ പാനലിൽ 5 പേരെയും മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ.

ബാലാവകാശ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ ലിസ്റ്റിലുള്ള ആദ്യ റാങ്കുകാരെ ഉൾപ്പെടുത്തിയാണ് എല്ലാ ജില്ലകളിലെയും ചൈൽഡ് വെൽഫെയർ കമ്മിറ്റി 6-3-2019-ലെ ജി.ഒ.(പി) 02/2019/SJD നമ്പർ ഉത്തരവുപ്രകാരം പുന:സംഘടിപ്പിച്ചിട്ടുള്ളത്.

2. ശ്രീ. മാണി. സി. കാപ്പൻ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി

കേരള ഭൂപരിഷ്കരണ നിയമം 1963 വകുപ്പ് 81(1) പ്രകാരം തോട്ടമായി ഇളവ് അനുവദിച്ച ഭൂമി തോട്ടമായിത്തന്നെ ഉപയോഗിക്കേണ്ടതാണ്. അപ്രകാരമുള്ള ഭൂമിയിൽ വീട് വയ്ക്കുന്നതിനും മറ്റും തടസ്സമുള്ളതാണ്. മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലെ ഭൂമി ഇത്തരം തോട്ടഭൂമിയാണോ എന്നത് പരിശോധിക്കുന്നതിനു വേണ്ടി മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്ക് ലാൻഡ് ബോർഡിലെ തീർപ്പാക്കിയിട്ടുള്ള മിച്ചഭൂമി കേസ് ഫയലുകൾ പരിശോധിച്ച് ഇളവനുവദിച്ച തോട്ടഭൂമിയുടെ ഒരു ഡാറ്റാ ബാങ്ക് താലൂക്ക് ലാൻഡ് ബോർഡ് തയ്യാറാക്കിയിട്ടുള്ളതാണ്.ആയത് മീനച്ചിൽ, കാഞ്ഞിരപ്പള്ളി തഹസിൽദാർമാർക്ക് നടപടിക്കായി കൈമാറിയിട്ടുള്ളതും ഇനംമാറ്റം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. റീസർവ്വെ റെക്കോർഡുകളിൽ തോട്ടമെന്ന് രേഖപ്പെടുത്തിയിരിക്കുന്നത് റീസർവ്വെ പിശകാണെങ്കിൽ ആയത് ഉടൻ പരിഹരിച്ച് നൽകുന്നതിന് 26-8-2017-ലെ സ.ഉ.(കൈ) നമ്പർ 303/17 പ്രകാരം തഹസിൽദാർ (ഭൂരേഖ)-ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരമുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് 1970-ലെ കൈവശക്കാരൻ ആരാണെന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്.

മീനച്ചിൽ താലൂക്ക് ലാൻഡ് ബോർഡിലെ ലഭ്യമായ ലിസ്റ്റ്, മറ്റ് താലൂക്ക് ലാൻഡ് ബോർഡിൽനിന്ന് നാളിതുവരെ ലഭിക്കുന്ന ലിസ്റ്റ് എന്നിവ പരിശോധിച്ചുവരുന്നു. റീസർവ്വെ പ്രകാരം ബി.റ്റി.ആർ.-ൽ തോട്ടമെന്ന് തെറ്റായി രേഖപ്പെടുത്തിയ ഒരു സർവ്വെ സബ്ഡിവിഷനിൽനിന്നും ഭാഗികമായ ഭൂമി സിദ്ധിച്ച ഒരു വ്യക്തിയുടെ അപേക്ഷയിൽ തെറ്റ് തിരുത്തുന്നതിന് 'റെലിസ്' പ്രകാരം ഭാഗികമായി ബി.റ്റി.ആർ. തിരുത്താൻ സാധിക്കുന്നതല്ല. അപ്രകാരം തിരുത്തൽ വരുത്തണമെങ്കിൽ ടി തോട്ടമെന്ന് രേഖപ്പെടുത്തിയ സർവ്വെ നമ്പർ പൂർണ്ണമായും തിരുത്തൽ വരുത്തിക്കൊണ്ട് മാത്രമേ ടി ചെറുകിട കൈവശക്കാരന്റെ വസ്തു സംബന്ധിച്ച് തിരുത്തൽ വരുത്താൻ സാധിക്കുകയുള്ളൂ.

ടി വിഷയത്തിൽ മീനച്ചിൽ താലൂക്കിൽ റീസർവ്വെ പിശകായി കണ്ടെത്തിയ ഇത്തരത്തിലുള്ള 1800 അപേക്ഷകളും കാഞ്ഞിരപ്പള്ളി താലൂക്കിൽ 104 അപേക്ഷകളും തീർപ്പാക്കിയിട്ടുള്ളതാണ്. ബാക്കിയുള്ള അപേക്ഷകളിൽ പരിശോധനാനടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതാണ്. ഇളവനുവദിച്ച തോട്ടം ഭൂമിയാണ് അപേക്ഷാ വസ്തുവെങ്കിൽ രേഖകളിൽ മാറ്റം വരുത്താൻ സാധിക്കാത്തതുമാണ്.

3. <u>ശ്രീ. വി. കെ. സി. മമ്മത് കോയ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

മലബാറിലെ പ്രധാനപ്പെട്ട തുറമുഖമായ ബേപ്പൂരിന് ഇപ്പോൾ 3.5-4 മീറ്റർ ആഴം മാത്രമാണുള്ളത്. ആയത് 7 മീറ്റർ ആയി വർദ്ധിപ്പിച്ചാൽ മാത്രമേ 8000 ടൺ കപ്പാസിറ്റിയുള്ള കപ്പലുകൾക്ക് തുറമുഖത്ത് എത്തിച്ചേരാൻ കഴിയൂ. ബേപ്പൂർ തുറമുഖത്ത് ക്യാപ്പിറ്റൽ ഡ്രഡ്ജിംഗ് നടത്തി ആഴം വർദ്ധിപ്പിക്കാനുള്ള DPR തയ്യാറാക്കുന്നതിന് 9-4-2018-ൽ കിറ്റ്കോയെ ചുമതലപ്പെടുത്തുകയും അവർ കേരള മാരിടൈം ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 6 മീറ്റർ ആഴം കൈവരിക്കുന്നതിന് ഏതാണ്ട് 56.42 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആയത് പരിശോധിച്ച് ഉചിതമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽനിന്നുള്ള സഹായം ലഭിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നതാണ്.

4. <u>ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

പുനരധിവാസത്തിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവർക്ക് അർഹമായ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുമായി റവന്യൂ ഡിവിഷണൽ ഓഫീസർ (RDO) ചെയർമാനും ഫിഷറീസ് ജോയിന്റ് ഡയറക്ടർ കൺവീനറുമായി ഒരു ഉപജീവന ആഘാത നിർണ്ണയ സമിതി (Livelihood Impact Appraisal Committee-LIAC)- യും അപ്പീലുകൾ പരിഗണിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ Livelihood Impact Appraisal Committee - Appeal Committe-യും രൂപീകരിക്കുകയുണ്ടായി.

LIAC നൽകിയ ശിപാർശ 17-9-2015-ൽ സർക്കാർ പരസ്യപ്പെടുത്തുകയും അപ്പീലുകൾ സമർപ്പിക്കുന്നതിന് 25-9-2015 വരെ സമയം അനുവദിക്കുകയും ചെയ്തു. ഇതുപ്രകാരം ആകെ 18942 അപ്പീൽ അപേക്ഷകൾ ലഭിച്ചതിൽ പദ്ധതിപ്രദേശത്തുനിന്ന് ലഭിച്ച 9738 അപേക്ഷകളിൽ 5250 അപേക്ഷകളുടെ പരിശോധന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) പൂർത്തിയാക്കി 2621 പേർ നഷ്ടപരിഹാരത്തിന് അർഹരാണെന്ന് കണ്ടെത്തി. അവരുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ഇനം/വിഭാഗം | എണ്ണം | ആകെ നഷ്ടപരിഹാരം (കോടിയിൽ ) |
|---|---|---|
| ചിപ്പി ലോബ്സ്റ്റർ തൊഴിലാളികൾ | 261 | 12.34 |
| കരമടി തൊഴിലാളികൾ | 896 | 52.13 |
| റിസോർട്ട് തൊഴിലാളികൾ | 211 | 6.08 |
| സ്വയം സഹായ സംഘം | 33 | 0.08 |
| മോട്ടോർ യാന ഉടമകൾ | 1220 | 12.48 |
| ആകെ | 2621 | 83.11 |

ഓരോ അപേക്ഷകനെയും നേരിൽ കണ്ട് രേഖകൾ പരിശോധിച്ചാണ് തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ നഷ്ടപരിഹാര വിതരണത്തിന് സമയം ആവശ്യമാണ്. ബാക്കിയുള്ള അപേക്ഷകൾ ഇപ്രകാരം പരിശോധിച്ചുവരികയാണ്.

5. ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി നൽകിയ മറുപടി

2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ എറണാകുളം ജില്ലയിലെ കരുവേലിപ്പടി മഹാരാജാസ് താലൂക്കാശുപത്രിയുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിന് കിഫ്ബി ധനസഹായം ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിനെത്തുടർന്ന് 8-2-2018-ലെ സ.ഉ.(സാധാ) നമ്പർ 475/2018/ആ.കു.വ. പ്രകാരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (KSHB)-നെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായി (SPV) ചുമതലപ്പെടുത്തി-ക്കൊണ്ടുള്ള ഉത്തരവിറങ്ങി.

ഹൗസിംഗ് ബോർഡ് വിശദമായ പരിശോധനയ്ക്കും ചർച്ചകൾക്കുംശേഷം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും 15-12-2018-ലെ സ.ഉ.(സാധാ) നമ്പർ 3699/2018/ആ.കു.വ. പ്രകാരം ആരോഗ്യ വകുപ്പ് ഈ ആശുപത്രികളുടെ വികസനത്തിനായി 54.45 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു.

താലൂക്ക് ഹോസ്പിറ്റലിന്റെ 5.3 ഏക്കർ കോമ്പൗണ്ടിനുള്ളിലായി നിർമ്മിക്കാനുദ്ദേശിക്കുന്ന 4 നിലകളുള്ള അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ട്രോമാ &ഇമേജിംഗ് സെന്റർ ഉൾപ്പെടെയുള്ള പുതിയ ബ്ലോക്കിന് 94,768 ചതുരശ്ര അടി വിസ്തീർണ്ണമുണ്ടാകും. പുതിയ ബ്ലോക്കിൽ ട്രോമ കെയർ, X-Ray, CT സ്കാൻ, ലാബ് സൗകര്യങ്ങൾ, ഫാർമസി, 10 യൂണിറ്റ് അടങ്ങിയ ഡയാലിസിസ് സെന്റർ, ഫിസിയോതെറാപ്പി യൂണിറ്റ്, പുരുഷന്മാർക്കും സ്ത്രീകൾക്കുമായി 60 കിടക്കകളുള്ള ജനറൽ വാർഡ്, 21 മുറികളോടുകൂടിയ PAYWARD, 3 ഓപ്പറേഷൻ തിയേറ്ററുകൾ, ICU എന്നിവ ഉൾപ്പെട്ട അത്യാധുനിക ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്, റാമ്പ്, ലിഫ്റ്റ്, സ്വീവേജ് പ്ലാന്റ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, മഴവെള്ള സംഭരണി, സോളാർ വാട്ടർ ഹീറ്റർ, പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭാവിയിൽ CATHLAB സൗകര്യങ്ങൾക്കായി അഞ്ചാമതൊരു നിലകൂടി ഉൾപ്പെടുത്താനാകുംവിധമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) 25-2-2018-ന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചു. കിഫ്ബിയിൽ ലഭ്യമാക്കുന്ന ഡി.പി.ആർ. വളരെ വിശദമായ അവലോകനത്തിനുശേഷമാണ് കിഫ്ബി ബോർഡ് യോഗത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്. ഈ പദ്ധതിയുടെ ഡി.പി.ആർ. ലഭിച്ചെങ്കിലും ചില അപാകതകളുള്ളതിനാൽ ആയത് പരിഹരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കിഫ്ബി, ഭവന നിർമ്മാണ ബോർഡിന് റിപ്പോർട്ട് നൽകുകയുണ്ടായി. പ്രാഥമിക അവലോകന റിപ്പോർട്ട് 9-5-2019-ലും സാങ്കേതിക അവലോകന റിപ്പോർട്ട് 9-7-2019-ലും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകി. തുടർന്ന് കിഫ്ബി സ്ഥലപരിശോധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മറ്റൊരു അവലോകന റിപ്പോർട്ട് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിച്ച് കിഫ്ബി നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 22-10-2019-ൽ പ്രോജക്ട് റിപ്പോർട്ട് പരിഷ്കരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

കിഫ്ബിയിൽനിന്നും അനുമതി ഉത്തരവ് ലഭ്യമാകുന്നമുറയ്ക്ക് താമസം കൂടാതെ നിർവ്വഹണ ഏജൻസിയായ ഭവന നിർമ്മാണ ബോർഡ്-ടെണ്ടർ സംവിധാനത്തിലൂടെ കരാറുകാരനെ കണ്ടെത്തി നിർമ്മാണ പ്രവൃത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതാണ്.

6. ശ്രീ. ഒ. രാജഗോപാൽ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

നേമം നിയോജകമണ്ഡലത്തിലെ പ്രധാന റോഡായ കരമന-പൂജപ്പുര-തിരുമല റോഡ് പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി റോഡിൽ കരമന മുതൽ പൂജപ്പുര വരെയുള്ള ഭാഗത്തെ പൂർണ്ണ പുനരുദ്ധാരണത്തിനായി രണ്ടുകോടി രൂപയുടെ പ്രവൃത്തി നടപ്പിലാക്കാൻ കരാർ ഒപ്പിട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ബി.എം. ആൻഡ് ബി.സി. രീതിയിൽ ടാർ ചെയ്യുന്ന പ്രവൃത്തിയാണ് നടപ്പിലാക്കുന്നത്. നിലവിൽ കാലാവസ്ഥ അനുയോജ്യമല്ലാത്തതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തത്. എന്നാൽ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ പൂജപ്പുര മുതൽ തിരുമല വരെയുള്ള ഭാഗത്ത് അടിയന്തര അറ്റകുറ്റപ്രവൃത്തികൾക്കായി 10 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് പുനർ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കരമന-പൂജപ്പുര-തിരുമല റോഡ് RICK-ന്റെ കീഴിൽ സമഗ്ര വികസനത്തിനായി ഏറ്റെടുത്തിരിക്കുന്ന കരമന-വെള്ളറട റോഡിന്റെ ഭാഗമാണ്. ആയതിനാൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ടി പ്രവൃത്തികളുടെ പൂർത്തീകരണത്തോടെ കരമന-പൂജപ്പുര-തിരുമല റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമായി തീരുന്നതാണ്.

7. ശ്രീ. വി. എസ്. ശിവകുമാർ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

തിരുവനന്തപുരം നഗരപരിധിയിൽ, പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലെ കാലാവസ്ഥ അനുകൂലമല്ലാത്തതിനാൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. നിലവിൽ ഈ മണ്ഡലത്തിലെ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി 26.15 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. കൂടാതെ 160 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ ബഡ്ജറ്റ് പ്രവൃത്തികളിൽ 3.9 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുകയും 6.85 കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ നടപടിയിലുമാണ്. ടി പ്രവൃത്തികളെല്ലാം എത്രയുംവേഗം പൂർത്തീകരിക്കുന്നതാണ്. ടി മണ്ഡലത്തിൽ നടന്നുവരുന്നതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 22 പ്രോജക്ടുകൾ മണ്ഡലത്തിൽ നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നഗരസഭയുടെ അധീനതയിലുള്ള റോഡുകൾ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലാണ് വരുന്നത്. എന്നിരുന്നാലും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറിൽനിന്നും വിവരങ്ങൾ തേടാവുന്നതാണ്.

8. ശ്രീ. ഒ. ആർ. കേളു എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി നൽകിയ മറുപടി

നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിൽ ബേഗൂർ റെയിഞ്ചിൽപ്പെട്ട 1958 ഓണ്ടയങ്ങാടി തേക്കിൻതോട്ടം 39.26 ഹെക്ടർ വിസ്തീർണ്ണം വരുന്നതാണ്. ടി തോട്ടം 21.20 ഹെക്ടർ, 18.06 ഹെക്ടർ എന്നീ വിസ്തീർണ്ണങ്ങളുള്ള രണ്ട് ബിറ്റുകളിൽ സ്ഥിതി ചെയ്യുന്നു. വയനാട് നോർത്ത് ഡിവിഷനിൽ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള വർക്കിംഗ് പ്ലാൻ നിലവിലുണ്ട്. വയനാട് നോർത്ത് ഡിവിഷനിൽ തേക്കിൻതോട്ടങ്ങളുടെ അടച്ചുമുറിക്കായി അംഗീകരിച്ചിട്ടുള്ള പ്രായം 60 വർഷമാണ്. ടി വർക്കിംഗ് പ്ലാൻ പ്രകാരം ടി തേക്കിൻതോട്ടം 2018 വർഷത്തിൽ മുറിക്കേണ്ടതും മുറിച്ചതിനുശേഷം 2020-ൽ 'മിക്സഡ് പ്ലാന്റേഷനായി' രൂപീകരിക്കേണ്ടതുമാണ്. ടി പ്ലാന്റേഷനിലെ രണ്ട് ബിറ്റുകളിൽപ്പെടുന്നവയിൽ 21.20 ഹെക്ടർ വരുന്ന ബിറ്റ് ഈ വർഷം മുറിക്കാൻ പദ്ധതിയിട്ടിട്ടുള്ളതാണ്. 1958 ഒണ്ടയങ്ങാടി 39.26 ഹെക്ടർ വിസ്തീർണ്ണമുള്ള തേക്കിൻതോട്ടത്തിൽ നിലവിലുള്ള തേക്കമരങ്ങൾ മാത്രം മുറിക്കുന്നതും ബാക്കിയുള്ള പലജാതി മരങ്ങളും ആയവയുടെ കഴകളും തൈകളും മുറിക്കാതെ നിലനിർത്തുന്നതുമാണ്. ആകയാൽ തേക്ക് മരങ്ങൾ മുറിക്കുന്നതോടൊപ്പം സ്വാഭാവിക മരങ്ങൾ വെട്ടിമാറ്റുന്നതല്ല. വർക്കിംഗ് പ്ലാൻ നിബന്ധനപ്രകാരം ഇവിടെയുള്ള സ്വാഭാവിക മരങ്ങളും കഴകളും തൈകളും നിലനിർത്തി ഇവിടെ ഒരു 'മിക്സഡ് പ്ലാന്റേഷൻ' ഉണ്ടാക്കേണ്ടതുണ്ട്. ടി തോട്ടത്തിലെ തേക്കമരങ്ങൾ മുറിച്ചു മാറ്റിയതിനുശേഷം വീണ്ടും ടി സ്ഥലത്ത് തേക്ക് പ്ലാന്റേഷൻ ആരംഭിക്കുന്നതല്ല.

9. ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി നൽകിയ മറുപടി

പീരുമേട് നിയോജകമണ്ഡലത്തിലെ അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയിൽ ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കുമളി പട്ടണത്തിന് സമീപമുള്ള പെരിയാർ ടൈഗർ റിസർവ്വിന്റെ ഭാഗമായ ആനവച്ചാലിൽ വനം വകുപ്പ് നിർമ്മിച്ചിട്ടുള്ള പാർക്കിംഗ് ഗ്രൗണ്ടിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ (ഡി.റ്റി.പി.സി.) ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനായി കുമളി ഗ്രാമപഞ്ചായത്ത്, ഡി.റ്റി.പി.സി.

എന്നിവിടങ്ങളിൽനിന്നും ആവശ്യമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ 19-09-2019-ൽ ഇടുക്കി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നാളിതുവരെ വനം വകുപ്പിൽ ലഭിച്ചിട്ടില്ല. ആയത് നടപ്പിലാക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വനം ക്ലിയറൻസും വന്യജീവി ക്ലിയറൻസും ആവശ്യമാണ്. പ്രസ്തുത പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് കേന്ദ്രത്തിന് സമർപ്പിക്കുന്നതും ആവശ്യമായ അനുമതി ലഭ്യമാകുന്നമുറയ്ക്ക് അത് നടപ്പിലാക്കുന്നതുമാണ്.

10. <u>ശ്രീ. പി. ഉബൈദുള്ള എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടി</u>

മലപ്പുറം ജില്ലയിലെ മഞ്ചേരി സർക്കിളിലെ വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷൻ ഓഫീസുകളെ വിഭജിച്ച് പൂക്കൊളത്തൂർ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇതിന്റെ സാധ്യതകൾ വൈദ്യുതി ബോർഡ് വിശദമായി പരിശോധിക്കുകയുണ്ടായി. എന്നാൽ ഇതിന് അധികമായി മാനവവിഭവശേഷി ആവശ്യമായി വരുന്നതിനാലും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നത് പ്രായോഗികമല്ല എന്നാണ് കണ്ടിട്ടുള്ളത്.

ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ വൈദ്യുതി ബോർഡ് ചെയ്തുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാതെതന്നെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിന് സാധിക്കുന്നതാണ്.

വൈദ്യുതി ബില്ലുകൾ സെക്ഷൻ ഓഫീസിൽ വരാതെതന്നെ ഓൺലൈനായി അടയ്ക്കുന്നതിന് നിരവധി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ അക്ഷയകേന്ദ്ര, ജനസേവന കേന്ദ്രങ്ങൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ ബില്ലടയ്ക്കുന്നതിനും സൗകര്യമുണ്ട്. പുതിയ കണക്ഷനുകളുടെ അപേക്ഷകളും ഓൺലൈനായി അപേക്ഷിക്കുന്നതിന് സൗകര്യമുണ്ട്. ഇക്കാരണങ്ങളാൽ ഉപഭോക്താക്കൾ സെക്ഷൻ ഓഫീസുകളിൽ വരാതെതന്നെ വൈദ്യുതി സേവനങ്ങളൊക്കെ ലഭ്യമാകുന്ന സ്ഥിതി നിലനിൽക്കുന്നുണ്ട്.

വൈദ്യുതി വിതരണ ലൈനുകൾ നവീകരിക്കുന്നതിനും ഉപഭോക്താക്കൾക്ക് തടസ്സരഹിതവും ഗുണമേന്മയുള്ളതുമായ വൈദ്യുതി എത്തിക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. അത്യാവശ്യപ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ, എ.ബി.സി. കണ്ടക്ടറുകൾ, കവേർഡ് കണ്ടക്ടറുകൾ എന്നിവ സ്ഥാപിച്ച് വൈദ്യുതി തടസ്സങ്ങൾ ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം പ്രവർത്തനങ്ങളെല്ലാം വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് സെക്ഷനുകളിലും കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. വൈദ്യുതി സംബന്ധിച്ച പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് 1912 നമ്പറിൽ കേന്ദ്രീകൃത കോൾ സെന്റർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുതിയ സെക്ഷൻ ആരംഭിക്കാതെതന്നെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ കഴിയുന്നതാണ്.